# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 26, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1471/22

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ -ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...81

**II. അടിയന്തരപ്രമേയം**

അനധികൃത ദത്തുനൽകൽ ...436
– ശ്രീമതി കെ. കെ. രമ
(അവതരണാനുമതി നിഷേധിച്ചു.)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) കുറ്റ്യാടി ജലസേചന പദ്ധതി
– ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...457

(2) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിയന്ത്രണവും അവശ്യമരുന്നുകളുടെ ലഭ്യതയും
– ശ്രീ. അനൂപ് ജേക്കബ് ...460

**IV. സബ്മിഷൻ**

(1) വിദ്യാർത്ഥി സംഘടനാ പ്രവർത്തനം
– പ്രതിപക്ഷനേതാവ്
(ശ്രീ. വി. ഡി. സതീശൻ) ...465

(2) വിതുര ഫയർ സ്റ്റേഷന് കെട്ടിടം
– ശ്രീ. ജി. സ്റ്റീഫൻ ...469

(3) വടക്കാഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം
– ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ...471

(4) ചിരട്ടപ്പാലിന് തറവില

– ശ്രീ. മാണി സി. കാപ്പൻ ...472

*പേജ്*

(5) തണ്ണീർത്തട നിയമത്തിൽ ഇളവ്
 — ശ്രീ. തോമസ് കെ. തോമസ് ...475

(6) കോട്ടികുളം ഫിഷിംഗ് ഹാർബർ നിർമ്മാണം
 — ശ്രീ. സി. എച്ച്. കുഞ്ഞമ്പു ...479

(7) റോഡ് പുനരുദ്ധാരണം
 — ശ്രീ. വാഴൂർ സോമൻ ...480

(8) കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ
 — ശ്രീമതി യു. പ്രതിഭ ...481

(9) സി.എച്ച്.സി./പി.എച്ച്.സി.കളുടെ പ്രവർത്തനം
 — ശ്രീ. പി. ടി. എ. റഹീം ...484

(10) കുറ്റിപ്പുറം താലൂക്കാശുപത്രി
 — പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...486

**V. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ ...489

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ...489

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ...489

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...489

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...489

**VI ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത
 — ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...490

**റൂളിംഗ്** ...491

**നിയമനിർമ്മാണകാര്യം....തുടർച്ച** ...492

**അനുബന്ധം** ...627

**കേരള നിയമസഭാ നടപടികൾ**

**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

*2021 ഒക്ടോബർ 26, ചൊവ്വ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2021 ഒക്ടോബർ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര

1 (*271) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പശ്ചാത്തലത്തിൽ സ്കൂൾ വാഹനങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്കൂൾ വാഹനങ്ങളിൽ സാമൂഹ്യ അകലവും തെർമൽ സ്കാനർ, സാനിറ്റൈസർ തുടങ്ങിയവയും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഒരു വർഷത്തോളം പ്രവർത്തിക്കാതിരുന്ന സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്താൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർ, ബസ് അറ്റൻഡർമാർ തുടങ്ങിയ ജീവനക്കാർ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ) കോവിഡ് വ്യാപനം തടഞ്ഞ്, സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഗതാഗത സംവിധാനങ്ങളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ബസ് ജീവനക്കാരും രക്ഷകർത്താക്കളും സ്കൂൾ അധികൃതരും പാലിക്കേണ്ട പെരുമാറ്റ രീതികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങളടങ്ങിയ " Students Transportation Protocol" മോട്ടോർ വാഹന വകുപ്പ് സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്.

(ബി) ബസ്സിനുള്ളിൽ തെർമൽ സ്കാനർ, സാനിറ്റൈസർ എന്നിവ ഉണ്ടായിരിക്കണമെന്നും ബസ്സിൽ പ്രവേശിക്കുന്ന കുട്ടിയുടെ ടെമ്പറേച്ചർ തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കുകയും ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുകയും ചെയ്തതിനുശേഷം മാത്രമെ ബസ്സിൽ പ്രവേശിപ്പിക്കാവൂ എന്നും ഇതിനായി ഓരോ വാഹനത്തിലും ഒരു തെർമൽ സ്കാനറും ഒരു ലിറ്റർ കപ്പാസിറ്റിയുള്ള ഹാൻഡ് സാനിറ്റൈസർ ബോട്ടിലും സൂക്ഷിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ദീർഘകാലമായി ഉപയോഗിക്കാതെ നിർത്തിയിട്ടിരിക്കുന്ന സ്കൂൾ വാഹനങ്ങളുടെ റിപ്പെയർ വർക്കുകൾ നടത്തി ആവശ്യമായ സുരക്ഷാ പരിശോധനയും ഫിറ്റ്നസ് പരിശോധനയും പൂർത്തിയാക്കി ട്രയൽ റൺ നടത്തിയതിനുശേഷമേ കുട്ടികളെ കൊണ്ടുവരാൻ ഉപയോഗിക്കാവൂവെന്ന നിർദ്ദേശം സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ടാക്സി/കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ പരിശോധന ഒക്ടോബർ 20-ാം തീയതിക്കകം പൂർത്തിയാക്കുന്നതിന് എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് സ്കൂൾ വാഹനങ്ങളുടെ യാന്ത്രികക്ഷമത പരിശോധിക്കുന്നതിനും കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾവാഹന ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും സുരക്ഷാ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്കും സ്കൂൾ കുട്ടികളെ കൊണ്ടുവരുന്ന മറ്റ്

വാഹനങ്ങളിലെ ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പ് ഓൺലൈൻ പരിശീലനം ലഭ്യമാക്കുന്നതാണ്.

(ഡി) ബസ്സിൽ പ്രവേശിക്കുന്ന കുട്ടിയുടെ താപനില തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കുകയും കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുകയും ചെയ്തതിനുശേഷം മാത്രമെ ഡോർ അറ്റൻഡർ വിദ്യാർത്ഥികളെ ബസ്സിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ. എല്ലാ വിദ്യാർത്ഥികളും സാമൂഹ്യ അകലം പാലിക്കുന്നുണ്ടെന്നും N95/ഡബിൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ദിവസവും വാഹനം യാത്ര അവസാനിപ്പിക്കുന്ന സമയത്ത് അണുനാശിനിയോ സോപ്പ് ലായനിയോ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. ഡ്രൈവർമാർ വാഹനത്തിന്റെ യാന്ത്രികക്ഷമത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. വാഹനങ്ങളിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എല്ലാ വാഹനങ്ങളിലും പരാതി രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. യാതൊരു കാരണവശാലും അറ്റൻഡർമാർ വാഹനം ഓടിക്കുന്നത് അനുവദിക്കുന്നതല്ല. സ്കൂൾ വാഹനങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിൽ നൽകിയിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് സ്കൂൾ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾക്കുവേണ്ടി തയ്യാറാക്കി നൽകിയ പ്രോട്ടോക്കോളാണ് ബഹുമാനപ്പെട്ട മന്ത്രി വായിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രോട്ടോക്കോൾ തയ്യാറാക്കിക്കൊടുത്തതുപ്രകാരമാണോ കാര്യങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണ് ഗതാഗത വകുപ്പിനുള്ളതെന്ന് വ്യക്തമാക്കണം. പ്രോട്ടോക്കോളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലൊന്ന്, ബസ്സിൽ നിന്നുകൊണ്ട് യാത്രചെയ്യാൻ പാടില്ലെന്നുള്ളതാണ്. ഒരു സീറ്റിൽ രണ്ട് കുട്ടികളിരിക്കുന്ന സ്ഥാനത്ത് ഒരു കുട്ടിയേ ഇരിക്കാവൂ. ഒരു സ്കൂളിന് സാധാരണഗതിയിൽ ഒന്നോ രണ്ടോ ബസ്സുകൾ മാത്രമേ ഉണ്ടാകുകയുള്ളൂ. ബാക്കി കുട്ടികൾ എങ്ങനെ യാത്രചെയ്യുമെന്ന പ്രതിസന്ധിയുണ്ട്. ഇക്കാര്യത്തിൽ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, സ്കൂളുകൾ നവംബർ 1-ാം തീയതി തുറക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചതിന്റെ അടുത്തദിവസം അതായത് സെപ്റ്റംബർ 22-ന് Students Transportation Protocol റിലീസ് ചെയ്ത ഏക സംസ്ഥാനം കേരളമാണ്. അത് എല്ലാ സ്കൂൾ അധികൃതർക്കും എത്തിക്കുകയും വിശദമായ

പബ്ലിസിറ്റി നൽകുകയും ചെയ്തു. അതുമാത്രമല്ല School Transportation Protocol-നെ സംബന്ധിച്ച് മോട്ടോർ വാഹനവകുപ്പ് 'വിദ്യാവാഹനം' എന്ന തലക്കെട്ടിൽ ഒരു വീഡിയോ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. സ്കൂളുകൾ തുറക്കുന്നതിനുമുമ്പായി മോട്ടോർ വാഹന വകുപ്പ് സാദ്ധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കുകയും ആവശ്യമായ നിർദ്ദേശം സ്കൂളുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്രയും മുൻകൂട്ടി Students Transportation Protocol സംവിധാനം തയ്യാറാക്കി പ്രസിദ്ധീകരിച്ച ഏക സംസ്ഥാനം കേരളമാണ്. ഇത്തരം ക്രമീകരണങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്വം സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്ന ഘട്ടത്തിലാണ്. സ്കൂൾ അധികൃതരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പാലിക്കേണ്ട നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും എത്തിക്കുകയും രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും അതിന്റെ പകർപ്പെടുത്ത് നൽകണമെന്ന നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിട്ടുമുണ്ട്. എല്ലാ സ്കൂളുകളിലും Students Transportation Protocol സെപ്റ്റംബർ 22-ന് റിലീസ് ചെയ്ത് എത്തിച്ചിട്ടുണ്ട്. തീർച്ചയായും അത് പാലിക്കേണ്ട ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇന്ത്യയിൽ ആദ്യമായി പ്രോട്ടോക്കോൾ തയ്യാറാക്കി നൽകിയത് കേരളത്തിലാണെന്ന് അങ്ങ് പറഞ്ഞു. അതിന് ഞാൻ അങ്ങയെ അനുമോദിക്കുന്നു. കോവിഡ്-19 പ്രതിസന്ധിയെത്തുടർന്ന് ഒന്നര വർഷക്കാലമായി ഫിറ്റ്നസ് പരിശോധന മുടങ്ങിക്കിടക്കുന്ന സ്കൂൾ ബസ്സുകളിൽ ബഹുഭൂരിപക്ഷത്തിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാനോ പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുവാനോ ഇതുവരെ സാധിച്ചിട്ടില്ല. അതിന് വലിയ ചെലവ് വരും. പകരം സംവിധാനമെന്ന നിലയ്ക്ക് സർക്കാരിപ്പോൾ പറയുന്നത് സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് ഉപയോഗിക്കുമെന്നാണ്. കേരളത്തിൽ നിരവധി കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന മുടങ്ങിക്കിടക്കുകയാണെന്നും ഫിറ്റ്നസിന്റെയും അനുബന്ധ രേഖകളുടെയും വാലിഡിറ്റി ദീർഘിപ്പിച്ചുനൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. എം.ഡി. കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിരിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഫിറ്റ്നസില്ലാത്ത വാഹനങ്ങളിൽ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കുട്ടികളെ കൊണ്ടുപോകുന്നത് ശരിയാണോ; അങ്ങനെ കൊണ്ടുപോയാൽ കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള സാദ്ധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; കഴിഞ്ഞ നിയമസഭാ

സമ്മേളനത്തിൽ വാഹനങ്ങളുടെ ടാക്സ് ഒഴിവാക്കി കൊടുത്തതായി പറഞ്ഞു. ഇതുവരെ അതിന്റെ ഉത്തരവിറങ്ങിയിട്ടില്ല.

മി. സ്പീക്കർ: എല്ലാ ചോദ്യവും ഒരുമിച്ച് ചോദിക്കാൻ പാടില്ല.

ശ്രീ. ആന്റണി രാജു: സർ, അദ്ദേഹം ടാക്സ് ഒഴിവാക്കുന്നതിനെ സംബന്ധിച്ചാണ് ഏറ്റവും ഒടുവിലായി പറഞ്ഞത്. 1-10-2020 മുതൽ 30-9-2021 വരെയുള്ള ടാക്സ് ഒഴിവാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നു. ആ ഉത്തരവ് ഇറക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരികയാണ്. ധനകാര്യ-ഗതാഗത-നിയമ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്കുശേഷം അവരുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ ഉത്തരവ് ഇറക്കുവാൻ കഴിയുകയുള്ളൂ. ഇന്നോ നാളെയോ ഉത്തരവ് ഇറങ്ങുന്നതാണ്. അതോടൊപ്പം 31-12-2021 വരെ ടാക്സ് അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് നേരത്തെ പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ exemption ഉത്തരവ് വൈകിയാലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന്/പരിശോധിക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ല.

ശ്രീ. സജീവ് ജോസഫ്: സർ, കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സ്കൂളുകൾ തുറക്കുമ്പോൾ ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച പ്രോട്ടോക്കോൾ മാതൃകാപരമായ നടപടിയാണ്. പക്ഷേ, എല്ലാ സ്കൂളുകളിലും വേണ്ടവിധത്തിൽ ഇത് എത്തിക്കാൻ സാധിച്ചിട്ടില്ല. പല സ്കൂൾ ബസ്സുകൾക്കും ഫിറ്റ്നസ് ലഭിക്കാത്തൊരു സാഹചര്യവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മിക്കവാറും സ്കൂളുകളിൽ സ്കൂൾ ബസ്സില്ല. ചില പ്രദേശങ്ങളിൽ പൊതുഗതാഗതമില്ലാത്ത സാഹചര്യവും നിലവിലുണ്ട്. പൊതുഗതാഗതമില്ലാത്ത പ്രദേശങ്ങളിൽ അത് കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഓട്ടോറിക്ഷ, ചെറിയ വാഹനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി സ്കൂളുകളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്ന സാഹചര്യം ഒരുക്കാനും കഴിയണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, ഡീസൽ വിലവർദ്ധനവടക്കം കണക്കിലെടുത്ത് അവരെ സഹായിക്കാൻ പ്രത്യേക ട്രാവൽ അലവൻസ് ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ മേഖലയിലുമുണ്ടായിരിക്കുന്നതുപോലുള്ള പ്രതിസന്ധി ഗതാഗത മേഖലയിലുമുണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും കോവിഡ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ എത്തിക്കുകയും സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 22,718 സ്കൂൾ ബസ്സുകളുണ്ട്. എല്ലാ സ്കൂളുകളിലും മോട്ടോർ വെഹിക്കിൾ

ഡിപ്പാർട്ടുമെന്റ് നേരിട്ട് ചെന്ന് സ്കൂൾ ബസ്സുകൾ പരിശോധിക്കാനുള്ള നടപടിക്രമങ്ങൾ നടത്തിവരികയാണ്. അതിനായി പ്രത്യേക ഫീസൊന്നും ഏർപ്പെടുത്തിയിട്ടുമില്ല. പക്ഷേ, ബഹുഭൂരിപക്ഷം സ്കൂളുകളും ബസ്സുകൾ ഓടിക്കാൻ തയ്യാറാകാതെ പിൻവലിയുകയാണ്. കഴിഞ്ഞ 15-ാം തീയതി വരെയുള്ള കണക്കുപ്രകാരം ഇൻസ്പെക്ഷനുവേണ്ടി തയ്യാറായ സ്കൂൾ ബസ്സുകളുടെ ആകെ എണ്ണം 2,828 ആണ്. അതിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തത് 1,622 വാഹനങ്ങൾക്കാണ്. വിദ്യാർത്ഥികളുടെ എണ്ണം കുറയുമെന്നുള്ള ആശങ്ക ഇപ്പോൾ പല സ്കൂളുകൾക്കുമുണ്ട്. മാത്രമല്ല, 8, 9, 11 ക്ലാസ്സുകൾ ഇപ്പോൾ ആരംഭിക്കാത്തതുകൊണ്ട് എല്ലാ വിദ്യാർത്ഥികളും ഒരുമിച്ച് വരുന്നില്ല. അതുകൊണ്ടുതന്നെ വാഹനങ്ങളുടെ എണ്ണം കുറഞ്ഞാൽപ്പോലും യാത്രയ്ക്ക് അസൗകര്യമുണ്ടാകുമെന്ന് തോന്നുന്നില്ല. കെ.എസ്.ആർ.ടി.സി. കൂടുതൽ ബസ്സുകൾ ക്രമീകരിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നുമാത്രമല്ല, ആവശ്യപ്പെടുന്ന സ്വകാര്യ സ്കൂളുകൾക്കും ഗവൺമെന്റ് സ്കൂളുകൾക്കുമെല്ലാം Bus On Demand (BOND) പദ്ധതിയനുസരിച്ച് സ്കൂളുകളുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുകയാണ്. ആയിരത്തിൽപ്പരം സ്കൂളുകളിൽനിന്ന് ഇതിനകം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ദൂരപരിധിയനുസരിച്ച് തുക നിശ്ചയിക്കുകയും ആവശ്യപ്പെടുന്ന സ്കൂളുകൾക്കെല്ലാം കെ.എസ്.ആർ.ടി.സി. BOND സർവ്വീസ് ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരികയുമാണ്. സ്വകാര്യ സ്കൂളുകളും സ്കൂൾ മാനേജർമാരും ബസ്സുകൾ പിൻവലിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉപയോഗപ്പെടുത്തി പരമാവധി യാത്രാസൗകര്യം ലഭ്യമാക്കാനുള്ള ഭഗീരഥപ്രയത്നമാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, പ്രോട്ടോക്കോളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് നല്ലതാണ്; അത് വളരെ എളുപ്പവുമാണ്. എന്നാൽ, ഇംപ്ലിമെന്റേഷനാണ് പ്രധാന ദൗത്യം. ഞാൻ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വിളിച്ചുചേർത്ത പ്രഥമാദ്ധ്യാപകരുടെ പ്രത്യേക യോഗത്തിൽ അവർ ഉന്നയിച്ച പ്രധാന കാര്യം സാമ്പത്തിക പ്രതിസന്ധിയാണ്. ഒന്നര വർഷത്തിലധികമായി നിഷ്ക്രിയമായി കിടന്ന സ്കൂൾ ബസ്സുകളിൽ ഏറിയ പങ്കിനും നിർബന്ധമായും റിപ്പെയർ ആവശ്യമാണ്. അതിനുള്ള ഫണ്ട് എവിടെനിന്ന് കണ്ടെത്തും; ചില സ്കൂളുകളിൽ പ്രാദേശിക തലത്തിൽ ബിരിയാണി ചലഞ്ച് നടത്തുകയാണ്. ചില സ്ഥലത്ത് പ്രഥമാദ്ധ്യാപകർ കടംവാങ്ങുകയാണ്. പി.ടി.എ.യുടെ കയ്യിൽ പണമില്ല. ഏറെ ഗൗരവമായ സാഹചര്യമാണിത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയുടെ സാംഗത്യം പരിശോധിക്കുമ്പോൾ റോഡിലേയ്ക്കിറങ്ങാൻ തയ്യാറായ ബസ്സുകളുടെ എണ്ണം പരിമിതമാണെന്നാണ് മനസ്സിലാകുന്നത്. ആ പരിമിതിയുടെ പ്രധാനപ്പെട്ട

പ്രശ്നം, സ്കൂളുകളുടെ കൈവശം പണമില്ലെന്നതാണ്. പ്രഥമാദ്ധ്യാപകരെ ചുമതലപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് 109 നിർദ്ദേശങ്ങൾ അടങ്ങിയ പ്രോട്ടോക്കോളാണ് നൽകിയത്. ഇതിൽ തെർമൽ സ്കാനർ, മാസ്ക്, സാനിറ്റൈസർ, സോഡിയം ഹൈഡ്രോ ക്ലോറൈഡ് സൊല്യൂഷൻ ഉപയോഗിച്ചുള്ള അണുനശീകരണം, വിദ്യാർത്ഥികളുടെ സീറ്റിംഗ് ക്രമീകരണം, റിപ്പെയർ തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങ് പ്രോട്ടോക്കോളിലെ എല്ലാ നിർദ്ദേശങ്ങളും പറയണമെന്നില്ല. ദയവായി ചോദ്യം ഉന്നയിക്കു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. ഇത് നടത്താനുള്ള സാമ്പത്തിക സൗകര്യം ചെയ്തുകൊടുക്കാനുള്ള നടപടികളുണ്ടാകുമോ?

ശ്രീ. ആന്റണി രാജു: സർ, ഗവൺമെന്റ് സ്കൂളുകളിലുൾപ്പെടെ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള കൺസഷനുകളെല്ലാം ഇപ്പോൾ അതേപടി നിലനിൽക്കുകയാണ്. അത്തരം മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. പഴയതുപോലെ യാത്രാസൗകര്യം ഒരുക്കിയിട്ടുണ്ട്. പല സ്വകാര്യ സ്കൂളുകളുടെയും ഗവൺമെന്റ് സ്കൂളുകളുടെയും പി.ടി.എ.യുടെയുമൊക്കെ ഉടമസ്ഥതയിലുള്ള ബസ്സുകളൊന്നും നിരത്തിലിറക്കാൻ തയ്യാറാകുന്നില്ലെന്നതാണ് ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം. അത്തരം സ്കൂളുകളിലേയ്ക്കാണ് അഡീഷണൽ ക്രമീകരണങ്ങൾ വേണ്ടിവരുന്നത്. അതിനാണ് കെ.എസ്.ആർ.ടി.സി. BOND സർവ്വീസുമായി രംഗത്തുവന്നിരിക്കുന്നത്. അതോടുകൂടി ഒരു പരിധിവരെ യാത്രാക്ലേശം കുറയ്ക്കാൻ കഴിയും. 22,000 ബസ്സുകളുണ്ടെങ്കിൽപ്പോലും ഇനിയും നിരവധി ബസ്സുകൾ ഫിറ്റ്നസ്സിന് ഹാജരാക്കാൻവേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ വരുംനാളുകളിൽ സ്കൂൾ അധികൃതർ കൂടുതൽ ബസ്സുകൾ ഫിറ്റ്നസ്സിനായി കൊണ്ടുവരുമെന്ന പ്രതീക്ഷയാണ് ഇപ്പോൾ സർക്കാരിനുള്ളത്. ആ ഒരു സൂചനയാണ് മോട്ടോർ വാഹന വകുപ്പിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി കെ. കെ. രമ: സർ, സാമ്പത്തികബാദ്ധ്യത വലിയ ആശങ്കയായി അദ്ധ്യാപകരുടെ ഇടയിലൊക്കെ നിലനിൽക്കുന്നുണ്ട്. അതുസംബന്ധിച്ച് മറുപടി പറഞ്ഞുകഴിഞ്ഞതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുവേളയിൽ വാങ്ങിയ തെർമൽ സ്കാനറുകൾ കളക്ടറേറ്റുകളിൽ ഇപ്പോഴും കെട്ടിക്കിടക്കുന്നുണ്ട്. അത്തരം തെർമൽ സ്കാനറുകൾ സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, തീർച്ചയായും. തെർമൽ സ്കാനറുകൾ എവിടെയെങ്കിലും കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അത് ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം നടത്തുന്നതാണ്. ആരോഗ്യ വകുപ്പുമായും ബന്ധപ്പെട്ട വകുപ്പുകളുമായും ബന്ധപ്പെട്ട് അവ ശേഖരിച്ച് വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കാം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മികച്ച നിലയിൽ ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ജനകീയ പങ്കാളിത്തത്തോടെ അത് നല്ല നിലയിൽ നടക്കുകയാണ്. എം.പി., എം.എൽ.എ. ഫണ്ടിൽനിന്നെല്ലാം ഗവൺമെന്റ് സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഈ വാഹനങ്ങളിൽ പലതും മെയിന്റനൻസ് നടത്താൻ കഴിയാത്തൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ചില നിർദ്ദേശങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ വച്ചിട്ടുണ്ട്. പ്രാദേശികമായി പി.ടി.എ.യും മാനേജ്മെന്റും സന്നദ്ധ സംഘടനകളുമെല്ലാം സഹകരിച്ചുകൊണ്ട് പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പല സ്കൂളുകളിലും പി.ടി.എ.യും സാമൂഹ്യ സംഘടനകളുമൊക്കെ കൈകോർത്തുകൊണ്ട് ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള ശ്രമം നടത്തിവരികയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ്സുകൾക്ക് രണ്ട് വർഷത്തെ ടാക്സ് പൂർണ്ണമായി ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. അങ്ങനെയൊരു സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, യാത്രാക്ലേശം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുമെന്നതിനെ സംബന്ധിച്ചാണ് അങ്ങ് മറുപടി പറഞ്ഞത്. മലബാർ മേഖലയിൽ നാട്ടിൻപുറത്ത് പലയിടങ്ങളിലും സർവീസ് നടത്തിയിരുന്ന സ്വകാര്യ ബസ്സുകൾ കോവിഡ് പശ്ചാത്തലത്തിൽ നിർത്തലാക്കിയിരിക്കുകയാണ്. എനിക്ക് തോന്നുന്നത്, ഹ്രസ്വകാലത്തേയ്ക്ക് അതിന്റെ പെർമിറ്റുതന്നെ റദ്ദ് ചെയ്യിച്ചിട്ടുണ്ടെന്നാണ്. അങ്ങനെയുള്ള പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളുകളിലെത്തിച്ചേരാൻ എന്ത് സൗകര്യമാണ് ചെയ്യാനുദ്ദേശിക്കുന്നത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന പ്രൈവറ്റ് ബസ്സുകൾ നിർത്തലാക്കുമെന്നോ അല്ലെങ്കിൽ ഓടില്ലെന്നോ ഉള്ള സൂചനയൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സ്കൂളുകൾ തുറക്കുന്നതോടുകൂടി കൂടുതൽ സ്വകാര്യ ബസ്സുകൾ റോഡിൽ ഇറങ്ങുമെന്നുള്ള പ്രതീക്ഷയാണുള്ളത്. അങ്ങനെയൊരു ആശങ്കയ്ക്ക് ഇപ്പോൾ വകയില്ല. അങ്ങനെയൊരു ആശങ്ക ഉയർന്നുവരുന്ന സാഹചര്യത്തിൽ അതിനുള്ള പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് പരമാവധി പരിശ്രമം നടത്തുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോളേജുകൾ തുറക്കുകയും സ്കൂളുകൾ തുറക്കാൻ പോകുകയുമാണ്. കോവിഡ് പശ്ചാത്തലത്തിൽ പല സർവ്വീസുകളും നിർത്തിവച്ച സാഹചര്യമുണ്ട്. സ്കൂളുകളിലേയ്ക്കുള്ള യാത്രാക്ലേശം കണക്കിലെടുത്ത് സർവ്വീസുകൾ ആരംഭിക്കണമെന്ന് എല്ലായിടത്തും വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നുണ്ട്. അത്തരം പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് മലയോര മേഖലയിലടക്കമുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, നിലവിൽ എല്ലാ ജില്ലകളിലും Students Travelling Facility Committee നിലവിലുണ്ട്. ജില്ലാ കളക്ടറും ഡി.ഇ.ഒ.യും പോലീസ് അധികൃതരും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധിയും അടങ്ങുന്ന Students Travelling Facility Committee ഇത്തരം കാര്യങ്ങൾ ജില്ലാതലത്തിൽ പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങളും നിർദ്ദേശങ്ങളും നൽകാറുണ്ട്. ഇപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി.യുടെ 3300 ബസ്സുകളാണ് ഓടിക്കൊണ്ടിരിക്കുന്നത്. നവംബർ മാസം 1-ാം തീയതിയോടുകൂടി 350 ബസ്സുകൾകൂടി നിരത്തിലിറങ്ങുന്നുണ്ട്. നവംബർ 15-ന് 300 ബസ്സുകളിറങ്ങും. ഏതാണ്ട് നാലായിരത്തോളം ബസ്സുകൾ സ്കൂൾ തുറക്കുന്ന ഘട്ടത്തിലുണ്ടാകും. അതായത് ഇപ്പോൾ സർവ്വീസ് നടത്തുന്ന 3300-ന്റെ കൂടെ 650 ബസ്സുകൾകൂടി നിരത്തിലിറക്കാൻ കെ.എസ്.ആർ.ടി.സി. സജ്ജമായിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സാധാരണനിലയിൽ വിദ്യാർത്ഥികളെ കയറ്റാൻ വൈമുഖ്യം കാണിക്കുന്നവരാണ് സ്വകാര്യ ബസ് ജീവനക്കാർ. സാമൂഹ്യ അകലം പാലിച്ച് യാത്രക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ കുട്ടികളെ സൗജന്യനിരക്കിൽ കൊണ്ടുപോകാൻ അവർ സ്വാഭാവികമായും മടികാണിക്കുമെന്നത് യാഥാർത്ഥ്യമാണ്. കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് ബഹു. മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ശ്രീ. കെ. പി.

എ. മജീദ് സൂചിപ്പിച്ചതുപോലെ വടക്കൻ ജില്ലകളിൽ സ്വകാര്യ ബസ്സുകളിൽ കുട്ടികളെ കയറ്റുന്നത് വ്യാപകമായി നിരുത്സാഹപ്പെടുത്തുന്ന പ്രവണതയ്ക്ക് കോവിഡ് പശ്ചാത്തലത്തിൽ എങ്ങനെ പരിഹാരം കാണാനാണുദ്ദേശിക്കുന്നത്?

ശ്രീ. ആന്റണി രാജു: സർ, ഇത്തരമൊരു ആക്ഷേപം പണ്ടുമുതലേയുള്ളതാണ്. അതിന് പരിഹാരം കാണാൻ പ്രാദേശികമായി സ്റ്റുഡന്റ്സ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റിയും എം.എൽ.എ-മാരുമൊക്കെ ഇടപെടാറുണ്ട്. ഇതുപോലെ ആരോപണങ്ങൾ ഉയർന്നുവന്ന മേഖലകളിലെല്ലാം മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. കുട്ടികളെ ബസ്സുകളിൽ കയറ്റുന്നതിന് വൈമുഖ്യം കാണിക്കുന്ന സ്വകാര്യ ബസ്സുടമകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണ്. വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കവരാൻ ഒരു സ്വകാര്യ ബസ്സുടമയേയും അനുവദിക്കുന്നതല്ല.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച പൊതു പ്രോട്ടോക്കോൾ അനുസരിച്ച് പകുതി വിദ്യാർത്ഥികൾക്ക് മാത്രമേ ഒരു സ്കൂൾ ബസ്സിൽ യാത്രചെയ്യുവാൻ കഴിയുകയുള്ളൂ. അങ്ങ് മറുപടി പറഞ്ഞതുപോലെ പല സ്കൂളുകളും ബസ്സുകൾ പുറത്തിറക്കാൻ തയ്യാറല്ലാത്ത സാഹചര്യവുമുണ്ട്. ഇതിനുപകരമായി ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് BOND സർവ്വീസുകൾ ആരംഭിക്കുമെന്നാണ്. കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന രക്ഷകർത്താക്കളെ സംബന്ധിച്ചിടത്തോളം BOND സർവ്വീസിന് അമിതമായ ചാർജ്ജ് ഓരോ ദിവസവും കൊടുക്കേണ്ടി വരികയാണ്. ഇത് ഒഴിവാക്കുന്നതിനായി കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാൻ കഴിയുന്ന സ്റ്റുഡന്റ്സ് ഓൺലി ബസ്സുകൾ ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, സ്കൂളുകളിൽ എല്ലാ ക്ലാസ്സുകളും ഇപ്പോൾ തുറക്കുന്നില്ല. ഒന്നുമുതൽ ഏഴുവരെയും പത്തും പന്ത്രണ്ടും ക്ലാസ്സുകളുമാണ് ആദ്യഘട്ടത്തിൽ തുറക്കുന്നത്. അതിന്റെയർത്ഥം മൂന്നിൽരണ്ട് വിദ്യാർത്ഥികൾ മാത്രമേ സ്കൂളുകളിലേയ്ക്ക് വരികയുള്ളൂവെന്നാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച ആശങ്കയ്ക്കടിസ്ഥാനമില്ല. സ്കൂൾ വിദ്യാർത്ഥികൾക്ക് സാധാരണഗതിയിൽ ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്നുണ്ട്, അവരെക്കൊണ്ടുപോകാനുള്ള ക്രമീകരണവുമുണ്ട്. അതിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. അതിനുപുറമേ സ്വകാര്യസ്കൂളുകളും പി.ടി.എ. നടത്തുന്ന സ്കൂൾ ബസ്സുകളും നിർത്തലാക്കിയതിന് പകരമായാണ് BOND സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യ മാനേജ്മെന്റുകൾ വാങ്ങുന്ന തുകയെക്കാൾ മിതമായ നിരക്ക് ഈടാക്കിയാണ് കെ.എസ്.ആർ.ടി.സി. BOND സർവ്വീസുകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ അത് വിദ്യാർത്ഥികൾക്ക് ആശ്വാസകരമായിരിക്കും.

ശ്രീ. എൻ. കെ. അക്ബർ: സർ, യാത്രാക്ലേശം പരിഹരിക്കാനുള്ള ഗ്രാമവണ്ടി എന്ന ആശയത്തിന്റെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, ഗ്രാമവണ്ടി പദ്ധതി പൊതുവേ കേരളം സ്വാഗതം ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും രണ്ട് വകുപ്പുകളിലെയും ഉദ്യോഗസ്ഥരും പങ്കെടുത്ത് സുദീർഘമായ ചർച്ച ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ട്. വിശദമായ നിർദ്ദേശം സമർപ്പിക്കാൻ അഞ്ചംഗ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമവണ്ടി പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി കേരളത്തിൽ ഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാകും. വിദ്യാർത്ഥികൾക്ക് മാത്രമല്ല, കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുഗതാഗതത്തെ ആശ്രയിക്കുന്ന എല്ലാവർക്കും സുഗമമായി യാത്ര ചെയ്യാനുള്ള സൗകര്യമുണ്ടാകും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം 2022 ഏപ്രിൽ മുതലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അതോടുകൂടി കേരളത്തിലെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഗതാഗത വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. കുട്ടനാട് വെള്ളത്താൽ ചുറ്റപ്പെട്ടതും ബോട്ടിൽ മാത്രം യാത്രചെയ്യാൻ കഴിയുന്ന പ്രദേശവുമാണ്. എ.സി. റോഡ് വന്നപ്പോൾ നല്ലരീതിയിലുള്ള ബസ് സർവ്വീസുകളും ബോട്ട് സർവ്വീസുകളും അനുവദിച്ചിട്ടുണ്ട്. ഞങ്ങളുടെ പ്രദേശത്ത് യാത്രചെയ്യുവാനായി ബോട്ട് സർവ്വീസ് മാത്രമേയുള്ളൂ. പല ബോട്ടുകളും സർവ്വീസ് നടത്താൻ കഴിയാത്ത വിധത്തിലുള്ളതാണ്. സ്കൂളുകളുടെ സമയക്രമമനുസരിച്ച് വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യാൻ കഴിയുന്നരീതിയിൽ ബോട്ട് സർവ്വീസ് സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ഗൗരവമുള്ളതാണ്, അക്കാര്യം തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബോട്ടിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ ബോട്ടുകൾ ക്രമീകരിക്കാൻ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സ്കൂളുകൾ തുറക്കുന്നതോടുകൂടി കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൂടുതലായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച ഗതാഗത വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാനുകൂല്യങ്ങൾ സംസ്ഥാനത്തെ എല്ലാ മേഖലകളിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഏതെങ്കിലും പ്രദേശങ്ങളിൽ അതിന്റെ ലഭ്യത കുറവുണ്ടായിട്ടുണ്ടോ; സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാനുമതി നൽകുന്നതിൽ ബസ്സുടമകളിൽനിന്ന് എതിർപ്പുണ്ടായിട്ടുണ്ടോയെന്നുകൂടി അറിയിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, പ്രസക്തമായ ചോദ്യമാണ് അങ്ങ് ഉന്നയിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ വളരെക്കുറവുള്ള ചില മേഖലകളുണ്ട്. അത്തരം പ്രദേശങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കാൻ നിവൃത്തിയില്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ടുതന്നെ ബസ്സിന്റെ കപ്പാസിറ്റിയനുസരിച്ച്, സ്കൂൾ പ്രിൻസിപ്പാളിന്റെ ശിപാർശയോടെ 25 ശതമാനം വിദ്യാർത്ഥികൾക്കാണ് കൺസഷൻ അനുവദിക്കാൻ കഴിയുന്നത്. ചില പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം കുറവും കൂടുതലായി സർവ്വീസ് നടത്തുന്നത് സ്വകാര്യ ബസ്സുകളുമാണ്. കെ.എസ്.ആർ.ടി.സി. ബസ്സിൽ ഒരു പരിധിക്കപ്പുറം കൺസഷൻ ടിക്കറ്റ് വിതരണം ചെയ്താൽ അത് മാത്രമേ ഉണ്ടാകുകയുള്ളൂ. മറ്റുള്ളവർക്ക് യാത്ര ചെയ്യാൻ ബസ്സ് ഉണ്ടാകുകയില്ല. ബസ്സുകളുടെ എണ്ണമനുസരിച്ച് 25 ശതമാനം വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യുന്നതിനുള്ള സൗകര്യം മാത്രമേ ഇപ്പോൾ ചില മേഖലകളിൽ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളൂ. ബഹുഭൂരിപക്ഷം മേഖലകളിലും ആവശ്യാനുസരണം കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 363,000 വിദ്യാർത്ഥികൾക്ക് കേരളത്തിൽ കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സംസ്ഥാനത്ത് വിദ്യാർത്ഥികൾ നിറയെ യാത്രചെയ്യുന്ന ചില റൂട്ടുകളുണ്ട്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട മന്ത്രി വിദ്യാർത്ഥികൾക്ക് മാത്രമായി ബസ്സുകൾ നിരത്തിലിറക്കാൻ തയ്യാറാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഗ്രാമവണ്ടികളുടെ ഇന്ധനത്തിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണമെന്നും സൂചിപ്പിച്ചിരുന്നു. സ്കൂളുകൾക്കുവേണ്ടി നിരത്തിലിറക്കുന്ന ബസ്സുകളുടെ ഇന്ധനച്ചെലവ് ആരാണ് വഹിക്കേണ്ടത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, അങ്ങ് സൂചിപ്പിച്ചതും ഞാൻ പറഞ്ഞതും രണ്ടും രണ്ടാണ്. BOND സർവ്വീസും ഗ്രാമവണ്ടിയും മിക്സ് ചെയ്താണ് അങ്ങിവിടെ ചോദ്യം ഉന്നയിച്ചത്. സ്വകാര്യ സ്കൂളുകളിൽ സ്കൂൾ ബസ് ചാർജായി ഒരു വിദ്യാർത്ഥിയിൽനിന്നും മാസംതോറും 2,000 മുതൽ 3,000 രൂപ വരെയാണ് വാങ്ങുന്നത്. അതായത്, 80 കുട്ടികളിൽനിന്ന് ഏകദേശം രണ്ടര ലക്ഷം രൂപ വാങ്ങും. അത്രയും വിദ്യാർത്ഥികളെ കെ.എസ്.ആർ.ടി.സി.ക്ക് അതിന്റെ മൂന്നിലൊന്ന് ചെലവിൽ കൊണ്ടുപോകാൻ കഴിയും. സ്റ്റുഡന്റ്സ് ഓൺലി BOND സർവ്വീസ് എന്നുപറയുന്നത് ആ സർവ്വീസാണ്. ഗ്രാമവണ്ടി എന്നത് 2022 ഏപ്രിൽ മുതൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള എല്ലാ കൺസഷനും ബാധകമായിരിക്കുമെന്ന പ്രഖ്യാപനത്തിന് യാതൊരു മാറ്റവുമില്ല.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർ, അറ്റൻഡർമാർ തുടങ്ങിയവരെക്കുറിച്ച് പലപ്പോഴും പരാതികൾ ഉയർന്നുവരാറുണ്ട്. സ്കൂൾ തുറക്കുന്നതിനുമുൻപ് അവർക്കാവശ്യമായ ട്രെയിനിംഗ്/കൗൺസലിംഗ് നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോളിൽ ഡ്രൈവർമാർക്കും അറ്റൻഡർമാർക്കുമുള്ള ട്രെയിനിംഗിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമായി അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. അതിനുപുറമേ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കും നേരിട്ടും ഓൺലൈനിലൂടെയും കൗൺസലിംഗ് നടത്തുന്ന പദ്ധതി ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇരിട്ടിയിൽ ഇത് വിജയകരമായി ആരംഭിച്ചിട്ടുണ്ട്. മറ്റ് ആർ.ടി.ഒ-മാരുടെ കീഴിലുമുള്ള സ്കൂളുകളിലെ ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും ഓൺലൈനിലൂടെയുള്ള കൗൺസലിംഗും നിർദ്ദേശങ്ങളും നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ ഉൾപ്പെടെ തയ്യാറാക്കി വിദ്യാഭ്യാസ രംഗത്ത് നടത്തിയ ശക്തമായ ഇടപെടൽ അഭിനന്ദനാർഹമാണ്. മഞ്ഞക്കണ്ണടയിലൂടെ കാണുന്നവർക്കൊഴിച്ച് ബാക്കിയെല്ലാവർക്കും ഇത് അനുഭവവേദ്യമാണ്. കഴിഞ്ഞ ഒന്നര വർഷമായി സ്കൂൾ ബസ്സുകൾ ഉപയോഗിക്കാത്തതിനാൽ ബാറ്ററി ഡൗൺ ആയിപ്പോകുകയും ചില സ്കൂൾ ബസ്സുകളിൽ എലി കയറി വയർ കടിച്ചുമുറിച്ച് നശിപ്പിച്ചിരിക്കുകയാണ്. സ്കൂളുകൾക്കും കോളേജുകൾക്കും എം.എൽ.എ. ഫണ്ടിൽനിന്ന് അഞ്ചും ആറും ബസ്സുകൾ വിവിധ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചവരുമുണ്ട്. ബസ്സുകൾ വാങ്ങിക്കഴിഞ്ഞാൽ അത് പരിരക്ഷിച്ച് കൊണ്ടുപോകാൻ കഴിയുന്നില്ല. അവർക്ക് ഒരുപാട് പരിമിതികളുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മെക്കാനിക്കുകളുടെ സേവനം സ്കൂൾ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രയോജനപ്പെടുത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യം സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതോടുകൂടി പതിനായിരക്കണക്കിന് വരുന്ന സ്കൂൾ ബസ്സുകളുടെ അറ്റകുറ്റപ്പണി നടത്താനുള്ള സൗകര്യം പരിമിതമാണ്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ സ്കൂൾ/കോളേജ് ബസ്സുകളുടെ മെയിന്റനൻസ് നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പല സ്കൂളുകളും കോളേജുകളും ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ ബസ് മെയിന്റനൻസ് ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുമുണ്ട്. തിരുവനന്തപുരത്തെ ആൾ സെയിന്റ്സ് കോളേജിന്റെ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ മെയിന്റനൻസ് നടത്താനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

2 (*272) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പാഠ്യപദ്ധതിയും പഠനക്രിയകളും കൃത്യമായി അപഗ്രഥിക്കുവാനും മാറ്റങ്ങൾ വരുത്തുവാനും കോഴ്സുകൾ കൂടുതൽ തൊഴിലധിഷ്ഠിതമാക്കുവാനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വ്യവസായ ബന്ധിതമാക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വൈജ്ഞാനികസമൂഹ നിർമ്മിതിക്ക് ആവശ്യമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാനും നിലവിലെ കോഴ്സുകളുടെ ന്യൂനതകൾ പരിഹരിച്ച് കാലോചിതമായി നവീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ,

(എ) എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എഞ്ചിനീയറിംഗ് പാഠ്യപദ്ധതിയും പഠനക്രിയകളും സമയബന്ധിതമായി അപഗ്രഥിക്കുകയും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്യുന്നു. പാഠ്യപദ്ധതിയുടെ അപഗ്രഥനം അതത് Board of Studies-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. പഠനക്രിയകളുടെ അപഗ്രഥനം അക്കാദമിക് ഓഡിറ്റ് ഉൾപ്പെടെയുള്ള പ്രക്രിയകളിലൂടെയാണ് സർവ്വകലാശാലയിൽ നടത്തുന്നത്. എഞ്ചിനീയറിംഗ് കോഴ്സുകൾ കൂടുതൽ തൊഴിലധിഷ്ഠിതമാക്കാൻ ലക്ഷ്യമിട്ട് ഇൻഡസ്ട്രി ഇലക്ടീവുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. B.Voc (Bachelor of Vocational Education) കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. കാലാനുസൃതമായി ആരംഭിക്കുന്ന നവ സാങ്കേതികവിദ്യാ കോഴ്സുകൾക്കാവശ്യമായ പ്രായോഗിക പരിശീലനത്തിനുവേണ്ട നടപടികൾ സമയബന്ധിതമായി ചെയ്തുവരുന്നു.

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വ്യവസായ ബന്ധിതമാക്കുന്നതിനായി ഇൻഡസ്ട്രിയൽ ഇലക്ടീവുകൾ ബി.ടെക് കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത വിജ്ഞാന വിസ്ഫോടനത്തിന്റെ

സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനായി 2021-22 അക്കാഡമിക് വർഷം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, സിവിൽ തുടങ്ങിയ പ്രധാന ബ്രാഞ്ചുകളിലെല്ലാം നവീന കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായികരംഗത്തെ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. റിസർച്ച് സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് നൂതന സങ്കേതികവിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളുംവഴി നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിലെത്തിക്കുന്നുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബി.വോക് കോഴ്സ് റെഗുലേഷൻസിന് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വ്യവസായ ബന്ധിതമാക്കുന്നതിനായി industrial electives ബി.ടെക് കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, 2021-22 അക്കാഡമിക് വർഷം ബി.ടെക് (ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്), ബി.ടെക് (ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്), ബി.ടെക് (കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റം), ബി.ടെക് (കമ്പ്യൂട്ടർ സയൻസ് ആൻഡ് ഡിസൈൻ), ബി.ടെക് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡേറ്റാ സയൻസ്), ബി.ടെക് (റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ), ബി.ടെക് (സിവിൽ ആൻഡ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ്), എം.ടെക് (ജിയോ ടെക്നിക്കൽ ആൻഡ് ജിയോ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ്), എം.ടെക് (ഇലക്ട്രിക്കൽ ഡ്രൈവ്സ് ആൻഡ് കൺട്രോൾ), എം.ടെക് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്), എം.ടെക് (ആട്ടോമോട്ടീവ് ഇലക്ട്രോണിക്സ് ആൻഡ് ഡാറ്റാ സയൻസ്) തുടങ്ങിയ നവീന കോഴ്സുകൾ ആരംഭിക്കാൻ അഫിലിയേറ്റ് ചെയ്ത കോളേജുകൾക്ക് സർവ്വകലാശാല നിരാക്ഷേപപത്രവും നൽകിയിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, എഞ്ചിനീയറിംഗ് പഠനത്തിന് മറ്റ് മേഖലകളെക്കാൾ പ്രത്യേക അഭിരുചി വേണമെന്നാണ് പൊതുവെ കണക്കാക്കിയിരുന്നത്. രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കേണ്ടവരാണ് എഞ്ചിനീയർമാർ എന്നാണ് നമ്മുടെ പഴയകാല ധാരണ. ദൗർഭാഗ്യവശാൽ, പ്ലസ് ടു കഴിഞ്ഞാൽ മറ്റ് കോഴ്സുകൾക്കൊന്നും സീറ്റ് ലഭിക്കാത്തവർക്കെല്ലാം ചേക്കേറാൻ കഴിയുന്നൊരു

മേഖലയായി സംസ്ഥാനത്തും രാജ്യത്ത് പൊതുവെയും എഞ്ചിനീയറിംഗ് പഠനം മാറിയിരിക്കുകയാണ്. ഒരു പ്രൊഫഷണൽ ഡിഗ്രിയെടുക്കാൻ വേണ്ടിമാത്രം എഞ്ചിനീയറിംഗിന് ചേരുന്നവരാണ് കൂടുതൽ പേരും. ഇത് എഞ്ചിനീയറിംഗ് പഠനമേഖലയുടെ ശോഷണത്തിന് വഴിവച്ചുവെന്നത് വാസ്തവമാണ്. എഞ്ചിനീയറിംഗ് പാസ്സാകുന്ന കുട്ടികൾ ആ മേഖലയൊഴികെ മറ്റ് രംഗങ്ങളിലാണ് ഇന്ന് ജോലി അന്വേഷിക്കുന്നത്. വലിയൊരു ശതമാനവും ബാങ്കിംഗ് മേഖലയിലേയ്ക്ക് പോകുന്നുണ്ട്. പുതിയ പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 250-ഓളം പേരും ഐ.പി.എസ്-കാരുടെ ഉൾപ്പെടെയുള്ള പല റാങ്ക്‌ലിസ്റ്റുകളിലുമുള്ളവരും എഞ്ചിനീയറിംഗ് ബിരുദധാരികളാണ്. സമീപകാലത്തായി പാഠ്യപദ്ധതിയിൽ ചില മാറ്റങ്ങൾ വന്നെങ്കിലും പല വികസിതരാജ്യങ്ങളും സ്വീകരിച്ചതുപോലെ ഈ മേഖലയെ വ്യവസായബന്ധിതമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ നമുക്ക് സാധിച്ചിരുന്നില്ല. അത് നേരത്തേ നടപ്പിലാക്കേണ്ടതായിരുന്നു. ഐ.എം.ജി-യിൽ നടന്ന ഉന്നത വിദ്യാഭ്യാസ ശാക്തീകരണ ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഉന്നത വിദ്യാഭ്യാസം തൊഴിൽദാതാക്കളെ സൃഷ്ടിക്കണമെന്നാണ്. ഇപ്പോൾ സാങ്കേതിക സർവ്വകലാശാല നവീകരണ വ്യവസായ കൗൺസിൽ രൂപീകരിക്കാൻ തീരുമാനമെടുത്തതായും അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതായും അറിയുകയുണ്ടായി. അങ്ങനെയുള്ള ഇന്നൊവേഷൻ ഇൻഡസ്ട്രി കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സമീപകാലത്തായി സ്വാശ്രയ സ്ഥാപനങ്ങൾ വ്യാപകമായതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരത്തിൽ ചെറിയ പോരായ്മകളുണ്ടായിട്ടുണ്ട്. ഒരേ വിഷയം തന്നെ എല്ലാ കുട്ടികളും പഠിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടാണ് തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പല കുട്ടികൾക്കും മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് ചേക്കേറേണ്ടതായി വന്നിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് Innovations Industrial collaboration, വ്യാവസായിക സംരംഭങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ ഉല്പാദനത്തിനുള്ള സാദ്ധ്യതകൾ എന്നിവയെ ബന്ധപ്പെടുത്തി നാനാമുഖ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ Rural Technology Development Centre, കോട്ടയം രാജീവ്

ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ Reusable Building Systems, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ Centre for Bamboo Technology, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ Transportation Research Centre, അവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന Electrical Vehicle Testing Lab എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ Interdisciplinary Research സെന്ററുകൾ സ്ഥാപിക്കുന്നുണ്ട്. അതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ Nodal Centre for Robotics and Artificial Intelligence-ഉം കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence in Systems-ഉം Energy and Environment-ഉം പ്രവർത്തിച്ചുതുടങ്ങി. സാറ്റലൈറ്റ് വിക്ഷേപണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുമായി സി.ഇ.ടി. മുന്നോട്ടുപോകുകയാണ്. ഇതിനോടനുബന്ധിച്ച് Product Design Development Centre-ഉം High Performance Computing facility-യും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക/സാങ്കേതിക രംഗത്തെ വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും ലഭ്യമാക്കിവരുന്നുണ്ട്. Research Scholarship-കളുടെ എണ്ണവും തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് നൂതന സാങ്കേതികവിദ്യകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരികയാണ്. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളും വഴി നൂതന സാങ്കേതികവിദ്യയെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിൽ എത്തിക്കുന്നുണ്ട്. സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ Ph.D പൂർത്തിയാക്കിയ അദ്ധ്യാപകരുടെ എണ്ണത്തിൽ ഈ കാലഘട്ടത്തിൽ മികച്ച വർദ്ധനവുണ്ടായിട്ടുണ്ട്. സംരംഭകത്വ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ആവശ്യമായ കമ്പ്യൂട്ടർ സംവിധാനങ്ങളും ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടിയ ടെക്നോളജി ഇൻകുബേഷൻ സെന്ററുകളും പ്രവർത്തനം ആരംഭിച്ചുവരികയാണ്. മിക്കവാറും എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള ഇൻകുബേഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചുവെന്ന് ഉറപ്പുവരുത്തിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 35 യൂണിറ്റുകളും 12 പ്രീ-ഇൻകുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായി സജീവപ്രവർത്തനത്തിലാണ്. 19 യൂണിറ്റുകൾ Gestation period പൂർത്തീകരിച്ചിട്ടുണ്ട്. 6 പോളിടെക്നിക്കുകളിൽ ASAP-ന്റെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 ഇതര സർക്കാർ കോളേജിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെയും മിനി ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ

സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതികവിദ്യകളിലധിഷ്ഠിതമായ ഉല്പാദന പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 5 പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചു.

മി. സ്പീക്കർ: യെസ്....

ഡോ. ആർ. ബിന്ദു: സർ, മറുപടി കൂടുതലുണ്ട്.

മി. സ്പീക്കർ: മറുപടി മേശപ്പുറത്തുവയ്ക്കാവുന്നതാണ്. നിരവധി അംഗങ്ങൾ ഉപചോദ്യത്തിന് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് ചോദ്യം ഉന്നയിക്കുന്നവരും മറുപടി പറയുന്ന മന്ത്രിമാരും ചുരുക്കിപ്പറഞ്ഞാൽ നന്നായിരിക്കും.

ഡോ. ആർ. ബിന്ദു: സർ, ബാക്കി മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഉന്നതവിദ്യാഭ്യാസ മേഖലയെ മൂന്ന് വർഷംകൊണ്ട് ലോകഭൂപടത്തിൽ പ്രമുഖ സ്ഥാനത്ത് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ശാക്തീകരണ പദ്ധതിയെ സംസ്ഥാനമൊട്ടാകെ സ്വാഗതം ചെയ്യുകയാണ്. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ആവേശകരമാണ്, അത് നിശ്ചയമായും ഗവേഷകപ്രതിഭകളെ ആകർഷിക്കാൻ ഉപകരിക്കും. പാഠ്യവിഷയങ്ങളിലും ഉള്ളടക്കത്തിലും മാത്രമല്ല ഉന്നതവിദ്യാഭ്യാസ ഭരണ സംവിധാനത്തിലുടനീളം നിയമ പുനർനിർമ്മാണത്തിലൂടെ പൊതുസമൂഹത്തിന് അതിന്റെ ഗുണം ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ? വിളപ്പിൽശാലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണത്തിനായി 457.6 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ 281 കോടി രൂപ അനുവദിച്ചതായും അറിയുന്നുണ്ട്. ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മി. സ്പീക്കർ: ഒരു ഉപചോദ്യത്തിൽ രണ്ട് ചോദ്യം അടങ്ങിയിട്ടുണ്ട്.

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാലാ പ്രവർത്തനത്തിന് അടിസ്ഥാനമാക്കേണ്ട ചട്ടങ്ങളും നിയമങ്ങളുമൊക്കെ കാലാനുസൃതമാണോയെന്ന് പരിശോധിച്ച് ആവശ്യമായ പരിഷ്കരണങ്ങൾ നടത്തുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കേരളത്തിലെ മുഴുവൻ സർവ്വകലാശാലകൾക്കും

---

* അനുബന്ധം- 1 ആയി ചേർത്തിരിക്കുന്നു.

വേണ്ടിയുള്ളതാണ്. കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ആവശ്യമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് രണ്ടുദിവസം നീണ്ടുനിന്ന ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. അതിൽ എഞ്ചിനീയറിഗ് വിഷയവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടന്നിട്ടുണ്ട്. അതെല്ലാം ക്രോഡീകരിച്ച് കാലാനുസൃതമായി എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ മുന്നോട്ടുനയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ രണ്ടാമത്തെ ചോദ്യം വിളപ്പിൽശാലയിൽ ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ചാണ്. ഇപ്പോൾത്തന്നെ 106 കോടിയോളം രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് 50 ഏക്കർ ഭൂമി ഏറ്റെടുക്കണമെന്നാണ് തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, സമൂഹത്തിൽ നിലനിൽക്കുന്ന സമ്മർദ്ദങ്ങളുടെ ഫലമായി അഭിരുചിയും പഠനമികവും കുറഞ്ഞവർ സാങ്കേതിക പഠനരംഗത്ത് എത്തപ്പെടുന്നുണ്ടെന്ന് പറയുകയുണ്ടായി. ഈ സാഹചര്യംകൊണ്ട് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് നിലവാരത്തകർച്ച ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളീയ സമൂഹത്തിൽ ഇടക്കാലത്തുണ്ടായ വലിയൊരു തെറ്റിദ്ധാരണയാണത്.

മി. സ്പീക്കർ: അടുത്ത ചോദ്യത്തിന്റെ വിഷയവും ഇതുതന്നെയാണ്.

ഡോ. ആർ. ബിന്ദു: സർ, എല്ലാ കുട്ടികളും എഞ്ചിനീയറിംഗിനോ മെഡിസിനോ പോകണമെന്ന തരത്തിലുള്ള ഒരു സമീപനം കേരളത്തിന്റെ സാമൂഹ്യപൊതുബോധത്തിൽ കയറിക്കൂടിയതിന്റെ ഭാഗമായുള്ള വിപര്യയം അതിശക്തമായിത്തന്നെ കേരളീയ സമൂഹത്തിലുണ്ട്. അതിന്റെ ഭാഗമായി തൊഴിലില്ലാ കമ്പോളത്തിൽ ഒരേ ബ്രാഞ്ചിൽ ബിരുദം നേടിയിട്ടുള്ള കുട്ടികളുടെ എണ്ണം കൂടുകയും അതിനനുസരിച്ച് വേക്കൻസികൾ ഇല്ലാതായി വരികയും ചെയ്യുമ്പോൾ അവർ തൊഴിലില്ലാത്തവരായി അവശേഷിക്കേണ്ടിവരുന്നുവെന്ന സങ്കടകരമായ സ്ഥിതിവിശേഷം കേരളത്തിലുണ്ടായിയെന്നത് വാസ്തവമാണ്. പുതുതലമുറയിലെ പഠിതാക്കളുടെ അഭിരുചിക്കനുസൃതമായി വൈവിദ്ധ്യമുള്ള കോഴ്സുകൾ ആരംഭിക്കുന്നതോടെ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുമെന്നാണ് കരുതുന്നത്. മാത്രമല്ല, എഞ്ചിനീയറിംഗോ മെഡിസിനോ മാത്രമേ തങ്ങൾക്ക് മുന്നിലുള്ളൂവെന്ന കാഴ്ചപ്പാടിൽനിന്നും കുട്ടികൾ വളരെയധികം മാറിപ്പോയിരിക്കുന്നു. ജീവിതത്തിന്റെയും കരിയറിന്റെയും വേറിട്ട വഴികളിലൂടെ പോകാനും അന്വേഷണം നടത്താനും വിജയിക്കാനുമൊക്കെത്തന്നെ യുവതലമുറയ്ക്ക് ഇന്ന് കഴിയുന്നുണ്ടെന്നത്

ആശ്വാസകരമാണ്. ഇതിനാവശ്യമായ കരിയർ ഗൈഡൻസ് കുട്ടികൾക്ക് നൽകുകയെന്നതാണ് നമ്മൾ ഏറ്റെടുക്കേണ്ട ദൗത്യം. അത് നല്ലനിലയിൽ ചെയ്തുവരുന്നുമുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസം വ്യവസായബന്ധിതമാക്കാനും വൈവിദ്ധ്യവത്കരിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. കോളേജുകളും സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും തൊഴിൽദാതാക്കളെ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് കൃത്യമായ പരിശോധന നടത്താനും മികച്ച വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിൽ പോരായ്മകളുള്ളതായി കാണുന്നു. 961 എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ അയോഗ്യത സംബന്ധിച്ച് റിപ്പോർട്ട് വന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. അദ്ധ്യാപകരുടെ യോഗ്യത ഉറപ്പുവരുത്തുന്നതിനും മികച്ച വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഡോ. ആർ. ബിന്ദു: സർ, 2010-ലെ റെഗുലേഷൻ അനുസരിച്ചാണ് അദ്ധ്യാപകർക്ക് പി.എച്ച്.ഡി. ബിരുദം അനിവാര്യമാക്കിയത്. ഇപ്പോൾ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ മിക്കവാറും എല്ലാ അദ്ധ്യാപകരും പി.എച്ച്.ഡി. ഹോൾഡേഴ്സാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പരിമിതികൾ നിലനിൽക്കുന്നുണ്ടെന്നത് വാസ്തവമാണ്. പ്രസ്തുത സ്ഥാപനങ്ങളിലും യോഗ്യതകളുള്ള ധാരാളം അദ്ധ്യാപകരുണ്ടെന്നത് വസ്തുതയാണെന്നിരിക്കെ അക്കാഡമിക് കരിയറിൽ കുറച്ചുകൂടി മുന്നോട്ടുപോകേണ്ടതുണ്ട്. ആ നിലയ്ക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കാനും അദ്ധ്യാപകരുടെ ഗുണനിലവാരം ഉറപ്പുവരുത്താനും അങ്ങേയറ്റം ജാഗ്രത പുലർത്തുകയെന്നതാണ് ഇതിൽ സ്വീകരിക്കാവുന്ന കാര്യം. കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ ഒക്ടോബർ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയുണ്ടായി. അതും ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. അത്തരത്തിലുള്ള ജാഗ്രത നിലനിർത്തിക്കൊണ്ടുപോകേണ്ടതുണ്ടെന്നാണ് പറയാനുള്ളത്.

ശ്രീ. എം. വിജിൻ: സർ, കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനുള്ള സർക്കാരിന്റെ തീരുമാനത്തെയും അതിനായുള്ള പ്രവർത്തനങ്ങളെയും അഭിനന്ദിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലും ചെയ്യാമെന്ന അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത്

സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യം പരിശോധിച്ചുവരികയാണ്. അത് എളുപ്പമുള്ള ഒരു കാര്യമല്ല. സാങ്കേതിക പദാവലികൾ കൃത്യമായി തർജ്ജമ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. പാഠപുസ്തകങ്ങളെല്ലാം മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യാൻ സമയമെടുക്കും. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഹയർ സെക്കൻഡറി പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളിൽ പലർക്കും ഉന്നത വിദ്യാഭ്യാസത്തിനായി കോളേജുകളിൽ അവസരം ലഭിക്കുന്നില്ല. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ ഒരു പെൺകുട്ടി അച്ഛനെയും അമ്മയെയുംകൂട്ടി എന്നെ കാണാൻ വന്നിരുന്നു. 90 ശതമാനം മാർക്കുവാങ്ങി ജയിച്ച ആ കുട്ടിക്ക് സെക്കൻഡ് അലോട്ടുമെന്റ് കഴിഞ്ഞിട്ടും പ്രവേശനം ലഭിച്ചില്ലെന്ന് പറഞ്ഞു. ആ കുട്ടിയുടെ അച്ഛൻ അഞ്ചുസെന്റിൽ താമസിക്കുന്ന റബ്ബർ ടാപ്പിംഗ് തൊഴിലാളിയാണ്. അത്രയും മാർക്ക് വാങ്ങിയ കുട്ടികൾക്കുപോലും കോളേജുകളിൽ പ്രവേശനം ലഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ പുതിയ കോളേജ് സ്ഥാപിക്കണമെന്ന ആവശ്യവുമുന്നയിക്കുകയാണ്. ഏഴ് പഞ്ചായത്തുകളുള്ള പേരാവൂർ നിയോജകമണ്ഡലത്തിൽ എട്ട് ഹയർ സെൻഡറി സ്കൂളുകളുണ്ടെങ്കിലും എയ്ഡഡ് മേഖലയിലോ ഗവൺമെന്റ് മേഖലയിലോ ഒരു കോളേജുപോലും നിലവിലില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, ഹയർ സെക്കൻഡറി പഠനം കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനത്തിന് അവസരം കിട്ടുന്നില്ലെന്നല്ല എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഉപചോദ്യമാണ് ചോദിക്കേണ്ടത്.

ശ്രീ. സണ്ണി ജോസഫ്: സർ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോളേജുകളുടെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ആ മേഖലയുമായി ബന്ധപ്പെട്ട അതീവ ഗൗരവമേറിയ വിഷയം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: എഞ്ചിനീയറിംഗിനുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നാണ് പത്രവാർത്ത വരുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ആവശ്യമുള്ള മേഖലകളിൽ സ്ഥാപനങ്ങൾ ആരംഭിക്കാനും കുട്ടികൾക്ക് ആവശ്യാനുസരണം സബ്ജക്ടുകൾ തെരഞ്ഞെടുക്കാനും പ്രവേശനം നിഷേധിക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിന് ഗൗരവമായ പരിഗണന നൽകാനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം കൃത്യമായി പരിശോധിച്ചശേഷം മാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് സീറ്റിന്റെ ലഭ്യതക്കുറവില്ല. നിലവിലുള്ള കോഴ്സുകളിൽ പരമാവധി സീറ്റ് വർദ്ധനയ്ക്കുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ഗണ്യമായ അളവിൽ സീറ്റ് വർദ്ധനവ് കോളേജുകളിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ കുട്ടികൾ ആഗ്രഹിക്കുന്ന സീറ്റ് ലഭിക്കാൻ ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട കേസ്സുകളുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സാങ്കേതിക സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ കോഴ്സ് പൂർത്തിയാക്കാതെ dropout ആകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിലാണ് അവരെ അനാഥമാക്കി വിടുന്നതിനുപകരം ഒരു മിനിമം പരീക്ഷ നടത്തി B.Voc ഡിഗ്രി കൊടുക്കണമെന്ന് തീരുമാനിച്ചത്. സാങ്കേതിക സർവ്വകലാശാല ഇപ്പോൾ B.Voc ഡിഗ്രി നൽകുന്നുണ്ട്. എന്നാൽ B.Voc ഡിഗ്രി സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ പി.എസ്.സി-യോ മറ്റ് സർവ്വകലാശാലകളോ അംഗീകരിക്കാത്തൊരു വിഷയം നിലനിൽക്കുന്നുണ്ട്. അത് അംഗീകരിപ്പിച്ച് B.Voc ഡിഗ്രി നൽകുന്നത് അർത്ഥവത്താക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഇടപെടലുണ്ടാകുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. വിദ്യാർത്ഥികൾക്കോ തൊഴിലന്വേഷകർക്കോ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ അടിയന്തര പരിശോധന നടത്തുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ ഏകദേശം 36 കോളേജുകളിലായി 72 ബാച്ചുകൾ നിർത്തലാക്കിയിട്ടുണ്ട്. പ്രവേശനസമയം ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് AICTE സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. അനുവാദം ലഭിച്ചില്ലെങ്കിൽ സ്വാഭാവികമായും രണ്ട് അലോട്ട്മെന്റിൽ മാത്രമായി നിൽക്കും. അക്കാര്യം പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. കുട്ടികൾ പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ മാനേജ്മെന്റുമായി യാതൊരു ബന്ധവുമില്ലാതെ ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിയും. അതുകൊണ്ട് സ്വാശ്രയ മാനേജ്മെന്റുകൾ പ്രയാസപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, പ്രവേശന തീയതി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, സംസ്ഥാനത്ത് ആവശ്യത്തിലധികം എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങിയതാണ് ഒന്നാമത്തെ പ്രശ്നം. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ; ആൾ ഇന്ത്യാ റാങ്കിംഗിൽ കേരളത്തിലെ കോളേജുകൾ വളരെ പുറകിലാണ്. അതിന്റെ ഫലമായി പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ജോലി ലഭിക്കാത്ത അവസ്ഥയുമുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ; എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രമല്ല എം.ബി.എ. കോളേജുകളിലെ സ്ഥിതിയും ഇതിനേക്കാൾ സങ്കീർണ്ണമാണ്. ഇത് പരിഹരിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, കേരളത്തിന്റെ റാങ്കിംഗ് നിലവാരം പരിശോധിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് എന്നിവ ദേശീയതലത്തിൽ മികച്ച നിലവാരമുള്ള കോളേജുകളാണ്. ചില സ്വാശ്രയസ്ഥാപനങ്ങളിൽ ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങളോ അക്കാദമികമായ മേന്മയോ ഇല്ലാത്ത സാഹചര്യമുണ്ടെന്ന് നമുക്കറിയാം. അതെങ്ങനെ സംഭവിച്ചുവെന്നതിനെക്കുറിച്ച് ഞാനിവിടെ വിശദീകരിക്കുകയുണ്ടായി. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകാനുമുള്ള നടപടി ഭാവിയിലുണ്ടാകുമെന്ന് മാത്രമാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. സർക്കാരിന്റെ കീഴിലുള്ള ഐ.എച്ച്.ആർ.ഡി-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ് പോലെയുള്ള സ്ഥാപനങ്ങൾ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്നുവെന്നത് ഏറെ അഭിമാനകരമാണ്. ഉന്നത നിലവാരത്തിലേയ്ക്ക് ആ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല ഇന്ന് പ്രതിസന്ധി നേരിടുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികളിൽ അവർ പഠിച്ച വിഷയങ്ങളിൽ ജോലി ലഭിക്കുന്നത് അപൂർവ്വ സാദ്ധ്യതയായി മാറിക്കഴിഞ്ഞത് വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധിയായിരിക്കുകയാണ്. പഠിച്ച കോഴ്സുകളിൽ ജോലി ലഭിക്കാത്ത സാഹചര്യമുള്ളതിനാൽ അവർ ഇന്ന് മറ്റുപല ജോലികൾക്കും പോകാൻ നിർബന്ധിതരാകുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ റിസൾട്ട് കുറഞ്ഞുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഈ രീതിയിലുള്ള കുറവ് അനുഭവപ്പെടുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; തൊഴിൽ

സാദ്ധ്യതകളുള്ള കോഴ്സുകൾ കൂടുതൽ അനുവദിച്ച് പഠിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ഡോ. ആർ. ബിന്ദു: സർ, ഇതിനുള്ള കാരണങ്ങളെക്കുറിച്ച് ഞാൻ വിശദീകരിച്ചുകഴിഞ്ഞതാണ്. നമ്മുടെ കാഴ്ചപ്പാടിലുണ്ടായ മാറ്റമാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാക്കിയത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഇൻഡസ്ട്രിയൽ കൊളാബറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് സ്ഥാപനമേധാവികൾക്ക് അവബോധം നൽകാൻ പരിശ്രമിക്കുന്നത്. അതിനാനുപാതികമായ രീതിയിൽ വ്യാപകമായ സാദ്ധ്യതകൾ തുറന്നുകിട്ടിയിരിക്കുകയാണ്. K-DISC-ന്റെയും ASAP-ന്റെയും ആഭിമുഖ്യത്തിൽ സ്കിൽ ഡെവലപ്മെന്റിനും തൊഴിൽ പരിശീലനത്തിനും പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനുമുള്ള അവസരങ്ങൾ കൂടുതലായുണ്ടാകുന്നത് ശുഭകരമായ സൂചനയാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ നമുക്ക് കഴിയും. 20 ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകണമെന്ന പ്രഖ്യാപനത്തിനനുസരിച്ചുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ലോകത്തെങ്ങും ഫ്ലെക്സിബിൾ ഇലക്ടീവ്സ് എന്ന തലത്തിലേയ്ക്ക് എഞ്ചിനീയറിംഗ് പഠനം മാറിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെ ലോകത്തിലെ റിക്രൂട്ടേഴ്സ് ജോബ് ഡിസ്ക്രിപ്ഷനിൽ വ്യത്യസ്ത മേഖലയിൽ പ്രാവീണ്യം നിർബന്ധമാക്കിയതോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠിക്കുന്ന ഒരു കുട്ടിക്ക് ഫിനാൻഷ്യൽ മാനേജ്മെന്റിലും അടിസ്ഥാന ധാരണയുണ്ടാകേണ്ടത് അനിവാര്യമാണ്. ഫ്ലെക്സിബിൾ ഇലക്ടീവ്സ് പോലെ വാല്യൂ ആഡഡ് കോഴ്സ് നടത്തുന്നതിനുള്ള പ്രധാനപ്രശ്നം എല്ലാ കോളേജുകളിലും ഇത്തരത്തിൽ വൈദഗ്ദ്ധ്യമുള്ള അദ്ധ്യാപകരുണ്ടാകില്ല എന്നതാണ്. ഇൻഡസ്ട്രിയിലെ വിദഗ്ദ്ധരെയുൾപ്പെടുത്തി നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഫ്ലെക്സിബിൾ ഇലക്ടീവ്സും വാല്യൂ ആഡഡ് കോഴ്സും പഠിപ്പിക്കാൻ സർവ്വകലാശാലാ തലത്തിൽ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും സ്വീകരിക്കും. കോഴ്സുകളുടെ സെലക്ഷന്റെ കാര്യത്തിൽ കുട്ടികൾക്ക് ഫ്ലെക്സിബിലിറ്റി നൽകുന്ന വിധത്തിൽ ചട്ടങ്ങളും നിയമങ്ങളുമൊക്കെ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്താനാണ് വ്യത്യസ്ത കമ്മീഷനുകളെ നിയോഗിച്ചിട്ടുള്ളത്. കാലാനുസൃതമായ രീതിയിൽ കുട്ടികൾക്ക് കൂടുതൽ തൊഴിൽസാദ്ധ്യത ഒരുക്കുന്ന രീതിയിൽത്തന്നെയാണ് കോഴ്സുകളുടെ പുനർനിർവ്വചനമുണ്ടാവുക എന്നത് ഉറപ്പായ കാര്യമാണ്. കോഴ്സുകൾ കാലാനുസൃതമായ രീതിയിൽ തെരഞ്ഞെടുക്കാനും വ്യത്യസ്ത കോഴ്സുകൾ ഒരേസമയം പഠിച്ച് പോകാനുമുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഇന്റർ ഡിസിപ്ലിനറി,

ക്രോസ്സ് ഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി സമീപനത്തോടുകൂടിയുള്ള കോഴ്സുകൾ തയ്യാറാക്കാനുള്ള ആലോചന നടന്നുവരികയാണ്. അതെല്ലാം എത്രയുംവേഗം നടപ്പാക്കുന്നതാണ്.

## സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പഠന നിലവാരം

3 (*273) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പഠന നിലവാരത്തിൽ തകർച്ചയുണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രധാന കാരണം യോഗ്യരായ അദ്ധ്യാപകരുടെ അഭാവമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സാങ്കേതിക സർവ്വകലാശാല ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) യോഗ്യതയുള്ള അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം യോഗ്യതയുള്ള അദ്ധ്യാപകരെയാണ് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമിക്കുന്നത്. ആയതിനാൽ അദ്ധ്യാപകരുടെ യോഗ്യതാകുറവ് കാരണം പഠനനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ മേഖലയിലെ ചില എഞ്ചിനീയറിംഗ് കോളേജുകൾ ഗുണനിലവാരം പുലർത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാദമിക് കൗൺസിൽ പോലുള്ള സർവ്വകലാശാലയുടെ ഉന്നതാധികാര സമിതികൾ ഇക്കാര്യം പരിശോധിക്കുകയും അക്കാദമിക് ആഡിറ്റ് നടത്തി റിപ്പോർട്ട് അനുസരിച്ച് ന്യൂനതകൾ പരിഹരിക്കാൻ അത്തരം കോളേജുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി&സി) സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേഷനുവേണ്ടി അപേക്ഷിക്കുന്ന കോളേജുകളിൽ സർവ്വകലാശാലയും എ.ഐ.സി.ടി.ഇ-യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനായി പരിശോധനകൾ നടത്തിവരുന്നു. മേൽ പരിശോധനയിൽ അദ്ധ്യാപകരുടെ യോഗ്യതകൾകൂടി ഉറപ്പാക്കാറുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2010 മാർച്ച് 5-നുശേഷം Ph.D ഉള്ളവരെ മാത്രമേ അസോസ്സിയേറ്റ് പ്രൊഫസറും പ്രൊഫസറുമായി നിയമിക്കാൻ പാടുള്ളൂ എന്നൊരു വ്യവസ്ഥയുണ്ട്. അതിനുമുമ്പ് ജോലിയിൽ പ്രവേശിച്ചവർ 7 വർഷത്തിനുള്ളിൽ Ph.D എടുത്തിരിക്കണമെന്നാണ്. Ph.D ഇല്ലാത്തവർ അസോസ്സിയേറ്റ് പ്രൊഫസറും പ്രൊഫസറുമായി ഇപ്പോൾ ജോലി ചെയ്യുന്നുണ്ടോ; 2021 മാർച്ച് 5-നുശേഷം Ph.D ഇല്ലാത്തവരെ അസോസ്സിയേറ്റ് പ്രൊഫസറും പ്രൊഫസറുമായി നിയമിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഭൂരിഭാഗം അദ്ധ്യാപകരും ഈ കാലയളവിനുള്ളിൽത്തന്നെ Ph.D കരസ്ഥമാക്കിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ചിടത്തോളം വിശദമായൊരു പരിശോധന നടത്തേണ്ടതുണ്ട്. ഏത് വിഭാഗത്തിലുള്ള സ്ഥാപനമായാലും അദ്ധ്യാപകർക്ക് അവരുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും Ph.D കരസ്ഥമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുകയെന്നതാണ് പ്രധാനം. സ്ഥാപനമേധാവികൾ അതിനുള്ള അവസരമുണ്ടാക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾ സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാനത്ത് വിരലിലെണ്ണാവുന്ന എയ്ഡഡ് കേളേജുകളേയുള്ളൂ. അൺ-എയ്ഡഡ് കോളേജുകളിൽ ബി.ടെക് ബിരുദമുള്ളവരാണ് ബി.ടെക് പഠിപ്പിക്കുന്നത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൊണ്ട് ഇൻകോമ്പിറ്റന്റായ ഔട്ട്പുട്ടാണ് ലഭിക്കുന്നത്. ഇക്കാര്യത്തിൽ എന്ത് നടപടിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, ഇതിനുള്ള മറുപടി ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ഇന്നത്തെ സാഹചര്യത്തിൽ Ph.D ഉണ്ടാവുക എന്നുള്ളത് അഭികാമ്യവും അനുപേക്ഷണീയവുമാണ്. അതിലേയ്ക്ക് അദ്ധ്യാപകരെ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക എന്നതാണ് പ്രധാനം. സ്വാശ്രയ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനും ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വമുണ്ട്. അത് അവരെ ബോദ്ധ്യപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

മി.സ്പീക്കർ: ഓർഡർ, ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണ അവകാശം

4 (*274) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണ അവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിലൂടെ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ?

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മികവ് പുലർത്തുന്ന ആർട്സ് & സയൻസ് എഞ്ചിനീയറിംഗ് കോളേജുകളെ പ്രോത്സാഹിപ്പിക്കുന്നതിന് അദ്ധ്യാപകരുടെ അക്കാദമിക സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളെ വസ്തുനിഷ്ഠമായും കാര്യക്ഷമമായും വിലയിരുത്താൻ അവസരം ഉണ്ടാക്കുക, യു.ജി.സി.യുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഓട്ടോണമസ് കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുക എന്നിവ സാധിക്കുന്നതാണ്. 11-ാം പഞ്ചവത്സര പദ്ധതി പ്രകാരം യു.ജി.സി. നടപ്പിലാക്കിയ ഓട്ടോണമസ് കോളേജുകൾക്ക് നൽകുന്ന പ്രത്യേക ധനസഹായ പദ്ധതി പരിപൂർണ്ണമായും ഉപയോഗപ്പെടുത്തി കോളേജുകളുടെ പ്രവർത്തനം വിപുലപ്പെടുത്താനും അന്തർദ്ദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ വിദ്യാഭ്യാസ മേഖലയെ സജ്ജമാക്കാനും കഴിയും. സ്വയംഭരണ പദവിയുള്ള കോളേജുകൾക്ക് സർവ്വകലാശാലയുടെ അംഗീകാരത്തോടെ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കാനും സ്വന്തമായി സിലബസ് തയ്യാറാക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്.

(സി) 2012-ൽ അന്നത്തെ സർക്കാർ കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഡോ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ?

2012-ൽ ഡോ. എൻ. ആർ. മാധവ മേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിക്കുകയും ടി കമ്മീഷൻ 2013 ഏപ്രിൽ 25-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് എപ്പോൾ ലഭിച്ചുവെന്നും പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഡോ. എൻ. ആർ. മാധവമേനോൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ഇവയാണ്.

1. സ്വയംഭരണാവകാശം നേടാനാഗ്രഹിക്കുന്ന കോളേജുകൾ അക്കാദമികവും ഭരണപരവുമായ പ്രവർത്തന മികവോടെ പത്ത് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

2. എൻ.എ.എ.സി.-യുടെ എ ഗ്രേഡ് അക്രഡിറ്റേഷൻ നേടിയിരിക്കണം.

3. കോളേജിലെ മൂന്നിലൊന്ന് അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.

4. ബിരുദതലത്തിലും ബിരുദാനന്തര ബിരുദ തലത്തിലുമുള്ള പഠന പ്രവർത്തനങ്ങൾ ഉണ്ടാകണം.

5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് ആൻഡ് ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മികച്ച പ്രവർത്തനം നടത്തിയിരിക്കണം.

6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.ടി. സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി അക്കാദമികവും ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങളുണ്ടായിരിക്കണം.

7. ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണസംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി സംവിധാനം എന്നിവ ഉണ്ടായിരിക്കണം.

8. ദുർബ്ബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്ത പാരമ്പര്യം ഉണ്ടാകണം.

9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കണം.

10. സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതര ജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ ഇതിനായി തയ്യാറാക്കേണ്ടതാണ്.

11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യു.ജി.സി. നിഷ്ക്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്.

**കായികക്ഷമത മിഷൻ**

5 (*275) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിൽ കായികക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി കായികക്ഷമത മിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതുവഴി നേടാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽത്തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽത്തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്.

(ബി) സ്പോർട്സുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകളിലെ കണ്ടുപിടുത്തങ്ങൾ കൂടി ഉപയോഗപ്പെടുത്തി കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്പോർട്സുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകളിലെ കണ്ടുപിടുത്തങ്ങൾ കൂടി ഉപയോഗപ്പെടുത്തി കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിന് ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്. കായികക്ഷമത വളർത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ കുട്ടികളെ വിലയിരുത്തി മുന്നോട്ടുകൊണ്ടുവരിക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20-ൽ ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിരുന്നു. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് മസിൽ ബയോപ്സി ടെസ്റ്റ്. കായിക വിദ്യാർത്ഥികളുടെ ശരീരത്തിലെ മാംസപേശിയിൽ നിന്നും സാമ്പിൾ എടുത്ത് പരിശോധിച്ച് കായികപ്രകടനം സംബന്ധിയായ കായികക്ഷമത മനസ്സിലാക്കുന്നതിനും അതിലൂടെ ഓരോ പ്രത്യേക വിദ്യാർത്ഥിക്കും പരിശീലനം നൽകി മികവുറ്റ കായിക താരങ്ങളാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികളുടെ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം വാങ്ങി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പരിശീലകർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി വിവിധ കായികയിനങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നൽകിവരുന്നുണ്ട്. സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, ട്രെയിനിംഗ് മെത്തേഡ്സ് എന്നീ സ്പോർട്സ് സയൻസ് വിഷയങ്ങളിൽ ഇന്ത്യയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി എൽ.എൻ.സി.പി.ഇ.-യിൽ വച്ച് പരിശീലകർക്ക് റിഫ്രഷർ കോഴ്സ് നൽകിവരുന്നുണ്ട്. കുന്നംകുളം, കണ്ണൂർ എന്നിവിടങ്ങളിൽ പുതിയ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും.

(സി) ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. 2000-ലെ കേരള സ്പോർട്സ് ആക്ട് Chapter IV-ൽ കോർപ്പറേഷൻ, മുനിസിപ്പൽ, ഗ്രാമ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ

സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പുരോഗമിക്കുകയാണ്. താഴെത്തട്ടിൽ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ സംസ്ഥാനത്താകെ കായിക പ്രവർത്തനങ്ങൾ സജീവമാക്കാനും വ്യാപകമാക്കാനും കഴിയും.

## കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

6 (*276) ശ്രീ. എ. പ്രഭാകരൻ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കുന്നതിനായി മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കൃഷിക്കാരുടെ വരുമാനം, കാർഷികോല്പാദനക്ഷമത, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തേണ്ടതിനായി ശിപാർശകൾ സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അദ്ധ്യക്ഷൻ ബഹു. മുഖ്യമന്ത്രിയും, അംഗങ്ങൾ കൃഷി വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരുമാണ്.

(ബി) പ്രസ്തുത ഉപസമിതിയുടെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത ഉപസമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉപസമിതിയുടെ പ്രവർത്തനമേഖല നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടുവരികയാണ്.

## ഹരിത ഇന്ധനത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ മാറ്റം

7 (*277) ശ്രീ. പി. വി. അൻവർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി-യിലേയ്ക്കും സി.എൻ.ജി-യിലേയ്ക്കും മാറ്റുന്ന പ്രവൃത്തി ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ Proof of Concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിന്റെ പ്രാരംഭഘട്ടമായി ഒരു സി.എൽ.ജി. ബസ്സും 2 എൽ.എൻ.ജി. ബസ്സും പരീക്ഷണാർത്ഥം സർവ്വീസ് നടത്തിവരുന്നു. സി.എൻ.ജി. ബസ്സ് ഉപയോഗിച്ച് എറണാകുളം - തിരുവനന്തപുരം റൂട്ടിലും 2 എൽ.എൻ.ജി ബസ് ഉപയോഗിച്ച് എറണാകുളം - തൃശ്ശൂർ റൂട്ടിലും സർവ്വീസ് നടത്തി വരുന്നു.

(ബി) കെ.എസ്.ആർ.ടി.സി-യുടെ എത്ര ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ നടപടികൾ വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.ആർ.ടി.സി.യുടെ 3000 ഡീസൽ ബസ്സുകൾ പ്രകൃതി സൗഹൃദ വാതകങ്ങളായ സി.എൻ.ജി./എൽ.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി

50 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കിഫ്ബി വായ്പ ലഭ്യമാക്കി 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്ന പദ്ധതിക്ക് 20-10-2020-ലെ സ.ഉ.(സാധാ) നമ്പർ 339/2020/ഗതാഗതം പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിലേയ്ക്ക് 100 കോടി രൂപ വായ്പ അനുവദിക്കുന്നതിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷണിച്ച ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ആദ്യഘട്ടത്തിൽ ഡീസൽ ബസ്സുകൾ സി.എൻ.ജി-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് 2021-22 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ?

2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.ആർ.ടി.സി-യുടെ 3000 ഡീസൽ ബസ്സുകൾ പ്രകൃതി സൗഹൃദ വാതകങ്ങളായ സി.എൻ.ജി./എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി 50 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.ആർ.ടി.സി-യുടെ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി. എഞ്ചിനിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനായി 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ടി പ്രവൃത്തിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 100 കോടി രൂപയായി ഉയർത്തി അനുവദിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

## കൃഷിഭവനുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

8 (*278) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കൃഷിഭവനുകളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൃഷിഭവനുകളെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായകേന്ദ്രങ്ങൾ എന്ന തലത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സമയബന്ധിതമായി കർഷകരിലേയ്ക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും കാലാവസ്ഥാ വിവരങ്ങളും വിവിധ ഉല്പാദനോപാധികളും വിപണന സംവിധാനങ്ങളും വിള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും ഇൻഷുറൻസ്/പ്രകൃതിക്ഷോഭ പരിരക്ഷയും വായ്പാ സൗകര്യങ്ങളും ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഓഫീസ് എന്നതിലുപരി കൃഷിഭവനുകളെ കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനായി "സ്മാർട്ട് കൃഷി ഭവൻ" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**യാത്രാക്ലേശം പരിഹരിക്കുന്നത് സംബന്ധിച്ച്**
**കെ.എസ്.ആർ.ടി.സി.യുടെ സർവ്വേ**

9 (*279) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രാക്ലേശം പരിഹരിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സർവ്വേ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സർവ്വേ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സർക്കാരിന്റെ GIZ SMART-SUT പദ്ധതിയുടെ അടിസ്ഥാനത്തിൽ റൂട്ട് റാഷണലൈസേഷനും നഗരത്തിലെ ബസ് സർവ്വീസ് മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് സൗജന്യമായി സർവ്വേ നടത്തിവരികയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിലും ജീവനക്കാരെ ഉപയോഗിച്ച് പ്രധാന റൂട്ടുകളിൽ പോയിന്റ് ഡ്യൂട്ടി സർവ്വേയും നടത്തി വരുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സർവ്വേയിലെ നിഗമനങ്ങൾ എന്തെല്ലാമാണ്?

വിവിധ സ്ഥലങ്ങളിൽ യാത്രക്കാർക്കോ കെ.എസ്.ആർ.ടി.സി-ക്കോ ഗുണകരമല്ലാതെ ധാരാളം ട്രിപ്പുകൾ ഡീസൽ തുക പോലും ലഭിക്കാതെ സർവ്വീസ് നടത്തുന്നതായും ചില റൂട്ടിൽ ആവശ്യത്തിലധികം ട്രിപ്പുകൾ ഉള്ളതായും എന്നാൽ മറ്റ് ചില റൂട്ടുകളിൽ ആവശ്യത്തിന് ട്രിപ്പുകൾ ഇല്ലാത്തതായും യാത്രക്കാരുടെ ആവശ്യമനുസരിച്ചല്ല ട്രിപ്പുകൾ ക്രമീകരിച്ചിരിക്കുന്നതെന്നും തിരുവനന്തപുരം ജില്ലയിൽ GIZ നടത്തിയ നിരീക്ഷണത്തിൽനിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം അടിയന്തരമായി കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സർവ്വീസ് നടത്തുന്നതിന് വിദഗ്ദ്ധ ഏജൻസികളുടെ സാങ്കേതിക ഉപദേശവും സഹായവും അനിവാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ വിദഗ്ദ്ധ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തി വിവര സാങ്കേതിക വിദ്യയും പ്രാഥമിക വിവരശേഖരണത്തിൽനിന്നും ലഭ്യമായ വിവരങ്ങളും ഉപയോഗിച്ചുകൊണ്ട് ശാസ്ത്രീയമായി യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമായ ഷെഡ്യൂൾ പുനഃക്രമീകരണം നടത്തുന്നത് പരിശോധിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.യിൽ ഓരോ റൂട്ടുകളുടെയും ട്രിപ്പ്-വൈസ് കളക്ഷൻ ലഭ്യമായിട്ടുള്ളത് പരിശോധിച്ച് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രിപ്പുകളെ നാലായി തരംതിരിച്ച് പരിശോധിക്കുകയും വിലയിരുത്തുകയും തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ കളക്ഷൻ പരിശോധിച്ച് തരംതിരിച്ചിരിക്കുന്നത് താഴെ പറയുന്ന രീതിയിലാണ്.

1. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും പോലും ലഭിക്കാത്ത ട്രിപ്പുകൾ [ഇ.പി.കെ.എം.(Earning per kilometer) 25 രൂപ പോലും ലഭിക്കാത്തവ]

2. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും ലഭിക്കുന്നതും എന്നാൽ ഡ്രൈവറുടേയും കണ്ടക്ടറുടേയും വേതനം ലഭിക്കാത്തതുമായ ട്രിപ്പുകൾ (EPKM 25 രൂപയ്ക്ക് മുകളിലും 43 രൂപയ്ക്ക് താഴെയും വരുമാനം ഉള്ളവ).

3. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും ഡ്രൈവറുടേയും കണ്ടക്ടറുടേയും വേതനം എന്നിവയെല്ലാം ലഭിക്കുന്നവയും യാത്രാക്ലേശം ഇല്ലാത്തതുമായ ട്രിപ്പുകൾ (ഇ.പി.കെ.എം 43 രൂപയിൽ കൂടുതലും 50 രൂപ വരെ വരുമാനം ഉള്ളവ)

4. ലാഭകരമായി സർവ്വീസ് നടത്തുന്നവയും കൂടുതൽ ട്രിപ്പുകൾ ആവശ്യമായതുമായ റൂട്ടുകൾ (EPKM 50 രൂപയ്ക്ക് മുകളിൽ ഉള്ളവ). മേൽ പരിശോധനകൾ നടത്തി ഇനം 1, 2 എന്നിവ പരിശോധിച്ച് ഒറ്റപ്പെട്ടതും ജനകീയ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്യുന്നതും സമയം ക്രമീകരിച്ചും മെച്ചപ്പെടുത്തിയും ബാക്കിയുള്ളവ യാത്രാക്ലേശം ഉള്ള റൂട്ടുകളിലേയ്ക്കും മറ്റ് സർവ്വീസുകൾ ഇല്ലാത്ത റൂട്ടുകളിലേയ്ക്കും പുനഃക്രമീകരിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ നടത്തുന്നതിന് നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബഹു. എം.എൽ.എ-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ എന്നിവരുടെ അഭിപ്രായം കൂടി ആരായുന്നതാണ്.

**ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം**

10 (*280) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി സംഭരണത്തിൽ ഹോർട്ടികോർപ്പിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

പച്ചക്കറി സംഭരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഹോർട്ടികോപ്പിന്റെ ഫലപ്രദമായ ഇടപെടൽ സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് പലപ്പോഴും ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിക്കുന്നതെന്ന ആക്ഷേപത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും പൊതുവിപണി വിലയേക്കാൾ കുറയാത്ത രീതിയിലുള്ള വില നിശ്ചയിച്ചാണ് സംഭരണം നടത്തിവരുന്നത്. കൂടാതെ ഓണക്കാലത്ത് വിപണി വിലയെക്കാൾ 10% അധിക വില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരണം നടത്തുന്നത്.

(സി) പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുമെന്ന് അറിയിക്കുമോ?

കോവിഡ്-19 കാലഘട്ടത്തിൽ കർഷകർ ഉത്പാദിപ്പിച്ച പഴം, പച്ചക്കറികൾ യഥാസമയം വിറ്റഴിക്കുന്നതിന് പ്രയാസം നേരിട്ട സാഹചര്യത്തിലും കർഷകരിൽ നിന്നും പഴം, പച്ചക്കറികൾ സംഭരിച്ച ഇനത്തിൽ നൽകാനുള്ള തുകയിൽ കുടിശ്ശിക വന്ന സാഹചര്യത്തിലും, ഓണം-വിഷു വിപണികളുടെ നടത്തിപ്പിനുശേഷം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ അക്കൗണ്ടിൽ ലഭ്യമായിരുന്ന തുക റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ച് കർഷകരുടെ ഉത്പന്നങ്ങൾ ശേഖരിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും ഹോർട്ടികോർപ്പ് ശേഖരിച്ച പഴം, പച്ചക്കറികളുടെ വിലയിനത്തിൽ നാളിതുവരെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് 11,71,40,108 രൂപ നല്കിയിട്ടുമുണ്ട്. സർക്കാർ റിവോൾവിംഗ് ഫണ്ടായി നൽകിയ പ്രസ്തുത തുക ഹോർട്ടികോർപ്പ് ഘട്ടംഘട്ടമായി തിരികെ സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. ടി തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും ഘട്ടംഘട്ടമായി കർഷകർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഉന്നത വിദ്യാഭ്യാസരംഗത്ത് മികവിന്റെ കേന്ദ്രങ്ങൾ

11 (*281) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് അന്തർ സർവ്വകലാശാല സ്വയംഭരണ സ്ഥാപനങ്ങളായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുക എന്ന പദ്ധതി 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ദ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റി വഴി ദേശീയ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നതായും ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി/സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ്

പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പഠനത്തോടൊപ്പം വരുമാനം കണ്ടെത്താൻ കഴിയുന്ന പദ്ധതികളിലൂടെ തൊഴിൽ ദാതാക്കളെ സൃഷ്ടിക്കാനുതകുംവിധം ഉന്നതവിദ്യാഭ്യാസത്തെ മാറ്റിയെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽ വകുപ്പുമായി ചേർന്ന് "Earn While You Learn" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവൃത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യഘട്ടമായി കോളേജ് ഹോസ്റ്റൽ കാമ്പസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നൽകാൻ കഴിയുന്നവരെ കണ്ടെത്തി കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്ക വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുവാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ വിവിധ വകുപ്പുകളിലായി 93 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ അതിജീവന പദ്ധതിയായ ഹരിതാലയം പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി കാർഷിക ഫെല്ലോഷിപ്പ് നൽകിവരുന്നു. വ്യവസായ സംരംഭങ്ങൾക്കാവശ്യമുള്ള നൈപുണ്യ വികസനം സാദ്ധ്യമാക്കുന്ന വിധത്തിൽ ഇൻഡസ്ട്രി എംബെഡഡ് കോഴ്സുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. മഹാത്മാ ഗാന്ധി

സർവ്വകലാശാലയിൽ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ് ഇൻകുബേഷൻ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ സ്റ്റാർട്ട് പോളിസിയും ഇന്നവേഷൻ പോളിസിയും സർവ്വകലാശാല അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ഇന്നവേഷൻ ആൻഡ് സ്റ്റാർട്ട് പോളിസി 2019-ന് അനുസൃതം ടി പോളിസികൾ പരിഷ്കരിക്കുന്ന വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

**കെ-റെയിൽ ദൗത്യങ്ങളുടെ പുരോഗതി**

12(*282) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ലക്ഷ്യവും നിലവിൽ ഏറ്റെടുത്തിട്ടുള്ള ദൗത്യങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ബി) റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെ-റെയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുംകൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും അതനുസരിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാദ്ധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ സർവ്വേകൾ, സാദ്ധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ

അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസ്സിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോഡ്

2. തലശ്ശേരി-മൈസൂരു റയിൽവേ ലൈൻ

3. നിലമ്പൂർ- നൻജഗുഡ് റയിൽവേ ലൈൻ

4. അങ്കമാലി-ശബരി റെയിൽ പദ്ധതി സിൽവർലൈൻ (സെമി ഹൈസ്പീഡ് റെയിൽ).

സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ്-കാസർകോഡ് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാദ്ധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപാതയാണ് സിൽവർ ലൈൻ. 200 കിലോമീറ്റർ വരെ വേഗത്തിൽ സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.റ്റി. പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽ കൂടിയും സിൽവർലൈൻ കണക്ടിവിറ്റി ഉണ്ടാകും. റോറോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സിൽവർലൈൻ പദ്ധതി കേരള സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ട് (ഇൻഫ്രാസ്ട്രക്ച്ചർ) പട്ടികയിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്.

<u>തലശ്ശേരി-മൈസൂരു റയിൽവേ ലൈൻ</u>: പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണ്ണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കുവാൻ സാധിക്കും. അതായത് മലബാറിൽ നിന്നു മൈസൂരുവിലേയ്ക്ക് 16 മണിക്കൂർ കൊണ്ടും ബാംഗളൂരുവിലേയ്ക്കു 13 മണിക്കൂർകൊണ്ടും എത്തിച്ചേരുന്നിടത്ത് 5 മണിക്കൂർകൊണ്ട് മൈസൂരുവിലേയ്ക്കും 8 മണിക്കൂർകൊണ്ട് ബാംഗളൂരുവിലേയ്ക്കും യാത്രാ സമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. പ്രസ്തുത പദ്ധതി മാനന്തവാടിയിൽ നിന്ന് നാഗർഹോൾ-ബന്ദിപ്പൂർ ദേശീയ പാർക്കുകൾക്കിടയിലുള്ള പരിസ്ഥിതി സെൻസിറ്റീവ് പ്രദേശങ്ങൾക്കിടയിൽ ഒരു ഭൂഗർഭ തുരങ്കത്തിലൂടെ കടന്നുപോകുന്നതും തുടർന്ന് കൃഷ്ണരാജപുരം, മൈസൂരു ജില്ലയിലെ എച്ച്.ഡി. കോട്ട് എന്നിവയിലൂടെ കടന്നുപോകുന്നതുമാകുന്നു. പുതുക്കിയ വിന്യാസം നിലവിലുള്ള മൈസൂരു ചാമരാജനഗിലെ കടക്കോള സ്റ്റേഷനിൽ വന്നുചേരുകയും മൈസൂരുവിൽ നിന്ന് 15 കിലോമീറ്റർ അകലെയുള്ള ബന്ദിപ്പൂർ നാഷണൽ പാർക്കിനും നാഗർഹോൾ കടുവാ സങ്കേതത്തിനുമിടയിലുള്ള വനേതര പ്രദേശത്തിന് താഴെയായി ഒരു ടണൽ ഉൾപ്പെടുത്തിക്കൊണ്ടും കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിക്ക് 13,987 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വേ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണ്ണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണ്ണാടക സർക്കാരിൽനിന്നും റെയിൽവേയിൽനിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണ്ണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ-നഞ്ചൻഗുഡ്

റെയിൽവേ ലൈൻ തലശ്ശേരി-മൈസൂരു, നിലമ്പൂർ-നഞ്ചൻഗുഡ് പദ്ധതികളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കെ.ആർ.ഡി.സി.എൽ പശ്ചിമഘട്ടത്തിലൂടെ ഒരു പൊതുകവാടം നിർദ്ദേശിക്കുന്നു. വിന്യാസത്തിന്റെ അംഗീകാരത്തിനായി കേരളവും കർണ്ണാടക സംസ്ഥാനവും തമ്മിൽ ചർച്ച നടത്തും. ഇക്കാര്യം കർണ്ണാടക സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതി വളരെ പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി-മൈസൂരു പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണ്ണാടക സർക്കാരിൽ നിന്നുമുള്ള അനുമതിയും കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98-ലെ റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ്. എരുമേലി വഴിയുള്ള ശബരി പാത ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽകണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുകവഴി തമിഴ്നാട്ടിലേക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഫലനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കെ.ആർ.ഡി.സി.എൽ. സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അഗ്രോ സോണുകൾ**

13 (*283) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയമായ കൃഷിരീതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനത്തെ വിവിധ അഗ്രോ സോണുകളായി തിരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരളത്തിലെ കാർഷിക മേഖലയെ മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, മണ്ണിന്റെ തരം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും വിഭജിച്ചിട്ടുണ്ട്.

(1) AEZ – 1 കോസ്റ്റൽ പ്ലെയിൻ അഥവാ തീരപ്രദേശങ്ങൾ സമുദ്രനിരപ്പ് മുതൽ 30 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന താരതമ്യേന നിരപ്പായതും എന്നാൽ ചെറിയ ചരിവുള്ളതുമായ ഭൂപ്രദേശമാണ് തീരപ്രദേശം. മണൽമണ്ണുള്ള കടൽത്തീരങ്ങൾ, മണൽ സമതലങ്ങൾ, തീരദേശ വെട്ടുകൽ പ്രദേശം, അഴിമുഖങ്ങൾ, കായൽതീരം, വെള്ളക്കെട്ടുകൾ, ചതുപ്പുനിലങ്ങൾ, ചെളിപ്രദേശങ്ങൾ, വിസ്തൃതമായ താഴ്‌വാരങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് സമുദ്രതീര പ്രദേശങ്ങൾ. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 7 എണ്ണം.

(2) AEZ – 2 മിഡ് ലാൻഡ് ലാറ്ററൈറ്റ്സ് അഥവാ ഇടനാടൻ ചെങ്കൽ പ്രദേശങ്ങൾ- സമുദ്രനിരപ്പിൽ നിന്ന് 30 മീറ്ററിനും 300 മീറ്ററിനും ഇടയിലായി സ്ഥിതിചെയ്യുന്ന നിമ്നോന്നതമായ പ്രദേശമാണിത്. പടിഞ്ഞാറൻ തീരദേശ സമതലങ്ങൾക്കും കിഴക്ക് ഭാഗത്തുള്ള അടിവാരങ്ങൾക്കും മലകൾക്കും ഇടയിൽ ഇടുങ്ങിയ താഴ്‌വരകളോടു കൂടി തെക്കേയറ്റത്തു നിന്ന് കേരളത്തിന്റെ വടക്കേയറ്റംവരെ ഇത് വ്യാപിച്ചു കിടക്കുന്നു. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 4 എണ്ണം.

3) AEZ– 3 ഫൂട്ട് ഹിൽസ് അഥവാ അടിവാരങ്ങൾ. സമുദ്രനിരപ്പിൽ നിന്ന് 300 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരത്തിൽ വ്യാപിച്ചു കിടക്കുന്ന പ്രദേശമാണിത്. പടിഞ്ഞാറ് ചുവന്ന മണ്ണുള്ള മദ്ധ്യപ്രദേശങ്ങൾക്കും കിഴക്കുള്ള ഉയർന്ന കുന്നുകൾക്കുമിടയിൽ വ്യാപിച്ചുകിടക്കുന്ന നിമ്നോന്നത പ്രദേശങ്ങൾ, ചെറുകുന്നുകൾ, താഴ്‌വാരങ്ങൾ എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 2 എണ്ണം.

(4) AEZ – 4 ഹൈ ഹിൽസ് അഥവാ മലമ്പ്രദേശം. പശ്ചിമഘട്ട മലനിരകളും വടക്ക് നിന്ന് തെക്ക് വരെ നീണ്ടുകിടക്കുന്ന പീഠഭൂമികളും സമതലങ്ങളും ചേർന്ന പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 600 മീറ്ററിനും മേലെ ഉയർന്നുനിൽക്കുന്ന പശ്ചിമഘട്ടവും സമതലങ്ങളും ഉൾപ്പെടുന്ന പ്രദേശമാണിത്. പല മലകളും 1800 മീറ്ററിനുള്ളിൽ

ഉയരമുള്ളവയാണ്. മദ്ധ്യസഹ്യാദ്രി മലകൾ, നീലഗിരി മലകൾ, തെക്കൻ സഹ്യാദ്രി മലകൾ എന്നിവ പശ്ചിമഘട്ടത്തിലുൾപ്പെടുന്നു. കുന്നുകളുടെ കുത്തനെയുള്ള ചരിവ് 80 ശതമാനത്തോളമാണ് ഈ പ്രദേശത്ത്. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 8 എണ്ണം.

(5) AEZ - 5 പാലക്കാട് പ്ലെയിൻസ് അഥവാ പാലക്കാട് സമതല പ്രദേശങ്ങൾ. പാലക്കാട്ടുള്ള മിതമായ ചരിവോടുകൂടിയ പ്രദേശങ്ങൾ, കുതിരാൻ മലയുടെ കിഴക്കുഭാഗങ്ങൾ, വടക്കും തെക്കുമുള്ള നെല്ലിയാമ്പതി കുന്നുകൾ, അട്ടപ്പാടി കുന്നുകൾ, തമിഴ്നാടിന്റെ ഉയർന്ന സമതലങ്ങളോട് പാലക്കാടൻ ചുരം വഴി ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ എന്നിവയാണ് ഈ പാരിസ്ഥിതിക മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 2 എണ്ണം.

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ഘടകങ്ങൾ പരിഗണിച്ചാണ് ഇങ്ങനെയൊരു തരംതിരിക്കൽ നടത്തുന്നതെന്ന് അറിയിക്കാമോ?

മണ്ണിന്റെ തരം, മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം മുതലായവ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കാർഷിക അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല) തരംതിരിച്ചിട്ടുള്ളത്.

(സി) അഗ്രോ സോണുകളായി തരംതിരിക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കാർഷിക മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടാണ് 5 കാർഷിക പാരിസ്ഥിതിക മേഖലകളായി തരം തിരിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ മേഖലകളെ മണ്ണിന്റെ തരം, മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകളെ അടിസ്ഥാനമാക്കിയാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തുനിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിൽ ഉല്പാദനോപാധികൾ നൽകുന്നതുകൊണ്ട് ഉല്പാദനക്ഷമതയും വർദ്ധിക്കും. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണന സംവിധാനം പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും

കർഷകരുടെ വരുമാനം വർദ്ധിക്കും. ഇപ്രകാരം ശാസ്ത്രീയമായ അടിത്തറയോടെ കൃഷി സമ്പ്രദായം ആവിഷ്കരിക്കുക വഴി വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും തദ്വാരാ കർഷകന്റെ വരുമാനവും വർദ്ധിക്കുവാൻ സഹായകരമാകും.

(ഡി) കൃഷിഭവനുകളെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ യഥാസമയം കൃഷി മുറകൾ, സസ്യസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിക്കാവശ്യമായ വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവ നൽകുന്നതിനും കൃഷിഭവനുകൾ പ്രവർത്തിച്ചുവരുന്നു. വിവിധ കാർഷിക പദ്ധതികൾക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ കൃഷി ഭവനിലാണ് കർഷകർ സമർപ്പിക്കുന്നത്. ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സേവനങ്ങൾ കർഷകരുടെ വാതിൽക്കൽ എത്തിക്കുന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" എന്ന പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഏറ്റവും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായും കർഷകരിലേയ്ക്ക് എത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ വിപണിവിവരങ്ങളും, വിവിധ ഉല്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കി അടിസ്ഥാന വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക.

2. വിള ആരോഗ്യ ക്ലിനിക്കുകളെ ആധുനീകരിക്കുകയും വീഡിയോ കോൺഫറൻസിംഗ്, ഓൺലൈൻ ട്രെയിനിംഗ് സംവിധാനങ്ങൾ, കർഷകർക്ക് ആവശ്യമായ സാങ്കേതികോപദേശങ്ങളും കാലാവസ്ഥാ വിപണി വിവരങ്ങളും കീടരോഗ നിയന്ത്രണോപദേശങ്ങളും മണ്ണ് പരിശോധനാ സംവിധാനങ്ങളും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുക.

3. അതിവേഗ ഇന്റർനെറ്റ് സേവനം അടക്കം എല്ലാ കമ്പ്യൂട്ടർ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കൃഷിഭവനുകളെ കടലാസ് രഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.

4. കൃഷിഭവൻ സേവനങ്ങളെ കർഷകർക്ക് കമ്പ്യൂട്ടറോ മൊബൈൽ ഫോൺ മുഖേനയോ വീട്ടിൽ ഇരുന്നുകൊണ്ട് സേവനങ്ങളെ ലഭ്യമാക്കാവുന്ന തരത്തിൽ AIMS എന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പൂർണമായി നടപ്പിലാക്കുക.

5. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ്, ഇൻഫർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കുക.

6. കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിച്ച്, ആധുനിക സംവിധാനങ്ങളുള്ള പുതിയ കെട്ടിടങ്ങൾ പണിയുക.

7. ഫാമുകളെ കമ്പ്യൂട്ടർവൽക്കരിച്ച് ഉല്പാദനോപാധികളുടെ ലഭ്യത ഓൺലൈനായി കർഷകർക്ക് ലഭ്യമാക്കുക. ഓൺലൈൻ ഇൻവോയ്സ് സിസ്റ്റം മുഖേന കൃഷിഭവനുകളിൽ വിതരണം നടത്തുക.

8. കൃഷിഭവനുകളിൽ കാർഷിക കർമ്മ സേന, ഇക്കോഷോപ്പ്, അഗ്രോ സർവീസ് സെന്റർ സേവനങ്ങൾ ലഭ്യമാക്കി കാർഷിക സേവനങ്ങളുടെ ഹബ് ആക്കുക.

9. കൃഷിഭവനുകളിൽ ഡിജിറ്റൽ മീഡിയ ലൈബ്രറി ആരംഭിക്കുക.

**മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

14 (*284) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ടകളിൽ ഗണ്യമായ എണ്ണം അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടതായ സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വഴിയും ജനകീയ ആസൂത്രണ പദ്ധതികൾ വഴിയും ഗണ്യമായ പുരോഗതി കൈവരിച്ചുവെങ്കിലും, മുട്ട ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടില്ല. കേരളത്തിൽ ഒരു വർഷം ആകെ 529 കോടി കോഴിമുട്ട ആവശ്യമാണെന്നാണ് കണക്ക്. നിലവിൽ ഒരു വർഷം ആകെ ആഭ്യന്തര മുട്ട ഉത്പാദനം 218.12 കോടി ആണ്.

ആവശ്യകതയും ഉല്പാദനവും തമ്മിൽ 310.88 കോടിയുടെ അന്തരമുണ്ട്. നിലവിൽ 300 കോടി കോഴിമുട്ടകളും 40 കോടിയുടെ താറാവ് മുട്ടകളും പ്രതിവർഷം കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇതുവഴി 1,500 കോടിയോളം രൂപ ഇതര സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി) മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വരുമാന വർദ്ധനവും കാർഷികമേഖലയുടെ സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വരുമാന വർദ്ധനവും കാർഷികമേഖലയുടെ സാമ്പത്തിക വളർച്ചയും ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ മുട്ട ഉല്പാദന രംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിന് സഹായകമായ പദ്ധതികൾ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയിട്ടുണ്ട്.

(സി) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കോഴിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ കേരള ഫീഡ്സ് ലിമിറ്റഡ് ഗുണമേന്മയുള്ള കോഴിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തലിനാവശ്യമായ തീറ്റയായ 'അതുല്യം ഗ്രോവർ' (8-20 ആഴ്ച പ്രായമുള്ളവയ്ക്ക്), 'അതുല്യം ലേയർ' (20 ആഴ്ചയ്ക്ക് മുകളിൽ പ്രായമായ മുട്ടകോഴികൾക്ക്) വീട്ടുവളപ്പിൽ തുറന്നിട്ട് വളർത്തുന്ന മുട്ടക്കോഴികൾക്ക് വേണ്ടിയുള്ള പ്രത്യേക തീറ്റയായ 'കൈരളി' എന്നിവ കേരള ഫീഡ്സ് ഉല്പാദിപ്പിച്ച് വിപണിയിൽ ലഭ്യമാക്കുന്നുണ്ട്. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മിതമായ നിരക്കിൽ ഗുണമേന്മയേറിയ കോഴിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു ഹൈടെക് കോഴിത്തീറ്റ ഉല്പാദനഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ ട്രയൽ റൺ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന്റെ വ്യവസായ വികസന നയത്തിന്റെ ഭാഗമായി കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായ വകുപ്പുമായി സഹകരിച്ച് കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സംബന്ധിച്ച പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

## നാഷണൽ അഗ്രിക്കൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ്

15 (*285) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ അഗ്രിക്കൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച ഇടത്തരം-ദീർഘകാല വായ്പ പദ്ധതിയായ Agricultural Infrastructure Fund (AIF) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, ഷെഡ്യൂൾ ചെയ്ത സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ (RRBs), ചെറുകിട ധനകാര്യ ബാങ്കുകൾ, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ (NBFCs), നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC) തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കേണ്ടത്. കേരളത്തിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതി നടപ്പാക്കുന്നത് കാരണം കൃഷിക്കാർ, ഉപഭോക്താക്കൾ തുടങ്ങിയവർക്ക് എന്തെല്ലാം ഗുണഫലങ്ങൾ ലഭ്യമാകുമെന്നാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കാമോ?

രാജ്യത്തെ കാർഷിക അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും (ഉദാ. ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങിയവ), വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ലഭ്യമായ പദ്ധതികളിലേയ്ക്കുള്ള ഇടത്തരം-ദീർഘകാല വായ്പ സമാഹരണമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷിക്കാർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, സഹകരണ വിപണന സംഘങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് കാർഷിക ഗ്രൂപ്പുകൾ, സ്വാശ്രയ സംഘങ്ങൾ, വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ, കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പുകൾ, കേന്ദ്ര സംസ്ഥാന സഹായത്തോടെ പ്രവർത്തിക്കുന്ന

പൊതു/സ്വകാര്യ പങ്കാളിത്ത പദ്ധതികൾ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതി പ്രയോജനകരമാകുക. രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് Credit Guarantee Fund Trust for Micro and Small Enterprises (CGTMSE) സ്കീം പ്രകാരം ക്രെഡിറ്റ് ഗ്യാരണ്ടി, രണ്ടുകോടി രൂപ വരെ പരമാവധി 7 വർഷത്തേയ്ക്ക് വായ്പാപലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മൊറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം, പദ്ധതി തുകയുടെ 10 ശതമാനം മാത്രം ഗുണഭോക്തൃവിഹിതം എന്നിവയാണ് പ്രധാന ഗുണഫലങ്ങൾ. വിളവെടുക്കുന്ന ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും സൂക്ഷിച്ചുവയ്ക്കുന്നതിനും ഉയർന്ന വില ലഭ്യമാകുമ്പോൾ വിൽക്കുന്നതിനും ഈ പദ്ധതി മുഖേന കർഷകർക്ക് സഹായകരമാകും. ഇതിലൂടെ ഉത്പന്ന നഷ്ടം ഒഴിവാക്കുന്നതിനും സംസ്കരണവും മൂല്യവർദ്ധനവും വിപുലീകരിക്കുന്നതിനും സാധിക്കും. കൃഷിക്കാരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാകുന്നതിനും ഇതുവഴി സാദ്ധ്യമാകും. മെച്ചപ്പെട്ട മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ ലഭ്യമാകുന്നതോടെ കാർഷിക ഉല്പന്നങ്ങളുടെ മൂല്യം അനുസരിച്ച് ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് ഉല്പന്നങ്ങൾ എത്തിക്കാൻ കർഷകർക്ക് സാധിക്കും. ഇത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കും. ഇടനിലക്കാരുടെ അമിത ഇടപെടലും കാർഷികോത്പന്നങ്ങളുടെ നഷ്ടവും ഭക്ഷ്യധാന്യങ്ങളുടെ പാഴാക്കലും കുറയ്ക്കാൻ സഹായകരമാകും. ഇത് കാർഷിക മേഖലയുടെ നഷ്ടം ഗണ്യമായി കുറച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗുണകരമാകും.

(സി) പ്രസ്തുത പദ്ധതി പ്രകാരം കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) പദ്ധതി പ്രകാരം agriinfra.dac.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെയാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. പോർട്ടലിൽ നിന്നും അപേക്ഷകന് തന്റെ പരിധിയിലുള്ള ബാങ്ക്/ധനകാര്യ സ്ഥാപനത്തെ തെരഞ്ഞെടുക്കാം. പ്രോജക്ട് പരിശോധിച്ച് 60 ദിവസത്തിനകം ബാങ്കുകൾ അപേക്ഷകനു മറുപടി നൽകും. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വായ്പ ട്രാൻസ്ഫർ ചെയ്യുന്നു. ആകെ 591.25 കോടി രൂപയ്ക്കുള്ള 284 പദ്ധതികൾ നാളിതുവരെ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 8.18 കോടി രൂപയുടെ 15 അപേക്ഷകൾ പുതിയതായി പരിഗണിക്കേണ്ടതാണ്. 194.83 കോടി രൂപയ്ക്കുള്ള 86 പദ്ധതികൾ AIF-ന്റെ Central PMU ആദ്യഘട്ടപരിശോധനകൾ കഴിഞ്ഞിട്ടുള്ളതും ആയത് വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ പരിഗണനയിലുമാണ്. 36.80 കോടി രൂപയ്ക്കുള്ള 26 പദ്ധതികൾക്ക് അന്തിമാനുമതി ലഭ്യമായിട്ടുള്ളതും 12 പദ്ധതികളിലായി 10.83 കോടി രൂപ ഗുണഭോക്താക്കൾക്ക് ഇതിനകംതന്നെ വിതരണം നടത്തിയിട്ടുള്ളതുമാണ്.

## സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം

16 (*286) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്റ്റേഡിയങ്ങളും ശോച്യാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്റ്റേഡിയങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏകദേശം ഒന്നര വർഷത്തിലധികം കാലയളവിൽ സംസ്ഥാനത്താകമാനം സ്റ്റേഡിയങ്ങളുടെ പ്രവർത്തനം നിലച്ചത് സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയും കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം, പ്ലാൻ, നോൺ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം, പരിപാലനം എന്നിവയും 35-ാമത് ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെയും നവീകരണവും പരിപാലനവും നടത്തിവരുന്നുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം, കൃത്യമായ പരിപാലനം എന്നിവ ലക്ഷ്യമിട്ടും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ ഏകീകൃതവുമായ നടത്തിപ്പും പരിപാലനവും ഉറപ്പ് വരുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നിർമ്മിച്ചുവരുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനവും പ്രസ്തുത കമ്പനി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ കായിക വകുപ്പ് മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേഡിയങ്ങളുടെ തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട സ്ഥലഉടമസ്ഥരുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നുണ്ട്. ഇതുകൂടാതെ കായികേതര പ്രവർത്തനങ്ങൾക്ക് സ്റ്റേഡിയങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്ന രീതി നിലവിലുണ്ട്. സ്റ്റേഡിയങ്ങളുടെ നിലനിൽപ്പിന് കായികേതര വരുമാനം ഒരു അഭിവാജ്യഘടകമാണെങ്കിലും ഇത്തരം പരിപാടികളിൽ വേണ്ടത്ര മുൻകരുതലെടുക്കാത്തതുകൊണ്ട് സ്റ്റേഡിയങ്ങളുടെ കായിക പ്രതലങ്ങളെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഡിയങ്ങളിൽ കായികേതര പരിപാടികൾ നടത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ നിലവിൽ ശോചനീയാവസ്ഥയിലായ 18 സ്റ്റേഡിയങ്ങൾ പുനർനിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. വയനാട് ജില്ലയിലെ തൊണ്ടർനാട്, വൈത്തിരി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ പുനരുദ്ധാരണം വയനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ഉൾപ്പെടെയുള്ളവയുടെ ശോച്യാവസ്ഥ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണം DBOT (Design, Build, Operate & Transfer) വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. കേരള സർവ്വകലാശാലയും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള കൺസെഷൻ എഗ്രിമെന്റ് പ്രകാരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡാണ്. സ്റ്റേഡിയം പരിപാലനത്തിനായി അനുവദിച്ചിട്ടുള്ള ആന്യൂറ്റി തുക ഉപയോഗിച്ച് ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുതകുന്ന രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. താഴെപ്പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

i. നിലവിലുള്ള എക്സ്പാൻഷൻ ജോയിന്റിലെ ലീക്കുകൾ പരിഹരിക്കുന്ന പ്രവൃത്തികൾ

ii. നീന്തൽക്കുളത്തിലേയ്ക്കുള്ള വഴി വൃത്തിയാക്കൽ

iii. കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തികൾ

iv. ബെയ്സ്മെന്റിലേയും ഇലക്ട്രിക് റൂമിലേയും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്

പ്രവൃത്തികൾ

v. ക്രാക്ക് മെയിന്റനൻസും വാട്ടർ പ്രൂഫിംഗ് പ്രവൃത്തികളും

vi. ഹൈമാസ്റ്റ് ലൈറ്റ്, റൂഫ് ട്രസ്സ് എന്നിവയുടെ പെയിന്റിംഗ് പ്രവൃത്തികൾ

vii. കേടായ ഫർണിച്ചറുകളും തടി ഡോറുകളും മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ

viii. ഗ്രൗണ്ട് ഫ്ലോർ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ

ix. അനുബന്ധ മെക്കാനിക്കൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ.

കേരള ക്രിക്കറ്റ് അസോസിയേഷനും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള വെന്യൂ ഹയർ എഗ്രിമെന്റ് പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ നവീകരണം കേരള ക്രിക്കറ്റ് അസോസിയേഷന്റെ ചുമതലയാണ്. ആയത് പ്രകാരം സ്റ്റേഡിയത്തിലെ പുല്ല് മാറ്റുന്ന പ്രവൃത്തികൾ, കളപറിക്കുന്ന പ്രവൃത്തികൾ, സ്പ്രിംഗ്ലർ മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ എന്നിവയും ഒമ്പത് പ്രാക്ടീസ് പിച്ചുകളുടെ നിർമ്മാണവും പുരോഗമിച്ചുവരികയാണ്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കീഴിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഫുട്ബോൾ ടർഫിന്റെ പ്രവർത്തനം പൂർത്തിയാക്കുകയും സിന്തറ്റിക് ട്രാക്ക് നിർമ്മാണപ്രവൃത്തി 60% പൂർത്തിയാക്കിയിട്ടുമുണ്ട്.

(2) ജി. വി. രാജ ഇൻഡോർ സ്റ്റേഡിയത്തിലെ റൂഫിന് കനത്ത കാറ്റിലും മഴയിലും കേടുപാടുകൾ സംഭവിച്ചതിനാൽ റൂഫ് നവീകരണം പൂർത്തീകരിച്ചു.

3) ഇടവ സ്റ്റേഡിയത്തിലെ ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(4) ഇൻഡോർ സ്റ്റേഡിയം, കോട്ടയം, ഇടുക്കി വോളീബോൾ അക്കാദമി എന്നിവയുടെ റൂഫിൽ ചോർച്ചയും വുഡൻ ഫ്ലോറിംഗ് നാശനഷ്ടവും ഉണ്ടായതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(5) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിലെ നിലവിലെ ഹോസ്റ്റൽ കെട്ടിടം അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ചിട്ടുണ്ട്.

(6) വയനാട് ജില്ലാ സ്റ്റേഡിയം മുണ്ടേരി കൽപ്പറ്റയുടെ ഒന്നാം ഘട്ട സിവിൽ

പ്രവൃത്തികൾ 99% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടപ്രവൃത്തിയുടെ ഭാഗമായി സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(7) കക്കാട് സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പൂളിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാർഥികൾക്ക് സുരക്ഷിത യാത്ര**

17 (*287) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുവാനും വാഹനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്കും വാഹനത്തിന്റെ ഡ്രൈവർമാർ, അറ്റൻഡർമാർ, രക്ഷകർത്താക്കൾ എന്നിവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ ' Students Transportation Protocol' എല്ലാ സ്കൂളുകൾക്കും കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ഉടമകൾക്കും ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്.

(ബി) ദീർഘനാളുകളായി പ്രവർത്തനരഹിതമായ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ അവയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി എന്തെല്ലാം പരിശോധനകൾ നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സ്കൂൾ വാഹനങ്ങൾ, സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന മറ്റ് കോൺട്രാക്ട് കാര്യേജുകൾ, ടാക്സി എന്നിവയുടെ പരിശോധന പ്രത്യേകം ഷെഡ്യൂൾ തയ്യാറാക്കി ഒക്ടോബർ 20-ാം തീയതിക്കകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സേഫ് കേരള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ താലൂക്കിലെയും

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യന്ത്രക്ഷമത പരിശോധിക്കുന്നതിനും ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളിൽ സ്പീഡ് ഗവർണർ, അഗ്നിശമന ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷാ സാമഗ്രികൾ, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ, പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ യന്ത്രക്ഷമത പരിശോധിച്ച് ഉറപ്പു വരുത്തേണ്ട ചുമതല ഡ്രൈവർക്കായിരിക്കും.

(സി) ഇതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) വിദ്യാർഥികൾക്ക് സുരക്ഷിത യാത്ര ഒരുക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ബോണ്ട് സർവീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

നവംബർ മാസം മുതൽ സ്കൂൾ തുറക്കുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നുവരുന്ന കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ, ഓപ്പറേറ്റ് ചെയ്തുവരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാസൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രം പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകത അനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകം ബസ്സുകൾ പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. പ്രത്യേകമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന ബസ്സുകൾക്ക് സർവ്വീസുകൾ ആവശ്യപ്പെടുന്ന സ്കൂളുകൾ, പി.ടി.എ, മാനേജ്മെന്റ്, സർക്കാർ എന്നിവയിലൂടെയും ബസ്സിന്റെ മുടക്കുമുതൽ, പരിപാലനം ഇവ ഒഴികെയുള്ള ചെലവ് കണ്ടെത്തുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ നടപടി

18 (*288) ശ്രീ. സജീവ് ജോസഫ്:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാറായ സാഹചര്യത്തിൽ ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ് സർവ്വീസുകൾ കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉൾനാട്ടുകളിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷ, മോട്ടോർ ക്യാബ്, മറ്റ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന് മുമ്പ് 2019-20 വർഷത്തിൽ ആകെ 3.63 ലക്ഷം വിദ്യാർത്ഥി കൺസഷൻ ടിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഒരു ബസ്സിൽ ശരാശരി 25% വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് എല്ലാ ഓർഡിനറി ബസ്സിലും യാത്ര ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി സിറ്റി ഫാസ്റ്റ് ബസ്സുകളിലും കൺസഷൻ അനുവദിച്ച് വരുന്നുണ്ട്. എന്നാൽ പ്രത്യേക പ്രോട്ടോക്കോൾ പ്രകാരം കോവിഡ്മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ/ പൊതു വിദ്യാലയങ്ങൾക്കും സ്വകാര്യ മേഖലകളിലെ സ്കൂൾ, കോളേജ് സ്ഥാപനങ്ങൾക്കും പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാ സൗകര്യം ഒരുക്കി നൽകണമെന്ന ആവശ്യം സജീവ പരിഗണനയിലാണ്. പ്രത്യേക ബസ് ആവശ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും മറ്റും യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകത അനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "ഗ്രാമവണ്ടി" സർവ്വീസ് ആരംഭിക്കുമ്പോൾ ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാലയത്തിലെത്താനുള്ള യാത്രാ സൗകര്യം വർദ്ധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രവർത്തനം**

19 (*289) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. പുതുതായി രൂപീകരിച്ച സ്വിഫ്റ്റിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരണത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 19-2-2021-ലെ സ.ഉ. (കൈ) നമ്പർ 7/2021/ഗതാഗത പ്രകാരം സർക്കാർ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തരവും പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നിവയാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന കമ്പനിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ കമ്പനിയുടെ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

20 (*290) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന കൊയ്ത്ത് യന്ത്രങ്ങളിൽ നല്ലൊരുപങ്കും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാർഷിക മേഖലയിലെ വിത മുതൽ സംസ്കരണം വരെയുള്ള ഘട്ടങ്ങളിൽ യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agriculture Mechanization (സ്മാം) പദ്ധതിയിലൂടെ മൂന്ന് തരം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

I. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട നാമമാത്ര കർഷകർക്കും, പട്ടികജാതി/പട്ടികവർഗ്ഗ കർഷകർക്കും, വനിതകൾക്കും കാർഷികയന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി-പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാകുന്നു.

II. വ്യക്തികൾക്കും കാർഷിക സ്വയം സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

III. കാർഷിക യന്ത്രവൽക്കരണം കുറവായ തെരഞ്ഞെടുത്ത വില്ലേജുകളിൽ, കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. കേരളത്തിൽ കൃഷിയിടങ്ങളിൽ ആവശ്യമായ കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങൾ ബ്ലോക്കുകൾതോറും സ്ഥാപിച്ചുവരുന്നു. നിലവിൽ 99 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പഞ്ചായത്തുകൾതോറും കാർഷിക കർമ്മ സേനകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 368 കാർഷിക കർമ്മ സേനകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷി ഡിപ്പാർട്ട്മെന്റ് കൃഷി എഞ്ചിനീയർമാരുടെ കീഴിൽ ജില്ലാടിസ്ഥാനത്തിൽ കസ്റ്റം ഹയറിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴിയും കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(സി) കാർഷിക യന്ത്രങ്ങളുടെ വികസനത്തിനായി ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിൽ കർഷകരുടെ ആവശ്യാനുസരണമുള്ള കാർഷിക യന്ത്രങ്ങളുടെ ഗവേഷണങ്ങളും പഠനപ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ബി.ടെക്., എം.ടെക്., പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ പ്രോജക്ടുകളുടെ ഭാഗമായും കാർഷിക യന്ത്രോപകരണങ്ങളുടെ ഗവേഷണങ്ങൾ ഇവിടെ നടക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആൻഡ് ട്രെയിനിങ് സെന്ററിലും കർഷകരുടെ ആവശ്യാനുസരണം കാർഷിക യന്ത്രങ്ങളുടെ ടെസ്റ്റിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷനും പ്രാദേശിക അടിസ്ഥാനത്തിൽ ആവശ്യമായ കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് പ്രവർത്തിക്കുന്നു.

(ഡി) കർഷകർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള സ്മാം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ ഏജൻസി ആയ WAPCOS ഇതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് 2020 നവംബർ മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപ്രകാരം കേരളത്തിലെ ഒരു ഹെക്ടറിൽ ലഭ്യമായ ഫാം പവർ 2016-17-ൽ ഉണ്ടായിരുന്ന 1.095 Kw-ൽ നിന്നും 2018-19 ആയപ്പോഴേയ്ക്കും 1.247 Kw ആയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ദേശീയ ശരാശരിയായ 2.488 Kw/Ha-നേക്കാൾ വളരെ കുറവാണെങ്കിലും ഈ വർഷങ്ങളിൽ 13.80% വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴയും തൃശ്ശൂരും ദേശീയ ശരാശരിയേക്കാൾ കൂടുതലുമാണ്. ഫാം പവർ ലഭ്യതയുടെ ഈ കുറവുകൾ പരിഹരിക്കുന്നതിനായി കാർഷിക യന്ത്രോപകരണങ്ങളുടെ പ്രവൃത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനും വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നത് പ്രോത്സാഹിപ്പിക്കുവാനും കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ കൂടുതൽ സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ നടപടികൾ എടുക്കുകയും 2019-20 സാമ്പത്തിക വർഷത്തിൽ 1,969.11 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 8,018.85 ലക്ഷം രൂപയും മേൽ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 250 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യ ഗഡുവായി 20.5875 കോടി രൂപ ലഭ്യമായിട്ടുണ്ട്. പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നാളികേര കൃഷി വിപുലീകരിക്കാൻ നടപടി

21(*291) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് മുന്തിയ ഇനം നാളികേര തൈകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മുന്തിയ ഇനം നാളികേര തൈകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 7547 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1,391 ലക്ഷം രൂപ നാളികേര കൗൺസിൽ പദ്ധതിയുടെ മൂന്നാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി വിത്തുതേങ്ങ സംഭരണത്തിനും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കൃഷിവകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിക്കുന്നതിനുമാണ് നീക്കിവച്ചിട്ടുള്ളത്. കൂടാതെ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറീസ് പദ്ധതി പ്രകാരവും കൃഷിവകുപ്പ് ഫാമുകളിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിനായി 128 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർഷം കർഷകർക്ക് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ 12,15,577 എണ്ണം നെടിയയിനം, 67483 എണ്ണം കുറിയയിനം, 1,32,152 എണ്ണം സങ്കരയിനം എന്നിങ്ങനെ ആകെ 14,15,212 എണ്ണം വിത്തുതേങ്ങ ശേഖരിക്കുകയും കൃഷിവകുപ്പ് ഫാമുകളിൽ പാകുകയും ചെയ്തിട്ടുണ്ട്. ഇവയിൽനിന്നും 10 ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കർഷകർക്ക് ലഭ്യമാക്കുവാൻ കഴിയും. കൃഷി വകുപ്പിന് കീഴിലുള്ള വിത്തുതേങ്ങ സംഭരണ യൂണിറ്റുകളായ സീഡ് ഡെവലപ്പ്മെന്റ് യൂണിറ്റ്, വടകര (കോഴിക്കോട് ജില്ല), സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, ചാവക്കാട് (തൃശ്ശൂർ ജില്ല), ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട് (കണ്ണൂർ ജില്ല) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നുള്ള തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും

മാനദണ്ഡങ്ങൾക്കനുസൃതമായി വിത്തുതേങ്ങ ശേഖരിക്കുകയും കൃഷി വകുപ്പ് ഫാമുകളിൽ പാകി പല തലത്തിലുള്ള സ്ക്രീനിംഗ് നടപടികൾ പൂർത്തിയാക്കിയശേഷം, ഗുണമേന്മയുള്ളവ മാത്രം തെരഞ്ഞെടുത്ത് വിതരണത്തിനായി തയ്യാറാക്കുകയും ചെയ്യുന്നു. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം കൃഷിഭവൻ മുഖേന നൽകുന്ന തൈകൾ ടാഗ് ചെയ്താണ് നൽകുന്നത്. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിലാണ് തൈ ഉല്പാദനത്തിനാവശ്യമായ വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങളും സങ്കരയിനം വിത്തുതേങ്ങ ഉല്പാദിപ്പിക്കുന്നതിനുള്ള സങ്കരണ പ്രവർത്തനങ്ങളും നടത്തുന്നത്. കർഷകരുടെ കൃഷിയിടങ്ങളിലുള്ള അത്യുത്പാദന ശേഷിയുള്ളതും കൃത്യമായി കായ്ഫലം നൽകുന്നതും 20-50 വർഷം പ്രായമുള്ളതും കരുത്തുറ്റ ഓലകളുള്ളതും 80 തേങ്ങയിൽ കുറയാതെ നൽകുന്നതും ഓരോ തേങ്ങയിൽ നിന്നും 150 ഗ്രാമിൽ കുറയാതെ കൊപ്ര ലഭിയ്ക്കുന്നതും മീഡിയം വലുപ്പമുള്ള തേങ്ങാ നൽകുന്നതുമായ ഉത്തമമായ മാതൃസസ്യങ്ങൾ മാത്രം തെരഞ്ഞെടുത്ത് പെയിന്റ് ചെയ്ത് അടയാളപ്പെടുത്തുകയും അത്തരം മാതൃവൃക്ഷങ്ങളിൽ നിന്നും കയർ ഉപയോഗിച്ച് തേങ്ങാക്കുലകൾ കെട്ടിയിറക്കി വിളവെടുക്കുന്ന തേങ്ങകളിൽ സാങ്കേതിക ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നല്ലതുമാത്രം തെരഞ്ഞെടുത്ത് സീൽ ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം സീൽ ചെയ്ത വിത്തുതേങ്ങ കൃഷിവകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിൽ പാകി തൈകളാക്കുന്നതിന് നൽകുന്നു. കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോക്കനട്ട് നഴ്സറി മാന്വലിൽ നിഷ്കർഷിച്ചിരുന്ന തരത്തിലാണ് ഫാമുകളിൽ നഴ്സറി തയ്യാറാക്കി തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നത്. പാകിയ വിത്തുതേങ്ങകളിൽ 6 മാസമായിട്ടും മുളയ്ക്കാത്തവ പൂർണ്ണമായും നീക്കം ചെയ്യുന്നതാണ് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി നഴ്സറികളിൽ സ്വീകരിച്ചുവരുന്ന ആദ്യ നടപടി. 6-7 മാസം പ്രായമായ തൈകളിൽ നിന്നും കുറഞ്ഞത് 4 വിടർന്ന ഓലകളുള്ളതും 7-8 സെ.മീ കണ്ണാടിക്കനമുള്ളതും നല്ല ആരോഗ്യവും വളർച്ചയുമുള്ളതുമായ തൈകൾ മാത്രം വിവിധ തലത്തിലുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കുകയും ഗുണമേന്മയില്ലാത്തവ നഴ്സറികളിൽ നിന്നും പിഴുതുമാറ്റി കണ്ണാടി ഭാഗം ഗസറ്റഡ് റാങ്കിലുള്ള കൺട്രോളിംഗ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വെട്ടി നശിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള സ്ക്രീനിംഗ്, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കുന്നതിലൂടെ ആകെ പാകുന്ന വിത്തു തേങ്ങയിൽനിന്നും ഏകദേശം 65-70% ഗുണമേന്മയുള്ള തൈകളാണ് കർഷകർക്ക് വിതരണത്തിനായി ലഭ്യമാക്കുന്നത്.

(ബി) നാളികേര കൃഷിയുടെ ഗുണഫലങ്ങൾ കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്താൻ നടപടി സ്വീകരിക്കുമോ?

നാളികേര കൃഷിയുടെ ഗുണഫലങ്ങൾ കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2021-22 വർഷം 4856 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉൾക്കൊള്ളിച്ചുകൊണ്ട്, കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിപ്രകാരം ശാസ്ത്രീയമായ നാളികേരകൃഷി, സംയോജിത വളപ്രയോഗം, കീടരോഗ നിയന്ത്രണം, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനം എന്നിവ സംബന്ധിച്ച് കൃഷിഭവൻ തലത്തിൽ കർഷകർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ നൽകിവരുന്നുണ്ട്. തെങ്ങുകൃഷിയിൽ കീടരോഗബാധ കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളിൽ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനും പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉയരം കുറഞ്ഞ തെങ്ങിനങ്ങളുടെയും സങ്കര ഇനങ്ങളുടെയും മാതൃകാ പ്രദർശന തോട്ടങ്ങൾ തയ്യാറാക്കി, ഇവയുടെ കൃഷിരീതിയെ സംബന്ധിച്ച് കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തിവരുന്നു. നാളികേര കൃഷി അടിസ്ഥാനമാക്കിയുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം നടപ്പാക്കുന്നതിലൂടെ കർഷകർക്കുണ്ടാവുന്ന നേട്ടങ്ങൾ സംബന്ധിച്ച അറിവ് ആത്മ പദ്ധതിയിലൂടെയും നൽകിവരുന്നു. സംസ്ഥാനത്തെ, പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ (RATTC), കർഷക പരിശീലന കേന്ദ്രങ്ങൾ (FTC), സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (SAMETI) എന്നിവ മുഖേനയും കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും നാളികേര കൃഷിരീതികളെ കുറിച്ചും സാങ്കേതിക പരിശീലനം നൽകിവരുന്നു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത പരിശീലന കേന്ദ്രങ്ങളിലൂടെ വെബിനാറുകളും വിവിധ സോഷ്യൽ മീഡിയ വഴിയുള്ള പരിശീലന പരിപാടികളും കർഷകർക്ക് നൽകുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഗവേഷണ കേന്ദ്രങ്ങൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കൊച്ചി ആസ്ഥാനമായുള്ള നാളികേര വികസന ബോർഡ്, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്നിവയും ശാസ്ത്രീയ നാളികേര കൃഷിരീതിയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

22 (*292) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ട് ആരംഭിച്ച ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ' ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കായി വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ എന്നിവർ മുഖേന 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു. പ്രസ്തുത വർഷത്തിൽ ഓണക്കാലത്ത് 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുവാനും ഇതിലൂടെ ഓണക്കാലത്തെ പച്ചക്കറി ഉല്പാദനം 0.968995 ലക്ഷം മെട്രിക് ടൺ അധികമായി ഉത്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 1 കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകിയിരുന്നു. എന്നാൽ അപ്രതീക്ഷിതമായുണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വരെ വിളനാശം സംഭവിച്ചതിനാൽ ഓണക്കാലത്തെ പച്ചക്കറി ഉല്പാദനം 0.45328 ലക്ഷം മെട്രിക് ടണ്ണും വിസ്തീർണ്ണം 15867.92 ഹെക്ടറുമായി പരിമിതപ്പെടുകയുണ്ടായി. 2019-20 സാമ്പത്തിക വർഷം സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ എന്നിവർ മുഖേന 10 രൂപ വില വരുന്ന അഞ്ചിനം

പച്ചക്കറി വിത്തുകൾ അടങ്ങിയ 60 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 159.46 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തതിലൂടെ 20182.7 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും 3.05721 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. 2020-21 വർഷത്തിൽ പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തതിലൂടെ ഓണക്കാലത്ത് 23808.18. ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയും 3.571228 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും സാധിച്ചു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, മാധ്യമ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടിയാണ് 2021-22 വർഷത്തെ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ പ്രചരണത്തിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ 5 ലക്ഷം ലീഫ്‌ലെറ്റുകളും 1 ലക്ഷം പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി. ആഗസ്റ്റ് മാസം 15-ാം തീയതിയോടെ വിതരണം പൂർത്തീകരിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുവാനും സാധിച്ചു. ഇപ്രകാരം ഓണക്കാലത്ത് 24000.85 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും 3.725828 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. ഇതിലൂടെ ഓണക്കാലത്ത് പച്ചക്കറിക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിനും സാധിച്ചു.

(ബി) ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിച്ച പച്ചക്കറികളുടെ സംഭരണം, വിപണനം എന്നിവയ്ക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഈ പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികളുടെ സംഭരണം, വിപണനം എന്നിവയ്ക്കും കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനും 2000 ഓണവിപണികൾ സംസ്ഥാന കൃഷി വകുപ്പ് 17-8-2021 മുതൽ 20-8-2021 വരെയുള്ള 4 ദിവസങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാൻഞ്ചൈസികളുമായ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട്‌ലെറ്റുകൾ,

വി.എഫ്.പി.സി.കെ. ഔട്ട്ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചു. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ്പ് 500 എണ്ണം, വി.എഫ്.പി.സി.കെ. 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ സംഘടിപ്പിച്ചു. ഉത്സവ സമയങ്ങളിൽ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, ഉത്സവ കാലങ്ങളിൽ തുറന്ന വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഉപഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽ ലഭ്യമാകുന്ന അതത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നല്കി സംഭരിച്ചു. വിപണികളിലൂടെ വില്പന നടത്തുമ്പോൾ പൊതുവിപണി വില്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. ഓണവിപണി ലക്ഷ്യമിട്ട് കർഷകർ ഉല്പാദിപ്പിച്ച ഗുണമേന്മയുള്ള ഉത്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് കൃഷി വകുപ്പ് പ്രാധാന്യം നൽകിയിരുന്നു. ഓണവിപണികൾക്കായി 4220 ടൺ പഴം പച്ചക്കറികൾ സംഭരിച്ചതിൽ 1800 ടൺ കൃഷി വകുപ്പ് മുഖേനയും 300 ടൺ വി.എഫ്.പി.സി.കെ. മുഖേനയും 2120 ടൺ ഹോർട്ടികോർപ്പ് മുഖേനയും ആയിരുന്നു സംഭരണം. 18000 കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുവാൻ സാധിച്ചു.

(സി) പച്ചക്കറികളുടെ വിപണനത്തിനായി നഗര വഴിയോര കാർഷിക വിപണികൾ ആരംഭിച്ചിട്ടുണ്ടോ; നഗര വഴിയോര കാർഷിക വിപണിയിലൂടെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. നഗരപ്രദേശത്തെ മുൻനിര കാർഷികവിപണികൾക്ക് സമാന്തരമായി കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് "റോഡരികിലെ നഗര വിപണികൾ" അല്ലെങ്കിൽ "കർഷകരുടെ വിപണികൾ" എന്ന് വിളിക്കപ്പെടുന്ന നഗര വഴിയോര കാർഷിക ചന്തകൾ. നഗരപ്രദേശങ്ങളിൽ വിഷരഹിത പഴം-പച്ചക്കറികളുടെ നിലവിലെ വർദ്ധിച്ച ആവശ്യം മുന്നിൽക്കണ്ട് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ ന്യായമായ വില ലഭിക്കുന്നതിനും കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നേരിട്ട് വിപണനം നടത്താൻ കഴിയുന്നു എന്നതുമാണ് ഇത്തരത്തിലുള്ള ആഴ്ചചന്തകളുടെ പ്രത്യേകത. കമ്പോള ആവശ്യാനുസരണം വിഷരഹിത ഫാം ഫ്രഷ് ഉൽപ്പന്നങ്ങൾ കൃഷി സ്ഥലത്തുനിന്ന് കർഷകർ നേരിട്ട് സംഭരിച്ച് കർഷകർ/കർഷക കൂട്ടായ്മകൾ/കർഷകമിത്രകൾ എന്നിവർ ഈ വിപണികൾ നടത്തുന്നു. നഗര പ്രദേശത്തെ വിഷരഹിത പഴം, പച്ചക്കറികളുടെ ആവശ്യകത മനസ്സിലാക്കി ഒരു

തുടക്കമെന്ന നിലയിൽ സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി 2021-22-ൽ 100 നഗര വഴിയോര കാർഷികചന്തകൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ടൗൺഷിപ്പുകളായ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 10 വീതവും മറ്റു ജില്ലകളിൽ 6 വീതവും നഗര വഴിയോര കാർഷിക ചന്തകൾ ആരംഭിച്ചിട്ടുണ്ട്. ആകെ 100 നഗര വഴിയോര കാർഷിക ചന്തകൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവൃത്തിപഥത്തിൽ എത്തി. ഇത്തരത്തിലുള്ള വിപണികൾ 2021 ജൂണിൽ ആരംഭിച്ച് സെപ്റ്റംബർ മാസത്തോടെ പൂർണ്ണ പ്രവർത്തനസജ്ജമാകുകയും ചെയ്തു. ഓരോ വിപണിക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും, ശേഖരിക്കുന്ന പഴം, പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമായി പതിനായിരം രൂപ വീതം സഹായധനമായി നൽകിയിട്ടുണ്ട്. ഒരു ആഴ്ച്ചചന്തയിൽ ഏകദേശം 2 തൊഴിൽദിനങ്ങൾ എന്ന തോതിൽ പ്രതിമാസം 800 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

(ഡി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് സ്ഥിരം വിപണി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന വകുപ്പുതല നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിൽ 250 വിപണികൾ PACS-ന്റെയും 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ ' എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ,

വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ചച്ചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് safe to eat എന്ന ലേബലിൽ ഹോർട്ടികോർപ്പിന്റെ പ്രധാനപ്പെട്ട ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തിവരുന്നു. ഹോർട്ടികോർപ്പിന് നിലവിൽ 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളുമുണ്ട്. ഇവയുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈസൻസി സ്റ്റാളുകളും സ്വന്തം സ്റ്റാളുകൾ വഴിയും ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നു. ഹോർട്ടികോർപ്പിന് കീഴിൽ 126 സ്വന്തം സ്റ്റാളുകളും 278-ഓളം ലൈസൻസി സ്റ്റാളുകളും പ്രവർത്തിച്ചു വരുന്നുണ്ട്. വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ളതിൽനിന്നും അധികമായി മറ്റ് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽക്കൂടി ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിഷ്-ലെ പഠന, ഗവേഷണ പ്രവർത്തനങ്ങൾ

23 (*293) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രവണ, സംസാര പരിമിതികൾ അനുഭവിക്കുന്നവരുടെ കുറവുകൾ പരിഹരിച്ച് മുന്നേറുന്നതിന് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്-ൽ അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായി ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

I ശ്രവണ വൈകല്യമുള്ളവർക്കായി കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ താഴെപ്പറയുന്ന കോഴ്സുകൾ നടത്തിവരുന്നു.

1. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (എച്ച്.ഐ),

2. ബി.എഫ്.എ. (എച്ച്.ഐ),

3. ബി.കോം (എച്ച്.ഐ).

4. ഹയർ എജ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം (HEFP): ഹയർ സെക്കൻഡറി പഠനം പൂർത്തിയാക്കുന്ന ശ്രവണ സംസാര വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് ഹയർ എജ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം (HEFP) നടത്തിവരുന്നു. ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ഇന്ത്യൻ സൈൻ ലാംഗ്വേജ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി കഴിവ് മെച്ചപ്പെടുത്തുന്നതാണ് ഈ പ്രോഗ്രാം.

II. പ്രൊഫഷണലുകളെ തയ്യാറാക്കുവാൻ വേണ്ടി ബിരുദ, ബിരുദാനന്തര തലങ്ങളിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ളതും കേരള ആരോഗ്യസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തതുമായ ബിരുദകോഴ്സുകൾ -

1. ബാച്ചിലർ ഇൻ ഒക്കുപേഷണൽ തെറാപ്പി (ബി.ഒ. ടി.)

2. ബാച്ചിലർ ഇൻ ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ബി.എ.എസ്.എൽ.പി.)

III. ബിരുദാനന്തര ബിരുദ കോഴ്സുകൾ -

1. എം.എസ്.സി. ഓഡിയോളജി,

2. എം.എസ്.സി. സ്പീച്ച് ലാംഗ്വേജ് പാത്തോളജി എന്നിവ നടത്തിവരുന്നു.
IV. ഇവയ്ക്കുപുറമേ, ഡിപ്ലോമ തലത്തിലുള്ള രണ്ട് കോഴ്സുകൾ

1. ഡിപ്ലോമ ഇൻ ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (എച്ച്.ഐ) (DECSE (HI))

2. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇന്റർപ്രെട്ടേഷൻ (DISLI) എന്നീ കോഴ്സുകൾ നടത്തിവരുന്നുണ്ട്.

(ബി) ഓരോ കോഴ്സുകളും അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളും പ്രവേശനം, ഫീസ് ഘടന, സംവരണം എന്നിവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പഠന, ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും അദ്ധ്യാപക പരിശീലനത്തിന്റെയും ഭാഗമായി മറ്റ് യൂണിവേഴ്സിറ്റികളുമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർന്നുള്ള പ്രോഗ്രാമുകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

ഡിപ്പാർട്ട്മെന്റ് ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ASLP) 2017 മുതൽ അമേരിക്കയിലെ സാലസ് യൂണിവേഴ്സിറ്റി, പർഡ്യൂ യൂണിവേഴ്സിറ്റി എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ ഇടപെടൽ, ക്ലിനിക്കൽ പ്രവർത്തനങ്ങളുടെ നിരീക്ഷണം, ഗവേഷണ താൽപ്പര്യങ്ങൾ പങ്കിടൽ, അക്കാദമിക് പ്രഭാഷണങ്ങൾ എന്നിവ ഉൾപ്പെടുന്ന വിദേശ പഠന പരിപാടിയുടെ ഭാഗമായി 2019-20-ലെ കോവിഡ് പാൻഡെമിക് കണക്കിലെടുത്ത്, പർഡ്യൂ സർവകലാശാലയുമായുള്ള സഹകരണം വെർച്വൽ പ്ലാറ്റ്ഫോമിലൂടെ തുടർന്നു. പർഡ്യൂവിലെ ഫാക്കൽറ്റി, ഓഡിയോളജിയിൽ ഒരു ഇ-പ്രഭാഷണ പരമ്പര നടത്തുകയും പർഡ്യൂ സർവകലാശാലയിലെ വിദ്യാർത്ഥികൾ, നിഷിലെ എം.എസ്.സി. ഓഡിയോളജി വിദ്യാർത്ഥികൾക്കായി പീഡിയാട്രിക് ഓഡിയോളജി കോഴ്സ് നടത്തുകയും ചെയ്തു. NISH-ലെ ASLP വകുപ്പിന് 2017 മുതൽ ചെന്നൈ, ശ്രീരാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (SRIHER), സ്പീച്ച്, ലാംഗ്വേജ് ആൻഡ് ഹിയറിംഗ് സയൻസസ് എന്നിവയുമായി ഒരു ധാരണാപത്രവുമുണ്ട്. SRIHER-ൽ പാർട്ട് ടൈം പി.എച്ച്.ഡി., സഹകരണത്തിന്റെ ഭാഗമായി, രണ്ട് സംഘടനകളും ഗവേഷണത്തിന്റെയും അക്കാദമിക് ജോലിയുടെയും പങ്കിടലും വ്യാപനവും നടത്തുകയും വിദ്യാർത്ഥികൾക്കായി സംയുക്തമായി അക്കാദമിക് വെബിനാർ നടത്തുകയും ചെയ്യുന്നു.

## കാർഷിക മേഖലയ്ക്ക് ബിസിനസ് കമ്പനി

24 (*294) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ബിസിനസ് കമ്പനിയുടെ പ്രവർത്തനങ്ങൾ ഏതുരീതിയിൽ നടപ്പാക്കണമെന്നതിൽ കർഷക പ്രതിനിധികളുടെ അഭിപ്രായം തേടിയിട്ടുണ്ടോ; കർഷകർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം നൽകുമോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ കാബ്കോ രൂപീകരണത്തിൽ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത കമ്പനിക്ക് പ്രൊഫഷണൽ സഹായം ഉണ്ടാകുമോയെന്നും കമ്പനി വഴി കാർഷിക മേഖലയിൽ വൈവിദ്ധ്യവൽക്കരണം നടപ്പാകുമോയെന്നും വിപണി വിപുലപ്പെടുത്തുമോയെന്നും വ്യക്തമാക്കാമോ?

കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കാർഷിക മേഖലയിലെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവ വിപുലീകരിക്കുന്നതിനാണ് അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന അഗ്രോപാർക്കുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിപണി വിപുലപ്പെടുത്തുന്നതിനും പ്രസ്തുത കമ്പനിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സാധിക്കുന്നതാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന അഗ്രോ പാർക്കുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി 10-9-2021-ലെ സ.ഉ.(സാധാ)നമ്പർ 724/2021/കൃഷി പ്രകാരം കാർഷിക വ്യാപാര മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന റിപ്പോർട്ട് സർക്കാർ വിവിധ തലങ്ങളിൽ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കാർഷിക മേഖലയിൽ ലോക്ക്ഡൗൺ സൃഷ്ടിച്ച പ്രതിസന്ധി**

25 (*295) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാർഷിക മേഖലയിൽ സൃഷ്ടിച്ച കടുത്ത പ്രതിസന്ധികളെ അതിജീവിക്കുവാൻ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട്.

1. കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ടു വളർത്തൽ/ പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

2. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

3. "ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

4. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)-ൽ കർഷകർക്ക് 785 കോടിയുടെ വായ്പ ലഭ്യമാക്കി.

5. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം, പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. വിവിധ ജില്ലകളിൽ 6927 അപേക്ഷകർക്ക് 631.00 ലക്ഷം രൂപ വിതരണം ചെയ്തു. 1420 കർഷകർക്ക് 95.47 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 39.0272 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

7. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ കൃഷി പാഠശാല, FPO, കാർഷിക വായ്പാ ഇളവുകൾ, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, പരിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(ബി) കാർഷിക സുരക്ഷയ്ക്ക് അനിവാര്യമായ ജലസേചന പദ്ധതികൾ കൂടി ഇതോടൊപ്പം ഉറപ്പാക്കുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഇറിഗേഷൻ വകുപ്പുമായി ചേർന്ന് കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ.-പെർ ഡ്രോപ്പ് മോർ ക്രോപ്പ് - മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ 5 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ എന്നിവ സ്ഥാപിക്കുന്നതിന് 80% വരെയും മറ്റ് കർഷകർക്ക് 70% വരെയും സബ്സിഡി നൽകിവരുന്നുണ്ട്.

**സമുദ്ര സൗജന്യ ബസ് സർവ്വീസ്**

26 (*296) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) മത്സ്യവില്പന നടത്തുന്ന വനിതകൾക്കായി കെ.എസ്.ആർ.ടി.സി.-യും ഫിഷറീസ് വകുപ്പും സംയുക്തമായി ആരംഭിച്ച സമുദ്ര സൗജന്യ ബസ് സർവ്വീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബസ് സർവ്വീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ&ബി) മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചിരുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക്

മത്സ്യബന്ധന വകുപ്പിൽനിന്നും 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ സർവ്വീസ് നടത്തിവരുന്നു. മറ്റു ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) ഡീസൽ, സ്പെയർപാർട്സ്, ജീവനക്കാരുടെ ശമ്പളം എന്നീ ഇനത്തിൽ ഇത്തരത്തിലുള്ള ഒരു ബസിന് പ്രതിവർഷം എത്ര തുക ചെലവാകുമെന്നും ഈ തുക നൽകുന്നത് ഏത് വകുപ്പാണെന്നും എത്ര പേർക്ക് പ്രസ്തുത ബസിൽ യാത്രചെയ്യുവാൻ കഴിയുമെന്നും വിശദമാക്കുമോ?

ഡീസൽ, സ്പെയർ പാർട്സ്, ജീവനക്കാരുടെ വേതനം (ഡ്രൈവർ) എന്നീ ഇനത്തിൽ ഒരു ബസ്സിന് ഒരു ദിവസത്തേയ്ക്ക് 7,500 രൂപയാണ് പ്രത്യേക നിരക്കായി നിശ്ചയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പരമാവധി 100 കിലോമീറ്റർ ദൂരത്തേയ്ക്കുള്ള നിരക്ക് - 4,000/- (കിലോമീറ്ററിന് 40 രൂപ നിരക്കിൽ)

2) ഡ്രൈവർമാരുടെ വേതനം (1500 x 2) - 3,000/- രൂപ

3) മറ്റ് ഇനം (മെയിന്റനൻസ്, ടയർ, ഓയിൽ etc.) - 500/- അതായത് 100 കിലോമീറ്റർ ദൂരത്തിന് ബസ് ഒന്നിന് പ്രതിദിനം 7,500 രൂപയും, കൂടാതെ അധികമായി ഓടുന്ന ഓരോ കിലോ മീറ്ററിനും 30 രൂപാ വീതവും ചെലവ് കണക്കാക്കിയിരിക്കുന്നു.

ഇത്തരത്തിൽ ഒരു മാസം ഞായറാഴ്ച ഒഴികെ 25 ദിവസം ബസ് ഓപ്പറേറ്റ് ചെയ്യുന്നതാണ്. നിലവിലെ ഡീസൽ, സ്പെയർ പാർട്സ്, ടയർ തുടങ്ങിയവയുടെ വിലയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ തുക നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്ക് ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കും. എന്നാൽ ഒരു ലിറ്റർ ഡീസലിന്റെ വില 110 രൂപയിൽ കൂടുതൽ ആവുകയാണെങ്കിൽ അതിന് ആനുപാതികമായി ഇപ്പോഴത്തെ തുക പുതുക്കി നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബസ്സുകൾ രണ്ട് ഡ്രൈവർമാർ സഹിതം പ്രത്യേക സർവ്വീസായി എല്ലാ ദിവസവും നിലനിർത്തുന്നതിനാൽ ബസ് ഒന്നിന് 25 ദിവസത്തേയ്ക്ക് 7,500 രൂപ ക്രമത്തിൽ ആകെ 67.5 ലക്ഷം രൂപയാണ് ഒരു വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ബസ്സുകൾ കാലത്ത് 6.00 മണി മുതൽ രാത്രി 10.00 മണി വരെ ഓപ്പറേറ്റ് ചെയ്യുന്നതാണ്. ഒരു ബസ്സിൽ 24 വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഇരുന്ന് യാത്ര ചെയ്യുന്നതിനും മത്സ്യ വിപണനത്തിനാവശ്യമായ മത്സ്യവും അനുബന്ധ സാധനങ്ങളും സൂക്ഷിക്കുന്നതിനും

പ്രത്യേക സംവിധാനവും ഈ ബസ്സുകളിൽ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പുമന്ത്രിയുടേയും മത്സ്യബന്ധന വകുപ്പുമന്ത്രിയുടേയും അദ്ധ്യക്ഷതയിൽ 29-6-2021-ന് യോഗം ചേർന്ന് 3 ബസ്സുകൾ മത്സ്യബന്ധന വകുപ്പിന് വിട്ടുനൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നുമാണ് ഈ തുക നൽകുന്നത്. മത്സ്യബന്ധന വകുപ്പിന്റെ 2-8-2021-ലെ G.O. (Rt) No. 371/2021/F&P പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്ന് ബസ്സുകൾക്കുംകൂടി ഒരു വർഷം 67.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി 28-8-2021-ൽ മുഖ്യമന്ത്രി, ഗതാഗത വകുപ്പുമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ഫ്ലാഗ് ഓഫ് ചെയ്തു. നിലവിൽ ഈ പദ്ധതി വിജയകരമായി സർവ്വീസ് നടത്തിവരുന്നു.

(ഡി) സമുദ്ര ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 'സമുദ്ര' പദ്ധതിപ്രകാരം 3 സ്പെഷ്യൽ ബസ്സുകൾ സർവ്വീസ് നടത്തി വരുന്നത്. മറ്റു ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിൽകൂടി ഈ പദ്ധതി നടപ്പിലാക്കി, ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സുഭിക്ഷ കേരളം പദ്ധതി

27 (*297) ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉല്പാദന വർദ്ധനവിനനുസരിച്ച് ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പാദന വർദ്ധനവിനനുസരിച്ച് ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ്-19 കാരണമുണ്ടായ അടച്ചിടലിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ, നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിൽ 250 വിപണികൾ PACS-ന്റെയും 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ 1884 മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ/സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം

മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ/ചെറുകിട/ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.-കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും സഹകരണ വകുപ്പിന് സബ്സിഡി നൽകിയും നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി സർക്കാർ ഉടമസ്ഥതയിൽ രൂപീകരിക്കുന്ന കമ്പനിയിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുമോ; വിശദമാക്കാമോ?

കമ്പനി രൂപീകരണത്തിൽ കർഷക പ്രതിനിധികളുടെ പങ്കാളിത്തം പരിഗണിക്കുന്നതാണ്. കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി 2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 അഗ്രോ പാർക്കുകൾ കേരളത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പാർക്കുകളുടെ പ്രവർത്തനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുവാൻ ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(സി) പ്രസ്തുത കമ്പനി നിലവിൽ വരുന്നതോടെ കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭ്യമാകും; വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത കമ്പനി നിലവിൽ വരുന്നതോടെ ഉൽപ്പന്നങ്ങൾ പാഴായി പോകുന്നത് കുറയ്ക്കുവാൻ സഹായിക്കും. പ്രാഥമിക സംസ്കരണം, തരംതിരിക്കൽ, ഗ്രേഡിംഗ് മെച്ചപ്പെട്ട സംഭരണം, മറ്റ് ആധുനിക പൊതു അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, മൂല്യവർദ്ധനവ് എന്നിവയിലൂടെ അവയുടെ ഷെൽഫ് ലൈഫ് വർദ്ധിക്കുന്നു. മെച്ചപ്പെട്ട സംഭരണം, വില, ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കൽ, പരിശീലനവും നൂതന സാങ്കേതികവിദ്യാ കൈമാറ്റം എന്നീ പ്രയോജനപ്രദമായ കാര്യങ്ങൾ കർഷകന് ലഭിക്കുന്നു. പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ, നൂതന സാങ്കേതികവിദ്യയുടെ പ്രയോജനം, കയറ്റുമതി അവസരങ്ങൾ എന്നിവയും ലഭിക്കുന്നു. പൂർണ്ണമായോ ഭാഗികമായോ നേരിട്ടുള്ളതും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. ഉൽപ്പന്ന ശ്രേണിയിലെ വർദ്ധനയിലൂടെ വ്യാപാരികൾക്ക് മെച്ചപ്പെട്ട ഗുണമേന്മയുള്ള വസ്തുക്കൾ ലഭിക്കുകയും ഉപഭോക്താവിന് കുറഞ്ഞ വിലക്ക് ഉൽപ്പന്നങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

**കന്നുകാലികളിൽ ഉണ്ടാകുന്ന രോഗബാധ തടയാൻ നടപടി**

28 (*298) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കന്നുകാലികളിലെ രോഗബാധകൾക്ക് ശാസ്ത്രീയമായ പരിശോധന സംവിധാനങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പിന് മുമ്പും പിമ്പും സീറോ മോണിറ്ററിംഗ്, സീറോ സർവെയ്‌ലൻസ് നടപടികളിലൂടെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ SOP (Standard Operating Procedure) പ്രകാരം സീറം കളക്റ്റ് ചെയ്ത് സാമ്പിളുകൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD)-ൽ പരിശോധിക്കുന്നു. മൃഗങ്ങളെ ബാധിക്കുന്ന മറ്റു സാംക്രമിക രോഗങ്ങളുടെ സാമ്പിൾ പരിശോധന വകുപ്പിന്റെ കീഴിലുള്ള ജില്ലാ ലബോറട്ടറികൾ, SIAD എന്നിവിടങ്ങളിൽ പരിശോധിച്ച് ശരിയായ ചികിൽസ മൃഗാശുപത്രികൾ വഴി നൽകുന്നു.

(സി) ഒക്ടോബർ, നവംബർ മാസങ്ങളിൽ സംസ്ഥാനത്ത് കുളമ്പ് രോഗവ്യാപന സാദ്ധ്യതയുണ്ടെന്ന് ദേശീയ എപ്പിഡെമിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ ഈ സാഹചര്യം പ്രതിരോധിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

National Animal Disease Control Project-ന്റെ (NADCP) ഭാഗമായി 2021 ഒക്ടോബർ 6-ാം തീയതി മുതൽ നവംബർ 3-ാം തീയതി വരെ 21 പ്രവൃത്തി ദിവസങ്ങളിൽ നീണ്ടുനിൽക്കുന്ന വാക്സിനേഷൻ പ്രോഗ്രാം തുടങ്ങി കഴിഞ്ഞു, Foot and Mouth Disease Control Programme (FMDCP).

(ഇ) ആറുമാസത്തെ ഇടവേളകളിൽ കർഷകരുടെ വീടുകളിൽ എത്തി കുളമ്പുരോഗ വാക്സിൻ നൽകുന്നത് കോവിഡ് പ്രതിസന്ധിമൂലം മുടങ്ങിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് രോഗവ്യാപനത്തിന് ആക്കം കൂട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; വാക്സിനേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധിമൂലം 6 മാസക്കാല ഇടവേളകളിൽ നടക്കേണ്ടിയിരുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് മുടങ്ങിയിട്ടുണ്ട്. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയോടനുബന്ധിച്ചുള്ള കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പ് ആദ്യഘട്ടത്തിനുശേഷം 1 1/2 വർഷം കഴിഞ്ഞാണ് രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുന്നത്. അത് രോഗവ്യാപനത്തിന് ആക്കം കൂട്ടിയിരുന്നു. രണ്ടാംഘട്ട വാക്സിനേഷൻ 2021 ഒക്ടോബർ 6-ാം തീയതി മുതൽ 21 ദിവസത്തേയ്ക്ക്

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചുകഴിഞ്ഞു. വാക്സിനേഷനായി നിയോഗിക്കപ്പെട്ട വാക്സിനേറ്റർമാർ കോവിഡ് പ്രോട്ടോകോൾ പാലിച്ച് വീടുവീടാന്തരം കയറിയിറങ്ങി കർഷകരുടെ ഉരുക്കളെ രോഗപ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നു.

## ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി

29(*299) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രം ആക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിലേയ്ക്കായി ലേണിങ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ -ഡി) ഉണ്ട്. കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Let' s Go Digital " എന്ന ക്യാമ്പയിന് സർക്കാർ തുടക്കംകുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാല, കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ

കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തി Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു.

അദ്ധ്യാപക പരിശീലനം: ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. 3600 അദ്ധ്യാപകർക്ക് ഇതിനോടകം ഓൺലൈൻ പഠന രംഗത്ത് പരിശീലനം നൽകിക്കഴിഞ്ഞു. ഇതിനാവശ്യമായ കേന്ദ്രീകൃത സംവിധാനം സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഒരുക്കുന്നത്. എന്നാൽ ഓരോ സ്ഥാപനങ്ങൾക്കും അവരുടെ അക്കാദമിക പ്രോഗ്രാമുകൾക്ക് അനുസൃതമായി Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഒരുക്കിയെടുക്കാവുന്നതാണ്. അദ്ധ്യാപക പരിശീലന പരിപാടികൾ (FDP പ്രോഗ്രാമുകൾ) സംഘടിപ്പിക്കുന്നത്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലുള്ള ഫാക്കൽറ്റി ഡെവലപ്പ്മെന്റ് സെന്റർ ആണ്.
പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി. പ്രോഗ്രാമുകളുടെ പഠന സാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ് പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ പഠനസാമഗ്രികളുടെ സംഭരണിയിൽനിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠനസാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. ലേണിംഗ് മാനേജ്മെന്റ് സാങ്കേതിക വിദ്യയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് മൂന്ന് ക്ലസ്റ്ററുകളിലായി ആകെ പതിനാല് ട്രെയിനിംഗ് ഇതുവരെ നടന്നുകഴിഞ്ഞു. ഈ മൂന്ന് ക്ലസ്റ്ററുകളിലായി നടത്തിയ ട്രെയിനിംഗിൽ 35 കോളേജുകളിലെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകാനായി. കൂടാതെ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്, കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരം എന്നീ കോളേജുകളിലും എൽ.എം.എസ്. നടപ്പിലാക്കിത്തുടങ്ങി. മൂന്ന് ക്ലസ്റ്ററുകളിലായി 13 ജില്ലകളിൽ നിന്നുള്ള വിവിധ കോളേജുകൾ ട്രെയിനിംഗിൽ ഉൾപ്പെട്ടുകഴിഞ്ഞു.

(ഇ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിന് എൽ.എം.എസ്. മൂഡിലിൽ സംവിധാനമുണ്ട്. സാങ്കേതിക സർവ്വകലാശാല ഓൺലൈൻ പരീക്ഷ രീതികൾ നൂതനമായ രീതിയിൽ നടത്തുന്നതിനാവശ്യമായ പ്രോക്ടർഡ് ഓൺലൈൻ പരീക്ഷ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ഡിപ്ലോമ തലത്തിലുള്ള പരീക്ഷകൾ എല്ലാം നടത്തുന്നത് ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ്. The National University of Advanced Legal Studies (NUALS)-ന്റെ പരീക്ഷാ സംവിധാനം ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Cochin University of Science and Technology (CUSAT)-ൽ 2020 കോവിഡ് കാലം മുതൽ ഓൺലൈൻ പരീക്ഷകൾ മൂഡിൽ ഉപയോഗിച്ച് നടത്തിവരുന്നു.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പഠന സൗകര്യങ്ങൾ**

30 (*300) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ ഉപരിപഠനത്തിന് വിദേശ രാജ്യങ്ങളെയും ഇതര സംസ്ഥാനങ്ങളെയും ആശ്രയിക്കുവാനുള്ള സാധ്യതകൾ കുറഞ്ഞ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പേർക്ക് പഠന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

1. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ - മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.
2. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം.
3. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം.

4. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം.

5. കിഫ്ബിയിൽനിന്നും മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ.

6. 2020-21 അക്കാദമിക വർഷം 53 സർക്കാർ കോളേജുകളിലായി New Generation Inter Disciplinary സ്വഭാവമുള്ള കോഴ്സുകളടക്കം 60 കോഴ്സുകളും 136 എയ്ഡഡ് കോളേജുകളിലായി 150 കോഴ്സുകളും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വാശ്രയ മേഖലയിലും നിരവധി കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കും അനുവദനീയമായ സീറ്റുകളിൽ 2020-21, 2021-22 അക്കാദമിക വർഷങ്ങളിൽ സീറ്റ് വർദ്ധനവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള കോഴ്സുകളിൽ അധിക ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഗ്രോ സർവ്വീസ് സെന്ററുകൾ

1 (3399) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 14 ജില്ലകളിലായി നിലവിൽ 99 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നത് വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(സി) പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുമ്പോൾ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളെ പരിഗണിക്കാൻ സാധിക്കുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുതിയ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുമ്പോൾ ഒരു ബ്ലോക്കിന് ഒരു അഗ്രോ സർവ്വീസ് സെന്റർ എന്ന നിലയിൽ സൗകര്യമുള്ള പഞ്ചായത്തിനെ നിർദ്ദേശിക്കാവുന്നതാണ്. ഓഫീസ് സൗകര്യത്തിനായി 25 ചതുരശ്ര മീറ്റർ വിസ്തീർണ്ണവും കാർഷിക യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണവുമുള്ള സ്ഥല സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്ന ബ്ലോക്കുകളിലാണ് നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചുവരുന്നത്. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും "കൃഷിശ്രീ" അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**കർഷക പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ**

2 (3401) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനുകളിൽ കർഷക പെൻഷനു വേണ്ടിയുള്ള എത്ര അപേക്ഷകൾ സ്വീകരിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മുൻസർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടിയുള്ള 341 അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതും അവയെല്ലാം തന്നെ തീർപ്പാക്കിയിട്ടുള്ളതുമാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൃഷി ഭവൻ | സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെഎണ്ണം |
|---|---|---|
| 1 | വാഴപ്പള്ളി | 29 |
| 2 | മാടപ്പള്ളി | 7 |
| 3 | ചങ്ങനാശ്ശേരി | 4 |
| 4 | തൃക്കൊടിത്താനം | 26 |
| 5 | പായിപ്പാട് | 5 |
| 6 | കുറിച്ചി | 270 |

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിലവിൽ എത്രപേർ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിലവിൽ 1326 കർഷകർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൃഷി ഭവൻ | നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം |
|---|---|---|
| 1 | വാഴപ്പള്ളി | 286 |
| 2 | മാടപ്പള്ളി | 375 |
| 3 | ചങ്ങനാശ്ശേരി | 36 |
| 4 | തൃക്കൊടിത്താനം | 187 |
| 5 | പായിപ്പാട് | 222 |
| 6 | കുറിച്ചി | 220 |

### കാർഷിക അനുബന്ധ പ്രോസസിംഗ് യൂണിറ്റുകൾ

3 (3402) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക അനുബന്ധ പ്രോസസിംഗ് യൂണിറ്റുകൾ വിപുലമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ-സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകി വരുന്നുണ്ട്.

(ബി) കർഷകർക്ക് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൃഷിയിൽ നിന്ന് കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി. വഴി നടപ്പിലാക്കിവരുന്നുണ്ട്.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി രൂപ വരെയുള്ള സംരംഭം | 30% പരമാവധി 50 ലക്ഷം |

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കാൻകഴിയും വിധത്തിൽ പുതുതായി കേരളത്തിൽ എസ്.എഫ്.എ.സി.-യുടെ കീഴിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ 50 എഫ്.പി.ഒ.-കളുടെ ശാക്തീകരണവും ലക്ഷ്യമിടുന്നു. നിലവിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 20 എഫ്.പി.ഒ.-കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും എഫ്.പി.ഒ.-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയേയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിൽ എഫ്.പി.ഒ. (ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ) പ്രവർത്തനം

4 (3403) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന എഫ്.പി.ഒ. - കളുടെ പേരുകളും മറ്റ് വിവരങ്ങളും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കൃഷി വകുപ്പിന്റെ കീഴിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന മലപ്പുറം ജില്ലയിൽ 3 പുതിയ എഫ്.പി.ഒ.-കൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നിലവിലുള്ള 3 എഫ്.പി.ഒ.-കളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിനായി ശാക്തീകരിക്കേണ്ട എഫ്.പി.ഒ.-കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 2 പുതിയ എഫ്.പി.ഒ.-കളും മലപ്പുറം ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിൽ പുതുതായി ആരംഭിച്ചിട്ടുള്ള എഫ്.പി.ഒ.-കളുടെ വിവരങ്ങൾ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.*

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപണനത്തിൽ ഇത്തരം എഫ്.പി.ഒ.-കളുടെ ഇടപെടൽ ജില്ലയിൽ എത്രമാത്രം ഗുണകരമായി എന്ന് വ്യക്തമാക്കുമോ?

എഫ്.പി.ഒ-കളുടെ രൂപീകരണം ജില്ലയിൽ തുടക്കഘട്ടത്തിൽ ആയതിനാൽ മൂല്യവർദ്ധിത ഉത്പാദന വിപണനത്തിൽ എഫ്.പി.ഒ-കളുടെ ഇടപെടൽ വിലയിരുത്തപ്പെട്ടിട്ടില്ല.

(സി) എഫ്.പി.ഒ.-കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പുതുതായി രൂപീകരിച്ചിട്ടുള്ള എഫ്.പി.ഒ.-കൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* നിലവിലുള്ള എഫ്.പി.ഒ.-കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠനം നടത്തി, ബിസിനസ് പ്ലാൻ, എക്സ്പോർട്ട് പ്ലാൻ എന്നിവ മെച്ചപ്പെടുത്തുവാനും വിവിധ ഏജൻസികൾ നൽകുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുവാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൈവ വൈപ്പിൻ പദ്ധതി

5 (3404) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ജൈവ വൈപ്പിൻ പദ്ധതിക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ ആയത് ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) അനുമതി നൽകുന്നതിന് കെ.സി.ഇസഡ്.എം.എ. ഉന്നയിക്കുന്ന തടസ്സവാദങ്ങൾ എന്തെല്ലാമെന്നും ആയത് പരിഹരിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

(ബി&സി) ജൈവ വൈപ്പിൻ പദ്ധതിയുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി National Centre for Earth Science Studies (NCESS) മുഖാന്തരം Coastal Regulation Zone (CRZ) സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ എന്നിവ കെ.എൽ.ഡി.സി. സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 9-5-2019-ൽ KCZMA മുമ്പാകെ പ്രസന്റേഷൻ അവതരിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ KCZMA-യുടെ അജണ്ട നമ്പർ 102.03.07 പ്രകാരമുള്ള അനുമതികൾകൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ജൈവ വൈപ്പിൻ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-6-2019-ൽ കൂടിയ യോഗത്തിൽ ഈ പ്രവൃത്തിയുടെ Environment Impact Assessment (EIA), Environmental Management Plan (EMP) പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ KITCO-യെ ചുമതലപ്പെടുത്തിയതിന്മേൽ KITCO സമർപ്പിച്ച ടേംസ് ഓഫ് റഫറൻസ് SEIAA (State Environment Impact Assessment Authority) അംഗീകരിച്ചു. 5-6-2020-ൽ KITCO മുഖാന്തിരം പാരിസ്ഥിതികാനുമതിക്കായി KCZMA-യുടെ മുന്നിൽ Environment Impact Assessment Authority (EIA) and Environmental Management Plan (EMP) റിപ്പോർട്ടുകൾ ഉൾപ്പെടെ വീഡിയോ കോൺഫറൻസിലൂടെ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ KCZMA-യുടെ മൂന്നംഗ സമിതിയെക്കൊണ്ട് സൈറ്റ് പരിശോധിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിരുന്നു. മൂന്നംഗ സബ്കമ്മിറ്റി 30-6-2021-ൽ സൈറ്റ് പരിശോധിച്ച്

26-8-2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 20-9-2021-ൽ കൂടിയ KCZMA മീറ്റിംഗിൽ ചില നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി. ആയതുപ്രകാരം റിവൈസ്ഡ് EIA റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ ഡ്രഡ്ജ് ചെയ്ത് ലഭ്യമാകുന്ന മണ്ണ് ഉപയോഗിക്കുന്നതിനായി റവന്യൂ അതോറിറ്റിയുടെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള അനുമതി കൂടി ലഭ്യമാക്കേണ്ടിയിരുന്നു.

(ഡി) ജൈവ വൈപ്പിൻ പദ്ധതിയുടെ കാലാവധി സംബന്ധിച്ച് നബാർഡ് യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്-XX-ൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതി ഉപേക്ഷിക്കാൻ ബഹു. ചീഫ് സെക്രട്ടറിയുടെ 19-2-2020-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. 31-3-2021-ൽ നിർവ്വഹണ കാലാവധി പൂർത്തിയാക്കിയ ടി പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ 12-4-2021-ൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് പദ്ധതി ഡ്രോപ് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഡാറ്റ ബാങ്ക്**

6 (3405) ശ്രീ സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ പഞ്ചായത്തിൽ നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ഡാറ്റ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഡാറ്റബാങ്ക് പ്രസിദ്ധീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്.

**കാർഷിക മേഖലയുടെ ഉന്നമനം ഉറപ്പിക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ**

7 (3406) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ ജോലികൾക്കിടയിൽ കർഷകരുമായി നേരിട്ടിടപെട്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരവും ഒപ്പം കാർഷിക മേഖലാവികസനം ഉറപ്പുവരുത്താനുമായിട്ടും അതിലൂടെ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുവാനുമായുള്ള കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ യഥാസമയം കൃഷി, സസ്യസംരക്ഷണ മുറകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിക്കാവശ്യമുള്ള വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവ നൽകുന്നതിനും കൃഷി ഭവനുകൾ പ്രവർത്തിച്ചുവരുന്നു. കൃഷി വകുപ്പിന്റെ വിവിധ സേവനങ്ങൾ ഏറ്റവും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായി കർഷകരിലേയ്ക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും കാലാവസ്ഥാ-വിപണി വിവരങ്ങളും വിവിധ ഉല്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യങ്ങളോടെ 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവൻ. സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

കൃഷിഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കി കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ സമയം ഫീൽഡിൽ ലഭ്യമാക്കുക, വിള ആരോഗ്യ ക്ലിനിക്കുകളെ ആധുനീകരിക്കുകയും വീഡിയോ കോൺഫറൻസിംഗ്, ഓൺലൈൻ ട്രെയിനിംഗ് സംവിധാനങ്ങളും കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും കാലാവസ്ഥാ-വിപണി വിവരങ്ങളും കീടരോഗ നിയന്ത്രണോപദേശങ്ങളും മണ്ണ് പരിശോധനാ സംവിധാനങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുക, ഫാമുകളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ഉല്പാദനോപാധികളുടെ ലഭ്യത ഓൺലൈനായി കർഷകർക്ക് ലഭ്യമാക്കുകയും ഓൺലൈൻ ഇൻവോയ്സ് സിസ്റ്റം മുഖേന കൃഷിഭവനുകളിൽ വിതരണം നടത്തുകയും ചെയ്യുക. കൃഷിഭവനുകളിൽ കാർഷിക കർമ്മസേന, ഇക്കോഷോപ്, അഗ്രോ സർവീസ് സെന്റർ സേവനങ്ങൾ ലഭ്യമാക്കി കാർഷിക സേവനങ്ങളുടെ ഹബ് ആക്കി മാറ്റുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരവും ഒപ്പം കാർഷിക മേഖലാവികസനം ഉറപ്പുവരുത്താനും അതിലൂടെ കർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാനത്ത് കൃഷിഭൂമി തരംമാറ്റം നടത്തുന്നതും തരിശിടുന്നതും തടയുവാനും കൃഷിഭൂമി കൃഷിക്കായി ഉപയോഗിക്കുന്നതിനും ഒപ്പം ഉപയോഗപ്രദമാക്കാനുള്ള എന്ത് നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് (15) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതിക്ക് കൃഷിയിറക്കാതെ തരിശിട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ

ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് (16) പ്രകാരം തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. തരിശ് നിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ഉൾപ്പെടെ ആകെ 40,000 രൂപ ഹെക്ടർ ഒന്നിന് ആനുകൂല്യം നൽകി വരുന്നുണ്ട്.

(സി) ഇതോടൊപ്പം കാർഷികമേഖലയിലെ കുളങ്ങൾ, തടാകങ്ങൾ ഉൾപ്പെടെ മറ്റിതര ജലസ്രോതസ്സുകളുടെ മലിനീകരണവും, നികത്തലും, നശിപ്പിക്കലും തടയുവാനും ഇവ സംരക്ഷിച്ച് കാർഷിക മേഖലയുടെ ഉന്നമനം ഉറപ്പിക്കാനുമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

നെൽവയൽ, തണ്ണീർത്തടങ്ങൾ ഉൾപ്പെടുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 പ്രകാരം തണ്ണീർത്തടങ്ങൾ നികത്തുന്നത് പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV-ൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പരദൂർ കൃഷിഭവൻ പരിധിയിലുള്ള നാനാർച്ചി കുളത്തിന്റെ നവീകരണവും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കോമൻകുളങ്ങര കുളത്തിന്റെ നവീകരണവും ഇപ്പോൾ നടന്നുവരുന്നുണ്ട്. ആർ.ഐ.ഡി.എഫ്. XXIV-ൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ വയൽ പീടിക കുളം, കുട്ടിവയൽ ബാവോട്, ആനപ്പാലം പുതിയൊട്ടുചിറ എന്നിവയുടെ നവീകരണ പ്രവൃത്തികളും നടപ്പിലാക്കിവരുന്നുണ്ട്. ഇടുക്കി ജില്ലയിലെ കരിമണ്ണൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ കുളത്തിന്റെ സംരക്ഷണം ട്രാഞ്ചെ XXII-ൽ പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**മണ്ണിന്റെ ഘടന പരിശോധിച്ച് കൃഷിയിൽ മാറ്റം വരുത്തൽ**

8 (3407) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകിവരുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുന്നതിനായി പുതുതായി കേരളത്തിൽ 150 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ

വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സംഭരിക്കുന്ന പഴം, പച്ചക്കറി വിറ്റഴിക്കുന്നതിനായി നിലവിലുള്ള 1884 വിപണന കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. സമയത്തിന് വിളവെടുക്കാൻ കഴിയാതെ വരുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി മേല്പറഞ്ഞ സ്ഥാപനങ്ങൾക്ക് പുറമെ എല്ലാ നഗര പ്രദേശങ്ങളിലും നൂറ് നഗര വഴിയോര ആഴ്ച ചന്തകളും സംസ്ഥാനമൊട്ടാകെ പുതിയ 562 ആഴ്ച ചന്തകളും സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉത്പന്നം വിളവെടുപ്പിനു പാകമാകുന്ന സമയംതന്നെ വിപണനം നടത്താനുള്ള അവസരം ഈ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ, നിലവിലുള്ള മൊത്ത വ്യാപാര വിപണികൾ വഴി ഇടനിലക്കാരില്ലാതെ വിപണനം സാദ്ധ്യമാണ്. സംഭരണ-വിപണന മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കായി കണ്ടെയ്നർ മാതൃകയിലുള്ള വിപണന കേന്ദ്രങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകളും സംഭരണത്തിനായി വാഹനങ്ങളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

(ബി) മണ്ണിന്റെ ഘടന പരിശോധിച്ച് കൃഷിരീതിയിൽ മാറ്റമുണ്ടാക്കാനും യുവാക്കളെയും സ്ത്രീകളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും പ്രത്യേക പദ്ധതികൾ രൂപീകരിക്കുമോ?

സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പെടെ 15 സ്ഥാവര മണ്ണ് പരിശോധന ശാലകളുണ്ട്. നിലവിൽ 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളുമുണ്ട്. കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധന ശാലകളുണ്ട്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ-സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ഡെവലപ്മെന്റ് ഓഫ് മോഡൽ വില്ലേജ്സ് എന്ന പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ 152 വികസന

ബ്ലോക്കുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ വില്ലേജുകളിൽ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം മണ്ണുപരിശോധനശാലകളിൽ മണ്ണിന്റെ അമ്ലത (പി.എച്ച്.), വൈദ്യുത ചാലകത (ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി), ജൈവ കാർബണിന്റെ അളവ് (ഓർഗാനിക് കാർബൺ %), ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മ മൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു. മണ്ണിന്റെ പോഷക നിലവാരവും ഭൗതിക സ്വഭാവങ്ങളും അറിഞ്ഞ് കൃഷി ചെയ്യാൻ സാധിക്കുമെന്നുള്ളതുകൊണ്ട് കൃഷി രീതികളിൽ മാറ്റം വരുത്തിക്കൊണ്ട് കൃഷിയിലേയ്ക്ക് യുവാക്കളെയും സ്ത്രീകളെയും ആകർഷിക്കുവാൻ സാധിക്കും. ഇതിനായി സുഭിക്ഷ കേരളത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷി പ്രാധാന്യത്തോടെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സകൂൾ വിദ്യാർത്ഥികൾക്ക് കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ താഴെ പറയുന്ന ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

a) <u>ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം</u>: വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു.

b) <u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>: സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c) പാഠം ഒന്ന് പാടത്തേയ്ക്ക്: വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ചുള്ള ആഭിമുഖ്യം സൃഷ്ടിക്കുവാൻ പാഠം ഒന്ന് പാടത്തേയ്ക്ക് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കന്നിമാസത്തിലെ മകം നാള് നെല്ലിന്റെ പിറന്നാളായി ആഘോഷിക്കുകയും അതനുസരിച്ചുള്ള വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചുവരികയും ചെയ്തുവരുന്നത് വിദ്യാർത്ഥികളിൽ കൃഷിസംസ്കൃതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു.

d) വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ: കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകളും നൽകി വരുന്നുണ്ട്.

**കാർഷികോല്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം**

9 (3408) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളായ ഗന്ധകശാല അരി, വാഴക്കുളം പൈനാപ്പിൾ, നേന്ത്രപ്പഴം ഉൾപ്പെടെ മറ്റിതര കാർഷികോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസർക്കാർ കാർഗോ സർവ്വീസിൽ നടത്തിയ 'ഓപ്പൺ സ്കൈ പോളിസി' നിയന്ത്രണം സംസ്ഥാന കയറ്റുമതിയെ ബാധിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കയറ്റുമതി പ്രോത്സാഹനവും ഒപ്പം കേന്ദ്രസഹായവും നേടിയെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി വാണിജ്യ വകുപ്പ്, കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാർ എന്നിവ തമ്മിലുള്ള ഏകോപനവും വ്യാപാര സംബന്ധമായ പ്രശ്നങ്ങൾ, ലോജിസ്റ്റിക്സ്, കാർഷിക സേവന കയറ്റുമതി തുടങ്ങിയവയുടെ അവലോകനം മുതലായവ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച്, കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്ട് പ്രകാരം 2020-21 വർഷത്തേയ്ക്കുള്ള 883 ലക്ഷം രൂപയുടെ പദ്ധതി കേരളത്തിലെ കാർഷിക കയറ്റുമതി നോഡൽ ഏജൻസിയായ വി.എഫ്.പി.സി.കെ. സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപീകരിച്ചു. തൃശ്ശൂർ,

വയനാട് ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴക്കൃഷിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തി വരികയും ചെയ്യുന്നു. യൂറോപ്പിലേയ്ക്ക് വാഴപ്പഴം കയറ്റുമതി വികസിപ്പിക്കുന്നതിനായി എൻ.ആർ.സി.ബി. ട്രിച്ചി, അപേഡ, എക്സ്പോർട്ടേഴ്സ് എന്നിവരുടെ സഹകരണത്തോടെയുള്ള പൈലറ്റ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ കർഷകരിൽനിന്നും എൻ.ആർ.സി.ബി (നാഷണൽ റിസർച്ച് സെന്റർ ബനാന, ട്രിച്ചി) നൽകിയ കൃഷി പ്രോട്ടോക്കോൾ പ്രകാരം ഉൽപ്പാദിപ്പിച്ച വാഴപ്പഴം 2021 ഏപ്രിൽ മാസം വിഷുവിനോട് അനുബന്ധിച്ച് ലണ്ടൻ വിപണിയിൽ എത്തിക്കുന്നതിന് സാധിച്ചു. വാഴക്കുലകൾ വിളവെടുത്ത് 40-45 ദിവസത്തോളം ഉൽപ്പന്നത്തിന്റെ ഗുണമേൻമ നിലനിർത്തുന്നതിനും വിദേശ വിപണിയിൽ കേരളത്തിലെ നേന്ത്രപ്പഴത്തിന് വിപണി കണ്ടെത്തുന്നതിനും ഈ പരീക്ഷണം വഴി സാധിച്ചു. കര-കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും കയറ്റുമതി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കയറ്റുമതി സാദ്ധ്യതയുള്ള എം.ഡി.-2 ഇനം പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാർഗോ സർവ്വീസിൽ നടത്തിയ 'ഓപ്പൺ സ്കൈ പോളിസിയിൽ' ഭേദഗതി മുഖേന നടത്തിയ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതികൾമൂലം കുരുമുളക് കർഷകർ ഉൾപ്പെടെ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്നും ആയത് നിയന്ത്രിക്കാനും കാർഷികോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഇന്ത്യയും ശ്രീലങ്കയും ആയുള്ള ട്രേഡ് എഗ്രിമെന്റ് പ്രകാരം ഡ്യൂട്ടി ഇല്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനാൽ വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽനിന്നും വേണ്ടത്ര ഗുണനിലവാരമില്ലാത്ത കുരുമുളക് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും അത് ഇന്ത്യൻ കുരുമുളകിന്റെ വില തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു. ആയതിനാൽ കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതി കുറയ്ക്കുന്നതിനായി DGFT (ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്) ഏർപ്പെടുത്തിയ മിനിമം ഇംപോർട്ട് പ്രൈസ് (MIP Rs.500 per Kg) നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

## പുനർജ്ജനി പദ്ധതിയിലൂടെ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി നടപ്പിലാക്കിയ പദ്ധതികൾ

10 (3409) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുവാൻ ആവിഷ്കരിച്ച പുനർജ്ജനി പദ്ധതിയിലൂടെ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇത് ഏതെല്ലാം ജില്ലകളിലാണെന്നും വകയിരുത്തിയ തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

2018, 2019 വർഷങ്ങളിലെ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും സംഭവിച്ച നാശനഷ്ടങ്ങളിൽ നിന്നും കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിച്ചെടുക്കുന്നതിനാണ് പുനർജ്ജനി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം പുനർജ്ജനി പദ്ധതിയിൽ 224.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ.

1. ആലപ്പുഴ ജില്ല -ഓണാട്ടുകര വികസന ഏജൻസി നിർമ്മിച്ച ഓച്ചിറ കറ്റെവയൽ - ചേനാട്ടുശ്ശേരി ചാനൽ -ചെലവ് 15.00 ലക്ഷം രൂപ.

2. പത്തനംതിട്ട ജില്ല -പെരിങ്ങര കൃഷിഭവൻ കെട്ടിടം നിർമ്മാണത്തിനായി 60.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കിവരുന്നു. നിരണം കൃഷിഭവൻ കെട്ടിട നിർമ്മാണത്തിനായി 55.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു. പന്തളം ഷുഗർകെയിൻ സീഡ് ഫാമിലെ റോഡ്, പോളി ഹൗസ് തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനായി 21.41 ലക്ഷം രൂപ ചെലവഴിച്ചു. ജില്ലാ മണ്ണ് പരിശോധന ലാബിന്റെ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നതിന് 70.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം പുനർജ്ജനി പദ്ധതിയിൽ 185.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഇടുക്കി ജില്ല -ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷി ഫാമിലെ റെയിൻ ഷെൽട്ടർ, ഗ്രീൻ ഹൗസ് തുടങ്ങിയവയുടെ നിർമ്മാണത്തിനായി 20.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. പത്തനംതിട്ട ജില്ല - പന്തളം ഷുഗർകെയിൻ സീഡ് ഫാമിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ.

a) ഫാം റോഡ് നിർമ്മാണം (45.1696 ലക്ഷം രൂപ) - കരാർ ഉടമ്പടി വയ്ക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

b) സംരക്ഷണ ഭിത്തിയുടെയും ചുറ്റുമതിലിന്റെയും പുനർനിർമ്മാണം (93.0004 ലക്ഷം രൂപ)-മണ്ണ് പരിശോധനയും ഡിസൈനും ചെയ്യുന്നതിനായി കുട്ടനാട് എഞ്ചിനീയറിംഗ് കോളേജിന് കത്ത് നൽകിയിട്ടുണ്ട്. കനത്ത മഴയും നീരൊഴുക്കും കാരണം പ്രവൃത്തി ആരംഭിക്കാൻ താമസം നേരിട്ടിട്ടുണ്ട്.

c) ആട്ടിൻ കൂട്, കാലിത്തൊഴുത്ത്, ശർക്കര നിർമ്മാണ യൂണിറ്റ് തുടങ്ങിയവയുടെ പുനരുദ്ധാരണം (10.04 ലക്ഷം രൂപ) - ആട്ടിൻകൂടിന്റെ പ്രവൃത്തി പൂർത്തിയായി. കാലിത്തൊഴുത്തിന്റെയും ശർക്കര നിർമ്മാണ ശാലയുടെയും പുനരുദ്ധാരണം പുരോഗമിക്കുന്നു.

d) ഗേറ്റ്, നെയിം ബോർഡ്, ക്യാന്റീൻ, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണം (16.79 ലക്ഷം രൂപ) - എസ്റ്റിമേറ്റ് തയ്യാറാക്കി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ പുനർസൃഷ്ടിക്കായി പുനർജ്ജനി പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുനർജ്ജനി പദ്ധതിയിലൂടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

**പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ**

11 (3410) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ഉണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്.

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തിക്കോടി ബ്ലോക്കിലെ തിക്കോടി അഗ്രോ സർവ്വീസ് സെന്റർ മാത്രമാണ് നിലവിലുള്ളത്.

(സി) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അവ ഏതാണെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന്/ അനുവദിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ, ആയതിന്റെ ഘടന എന്നിവ എന്തൊക്കെയാണെന്ന് ചുരുക്കി വിശദമാക്കാമോ?

ബ്ലോക്ക് അടിസ്ഥാനത്തിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നത്. നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ ഇല്ലാത്ത ബ്ലോക്കുകളിലാണ് പുതിയവ അനുവദിക്കുന്നതിന് മുൻഗണന നൽകുന്നത്. കാർഷിക സേവന കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള ഏജൻസി/ ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മുൻഗണന നൽകുന്നു. ഓഫീസിന് കുറഞ്ഞത് 25 ചതുരശ്ര മീറ്ററും ഫാം മെഷിനറി സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്ററും സ്ഥലം ലഭ്യമാക്കാൻ കഴിയുന്ന ബ്ലോക്കുകളിലാണ് അഗ്രോസർവ്വീസ് സെന്ററുകൾ അനുവദിക്കുന്നത്. അഗ്രോ സർവ്വീസ് സെന്ററിന്റെ ഘടന അനുബന്ധമായി ചേർക്കുന്നു.*

**കാർഷിക സംസ്കൃതി പുതുതലമുറയിലേയ്ക്ക് പകർന്നുകൊടുക്കുന്നതിന് പദ്ധതി**

12 (3411) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക സംസ്കൃതി പുതുതലമുറയിലേയ്ക്ക് പകർന്നുകൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കാർഷിക സംസ്കൃതി പുതുതലമുറയിലേയ്ക്ക് പകർന്ന് കൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല പരിപാടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഈ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം - വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c) വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ - കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2022-23 വർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. ആയതിൽ പുതുതലമുറയിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും പുതുതലമുറയിൽ കൃഷിയുടെ അറിവുകളും കൃഷി രീതികളും പഠിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതി**

13 (3412) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മണലൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഇതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് കൃഷിഭവൻ അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

14 (3413) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agriculture Mechanization (സ്മാം) പദ്ധതിയിലൂടെ കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി വിവിധ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 40 മുതൽ 80 ശതമാനംവരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവ മുഖേനയും കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷം യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാർഷിക മേഖലയിലെ യന്ത്രവത്ക്കരണത്തിന് പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക യന്ത്രവത്ക്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നിലവിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മസേന എന്നിവയുടെ കൈവശമുള്ള യന്ത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും അവ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ലഭ്യമാക്കുന്നതിനും കാർഷിക യന്ത്രകിരണ സേന ജില്ലകൾതോറും കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ കാർഷിക യന്ത്രങ്ങളും പഞ്ചായത്തുതലത്തിൽ കണക്കെടുപ്പ് നടത്തി കൃഷിഭവനുകളിൽ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. നിലവിലുള്ള പദ്ധതികൾ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുവാനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ**

15 (3414) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ എത്ര പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിൽനിന്നും ലഭ്യമായതെന്ന് വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXVII ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി മരുതോങ്കര പഞ്ചായത്തിലെ മണ്ണൂർ നീർത്തട പദ്ധതിയുടെ രൂപരേഖ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടർ തയ്യാറാക്കിയിരുന്നു. എന്നാൽ 2021-22 വർഷം വകുപ്പിനുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ സെക്ടറൽ അലോക്കേഷന്റെ പരിമിതി കാരണം ടി പദ്ധതി അംഗീകാരത്തിനായി ലഭ്യമാക്കിയിരുന്നില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടത്തിവരുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ പ്രവർത്തന പുരോഗതി ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടർ മുഖാന്തരം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXII-ൽ ഉൾപ്പെടുത്തി

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 250 ലക്ഷം രൂപ അടങ്കലുള്ള ഓടേയരിപ്പൊയിൽ നീർത്തട പദ്ധതിയിൽ നാളിതുവരെ 145.97 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXV-ൽ ഉൾപ്പെടുത്തി കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 98.94 ലക്ഷം രൂപ അടങ്കലുള്ള ആനക്കുളം നീർത്തട പദ്ധതിയിൽ നാളിതുവരെ 0.60 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## കാർഷിക സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനം

16 (3415) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കുടുംബങ്ങളിൽ കാർഷികവൃത്തിയിൽ നിന്നുമാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരളത്തിലെ കർഷക കുടുംബങ്ങളിൽ കാർഷികവൃത്തിയിൽ നിന്ന് മാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ കുറവാണ്. എന്നാൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ 2019-ലെ കണക്കുകൾ പ്രകാരം കേരളത്തിലെ ജനങ്ങളുടെ പ്രതിമാസ വരുമാനം ദേശീയ പ്രതിമാസ വരുമാനം കണക്കിലെടുക്കുമ്പോൾ ഏഴാം സ്ഥാനത്താണ് നിൽക്കുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുടെ ശതമാനം കേരളത്തിൽ കുറവായതിന്റെ പ്രധാന കാരണം കേരളത്തിലെ സാമൂഹിക സ്ഥിതിവിശേഷമാണ്. മേൽപ്പറഞ്ഞ സർവ്വേ പ്രകാരം കേരളത്തിൽ മറ്റു ഉപജീവന മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. നമ്മുടെ സംസ്ഥാനത്ത് സേവന മേഖല വളരെ ശക്തമാണ്. ഉയർന്ന വിദ്യാഭ്യാസ നിരക്ക് കാരണം കാർഷികേതര ജോലികളിൽ ഏർപ്പെടുന്നവരുടെ എണ്ണം കൂടുതലാണ്. കൂടാതെ വിദേശത്തു ജോലി നോക്കുന്ന ജനതയുടെ ശതമാനവും കൂടുതലാണ് (ഇന്ത്യൻ ജേർണൽ ഓഫ് ലേബർ എക്കണോമിക്സ് ഒക്ടോബർ 2020). കൂടാതെ കുറഞ്ഞ ആളോഹരിയും ഭൂവിസ്തൃതിയും ഉയർന്ന കൂലി ചെലവും കൃഷിപ്പണിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ

ദൗർലഭ്യതയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് സംസ്ഥാനത്ത് കർഷക കുടുംബങ്ങളിൽ കാർഷികവൃത്തിയിൽ നിന്ന് മാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ കുറവാണെന്ന് വിലയിരുത്തുന്നു.

(സി) കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ഭക്ഷ്യ സുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ഭക്ഷ്യ സുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം പദ്ധതി, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കോക്കനട്ട് കൗൺസിൽ രൂപീകരിച്ച് തെങ്ങിന്റെ സമഗ്രവികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉല്പ്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമുള്ള സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ

പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. സൂക്ഷ്മമായ ആസൂത്രണത്തിലൂടെയും ചിട്ടയായ പ്രവർത്തനത്തിലൂടെയും 2025 വർഷത്തോടെ കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കാൻ നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം പ്രാപ്തമാണ്. ആയതിനു വേണ്ടിയുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും ചർച്ചകളും പുരോഗമിക്കുന്നു.

**മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാമിന്റെ വികസനം**

17 (3416) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ചാലിയാർ പുഴ കരകവിഞ്ഞതിനെ തുടർന്ന് നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാമിനുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; നാശനഷ്ടങ്ങളുടെ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. 2019-ലെ പ്രളയത്തിൽ ചാലിയാർ പുഴ കരകവിഞ്ഞതിനെ തുടർന്ന് നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ 518.201 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1) വിളകൾ - 66.531 ലക്ഷം രൂപ

2) ആസ്തികൾ - 299.67 ലക്ഷം രൂപ

3) മണ്ണടിഞ്ഞ് കൂടിയ നഷ്ടം - 152 ലക്ഷം രൂപ.

(ബി) മുണ്ടേരി ഫാമിന്റെ വീണ്ടെടുപ്പിനും വികസനത്തിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്ന ആറ് കോടി രൂപയുടെ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുണ്ടേരി ഫാമിന്റെ വീണ്ടെടുപ്പിനും വികസനത്തിനുമുള്ള പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുവാനുള്ള അനുമതി ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയും നാളിതുവരെ നടത്തിയ നടപടികളും വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കാൻ വൈകുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ?

നാശനഷ്ടം കണക്കാക്കി പദ്ധതി തയ്യാറാക്കാൻ കൃഷിവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി. തുടർന്ന് 1-7-2020-ന് ചേർന്ന യോഗ തീരുമാന പ്രകാരം വനം, ഇറിഗേഷൻ, റവന്യൂ, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളെയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനേയും പങ്കെടുപ്പിച്ച് പദ്ധതി ഏകോപിപ്പിക്കാനുള്ള തീരുമാനം കൈകൊണ്ടു. നഷ്ടപ്പെട്ട റോഡുകൾക്ക് പകരം പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും കേടായ പഴയ റോഡുകൾ റീ-ടാർ ചെയ്യുന്നതിനും 150 ലക്ഷം രൂപ, പുഴയോര സംരക്ഷണത്തിനും പാരിസ്ഥിതിക പുനർനിർമ്മാണത്തിനുമായി ഭൂവസ്ത്രം, ടാപ് ബാഗ് എന്നിവ സ്ഥാപിക്കുന്നതിനും 10 ലക്ഷം രൂപ, രാമച്ചം നടുന്നതിന് 5 ലക്ഷം രൂപ, ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി 40 ലക്ഷം രൂപ (മിസ്റ്റ് ചേംബർ, ഹാർഡനിംഗ് യൂണിറ്റ്, പോട്ടിംഗ് ഷെഡ്, ജലസേചന കിണർ എന്നിവ) അതിർത്തി സുരക്ഷാക്രമീകരണത്തിനായി 4, 5 ബ്ലോക്കുകളിൽ 4 കിലോമീറ്റർ റെയിൽ ഫെൻസിംഗിനായി 2.8 കോടി രൂപ, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗിനായി 50 ലക്ഷം രൂപ, ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗമായി പയ്യനിയിൽ ചെക്ക് ഡാം, പാലം എന്നിവയുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ, ഓഫീസ് വാഹനത്തിനായി 15 ലക്ഷം രൂപ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 6 കോടി രൂപയുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്.

(ഡി) പ്രസ്തുത പദ്ധതി നിർദ്ദേശത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിർദ്ദേശിച്ച ന്യൂനതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ന്യൂനതകൾ പരിഹരിച്ച് പ്രൊപ്പോസൽ പുനർസമർപ്പിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി നിർദ്ദേശത്തിൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ടെക്നിക്കൽ കമ്മിറ്റി ചില ന്യൂനതകൾ കണ്ടെത്തുകയുണ്ടായി. ചാലിയാർ നദിയുടെ കര സംരക്ഷണം, ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പാരിസ്ഥിതിക പുനർനിർമ്മാണം, അതിർത്തി സുരക്ഷാ ക്രമീകരണം എന്നിവ ആദ്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ചാലിയാർ നദിയുടെ കര സംരക്ഷണം-പുഴയോര സംരക്ഷണത്തിനും പാരിസ്ഥിതിക പുനർനിർമ്മാണത്തിനുമായി ഭൂവസ്ത്രം, ടാപ് ബാഗ് എന്നിവ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും രാമച്ചം നടുന്നതിന് 5 ലക്ഷം രൂപയും പുതുക്കിയ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ - പാരിസ്ഥിതിക

പുനർനിർമ്മാണം- ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗമായി പയ്യനിയിൽ ചെക്ക് ഡാം, പാലം എന്നിവയുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും പുതുക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിർത്തി സുരക്ഷാക്രമീകരണത്തിനായി 4, 5 ബ്ലോക്കുകളിൽ 4 കിലോമീറ്റർ റെയിൽ ഫെൻസിംഗിനായി 2.8 കോടി രൂപയും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗിനായി 50 ലക്ഷം രൂപയും പുതുക്കിയ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ടെക്നിക്കൽ കമ്മിറ്റി ഉന്നയിച്ച ന്യൂനതകൾ പരിഹരിച്ച് പദ്ധതി പുനഃസമർപ്പിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

18 (3417) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്ന് കിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മുൻഗണന നൽകുന്നുണ്ട്. ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിനെ 2021-22 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും വാർഡ് തല മീറ്റിംഗ്, ഫീൽഡ് സർവ്വെ എന്നിവ പൂർത്തിയായിട്ടുണ്ട്. ആക്ഷൻ പ്ലാൻ തയ്യാറാക്കി പദ്ധതി ഘടകങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രകൃതി കൃഷി പ്രചരണം

19 (3418) ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി കൃഷി പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രകൃതി കൃഷി പ്രചാരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൻ കീഴിൽ 2020-21 മുതൽ മൂന്ന് വർഷത്തേയ്ക്ക് 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക്തലത്തിൽ ചുരുങ്ങിയത് 500 ഹെക്ടർ വീതമുള്ള 168 ക്ലസ്റ്ററുകൾ രൂപീകരിച്ച് മൂന്ന് വർഷം കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപ, രണ്ടാം വർഷം 17.85 ലക്ഷം രൂപ, മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാം വർഷം പദ്ധതി നടത്തിപ്പിനായി 4455.36 ലക്ഷം രൂപയുടെ വാർഷിക പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ഒന്നാം വർഷത്തെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിന്റെ വിഹിതമായി ലഭിച്ച 1336.608 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 891.072 ലക്ഷം രൂപയും കൂടി ചേർത്തുള്ള ആകെ തുക 2227.70 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കുന്നതിനുള്ള അനുമതി 13-1-2021-ലെ G.O.(Rt) No.47/2021/Agri പ്രകാരം നല്കുകയും പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരികയും ചെയ്യുന്നു. സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)

സംസ്ഥാനത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) പ്രകൃതി കൃഷി സുസ്ഥിര വരുമാന മാർഗ്ഗമായി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കുന്നതിനും പ്രകൃതി കൃഷി കർഷകന് സുസ്ഥിര വരുമാന മാർഗ്ഗമായി സ്വീകരിക്കുന്നതിനും വേണ്ടിയുള്ള നടപടിയുടെ ആദ്യഘട്ടമായി കേരളത്തിലെ 50 കൃഷി ഓഫീസർമാരെ ബീക്കൺ ഓഫീസറായി തെരഞ്ഞെടുത്ത് അവരുടെ കീഴിൽ 10 സെന്റ് വീതമുള്ള വിവിധ കാർഷിക പരീക്ഷണ കൃഷി നടത്തുന്നുണ്ട്. ഇതിൽ പ്രകൃതി കൃഷി, ജൈവ കൃഷി, വൃക്ഷായുർവേദ എന്നീ കൃഷി രീതികൾ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നു. ഇതിൽ കർഷകന് സുസ്ഥിര വരുമാനം ലഭിക്കുന്ന കൃഷി രീതി കണ്ടെത്താൻ സാധിക്കും. ആയതിന്റെ കാർഷിക പരീക്ഷണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സംവിധാനം

20 (3419) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറികളിലും ഇതരസംസ്ഥാനത്ത് നിന്നും വരുന്നവയിലും ഉള്ള വിഷാംശം ശാസ്ത്രീയമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറികളിലും ഇതര സംസ്ഥാനത്ത് നിന്നും വരുന്നവയിലുമുള്ള വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ പരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മറ്റു വിപണികൾ, എന്നിവിടങ്ങളിൽ എത്തുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണങ്ങിയ പഴവർഗ്ഗങ്ങൾ, മറ്റ് ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയിലെ കീടനാശിനി അവശിഷ്ട വിഷാംശം പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലിൽ (www.kerala.gov.in) പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോന്നിയിലെ CFRD ലാബിൽ പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സംവിധാനമുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ശേഖരിക്കുന്ന പഴം, പച്ചക്കറി എന്നിവയുടെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുന്നു. ടി പരിശോധനകളിൽ ' Unsafe' ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതുമായ (Substandard) പരിശോധന ഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വിഷാംശം കലർന്ന ഭക്ഷ്യവസ്തുക്കളെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ?

കൃഷി വകുപ്പിന് കീഴിലെ ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ജൈവകീടനാശിനികളുടേയും ജൈവ വളങ്ങളുടേയും ഉല്പാദനം വർദ്ധിപ്പിക്കൽ ലക്ഷ്യമിട്ട് സംസ്ഥാനത്തൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. FOSTac training- പൊതുജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് കച്ചവടക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്.

2. Safe & Nutritious Food @ School- സ്കൂൾ കുട്ടികളിൽ ഭക്ഷ്യസുരക്ഷയെക്കുറിച്ചും മായംചേർക്കാത്ത സുരക്ഷിത ഭക്ഷണ രീതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്.

3. Food Safety on Wheels- ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് മുഖേന പൊതുജനങ്ങളിൽ ഭക്ഷ്യസുരക്ഷയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിർമ്മിച്ച ലഘു വീഡിയോ പ്രദർശനം, Quick detection test-ലൂടെ

ഭക്ഷ്യപദാർത്ഥങ്ങളിലെ മായം എളുപ്പത്തിൽ കണ്ടെത്തുന്നത് വിശദീകരിക്കുന്ന വീഡിയോ പ്രദർശനം, ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരേയും ഭക്ഷ്യസുരക്ഷ ലൈസൻസ്/രജിസ്ട്രേഷനിൽ കൊണ്ടുവരിക, റസിഡന്റ്സ് അസോസിയേഷൻ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം വളർത്തുക എന്നിവ നടത്തി വരുന്നു.

4. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ KSRTC Bus-കളിലും, ട്രെയിനുകളിലും (Jan Shatabdi) പ്രദർശിപ്പിച്ചുവരുന്നു.

5. ഗുണനിലവാരമുള്ളതും കൃത്രിമ ചായങ്ങൾ, രാസവസ്തുക്കൾ ചേർക്കാത്തതുമായ ശർക്കര, ഏലയ്ക്ക, മത്സ്യം എന്നിവ ലഭ്യമാക്കുന്നതിനും ഇതുസംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളായ ഓപ്പറേഷൻ പനേല, ഓപ്പറേഷൻ എലൈച്ചി, ഓപ്പറേഷൻ സാഗർ റാണി എന്നിവ വിജയകരമായി തുടർന്നുവരുന്നു.

## നെൽകൃഷിക്ക് പ്രോത്സാഹനം

21 (3420) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദന ചെലവിന് ആനുപാതികമായ ലാഭം ഉണ്ടാക്കാനാകാത്തതിനെത്തുടർന്ന് നെൽകൃഷി ചെയ്യുന്നതിൽ കർഷകർക്കുള്ള താൽപ്പര്യം കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018-19 വർഷത്തിൽ ഒരു ക്വിന്റൽ നെല്ലുത്പാദിപ്പിക്കുന്നതിനുള്ള ചെലവ് വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിൽ യഥാക്രമം 1479, 1585, 1588 രൂപയാണ്. പ്രസ്തുത വർഷത്തെ നെല്ലിന്റെ സംഭരണ വിലയായ കിലോയ്ക്ക് 25.30 രൂപ പ്രകാരം ഒരു ക്വിന്റൽ നെല്ലിന്റെ വിലയായി കർഷകന് 2,530 രൂപ ലഭിച്ചതായി കാണുന്നു. ഇതിനുപുറമെ വൈക്കോലിന്റെ വിലയും കർഷകർക്ക് ലഭിച്ചിരുന്നു. പ്രസ്തുത കണക്കുപ്രകാരം നെൽകൃഷി ലാഭകരമല്ല എന്ന് പറയാനാവില്ല. എന്നാൽ നെൽകൃഷി പ്രകൃതിയേയും

കാലാവസ്ഥയേയും ഏറെ ആശ്രയിക്കുന്നതിനാൽ പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം മുതലായവ നെൽകർഷകർക്ക് വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. നെൽ കർഷകർക്ക് പരമാവധി പ്രോത്സാഹനം നൽകി അവരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിനും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാതിരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികളാണ് കൃഷി വകുപ്പും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നെൽകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 202907 ഹെക്ടർ വരെ (2018-19 വർഷത്തിൽ) വർദ്ധിപ്പിക്കാൻ സാധിച്ചു. 2015-16-നെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വിസ്തൃതിയിലും ആനുപാതികമായി ഉത്പാദനത്തിലും കുറവ് വന്നിരുന്നു. 2016-17 വർഷത്തിൽ രണ്ടാംവിള കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ചയാണ് ആയതിന് കാരണമായത്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16 മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) കരനെൽകൃഷിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

കരനെൽകൃഷിക്ക് ജലസേചനം, കളപറിക്കൽ മുതലായവയ്ക്ക് കൂടുതൽ കൃഷിച്ചെലവ് വേണ്ടി വരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ സാധാരണയായി വയലുകളിൽ ചെയ്യുന്ന നെൽകൃഷിക്ക് നൽകുന്നതിനേക്കാൾ വർദ്ധിച്ച ആനുകൂല്യമാണ് കരനെൽകൃഷിക്ക് നൽകി വരുന്നത്. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ നിരക്കിൽ 404.41 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ആയതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന പരിചരണ മുറകളായ കള നിയന്ത്രണം, ജലസേചനം, നൂതന വളപ്രയോഗ രീതികൾ മുതലായവ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരിചരണ മുറകൾ കേരളത്തിന്റെ മറ്റു സ്ഥലങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ച് കൃത്യത ഉറപ്പുവരുത്തിയതിനുശേഷം കർഷകർക്ക് അനുവർത്തിക്കുന്നതിനായി പ്രചാരം നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കൃഷിഭവനുകളിൽ ഡാറ്റാ ബാങ്ക്

22 (3421) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വൈപ്പിൻ മണ്ഡലത്തിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച കൃഷിഭവനുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ എളംങ്കുന്നപ്പുഴ, കടമക്കുടി, മുളവുകാട്, പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ എന്നീ കൃഷിഭവനുകൾ ഉൾപ്പെടുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുവാൻ അവശേഷിക്കുന്ന കൃഷിഭവനുകൾ ഏതെല്ലാമെന്നും പ്രസ്തുത കൃഷിഭവനുകൾ എന്നത്തേയ്ക്ക് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

## കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി

23 (3422) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.

(i)വെള്ളാങ്ങല്ലൂർ-2014-15 & 2015-16 വർഷങ്ങളിൽ നടപ്പിലാക്കി.

(ii)അന്നമനട-2019-20-ൽ നടപ്പിലാക്കി. കൂടാതെ 2021-22 വർഷത്തിൽ മേത്തല ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കേരഗ്രാമത്തിലും തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം,

തെങ്ങുകയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. താഴെപ്പറയുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന്(ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം രൂപ, LSGD ഷെയർ -24 .5 ലക്ഷം രൂപ). ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം-10 രൂപ/തെങ്ങ്

(h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗം ബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/-രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങുകയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. 8 ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തനചെലവായി 15,000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

**തവനൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

24 (3423) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് സർക്കാരിന്റെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽനിന്നും ഏതെങ്കിലും പഞ്ചായത്തിനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഒഴിവാക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) തവനൂർ നിയോജകമണ്ഡലത്തിലെ വട്ടംകുളം, എടപ്പാൾ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ വട്ടംകുളം പഞ്ചായത്തിൽ 2017-18, 2018-19 എന്നീ 2 വർഷങ്ങളിലും എടപ്പാൾ ഗ്രാമപഞ്ചായത്തിൽ 2018-19, 2019-20, 2020-21 എന്നീ 3 വർഷങ്ങളിലുമായി കേരഗ്രാമം പദ്ധതി നടപ്പിലാക്കി. ഒരു പഞ്ചായത്തിനെയും കേരഗ്രാമം പദ്ധതിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല.

**മലപ്പുറം നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

25 (3424) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കയം, പുൽപ്പറ്റ, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ആനക്കയം ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലും മൊറയൂർ ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി 2019-20, 2020-21 എന്നീ വർഷങ്ങളിലും പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ രണ്ട് വർഷ പദ്ധതിയായി 2014-15, 2015-16 എന്നീ വർഷങ്ങളിലുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. മൊറയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷം (2021-22) കേരഗ്രാമത്തിന്റെ മൂന്നാം വർഷ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷി വികസനത്തിനുമായി കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം നൽകിയതും ജലസേചനപദ്ധതികൾ നടപ്പിലാക്കിയതും നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെ കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10739 നാളികേരം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും മുൻവർഷങ്ങളിൽ കേരഗ്രാമത്തിനായി തെരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നൽകി കേരഗ്രാമം സ്ഥാപിക്കാനായി പുതുതായി തിരഞ്ഞെടുക്കുന്നത്.

**കേരഗ്രാമം പദ്ധതി**

26 (3425) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ 2021-22 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ നിന്നും ചങ്ങരോത്ത്, പുറമേരി, വാണിമേൽ, ഒളവണ്ണ, നരിക്കുനി, തുണേരി, മടവൂർ, ഉള്ള്യേരി, മണിയൂർ, തുറയൂർ, കൊടിയത്തൂർ എന്നീ 11 പഞ്ചായത്തുകളിലാണ് 2021-22 വർഷത്തിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

തെങ്ങിന് തടം തുറക്കൽ, കുമ്മായം, രാസവളം, ജൈവവളം വിതരണം, കേടുവന്ന തെങ്ങ് വെട്ടിമാറ്റൽ, ഇടവിള കൃഷി, പമ്പ് സെറ്റ് വിതരണം, തെങ്ങ്കയറ്റ യന്ത്രം വിതരണം, ജൈവവള നിർമ്മാണ യൂണിറ്റ്, കൃഷിഭവനുള്ള പ്രവർത്തനഫണ്ട്, കേരസമിതികൾക്ക് ധനസഹായം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. നരിക്കുനി, ചങ്ങരോത്ത്, വാണിമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ തെങ്ങിന് തടംതുറക്കൽ, സംയോജിത വളപ്രയോഗത്തിനായുള്ള രാസവള/ജൈവവള വിതരണം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടവിള കൃഷി, ജലസേചന സൗകര്യം ഒരുക്കൽ എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ചങ്ങരോത്ത് പഞ്ചായത്തിൽ, ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് കോക്കനട്ട് എന്ന വിഷയത്തിൽ 2021 ഒക്ടോബർ മാസം അവസാനം കർഷക പരിശീലന പരിപാടി നടത്തുന്നതാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ, തെങ്ങുകൃഷിക്കായുള്ള രാസവള വിതരണം നടന്നുവരുന്നു. പുറമേരി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) നാളികേരത്തിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള താങ്ങുവില എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സർക്കാർ 1-4-2021 മുതൽ നാളികേരത്തിന് (പച്ചത്തേങ്ങയ്ക്ക്) നിലവിൽ കിലോയ്ക്ക് 32 രൂപയാണ് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. ഇത് വർദ്ധിപ്പിക്കുന്നതിന് നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**നാളികേര സംഭരണ കേന്ദ്രങ്ങൾ**

27 (3426) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണത്തിനായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മൂന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മറ്റു ജില്ലകളിലെ നാളികേര കർഷകർക്ക് നാളികേരം ഈ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് എങ്ങനെ എത്തിക്കാനാകും എന്ന് പരിശോധിച്ചിട്ടുണ്ടോ?

പച്ചത്തേങ്ങയുടെ വിപണിയിലെ മൊത്തവില ചില ജില്ലകളിൽ സംസ്ഥാനം പ്രഖ്യാപിച്ച സംഭരണവിലയേക്കാളും കുറഞ്ഞതിനാൽ സംഭരണ നടപടികൾ പുനരാരംഭിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കേരഫെഡ് നടപടികൾ സ്വീകരിച്ചു. മലപ്പുറം ജില്ലയിൽ പൊന്നാനി, വെളിയംകോട് പഞ്ചായത്തിലെ കോക്കനട്ട് പ്രൊഡ്യൂസ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കേരഫെഡിന്റെ റീജിയണൽ ഓഫീസ്, തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പഞ്ചായത്തിലെ കേരഫെഡ് സ്റ്റോക്ക് പോയിന്റിലുമാണ് പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡ് നടപടികൾ സ്വീകരിച്ചത്. ഇതുകൂടാതെ വേങ്ങേരി മൊത്ത വ്യാപാര വിപണിയിൽ സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന 19.667 മെട്രിക് ടൺ നാളികേരം സംഭരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ നാളികേര കർഷകർക്ക് സാധാരണ വിലയേക്കാൾ ഉയർന്ന വില പച്ചനാളികേരത്തിന് ലഭിക്കുന്നതിനാൽ കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) മുഴുവൻ ജില്ലകളിലും കർഷകർക്ക് സൗകര്യപ്രദമായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

പച്ചത്തേങ്ങയുടെ വില സംഭരണ വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.

## റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി ഔഷധ സസ്യകൃഷി ചെയ്യുന്നതിന് പദ്ധതി

28 (3427) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി നടത്തുന്ന കർഷകർക്ക് ആദ്യത്തെ ഏഴുവർഷം കാര്യമായ ഒരു വരുമാനവും ലഭിക്കാറില്ലായെന്നതിനാൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുവാനായി റബ്ബർ കൃഷി കൂടുതലായുള്ള പാലാ നിയോജകമണ്ഡലത്തിലും മറ്റു റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി ഔഷധ സസ്യകൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. എന്നാൽ റബ്ബർ തോട്ടങ്ങളിൽ ഇടവിളകൃഷിയായി ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു പദ്ധതി രൂപീകരിക്കുന്നതിനായി റബ്ബർ ബോർഡ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ട്.

(ബി) റബ്ബർ കർഷകർക്ക് പ്രസ്തുത പദ്ധതി പ്രകാരം ഔഷധസസ്യകൃഷിക്ക് സഹായം നൽകുന്നുണ്ടോ; വിശദീകരിക്കുമോ?

ബാധകമല്ല.

## റബ്ബർ കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പാ പദ്ധതി

29 (3428) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് ഭൂമി വാങ്ങി റബ്ബർ മരങ്ങൾ നട്ടുവളർത്തുന്നതിനായി സബ്സിഡി നിരക്കിൽ വായ്പാ പദ്ധതി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

(ബി) സംസ്ഥാനത്ത് കോവിഡ് സാഹചര്യം തുടരുന്നതിനാൽ റബ്ബർകൃഷി പ്രോത്സാഹിപ്പിക്കാൻ ഭൂമി വാങ്ങുന്നതിന് പുതിയ സബ്സിഡിയോടുകൂടി വായ്പാ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ശാസ്ത്രീയ കൃഷിരീതിയും മണ്ണ് പരിശോധനയും.**

30 (3429) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമായി കൃഷി ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി, കർഷകർക്ക് മണ്ണ് പരിശോധന ചെയ്ത് കൊടുക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യാൻ കർഷകരെ സഹായിക്കുന്നതിനായി മണ്ണ് പരിശോധന നടത്തുന്നതിനായി കോഴിക്കോട് ജില്ലാ മണ്ണ് പരിശോധന കേന്ദ്രം, തിക്കോടി, സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലബോറട്ടറി എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, കോഴിക്കോട് എന്ന സ്ഥാപനത്തിലും മണ്ണ് പരിശോധന സൗകര്യമുണ്ട്. കൂടാതെ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ കോഴിക്കോട് സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന പ്രാദേശിക മണ്ണ് പരിശോധനാശാലയിൽ കർഷകർ നേരിട്ട് എത്തിക്കുന്നതോ കോഴിക്കോട് ജില്ലാ മണ്ണ് പര്യവേഷണ ഓഫീസ് വഴി ശേഖരിക്കുന്നതോ ആയ മണ്ണ് സാമ്പിളുകളിലെ സസ്യപോഷകങ്ങൾ, അമ്ലത, ലവണാംശം എന്നിവ വിശദമായി പരിശോധിച്ചു നൽകുന്നു.

(ബി) ശാസ്ത്രീയ കൃഷിയെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നതറിയിക്കാമോ?

കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം വളർത്തുന്നതിന് പരിശീലന പരിപാടികൾ, സെമിനാറുകൾ, മാതൃക കൃഷി പ്രദർശന തോട്ടങ്ങൾ, പഠന യാത്രകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. മാത്രമല്ല കർഷകർക്ക് കൂടുതൽ അറിവ് ലഭിക്കുന്നതിന് ഫാം സ്കൂൾ, കൃഷി പാഠശാല എന്നിവയിലൂടെ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കർഷക പരിശീലന കേന്ദ്രം (FTC), റീജിയണൽ അഗ്രികൾച്ചർ ടെക്നോളജി ട്രെയിനിംഗ് സെന്റർ (RATTC) എന്നിവ വഴി കർഷകർക്ക് വിവിധ വിഷയങ്ങളെ അധികരിച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. കോഴിക്കോട് പ്രവർത്തിക്കുന്ന ജില്ലാ മണ്ണ് പര്യവേക്ഷണ കാര്യാലയം മുഖേനയും കോഴിക്കോട് പ്രാദേശിക മണ്ണ് പരിശോധനശാല മുഖേനയും ശാസ്ത്രീയ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് വിശദമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന സോയിൽ ഹെൽത്ത്കാർഡ് നൽകിവരുന്നു. കൂടാതെ ശാസ്ത്രീയ കൃഷിയെക്കുറിച്ച് അവബോധം നൽകുന്നതിനായി മണ്ണ് സാമ്പിൾ ശേഖരണം, ശാസ്ത്രീയ വളപ്രയോഗം, മണ്ണിന്റെ ശാസ്ത്രീയ പരിപാലന മുറകൾ, മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നൽകി വരുന്നു.

**കാർഷിക കർമ്മസേന**

31 (3430) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകൃതമായ കാർഷിക കർമ്മസേന ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ, എങ്കിൽ അവയുടെ പ്രവർത്തനങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്രീയ കൃഷി രീതികളും കൃഷി പരിപാലന മുറകളും ഉപകരണങ്ങളും, കീടനിയന്ത്രണോപാധികളും കർഷകരിൽ എത്തിച്ച് കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൃഷിഭവൻ തലത്തിൽ കാർഷിക കർമ്മസേനകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷിഭവൻ തലത്തിൽ 368 കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കാർഷിക കർമ്മസേനകളുടെ ചുമതലകൾ.

(ബി) കർമ്മസേനയുടെ പ്രവർത്തനം ഏതെല്ലാം കാർഷിക മേഖലകളിൽ കർഷകർക്ക് ഗുണകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിലാളി ക്ഷാമംമൂലം തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, തെങ്ങുകയറ്റം, മരുന്ന് തളി, നടീൽ, കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവ വളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക്

നൽകുക തുടങ്ങി കാർഷിക മേഖലകളിൽ കർഷകർക്ക് ഗുണകരമായിട്ടുള്ള പ്രവർത്തനങ്ങൾ കാർഷിക കർമ്മസേനയുടെ കീഴിൽ നടന്നുവരുന്നു.

(സി) കാർഷിക കർമ്മസേനയുടെ സേവനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഓരോ പഞ്ചായത്തുകളിലും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന പ്രവർത്തകരെ അതതു പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന വഴി ലഭ്യമാക്കുന്നു. നടീൽ വസ്തുക്കളുടെ ഉത്പാദനം, വിത്തുല്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, നൂതന കൃഷി മുറകൾ നടപ്പാക്കൽ (കണിക ജലസേചനം/ മഴമറ/പോളിഹൗസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കി കർമ്മസേനകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ കാർഷിക കർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മൊകേരി, കരിയാട്, പാനൂർ, പെരിങ്ങളം, കുന്നോത്ത്പറമ്പ്, കൂത്തുപറമ്പ്, കോട്ടയം, മലബാർ, തൃപ്പങ്ങോട്ടൂർ എന്നീ കൃഷിഭവൻ പരിധികളിൽ കാർഷിക കർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ട്.

**കർഷകക്ഷേമനിധി ബോർഡ്**

32 (3431) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ബോർഡ് മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കർഷകരുടെ ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച കർഷകക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.

2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.

3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷികവൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം: രോഗംമൂലമോ അപകടംമൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.

5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സാസഹായം ലഭ്യമാക്കുന്നതാണ്.

6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.

7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് സഹായം നൽകും.

8. മരണാനന്തര ആനുകൂല്യം.

(സി) ജൈവകൃഷി വ്യാപനം ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജൈവകൃഷി വ്യാപനം ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ ഇതുവരെ ആവിഷ്കരിച്ചിട്ടില്ല.

## സ്വതന്ത്ര കർഷക സംഘത്തിന് കാർഷിക വികസന സമിതികളിൽ അംഗത്വം

33 (3432) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1974 മുതൽ കാർഷിക-കർഷക പ്രശ്നങ്ങളിൽ വളരെ വ്യവസ്ഥാപിതമായി ഇടപെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വതന്ത്ര കർഷക സംഘത്തിന് കാർഷിക വികസന സമിതികളിൽ അംഗത്വമുണ്ടായിരുന്നത് ഒഴിവാക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ കൃഷി വകുപ്പുമന്ത്രി പ്രസ്തുത അംഗത്വം പുനഃസ്ഥാപിച്ചു നൽകുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ പരിഗണിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന, ജില്ലാപഞ്ചായത്ത് തലങ്ങളിലുള്ള കാർഷിക വികസന സമിതികളിൽ സ്വതന്ത്ര കർഷക സംഘത്തിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) ഉണ്ട്. സ്വതന്ത്ര കർഷക സംഘത്തിന്റെ പ്രതിനിധികളെ കാർഷിക വികസന സമിതിയിൽ ഉൾപ്പെടുത്തി ഉത്തരവ് ലഭ്യമാക്കണമെന്ന ആവശ്യം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## സുഭിക്ഷകേരളം പദ്ധതിയിലെ ഓൺലൈൻ രജിസ്ട്രേഷൻ

34 (3433) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതി പ്രകാരം എത്ര കർഷകർ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം (16-10-2021 പ്രകാരം) അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി യോഗ്യമാക്കിയ തരിശു ഭൂമിയുടെ വിള തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ സീഡ് ഫാം

35 (3434) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സീഡ് ഫാമിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇതിന്റെ പശ്ചാത്തല വികസനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

1963-ൽ സ്ഥാപിതമായ അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമിന്റെ ആകെ വിസ്തൃതി 7.13 ഹെക്ടറാണ്. അതിൽ 6.48 ഹെക്ടർ ഭൂമിയും നെൽപ്പാടമാണ്. ഫാമിന്റെ വൈവിദ്ധ്യവൽക്കരണത്തിനും ആധുനീകരണത്തിനും കരഭൂമിയുടെ കുറവ് ഒരു പരിമിതിയായി നിലനിൽക്കുന്നു. നിലവിൽ നെൽവിത്ത്, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളകുവള്ളികൾ, തെങ്ങിൻ തൈ, ഫലവൃക്ഷ തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. പശ്ചാത്തല വികസനത്തിനായി ആധുനിക നെൽവിത്ത് സംഭരണ ശാല, മഴമറകൾ, പോളിഹൗസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവ ഫാമിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ട്രാക്ടർ, മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷികോപകരണങ്ങളുമുണ്ട്. ആകെ 19 സ്ഥിരം തൊഴിലാളികളുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ 14 സ്ഥിരം തൊഴിലാളികളാണുള്ളത്. അഞ്ച് സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സീനിയർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ ജീവനക്കാരും നിലവിലുണ്ട്.

(ബി) ആധുനിക കൃഷി രീതികൾ പ്രാവർത്തികമാക്കുന്നതിന് ഈ സീഡ് ഫാമിന്റെ പ്രവർത്തനം നവീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാമോ; ഉണ്ടെങ്കിൽ എന്തൊക്കെ തരത്തിൽ ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമെന്ന വിശദമായ പഠനം നടത്താൻ വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

## സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നടീൽവസ്തുക്കളുടെ ഗുണമേന്മ

36 (3435) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നടീൽവസ്തുക്കൾ ഗുണമേന്മ കുറഞ്ഞവയാണെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും

ചെടികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും 13-12-2005-ലെ സ.ഉ. (സാധാ) നമ്പർ 1796/2005/കൃഷി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി തൈകൾ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്.

(ബി) പൊള്ളാച്ചി വിത്ത് തേങ്ങ ഉൾപ്പെടെ സ്വകാര്യ നഴ്സറികളിൽ നിന്നും ഗുണമേന്മയില്ലാത്ത നടീൽവസ്തുക്കൾ വാങ്ങി കേരള കാർഷിക സർവ്വകലാശാലയുടെ ലേബലിൽ വിൽക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാരായവർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കാർഷിക സർവ്വകലാശാല വർഷം തോറും രണ്ട് ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വന്നിരുന്നു. 2019 മുതൽ നാളികേര വികസന കൗൺസിലിന് മൂന്ന് ലക്ഷം തൈകൾ അധികമായി നൽകേണ്ടി വന്നതിനാൽ ഏകദേശം അഞ്ച് ലക്ഷത്തോളം തൈകൾ ഉത്പാദിപ്പിക്കേണ്ടതായി വരുന്നു. നിലവിൽ കേരളത്തിലെ കർഷകരിൽനിന്നും വിവിധ ഫാമുകളിൽനിന്നും ഗുണമേന്മയുള്ള മൂന്ന് ലക്ഷം വിത്ത് തേങ്ങ മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇവയിൽ നിന്നും 2,32,109 വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. അതിനാൽ പശ്ചിമതീര നെടിയ ഇനം (WCT) വിത്തുതേങ്ങകൾ കേരളത്തിന്റെ അതിർത്തി പ്രദേശമായ പൊള്ളാച്ചിയിലെ സർട്ടിഫൈഡ് കേരകർഷകരുടെ തോട്ടങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ വിത്തുതേങ്ങ സംഭരിക്കുന്നതിനായി രൂപീകരിച്ച വിത്തുതേങ്ങ സംഭരണ സമിതി സന്ദർശിച്ച് തെരഞ്ഞെടുക്കപ്പെട്ട മാതൃവൃക്ഷങ്ങളിൽ നിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണമേന്മയുള്ള വിത്ത് തേങ്ങകൾ സംഭരിച്ചിരുന്നു. ശാസ്ത്രീയമായി നല്ലവണ്ണം പരിപാലിച്ചുവരുന്ന ഈ തോട്ടങ്ങളിൽ നിന്നും സംഭരിച്ച വിത്തുതേങ്ങകൾ നേരത്തെ മുളയ്ക്കുന്നവയും 90%-ന് മുകളിൽ അങ്കുരണശേഷിയുള്ളവയുമാണ്. ഈ വിത്തുതേങ്ങയിൽ നിന്നും ഉത്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളിൽ നിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ ശിപാർശ ചെയ്തിരിക്കുന്ന ഗുണമേന്മകൾ അനുസരിച്ചുള്ള തൈകൾ മാത്രമാണ് വിതരണം ചെയ്തുവരുന്നത്.

(സി) "സുഭിക്ഷ കേരളം പദ്ധതി"യുടെ ഭാഗമായി ഇത്തരത്തിൽ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ ഗുണമേന്മ കുറഞ്ഞതു കാരണം സമീപ ഭാവിയിൽ സംസ്ഥാനത്ത് കാർഷിക മേഖലയ്ക്കുണ്ടാകുന്ന തകർച്ച പരിഹരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 13-12-2005-ലെ സ.ഉ. (സാധാ) നമ്പർ 1796/2005/കൃഷി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750 രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മയും വിലയും നിശ്ചയിക്കുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡല പരിധിയിൽ കർഷകപെൻഷൻ വാങ്ങുന്ന കർഷകർ**

37 (3436) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള ഏഴ് കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്ന് കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള ഏഴ് കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച അപേക്ഷകളിൽ തീർപ്പാകാതെയുള്ള അപേക്ഷകളുടെ എണ്ണം കൃഷിഭവൻ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലത്തൂർ മണ്ഡല പരിധിയിൽ എത്ര കർഷകർ കർഷകപെൻഷൻ വാങ്ങുന്നുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

ആലത്തൂർ മണ്ഡല പരിധിയിൽ കർഷകപെൻഷൻ വാങ്ങുന്ന കർഷകരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കർഷക പെൻഷൻ

38 (3437) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കൃഷി ഭവനുകളിൽ കർഷക പെൻഷനു വേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാനത്തിലും മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച തീർപ്പാക്കാതെയുള്ള അപേക്ഷകളുടെ കണക്ക് കൃഷിഭവൻ/ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കർഷക പെൻഷനുവേണ്ടി സ്വീകരിക്കുന്ന അപേക്ഷകളിൽ മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ഏറ്റവും കുറഞ്ഞ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ദിവസമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലയളവ് നിശ്ചയിച്ച് നല്കാമോ?

കർഷക പെൻഷനുവേണ്ടി സ്വീകരിക്കുന്ന അപേക്ഷകളിൽ, ബന്ധപ്പെട്ട കാർഷിക വികസന സമിതികളുടെ അനുമതിയും 3-3-2017-ലെ കൃഷി ആസൂത്രണം (ബി) വകുപ്പിന്റെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 28/2017 കൃഷി പ്രകാരം പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതിയും ആവശ്യമായതിനാൽ, മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ഏറ്റവും കുറഞ്ഞ കാലയളവ് നിശ്ചയിച്ചിട്ടില്ല.

## സംസ്ഥാനത്ത് കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം

39 (3438) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) കർഷക പെൻഷൻ ഏതു കാലയളവുവരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമയി ചേർക്കുന്നു.* ചെറുകിട നാമമാത്ര കർഷക പെൻഷൻ 2021 സെപ്റ്റംബർ മാസം വരെ നല്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വന്യജീവികൾ കാരണം കൃഷിനാശവും വരുമാന നഷ്ടവും

40 (3439) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ശല്യം കാരണം കൃഷിനാശവും വരുമാന നഷ്ടവും സംഭവിച്ച മുഴുവൻ കർഷകർക്കും അർഹമായ നഷ്ടപരിഹാരം നൽകുന്ന കാര്യം കൃഷി വകുപ്പ് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് വനം-വന്യജീവി വകുപ്പാണ്. എന്നാൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകരുടെ വിളകൾക്ക് വന്യജീവി ആക്രമണംമൂലം വിളനാശം സംഭവിച്ചാൽ പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

## പ്രകൃതിക്ഷോഭംമൂലമുള്ള നഷ്ടപരിഹാരം

41 (3440) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലമുള്ള കാർഷിക നഷ്ടപരിഹാര ഇനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 2018 മുതൽ നാളിതുവരെയുള്ള അപേക്ഷകരുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം കാർഷിക നഷ്ടപരിഹാര ഇനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 2018 മുതൽ നൽകിയ തുകയുടെയും അപേക്ഷകരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കാത്ത അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ആകെ ലഭിച്ച അപേക്ഷകളിൽ 2021-22 സാമ്പത്തിക വർഷം ലഭിച്ച 28 അപേക്ഷകളിൽ 2,45,418 രൂപ ധനസഹായം അനുവദിക്കാനുണ്ട്.

(സി) നടപടി സ്വീകരിക്കാനുള്ള അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കാമോ?

കൃഷി ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. ഈ അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം

42 (3441) ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം പോലുള്ളവയിൽ നിന്നും കൃഷിയേയും കൃഷിയിടങ്ങളേയും സംരക്ഷിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രകൃതി വിഭവങ്ങളും ജൈവ സമ്പത്തും നിലനിർത്തികൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84,000 ഹെക്ടർ വിസ്തൃതിയിൽ ജൈവകൃഷി നടപ്പിൽവരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി മൂന്ന് വർഷംകൊണ്ടാണ് നടപ്പിലാക്കുന്നത്.

ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകളുടെ (FIG) രൂപീകരണം:- ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനുമായി ഒരു ക്ലസ്റ്ററിൽ രണ്ട് ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.

വ്യക്തിഗത ആനുകൂല്യങ്ങൾ :- പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു.

പി.ജി.എസ് സർട്ടിഫിക്കേഷൻ :- പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ്. ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പി.ജി.എസ് ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് സൗജന്യമായി കർഷകർക്ക് നൽകുന്നു. പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞാൽ പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റും സൗജന്യമായി നൽകുന്നു. പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ Jaivik Kheti (www.jaivikkheti.in) പോർട്ടൽ വഴി ആരംഭ ഘട്ടത്തിൽ തന്നെ വില്പന നടത്തുവാനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം "ഇ-വിപണിയിലൂടെ" സാധ്യമാകുന്നു.

**കുട്ടനാട്ടിലെ മടവീഴ്ച പരിഹരിക്കാൻ നടപടി**

43 (3442) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മടവീഴ്ചകൾ കാരണം കർഷകർക്കുണ്ടാകുന്ന വലിയ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സെപ്റ്റംബർ 2020 മുതൽ ജൂൺ 2021 കാലഘട്ടം വരെ കുട്ടനാട്ടിലെ 47 പാടശേഖരങ്ങളിൽ മടവീഴ്ചയുണ്ടാകുകയും ആയതിനുള്ള നഷ്ടപരിഹാരമായി 88,86,067 (എൺപത്തിയെട്ട് ലക്ഷത്തി എൺപത്തി ആറായിരത്തി അറുപത്തിയേഴ് രൂപ) അനുവദിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ആയതിൽ 25 പാടശേഖരങ്ങൾക്ക് 46,32,221 രൂപ 15-9-2021-ന് ജില്ലാ കളക്ടർ അനുവദിക്കുകയും തുക കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. ഒക്ടോബർ 2021-ൽ ഉണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലുംപെട്ട് ആലപ്പുഴ ജില്ലയിൽ കൃഷിക്കായി മുന്നൊരുക്കം നടന്നിട്ടുള്ള പാടശേഖരങ്ങളിലായി 19-10-2021 വരെ 14 മടകൾ വീണപോയിട്ടുണ്ട്. ഇതിന്റെ പുനർനിർമ്മാണത്തിനായി 7.8 ലക്ഷം രൂപ ആവശ്യമായിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഉൾപ്പെട്ട അപ്പർ കുട്ടനാടൻ മേഖലയിൽ മടവീഴ്ചമൂലം മുണ്ടകൻ കൃഷിയുടെ നിലമൊരുക്കൽ തടസ്സപ്പെടുകയും കൃഷിയിറക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചില പാടശേഖരങ്ങളിൽ മടവീഴ്ച മൂലം വിരിപ്പ് കൃഷിയിൽ വെള്ളം കയറിയിട്ടുമുണ്ട്.

(ബി) മടവീഴ്ചമൂലം പാകമായ നെല്ല് നഷ്ടപ്പെടുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മടവീഴ്ചമൂലം പാകമായ നെല്ല് നഷ്ടപ്പെടുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വരുത്താതിരിക്കാൻ ശ്രദ്ധിച്ചുവരുന്നു. പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലുള്ള ധനസഹായവും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000 രൂപയും ധനസഹായമായി അനുവദിക്കുന്നു.

**തോട്ടം മേഖലയുടെ പുനരുജ്ജീവനം**

44 (3443) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ, കൊക്കോ, കാപ്പി, തേയില തുടങ്ങിയ തോട്ടവിളകളുടെ രൂക്ഷമായ വിലയിടിവിനെ തുടർന്ന് കർഷകർ കൃഷി ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ കേരളത്തിലെ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ തെരഞ്ഞെടുത്ത ഫലവൃക്ഷങ്ങളെ കൂടി തോട്ടവിളകളായി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വിലത്തകർച്ചമൂലമുള്ള കർഷകരുടെ പ്രതിസന്ധി**

45 (3444) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലത്തകർച്ചമൂലം കർഷകർ പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന എല്ലാ പ്രധാനപ്പെട്ട കാർഷിക

വിളകൾക്കും ഉത്പാദനച്ചെലവിന്റെ ഇരട്ടിയിൽ കുറയാത്ത തുക താങ്ങുവിലയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

26-10-2020-ലെ സ.ഉ. (എം.എസ്.) നമ്പർ.80/2020 പ്രകാരം, സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന വില നിർണ്ണയ ബോർഡിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിൽ ഈ പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വേണമെന്നും ഏതൊക്കെ പുതിയ വിളകൾ ഉൾപ്പെടുത്തണമെന്നതും സംബന്ധിച്ച് വിവിധ ജില്ലകൾ സന്ദർശിച്ച് കർഷകരുടേയും വിവിധ മാർക്കറ്റ് നടത്തിപ്പുകാർ, നിർവ്വഹണോദ്യോഗസ്ഥർ, സംഭരണ ഏജൻസികൾ മുതലായവരുടേയും അഭിപ്രായങ്ങൾ ശേഖരിച്ച് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## ആലപ്പുഴ ജില്ലാ കൃഷിതോട്ടത്തിന്റെ വികസനം

46 (3445) <u>ശ്രീ എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ തഴക്കര ജില്ലാ കൃഷിതോട്ടത്തിന് എത്ര ഏക്കർ ഭൂമിയുണ്ടെന്നും അതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുവെന്നും ഏതെല്ലാം കൃഷി ആണ് ഉള്ളതെന്നും വിശദമാക്കുമോ?

മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തൃതി -37.66 ഹെക്ടർ, കൃഷിയോഗ്യമായ ഭൂമി -30.12 ഹെക്ടർ, റോഡ്, കെട്ടിടം, ഇൻഫ്രാസ്ട്രക്ചർ, കുളങ്ങൾ -7.54 ഹെക്ടർ എന്നിങ്ങനെയാണ്. ഇവിടെ വാഴ, തെങ്ങ്, പച്ചക്കറി, ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളും ഫലങ്ങളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

(ബി) ഇവിടെനിന്നും എന്തൊക്കെയാണ് വിപണനം ചെയ്യുന്നതെന്ന് അറിയിക്കുമോ?

വിവിധയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴക്കന്നുകളും തൈകളും, തെങ്ങിൻ തൈകൾ (നാടൻ, കുള്ളൻ ഇനങ്ങൾ), ഫലവർഗ്ഗ വിളകൾ, കുരുമുളക്, കിഴങ്ങു വർഗ്ഗങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ, വിവിധയിനം പച്ചക്കറികൾ, കോഴിമുട്ട എന്നിവ ഇവിടെ നിന്നും വിപണനം ചെയ്തുവരുന്നു.

(സി) ഇവിടെ എത്ര തൊഴിലാളികളും ഉദ്യോഗസ്ഥരും ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

സ്ഥിരം തൊഴിലാളികൾ-58, കാഷ്വൽ തൊഴിലാളികൾ-31, സൂപ്രണ്ട്-1, കൃഷി ഓഫീസർ-1, ജൂനിയർ സൂപ്രണ്ട്-1, കൃഷി അസിസ്റ്റന്റ്- 3, ക്ലാർക്ക്-2, ഓഫീസ് അസിസ്റ്റന്റ്-1, വാച്ച്മാൻ-2, ട്രാക്ടർ ഡ്രൈവർ-1, ഡ്രൈവർ-1.

(ഡി) പ്രസ്തുത ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ആലപ്പുഴ ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി നടപ്പു വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഫലവർഗ്ഗ വികസന പദ്ധതിയിൽ ഫലവൃക്ഷ തൈകളുടെ ഉത്പാദനം, പോളിഹൗസ് നിർമ്മാണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, മാതൃ വൃക്ഷതോട്ടം സ്ഥാപിക്കൽ എന്നിവയ്ക്കായി 76.5 ലക്ഷം രൂപ, റീജിയണൽ നാളികേര നഴ്സറി സ്ഥാപിക്കുന്നതിന് 13.44 ലക്ഷം രൂപ, "നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും" എന്ന പദ്ധതിയിൽ വിവിധ വിളകളുടെ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനുമായി 25.33 ലക്ഷം രൂപ, "നാളികേര കൗൺസിൽ" എന്ന പദ്ധതിയിൽ നാളികേര നഴ്സറിക്കായി 4 ലക്ഷം രൂപ, "ഫാമിൽ ഹൈ - ടെക് യൂണിറ്റ് " എന്ന പദ്ധതിയിൽ 2.8 ലക്ഷം രൂപ എന്ന തോതിൽ കൃഷി വകുപ്പിൽനിന്നും ഫാമിന് ഈ വർഷം ഫണ്ട് നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്.-നുകീഴിൽ ഫാമിന്റെ വികസനത്തിനായി ചുറ്റുമതിൽ നിർമ്മാണം, ജലസേചന സൗകര്യങ്ങളുടെ വികസനം, 500-ൽപ്പരം മുട്ടക്കോഴികളുടെ വളർത്തലും മുട്ടവിപണനവും എന്നിവ ഉൾകൊള്ളിച്ചുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**കൃഷി ഫാമുകളിലെ സാങ്കേതിക സൗകര്യ വികസനം**

47 (3446) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നതിന്റെയും വിശദമായ വിവരം നൽകുമോ?

സംസ്ഥാന സർക്കാരിന് കീഴിൽ 63 കൃഷി ഫാമുകൾ പ്രവർത്തിച്ചുവരുന്നു.

| ക്രമ നം. | ജില്ല | ഫാമുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | കഴക്കൂട്ടം തെങ്ങിൻതൈ നഴ്സറി, വലിയതുറ തെങ്ങിൻതൈ നഴ്സറി, വിത്തുല്പാദന കേന്ദ്രം, ഉള്ളൂർ, വിത്തുല്പാദന കേന്ദ്രം, ചിറയിൻകീഴ്, ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല, ബനാന നഴ്സറി, പെരിങ്ങമ്മല. |
| 2 | കൊല്ലം | അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കരുനാഗപ്പള്ളി തെങ്ങിൻതൈ നഴ്സറി, കശുമാവ്തോട്ടം കൊട്ടാരക്കര, കൊട്ടാരക്കര വിത്തുല്പാദന കേന്ദ്രം, കടയ്ക്കൽ വിത്തുല്പാദന കേന്ദ്രം. |
| 3 | പത്തനംതിട്ട | അടൂർ വിത്തുല്പാദന കേന്ദ്രം, പുല്ലാട് വിത്തുല്പാദന കേന്ദ്രം, കരിമ്പ് തോട്ടം, പന്തളം. |
| 4 | ആലപ്പുഴ | വിയ്യപുരം വിത്തുല്പാദന കേന്ദ്രം, അറുന്നൂറ്റിമംഗലം വിത്തുല്പാദന കേന്ദ്രം, മാവേലിക്കര സ്പെഷ്യൽ ഫാം. |
| 5 | കോട്ടയം | കോഴ ജില്ലാ കൃഷിത്തോട്ടം, കോഴ വിത്തുല്പാദന കേന്ദ്രം, വാലാച്ചിറ വിത്തുല്പാദന കേന്ദ്രം. |
| 6 | ഇടുക്കി | അരീക്കുഴ ജില്ലാ കൃഷിത്തോട്ടം, സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ, സംസ്ഥാന പച്ചക്കറി തോട്ടം വണ്ടിപ്പെരിയാർ, കരിമണ്ണൂർ വിത്തുല്പാദന കേന്ദ്രം. |
| 7 | എറണാകുളം | ആലുവ വിത്തുല്പാദന കേന്ദ്രം, ഒക്കൽ വിത്തുല്പാദന കേന്ദ്രം, വൈറ്റില തെങ്ങിൻതൈ നഴ്സറി, നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം. |
| 8 | തൃശ്ശൂർ | ചേലക്കര ജില്ലാ കൃഷിത്തോട്ടം, കോടശ്ശേരി വിത്തുല്പാദന കേന്ദ്രം, എടത്തുരുത്തി വിത്തുല്പാദന കേന്ദ്രം, നടവരമ്പ് വിത്തുല്പാദന കേന്ദ്രം, മണ്ണുത്തി വിത്തുല്പാദന കേന്ദ്രം, പാണഞ്ചേരി വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ വിത്തുല്പാദന കേന്ദ്രം, ഇരിഞ്ഞാലക്കുട തെങ്ങിൻതൈ നഴ്സറി, മോഡൽ ഹോർട്ടികൾച്ചറൽ ഫാം, കണ്ണാറ. |

| | | |
|---|---|---|
| 9 | പാലക്കാട് | അനങ്ങനടി വിത്തുല്പാദന കേന്ദ്രം, കേന്ദ്ര ഫലവർഗ്ഗത്തോട്ടം, പട്ടാമ്പി, ആലത്തൂർ വിത്തുല്പാദന കേന്ദ്രം, കോങ്ങാട് വിത്തുല്പാദന കേന്ദ്രം, മുതലമട വിത്തുല്പാദന കേന്ദ്രം, ഫലവർഗ്ഗ വികസനതോട്ടം, മലമ്പുഴ, കുന്നന്നൂർ വിത്തുല്പാദന കേന്ദ്രം, ഓറഞ്ച് - പച്ചക്കറിതോട്ടം, നെല്ലിയാമ്പതി, സംയോജിത വിത്ത് വികസനതോട്ടം, എരുത്തിയാംപതി. |
| 10 | മലപ്പുറം | ആനക്കയം വിത്തുല്പാദന കേന്ദ്രം, വിത്തുകൃഷിത്തോട്ടം, മുണ്ടേരി, തവന്നൂർ വിത്തുല്പാദന കേന്ദ്രം, ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം, ചൊക്കാട് വിത്തുല്പാദന കേന്ദ്രം, പരപ്പനങ്ങാടി തെങ്ങിൻതൈ നേഴ്സറി. |
| 11 | കോഴിക്കോട് | പുതുപ്പാടി വിത്തുല്പാദന കേന്ദ്രം, കൂത്താളി ജില്ലാ കൃഷിത്തോട്ടം, തിക്കൊടി തെങ്ങിൻതൈ നേഴ്സറി, പേരാമ്പ്ര വിത്തുല്പാദന കേന്ദ്രം. |
| 12 | കണ്ണൂർ | പാലയാട് തെങ്ങിൻതൈ നഴ്സറി, റ്റി X ഡി ഹൈബ്രഡൈസേഷൻ യൂണിറ്റ്, ചാലോട്, വേങ്ങാട് വിത്തുല്പാദന കേന്ദ്രം, കാങ്കോൾ വിത്തുല്പാദന കേന്ദ്രം, തളിപ്പറമ്പ ജില്ലാ കൃഷിത്തോട്ടം. |
| 13 | കാസർകോഡ് | കാസർഗോഡ് കശുമാവ് പ്രോജനിതോട്ടം ആദൂർ, ഗ്വാളിമുഖ, പുല്ലൂർ വിത്തുല്പാദന കേന്ദ്രം, കാസർഗോഡ് വിത്തുല്പാദന കേന്ദ്രം. |

(ബി) പ്രസ്തുത ഫാമുകളിൽ കേരളത്തിലെ കൃഷിക്കാർക്ക് ആവശ്യാനുസരണമുള്ള വിവിധയിനം വിത്തുകൾ നൽകുന്നുണ്ടോ?

ഉണ്ട്.

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് കൃഷി ഫാമുകളിൽ ആവശ്യമായ സാങ്കേതിക സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് കൃഷി ഫാമുകളിൽ ആവശ്യമായ സാങ്കേതിക സൗകര്യ വികസനത്തിന് തുക വകയിരുത്തിയിട്ടുണ്ട്. ഫാമുകളിൽ "ഹൈ-ടെക് കൃഷി യൂണിറ്റുകൾ", " ഫലവർഗ്ഗ വികസന പദ്ധതി" എന്നീ പദ്ധതികളുടെ കീഴിൽ ഇതിനായി നടപ്പ സാമ്പത്തിക വർഷം തുക

അനുവദിച്ചിട്ടുണ്ട്. അഞ്ചൽ, തളിപ്പറമ്പ എന്നീ ജില്ലാ കൃഷി ഫാമുകളിൽ ടിഷ്യുകൾച്ചർ ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് പദ്ധതികളിലൂടെയും ഫാമുകളുടെ സാങ്കേതിക സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഫാമുകളിൽ കമ്പ്യൂട്ടറൈസേഷൻ, ഇലക്ട്രോണിക് ബില്ലിംഗ് എന്നിവ നടപ്പിലാക്കുന്നതിനും പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

**തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി**

48 (3447) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി കൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്ന നെൽപ്പാടശേഖരങ്ങളുടെ വിസ്തൃതി എത്ര എന്ന് കൃഷി വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്ന നെൽപ്പാടശേഖരങ്ങളുടെ വിസ്തൃതി സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) വർഷങ്ങളായി കൃഷി ഇല്ലാതെ കിടന്ന പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വലിയ തുക ആദ്യ ഘട്ടത്തിൽ മുടക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഇവയ്ക്കായി ഇപ്പോൾ ഒറ്റത്തവണ സഹായമായി എത്ര രൂപയാണ് നൽകി വരുന്നത്; ഇതിന്റെ മാനദണ്ഡമെന്ത്?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷി പദ്ധതി പ്രകാരം തരിശുനിലങ്ങളിലെ നെൽകൃഷിക്ക് ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ തരിശുകൃഷിക്ക് ആനുകൂല്യം ലഭിക്കുന്നു. ഇതിനുപുറമെ, ഒരു ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും നൽകുന്നു.

(സി) പ്രസ്തുത തുക പര്യാപ്തമല്ല എന്ന പരാതി ഈ മേഖലയിൽനിന്നും ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കൃഷിയോഗ്യമാക്കേണ്ട പാടശേഖരത്തിന്റെ വിസ്തൃതിക്കനുസരിച്ച് എസ്റ്റിമേറ്റ് എടുത്ത് അതിനനുസരിച്ചുള്ള സഹായം കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റത്തവണയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലവിസ്തൃതി തിട്ടപ്പെടുത്തിയാണ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യം നൽകുന്നത്. പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആവശ്യമെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കൃഷിഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുന്ന പക്ഷം 2021-22 നെൽകൃഷി വികസന പദ്ധതിയിലെ "പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ്" എന്ന ഘടകത്തിൽ ലഭ്യമായ ഫണ്ടിൽനിന്നും അർഹതപ്പെട്ടവർക്ക് തുക അനുവദിക്കുന്നതാണ്. തരിശ് കൃഷിക്ക് ഒറ്റത്തവണയായി നൽകുന്ന ഹെക്ടറിന് 40,000 രൂപ എന്ന നിരക്കിലുള്ള ആനുകൂല്യം ലഭിക്കുന്നതിന് കൃഷിഭവനിലാണ് അപേക്ഷ നൽകേണ്ടത്.

## എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ കൃഷി പുനരാരംഭിക്കൽ

49 (3448) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തരിശായി കിടക്കുന്ന നാനൂറേക്കറോളം നെൽപ്പാടങ്ങൾ കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 150 ഏക്കർ നെൽവയൽ തരിശായി കിടക്കുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നെൽപ്പാടങ്ങളിൽ കൃഷി പുനഃരാരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി 2021-22 പ്രകാരം 25 ഏക്കറിൽ തരിശ് നെൽകൃഷി ചെയ്യുന്നതിന് 4 ലക്ഷം രൂപ വകയിരുത്തി കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളം പമ്പ് ചെയ്തുകളയുന്നതിന് 100% സബ്സിഡിയോടെ പമ്പ്സെറ്റ് നൽകുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) ഏകദേശം രണ്ടു മീറ്ററോളം ഉയരത്തിൽ നിറഞ്ഞുനിൽക്കുന്ന പോതപ്പുല്ല് നീക്കം ചെയ്യുന്നതിന് കൃഷി വകുപ്പ് കർഷകരെ സഹായിക്കുമോ; ഇതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നെൽകൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

പോതപ്പുല്ല് നിയന്ത്രിക്കുന്നതിന് കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച Almix എന്ന കളനാശിനി തളിക്കുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു നിലങ്ങൾ കൃഷിക്കായി ഒരുക്കി കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

## തരിശുനിലങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി

50 (3449) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തരിശുനിലത്തിൽ എത്ര ഏക്കർ സർക്കാർ വകയെന്നും എത്ര ഏക്കർ സ്വകാര്യ കർഷകരുടേതെന്നും വിശദമാക്കുമോ;

(ബി) കൃഷി ആദായകരമല്ലാത്ത അവസ്ഥയിൽ മറ്റ് സംരംഭങ്ങൾക്ക് കൃഷി ഭൂമി ഉപയുക്തമാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നിലവിലുള്ള തരിശുനിലത്തിൽ എത്ര ഏക്കർ സർക്കാർ വകയെന്നും എത്ര ഏക്കർ സ്വകാര്യ കർഷകരുടേതെന്നും കൃഷി വകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ പൊതുവായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് കൃഷി വകുപ്പ് ചെയ്തുവരുന്നത്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ ലഭ്യമാക്കിയും കൃഷിഭവൻ മുഖാന്തരം സാങ്കേതികസഹായങ്ങൾ നൽകിയും കൃഷി ആദായകരമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കോവിഡ്-19 സാഹചര്യത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് "സുഭിക്ഷകേരളം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കൃഷിയുക്തമായ മുഴുവൻ തരിശുനിലങ്ങളും കണ്ടെത്തി അതിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. തരിശ് കൃഷി ചെയ്യുന്നതിന് കർഷകരെ ആകർഷിക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനും ഉയർന്ന നിരക്കിലുള്ള സബ്സിഡിയും കർഷകർക്ക്

നൽകുന്നു. കൃഷിഭൂമി മറ്റ് സംരംഭങ്ങൾക്ക് ഉപയുക്തമാക്കുന്നത് കൃഷി വകുപ്പിന്റെ നയത്തിൽ ഉൾപ്പെടുന്നില്ല.

**രണ്ടാം കുട്ടനാട് പാക്കേജിൽ കാർഷിക രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ**

51 (3450) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളുടെയും പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പ്രളയാനന്തര കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി രണ്ടാം കുട്ടനാട് പാക്കേജ് എന്ന പേരിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പ്രത്യേക പരിഗണനയിലാണ്.

(സി) ഒന്നാം കുട്ടനാട് പാക്കേജിൽ സംഭവിച്ച വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് കുട്ടനാട്ടിലെ കർഷകരുമായി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതായിരിക്കും.

**കുട്ടനാട് മേഖലയിൽ ബലമുള്ള പുറം ബണ്ട് നിർമ്മാണം**

52 (3451) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ ബലമുള്ള പുറം ബണ്ടിന്റെ അഭാവംമൂലം പല പാടശേഖരങ്ങളിലും വർഷത്തിൽ രണ്ട് നെൽകൃഷി ചെയ്യുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നെല്ലുത്പാദനത്തിൽ സ്വയംപര്യാപ്തമാകാൻ ശ്രമിക്കുന്ന വേളയിൽ, ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ബലമുള്ള പുറം ബണ്ട് നിർമ്മിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതിയുടെ ഭാഗമായി 2020-21 വർഷത്തിൽ 20 കോടി രൂപയും; മടവീഴ്ച തടയുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും അധികം ജലം വറ്റിക്കുന്നതിന് വെർട്ടിക്കൽ ആക്സിയൽ പമ്പിംഗ് സംവിധാനത്തിനും ഉൾപ്പെടെ ആകെ 13.5 കോടി രൂപ നടപ്പുവർഷം (2021-22) കുട്ടനാട് വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ബലമുള്ള പുറംബണ്ട് നിർമ്മിക്കുവാൻ NABARD RIDF, RKVY, രണ്ടാം കുട്ടനാട് പാക്കേജ് തുടങ്ങിയവയിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ പരിഗണനയിലാണ്. പുറംബണ്ട് ബലപ്പെടുത്തുന്നതിനായി കൃഷി വകുപ്പിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ അനുബന്ധം ആയി ചേർക്കുന്നു.*

## കർഷക ഇൻഷ്വറൻസ്

53 (3452) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കർഷകരുടെയും വിളകൾക്ക് സർക്കാർ ഉറപ്പുനല്കുന്ന നിർബന്ധിത ഇൻഷ്വറൻസ് എന്നുള്ള ആശയം ഈ സർക്കാരിന്റെ ആലോചനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ കർഷകരെ നിർബന്ധിത ഇൻഷ്വറൻസ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നിർബന്ധിച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാറില്ല. എന്നിരുന്നാലും കർഷകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുവാൻ സ്ഥിരമായി ബോധവൽക്കരണവും ആഹ്വാനവും നൽകാറുണ്ട്. നിർബന്ധിത വിള ഇൻഷ്വറൻസ് എന്ന ആശയം നിലവിൽ പരിഗണനയിലില്ല.

(ബി) എല്ലാ കർഷകർക്കും മെഡിക്കൽ ഇൻഷ്വറൻസ് എന്ന ആശയം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ?

എല്ലാ കർഷകർക്കും മെഡിക്കൽ ഇൻഷ്വറൻസ് എന്ന ആശയം നിലവിൽ പരിഗണനയിലില്ല. എന്നാൽ കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്ന കർഷകർക്ക് മെഡിക്കൽ ഇൻഷ്വറൻസ് എന്നത് ബോർഡിന്റെ പദ്ധതിയിൽ പരിശോധിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ആനുകൂല്യം**

54 (3453) ശ്രീ. ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതൊക്കെ വിളകൾക്കാണ് ആനുകൂല്യം ലഭിക്കുക, വ്യക്തമാക്കാമോ?

22-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 37/2017/കൃഷി പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ 13.12.2017-ലെ സ.ഉ. (കൈ)നം.1192/2017/കൃഷി പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ 2 വിളകൾക്കുംകൂടി ചേർത്ത് ആകെ 27 വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കടലാക്രമണം, കൊടുങ്കാറ്റ് എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ) നം.1066/2017/കൃഷി പ്രകാരം കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28.12.2017-ലെ സ.ഉ.(കൈ) നം.167/2017/കൃഷി പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷികൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള

പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 1198/2018/കൃഷി. പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%-ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

(ബി) പദ്ധതിയിൽ ഉൾപ്പെടാൻ അപേക്ഷ സമർപ്പിക്കേണ്ട വിധം, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനായി കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS (Agriculture Information and Management System) മുഖേന അപേക്ഷിക്കാവുന്നതാണ്. പോർട്ടലിൽ കർഷകനായി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി ID-യും Password-ഉം ലഭിച്ചതിനുശേഷം കൃഷി ചെയ്യുന്ന വിളയുടെയും, കൃഷി ഭൂമിയുടെയും വിവരങ്ങളും അനുബന്ധ രേഖകളും പോർട്ടലിലേയ്ക്ക് നൽകേണ്ടതാണ് (Upload ചെയ്യണം). ആയതിനുശേഷം സംസ്ഥാന സർക്കാരിന്റെ പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സമർപ്പിച്ച അപേക്ഷകൾ കൃഷിഭവൻ തലത്തിൽ ഉദ്യോഗസ്ഥർ പരിശോധിച്ച് അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് കർഷകന് രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ സന്ദേശം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക ഒടുക്കി ചലാൻ അപ്‌ലോഡ് ചെയ്യണം. അതിനുശേഷം കൃഷി ഓഫീസർ, ജില്ലാ കൃഷി ഓഫീസർ എന്നിവരുടെ പരിശോധനകൾക്കുശേഷം പോളിസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. Google Play Store-ൽ ലഭ്യമായിട്ടുള്ള AIMS Mobile Application വഴിയും ഇതേ രീതിയിൽ വിള ഇൻഷ്വറൻസിനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വിളനാശമുണ്ടാകുന്ന പക്ഷം AIMS പോർട്ടലിലെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാട് ജില്ലയിൽ വാഴകൃഷി ചെയ്ത് വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് തുക

55 (3454) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വാഴകൃഷി ചെയ്ത് വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് ചെയ്തിട്ടും തുക നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. എന്നാൽ തവിഞ്ഞാൽ, കോട്ടത്തറ, തരിയോട് എന്നീ കൃഷിഭവനുകളിലെ ചില വാഴ കർഷകരുടെ ഇൻഷ്വറൻസ് കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമുള്ളതിനാൽ തുക നൽകിയിട്ടില്ല.

(ബി) വിളവെടുപ്പ് കാലം ശാസ്ത്രീയമായി നിർണ്ണയിക്കാതെ ഇൻഷ്വറൻസ് കാലാവധി നിശ്ചയിക്കുന്ന രീതിയാണോ ഇതിന് കാരണം എന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് കാലയളവ് പ്രീമിയം അടച്ച് ഒരാഴ്ച മുതൽ വിളവെടുപ്പ് തുടങ്ങുന്നത് വരെയാണ്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം അനുവദിക്കുന്നത് പ്രസ്തുത പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ചാണ്.

(സി) വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

നിലവിൽ AIMS പോർട്ടൽ വഴിയാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നത്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് വിളനാശമുണ്ടായാൽ AIMS പോർട്ടൽ മുഖേന നഷ്ടപരിഹാരത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യം അനുവദിച്ച് ആയത് DBT മുഖാന്തരം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നു.

## രാസവളങ്ങളും കീടനാശിനികളും ജൈവവളവും വില്പന നടത്തുന്നതിനുള്ള ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ

56 (3455) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുള്ള രാസവളങ്ങളും കീടനാശിനികളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(I) രാസവളങ്ങളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ- കാർഷികാവശ്യത്തിനുള്ള രാസവളങ്ങളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് രണ്ട് തരത്തിലുള്ള ലൈസൻസുകളാണ് നൽകുന്നത്. മൊത്ത വിതരണത്തിനുള്ള ലൈസൻസും ചില്ലറ വ്യാപാരത്തിനുള്ള ലൈസൻസും. ഇവ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

<u>മൊത്ത വിതരണത്തിനുള്ള ലൈസൻസ്</u>

1) ഫോം A1-ൽ ഉള്ള അപേക്ഷ പൂരിപ്പിച്ചുനൽകണം.

2) 450 രൂപയുടെ ചലാൻ ട്രഷറിയിൽ അടയ്ക്കണം (H/A - 0401-00-800-91)

3) രാസവളം/ജൈവവളം വില്ക്കുവാൻ ഉദ്ദേശിക്കുന്ന ഉത്പാദന/വിതരണ കമ്പനികളുടെ 'O' ഫോമുകൾ സമർപ്പിക്കണം.

4) മറ്റു സംസ്ഥാനങ്ങളിലുള്ള കമ്പനികളുടെ 'O' ഫോം ആണെങ്കിൽ ആ സംസ്ഥാനത്തുനിന്നും ലഭിച്ച മൊത്ത വിതരണ ലൈസൻസിന്റെ നോട്ടറി അറ്റസ്റ്റ് ചെയ്ത പകർപ്പ്.

5) സ്വന്തമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾക്ക്

a) ഏതെങ്കിലും അക്രെഡിറ്റഡ് ലബോറട്ടറികളിൽനിന്നും ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിൽ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അനലറ്റിക്കൽ റിപ്പോർട്ട്.

b) നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, അവ എത്ര ശതമാനം വീതം ചേർക്കുന്നു എന്ന കണക്ക്

c) നിർമ്മാണ യൂണിറ്റ് പരിശോധിച്ച റിപ്പോർട്ട് (അതത് ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T)- യുടെ)

d) അസംസ്കൃത വസ്തുക്കളുടെ 'O' ഫോമുകൾ

6) പഞ്ചായത്ത് ലൈസൻസ്

7) കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ (DDA (E&T)) ബിൽഡിംഗ് സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ്

8) വാടക ചീട്ടിന്റെ പകർപ്പ് (വാടക കെട്ടിടമാണെങ്കിൽ) മൊത്ത വിതരണത്തിനുള്ള ലൈസൻസ് നൽകുന്നത് കൃഷി ഡയറക്ടറേറ്റിൽ നിന്നും കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) ആണ്.

<u>ചില്ലറ വ്യാപാരത്തിനുള്ള ലൈസൻസ്</u>

1) ഫോം A1-ൽ പൂരിപ്പിച്ച അപേക്ഷ

2) 38 രൂപയുടെ ചലാൻ ട്രഷറിയിൽ അടയ്ക്കണം. ( H/A-0401-00-800-91 )

3) രാസവളം/ജൈവവളം എന്നിവ വില്ക്കുവാൻ ഉദ്ദേശിക്കുന്ന ഉല്പാദന/ വിതരണ കമ്പനികളുടെ 'O' form

4) മറ്റു സംസ്ഥാനങ്ങളിലുള്ള കമ്പനികളുടെ 'O' ഫോം ആണെങ്കിൽ ആ സംസ്ഥാനത്തുനിന്നും ലഭിച്ച മൊത്ത വിതരണ ലൈസൻസിന്റെ നോട്ടറി അറ്റസ്റ്റ് ചെയ്ത പകർപ്പ്.

5) പഞ്ചായത്ത് ലൈസൻസ്

6) കൃഷി ഓഫീസറുടെ ബിൽഡിംഗ് സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ്.

7) വാടക ചീട്ടിന്റെ പകർപ്പ് (വാടക കെട്ടിടം ആണെങ്കിൽ)

8) അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. വിദ്യാഭ്യാസ യോഗ്യത താഴെ പറയുന്നു.

കൃഷി ശാസ്ത്ര ബിരുദം B.Sc (Agriculture) അല്ലെങ്കിൽ കെമിസ്ട്രി ബിരുദം B.Sc (Chemistry) അല്ലെങ്കിൽ കൃഷിയിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് അല്ലെങ്കിൽ 15 ദിവസത്തെ INM-ലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കാർഷിക സർവ്വകലാശാല നടത്തുന്നത്).

നിലവിൽ രാസവളങ്ങൾക്കും ജൈവവളങ്ങൾക്കുമുള്ള അപേക്ഷ KSWIFT എന്ന പോർട്ടൽ മുഖേനയാണ് സമർപ്പിക്കേണ്ടത്. ചില്ലറ വിതരണത്തിനുള്ള ലൈസൻസ് നല്കുന്നത് അതത് ജില്ലകളിൽനിന്നും പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) ആണ്.

(II) കീടനാശിനികളുടെ വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ- സംസ്ഥാനത്ത് കീടനാശിനികൾ വില്പന നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ The Insecticides Act, 1968 പ്രകാരം സംസ്ഥാനം ചുമതലപ്പെടുത്തിയിട്ടുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന ലൈസൻസ് ആവശ്യമാണ്. കീടനാശിനികളുടെ ഉത്പാദനം, മൊത്തക്കച്ചവടം, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻസ് എന്നിവയ്ക്കുള്ള ലൈസൻസ് കൃഷി ഡയറക്ടറേറ്റിൽ നിന്ന് ജോയിന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പി.പി.) ആണ് നൽകുന്നത്. കീടനാശിനികളുടെ ചില്ലറ വില്പനയ്ക്കുള്ള അനുമതി അതത് ജില്ലകളിൽ

നിന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) ആണ് നൽകുന്നത്. ലൈസൻസിനുള്ള അപേക്ഷകൾ KSWIFT പോർട്ടൽ മുഖേന ബന്ധപ്പെട്ട കൃഷിഭവനിൽ ആണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകന്റെ തിരിച്ചറിയിൽ രേഖ

2. കീടനാശിനി സംഭരണ-വിൽപ്പന കേന്ദ്രത്തിന്റെ മേൽവിലാസം

3. കെട്ടിട-ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/നികുതി ഒടുക്കിയ രസീത് അല്ലെങ്കിൽ വാടക കരാർ

4. വാടക കെട്ടിടത്തിൽ ആണ് വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം

5. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്

6. കീടനാശിനി ചില്ലറ വില്പനയ്ക്ക് കെട്ടിടം അനുയോജ്യമാണ് എന്നുള്ളതിന് കൃഷി ഓഫീസറും മൊത്ത വിപണനത്തിന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)-യും നൽകുന്ന സാക്ഷ്യപത്രം

7. അപേക്ഷകന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും കൃഷി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, ലൈഫ് സയൻസ്, സയൻസ് (കെമിസ്ട്രി, ബോട്ടണി, സുവോളജി) ഇവയിൽ ഏതെങ്കിലും വിഷയങ്ങളിൽ ലഭിച്ചിട്ടുള്ള ബിരുദ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു വർഷം ദൈർഘ്യമുള്ള അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ പ്ലാന്റ് പ്രൊട്ടക്ഷൻ, പെസ്റ്റിസൈഡ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾ ഉൾപ്പെട്ട ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് സർട്ടിഫിക്കറ്റ്

8. അപേക്ഷകൻ തന്നെയാണോ ടെക്നിക്കൽ പേഴ്സൺ/അപേക്ഷകൻ ടെക്നിക്കൽ പേഴ്സണെ നിയമിക്കുകയാണോ എന്ന് രേഖപ്പെടുത്തണം. ടെക്നിക്കൽ പേഴ്സണിന്റെ നിയമന ഉത്തരവ്, സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ജോലി സ്വീകരിച്ച കത്ത് എന്നിവ സമർപ്പിച്ചിരിക്കണം.

9. വിൽപ്പന നടത്തുന്ന കീടനാശിനികളുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ്

10. കീടനാശിനി ഉല്പാദക കമ്പനി നൽകുന്ന പ്രിൻസിപ്പൽ സർട്ടിഫിക്കറ്റ്- പഞ്ചായത്ത് പരിധിയിൽ ഒരു കീടനാശിനിക്ക് 100 രൂപ നിരക്കിൽ പരമാവധി 1,500 രൂപയും, കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും ഒരു കീടനാശിനിക്ക്

500 രൂപ നിരക്കിൽ പരമാവധി 7,500 രൂപയും ലൈസൻസ് ഫീ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്. ചലാൻ മുഖേന ട്രഷറിയിൽ 0401-00-800-91 എന്ന ശീർഷകത്തിലും അടയ്ക്കാവുന്നതാണ്.

(ബി) നിലവിലെ വിപണന കേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് വില്പന നടത്തുന്ന ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലെ വിപണന കേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് വില്പന നടത്തുന്ന ജൈവവളങ്ങളുടെ സാമ്പിളുകൾ പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിച്ചുവരുന്ന ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ജൈവകീടനാശിനികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഹൈദരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ അയച്ച് ഗുണനിലവാരം പരിശോധന നടത്തുന്നു. ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

**കാർഷിക ഉപകരണങ്ങൾ/കീടനാശിനികൾ വിൽക്കുന്നതിനുള്ള ലൈസൻസ്**

57 (3456) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, കീടനാശിനികൾ എന്നിവ വിൽക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്ന് അറിയിക്കുമോ; അപേക്ഷകളുടെ മാതൃക ലഭ്യമാക്കുമോ?

(എ&ബി) കാർഷിക ഉപകരണങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കാർഷിക ആവശ്യത്തിനായി കീടനാശിനി വിൽക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. 2-12-2010-ലെ സ.ഉ(എം.എസ്)നം.310/2010/കൃഷി (കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു).
2. 17-1-2011-ലെ സ.ഉ(എം.എസ്)നം.22/2011/കൃഷി (കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ)
3. 7-5-2011-ലെ സ.ഉ (എം.എസ്)നം.116/2011/കൃഷി (വിഷവീര്യം കൂടിയ കീടനാശിനികൾ പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്)
4. 23-5-2011-ലെ സ.ഉ. (എം.എസ്)നം.136/2011/കൃഷി (എൻഡോസൾഫാൻ നിരോധനം ശക്തിപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ രൂപീകരണം)
5. 28-7-2015-ലെ സ.ഉ(എം.എസ്)നം.128/2015/കൃഷി (രാസകീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ)
6. 24-5-2019-ലെ കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ (1)19361/2019 (ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്)
7. 28-5-2019-ലെ കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ (1)2001/2019 (വിരാട് കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്)

(സി) പ്രസ്തുത ഓഫീസുകളിൽനിന്നും ശരിയായ വിധത്തിലുള്ള മറുപടി കർഷകർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ലൈസൻസ് നൽകുന്ന ഓഫീസിന്റെ ഔദ്യോഗിക ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ ലഭ്യമാക്കുമോ?

ലൈസൻസ് നൽകുന്ന അധികാരിയുടെ പേരും ഓഫീസിന്റെ ഔദ്യോഗിക ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ അനുബന്ധം-II ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണോ; വിശദമാക്കാമോ?

ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in-ൽ Farmers and Public Corner-ൽ ലഭ്യമാണ്.

(എഫ്) ലൈസൻസ് നടപടികൾ ഓൺലൈൻ ആക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. കീടനാശിനി ഉൽപ്പാദനം, മൊത്തവിപണനം, ചില്ലറ വിൽപ്പന, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻ എന്നീ പ്രവർത്തനങ്ങൾക്ക് പുതിയ ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ 30-10-2020 മുതൽ KSWIFT പോർട്ടൽ മുഖേനയാണ് സ്വീകരിച്ച് വരുന്നത്.

**പുതിയ കാർഷിക-സംഭരണ കേന്ദ്രങ്ങൾ**

58 (3457) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് ഉൽപാദന ചെലവിന്റെ ഒന്നര ഇരട്ടിയെങ്കിലും തറവില നൽകി സംഭരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഇല്ല.

(ബി) കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിനായി പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; സംസ്ഥാനത്ത് എത്ര സംഭരണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും അൻപത് ശതമാനം സബ്സിഡി നൽകി സഹകരണ വകുപ്പിലൂടെയും നടപ്പിലാക്കുന്നു. 3 സംഭരണ കേന്ദ്രങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ കൃഷി വകുപ്പിന്റെ കീഴിൽ

100% സാമ്പത്തിക സഹായത്തോടെ ഇടുക്കി ജില്ലയിൽ ഒരെണ്ണവും സഹകരണ വകുപ്പിന്റെ കീഴിൽ 50 ശതമാനം സബ്സിഡി നൽകികൊണ്ട് രണ്ട് സംഭരണ കേന്ദ്രങ്ങളും ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള കേന്ദ്രങ്ങളുടെ സ്ഥലം എവിടെയെല്ലാമാണെന്ന് തീരുമാനിക്കേണ്ടതായിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ കീഴിൽ സംഭരണ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കായി സംസ്കരണ യൂണിറ്റുകൾ

59 (3458) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിച്ച് വില്പന നടത്തുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിനും വില്പന നടത്തുന്നതിനും കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കൂടാതെ കേരള ഫാം ഫ്രെഷ് അടിസ്ഥാന വില പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 550 വിപണികൾ വഴി പഴം പച്ചക്കറികൾ സംഭരിക്കുന്നു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ യഥാസമയം സംഭരിച്ച് വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില

ലഭിക്കുന്നതിനും ഉത്പന്നങ്ങൾ നഷ്ടപ്പെടാതെ വിൽക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ വയനാട്ടും തൃശ്ശൂരും ആരംഭിച്ചിട്ടുള്ള പായ്ക്ക് ഹൗസുകളിൽ പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിന് 20 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഹോർട്ടികോർപ്പ് മൂന്നാർ ജില്ലാ സംഭരണ കേന്ദ്രത്തിന്റെ കീഴിൽ ഒരു കോൾഡ് സ്റ്റോറേജിലും ഈ ഉൽപ്പന്നങ്ങൾ മറ്റു ജില്ലകളിൽ എത്തിക്കുന്നതിനായി ഒരു ശീതീകരണ സംവിധാനമുള്ള റീഫർ വാനും നിലവിലുണ്ട്.

(ബി) പ്രസ്തുത പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഫുഡ് പാർക്കുകളും സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി. വഴി നടപ്പാക്കിവരുന്നു. കൂടാതെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് ഉണ്ടാക്കാൻ നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ണൂർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുന്നവിധത്തിൽ പുതുതായി കേരളത്തിൽ 150 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം

വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.

## നഴ്സറികൾ വഴി വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം

60 (3459) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാർഷിക നഴ്സറികൾ വഴി വിതരണം ചെയ്യുന്ന വിത്തുകളും തൈകളും ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉൽപാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 13.12.2005-ലെ സ.ഉ.(സാധാ) നം. 1796/2005/കൃഷി. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം ലൈസൻസ് ലഭിക്കുന്നതിന് 750 രൂപ ലൈസൻസ് ഫീസ് അടച്ച് അതത് കൃഷി ഭവനിൽ അപേക്ഷിക്കേണ്ടതാണ്. ടി സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളും നിബന്ധനകളും പരിശോധിച്ച് അർഹതയുള്ള നഴ്സറികൾക്ക് അതത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ 2 വർഷത്തേയ്ക്ക് രജിസ്ട്രേഷന് അംഗീകാരം നൽകുന്നതാണ്. മാനദണ്ഡങ്ങൾ പ്രകാരം തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തുന്നതാണ്. തൈകൾ ഗുണമേന്മ ഇല്ലാത്തതാണ് എന്നു കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. നടീൽവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ പച്ചക്കറിത്തൈകളും ഫലവൃക്ഷത്തൈകളും വിത്തുകളും ലഭിക്കുന്ന അംഗീകൃത കാർഷിക നഴ്സറികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന അംഗീകൃത കാർഷിക നഴ്സറികൾ വഴിയാണ് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നത്.

| ക്രമ നം. | പേര് & മേൽവിലാസം | തൈകളുടെ പേര് | ലൈസൻസ് & തീയതി |
|---|---|---|---|
| 1 | കൊൻഹിരാമൻ റ്റി. കീഴലത്ത് (H), പേരാമ്പ്ര, കോഴിക്കോട്, Ph. No. 9645055963 പേരാമ്പ്ര കൃഷി ഭവൻ. | തെങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കവുങ്ങ്, വാഴ | No. 7/2019 31/10/2019 to 31-10-2021 |
| 2 | ഫ്രാൻസിസ് കെ.റ്റി. കൈതകുളത്ത്(H) മരുതൻകര പി.ഒ കാവിലുംപാറ Ph. No. 9947142849, 8036482452 | തെങ്ങ്, കുരുമുളക്, കവുങ്ങ്, ജാതിക്ക | No. 8/2019 25/11/2019 to 24/11/2021 |
| 3 | ഇബ്രാഹിം എം.റ്റി. പടിക്കലക്കണ്ടിയിൽ (H) പുളിയാവ്. പി.ഒ, പാറക്കടവ് Ph. No. 9207006334 | മാവ്, പ്ലാവ്, സപ്പോട്ട ഗാർഡൻ പ്ലാന്റ് | No. 07/2020 07/12/2019 to 06/12/2021 |
| 4 | രവി വി.പി. കിഴക്കുംകരമ്മൽ (H), വെല്ലൂർ പി.ഒ, കോടഞ്ചേരി. | തെങ്ങിൻതൈകൾ, കവുങ്ങ് തൈകൾ, ജാതി, സപ്പോട്ട, പേരക്ക, നെല്ലിക്ക, ഇഞ്ചി, കുരുമുളക്, മാവ്, പ്ലാവ്, മാംഗോസ്റ്റിൻ, വാഴ, മഞ്ഞൾ, പച്ചക്കറികൾ, ഫ്രൂട്ട് പ്ലാന്റ്സ്, ചേമ്പ്. | No. 01/2021 18/02/2021 to 17/02/2023 |
| 5 | ഡൊമിനിക് എം.എം. മണ്ണുകുന്നുമ്പിൽ (H), അന്നക്കമ്പോയിൽ, തിരുവമ്പാടി. | തെങ്ങ്, ജാതി. | No. 02/2021 25/08/2021 to 26/08/2023 |

## കാർഷിക വിളകൾക്ക് അടിസ്ഥാന വില

61 (3460) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് പഴം, പച്ചക്കറികൾ എന്നിവയിൽ ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില വിശദമാക്കാമോ?

26-10-2020-ലെ സ.ഉ. (എം.എസ്) 80/2020/കൃഷി പ്രകാരം കേരള ഫാം ഫ്രഷ് പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു.*

(ബി) കാർഷിക വിളകൾക്ക് അടിസ്ഥാന വില നൽകി സംഭരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള, വിസ്തീർണ്ണം, വിത സംബന്ധിച്ച വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത് കൃഷി ഭവനുകളിൽനിന്നും പരിശോധന നടത്തി ഉറപ്പുവരുത്തുന്നതുമാണ്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതുപ്രകാരം ഉത്പന്നങ്ങൾ തെരഞ്ഞെടുത്ത 550 വിപണികൾ വഴി നിലവിലെ മാർക്കറ്റ് വിലയ്ക്ക് സംഭരിക്കുകയും ചെയ്യുന്നു.

(സി) കോഴിക്കോട് ജില്ലയിൽ കാർഷികോല്പന്നങ്ങൾ ഏറ്റുവാങ്ങുന്ന സംഭരണ കേന്ദ്രങ്ങളുടെ പട്ടിക നൽകാമോ?

കോഴിക്കോട് ജില്ലയിൽ കാർഷികോല്പന്നങ്ങൾ ഏറ്റുവാങ്ങുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള സംഭരണ കേന്ദ്രങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. വെള്ളന്നൂർ സ്വാശ്രയ കർഷക സമിതി

2. ചേളാന്നൂർ സ്വാശ്രയ കർഷക സമിതി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. പേരാമ്പ്ര സ്വാശ്രയ കർഷക സമിതി

4. കാക്കൂർ സ്വാശ്രയ കർഷക സമിതി

5. കീഴപ്പറമ്പ സ്വാശ്രയ കർഷക സമിതി

6. കൊടിയത്തൂർ സ്വാശ്രയ കർഷക സമിതി

7. കൂടരഞ്ഞി സ്വാശ്രയ കർഷക സമിതി

8. കുന്നമംഗലം സ്വാശ്രയ കർഷക സമിതി

9. മാവൂർ സ്വാശ്രയ കർഷക സമിതി

10. മുക്കം സ്വാശ്രയ കർഷക സമിതി

11. മണിയൂർ സ്വാശ്രയ കർഷക സമിതി

12. താമരശ്ശേരി സ്വാശ്രയ കർഷക സമിതി

13. തലക്കളത്തൂർ സ്വാശ്രയ കർഷക സമിതി

14. തിരുവമ്പാടി സ്വാശ്രയ കർഷക സമിതി

15. ഉള്ളിയേരി സ്വാശ്രയ കർഷക സമിതി

16. ഹോർട്ടികോർപ്പ് കോഴിക്കോട് കോർപ്പറേഷൻ

17. ഹോർട്ടികോർപ്പ് തോടന്നൂർ

18. കൂരാച്ചുണ്ട് എ ഗ്രേഡ് ക്ലസ്റ്റർ

19. താമരശ്ശേരി ഇക്കോഷോപ്പ്

20. വേങ്ങേരി മൊത്ത വ്യാപാര വിപണി

**കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് നടപടി**

62 (3461) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-ഇടത്തരം കർഷകർക്ക് കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആണ് നിലവിലുള്ളത് എന്നറിയിക്കാമോ?

ചെറുകിട-ഇടത്തരം കർഷകർക്ക് കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ വിവിധ ജില്ലകളിലായി 11 അഗ്രോ ബസാറുകൾ പ്രവർത്തിച്ചുവരുന്നു. കാർഷിക ഉപകരണങ്ങൾ 50% വരെ സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് Sub Mission on Agriculture Mechanization (SMAM) പദ്ധതി നിലവിലുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 'ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്കരണം' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചെറുകിട ഇടത്തരം കർഷകർക്ക് ചുവടെ ചേർക്കും പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

1. 20 പവർ ട്രാൻസ്മിഷൻ ഔട്ട്പുട്ട് HP വരെയുള്ള ട്രാക്ടറുകൾക്ക് യൂണിറ്റൊന്നിന് 35% സബ്സിഡി. പരമാവധി 1.00 ലക്ഷം രൂപ വരെ.
2. 8 BHP-യ്ക്ക് താഴെയുള്ള പവർ ടില്ലറുകൾക്ക് യൂണിറ്റൊന്നിന് 58% സബ്സിഡി. പരമാവധി 50,000 രൂപ വരെ.
3. 8 BHP-യ്ക്ക് മുകളിലുള്ള പവർ ടില്ലറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 75,000 രൂപ വരെ.
4. സ്വയം പ്രവർത്തിക്കുന്ന (Self propelled) ഹോർട്ടി കൾച്ചർ യന്ത്രങ്ങൾക്ക് 50% സബ്സിഡി. പരമാവധി 1.25 ലക്ഷം രൂപ വരെ.
5. മാനുവൽ സ്പ്രേയറുകൾക്ക് (കാല് കൊണ്ട് പ്രവർത്തിപ്പിക്കുന്നവ/ നാപ്സാക്) യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 600 രൂപ വരെ.
6. 8-12 ലിറ്റർ വരെ സംഭരണ ശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 3,100 രൂപ വരെ.
7. 12-16 ലിറ്റർ വരെ സംഭരണ ശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 3,800 രൂപ വരെ.
8. 16 ലിറ്ററിൽ കൂടുതൽ സംഭരണശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 10,000 രൂപ വരെ.

9. പരിസ്ഥിതി സൗഹൃദ വിളക്ക് കെണികൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 1,400 രൂപ വരെ.

(ബി) കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസികൾ ഏകീകരിച്ച നിരക്കാണോ ഉപകരണങ്ങൾക്ക് ചുമത്തുന്നത് എന്നറിയിക്കാമോ?

KAICO Ltd, RAIDCO Kerala Ltd എന്നീ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന ഏകീകരിച്ച നിരക്കിലാണ് KAMCO ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നത്. SMAM പദ്ധതി പ്രകാരം വിൽക്കുന്ന ഉപകരണങ്ങൾക്ക് പരമാവധി വില (MRP) അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇതിനായുള്ള അംഗീകൃത ഏജൻസികൾ നിലവിലുള്ളത് എന്നറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ KAICO-യുടെ വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിലുള്ള KAICO-യുടെ ഡിവിഷണൽ ഓഫീസ് വഴി കൃഷിഭവനുകൾ നൽകുന്ന ഓർഡറിന്റെ അടിസ്ഥാനത്തിൽ കാർഷിക ഉപകരണങ്ങൾ വിപണനം നടത്തുന്നു. കൂടാതെ RAIDCO Kerala Ltd-ന്റെ മൂന്ന് വിപണന കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലുണ്ട്.

1. Near Sangam Theatre, Chembra Road, Perambra PO - 673 525.

2. Near SH Church, Mukkom PO - 673 602.

3. Gandhi Griham Building, Cherootty Road, Kozhikode - 673 032.

**നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

63 (3462) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

നെല്ലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, നെൽകൃഷിയുടെ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി

വികാസ് യോജന എന്നീ പദ്ധതികൾ, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.* പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻവേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയും* ഫലവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-3 ആയും ചേർക്കുന്നു.*

(ബി)കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് കൃഷി വകുപ്പ് ചെയ്യുന്നതെന്ന് വിശദമാക്കാമോ?

കർഷകർ ഉൽപാദിപ്പിച്ച പഴവർഗ്ഗങ്ങളുടെ സംഭരണം, വിപണനം എന്നിവയും കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭിക്കുന്നതിനും 2021-ൽ സംസ്ഥാനത്തെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലായി 2000 ഓണവിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാഞ്ചൈസികളുമായ റീട്ടെയിൽ ഔട്ട്ലെറ്റുകൾ, ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട് ലെറ്റുകൾ, വി.എഫ്.പി.സി.കെ. ഔട്ട്ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചു. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ്പ് 500 എണ്ണം,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വി.എഫ്.പി.സി.കെ. 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ സംഘടിപ്പിച്ചു. കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഉപഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ PACS-ന്റെയും 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. ഇതുവരെ 62466 കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയുണ്ടായി. 2021-22 വർഷത്തിൽ 4215 കർഷകർക്ക് 3.29 കോടി രൂപ നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ-ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോ-ഷോപ്പുകൾ, ആഴ്ചചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെയും കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകളുടെയും വിവരം അനുബന്ധം-4 ആയി ചേർക്കുന്നു.* കൂടാതെ, സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് വഴി നേരിട്ടും കർഷക സംഘങ്ങൾ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന് പച്ചക്കറികൾ സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളുടെയും കീഴിൽ പ്രവർത്തിക്കുന്ന 126-ഓളം സ്വന്തം സ്റ്റാളുകൾ, 278-ഓളം ഫ്രാഞ്ചൈസി സ്റ്റാളുകൾ എന്നിവ മുഖാന്തരം വിപണനം നടത്തുന്നു.

(സി) കാഞ്ഞങ്ങാട് ഹോർട്ടികോർപ്പ് സ്റ്റാൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി സംഭരിച്ച് വിപണനം നടത്തുന്നതിനുമായി കാസർഗോഡ് ജില്ലയിൽ ഹോർട്ടിക്കോർപ്പിന്റെ സംഭരണ കേന്ദ്രവും ഹരിതാ സ്റ്റാളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും കൊടുത്തുതീർക്കാൻ നടപടി

64 (3463) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് കർഷകരിൽനിന്നും പഴം പച്ചക്കറി എന്നിവ സംഭരിച്ച വകയിൽ നൽകാനുള്ള മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കോവിഡ്-19 കാലഘട്ടത്തിൽ കർഷകർ ഉത്പാദിപ്പിച്ച പഴം പച്ചക്കറികൾ യഥാസമയം വിറ്റഴിക്കുന്നതിന് പ്രയാസം നേരിട്ട സാഹചര്യത്തിലും കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച ഇനത്തിൽ നൽകാനുള്ള തുകയിൽ കുടിശ്ശിക വന്ന സാഹചര്യത്തിലും ഓണം-വിഷു വിപണികളുടെ നടത്തിപ്പിനുശേഷം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ അക്കൗണ്ടിൽ ലഭ്യമായിരുന്ന തുക റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും ഹോർട്ടികോർപ്പ് ശേഖരിച്ച പഴം പച്ചക്കറികളുടെ വിലയിനത്തിൽ നാളിതുവരെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് 11,71,40,108 രൂപ നല്കിയിട്ടുമുണ്ട്. സർക്കാർ റിവോൾവിംഗ് ഫണ്ടായി നൽകിയ ടി തുക ഹോർട്ടികോർപ്പ് ഘട്ടംഘട്ടമായി തിരികെ സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും ഘട്ടംഘട്ടമായി കർഷകർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വലിയതോതിൽ കർഷകർ പ്രാദേശിക വിപണിയിൽ വിൽക്കുന്ന പച്ചക്കറികൾ ഏറ്റെടുത്ത് ഹോർട്ടികോർപ്പിലെ കർഷക കൂട്ടായ്മ നഷ്ടത്തിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ;

ഹോർട്ടികോർപ്പിൽ കർഷക കൂട്ടായ്മ നിലവിലില്ല.

(സി) ഹോർട്ടികോർപ്പ് ഉറപ്പുനൽകിയ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കൈകാര്യചെലവ് എന്നിവ കർഷകർക്ക് ഹോർട്ടികോർപ്പ് നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കൈകാര്യചെലവ് എന്നിവ ഹോർട്ടികോർപ്പ് പ്രത്യേകം നൽകാറില്ല. ഇവ ഉൾപ്പെടുത്തിയാണ് സംഭരണവില നിശ്ചയിക്കുന്നത്.

(ഡി) ഹോർട്ടികോർപ്പ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2019-ലെ പ്രളയകാലത്തും 2020-ലെ കോവിഡ് മഹാമാരികാലത്തും ഹോർട്ടികോർപ്പിന്റെ വില്പനയിൽ ഗണ്യമായ കുറവ് വന്നതിനാൽ, കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നു. ആയതിനാൽ ജീവനക്കാരുടെ ശമ്പളം ഒന്നോ രണ്ടോ മാസം യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. നിലവിൽ ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകി വരുന്നുണ്ട്.

## ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച ഫയലുകൾ

65 (3464) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയറ കൃഷിഭവൻ ഓഫീസിൽ ഡാറ്റ ബാങ്കിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച ഫയലുകൾ തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിലെ പുതിയറയിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കോർപ്പറേഷൻ കൃഷിഭവന്റെ പരിധിയിലുള്ള 11 വില്ലേജുകളിലെ ഡാറ്റ ബാങ്കുകളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് ലഭിച്ച 2646 അപേക്ഷകളിൽ ഇനി 428 അപേക്ഷകൾകൂടി തീർപ്പാക്കാനുണ്ട്. ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതമൂലമാണ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിട്ടത്. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ 4 കൃഷി അസിസ്റ്റന്റുമാരെ അപേക്ഷകൾ പരിശോധിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ കൃഷി ഭവനിലേയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ സ്ഥല പരിശോധന ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത ഫയലുകൾ എപ്പോൾ തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത അപേക്ഷകൾ നവംബർ 30-നകം തീർപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ഇതുമൂലം കെട്ടിടം നിർമ്മിക്കുന്നതിന് പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുമ്പോൾ തീർപ്പാക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടിന് പരിഹാരമാകുന്നതാണ്.

## നീര ഉൽപ്പാദന യൂണിറ്റുകൾ

66 (3465) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പാദനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

നീര ഉല്പാദനം ത്വരിതപ്പെടുത്തുവാനായി 22-6-2015-ലെ സ.ഉ.(എം.എസ്) നമ്പർ 111/2015/അഗ്രി. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്കു സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പെടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാദ്ധ്യതയും കണക്കിലെടുത്ത് നീരയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും ആയതിന് ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും 18-7-2018-ലെ സ.ഉ(പി)നമ്പർ 6/2018/അഗ്രി. പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട-യന്ത്ര സാമഗ്രികൾക്ക് ചെലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18 ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പാധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചെലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമ്മാണ ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതായിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതായിരുന്നു. നീര ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയ്യാറാക്കി. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾക്ക് നാളികേര വികസന ബോർഡ് കരിക്കുലം അനുസരിച്ച് പരിശീലനം നടത്താനും ലക്ഷ്യമിട്ടിരുന്നു. ഇത് കേരള കാർഷിക സർവ്വകലാശാല വിലയിരുത്തുന്നതായിരുന്നു. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

(ബി) 2011-2016 കാലത്തെ സർക്കാർ രൂപീകരിച്ച നീര ഉൽപാദന യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നീര ഉൽപാദന യൂണിറ്റുകളുടെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. നീരയും നീര അധിഷ്ഠിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കേന്ദ്രീകൃതമായ

സംവിധാനങ്ങൾ ഒരുക്കാൻ അന്ന് നാളികേര വികസന ബോർഡിന് സാധിച്ചിരുന്നില്ല.

**നീര പദ്ധതി**

67 (3466) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ നീര ഉല്പാദനവും വിപണനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നീര ഉല്പാദനം ത്വരിതപ്പെടുത്തുവാനായി 22-6-2015-ലെ സ.ഉ(എം.എസ്)നമ്പർ 111/2015/അഗ്രി. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പെടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാധ്യതയും കണക്കിലെടുത്ത് നീരയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും ആയതിന് ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും 18-7-2018-ലെ സ.ഉ.(പി)നമ്പർ6/2018/അഗ്രി. പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട-യന്ത്ര സാമഗ്രികൾക്ക് ചെലവാകുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18-ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പാധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചെലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമ്മാണ ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. നീര ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയ്യാറാക്കി, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി, കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾക്ക് നാളികേര വികസന ബോർഡ് കരിക്കുലം അനുസരിച്ച് പരിശീലനം നടത്താനും

ലക്ഷ്യമിട്ടിരുന്നു. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

(ബി) ഇതിനായി മുൻ സർക്കാരുകൾ ചെലവാക്കിയ തുക എത്രയെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമാക്കി എന്നും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നീര ഉല്പാദന പദ്ധതിക്ക് നേതൃത്വം നൽകിയത് ആരാണെന്നും അതിൽ നാളികേര വികസന ബോർഡിന്റെയും സഹകരണ ഫെഡറേഷനുകളുടെയും ഇടപെടലുകളും ഒപ്പം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധനവും നീര ഉല്പാദനവുമായി ബന്ധപ്പെട്ട് 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് (CDB)-ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിന് പുറമേ 2015-16, 2016-17 വർഷങ്ങളിൽ സംസ്ഥാന കൃഷി വകുപ്പ് സാമ്പത്തിക സഹായം നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും 4 കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്. നിലവിൽ ഈ കമ്പനികളുടെ പ്രവർത്തനം മന്ദഗതിയിലാണ്. പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) നീര ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കി കേരകർഷകരെ സഹായിക്കാനും പ്രസ്തുത പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തിയവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

**ചേരിയംമലയിൽ നിന്നുള്ള നീരൊഴുക്കിന്റെ നിയന്ത്രണം**

68 (3467) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നു ചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽ തോട്, മങ്കട പാലം, ആണിച്ചാർ എന്നിവിടങ്ങളിൽ ചേരിയം മലയിൽനിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷിനാശവും ഉണ്ടാകുന്നത് കാരണം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പ്രവൃത്തി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രദേശങ്ങളിലെ ഭൂമിയും കൃഷിയിടങ്ങളും തോടുകളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ വി.സി.ബി. (വെർട്ടിക്കൽ സർക്യൂട്ട് ബ്രിഡ്ജ്) നിർമ്മിക്കുന്നതിനും സർക്കാർ നൽകിയ നിർദ്ദേശപ്രകാരം പദ്ധതി നിർദ്ദേശങ്ങൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ നിലവിലത്തെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നുചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽതോട്, മങ്കടപാലം, ആണിച്ചാൽ എന്നിവിടങ്ങളിൽ ചേരിയം മലയിൽനിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷിനാശവും ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോൾ നിലങ്ങളുടെ വികസനം**

69 (3468) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര സംഖ്യയാണ് അനുവദിച്ചിട്ടുള്ളത്?

(എ&ബി) തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളുടെ വികസനം ലക്ഷ്യമാക്കി നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ആണ് നിലവിൽ പൊന്നാനി കോൾ മേഖലയിൽ

തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ. കൃഷി എഞ്ചിനീയറിംഗ് വിഭാഗം, കെ.എൽ.ഡി.സി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി. എന്നിവരാണ് ഈ പ്രവൃത്തികളുടെ നിർവ്വഹണം വഹിക്കുന്നത്. കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 500 ലക്ഷം രൂപയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആർ.കെ.ഐ. പദ്ധതി പ്രകാരം കോൾ മേഖലയിലെ യന്ത്രവത്ക്കരണം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാൻ 249.7 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കോൾപാടങ്ങളിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും വൈദ്യുതി ലൈനുകൾ നീട്ടുന്ന പ്രവൃത്തികളും കെ.എസ്.ഇ.ബി. മുഖേന ആർ.കെ.ഐ. പദ്ധതി പ്രകാരം 953.70 ലക്ഷം രൂപയ്ക്ക് നടപ്പാക്കിവരുന്നു. പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിനായി കെ.എൽ.ഡി.സി. നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുമുള്ള പദ്ധതികൾ ഏതെല്ലാമാണ്?

കെ.എൽ.ഡി.സി. മുഖേന നടപ്പാക്കി വരുന്ന ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. ആയതിൽ നാല് റാമ്പ്, മൂന്ന് കിട (ചിറ്റേത്താഴം, വലിയടം, വട്ടക്കായൽ) എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചിറ്റേത്താഴം, വലിയടം, വട്ടക്കായൽ - കിട (3 എണ്ണം) ഭാഗികമായി പൂർത്തീകരിച്ചു. നാല് റാമ്പുകളിൽ ഒരെണ്ണം പൂർത്തീകരിക്കുകയും മൂന്നെണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. നബാർഡ് ആർ.ഐ.ഡി.എഫ് XXII - (ഫേസ് III) നൂണക്കടവ് എന്ന പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പുനഃരാരംഭിക്കേണ്ടതുണ്ട്. കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പദ്ധതികളിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 19 എണ്ണം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. നാല് എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ആർ.കെ.ഐ. പദ്ധതി പ്രകാരം പെട്ടിയും പറയും മാറ്റി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊർജ്ജക്ഷമതയുള്ള 227 പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എഗ്രിമെന്റ് വച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ആർ.കെ.ഐ. പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി. എന്നിവർ നടപ്പിലാക്കുന്ന പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

(ഡി) കെ.എൽ.ഡി.സി. നടത്തുന്ന നിർമ്മാണപ്രവൃത്തികളുടെ അശാസ്ത്രീയതയും കാലതാമസവുംമൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കെ.എൽ.ഡി.സി. നടത്തുന്ന നിർമ്മാണപ്രവൃത്തികളെല്ലാം തന്നെ പാടശേഖരങ്ങളുടെ ആവശ്യാനുസരണമാണ് മുന്നോട്ടുപോകുന്നത്. പൊന്നാനി കോൾ മേഖലയുടെ പ്രത്യേക സാഹചര്യത്തിൽ ഒരു വർഷത്തിൽ കേവലം മൂന്ന് മാസം മാത്രമാണ് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതുമൂലമുള്ള കാലതാമസം മാത്രമാണ് നേരിടുന്നത്. കോളിലെ മണ്ണിന്റെ പ്രത്യേക ഘടനമൂലം ബണ്ട് താഴ്ന്നുപോകുന്ന പ്രശ്നം പൊന്നാനി കോൾ മേഖലയിൽ കൂടുതലാണ്. പ്രവൃത്തികളുടെ അടുത്ത ഘട്ടങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണ്.

## വി.എഫ്.പി.സി.കെ. സ്വീകരിച്ചിരുന്ന പഴം പച്ചക്കറികൾക്കുള്ള വില നൽകുന്നതിനുള്ള കാലതാമസം

70 (3469) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും വി.എഫ്.പി.സി.കെ. സ്വീകരിച്ചിരുന്ന പഴം, പച്ചക്കറി എന്നിവയ്ക്കുള്ള വില നൽകുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വി.എഫ്.പി.സി.കെ. കർഷകരിൽനിന്നും ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കാറില്ല. കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിന്റെ കീഴിൽ രൂപീകൃതമായിരിക്കുന്ന സ്വാശ്രയ കർഷക സമിതികളാണ് കർഷകരുടെ ഉൽപ്പന്നങ്ങൾ കൂട്ടായ വിപണനം എന്ന പ്രക്രിയയിലൂടെ സംഭരിച്ച് വിപണനം നടത്തുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് വില ലഭ്യമാക്കുന്നു. എന്നിരുന്നാലും ചില അവസരങ്ങളിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റത്തൂർ വി.എഫ്.പി.സി.കെ. കർഷക സംഘത്തിൽനിന്നും വാങ്ങിയ പച്ചക്കറികളുടെ വില അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കുടിശ്ശിക തുക എത്രയാണെന്നും അവ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

(ബി&സി) തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ സമിതിയിൽനിന്നും ഹോർട്ടികോർപ്പ് പഴം-പച്ചക്കറി സംഭരിച്ച വകയിൽ സമിതിക്ക് 5-10-2021-ലെ കണക്കുപ്രകാരം 19,54,668 രൂപ ഹോർട്ടികോർപ്പ് നൽകുവാനുണ്ട്. ഇതിൽ 5,93,422 രൂപയുടെ ക്ലെയിം ഹോർട്ടികോർപ്പ് സമർപ്പിക്കുകയും തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 13,61,246 രൂപ ഹോർട്ടികോർപ്പ് ക്ലെയിം നൽകുന്ന മുറയ്ക്ക് നൽകുന്നതാണ്.

**പ്ലാന്റേഷൻ കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി**

71 (3470) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ?

പ്ലാന്റേഷൻ കോർപ്പറേഷനിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ?

സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ ഒരു കർമ്മ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതു സർക്കാരിന്റെ പരിഗണനയിലാണ്.

**സ്മാർട്ട് കൃഷിഭവൻ പദ്ധതി**

72 (3471) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായുള്ള കൃഷിഭവനുകളെ തെരഞ്ഞെടുക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരളത്തിലെ എല്ലാ കൃഷിഭവനകളും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനകൾ ആക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷിഭവനകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നു.

**ഫാമുകളിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

73 (3472) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച ക്ലാസ്സ് ഫോർ ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) 2018-ൽ ആരംഭിച്ച സേവന വ്യവസ്ഥ ഇതുവരെ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഫാം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനായി സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിന്, രണ്ടു ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ടിന്റെ ഭാഗം ഒന്ന് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകരിച്ച സേവന വ്യവസ്ഥകളുടെ ഒന്നാം ഭാഗം എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും തുടർനടപടികൾക്കായി നൽകിയിരുന്നു. ഫാം തൊഴിലാളികളുടെ ജോലിയുടെ സ്വഭാവം പരിഗണിച്ച് സേവന വ്യവസ്ഥകൾ പടിപടിയായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ജീവനക്കാർക്ക് 2019, 2020 വർഷങ്ങളിലെ നാല് ഗഡു ക്ഷാമബത്ത തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ?

ഉണ്ട്. 8-2-2021-ലെ സ.ഉ. (പി) നമ്പർ 25/2021/ധന. പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത ഫാം തൊഴിലാളികൾക്കും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## പാലക്കാട് ജില്ലയിലെ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികകൾ നികത്തുന്നതിന് നടപടി

74 (3473) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൃഷി ഭവനുകളിൽ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

നെല്ലിയാമ്പതി പഞ്ചായത്തിലെ ഗവൺമെന്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതി, അമ്പലപ്പാറ പഞ്ചായത്തിലെ അമ്പലപ്പാറ കൃഷിഭവൻ എന്നീ ഓഫീസുകളിൽ കൃഷി അസ്സിസ്റ്റന്റുമാരുടെ ഓരോ ഒഴിവുണ്ട്.

(ബി) കൃഷിഭവനുകളിലെ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## കൃഷി അസിസ്റ്റന്റ് നിയമനം

75 (3474) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി അസിസ്റ്റന്റ് തസ്തികയിൽ 178 ഒഴിവുകളാണ് നിലവിലുള്ളത്. ഭിന്നശേഷി വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 21 ഒഴിവുകൾ ഒഴികെ 157 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പി.എസ്.സി.-യിൽനിന്നുള്ള നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെന്ന് (NAC) പി.എസ്.സി.-യിൽനിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുള്ള 21 ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നുള്ള നിയമന ശിപാർശ ലഭിക്കുന്നത് പ്രകാരം എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

76 (3475) <u>ശ്രീ. ഇ ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിലെ വിവിധ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിലെ വിവിധ തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (അനുബന്ധമായി ചേർത്തിരിക്കുന്നു)*

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ പ്രൊമോഷൻ തസ്തികകളായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലൊഴികെ മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ, വയനാട് ജില്ലയിലെ കബനി പദ്ധതിയുമായി ബന്ധപ്പെട്ട് സൂപ്പർന്യൂമററി ആയി നിലനിർത്തിയ വർക്ക്സൂപ്രണ്ട് തസ്തികയിലെ ഒരൊഴിവ് ഒഴികെ ബാക്കി ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

77 (3476) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന കൃഷി ഓഫീസുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ താത്കാലിക അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 112 കൃഷി ഓഫീസർമാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് കൃഷി ഡയറക്ടർ 12-10-2021-ലെ SD(1)19785/2020 പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

78 (3477) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസുകളിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചത് പ്രകാരം നിലവിൽ 110 ഉദ്യോഗാർത്ഥികൾക്ക് ഒഴിവുള്ള തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ടി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് കൃഷി ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലഭ്യമായ കൃഷി അസിസ്റ്റന്റിന് അധിക ചുമതല നൽകി കൃഷിഭവന്റെ പ്രവർത്തനം നടന്നുവരുന്നു.

## കുണ്ടറ നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ

79 (3478) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 വർഷത്തിൽ കൃഷി വകുപ്പ് മുഖേന കുണ്ടറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| (1) | (2) |
| 1 | നെൽകൃഷി വികസനം |
| 2 | പച്ചക്കറി വികസനം |
| 3 | നാളികേര വികസനം |
| 4 | പ്രകൃതി ദുരന്തത്തിനുള്ള നഷ്ടപരിഹാരം |
| 5 | സുഗന്ധവ്യഞ്ജന കൃഷി |

| (1) | (2) |
|---|---|
| 6 | നെല്ലിന്റെ ഉല്പാദന ബോണസ് |
| 7 | ഓണവിപണി ഇടപെടൽ |
| 8 | ഓഫീസ് ഓട്ടോമേഷനും ഐ.ടി. സാങ്കേതികവിദ്യയും |
| 9 | ജൈവകൃഷി |
| 10 | ഒരു കോടി ഫലവൃക്ഷത്തൈ വിതരണം |
| 11 | വിജ്ഞാന വ്യാപനം |
| 12 | വിള പരിപാലനം |
| 13 | സൗജന്യ നിരക്കിൽ വൈദ്യുതി പദ്ധതി |
| 14 | പയർ വർഗ്ഗങ്ങളുടെ വികസനം |
| 15 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ |
| 16 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി |

**ഇരിക്കൂർ മണ്ഡലത്തിലെ ഹരിതകേരളം പദ്ധതി**

80 (3479) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിൽ, ഇരിക്കൂർ മണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയതനുസരിച്ച് ഉദയഗിരി പഞ്ചായത്തിൽ നാലും, ചെങ്ങളായി പഞ്ചായത്തിൽ രണ്ടും, ആലക്കോട് പഞ്ചായത്തിൽ ഒന്നും പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. കൂടാതെ സ്മൃതിവനം പദ്ധതിയുടെ ഭാഗമായി, മരിച്ചവരുടെ ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ പച്ചത്തുരുത്തിൽ നട്ടുവരുന്നു. പയ്യാവൂരിൽ മിയാവാക്കി മാതൃകയിൽ 5 ഏക്കർ സ്ഥലത്ത് മുള, മരുത്, ആഞ്ഞിലി, പ്ലാവ്, മാവ്, നാരകം മുതലായവ നട്ടുപിടിപ്പിക്കുകയും ശീമക്കൊന്ന ഉപയോഗിച്ച് ജൈവവേലി നിർമ്മിക്കുകയും എരുവേശ്ശി പഞ്ചായത്തിൽ വന വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. ഹരിത ഗ്രാമം പദ്ധതിയുടെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം, അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേതൃത്വം കൊടുക്കുന്ന

ഫീൽഡ്തല സംവിധാനമായ ഹരിതകർമ്മസേനയുടെയും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിൽ വിദഗ്ധ പരിശീലനം നേടിയ 202 ഹരിതകർമ്മ സേനാ അംഗങ്ങളും ഇരിക്കൂർ മണ്ഡലത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും സജീവ പ്രവർത്തനത്തിനായി രംഗത്തുണ്ട്. മണ്ഡലത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (MCF) സ്ഥാപിച്ചിട്ടുണ്ട്. 46 മിനി എം.സി.എഫ്.-കൾ വാർഡുതലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കുപ്പികൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നതിനായി ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 32 ബോട്ടിൽ ബൂത്തുകളുണ്ട്. കൂടാതെ 20 സോക് പിറ്റും 15 കമ്പോസ്റ്റ് പിറ്റും നിർമ്മിച്ചു. കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കിവരുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, പഴവർഗ്ഗ കൃഷി വികസനം, ജൈവകൃഷി ഉത്തമ കൃഷി രീതികളും, നാടൻ വിത്തിനങ്ങളുടെ ജൈവ സംരക്ഷണവും പ്രോത്സാഹനവും, പി.കെ.വി.വൈ. എന്നീ പദ്ധതികളും ഇരിക്കൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന തരിശ് നെൽകൃഷിക്ക് 0.24 ലക്ഷം രൂപയും സുസ്ഥിര നെൽകൃഷി വികസനത്തിന് 1.17282 ലക്ഷം രൂപയും പാടശേഖര സമിതികൾക്കുള്ള സഹായമായി 0.1008 ലക്ഷം രൂപയും കര നെൽകൃഷിക്കായി 1.224 ലക്ഷം രൂപയും മണ്ണ് പരിപോഷണത്തിനുള്ള കുമ്മായ വിതരണത്തിനായി 0.495 ലക്ഷം രൂപയും തളിപ്പറമ്പ് ബ്ലോക്ക് പരിധിയിൽ അനുവദിച്ചിട്ടുണ്ട്. ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ തരിശു നെൽകൃഷിക്ക് 0.4 ലക്ഷം രൂപയും സുസ്ഥിര നെൽകൃഷി വികസനത്തിന് 3.025 ലക്ഷം രൂപയും പാടശേഖര സമിതികൾക്കുള്ള സഹായമായി 0.18 ലക്ഷം രൂപയും കര നെൽകൃഷിക്കായി 0.7888 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത്, തൈ, സ്പ്രേയർ, പമ്പ് സെറ്റ്, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പന്തൽ കൃഷി, ഗ്രോ ബാഗ് കൃഷി, മഴമറ എന്നിവയ്ക്കായി തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 11.32 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 12.425 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശുനില പച്ചക്കറി കൃഷിക്കായി തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 1.28 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്കിന് 0.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി (BPKP) തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 9.25 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 6.9375 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ജൈവ കൃഷി പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ

ബ്ലോക്ക് പരിധിയിൽ 0.25 ലക്ഷം രൂപയും കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 2 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പയ്യാവൂർ പഞ്ചായത്തിൽ പ്രകൃതിയിൽനിന്നും ലഭിക്കുന്ന കല്ല് ഉപയോഗിച്ച് 16 കി.മീ. നീളത്തിൽ കല്ലുകയ്യാല നിർമ്മിക്കുന്നു. 16000 മഴകുഴികൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. നടുവിൽ പാത്തൻപാറ എന്ന സ്ഥലത്ത് പച്ചത്തുരുത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ചെങ്ങളായി പഞ്ചായത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് 2 പച്ചത്തുരുത്ത് നിർമ്മിക്കുവാനും കിരാത്ത്, നെല്ലിക്കുന്ന് എന്നീ സ്ഥലങ്ങളിൽ ജൈവവൈവിദ്ധ്യ പാർക്കും നിർമ്മിക്കുന്നു. ചെങ്ങളായി ഇരുവട്ടി എന്ന സ്ഥലത്ത് മേൽപ്പാലം, തടയണ നിർമ്മാണം, പാർക്ക് എന്നിവ നിർമ്മിക്കുന്നു. മണ്ണ് സംരക്ഷണ പ്രവൃത്തികൾക്കായി എരുവേശ്ശി, പയ്യാവൂർ പഞ്ചായത്തുകളിലെ മൂന്ന് വാർഡുകളിൽ ആടാംപാറ വാട്ടർഷെഡ് ഡെവലപ്മെന്റ് പദ്ധതി നടത്തിവരുന്നു. RIDF-20 tranche-യിൽ ഉൾപ്പെടുത്തി 2.05 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കിവരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കായി പഴവർഗ്ഗങ്ങളുടെ നടീൽ വസ്തു വിതരണം, കല്ല് കയ്യാല നിർമ്മാണം എന്നിവയും നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ പെർകൊലേഷൻ ടാങ്കുകൾ, ചെക്കുഡാമുകൾ, ക്രോസ് ബണ്ടുകൾ, കുളങ്ങൾ, തോട് സംരക്ഷണം എന്നീ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കണ്ണൂർ ജില്ലയിലെ 16 ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ മൂന്ന് വർഷത്തിനകം നടപ്പിലാക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിലെ ചെങ്ങളായി, പയ്യാവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ശുചിത്വ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ ലക്ഷ്യത്തോടെ ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെയും കണ്ണൂർ സർവ്വകലാശാലയുടെയും സഹകരണത്തോടെ വിശദമായ പദ്ധതിരേഖ തയ്യാറായി വരികയാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

81 (3480) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത നിയോജകമണ്ഡലത്തിൽ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

**ചേപ്പാട് പഞ്ചായത്തിലെ ഏവൂർ പനച്ചമൂട് ഫാം റോഡ് നിർമ്മാണം**

82 (3481) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേപ്പാട് പഞ്ചായത്തിലെ ഏവൂർ പനച്ചമൂട്-പാലമൂട് മുതൽ ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ കണ്ണംമംഗലം വരെയുള്ള ഭാഗത്തെ കർഷകർക്കായി പ്രത്യേക ഫാം റോഡ്/ട്രാക്ടർ റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് ബോർഡിന്റെ പരിഗണനയിലുള്ള പ്രൊപ്പോസലിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന കാര്യം വിശദമാക്കാമോ?

(എ&ബി) ഈ ആവശ്യമുന്നയിച്ച് ലഭ്യമായ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രോജക്ട് എഞ്ചിനീയർ കായംകുളത്തിന് കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര ലിങ്ക് റോഡ്**

83 (3482) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര ലിങ്ക് റോഡ് നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് മലപ്പുറം ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറും മലപ്പുറം ജില്ലാ കളക്ടറും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും ഈ റോഡ് നിർമ്മിക്കുന്നതിന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടസ്സങ്ങളില്ലെന്നും നീരൊഴുക്കിനെ ബാധിക്കില്ലെന്നും കാർഷിക വർദ്ധനയ്ക്ക് സഹായകരമാകുമെന്നും കാണിച്ച് അനുമതി നൽകുന്നതിന് സർക്കാരിന് ശിപാർശ ചെയ്തിരുന്നോ?

ചെയ്തിരുന്നു.

(ബി) പ്രസ്തുത ശിപാർശ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

**വയനാട് ജില്ലയിലെ കർഷകർക്ക് വി.എഫ്.പി.സി.കെ. നൽകാനുള്ള കുടിശ്ശിക**

84 (3483) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വി.എഫ്.പി.സി.കെ. കർഷകരിൽനിന്നും ശേഖരിച്ച് വിപണനം ചെയ്ത ഉൽപ്പന്നങ്ങൾക്ക് കർഷകർക്ക് തുക നൽകാൻ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക വീതം ഓരോ ബ്ലോക്കിലും നൽകാനുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. വയനാട് ജില്ലയിൽ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ കർഷകരിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് നൽകുവാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കച്ചവടക്കാരിൽനിന്നും സ്വാശ്രയ വിപണി കമ്മിറ്റി ഉൽപ്പന്നങ്ങൾ വിറ്റ വകയിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സമിതി കമ്മിറ്റിയുടെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ.-യുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നു.

**കാർഷിക മേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ**

85 (3484) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം1-ആയി ചേർക്കുന്നു.*

(ബി) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

2016 മുതൽ പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളും അവയുടെ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

മുൻ സർക്കാർ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് പ്രവർത്തനങ്ങൾ അനുവദിച്ചിട്ടില്ല.

**കാർഷിക കർമ്മസേന**

86 (3485) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എത്ര കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്; കണ്ണൂർ ജില്ലയിൽ എത്ര തദ്ദേശസ്ഥാപനങ്ങളിൽ കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 368 കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 39 തദ്ദേശഭരണ സ്ഥാപനങ്ങളിൽ കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ്

87 (3486) ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം കാർഷികോല്പാദനവും വിപണനവും സംസ്ഥാനങ്ങളുടെ അധികാരമായിരിക്കെ ഇതിന് വിരുദ്ധമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക നിയമം സംബന്ധിച്ച വിയോജിപ്പ് സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്. 2020 ഡിസംബർ 31-ന് കേരള നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് കേന്ദ്രസർക്കാർ കൊണ്ടുവന്ന കാർഷിക നിയമങ്ങൾ റദ്ദ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് പ്രമേയംവഴി ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) രാജ്യത്തെ കർഷകർ കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ നടത്തുന്ന പ്രക്ഷോഭത്തെ കേരള ആസൂത്രണ കമ്മീഷനിലെ ഒരു അംഗം തള്ളിപ്പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷക നിയമത്തെയും പ്രക്ഷോഭത്തെയും കുറിച്ച് ആസൂത്രണ കമ്മീഷൻ അംഗത്തിന്റെ നിലപാട് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് സഹായം

88 (3487) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി. വഴി നടപ്പാക്കിവരുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ

കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും സഹായിക്കുന്നതിനായി പുതുതായി കേരളത്തിൽ 150 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൃഷിക്കാരുടെ സൗകര്യാർത്ഥം മണ്ണ്, ജല പരിശോധനാ ലാബുകൾ വ്യാപിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ?

സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധനാശാലയും ഉൾപ്പെടെ 15 സ്ഥാവര മണ്ണ് പരിശോധനശാലകളുണ്ട്. കൂടാതെ നിലവിൽ 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലകളുമുണ്ട്. കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധനശാലകളുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ കീഴിൽ 2 മണ്ണ് പരിശോധനശാലകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

എന്നിവിടങ്ങളിലും മണ്ണ് പരിശോധന സൗകര്യം ലഭ്യമാണ്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. ആർ.കെ.വി.വൈ. പദ്ധതിയുടെ കീഴിലും നിലവിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്ററുകൾക്കും കൃത്യമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചാൽ പുതിയ മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുവാൻ അനുമതി ലഭിക്കുന്നതാണ്. തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധനശാല, കോഴിക്കോട്ടും തൃശ്ശൂരും ആലപ്പുഴയിലുമുള്ള പ്രാദേശിക മണ്ണ് പരിശോധനശാലകൾ, കാസർഗോഡ് ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, വയനാട്ടിലെ ഹൈടെക് മണ്ണ് പരിശോധനശാല എന്നിവയാണ് നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മണ്ണ് പരിശോധനാ ശാലകൾ. കൂടാതെ ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലയും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിന് കീഴിലുള്ള ഏക സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല വിവിധ ജില്ലകളിലെ ആവശ്യാനുസരണം അതത് പ്രദേശങ്ങളിൽ മണ്ണ് പരിശോധന ക്യാമ്പയ്നുകൾ നടത്തിവരുന്നു. ഈ ലാബുകൾ മുഖേന അതത് ജില്ലകൾ കൂടാതെ സമീപ ജില്ലകളിലെ കർഷകർക്കും മണ്ണിന്റെ രാസ ഭൗതിക പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം നൽകുന്നു. ജലസേചനത്തിനുപയോഗിക്കുന്ന ജലത്തിന്റെ ഗുണപരിശോധന മാത്രമാണ് നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ലാബുകളിൽ നടത്തിവരുന്നത്. വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ ഭാഗമായോ, ഉപയോക്താക്കളുടെ ആവശ്യാനുസരണമോ ജലത്തിന്റെ അമ്ലത, വൈദ്യുത ചാലകത, ലവണാംശം മുതലായവ വിശദമായ പരിശോധന നടത്തി നൽകിവരുന്നു.

## സ്മാർട്ട് കൃഷിഭവനുകൾ

89 (3488) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാം കൃഷിഭവനുകളാണെന്നും വ്യക്തമാക്കാമോ?

പദ്ധതി ആരംഭഘട്ടത്തിലാണ്. തുടക്കത്തിൽ കേരളത്തിലെ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷിഭവനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കി സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനായി നടപടി ആരംഭിച്ചു. ഈ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചുകഴിഞ്ഞു.

(ബി) അക്രെഡിറ്റേഷൻ നിലവാരത്തിൽ സ്മാർട്ട് കൃഷിഭവനുകൾ സാധ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നിലവിൽ എവിടെയെല്ലാം നടന്നുവരുന്നുണ്ടെന്നും ആയതിന് കൃഷി വകുപ്പ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

പദ്ധതി ആരംഭഘട്ടത്തിലാണ്. സ്മാർട്ട് കൃഷിഭവൻ പദ്ധതിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സോയിൽ കൺസർവേഷൻ വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

90 (3489) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സോയിൽ കൺസർവേഷൻ വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 160 ലക്ഷം രൂപ അടങ്കലിൽ 'വലിയവയൽ' നീർത്തട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുല്ലമ്പാറ പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിയുടെയും വിശദവിവരങ്ങൾ നൽകാമോ?

4-10-2017-ൽ ആരംഭിച്ച 'വലിയവയൽ' നീർത്തട പദ്ധതിയിൽ നാളിതുവരെ 88.04 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, പുല്ലുവച്ച് പിടിപ്പിക്കൽ, സ്ട്രിപ്പ് ടെറസ്സ്, പാർശ്വഭിത്തി സംരക്ഷണം, തടയണ, റാംപ്, റിംഗ് പോണ്ട്, റീറ്റെയിനിംഗ് വാൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി 230 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി പുല്ലമ്പാറ പഞ്ചായത്തിലെ 1459 കർഷകർക്ക് മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങളുടേയും ശാസ്ത്രീയ വളപ്രയോഗ ശിപാർശകളുടേയും ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

## ആലപ്പുഴ ജില്ലയിലെ കുളങ്ങളുടെ നവീകരണം

91 (3490) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സോയിൽ കൺസർവേഷൻ വകുപ്പ് ആലപ്പുഴ ജില്ലയിൽ എത്ര കുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2016-നുശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഒമ്പത് കുളങ്ങളുടെ നവീകരണമാണ് ആലപ്പുഴ ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു.*

(ബി) മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 23 കുളങ്ങളിൽ ഒമ്പത് കുളങ്ങളുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തി പൂർത്തീകരിക്കാത്ത കുളങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

പതിമൂന്നാം ധനകാര്യ കമ്മീഷൻ കാലയളവിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്ക് 258.64 ലക്ഷം രൂപ പതിനാലാം ധനകാര്യ കമ്മീഷൻ ധനസഹായത്തിൽനിന്നാണ് ലഭ്യമായത്. പതിനാലാം ധനകാര്യ കമ്മീഷനിൽനിന്നും രണ്ടാം കുട്ടനാട് പാക്കേജിൽനിന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് പദ്ധതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. 2010 കാലഘട്ടത്തിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ പദ്ധതികൾ നിലവിൽ നടപ്പാക്കണമെങ്കിൽ 2018-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പദ്ധതിരേഖ പുതുക്കി തയ്യാറാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവുള്ളതിനാൽ ത്രിതല പഞ്ചായത്തുകളിലെ പദ്ധതി വിഹിതം ലഭ്യമാകുന്നപക്ഷം മാത്രമേ ടി കുളങ്ങളുടെ തൽസ്ഥിതി പരിശോധിച്ച് നിലവിലെ സാഹചര്യത്തിൽ നവീകരണം സാദ്ധ്യമാകുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നെൽവയൽ മണ്ണിട്ടുനികത്തുന്നതിനെതിരെ നടപടി

92 (3491) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വ്യാപകമായ തോതിൽ നെൽവയൽ, തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിൽ നെൽവയൽ തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭ്യമാകുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

അനധികൃത നിലം പരിവർത്തനം സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അതത് സ്ഥലത്തെ കൃഷി ഓഫീസർമാർ അനധികൃത നിലം പരിവർത്തനം സംബന്ധിച്ച റിപ്പോർട്ടിംഗ് ഓഫീസർമാർ ആണ്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ ഇവർ ഇക്കാര്യം നടപടിക്കായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

(സി) അനധികൃതമായി നിലം മണ്ണിട്ട് നികത്തിയ സ്ഥലമുടമയ്ക്ക് എതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ?

അനധികൃത നിലം നികത്തൽ നടത്തുന്നവർക്കെതിരെ അധികാരപ്പെട്ട കോടതി മുഖേന പ്രോസിക്യൂഷൻ നടപടികൾക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ നിലവിൽ വ്യവസ്ഥയുണ്ട്.

## കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാല സ്ഥാപനം

93 (3492) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മറ്റ് 13 ജില്ലകളിലും കാർഷിക സർവ്വകലാശാലയുടെ ഗവേഷണ സ്ഥാപനങ്ങളോ, കോളേജുകളോ നിലവിലുണ്ടെങ്കിലും കോഴിക്കോട് ജില്ലയിൽ അതില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ ഗവേഷണ സ്ഥാപനങ്ങളോ, കോളേജുകളോ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളുണ്ടോയെന്ന് അറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടനാട്ടിലെ നെല്ല് സംഭരണത്തിനായുള്ള വെയർഹൗസുകൾ**

94 (3493) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൊയ്ത്തുകാലത്ത് മഴമൂലം നെല്ല് കിളിർക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടനാട്ടിൽ ആവശ്യമായ സ്ഥലങ്ങളിൽ വെയർഹൗസുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കുട്ടനാട്ടിലെ നെൽ കൃഷിക്കാർക്കുകൂടി പ്രയോജനകരമായ രീതിയിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ നബാർഡ് WIF പദ്ധതിയിൽ ഉൾപ്പെടുത്തി 5.43 കോടി അടങ്കലിൽ അഡീഷണൽ വെയർഹൗസുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തകഴി വെയർഹൗസിൽ റൈസ് മില്ലിനായി നിർമ്മിച്ച് ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടം താൽക്കാലികമായി ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന് ഉപയുക്തമാക്കുന്നതിന് 3-2-2020-ലെ അഗ്രി-പി.യു.2/208/2019-അഗ്രി നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാകുന്ന മുറയ്ക്ക് വെയർഹൗസുകൾ ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള വെയർഹൗസുകൾ നവീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് സ്വന്തമായി സ്ഥല ലഭ്യതയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള വെയർഹൗസുകൾക്ക് പുറമെ അഡീഷണൽ വെയർഹൗസുകൾ നിർമ്മിക്കാനും നിലവിലുള്ള വെയർഹൗസുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും കെട്ടിടങ്ങൾ നവീകരിച്ച് സംഭരണ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ വെയർഹൗസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇടപാടുകൾ ഓൺലൈൻ മുഖേന നടത്തുന്നതിനും 2020-21 വർഷം 25 ലക്ഷം രൂപയും 2021-22 വർഷം 10 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതമായി കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

## അദ്ധ്യാപക നിയമനങ്ങളിലെ സംവരണക്രമം

95 (3494) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല, മലയാള സർവ്വകലാശാല എന്നിവിടങ്ങളിൽ അദ്ധ്യാപക നിയമനങ്ങളിൽ സംവരണക്രമം തെറ്റിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ?

കാലിക്കറ്റ് സർവ്വകലാശാല: കാലിക്കറ്റ് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ സംവരണക്രമം തെറ്റിച്ചിട്ടുള്ളതായ പരാതി ലഭിച്ചിട്ടുണ്ട്.

മലയാളം സർവ്വകലാശാല: നിയമനങ്ങൾക്കെതിരായി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് ഹർജിയിൽ സംവരണക്രമം ചോദ്യം ചെയ്തിട്ടുണ്ട്.

(ബി) 2014-നുശേഷം നടന്ന അദ്ധ്യാപക നിയമനങ്ങളുടെ സംവരണ റോസ്റ്റർ, ഒഴിവുകൾ നിലവിൽ വന്ന തീയതി, ഒഴിവുകൾ എങ്ങനെ ഉണ്ടായി എന്നിവ സംബന്ധിച്ച വിശദാംശം നല്കുമോ?

കാലിക്കറ്റ് സർവ്വകലാശാല: 2014-നുശേഷം 2020 വരെ അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല. 2019-ലെ GA II C1/104750/2019/Admn dated 31-12-2019, GA II C1/156687/ 2019/Admn dated 31-12-2019, GA II C1/162156/2019/Admn dated 31-12-2019 നമ്പർ വിജ്ഞാപന പ്രകാരമുള്ള അദ്ധ്യാപക നിയമന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. KS&SSR പ്രകാരമുള്ള സംവരണ റോസ്റ്റർ ആണ് കാലിക്കറ്റ് സർവ്വകലാശാല പിന്തുടരുന്നത്.

മലയാളം സർവ്വകലാശാല: I. 30-6-2014-ലെ വിജ്ഞാപന പ്രകാരം നൽകിയ നിയമനങ്ങളിൽ പാലിച്ച സംവരണക്രമം താഴെപ്പറയും പ്രകാരമാണ്.

പ്രൊഫസർ

I. സാഹിത്യപഠനം - ഡോ. ടി. അനിതകുമാരി - ഇ.ടി.ബി.

സംസ്കാര പൈതൃകപഠനം - ഡോ. കെ.എം. ഭരതൻ - ഓപ്പൺ

II. 22-7-2016-ലെ വിജ്ഞാപന പ്രകാരം നൽകിയ നിയമനങ്ങളിൽ താഴെപ്പറയും പ്രകാരം സംവരണക്രമം പാലിച്ചിട്ടുണ്ട്.

- അസോസിയേറ്റ് പ്രൊഫസർ ഭാഷാശാസ്ത്രം- ഡോ. സി. സെയ്തലവി - ഓപ്പൺ
- സംസ്കാര പൈതൃകപഠനം - ഡോ. സുനീത ടി.വി. - ഓപ്പൺ
- സാഹിത്യപഠനം - ഡോ. ഇ. രാധാകൃഷ്ണൻ - ഓപ്പൺ

- അസിസ്റ്റന്റ് പ്രൊഫസർ പരിസ്ഥിതിപഠനം- ഡോ. ജയ്സി വർഗീസ് - ഓപ്പൺ
- പരിസ്ഥിതിപഠനം - ഡോ. ധന്യ ആർ. - ഇ.ടി.ബി.
- വികസനപഠനം - ശ്രീമതി ശ്രീജ വി. - ഓപ്പൺ
- വികസനപഠനം - ഡോ. ശ്രീരാജ് എ. പി. - ഒ.ബി.സി.- വിശ്വകർമ്മ
- ചരിത്രപഠനം - ഡോ. മഞ്ജുഷ ആർ. വർമ്മ - ഓപ്പൺ
- ചരിത്രപഠനം - ഡോ. ശ്രീജ എൽ. ജി. - എൽ.സി./ആംഗ്ലോ ഇന്ത്യൻ
- സാമൂഹികശാസ്ത്രം - ശ്രീ. കെ. എസ്. ഹക്കിം - ഓപ്പൺ
- സാമൂഹികശാസ്ത്രം - ഡോ. സ്വപ്നാറാണി എസ്. എസ്.- എസ്.സി./എസ്.ടി.-എസ്.സി. ചേരമർ
- ചലച്ചിത്രപഠനം - ഡോ. വിദ്യ ആർ. - ഓപ്പൺ
- ചലച്ചിത്രപഠനം - ഡോ. സുധീർ എസ്. സലാം - ഒ.ബി.സി. മുസ്ലീം

III. 4-1-2021-ലെ 861/2020/അഡ്മിൻ (1), (2), (3) വിജ്ഞാപനങ്ങൾ പ്രകാരം താഴെപ്പറയും പ്രകാരം സംവരണ നിയമങ്ങൾ പാലിച്ചിട്ടുണ്ട്.

- പ്രൊഫസർ എഴുത്തച്ഛൻ പഠനസ്കൂൾ- ഡോ. കെ.എം. അനിൽ- ഓപ്പൺ
- അസോസിയേറ്റ് പ്രൊഫസർ സാഹിത്യരചന-ഡോ. ബാബുരാജൻ കെ. - എസ്.സി
- സോഷ്യോളജി - ഡോ. സുന്ദരരാജ് ടി. - ഓപ്പൺ
- വികസനപഠനം - ഡോ. മല്ലിക എം. ജി. - ഓപ്പൺ
- അസി. പ്രൊഫസർ സാഹിത്യപഠനം - ഡോ. ശുഭ കെ. - ഓപ്പൺ
- പരിസ്ഥിതിപഠനം - ഡോ. അരുൺബാബു വി. - ഇ.ടി.ബി
- ചലച്ചിത്രപഠനം - ഡോ. ശ്രീദേവി പി. - EWS/OC

15-6-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 282/2013/ഉ.വി.വ. പ്രകാരം സർക്കാർ പ്രൊഫസർ - 3, അസോസിയേറ്റ് പ്രൊഫസർ - 4, അസിസ്റ്റന്റ് പ്രൊഫസർ - 15 എന്നിങ്ങനെ തസ്തികകൾ സൃഷ്ടിച്ച് അനുമതി തന്നിട്ടുണ്ട്. 29-8-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 746/2014/ഉ.വി.വ. പ്രകാരം സർക്കാർ 4 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ച് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ

23-5-2016-ലെ സ.ഉ.(സാധാ) നമ്പർ 1354/2016/ഉ.വി.വ. ഉത്തരവുപ്രകാരം പ്രൊഫസർ - 2, അസോസിയേറ്റ് പ്രൊഫസർ - 6, അസിസ്റ്റന്റ് പ്രൊഫസർ - 6 എന്നിങ്ങനെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

**യു.ജി.സി. അംഗീകരിച്ച ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ**

96 (3495) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകൾക്ക് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്താൻ യു.ജി.സി. അനുമതി നൽകിയിട്ടുണ്ടെന്നും ഏതെല്ലാം കോഴ്സുകൾക്കെന്നും വ്യക്തമാക്കുമോ;

(ബി) ആയതിനായി യു.ജി.സി. അപേക്ഷ ക്ഷണിച്ചപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികൾ താൽപ്പര്യപത്രം നൽകിയെന്ന് വ്യക്തമാക്കാമോ; അനുമതി ലഭിച്ചത് ഏതെല്ലാം യൂണിവേഴ്സിറ്റികൾക്ക്, ഏതെല്ലാം കോഴ്സുകൾക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) യു.ജി.സി.-യുടെ 2020 സെപ്റ്റംബർ 4-ലെ നോട്ടിഫിക്കേഷൻ പ്രകാരം നാക്ക് അക്രഡിറ്റേഷനിൽ (NAAC) 3.26 സ്കോറോ അതിനുമുകളിലോ ഉള്ളതോ അഥവാ എൻ.ഐ.ആർ.എഫ്. (NIRF) സർവ്വകലാശാലാ വിഭാഗത്തിൽ തുടർച്ചയായ പിൽക്കാല മൂന്ന് വർഷങ്ങളിൽ രണ്ട് തവണയെങ്കിലും ആദ്യ 100 റാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ അനുമതിയുണ്ട്. ഓൺലൈൻ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള അനുമതിക്കായി മഹാത്മാ ഗാന്ധി സർവ്വകലാശാല 2020 ഒക്ടോബറിൽ യു.ജി.സി.- ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് ബിരുദ പ്രോഗ്രാമുകളും (B.Com. & B.B.A.) ഒരു ബിരുദാനന്തര പ്രോഗ്രാമും (M.Com.) ഓൺലൈനായി നടത്തുന്നതിനുള്ള അനുമതി ഇപ്പോൾ മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 10 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ (UG -1, PG-9) കൂടി നടത്തുന്നതിനുള്ള അനുമതിക്കായി 2021 ജൂലൈയിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) യൂണിവേഴ്സിറ്റികളിൽ യു.ജി.സി. അംഗീകാരമുള്ള കൂടുതൽ ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നേടിയെടുത്ത് ഉന്നതവിദ്യാഭ്യാസരംഗം പരിപോഷിപ്പിക്കാനായി സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിന് സർക്കാർ തുടക്കംകുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്.

## സർവ്വകലാശാലാ വിദ്യാഭ്യാസത്തിൽ സ്വന്തമായ പഠനഗവേഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം

97 (3496) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവ് കൈവരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങളാണ് 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

സമൂഹത്തിലെ പുതിയ അറിവുകൾ സാമ്പത്തിക മേഖലയിലെ സങ്കേതങ്ങളോ, പ്രക്രിയയോ, സംഘാടനമോ, ഉത്പന്നമോ, വിപണനമോ ആയി രൂപാന്തരം പ്രാപിക്കുന്ന ഇന്നവേഷൻ അല്ലെങ്കിൽ നൂതനവിദ്യ എല്ലാ മേഖലകളിലും സന്നിവേശിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു നാലിന കർമ്മപരിപാടി 2021-22 ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നു.

1. തങ്ങളുടെ പ്രദേശത്തെ കൃഷി, വ്യവസായം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിലെ പ്രശ്നത്തിന് നൂതന സങ്കേതത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്നതിനായി നൂതന വിദ്യ അപ്‌ലോഡ് ചെയ്യുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോം.
2. പരീക്ഷണാടിസ്ഥാനത്തിൽ കെ-ഡിസ്ക് നടപ്പാക്കിയ യംഗ് ഇന്നവേഷൻ ചലഞ്ചും അസാപ്പിന്റെ ഹാക്കത്തോണും സംയോജിപ്പിച്ച് കേരള ഇന്നവേഷൻ ചലഞ്ച് എന്ന പേരിൽ വിപുലീകരിക്കുന്നു.
3. വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി നൂതന സങ്കേതങ്ങളും രീതികളും ഉപയോഗപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വികസന ഫണ്ടിന്റെ അര ശതമാനം "എസ്ബി സെൻ ഇന്നവേഷൻ ഫണ്ട്" ആയി മാറ്റിവയ്ക്കുന്ന പദ്ധതി.
4. സർക്കാർ വകുപ്പുകളിൽ സ്റ്റാർട്ട്അപ്പ് ഇന്നവേഷൻ സോണുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

(ബി) ആഗോള സർവ്വകലാശാലാ റേറ്റിംഗിൽ കേരളത്തിലെ സർവ്വകലാശാലകളെയും പ്രാപ്തമാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

1. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി./പി.ജി. ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം.

3. വിദേശത്തുനിന്നും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ദ്ധരെ സർവ്വകലാശാലകളിൽ എത്തിക്കാനുള്ള സ്കോളർ റസിഡൻസ് പ്രോഗ്രാം.

4. ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷൻ സമ്പ്രദായത്തിൽ കരിക്കുലത്തിന്റെ പുനഃസംഘടന.

5. വിദേശ സർവ്വകലാശാലകളുമായുള്ള അക്കാദമിക സഹകരണം.

6. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടത്തുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും.

(സി) സർവ്വകലാശാലാ വിദ്യാഭ്യാസത്തിൽ സ്വന്തമായ പഠനഗവേഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും/സംരംഭങ്ങളും:

I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണരംഗത്ത് മികവ് കാണിക്കുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

(i) കേരളത്തിലെ അംഗീകൃത സർവ്വകലാശാലയിൽനിന്ന് ഡോക്ടറൽ ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് നൂതന ഗവേഷണം തുടരുന്നതിനായി അഞ്ചുലക്ഷം രൂപ വീതം അഞ്ച് വിഷയ മേഖലയിൽ നൽകുന്നു.

(ii) കേരളത്തിലെ യൂണിവേഴ്സിറ്റികളിലോ കോളേജുകളിലോ ഗവേഷണ മേഖലകളിൽ മികവ് പുലർത്തുന്ന ഫാക്കൽറ്റി അംഗങ്ങൾക്കുള്ള ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അവാർഡ്.

(iii) ഇതുകൂടാതെ കേരളത്തിനുള്ളിലെതന്നെ സ്ഥാപനത്തിലെ അക്കാദമിക് ഗവേഷണ പണ്ഡിതർക്കുള്ള രണ്ടരലക്ഷം രൂപയുടെ പ്രൈസ് തുക.

(iv) മലയാളികളായ ഇന്ത്യയിലോ വിദേശത്തോ ഉള്ള ഗവേഷണ പണ്ഡിതർക്കുള്ള അഞ്ചുലക്ഷം രൂപയുടെ അവാർഡ്.

II. സർവകലാശാലകളുടെ പ്രവർത്തന മികവിന് നൽകുന്ന ചാൻസലേഴ്സ് അവാർഡ്- ബഹു-വൈജ്ഞാനിക സർവ്വകലാശാലകൾക്ക് 5 കോടി രൂപയും സ്പെഷ്യലൈസ്ഡ് യൂണിവേഴ്സിറ്റി വിഭാഗത്തിൽ 1 കോടി രൂപയും അടങ്ങിയതാണ് ഈ അവാർഡ്.

III. എറുഡൈറ്റ് പദ്ധതി (Erudite - Scholar- in- Residence Programme) -ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

IV. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ മേഖലകളും അവയിലെ നൂതന ഗവേഷണ പ്രവണതകളും രീതിശാസ്ത്രവും സർവ്വകലാശാല കോളേജ് അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിനായി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സംസ്ഥാന സർവ്വകലാശാലകളിലെ ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് "പ്രബുദ്ധത" എന്ന പദ്ധതി തുടങ്ങിയവ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ചുവരുന്നു.

## ദേശീയ വിദ്യാഭ്യാസ നയവും (2020) ഉന്നതവിദ്യാഭ്യാസ രംഗവും

98 (3497) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറത്തിറക്കിയ ദേശീയ വിദ്യാഭ്യാസ നയം-2020 സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഏതുവിധത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം-2020 സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി

99 (3498) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കോളേജുകൾ തുറന്ന് പ്രവർത്തിച്ച് തുടങ്ങുമ്പോൾ 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി എങ്ങനെ പ്രയോജനപ്പെടുമെന്ന് വിശദീകരിക്കാമോ?

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്നതിനായിട്ടുള്ള ഈ ഓൺലൈൻ പദ്ധതി അദ്ധ്യാപന-അദ്ധ്യയന രംഗത്ത് ഒരു പുതിയ കാൽവയ്പായി മാറുകയാണ്. വെബിനാറുകളും ടെലികോൺഫറൻസിംഗും പതിവ് രീതിയായി മാറുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും ഐ.സി.ടി.-യും ഉന്നത വിദ്യാഭ്യാസത്തിന് അനിഷേധ്യമാംവിധം നിർണ്ണായകമാണ്. അവയെ സർവ്വകലാശാലാ പാഠ്യപദ്ധതികളുടെയും സിലബസ്സിന്റെയും കോഴ്സുകളുടെയും അവിഭാജ്യഘടകങ്ങളാക്കും. ഇപ്പോഴത്തെ ക്ലാസ്സ്മുറി സമ്പ്രദായം ശക്തിപ്പെടുത്തുന്ന പോഷകമായി ഓൺലൈൻ രീതികൂട്ടിച്ചേർക്കും. ശാരീരിക അകലം പാലിക്കലും യാത്രാവിലക്കും മറ്റും ഒഴിവാക്കാനാവാത്തിടത്തോളം ഓൺലൈനിലൂടെയുള്ള കോഴ്സ് ചിട്ടപ്പെടുത്തലും വിനിമയവും മൂല്യ നിർണ്ണയവുമായിരിക്കും മേൽക്കൈനേടുന്നത്. എൽ.ബി.എസ്.-ന്റെ കീഴിൽ വരുന്ന 2 എഞ്ചിനീയറിംഗ് കോളേജുകളിലും ഒരു ഡിഗ്രി കോളേജിലും ഏകദേശം 95% വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണം ലഭ്യമായിട്ടുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് സന്നദ്ധസംഘടനകളും കോളേജ് alumni association-നുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പഠനോപകരണം ലഭ്യമാക്കാനുള്ള നടപടികളും കോളേജിലെ കമ്പ്യൂട്ടറുകൾ താൽക്കാലികമായി വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമായ ഏകീകൃത പ്ലാറ്റ്ഫോമായ മൂഡിൽ ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മോഡൽ പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ) ഐ.എച്ച്.ആർ.ഡി. നടത്തുന്ന PGDCA/DDTOA/DCA/CCLIS/DCFA എന്നീ കോഴ്സുകളും ഓൺലൈൻ മോഡിൽ ക്ലാസ്സുകളും നടത്തിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ നൂതന സാദ്ധ്യതകൾ**

100 (3499) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വ്യാപകമായ ഓൺലൈൻ വിദ്യാഭ്യാസ രീതി ഉന്നത വിദ്യാഭ്യാസരംഗത്ത് തുടർന്നും പ്രയോജനപ്പെടുത്തി യൂണിവേഴ്സിറ്റികളിൽ പുതിയ കോഴ്സുകളും നിലവിലുള്ള ഡിഗ്രി, പിജി കോഴ്സുകളും ഓൺലൈനായി ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിന് സർക്കാർ തുടക്കംകുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്.

(ബി) വിദ്യാർത്ഥികളുടെ പഠനത്തോടൊപ്പം ജോലിയും മുന്നോട്ട് കൊണ്ടുപോവുക എന്ന ആഗ്രഹം സാദ്ധ്യമാക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം ഏതൊക്കെ രീതിയിലാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽവകുപ്പുമായി ചേർന്ന് "EARN WHILE YOU LEARN" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവൃത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യഘട്ടമായി കോളേജ്, ഹോസ്റ്റൽ ക്യാമ്പസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നല്കാൻ കഴിയുന്നവരെ കണ്ടെത്തുകയും കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്കവിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഓൺലൈനായി ചെയ്യാൻ കഴിയുന്ന തൊഴിലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിവിധ ഡിഗ്രി, പിജി കോഴ്സുകളുടെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളുന്ന വീഡിയോകൾ ഉൾപ്പെടുന്ന മൊബൈൽ ആപ്പുകൾ രൂപീകരിക്കുവാൻ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുമോ; വെളിപ്പെടുത്തുമോ?

പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ സംഭരണിയിൽനിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠനസാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുന്നതും ദിനംപ്രതി വികാസം നേടുന്നതുമായ ഈ സംഭരണിയിൽ, ഇതിനോടകം, 130-ൽപ്പരം അദ്ധ്യാപകർ തയ്യാറാക്കിയ വിവിധ യു.ജി./പി.ജി. പ്രോഗ്രാമുകളുടെ 2000-ലധികം pdf, word, audio, video, ppt, e-content-കൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്ക e-content-കളും You Tube ചാനലിലേയ്ക്ക് കണക്ട് ചെയ്തിട്ടുമുണ്ട്.

**ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അനുവദിച്ച പ്രൊഫസർ പദവി കരസ്ഥമാക്കാൻ തട്ടിപ്പ്**

101 (3500) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അനുവദിച്ച പ്രൊഫസർ പദവി കരസ്ഥമാക്കുന്നതിന് യു.ജി.സി. അംഗീകൃത ജേർണലുകൾക്ക് പകരം രാഷ്ട്രീയ മാസികകളിലോ ആനുകാലിക പ്രസിദ്ധീകരണങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടികൾ സ്വീകരിക്കുമോ?

2018-ലെ യു.ജി.സി. റെഗുലേഷൻ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രൊഫസർ പ്ലേസ്മെന്റ് അനുവദിക്കുന്നത്. യു.ജി.സി. റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ള ജേർണലുകളിൽ പ്രസിദ്ധീകരിച്ച പേപ്പറുകൾ പരിഗണിച്ച് മാത്രമേ പ്രൊഫസർ പ്ലേസ്മെന്റ് അനുവദിക്കുകയുള്ളൂ. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രൊഫസർ പദവി കരസ്ഥമാക്കുന്നതിന് രാഷ്ട്രീയ

മാസികകളിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഉൾപ്പെടുത്തി പ്ലേസ്മെന്റ് പ്രൊപ്പോസലുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) 2019 മുതൽ യു.ജി.സി. കരിമ്പട്ടികയിൽപ്പെടുത്തിയ പബ്ലിഷിംഗ് കോർപ്പറേഷൻ വ്യാജ പ്രസിദ്ധീകരണങ്ങൾ നൽകി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ സംഭവങ്ങളിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച പരാതി പരിശോധിച്ചുവരുന്നു.

## കാസർഗോഡ്, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് ഫൈൻ ആർട്സ് കോളേജ്

102 (3501) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് സർക്കാർ മേഖലയിൽ ഫൈൻ ആർട്സ് കോളേജ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ബി) ഇതിനാവശ്യമായ കെട്ടിടവും സ്ഥലസൗകര്യങ്ങളും ഏർപ്പെടുത്തി നൽകിയാൽ പ്രസ്തുത കോളേജ് പ്രഖ്യാപിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ്, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് സർക്കാർ മേഖലയിൽ ഫൈൻ ആർട്സ് കോളേജുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും നിലവിലില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ

103 (3502) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്റർ യൂണിവേഴ്സിറ്റി സ്വയംഭരണ സ്ഥാപനങ്ങളായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുക എന്ന പദ്ധതി 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ദ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റിവഴി ദേശീയ തലത്തിൽനിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നതായും ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഏൺ വൈൽ ലേൺ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽ വകുപ്പുമായി ചേർന്ന് "Earn While You Learn" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവൃത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യഘട്ടമായി കോളേജ് ഹോസ്റ്റൽ കാമ്പസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നൽകാൻ കഴിയുന്നവരെ കണ്ടെത്തി കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്ക വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുവാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ വിവിധ വകുപ്പുകളിലായി 93 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ അതിജീവന പദ്ധതിയായ ഹരിതാലയം പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി കാർഷിക ഫെല്ലോഷിപ്പ് നൽകിവരുന്നു. വ്യവസായ സംരംഭങ്ങൾക്കാവശ്യമുള്ള നൈപുണ്യ വികസനം സാദ്ധ്യമാക്കുന്ന വിധത്തിൽ ഇൻഡസ്ട്രി എംബഡഡ് കോഴ്സുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ് ഇൻകുബേഷൻ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ സ്റ്റാർട്ട് അപ്പ് പോളിസിയും ഇന്നവേഷൻ പോളിസിയും സർവ്വകലാശാല അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ഇന്നവേഷൻ ആൻഡ് സ്റ്റാർട്ട് പോളിസി 2019-ന് അനുസൃതം ടി പോളിസികൾ പരിഷ്കരിക്കുന്ന വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

**ഉന്നത വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

104 (3503) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല. എയ്ഡഡ് കോളേജുകളിൽ, എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ ഒരു അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) സ്റ്റാഫ് പാറ്റേൺ പ്രകാരം എയ്ഡഡ് കോളേജുളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ 29-2-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിക്കുകയും തുടർന്ന് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കോളേജുകളിലെ വർക്ക് ലോഡ് പ്രകാരമാണ്

അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. അപ്രകാരം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തികയുടെ ജോലിഭാരം കണക്കാക്കി ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം**

105 (3504) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനാധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള Act 18 of 2015 എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ?

2015 സെപ്തംബർ 29-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു.

(ബി) പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷവും സർവ്വകലാശാലകൾ ഏതെങ്കിലും അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്ഥിരനിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത ആക്ട് നിലവിൽ വന്നതിനുശേഷം സർവ്വകലാശാലകൾ സ്ഥിരം നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെയുള്ള അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം സർവകലാശാലകൾക്ക് നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; സർവ്വകലാശാലകൾ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ സ്ഥാപനങ്ങളിൽ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്ന പൊതു നിർദ്ദേശം നിലവിലുണ്ട്. ഇതുസംബന്ധിച്ച് തൊഴിലും പുനരധിവാസവും വകുപ്പിന്റെ 5-2-2014-ലെ സർക്കുലറിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.*

(ഡി) 9-10-2006-നുശേഷം ദിവസവേതന/താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണാടക കേസിലെ പരമോന്നത കോടതിയുടെ നിർദ്ദേശങ്ങളുടെ ലംഘനമാണെന്നുള്ള ധനകാര്യവകുപ്പ് മുഖേന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമായ സംസ്ഥാന നിയമ വകുപ്പിന്റെ നിയമോപദേശം ഉന്നതവിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലകൾക്ക് നല്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. (പകർപ്പ് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു).*

(ഇ) ദിവസവേതന/താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത നിയമോപദേശം ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് ലഭ്യമായിട്ടും പരമോന്നത കോടതി വിധിക്കെതിരായി ഏതെങ്കിലും സർവ്വകലാശാല തീരുമാനം എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദിവസവേതന/താല്ക്കാലിക ജീവനക്കാരെ ആരെയുംതന്നെ സ്ഥിരപ്പെടുത്തിയിട്ടില്ല.

**ലക്ചറർ ഇൻ ജേർണലിസം തസ്തികയിലെ നിയമനം**

106 (3505) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം: 562/2017 പ്രകാരമുള്ള ലക്ചറർ ഇൻ ജേർണലിസം തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കാറ്റഗറി നം: 562/2017 പ്രകാരമുള്ള ലക്ചറർ ഇൻ ജേർണലിസം തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ നാലുപേരെ നിയമിച്ചിട്ടുണ്ട്.

(ബി) നിലവിൽ ലക്ചറർ ഇൻ ജേർണലിസം തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കോളേജുകളുടെ പേരുവിവരം ലഭ്യമാക്കുമോ?

ലക്ചറർ ഇൻ ജേർണലിസം തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ?

പ്രസ്തുത റാങ്ക് ലിസ്റ്റ് 17-5-2019-ന് നിലവിൽ വന്നു. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും റാങ്ക് ലിസ്റ്റിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്. ഒരു വർഷത്തിനുശേഷം പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ്

107 (3506) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നോക്കാവസ്ഥയിലുള്ള മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) സർക്കാർ/എയ്ഡഡ് മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മലപ്പുറം ജില്ലയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ?

(ബി&സി) സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലും പുതിയ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം

108 (3507) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിട നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 17-6-2021-ലെ സ.ഉ.(സാധാ)നമ്പർ 801/2021/ഉ.വി.വ. പ്രകാരം കോളേജ് നിർമ്മാണത്തിനായി 682 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണത്തിനായി മറ്റ് ഏതൊക്കെ ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിനാനൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനം

109 (3508) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ തുടർ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉന്നത നിലവാരമുള്ള കാമ്പസ് വിഭാവന ചെയ്യുന്ന പ്രസ്തുത കോളേജിന് കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് അധിക ഭൂമി വിട്ടുകിട്ടുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോളേജിന് ഭൂമി വിട്ടുകിട്ടുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ സമീപിച്ചിരുന്നോ; എങ്കിൽ കെ.എസ്.ഐ.ഡി.സി. നൽകിയിട്ടുള്ള മറുപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ബാലുശ്ശേരി മണ്ഡലത്തിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടുകിട്ടുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-8-2021-ന് ഒരു യോഗം ചേർന്നിരുന്നു. കെ.എസ്.ഐ.ഡി.സി. കിനാനൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ രണ്ടാം ഘട്ടമായി വികസിപ്പിക്കുന്ന 150 ഏക്കറോളം ഭൂമി AIIMS പദ്ധതിക്കായി പരിഗണിക്കുന്നുണ്ട്. കോളേജിന് ചുറ്റുമുള്ള സ്ഥലം വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ചതിനാലും വ്യവസായ ഭൂമിക്ക് ഏറെ ആവശ്യക്കാർ ഉള്ളതിനാലും അധികമായി 5 ഏക്കർ ഭൂമികൂടി അനുവദിച്ച് നൽകുന്നത് പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് കെ.എസ്.ഐ.ഡി.സി. അറിയിച്ചിട്ടുണ്ട്.

## മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

110 (3509) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിൽ പ്രവർത്തിക്കുന്ന മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്‌ളൈഡ് സയൻസിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആയിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ആസ്തി വികസന ഫണ്ടിൽനിന്നുള്ള തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 2019 ജൂൺ 3-ാം തീയതി ഉദ്ഘാടനം ചെയ്യുകയും ചെയ്തിരുന്നു. ഇതുകൂടാതെ ജൽജീവൻ പദ്ധതിയിലൂടെ മലമ്പുഴ കോളേജിന് കുടിവെള്ളവും ലഭ്യമാക്കുകയുണ്ടായി.

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എന്തെല്ലാം കോഴ്സുകളാണ് ഉള്ളതെന്നും എത്ര വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത് എന്നും വ്യക്തമാക്കാമോ?

കോളേജ് ഓഫ് അപ്‌ളൈഡ് സയൻസ്, മലമ്പുഴയിൽ മൂന്ന് ഡിഗ്രി കോഴ്സുകളാണ് നിലവിൽ ഉള്ളത്. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.കോം. കമ്പ്യൂട്ടർ ആപ്‌ളിക്കേഷൻ എന്നീ മൂന്ന് കോഴ്സുകളിലായി 275 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്.

## ധനുവച്ചപുരം ഐ.എച്ച്.ആർ.ഡി., വെള്ളറട യു.ഐ.ടി. കോളേജുകളിൽ പുതിയ കോഴ്സുകൾ

111 (3510) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ധനുവച്ചപുരത്ത് സ്ഥിതിചെയ്യുന്ന ഐ.എച്ച്.ആർ.ഡി., വെള്ളറട യു.ഐ.ടി. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ധനുവച്ചപുരം കോളേജ് ഓഫ് അപ്‌ളൈഡ് സയൻസിൽ നിലവിലുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. എന്നാൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. വെള്ളറട

യു.ഐ.ടി. കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത കോളേജുകൾക്ക് പുതുതായി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ ധനുവച്ചപുരത്ത് പ്രവർത്തിച്ചുവരുന്ന കോളേജ് ഓഫ് അപ്ളൈഡ് സയൻസിന് സർക്കാർ അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വ്യവഹാരം ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ നിലനിന്നിരുന്നതിനാൽ കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത കേസ് ഇപ്പോൾ വാദി പരാതി പിൻവലിച്ചതിനെ തുടർന്ന് തീർപ്പായി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വെള്ളറട യു.ഐ.ടി. കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പ്രസ്തുത കോളജുകളിൽ തൊഴിൽ സാദ്ധ്യതയുള്ള പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ധനുവച്ചപുരം ഐ.എച്ച്.ആർ.ഡി. കോളേജിൽ അടിസ്ഥാന സ്ഥലസൗകര്യം ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ സാദ്ധ്യതയുള്ള പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. വെള്ളറട യു.ഐ.ടി. കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**ഐ.എച്ച്.ആർ.ഡി.-യിലെ നിയമനങ്ങൾ**

112 (3511) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി.-ക്കുവേണ്ടി പ്ലാൻ ഫണ്ട്, നോൺ-പ്ലാൻ ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

2018-19, 2019-20, 2020-21 വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി.-ക്കുവേണ്ടി പ്ലാൻ ഫണ്ട്, നോൺ-പ്ലാൻ ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുന്ന ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വേണ്ടി 2020-21, 2021-22 കാലയളവുകളിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ?

ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾ, അല്ലാത്ത സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തിലല്ല മറിച്ച് മുഴുവൻ ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾക്കും കൂടി ഒരുമിച്ചാണ് ശമ്പളം വിതരണം ചെയ്യുന്നത്. ഐ.എച്ച്.ആർ.ഡി.-യുടെ കേന്ദ്ര ആസ്ഥാന ഓഫീസ് ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും വിദ്യാർത്ഥികളിൽനിന്നും ഫീസ് ഈടാക്കുന്നവയാണ്. ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളം/വേതനം എന്നിവയ്ക്കായി പ്രതിമാസം ഏകദേശം 11 കോടിയോളം രൂപ ആവശ്യമായിട്ടുണ്ട്. ഇതിനായി ഐ.എച്ച്.ആർ.ഡി.-ക്ക് ഫീസ് ഇനത്തിൽ കിട്ടിയ തുകയ്ക്ക് പുറമെ ശമ്പളമായി നല്കാൻ സർക്കാരിൽനിന്നും 2020-2021, 2021-2022 (30-9-2021 വരെ) കാലയളവുകളിൽ അനുവദിച്ച നോൺ പ്ലാൻ (ശമ്പളം) തുകകളുടെ കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) സർക്കാർ ഗ്രാന്റ് കൈപ്പറ്റുന്ന താൽക്കാലിക ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം നൽകുന്നുണ്ടോ?

താൽക്കാലിക ജീവനക്കാരുടെ വേതനം ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഐ.എച്ച്.ആർ.ഡി.-യുടെ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ നൽകുന്നത്.

(ഡി) ഐ.എച്ച്.ആർ.ഡി.-യിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

താൽക്കാലിക ജീവനക്കാരുടെ വേതനം ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഐ.എച്ച്.ആർ.ഡി.-യുടെ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ നൽകുന്നത്.

(ഇ) അവസാനമായി അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചത് ഏത് വർഷത്തിലാണെന്ന് അറിയിക്കാമോ?

അവസാനമായി ഐ.എച്ച്.ആർ.ഡി.-യിൽ അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചത് 2010-ലാണ്. തുടർന്ന് കോടതിവിധിയുടെ അടിസ്ഥാനത്തിലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും ചില ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(എഫ്) ഐ.എച്ച്.ആർ.ഡി.-യിലെ ജീവനക്കാരുടെ നിയമന രീതി വ്യക്തമാക്കുമോ?

2014-ൽ നിലവിൽ വന്ന പരിഷ്കരിച്ച വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഐ.എച്ച്.ആർ.ഡി.-യിലെ നിയമനങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ഖണ്ഡിക 13 പ്രകാരമാണ്. ഒഴിവുകൾ പ്രസിദ്ധപ്പെടുത്തിയ ശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം രൂപീകരിക്കുന്ന സ്റ്റാഫ് സെലക്ഷൻ കമ്മിറ്റി നടത്തുന്ന പരീക്ഷ/കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന സംവരണ തത്ത്വങ്ങൾ പാലിച്ചുകൊണ്ടുമാണ് നിയമനം നടത്തുന്നത്.

(ജി) ഐ.എച്ച്.ആർ.ഡി.-യിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. 2014-ൽ ഐ.എച്ച്.ആർ.ഡി.-യിൽ പരിഷ്കരിച്ച വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നു. സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ ഉന്നത അധികാര സമിതിയായ ഗവേണിംഗ് ബോഡിയുടെ 22-ാം യോഗത്തിൽ ഐ.എച്ച്.ആർ.ഡി.-യിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ഐ.എച്ച്.ആർ.ഡി.-യിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

113 (3512) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനരീതിയും സേവന വ്യവസ്ഥകളും നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസ് നിയമമാക്കുന്നതിന് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് 19-7-2014-ലെ സ.ഉ.(എം.എസ്)നമ്പർ 552/2014/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വ്യത്യസ്ത സർവ്വകലാശാലകളിലെ ബിരുദാനന്തരബിരുദ കോഴ്സുകൾ**

114 (3513) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾക്ക് ഒരേ വിഷയത്തിൽ രാജ്യത്തെ വ്യത്യസ്ത സർവ്വകലാശാലകളിൽനിന്നും വ്യത്യസ്ത വർഷങ്ങളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ചെയ്യുന്നതിന് തടസ്സങ്ങളുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ, മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് യു.ജി.സി.-യുടെ Regulation for PG Programmes-ന് അനുസൃതമായിട്ടാണ്. വ്യത്യസ്ത സർവ്വകലാശാലകളിൽനിന്നും വ്യത്യസ്ത വർഷങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ചെയ്യുന്നതിന് തടസ്സമായി എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതുനിയമമൊന്നും നിലവിലില്ല. മഹാത്മാ ഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 30, വകുപ്പ് 5 താഴെപ്പറയും പ്രകാരം നിഷ്കർഷിക്കുന്നു. " No candidate who has already been awarded a degree and has been given him diploma shall be awarded the same degree for a second time" ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പുതുക്കിയ OBTLE അധിഷ്ഠിത ബിരുദാനന്തര ബിരുദ കോഴ്സ് റെഗുലേഷനിൽ "No person shall be eligible for admission to a PG Programme if she/he is currently on the roll for a P.G. Programme in another subject/discipline offered in the University. No student shall be eligible to join a PG Programme if that the student has already attended a PG Programme before, In any of the Universities/Colleges in Kerala including SSUS, in regular stream" എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഡാൻസ്, മ്യൂസിക്, ഫൈൻ ആർട്സ്, തീയേറ്റർ എന്നീ വകുപ്പുകളിൽ പ്രവേശനത്തിന്, പ്രസ്തുത റെഗുലേഷനിൽ ഇളവ് നൽകാൻ തീരുമാനമായിട്ടുണ്ട്.

## ഓട്ടോണമസ് കോളേജുകളിലെ എസ്.സി./എസ്.റ്റി. സംവരണം

115 (3514) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഓട്ടോണമസ് കോളേജുകളുണ്ട്; ബിരുദ തലത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിന് എത്ര സംവരണ സീറ്റാണ് ഉള്ളത്; നിലവിൽ രണ്ടാം വർഷ ബിരുദ കോഴ്സുകളിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട്?

സംസ്ഥാനത്ത് 19 ഓട്ടോണമസ് ആർട്സ് & സയൻസ് കോളേജുകളും 3 ഓട്ടോണമസ് എഞ്ചിനീയറിംഗ് കോളേജുകളുമാണുള്ളത്. ടി കോളേജുകളിൽ ബിരുദതലത്തിലെ എസ്.സി, എസ്.ടി. വിഭാഗത്തിനുള്ള സംവരണ സീറ്റുകളുടെ എണ്ണവും നിലവിൽ രണ്ടാം വർഷ ബിരുദ കോഴ്സുകളിലുള്ള എസ്.സി., എസ്.ടി. വിദ്യാർത്ഥികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്പോട്ട് അഡ്മിഷൻ അടക്കം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഓട്ടോണോമസ് കോളേജുകളിലെ പട്ടികജാതി -പട്ടികവർഗ്ഗ സംവരണ സീറ്റുകൾ മാനേജ്മെന്റ് തട്ടിയെടുക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ സംവരണ സീറ്റുകൾ മാനേജ്മെന്റ് തട്ടിയെടുക്കുന്നുണ്ടെന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ SC/ST Commission എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ സംവരണ സീറ്റുകളിലെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ലെന്നത് സംബന്ധിച്ച് മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് ലഭിച്ച പരാതിയിന്മേൽ കോളേജുകളിൽനിന്ന് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്.

## ഫോറൻസിക് സയൻസിൽ ബിരുദ കോഴ്സ് ആരംഭിക്കാൻ നടപടി

116 (3515) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസിൽ സംസ്ഥാനത്ത് ബിരുദ കോഴ്സ് നിലവിലുണ്ടോ എന്നും പ്രസ്തുത കോഴ്സ് സർക്കാർ മേഖലയിലെ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്നുണ്ടെന്നും വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഫോറൻസിക് സയൻസിൽ ബിരുദാനന്തര കോഴ്സ് നടത്തുന്നുണ്ട്. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ സെൽഫ് ഫിനാൻസിംഗ് സ്കീമിൽ B.Sc Cyber Forensics, M.Sc Cyber Forensics എന്നീ പ്രോഗ്രാമുകൾ നടത്തിവരുന്നു. ന്യുവൽസിൽ Law of Forensic Science എന്ന വിഷയം 5 Year B.A LL.B (Hons.) Degree കോഴ്സിന്റെ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഫോറൻസിക് സയൻസ് ബിരുദം ഒരു അംഗീകൃത ബിരുദമായി പി.എസ്.സി. ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഫോറൻസിക് സയൻസ് വകുപ്പിലെ സയന്റിഫിക് ഓഫീസർ പോലുള്ള തസ്തികകളിൽ ഫോറൻസിക് സയൻസ് ബിരുദധാരികളുടെ അപേക്ഷകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ടി യോഗ്യതയുടെ സ്വീകാര്യത സംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയ്ക്ക് ഫോറൻസിക് സയൻസിലെ മാസ്റ്റേഴ്സ് ബിരുദം പരിഗണിച്ചുവരുന്നു.

(സി) ആവശ്യത്തിനനുസൃതമായി ഫോറൻസിക് സയൻസ് ബിരുദം ഉള്ളവർ സംസ്ഥാനത്ത് ലഭ്യമാണോ എന്ന് അറിയിക്കാമോ?

ഫോറൻസിക് സയൻസ് ബിരുദമുള്ളവരുടെ ആവശ്യവും ലഭ്യതയും സംബന്ധിച്ച ഒരു പഠനം ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടില്ല.

(ഡി) ഫോറൻസിക് സയൻസിൽ കൂടുതൽ ബിരുദ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഗ്രാമീണ വായനശാലകൾക്കുള്ള ഗ്രാന്റ്

117 (3516) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ വായനശാലകൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിൽനിന്നും ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

4-2-2017-ലെ ജി.ഒ. (എം.എസ്.) 36/2017/ഉ.വി.വ. പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം എല്ലാ വർഷവും ഗ്രഡേഷൻ കമ്മിറ്റി നേരിട്ട് ഗ്രന്ഥശാലകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ചാണ് ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്.

(ബി) നിലവിൽ എത്ര രൂപ വീതമാണ് ഗ്രാന്റ് അനുവദിക്കുന്നത്; പ്രസ്തുത ഗ്രാന്റ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗ്രന്ഥശാലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ് സംബന്ധിച്ച വിവരം ഗ്രേഡ് അനുസരിച്ച് ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | അനുവദിക്കുന്ന തുക |
|---|---|
| A+ | 50,000 രൂപ |
| A | 32,000 രൂപ |
| B | 24,000 രൂപ |
| C | 20,000 രൂപ |
| D | 16,000 രൂപ |
| E | 14,000 രൂപ |
| F | 12,000 രൂപ |

പ്രസ്തുത ഗ്രാന്റ് തുക ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**അഴീക്കോട് മണ്ഡലത്തിലെ അംഗീകാരമുള്ള ലൈബ്രറികൾ**

118 (3517) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേഷൻ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകൾ ഏതൊക്കെയാണെന്ന് ഗ്രന്ഥശാലകളുടെ ക്ലാസിഫിക്കേഷൻ ഉൾപ്പെടെ പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് കോളേജ്

119 (3518) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ ഡിഗ്രി കോഴ്സുകൾ

120 (3519) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഓരോ സർക്കാർ, എയ്ഡഡ് കോളേജുകളിലും നിലവിലുള്ള ഡിഗ്രി കോഴ്സുകൾ ഏതെല്ലാമാണ്; കോളേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ കോഴ്സിനും സ്റ്റാറ്റ്യൂട്ടറി ലിമിറ്റ് അനുസരിച്ച് എത്ര സീറ്റുകളാണ് നിലവിലുള്ളത്; കോളേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ ഡിഗ്രി കോഴ്സുകൾ സംബന്ധിച്ചും സീറ്റുകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കുന്ദമംഗലം ഗവൺമെന്റ് കോളേജിന്റെ വികസനം

121 (3520) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗവൺമെന്റ് കോളേജിന്റെ വികസനത്തിനാവശ്യമായ കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് കോളേജ് വികസനത്തിന് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോളേജിന്റെ വികസനത്തിന് 10 ഏക്കർ ഭൂമി കൂടി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഇതിനായി കോളേജിനോട് ചേർന്നുള്ള 10 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

**ലൈബ്രേറിയന്മാരുടെ വേതനം**

122 (3521) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രറികളിലെ ലൈബ്രേറിയന്മാരുടെ നിലവിലെ വേതനം എത്രയെന്ന് വ്യക്തമാക്കുമോ?

നിലവിലെ വാർഷിക നിരക്ക് ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | അലവൻസ് |
|---|---|
| A+ | 56,640 രൂപ |
| A | 49,440 രൂപ |
| B | 49,440 രൂപ |
| C | 49,440 രൂപ |
| D | 45,840 രൂപ |
| E | 45,840 രൂപ |
| F | 45,840 രൂപ |

(ബി) പ്രസ്തുത വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

3-2-2021-ലെ ജി.ഒ.(ആർ.റ്റി.)203/2021/ ഉ.വി.വ. പ്രകാരം ലൈബ്രേറിയന്മാരുടെ പ്രതിമാസ അലവൻസിൽ 1-4-2021 പ്രാബല്യത്തിൽ ആയിരം രൂപയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അലവൻസ് വീണ്ടും ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

123 (3522) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) പുല്ലൂറ്റ് കെ.കെ.ടി.എം. സർക്കാർ കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 4.10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2021 സെപ്റ്റംബർ 25-ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

124 (3523) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജ് ആരംഭിച്ചത് ഏത് വർഷമാണ്; ഏതൊക്കെ കോഴ്സുകളിലായി എത്ര കുട്ടികൾക്ക് ഇവിടെ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്?

ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, അമ്പലപ്പുഴ 2010-ൽ പ്രവർത്തനം ആരംഭിച്ചു. ബി.എ. എക്കണോമിക്സ് (40 sanctioned strength), എം.എ. എക്കണോമിക്സ് (20 sanctioned strength), ബി.കോം. (40 sanctioned strength), എം.കോം. (20 sanctioned strength), ബി.എസ്‌സി. മാത്തമാറ്റിക്സ് (25 sanctioned strength), എം.എ. ഇംഗ്ലീഷ് (20 sanctioned strength) എന്നീ ആറ് കോഴ്സുകളിലായി 165 വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. (ആകെ വിദ്യാർത്ഥികൾ-435, ഡിഗ്രി -315, പി.ജി.-120)

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച തുകയും അവയുടെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ച സ്റ്റേഡിയം നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) സ്റ്റേഡിയം നിർമ്മാണം ആരംഭിക്കണമെങ്കിൽ കായിക യുവജന ക്ഷേമ വകുപ്പ് ഡയറക്ടർ ഒന്നാം കക്ഷിയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ രണ്ടാം കക്ഷിയായും ധാരണാപത്രത്തിൽ (MOU) ഏർപ്പെടേണ്ടതുണ്ട്. എന്നാൽ കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ചില ന്യൂനതകളുള്ളതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ ധാരണാപത്രം (MOU) തയ്യാറാക്കി നൽകുന്നതിന് കായിക യുവജനക്ഷേമ വകുപ്പിൽ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പുമായി 20-7-2021-ന് മീറ്റിംഗ് നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ വ്യവസ്ഥകളിൽ രണ്ട് കക്ഷികൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. മീറ്റിംഗ് തീരുമാന പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ പുതുക്കിയ ധാരണാപത്രം തയ്യാറാക്കുന്നതിന് കായിക യുവജനക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ലഭ്യമാക്കിയശേഷം കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാവുന്നതാണ്.

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രം

125 (3524) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിലെ എം.എ. മലയാളം കോഴ്സ് നിർത്തലാക്കുന്നതിനായി ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അപേക്ഷകരുടെ എണ്ണം കുറവായതിനാൽ എം.എ. മലയാളത്തിന് പ്രവേശനം ആദ്യഘട്ടത്തിൽ അനുവദിച്ചില്ലെങ്കിലും പിന്നീട് സിൻഡിക്കേറ്റ് തീരുമാനപ്രകാരം പ്രവേശനം അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ആലപ്പുഴ ജില്ലയിലെ ഏക പ്രാദേശിക കേന്ദ്രമായ തുറവൂർ പ്രാദേശിക കേന്ദ്രത്തിന്റെ പുരോഗതിക്കുവേണ്ടി സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിന് പുതിയ കെട്ടിടം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ?

(ബി&സി) സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽപ്പെട്ട ആറ് ഏക്കർ 63.43 സെന്റ് ഭൂമി

അനുയോജ്യമാണെന്ന് സർവ്വകലാശാല കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനായി വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം ഉൾക്കൊള്ളുന്ന ഫോറം - 2 രേഖകൾ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ഭരണാനുമതി ഉത്തരവിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരികയാണ്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അദ്ധ്യാപക-അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി. 2018-ൽ പുറത്തിറക്കിയ റെഗുലേഷൻസ്

126 (3525) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപക, അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി. 2018-ൽ പുറത്തിറക്കിയ റെഗുലേഷൻസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെഗുലേഷനുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ?

(എ&ബി) യു.ജി.സി. 2018 റഗുലേഷൻ 29-9-2019-ലെ സ.ഉ. (പി)നമ്പർ28/2019/ഉ.വി.വ. പ്രകാരം കേരളത്തിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(സി) കോളേജ് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ആന്വൽ സ്കീമിൽ പരീക്ഷ എഴുതിയവർക്കും ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ വിഭാഗത്തിൽ പരീക്ഷ എഴുതിയവർക്കും ഇവാല്യുവേഷൻ രീതികൾ തമ്മിലുള്ള വ്യത്യാസം കാരണമുണ്ടാകുന്ന മാർക്കിന്റെ അന്തരം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പരിശോധിച്ചുവരുന്നു.

## പരപ്പനങ്ങാടി സയൻസ് പാർക്ക് ആൻഡ് പ്ലാനറ്റോറിയം

127 (3526) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സയൻസ് പാർക്ക് ആൻഡ് പ്ലാനറ്റോറിയം രണ്ടാംഘട്ട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണ്?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സയൻസ് പാർക്ക് ആൻഡ് പ്ലാനറ്റോറിയം പദ്ധതി ഒറ്റഘട്ടമായി പൂർത്തിയാക്കാനാണ് 2015-ൽ

അംഗീകാരം ലഭിച്ചത്. 2015-ൽ അംഗീകരിച്ച ഈ പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പദ്ധതിയോ തുകയോ അംഗീകരിച്ച് അനുവദിച്ചിട്ടില്ല.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം

128 (3527) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ വിശദവിവരം നൽകാമോ; ഇതിന് സംസ്ഥാനത്ത് എത്ര സീറ്റാണുള്ളത്; ഇതിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണ്; വ്യക്തമാക്കാമോ?

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സ്റ്റേറ്റ് ലൈബ്രേറിയൻ കോഴ്സ് ഡയറക്ടറായി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.) സർട്ടിഫിക്കറ്റ് കോഴ്സ് ഓരോ വർഷവും നടത്തുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് ലൈബ്രറി സയൻസിന്റെ അടിസ്ഥാന തത്വങ്ങൾ, നിയമങ്ങൾ, ലൈബ്രറികളുടെ ഘടന, നടത്തിപ്പ്, ലൈബ്രറികൾ നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകുന്നു. ഇതുവഴി സ്കൂൾ-കോളേജ് ലൈബ്രറികൾ, പബ്ലിക് ലൈബ്രറികൾ, സ്പെഷ്യൽ ലൈബ്രറികൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അറിവും പരിശീലനവും നേടാവുന്നതാണ്. സംസ്ഥാന പരീക്ഷാ കമ്മീഷണർ ആണ് ഈ കോഴ്സിന്റെ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത്. സി.എൽ.ഐ.എസ്.സി. കോഴ്സിന്റെ കാലാവധി ആറുമാസമായിരിക്കും. "ഏൺ വൈൽ യു ലേൺ" പദ്ധതി പ്രകാരം 4 മാസം പഠനവും 2 മാസം തൊഴിൽ പരിചയവും ആയിരിക്കും. പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 900 രൂപ വീതം വേതനം ലഭിക്കുന്നതാണ്. 41 സീറ്റാണ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.) സർട്ടിഫിക്കറ്റ് കോഴ്സിന് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിലവിലുള്ളത്. എസ്.എസ്.എൽ.സി. വിജയമാണ് അടിസ്ഥാന യോഗ്യത.

(ബി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി വിഭാഗത്തിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഇ-ജേർണലിന്റെ ലിസ്റ്റ് സംബന്ധിച്ച് വിശദവിവരം നൽകാമോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഇ-ജേർണൽ നിലവിൽ സബ്സ്ക്രൈബ് ചെയ്തിട്ടില്ല.

(സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 2018-19, 2019-2020, 2020-21 കാലഘട്ടത്തിൽ സിഡ്കോ മുഖാന്തരം നടത്തിയ പ്രവർത്തനങ്ങളുടെ വിശദവിവരം നൽകാമോ?

2018-2019 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുസ്തകങ്ങൾ വയ്ക്കുന്നതിനായി ബുക്ക് ഷെൽഫുകൾ, റാക്കുകൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ 2 ലക്ഷം രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ, ലൈബ്രേറിയൻമാർക്ക് ട്രെയിനിംഗ് നൽകുന്നതിനും ചെറിയ പരിപാടികൾ നടത്തുന്നതിനുംവേണ്ടി ആധുനിക രീതിയിലുള്ള എക്കോപ്രൂഫിംഗ് സംവിധാനം ഉൾപ്പെടെ എയർ കണ്ടീഷനിംഗ് ട്രെയിനിംഗ് സെന്റർ 42.92 ലക്ഷം രൂപയ്ക്കും ലൈബ്രറിയിലെ പൈതൃക മന്ദിരത്തിന്റെ വികലാംഗർക്കുള്ള ടോയ്‌ലറ്റിന്റെയും ജീവനക്കാരുടെ വാഹന പാർക്കിംഗ് ഏരിയ നവീകരിച്ച് വിപുലപ്പെടുത്തുന്നതിനും കുട്ടികളുടെ വിഭാഗത്തിന് മുകളിലുള്ള റൂഫ് ചോർച്ച ഒഴിവാക്കി ഫോൾസ് സീലിംഗ് ഏർപ്പെടുത്തുന്നതിനും ഓഫീസ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 28.29 ലക്ഷം രൂപയുടെ ജോലികൾ സിഡ്കോ മുഖാന്തരം നടത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ലൈബ്രറിയിൽ പുസ്തകങ്ങൾ വയ്ക്കുന്നതിനായി ബുക്ക് ഷെൽഫുകൾ, റാക്കുകൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ 3.55 ലക്ഷം രൂപയ്ക്ക് സിഡ്കോയിൽനിന്നും വാങ്ങിയിട്ടുണ്ട്. നാഷണൽ മിഷൻ ഓൺ ലൈബ്രറി എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ലൈബ്രറിയുടെ അടിസ്ഥാന വികസനത്തിനായി 13.15 ലക്ഷം രൂപയ്ക്ക് വായനക്കാർക്കുള്ള ഫർണിച്ചറുകൾ, ഇഷ്യൂ റിട്ടേൺ കൗണ്ടറുകൾ, ലൈബ്രറി ഡെപ്യൂട്ടി, ഡ്യൂട്ടി ലൈബ്രേറിയന്മാരുടെ കൗണ്ടറുകൾ എന്നിവ സിഡ്കോ മുഖാന്തരം നവീകരിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ ക്ലോസ്ഡ് റഫറൻസ് വിഭാഗത്തിൽ ബൈൻഡ് ചെയ്ത പത്രങ്ങൾ സൂക്ഷിക്കുന്നതിനും പുതുതായി വാങ്ങിയ പുസ്തകങ്ങൾ വയ്ക്കുന്നതിനുമായി ബുക്ക് ഷെൽഫുകൾ 5 ലക്ഷം രൂപയ്ക്ക് സിഡ്കോയിൽനിന്ന് വാങ്ങിയിട്ടുണ്ട്.

## മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് വനിതാ ഹോസ്റ്റൽ

129 (3528) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥിനികൾക്കായുള്ള ഹോസ്റ്റൽ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റൽ തുറന്ന് പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോളേജുകളിലെ അവസാന വർഷ റെഗുലർ ക്ലാസ് ആരംഭിച്ച 4-10-21 മുതൽ ഹോസ്റ്റലിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(സി) ഹോസ്റ്റലിൽ അത്യാവശ്യമായി ഉണ്ടാകേണ്ട ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ ഹോസ്റ്റലിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ വഴി കുക്ക്-1, സാനിറ്റേഷൻ വർക്കർ-1, സ്വീപ്പർ-1 എന്നിവരെ താത്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ അടിയന്തരമായി ജീവനക്കാരെ നിയമിച്ച് എത്രയുംപെട്ടെന്ന് ഹോസ്റ്റൽ തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

കോളേജുകളിലെ അവസാന വർഷ റെഗുലർ ക്ലാസ് ആരംഭിച്ച 4-10-21 മുതൽ ഹോസ്റ്റലിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

**എയ്ഡഡ് കോളേജുകളിൽ നടത്തുന്ന അൺ എയ്ഡഡ് കോഴ്സുകൾ**

130 (3529) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകൃത എയ്ഡഡ് കോളേജുകളിൽ നടത്തുന്ന അൺഎയ്ഡഡ് കോഴ്സുകൾ നിർത്തൽ ചെയ്യാൻ സർക്കാരോ യൂണിവേഴ്സിറ്റികളോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എയ്ഡഡ് കോളേജുകളിൽ നടത്തിവരുന്ന സ്വാശ്രയകോഴ്സുകൾക്ക് ആവശ്യമുള്ള സമയത്ത് നിരാക്ഷേപപത്രം നൽകുന്നതാണെന്നും എന്നാൽ യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ബി.വോക് കോഴ്സുകളല്ലാതെ പുതിയ സ്വാശ്രയ കോഴ്സുകൾ എയ്ഡഡ് കോളേജുകളിൽ അനുവദിക്കില്ലെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഇത്തരം കോഴ്സുകൾ നിർത്തൽ ചെയ്യുന്നതിലൂടെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ഭയാശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബാധകമല്ല.

(സി) എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകളും ക്ലാസ്സുകളും ആരംഭിക്കാത്ത സാഹചര്യത്തിൽ പുതുതായി കൂടുതൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാമോ?

കൂടുതൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ കാലോചിത പരിഷ്കരണം

131 (3530) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ വർഷം അനുവദിക്കേണ്ട കോഴ്സുകൾ ഏതൊക്കെയെന്ന് അറിയിക്കാൻ കോളേജുകളോട് ആവശ്യപ്പെട്ട് ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങിയതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തീരുമാനമെടുക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) ബിരുദ, ബിരുദാനന്തര ബിരുദ മേഖലയിൽ എത്ര കോഴ്സുകൾ വീതം തുടങ്ങാനാണ് എയ്ഡഡ് കോളേജുകൾക്ക് കോഴ്സുകളുടെ പട്ടികസഹിതം നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ?

(എ-സി) പുതിയ കോഴ്സുകൾ തുടങ്ങുന്നതിനായി സർക്കാർ, എയ്ഡഡ് കോളേജുകളിൽനിന്നും അപേക്ഷ ക്ഷണിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 6-9-2021-ലെ B3/159/2021/HEDN നമ്പർ കത്ത് പ്രകാരം സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച എല്ലാ വശങ്ങളും ചർച്ച ചെയ്യുന്നതിനായുള്ള വർക്ഷോപ്പിൽ ഉയർന്നുവരുന്ന വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച കാര്യത്തിൽ സ്വാധീനം ഉണ്ടാക്കുമെന്നതിനാൽ കൂടുതൽ പരിശോധനയ്ക്കായി 6-9-2021-ലെ കത്ത് സർക്കാർ പിൻവലിക്കുകയുണ്ടായി. ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ കാലോചിത പരിഷ്കരണത്തിന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തിനായുള്ള നടപടികൾ ശിപാർശ ചെയ്യുന്നതിനായി ഡോ. ശ്യാം ബി. മേനോൻ ചെയർമാനായും സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. എൻ. കെ. ജയകുമാർ ചെയർമാനായും സർവ്വകലാശാല പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി ഡോ. സി. ടി. അരവിന്ദകുമാർ ചെയർമാനായും മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സാങ്കേതിക സർവകലാശാലയിലെ ഡയറക്ടർ നിയമനം**

132 (3531) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റൻറ് ഡയറക്ടർ എന്നീ തസ്തികകളിൽ നിയമനം നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത തസ്തികകൾ അദ്ധ്യാപക തസ്തികകൾ ആണോ എന്ന് വ്യക്തമാക്കാമോ?

അല്ല.

(സി) അനദ്ധ്യാപക തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്ന് ചട്ടം നിലവിലുള്ളപ്പോൾ സർവ്വകലാശാല നേരിട്ട് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിലുള്ള ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളെ അനദ്ധ്യാപക തസ്തികകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**സാങ്കേതിക സർവ്വകലാശാലയിൽ പെഡഗോഗിക്കൽ സയൻസ്**

133 (3532) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സാങ്കേതിക സർവ്വകലാശാലയിൽ പെഡഗോഗിക്കൽ സയൻസ് കൂടി ഉൾപ്പെടുത്തി അദ്ധ്യാപക പരിശീലനത്തിനും മറ്റും കൂടുതൽ പ്രാമുഖ്യം നൽകാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ സാങ്കേതിക സർവ്വകലാശാലയ്ക്ക് നേരിട്ട് അദ്ധ്യാപക പരിശീലനം നൽകുന്നതിനുള്ള സംവിധാനമില്ല. സർവ്വകലാശാലാ ക്യാമ്പസ് നിലവിൽ വരുന്ന

മുറയ്ക്ക് പെഡഗോഗിക്കൽ സയൻസ് കൂടി ഉൾപ്പെടുത്തി അദ്ധ്യാപക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സാങ്കേതിക സർവ്വകലാശാലയിലെ ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ**

134 (3533) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ കേരളത്തിലെ മറ്റ് സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും യോഗ്യരായ അദ്ധ്യാപകർക്ക് അപേക്ഷ നൽകാൻ അവസരമുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ 2020-ലെ ആദ്യ സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 7 സ്റ്റാറ്റ്യൂട്ട് 3 പ്രകാരം യോഗ്യതയുള്ള അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) വിജ്ഞാപന പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർ ഈ തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യരാണോ എന്ന് വ്യക്തമാക്കാമോ?

സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷ നൽകാം.

(സി) സർവ്വകലാശാലയിലെ ഉയർന്ന തസ്തികയിലേയ്ക്കുള്ള നിയമങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമുള്ളവർക്ക് അപേക്ഷിക്കുവാനുതകുന്ന രീതിയിൽ ചട്ട നിർമ്മാണം നടത്തണമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സാങ്കേതിക സർവ്വകലാശാലയിൽ സർക്കാർ അനുവദിച്ച തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ ആക്ടും സ്റ്റാറ്റ്യൂട്ടും പ്രകാരം നിശ്ചയിച്ച യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാനും നിയമിക്കപ്പെടാനും അർഹതയും അവകാശവുമുണ്ട്. നിശ്ചിത യോഗ്യതയുള്ളവർ സംസ്ഥാനത്തിനകത്ത്, സംസ്ഥാനത്തിന് പുറത്ത് എന്ന വിവേചനം സർവ്വകലാശാലയിലെ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല.

**സാങ്കേതിക സർവ്വകലാശാലയുടെ അദ്ധ്യാപക നിയമനം**

135 (3534) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളിൽ എ.ഐ.സി.ടി.ഇ., യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല എന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ 2008 മുതലുള്ള അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾക്കായുള്ള സെലക്ട് ലിസ്റ്റ് വീണ്ടും തയ്യാറാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ കേഡറുകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിലുണ്ടായിരുന്ന ഒ.പി.(കെ.എ.ടി.) നം. 133/2020-ഉം, അനുബന്ധ ഹർജികളിലും 3-12-2020 തീയതിയായി പുറപ്പെടുവിച്ച പൊതുവിധി പ്രസ്താവം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5-10-2021-ലെ സ.ഉ.(സാധാ) നമ്പർ 1326/2021/ഉവിവ പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പുതിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ തസ്തികകളിൽ മാറ്റം വരാവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ സാങ്കേതിക സർവ്വകലാശാലയിൽ നിയമനം നടത്തുവാൻ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുവാൻ നിലവിൽ യോഗ്യതയില്ലാത്തവർ പുതിയ സെലക്ട് ലിസ്റ്റ് മുഖേന യോഗ്യരാകാവുന്നതും നിലവിൽ അപേക്ഷിച്ച അദ്ധ്യാപകർ അയോഗ്യരാകാവുന്നതുമായ സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ തസ്തികകളിലേയ്ക്കുള്ള അപേക്ഷകളിന്മേൽ അന്തിമ തീരുമാനമായിട്ടില്ല.

**ബി.ടെക് അവസാന സെമസ്റ്റർ പരീക്ഷയിലെ കൂട്ടത്തോൽവി**

136 (3535) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ നടന്ന ബി.ടെക്. അവസാന സെമസ്റ്റർ പരീക്ഷയിൽ 'പ്രോഡക്റ്റ് ഡെവലപ്മെന്റ് ആൻഡ് ഡിസൈൻ' എന്ന വിഷയത്തിൽ മാത്രമായി കൂട്ടത്തോൽവി സംഭവിച്ചത് സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്റെ മൂല്യനിർണ്ണയത്തിൽ പിഴവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

2019-ൽ നടന്ന ബി.ടെക്. അവസാന സെമസ്റ്റർ പരീക്ഷയിൽ 'പ്രോഡക്റ്റ് ഡെവലപ്മെന്റ് ആൻഡ് ഡിസൈൻ' എന്ന വിഷയത്തിൽ നിരവധി മൂല്യനിർണ്ണയ ക്യാമ്പുകളിലായി നടന്ന മൂല്യനിർണ്ണയത്തിൽ, ഒരു ക്യാമ്പിൽ ഈ വിഷയത്തിൽ നിരവധി വിദ്യാർത്ഥികൾ പരാജയപ്പെട്ടതായി സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിന്റെ മൂല്യനിർണ്ണയത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മൂല്യനിർണ്ണയത്തിനായി അവലംബിച്ച ചട്ടങ്ങളും കൂട്ടത്തോൽവിയുടെ സാഹചര്യവും സർവ്വകലാശാല സ്വീകരിച്ച നടപടികളും വിശദമാക്കാമോ; മേൽവിഷയം സംബന്ധിച്ച എല്ലാ തീരുമാനങ്ങളുടെയും നടപടിക്രമങ്ങളുടെയും ഫയൽ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുതമൂല്യ നിർണയത്തിന് അവലംബിച്ച ചട്ടങ്ങൾ ഉൾക്കൊള്ളുന്നത് 2016-ൽ യൂണിവേഴ്സിറ്റി പുറപ്പെടുവിച്ച Examination Handbook-ൽ ആണ്. 'പ്രോഡക്റ്റ് ഡെവലപ്മെന്റ് ആൻഡ് ഡിസൈൻ' എന്ന പരീക്ഷയുടെ Answer scripts മൂല്യനിർണ്ണയം നടത്തിയ നിരവധി പരീക്ഷ ക്യാമ്പുകളിലെ ഒരു പരീക്ഷ ക്യാമ്പിൽ നിരവധി വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് തോറ്റത് ശ്രദ്ധയിൽപ്പെട്ടപ്പോൾ പ്രസ്തുത ക്യാമ്പിൽ മൂല്യനിർണ്ണയം നടത്തിയ answer scripts പുനർമൂല്യനിർണ്ണയം നടത്താൻ വൈസ് ചാൻസലർ ഉത്തരവിട്ട പ്രകാരം പുനർമൂല്യനിർണ്ണയം നടത്തിയിരുന്നു. പുനർമൂല്യനിർണ്ണയം നടത്തിയപ്പോൾ ഒരു അദ്ധ്യാപകൻ ആദ്യ മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. തുടർന്ന് വൈസ് ചാൻസലർ ഉത്തരവിട്ട പ്രകാരം ഇക്കാര്യത്തിൽ South zone Examination Monitoring Committee-യെക്കൊണ്ട് നടത്തിയ അന്വേഷണത്തിൽ ആദ്യ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകൻ വീഴ്ച വരുത്തിയതായി കണ്ടെത്തുകയും ടിയാനെതിരെ നടപടി ശിപാർശ ചെയ്യുകയും ചെയ്തു. ശിപാർശയുടെ വെളിച്ചത്തിൽ 2019 ഒക്ടോബർ 9-ാം തീയതിയിൽ കൂടിയ എട്ടാമത് സിൻഡിക്കേറ്റ് യോഗം അദ്ധ്യാപകനുമേൽ 25,000 രൂപ പിഴ ചുമത്താനും KTU അദ്ധ്യാപക ID

റദ്ദാക്കാനും അദ്ദേഹം സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന കോളേജിൽനിന്നും പുറത്താക്കാൻ മാനേജ്മെന്റിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനം നടപ്പാക്കുകയും ചെയ്തു. ഇതുസംബന്ധിച്ച മുഴുവൻ രേഖകളുടെയും പകർപ്പ് ഇതോടൊപ്പം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(സി) പ്രസ്തുത പിഴവ് പരിഹരിച്ച് പുതിയ മാർക്ക് രേഖപ്പെടുത്തി റിസൾട്ട് പ്രസിദ്ധീകരിക്കുവാൻ സർവ്വകലാശാല ആശ്രയിച്ചത് പിഴവ് വരുത്തിയ പരിശോധകനെക്കാൾ സീനിയർ ആയ പരിശോധകനെയാണോയെന്ന് അറിയിക്കാമോ; മേൽപ്പറഞ്ഞ പരിശോധകരുടെ സീനിയോറിറ്റിയുടെയും പരിചയസമ്പത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർവ്വകലാശാല പരീക്ഷകളുടെ മൂല്യനിർണ്ണയവും പുനർമൂല്യനിർണ്ണയവും അനുബന്ധ കാര്യങ്ങളും നടത്തുന്നത് 2016-ലെ Examination Handbook-ലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സിൻഡിക്കേറ്റ് എടുക്കുന്ന തീരുമാനങ്ങൾ പ്രകാരവും ആണ്. ഇക്കാര്യത്തിൽ പരിശോധകരുടെ സീനിയോറിറ്റി മാനദണ്ഡമാക്കാറില്ല.

(ഡി) റിസൾട്ട് പ്രസിദ്ധീകരണത്തിന് മുൻപ് കുട്ടത്തോൽവി കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിച്ചതിനുശേഷം മാത്രം റിസൾട്ട് പ്രഖ്യാപനം നടത്തിയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദീകരിക്കാമോ?

ഇത്തരം സംഭവങ്ങൾ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഇ) മൂല്യനിർണ്ണയങ്ങളിലെയും പുനർമൂല്യനിർണ്ണയങ്ങളിലെയും അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് തെറ്റുവരുത്തിയ പരിശോധകർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മൂല്യനിർണ്ണയത്തിലും പുനർമൂല്യനിർണ്ണയത്തിലും വീഴ്ച വരുത്തിയ അദ്ധ്യാപകരുടെ വിവരങ്ങളും അവർക്കെതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങളും ശേഖരിച്ചുവരുന്നു.

(എഫ്) കുട്ടത്തോൽവി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകരിൽനിന്നും പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്ക് 31.01.2019-ലെ KTU/SOEX-II/1117/2018 എന്ന ഉത്തരവ് സാങ്കേതിക സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നത് സംബന്ധിച്ച്

137 (3536) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലകളുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ യോഗ്യതയില്ലാത്ത അദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇത് അദ്ധ്യയനത്തെ ദോഷകരമായി ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ?

ബാധകമല്ല.

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മേഖലയിൽ മികവ് കൈവരിക്കുന്നതിനായി സാങ്കേതിക സർവകലാശാല അണ്ടർ ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകളുടെ കരിക്കുലം, സിലബസ് പരിഷ്കരണങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 2021-22 അക്കാദമിക വർഷം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, സിവിൽ തുടങ്ങിയ പ്രധാന ബ്രാഞ്ചുകളിൽ നവീന കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത വിജ്ഞാന വിസ്ഫോടനത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനായി Artificial Intelligence and Data Science, Cyber Physical Systems, Robotics & Automation എന്നീ പുതുതലമുറ കോഴ്സുകൾ സാങ്കേതിക സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. റിസർച്ച് സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് നൂതന സങ്കേതികവിദ്യകളിൽ പരിശീലന പരിപാടികളും

സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളുംവഴി നൂതന സങ്കേതികവിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിലെത്തിക്കുന്നുണ്ട്.

**പോളിടെക്നിക്കുകളിലെ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി**

138 (3537) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പോളിടെക്നിക് കോളേജുകളിലാണ് "ഇൻഡസ്ട്രി ഓൺ ക്യാമ്പസ്" പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

(എ&ബി) 25-2-2019-ലെ സ.ഉ.(സാധാ.)നം. 319/2019/ഉവിവ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ പോളിടെക്നിക്ക് കോളേജുകളിലും (45 എണ്ണം) Advanced Skill Development Centre (ASDC) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാരം നല്കിയിരുന്നു. ASAP CEO സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ടി Advanced Skill Development Centre (ASDC)-കളെ "ഇൻഡസ്ട്രി ഓൺ ക്യാമ്പസ്" പദ്ധതിക്കായി പ്രവർത്തിപ്പിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 3-5-2021-ലെ സ.ഉ.(കൈ) നമ്പർ 257/2021/ ഉവിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ 1, 2 എന്നിങ്ങനെ അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ സ്വകാര്യ വ്യവസായ സംരംഭങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

"ഇൻഡസ്ട്രി ഓൺ ക്യാമ്പസ് "പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**സിലബസ് പരിഷ്കരണം**

139 (3538) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിലെ കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സ്, കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ്, പരീക്ഷാ ഭവൻ നടത്തുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് പരീക്ഷ തുടങ്ങിയവയിൽ മലയാളം ടൈപ്പ്റൈറ്റിംഗ് എൻ.എസ്. പണ്ടാല സിസ്റ്റം പരിശീലനം മുന്നോട്ട് കൊണ്ടുപോകുന്നതിന് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീനുകളുടെ ദൗർലഭ്യംകാരണം കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സിലബസിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ടൈപ്പ്റൈറ്റിംഗ് എൻ.എസ്. പണ്ടാല മലയാളം സിസ്റ്റത്തിന് പകരമായി കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. മലയാളം സോഫ്റ്റ്‌വെയറുകളിൽ ടൈപ്പിംഗ് പരീക്ഷ എഴുതാൻ കഴിയുംവിധം പ്രസ്തുത കോഴ്സുകളിൽ സിലബസ് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീൻ കമ്പനികൾ നിർമ്മാണം നിർത്തിയതിനാൽ പരിമിതമായ എൻ.എസ്. പണ്ടാല മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നത് കെ.ജി.റ്റി.ഇ. ഉൾപ്പെടെയുള്ള സിലബസ് പരിഷ്കരണങ്ങളിൽ ഗൗരവമായി പരിഗണിക്കുമോ;

(ഡി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.ജി.റ്റി.ഇ. സിലബസ് അവസാനമായി പരിഷ്കരിച്ചത് 16-8-2001-ലെ സ.ഉ.(എം.എസ്.) നം.96/2001/ഉ.വി.വ. പ്രകാരം ഇരുപത് വർഷങ്ങൾക്ക് മുൻപാണെന്നത് പരിഗണിച്ച് എത്രയുംവേഗം പുതിയ സിലബസ് പരിഷ്കരണം പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഇ) മലയാളം ടൈപ്പ്റൈറ്ററുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് പഠനപ്രക്രിയ തടസ്സംവരാത്ത രീതിയിൽ കമ്പ്യൂട്ടർകൂടി ഉപയോഗിച്ചാണ് നിലവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഡി.സി.പി., സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ് ഇവ നടത്തുന്നത്. കെ.ജി.റ്റി.ഇ. സെന്ററുകളും ഇതേ രീതി പിന്തുടരുന്നതായി മനസ്സിലാക്കുന്നു. നിലവിൽ നടന്നുവരുന്ന സിലബസ് പരിഷ്കരണ പ്രക്രിയയ്ക്ക് മുന്നോടിയായി പൂർണ്ണമായും കമ്പ്യൂട്ടർ ഉപയോഗിക്കുന്ന തരത്തിൽ കാലോചിതമായ പരിഷ്കരണം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രസ്തുത കോഴ്സുകളുടെ സിലബസ് പരിഷ്കരണം നടന്നുകൊണ്ടിരിക്കുന്നു. ആയത് അന്തിമഘട്ടത്തിലാണ്.

## കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിലെ നിർമ്മാണപ്രവൃത്തി

140 (3539) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിലെ കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിലെ പുതിയ അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നടന്നത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണപ്രവൃത്തി ഉദ്ഘാടനം ചെയ്തത് ആരാണ് എന്നും നിലവിൽ ഈ പ്രവൃത്തിയുടെ പുരോഗതി എന്തെന്നും വ്യക്തമാക്കുമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിലെ കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിന്റെ പുതിയ അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിൻെറ ശിലാസ്ഥാപനം 15.09.2020-ന് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ഡോ. കെ. ടി. ജലീൽ ഓൺലൈൻ ആയി നടത്തുകയുണ്ടായി. നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രാരംഭപ്രവർത്തനങ്ങൾ ആയിട്ടുണ്ട്.

(സി) നബാർഡ് മുഖേന ഫണ്ട് ലഭിച്ച മറ്റ് മണ്ഡലങ്ങളിലെ പോളിടെക്നിക്ക് കോളേജുകളിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ; പ്രസ്തുത പ്രവൃത്തികൾ നടത്തുന്ന നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

സർക്കാർ പോളിടകെ്നിക്ക് കോളേജ് കോതമംഗലം, സർക്കാർ പോളിടെക്നിക്ക് കോളേജ് മീനങ്ങാടി, റെസിഡൻഷ്യൽ വുമെൻസ് പോളിടെക്നിക്ക് കോളേജ് പയ്യന്നൂർ, സർക്കാർ പോളിടെക്നിക്ക് കോളേജ് മഞ്ചേരി, സർക്കാർ പോളിടെക്നിക്ക് കോളേജ് തിരൂരങ്ങാടി എന്നീ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ നബാർഡ് ഫണ്ട് ഉപയോഗിച്ച് M/s. KITCO മുഖേന നടന്നുവരുന്നു.

## ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കാൻ നടപടി

141 (3540) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിൻെറ കാലത്ത് സംസ്ഥാനത്ത് സർക്കാർ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എത്ര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളുണ്ടെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ അഞ്ച് പോളിടെക്നിക്ക് കോളേജുകൾ നിലവിലുണ്ട്.

(സി) ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകൾ ഇല്ലാത്ത താലൂക്കുകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകൾ ഇല്ലാത്ത തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാലയിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാനന്തവാടി ദ്വാരക ഗവൺമെന്റ് പോളിടെക്നിക്കിന്റെ കെട്ടിടനിർമ്മാണം**

142 (3541) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ദ്വാരക ഗവൺമെന്റ് പോളിടെക്നിക്കിൽ കിഫ്ബി ധനസഹായത്തോടെയുള്ള കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിറ്റ്കോ മുഖാന്തരം നടക്കുന്ന അക്കാദമിക്ക്-കം-അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൻെറ ടെണ്ടറിംഗ് പൂർത്തിയാവുകയും പ്രസ്തുത ടെണ്ടർ ഹിൽടാക്ക് കൺസ്ട്രക്ഷൻസ്, വയനാട് എന്ന കമ്പനി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

നിർദ്ദിഷ്ട പ്ലോട്ടിൽ 75 മരങ്ങൾ മുറിക്കേണ്ടതുണ്ട്. മൂന്ന് ലേലം നടത്തിയിട്ടും വനം വകുപ്പ് നിശ്ചയിച്ച വില ലഭിക്കാത്തതിനാൽ വീണ്ടുമൊരു ലേലം 25-10-2021-ന് നടത്താനും അതിനുശേഷം കെട്ടിട നിർമ്മാണം ആരംഭിക്കുവാനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

**കുന്നംകുളം പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

143 (3542) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കുന്നംകുളം സർക്കാർ പോളിടെക്നിക്ക് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ സ്ട്രക്ചറൽ വർക്കിന്റെ 50% പ്രവൃത്തികളും ലൈബ്രറി & സെമിനാർ ഹാളിന്റെ ഫൗണ്ടേഷൻ ജോലിയുടെ 70% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുതിയ കാലഘട്ടത്തിന് അനുയോജ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(ബി&സി) കുന്നംകുളം സർക്കാർ പോളിടെക്നിക്കിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

**കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സ്**

144 (3543) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുമോ എന്ന് അറിയിക്കുമോ?

പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

(ബി) പ്രസ്തുത പോളിടെക്നിക്കിൽ ഏറെ തൊഴിൽ സാദ്ധ്യതയുള്ള ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല.

(സി) കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്, കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ. എന്നീ സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടുത്തി വ്യവസായ പാർക്ക് സ്ഥാപിക്കാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

1-10-2020-ലെ സ.ഉ.( സാ.ധാ )നമ്പർ 828/2020/വ്യ.വ. പ്രകാരം, ധർമ്മടം മണ്ഡലത്തിലെ പിണറായി വില്ലേജിലെ 2/1, 4/1, 4/2 സർവ്വേ നമ്പറിലുള്ള കിൻഫ്ര മുഖാന്തരം ഏറ്റെടുക്കുന്ന 5.3298 ഹെക്ടർ (13 ഏക്കർ 16 സെന്റ്) സ്ഥലത്ത് ബയോഡൈവേഴ്സിറ്റി പാർക്ക്, സിവിൽ സർവീസ് റസിഡൻഷ്യൽ കോംപ്ലക്സ്, ടൂറിസം വകുപ്പിന് കീഴിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഹോട്ടൽ മാനേജ്മെന്റ്

കോളേജ്, പിണറായി ഗവ. ഐ.റ്റി.ഐ, ഐ.എച്ച്.ആർ.ഡി. കോളേജ്, ഗവണ്മെന്റിന്റെ പരിഗണനയിലുള്ള പോളിടെക്നിക്ക് എന്നിവ സ്ഥാപിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കുറവിലങ്ങാട് സയൻസ് സിറ്റി

145 (3544) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ?

കുറവിലങ്ങാട് സയൻസ് സിറ്റിയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങിയ 2014-15 കാലഘട്ടത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ മാസ്റ്റർപ്ലാൻ അനുസരിച്ചായിരുന്നില്ല. ആയതിനാൽ ഇപ്പോഴുള്ള നിർമ്മിതികൾക്കനുസരിച്ചും ഭാവിയിലെ വികസന സാധ്യതകൾ മുൻകൂട്ടി കണ്ടും മാസ്റ്റർപ്ലാൻ പുതുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2014-ൽ നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ പൂർത്തീകരണത്തിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനായി മന്ത്രിതലയോഗങ്ങൾ കൂടി എടുത്തിട്ടുള്ള തീരുമാനങ്ങൾ നിർമ്മാണ ഏജൻസികൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ കാരണം പരിശോധിക്കുമോ; ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ?

2014-ൽ നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് വിവിധ കാരണങ്ങളുണ്ട്. ഇത് പരിഹരിക്കുന്നതിനായി പല തലങ്ങളിലും യോഗങ്ങൾ കൂടിയിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. മന്ത്രിതല യോഗങ്ങളും സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡി തന്നെയും പല നിർദ്ദേശങ്ങൾ നൽകുകയുണ്ടായി എങ്കിലും ആയത് ശരിയായി നടപ്പിലാക്കുന്നതിൽ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റേയും വിവിധ നിർമ്മാണ ഏജൻസികളുടേയും ഭാഗത്ത് വീഴ്ചവന്നിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി 28-7-2021-ലെ സ.ഉ.(സാധാ) നം. 970/2021/ഉ.വി.വ. പ്രകാരം സാങ്കേതിക കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിലുള്ള സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്ന നടപടി മ്യൂസിയം തലത്തിൽ പുരോഗമിച്ചുവരുന്നു.

(സി) സയൻസ് സിറ്റിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ വീതം അനുവദിച്ചു എന്നത് വ്യക്തമാക്കാമോ; പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച അമ്പത് കോടി രൂപ എപ്പോൾ ലഭ്യമാകുമെന്ന് അറിവുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സയൻസ് സിറ്റിക്കുവേണ്ടി 2012-13 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ 99.75 കോടി രൂപ വകയിരുത്തിയെങ്കിലും അതിൽ 36 കോടി (മുപ്പത്താറു കോടി) രൂപ മാത്രമാണ് ചെലവഴിച്ചത്. സയൻസ് സിറ്റിയുടെ ഭാഗമായി ക്യാമ്പസിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്ന സയൻസ് സെന്ററിനായി കേന്ദ്ര സർക്കാർ 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ അമ്പത് കോടി രൂപ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മയും സാങ്കേതിക പ്രശ്നങ്ങളും നിലനിൽക്കുന്നു എന്ന മന്ത്രിതലയോഗത്തിലെ കണ്ടെത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുമോ; എങ്കിൽ പുതിയ ടെക്നിക്കൽ കമ്മിറ്റിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിൽ നിലനിന്നിരുന്ന ഏകോപനമില്ലായ്മ, സാങ്കേതിക പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുമായി മുൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 11-12-2020-ൽ ബന്ധപ്പെട്ടവരുമായി ഒരു യോഗം ചേരുകയും അടിയന്തരമായി പദ്ധതി പൂർത്തികരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു (അനുബന്ധംI)*. കൂടാതെ കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി മുൻപ് രൂപീകരിച്ചിരുന്ന കമ്മിറ്റി, 28-7-2021-ലെ സ.ഉ.(സാധാ) നം. 970/2021/ഉ.വി.വ. പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഇ) മൈക്രോ കോൺക്രീറ്റിംഗ് സംബന്ധിച്ചുള്ള അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതെങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുടങ്ങിക്കിടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിവരിക്കാമോ?

മൈക്രോ കോൺക്രീറ്റിംഗ് പൂർത്തീകരിക്കുന്നതിനായിട്ടുള്ള നിർദ്ദേശങ്ങൾ സാങ്കേതിക കമ്മിറ്റി പരിശോധിച്ച് നല്കുന്ന മുറയ്ക്ക് അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്. മുൻപ് തുടങ്ങുകയും മുടങ്ങിക്കിടക്കുകയുമായിരുന്ന പ്രവൃത്തികൾ എല്ലാംതന്നെ പുനരാരംഭിക്കുകയും പൂർത്തീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) സയൻസ് സിറ്റിയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഇനിയും എത്രകോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ തുക എത്തരത്തിൽ കണ്ടെത്തുമെന്നറിയിക്കാമോ?

സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10 കോടി രൂപയ്ക്ക് പുറമേ ഏകദേശം 45 കോടി രൂപയോളം ഇനിയും വേണ്ടിവരും. ഈ തുക അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കുവാനായി സംസ്ഥാന ആസൂത്രണ ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ജി) കേരളാ സയൻസ് സിറ്റി പദ്ധതിക്ക് ഇനി സംസ്ഥാന സർക്കാർ മാറ്റിവയ്ക്കുന്ന തുകയെത്രയായിരിക്കും എന്നത് വ്യക്തമാക്കാമോ; പദ്ധതി പൂർത്തീകരിച്ച് എന്ന് ഉദ്ഘാടനം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ പദ്ധതി തുക ലഭ്യമാകുന്നതിനനുസരിച്ച് രണ്ട് കൊല്ലത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉന്നതവിദ്യാഭ്യാസരംഗത്തെ മികവിന്റെ കേന്ദ്രങ്ങൾ

146 (3545) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്റർ യൂണിവേഴ്സിറ്റി സ്വയംഭരണസ്ഥാപനങ്ങൾ ആയി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുക എന്ന പദ്ധതി 2021-22 ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റിവഴി ദേശീയ തലത്തിൽനിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നതായും ഈ സെന്ററുകളുടെ പശ്ചാത്തലസൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) "ഏൺ ബൈ ലേൺ" പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽ വകുപ്പുമായി ചേർന്ന് "Earn While You Learn" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവൃത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യഘട്ടമായി കോളേജ് ഹോസ്റ്റൽ കാമ്പസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചിയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നൽകാൻ കഴിയുന്നവരെ കണ്ടെത്തി കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്ക വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുവാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ വിവിധ വകുപ്പുകളിലായി 93 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ അതിജീവന പദ്ധതിയായ

ഹരിതാലയം പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി കാർഷിക ഫെല്ലോഷിപ്പ് നൽകിവരുന്നു. വ്യവസായ സംരംഭങ്ങൾക്കാവശ്യമുള്ള നൈപുണ്യ വികസനം സാദ്ധ്യമാക്കുന്ന വിധത്തിൽ ഇൻഡസ്ട്രി എംബഡഡ് കോഴ്സുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ് ഇൻകുബേഷൻ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ സ്റ്റാർട്ട് പോളിസിയും ഇന്നൊവേഷൻ പോളിസിയും സർവ്വകലാശാല അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ഇന്നൊവേഷൻ ആൻഡ് സ്റ്റാർട്ട് പോളിസി 2019-ന് അനുസൃതം ടി പോളിസികൾ പരിഷ്കരിക്കുന്ന വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

### സർവ്വകലാശാലകളുടെ എൻ.ഐ.ആർ.എഫ്. റാങ്കിംഗ്

147 (3546) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്കിന്റെ സർവ്വകലാശാലകളുടെ റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്കുകളുടെ ക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ; സംസ്ഥാനത്തെ സർവ്വകലാശാലകൾ മികച്ച റാങ്കിംഗ് കരസ്ഥമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്കിന്റെ സർവ്വകലാശാലകളുടെ 2021-ലെ റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്കുകളുടെ ക്രമം ചുവടെ ചേർത്തിരിക്കുന്നു.

1. കേരള സർവ്വകലാശാല - 27

2. മഹാത്മാ ഗാന്ധി സർവ്വകലാശാല - 31

3. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി - 44

4. കാലിക്കറ്റ് സർവ്വകലാശാല - 60

5. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് - 26 (നിയമവിഭാഗത്തിൽ)

6. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 150-200 റാങ്ക് ബാന്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

2021-ലെ എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ മികവ് നിലനിർത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം സർവ്വകലാശാലകൾ തിരിച്ച് ലഭ്യമാക്കുമോ; ഇതര സംസ്ഥാന വിദ്യാർത്ഥികളുടെ എണ്ണം അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെയും ഇതര സംസ്ഥാന വിദ്യാർത്ഥികളുടെയും എണ്ണം പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനവും ഗവേഷണവും ഉറപ്പുവരുത്തുന്ന അന്തർദ്ദേശീയ നിലവാരമുള്ള സർവ്വകലാശാലകളായി നമ്മുടെ സർവ്വകലാശാലകളെ മാറ്റുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഗൗരവമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന സുപ്രധാന നിർദ്ദേശങ്ങൾ 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ.

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാലാ പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ

148 (3547) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അനുയോജ്യമായ ശിപാർശകൾ നൽകുന്നതിനായി ഡോ. എൻ. കെ. ജയകുമാർ (മുൻ വൈസ് ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) ചെയർമാനായി സർവ്വകലാശാല നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലാ പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി സർക്കാർ ഒരു നാലംഗ കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഗവേഷണ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ

149 (3548) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ ഗവേഷണ സ്ഥാപനങ്ങൾ കൂടിയായ പഠന വിഭാഗങ്ങളിലും സെന്ററുകളിലും പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുള്ളതായി അറിവുണ്ടോ; ഉണ്ടെങ്കിൽ ഓരോ സർവ്വകലാശാലയിലുമുള്ള മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ എണ്ണം സർവ്വകലാശാല തിരിച്ച് നൽകാമോ?

കേരളത്തിലെ സർവ്വകലാശാലകളിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. കേരള സർവ്വകലാശാല-കേരള സർവ്വകലാശാലയിലെ ഗവേഷണ സ്ഥാപനങ്ങൾ കൂടിയായ പഠനവിഭാഗങ്ങളിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത 14 അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുണ്ട്.

2. കണ്ണൂർ സർവ്വകലാശാല-കണ്ണൂർ സർവ്വകലാശാലയിൽ 15 അദ്ധ്യാപകരുണ്ട്.

3. മലയാള സർവ്വകലാശാല- മലയാള സർവ്വകലാശാലയിൽ ആകെ അദ്ധ്യാപകർ - 34, പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്തവർ - 3.

4. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2018-നുമുൻപ് സംസ്കൃത സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുണ്ട്. 2018 മുതൽ പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമാണ് സർവ്വകലാശാല വിവിധ തസ്തികകളിൽ നിയമിക്കുന്നത്. നിലവിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ എണ്ണം- 25.

5. കാലിക്കറ്റ് സർവ്വകലാശാല നിയമിക്കപ്പെടുന്ന സമയത്ത് പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകർ - 10.

6. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 27 അദ്ധ്യാപകർക്ക് പി.എച്ച്.ഡി. ബിരുദം ഇല്ല.

7. മഹാത്മാ ഗാന്ധി സർവ്വകലാശാല- മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകരെ അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം നിയമിച്ചിട്ടുണ്ട്. നിലവിൽ സർവ്വകലാശാലയിൽ സേവനമനുഷ്ഠിച്ച് വരുന്ന അദ്ധ്യാപകരിൽ 27 പേരെ നിയമിക്കുമ്പോൾ പി.എച്ച്.ഡി. ബിരുദം ഇല്ലായിരുന്നുവെങ്കിലും 8 പേർ ഒഴികെ മറ്റുള്ള അദ്ധ്യാപകർ പി.എച്ച്.ഡി. നേടിയിട്ടുണ്ട്.

8. ന്യൂവാൽസ് - യു.ജി.സി. നിർദ്ദേശം ലഭിച്ചതിനുശേഷം പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്തവരെ അദ്ധ്യാപകരായി നിയമിച്ചിട്ടില്ല.

(ബി) ഗവേഷണ ബിരുദ യോഗ്യത നേടിയിട്ടില്ലാത്തവരെ ഗവേഷണ/ പഠന വകുപ്പുകളുടെ മേധാവി സ്ഥാനത്തേയ്ക്ക് പരിഗണിക്കില്ല എന്നിരിക്കെ പഠനേതര ഗവേഷണ കേന്ദ്രങ്ങളുടെ ഡയറക്ടർ/ഹെഡ് തുടങ്ങിയ സ്ഥാനങ്ങളിൽനിന്നും

ഗവേഷണ ബിരുദമില്ലാത്തവരെ ഒഴിവാക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിൽ കാലതാമസം**

150 (3549) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2020-21 അദ്ധ്യയന വർഷത്തെ ബിരുദ വിദ്യാർത്ഥികളുടെ അവസാന സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതെന്നാണെന്ന് അറിയിക്കുമോ?

1. മഹാത്മാ ഗാന്ധി സർവ്വകലാശാല - 17-8-2021

2. നുവാൽസ് - 30-6-2021

3. കേരള സർവ്വകലാശാല - 10-8-2021

4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 24-8-2021

5. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ബി.എ - സംസ്കൃതം സാഹിത്യം, സംസ്കൃതം & ഐ.ടി, സംസ്കൃതം ന്യായം, സംഗീതം, നൃത്തം (മോഹിനിയാട്ടം)- 10-8-2021, ബി.എ. സംസ്കൃതം വേദാന്തം, സംസ്കൃതം ജനറൽ -12-8-2021, ബി.എ. സംസ്കൃതം വ്യാകരണം-3-9-2021, ബി.എ. നൃത്തം (ഭരതനാട്യം)- 24-9-2021, ബി.എഫ്.എ.- 27-9-2021.

6. കാലിക്കറ്റ് സർവ്വകലാശാല - ബിരുദ വിദ്യാർത്ഥികളുടെ അവസാന സെമസ്റ്റർ പരീക്ഷാ ഫലം 2021 ആഗസ്റ്റ്/സെപ്തംബർ മാസങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.കോം പ്രൊഫഷണൽ/ബി.കോം. ഹോണേഴ്സ് പ്രോഗ്രാമുകളുടെ ഫലങ്ങൾ 31-7-2021-നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

7. കണ്ണൂർ സർവ്വകലാശാല ബി.കോം-30-7-2021-നും ബി.എസ്.സി/ ബി.സി.എ.- 3-8-2021-നും ബി.എ.- 5-8-2021-നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

8. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല - 31-7-2021.

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് വൈകിയതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവ ലഭിക്കാത്തത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തെയും ജോലി സാധ്യതകളെയും ബാധിക്കുന്നതായി (പ്രത്യേകിച്ചും സംസ്ഥാനത്തിന് പുറത്ത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) സർവ്വകലാശാലകളിൽ 2019-20 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദ വിദ്യാർത്ഥികളും, 2020-20 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദ വിദ്യാർത്ഥികളും പഠിച്ച സിലബസ്, ഗ്രേഡിംഗ് സിസ്റ്റം എന്നിവയിൽ വ്യത്യാസം ഉണ്ടായിരുന്നുവോ; അറിയിക്കാമോ?

കേരള സർവ്വകലാശാലയിൽ 2013 അദ്ധ്യയന വർഷം മുതൽ Choice Based Credit System (CBCS) പ്രോഗ്രാമുകൾക്ക് Indirect Grading System ആണ് പിന്തുടർന്നുവരുന്നത്. ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. മറ്റു സർവ്വകലാശാലകളിൽ വ്യത്യാസം ഒന്നും ഉണ്ടായിട്ടില്ല.

(ഇ) 2020-21 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവ അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടതിന് കാരണം സർവ്വകലാശാലകളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പരീക്ഷസംബന്ധിയായ സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, അപ്ഡേഷൻ എന്നിവയിലെ പരാജയം ആണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണത്തിൽ സോഫ്റ്റ്‌വെയറുകളുടെ തകരാർകൊണ്ട് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സർവ്വകലാശാലകളിൽ പരീക്ഷസംബന്ധിയായ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന സാങ്കേതിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; ഇവരിൽ സ്ഥിരം ജീവനക്കാർ, താത്കാലിക ജീവനക്കാർ എന്നിവർ എത്രയെന്ന് വിശദമാക്കാമോ?

1. <u>മഹാത്മാ ഗാന്ധി സർവ്വകലാശാല</u>

| ക്രമ നം. | തസ്തിക | സ്ഥിരം ജീവനക്കാരുടെ എണ്ണം/ താൽക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സോഫ്റ്റ്‌വെയർ ഡെവലപ്പർ | 9 |
| 2 | സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ | 5 |
| 3 | കമ്പ്യൂട്ടർ പ്രോഗ്രാമർ ഇൻ ചാർജ്ജ് ഓഫ് സിസ്റ്റം മാനേജർ | 1 |

2. കേരള സർവ്വകലാശാല പരീക്ഷാസംബന്ധിയായ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 2 സ്ഥിരം പ്രോഗ്രാമർമാരും 7 താൽക്കാലിക പ്രോഗ്രാമർമാരും ജോലി ചെയ്യുന്നുണ്ട്.

3. <u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

| നം. | തസ്തിക | സ്ഥിരം/താൽക്കാലികം |
|---|---|---|
| 1 | സിസ്റ്റം മാനേജർ | സ്ഥിരം |
| 2 | സോഫ്റ്റ് വെയർ ഡെവലപ്പർ | താൽക്കാലികം (കോൺട്രാക്ട്) |

4. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പരീക്ഷാസംബന്ധിയായ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നത് ഐ.ടി. വിഭാഗത്തിലാണ്. ടി തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സീനിയർ പ്രോഗ്രാമർ | 1 |
| 2 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 |
| 3 | പ്രോഗ്രാമർ | 2 |
| 4 | സോഫ്റ്റ് വെയർ ഡെവലപ്പർ | 4 |
| 5 | കമ്പ്യൂട്ടർ ട്രെയിനർ | 1 |

എല്ലാവരും കരാറടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്.

5. കാലിക്കറ്റ് സർവ്വകലാശാല

| നം. | തസ്തിക | സ്ഥിരം ജീവനക്കാരുടെ എണ്ണം/ താൽക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | System Administrator | 1 |
| 2 | System Analyst | 1 |
| 3 | Programmer | 314 |
| 4 | Assistant Programmer | 1 |

6. കണ്ണൂർ സർവ്വകലാശാല- കമ്പ്യൂട്ടർ പ്രോഗ്രാമർ - 1 (റെഗുലർ), കമ്പ്യൂട്ടർ ഓപ്പറേറ്റർ - 3 (റെഗുലർ), ജൂനിയർ പ്രോഗ്രാമർ - 6 (കോൺട്രാക്ട്)

7. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷസംബന്ധിയായ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്ഥിരം ജീവനക്കാരും കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്.

**എമരിറ്റസ് പ്രൊഫസർഷിപ്പിന്റെ യോഗ്യത**

151 (3550) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ എമരിറ്റസ് പ്രൊഫസർഷിപ്പിനായി പരിഗണിക്കപ്പെടുന്നതിന് യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) പഠന വിഭാഗങ്ങളിൽ മതിയായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനായാണ് എമരിറ്റസ് പ്രൊഫസർമാരെ നിയമിച്ചത്.

(സി) യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള എമരിറ്റസ് പ്രൊഫസർഷിപ്പിനായുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള സർവ്വകലാശാലയിൽ യു.ജി.സി. മാനദണ്ഡപ്രകാരം Emeritus Fellowship ആണ് നൽകിവരുന്നത്. ആയത് സംബന്ധിച്ച യു.ജി.സി. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) എമെരിറ്റസ് പദവി നൽകുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാതെ കേരള സർവ്വകലാശാലയിൽ പ്രസ്തുത പദവി നൽകിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) അദ്ധ്യാപകരുടെ കുറവുണ്ടെങ്കിൽ അവർക്ക് പുനർനിയമനം നൽകുന്നതിനുപകരം എമരിറ്റസ് പദവി നൽകിയത് ചട്ടപ്രകാരമാണോ എന്ന് പരിശോധിക്കുമോ?

(ഡി&ഇ) പഠന വിഭാഗങ്ങളിൽ മതിയായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനായാണ് എമരിറ്റസ് പ്രൊഫസർമാരെ നിയമിച്ചത്.

**സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ യൂണിവേഴ്സിറ്റികൾ**

152 (3551) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ സർവ്വകലാശാലാ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ.

ബി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.

സി. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.

ഡി. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ- മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

ഇ. സർവ്വകലാശാല പശ്ചാത്തലസൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

എഫ്. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം.

3. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം.

4. വിദേശത്തുനിന്നും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ധരെ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എത്തിക്കാനുള്ള സ്കോളർ-ഇൻ-റസിഡൻസ് പ്രോഗ്രാം.

5. ഔട്ട്കം ബേയ്സിഡ് എഡ്യൂക്കേഷൻ (OBE) സമ്പ്രദായത്തിൽ കരിക്കുലത്തിന്റെ പുനഃസംഘാടനം.

6. വിദേശ സർവ്വകലാശാലകളുമായുള്ള അക്കാദമിക സഹകരണത്തിനുള്ള എം.ഒ.യു.

7. സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങളെ അക്രഡിറ്റേഷന് സഹായിക്കുന്ന സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC).

8. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും.

9. അക്കാദമിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും അനുസരിച്ചുള്ള സർവ്വകലാശാലകളുടെ ചിട്ടയായതും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ.

10. കിഫ്ബിയിൽനിന്നും മറ്റു ഫണ്ടിംഗ് ഏജൻസികളിൽനിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ.

11. സർവ്വകലാശാലാ നിയമങ്ങളിലും പരീക്ഷാനടത്തിപ്പിലും സമഗ്രമായ പരിഷ്കരണം ലക്ഷ്യമിട്ട് മൂന്ന് കമ്മീഷനുകൾ സർക്കാർ നിയമിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ കൂടുതൽ ഓപ്പൺ സർവ്വകലാശാലകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റവും വേഗം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റവും വേഗം ലഭ്യമാക്കുവാനായി കേരള സർവ്വകലാശാല സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ്സിസ്റ്റം നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികൾക്കായി അഡ്മിഷൻ മുതൽ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. കൂടാതെ വിദ്യാർത്ഥികൾക്കായുള്ള മറ്റ് പേയ്മെന്റുകൾ, അഡ്മിഷൻ, രജിസ്ട്രേഷൻ മുതലായവ ഓൺലൈനായി ലഭ്യമാക്കിവരുന്നു. മഹാത്മാ ഗാന്ധി സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നൽകുന്ന പല സേവനങ്ങൾ ഓൺലൈൻ ആക്കുകയും സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ എത്രയും വേഗം നൽകാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിലുള്ള സാങ്കേതികവിദ്യയുടെ ആധുനികവൽക്കരണത്തിനുള്ള പദ്ധതികളും മറ്റു ബൗദ്ധിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റുകൾ തൊഴിൽ, ഉപരിപഠന കാര്യങ്ങൾക്കും അത്യാവശ്യമുള്ളവർക്കും വേഗത്തിൽ ലഭിക്കാൻ Urgent/Fast Track സംവിധാനം നിലവിലുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഓൺലൈൻ സംവിധാനം ഉപയോഗിച്ച് നാൽപതോളം സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും വിദ്യാർത്ഥികൾക്ക് സാധിക്കുന്നുണ്ട്. മൈഗ്രേഷൻ, പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം സർവ്വകലാശാലയിൽ നിലവിലുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിലെയും Course Registration, Exam Registration എന്നിവയും വിവിധ ആവശ്യങ്ങൾക്ക് ഫീസ്

അടയ്ക്കലും ഓൺലൈൻ പോർട്ടൽ മുഖേന സാധ്യമാണ്. വിവിധ പ്രോഗ്രാമുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതോടൊപ്പംതന്നെ സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ടിന്റെ മാതൃകയിൽതന്നെ തങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ കാണുന്നതിനും പ്രിന്റ് എടുക്കുന്നതിനുമുള്ള സൗകര്യമുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുള്ളതിനാൽ സർവ്വകലാശാലയിലേയ്ക്ക് വരാതെ തന്നെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും വിദ്യാർത്ഥികൾക്ക് സാദ്ധ്യമാണ്. കൂടാതെ ഫാസ്റ്റ് ട്രാക്കിൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് 5 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ഡിജിറ്റൽ സർവ്വകലാശാലയുമായി ചേർന്ന് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നുവാൽസിൽ ഓഫീസ് ഓട്ടോമേഷൻ പൂർത്തിയായി വരുന്നു. എക്സാമിനേഷൻ വിംഗിൽ ഓൺലൈൻ സിസ്റ്റം നടപ്പിലാക്കി വരുന്നു. ആദ്യമായി സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിലൂടെ നൽകുന്ന നിയമ സർവ്വകലാശാലയാണ് നുവാൽസ്.

**മലയാള മഹാനിഘണ്ടു മേധാവി നിയമനം**

153 (3552) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല മലയാള മഹാനിഘണ്ടുവിന്റെ എഡിറ്ററായി നിയമിക്കപ്പെട്ട വ്യക്തിക്ക് മലയാളഭാഷയിൽ വൈദഗ്ദ്ധ്യം ഉണ്ടോ; പ്രസ്തുത വ്യക്തിക്ക് മലയാളഭാഷയിലെ യോഗ്യത എന്താണ് എന്ന് വ്യക്തമാക്കാമോ?

ഡോ. എച്ച്. പൂർണിമയെ അവരുടെ യോഗ്യതയും കഴിവും കൃത്യമായി പരിശോധിച്ച് മലയാള ഭാഷയിൽനിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്ററായി തെരഞ്ഞെടുത്തത്. ഡൽഹി സർവ്വകലാശാലയിൽനിന്ന് അവർ സംസ്കൃതത്തിൽ എം.എ, എം.ഫിൽ, പി.എച്ച്.ഡി. എന്നിവ നേടിയിട്ടുണ്ട്. ഡൽഹി സർവ്വകലാശാലയിൽനിന്ന് ജർമ്മൻ ഭാഷയിൽ സർട്ടിഫിക്കറ്റും കേരളത്തിൽ 25 വർഷത്തിലേറെയായി അദ്ധ്യാപന പരിചയവുമുണ്ട്. അവരുടെ ഡോക്ടറൽ ഗവേഷണ വിഷയം " Synonyms in the

Brhattrayi' ലെക്സിക്കോൺ ആൻഡ് ലെക്സിക്കോളജി മേഖലയിൽ പ്രസക്തമാണ്. ഇത് ഒരു പുസ്തകമായും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മഹാനിഘണ്ടുവിന്റെ എഡിറ്റർ പദവിക്ക് മലയാള ഭാഷയിൽ ബിരുദാനന്തര ബിരുദം വേണമെന്ന് സർവ്വകലാശാല ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

Chapter XVII - ക്രമ നമ്പർ 93 (നേരിട്ടുള്ള നിയമനത്തിന്) Age- Not more than 50 years. Age bar will not be applicable to the staff of the University Qualification:- General:- 1. A first or second class Masters Degree in Malayalam

2. Research Degree of a Doctorate Standard or published works of high Standard.

3. Above ten year's experience of teaching at a University/College/15 year's experience in Lexicon Work and some experience of guiding Research Technical :- Nil

(സി) ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്നവർക്കും സർവ്വകലാശാല ചട്ടം അനുസരിച്ചുള്ള യോഗ്യതകൾ ബാധകമല്ലേ എന്ന് വ്യക്തമാക്കാമോ?

മലയാളം ലെക്സിക്കൻ എഡിറ്ററിന്റെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താത്കാലികമായി ഒരു നിശ്ചിത കാലയളവിലേയ്ക്കായതിനാൽ യോഗ്യത വിപുലീകരിക്കുക എന്നത് വിദഗ്ധ സമിതിയുടെ തീരുമാനമായിരുന്നു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താത്കാലിക നിയമനം എന്നതുകൊണ്ടുതന്നെ വിജ്ഞാപനത്തിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം യോഗ്യത വിപുലീകരിച്ചുകൊണ്ട് വിവിധ സർവ്വകലാശാലകളിലെ പ്രൊഫസർമാർക്ക് എഡിറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ അപേക്ഷിക്കാൻ കഴിയുമായിരുന്നു. വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന യോഗ്യതകൾ നിലവിലെ ലെക്സിക്കൻ മേധാവിക്കുണ്ട്. ഒരു അപേക്ഷ മാത്രമാണ് ലഭിച്ചത്.

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പത്രങ്ങളിൽ വിജ്ഞാപനം ചെയ്തിരുന്നുവോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലാണ് വാർത്ത പ്രസിദ്ധീകരിച്ചത് എന്ന് അറിയിക്കുമോ?

2021 ജനുവരി 28-ന് പുറപ്പെടുവിച്ച പ്രസ്തുത നിയമന വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻസ് ലിങ്കിൽ 30-1-2021-ലും തുടർന്ന് 08.02.2021-ലും പ്രസിദ്ധീകരിച്ചതിന്റെ പകർപ്പും പത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ പകർപ്പും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കേരള യൂണിവേഴ്സിറ്റി മലയാളം മഹാനിഘണ്ടു എഡിറ്റർ നിയമനം**

154 (3553) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ അംഗീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ട് പ്രകാരം കേരള സർവ്വകലാശാലയിലെ മലയാളം മഹാനിഘണ്ടു വിഭാഗത്തിലെ എഡിറ്റർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

Chapter XVII - ക്രമ നമ്പർ 93 (എഡിറ്റർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ളത്) Age- Not more than 50 years. Age bar will not be applicable to the staff of the University, Qualification:- General:- 1. A first or second class Masters Degree in Malayalam

2. Research Degree of a Doctorate Standard or published works of high Standard.

3. Above ten year's experience of teaching at a University/ College/ 15 year's experience in Lexicon Work and some experience of guiding Research, Technical :- Nil

(ബി) പ്രസ്തുത യോഗ്യതകൾ വ്യവസ്ഥാപിതമായി ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതായി അറിവുണ്ടോ?

പ്രസ്തുത യോഗ്യതകൾ വ്യവസ്ഥാപിതമായി ഭേദഗതി ചെയ്യപ്പെട്ടിട്ടില്ല.

(സി) കേരള സർവ്വകലാശാല മഹാനിഘണ്ടു വിഭാഗത്തിൽ എഡിറ്ററായി ഒടുവിൽ നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യതകളും പ്രവൃത്തി പരിചയ വിവരങ്ങളും വ്യക്തമാക്കാമോ?

മലയാളം ലെക്സിക്കൻ വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്ററായി നിയമിക്കപ്പെട്ട ഡോ എച്ച്. പൂർണിമയുടെ യോഗ്യതകളും പ്രവൃത്തി പരിചയ വിവരങ്ങളും ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Educational Qualification : M.A(Sanskrit), M.Phil and Ph.D Experience:- 1.Research Associate in Sanskrit -Department of Sanskrit, Arts Faculty, University of Delhi.

2. Guest Lecturer in Sanskrit- Sri Venkateswara College, New Delhi.

3. Lecturer in Sanskrit-Satyawati College, University of Delhi.

4. Professor, Sree Sankaracharya University of Sanskrit from 01.11.1995. Teaching Experience-Permanent-23 years Ho.D in the Department from 2012 to 2014 & 2018.

5. Worked on deputation with RUSA-SPD, Department of Higher Education, Government of Kerala as 1.Technical Consultant 2. EBSB Nodal Officer 3. Member Secretary, State Level Quality Appraisal Cell (SLQAC). ഡോ. എച്ച്. പൂർണിമയുടെ ഡോക്ടറൽ ഗവേഷണ വിഷയം "Synonyms in the Brhattrayi' ലെക്സിക്കോൺ ആൻഡ് ലെക്സിക്കോളജി മേഖലയിൽ പ്രസക്തമാണ്. ഇത് ഒരു പുസ്തകമായും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലടിയിലെ ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിലെ പ്രൊഫസർ പദവി വഹിക്കുന്ന ഡോ. എച്ച്. പൂർണിമ, സംസ്കൃതത്തിൽ മാത്രമല്ല, ക്ലാസിക്കൽ മുതൽ ഇന്റർആലിയ മലയാള സാഹിത്യവും ഉൾപ്പെടുന്ന വിവർത്തന പഠനത്തിലും യൂണിവേഴ്സിറ്റിയിലെ എം.ഫിൽ, പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് വഴികാട്ടിയാകുന്നു. ബാലസാഹിത്യ വിഭാഗത്തിൽ പുരസ്കാരത്തിനർഹമായ എ.വിജയന്റെ 'കുട്ടാപ്പു' എന്ന കൃതി ഡോ. എച്ച്. പൂർണിമ മലയാളത്തിൽനിന്ന് സംസ്കൃതത്തിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ജ്ഞാനപീഠം ജേതാവായ പ്രൊഫ. സത്യവ്രത ശാസ്ത്രിയുടെ ട്രാവലോഗ്-ഡയറിയും ഹിന്ദിയിൽനിന്ന് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. പരിഭാഷപ്പെടുത്തിയ കൃതിയുടെ പേര് " Trekker Begets Nectar" (The original work is tiltled " Caran Vai Madhu Vindati" ).

### കോളേജ് അദ്ധ്യാപകരുടെ പ്രൈവറ്റ് ട്യൂഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനം

155 (3554) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകർ പ്രൈവറ്റ് ട്യൂഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായി സംസ്ഥാന വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്രണ്ണൻ കോളേജിലെ മൂന്ന് അദ്ധ്യാപകരെ ജില്ലയിൽനിന്ന് മാറ്റി നിയമിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെടേണ്ട കണ്ണൂർ സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗമായ അദ്ധ്യാപകൻ ഇപ്പോഴും അതേ കോളേജിൽതന്നെ തുടരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ബി&സി) വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിത കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെ ആരോപണവിധേയരായ മൂന്ന് അദ്ധ്യാപകരിൽ രണ്ട് പേർ നിലവിൽ കണ്ണൂർ ജില്ലയ്ക്ക് പുറത്താണ് ജോലി ചെയ്യുന്നതെന്നത് കണക്കിലെടുത്ത് നിലവിൽ കണ്ണൂർ ജില്ലയിൽ ജോലി ചെയ്യുന്ന ഒരു അദ്ധ്യാപകനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റി നിയമിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപകൻ അതേ കോളേജിൽതന്നെ തുടരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് തേടിയിരുന്നു. ടിയാനെ സ്ഥലം മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**നാദാപുരം ഗവൺമെന്റ് കോളേജിലെ കിഫ്ബി പ്രവൃത്തിയുടെ പുരോഗതി**

156 (3555) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗവൺമെന്റ് കോളേജിലെ കിഫ്ബി പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

നാദാപുരം സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അക്കാഡമിക് ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനായി 9.215 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂപ്പൻസ് ആസ്സെക്ക് കോൺട്രാക്ടിംഗ് എൽ.എൽ.പി. എന്ന കോൺട്രാക്ട് കമ്പനിക്കാണ് നിർമ്മാണ ചുമതല. അക്കാഡമിക് ബ്ലോക്കിന്റെയും കാന്റീൻ ബ്ലോക്കിന്റെയും ഫൗണ്ടേഷൻ ജോലികൾ പുരോഗമിക്കുന്നു.

## എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിര നിർമ്മാണം

157 (3556) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിര നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ?

(എ&ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല വില്ലേജിൽ 42.1366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24-12-2018-ലെ സ.ഉ.(സാധാ) നം. 2297/2018/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 3-7-2019-ലെ സ.ഉ. (സാധാ) നം.1757/2019/റവ. പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 19(1) ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഭൂമിയുടെ സൗകര്യം കണക്കാക്കി ആദ്യഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓപ്പൺ യൂണിവേഴ്സിറ്റികൾ

158 (3557) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഓപ്പൺ യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റിയായി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി മാത്രമാണ് പ്രവർത്തിക്കുന്നത്.

(ബി) നിലവിൽ പ്രസ്തുത ഓപ്പൺ യൂണിവേഴ്സിറ്റികളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് യു.ജി/പി.ജി.

കോഴ്സുകൾ ആരംഭിക്കുന്നതാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായിട്ടുള്ള 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ്, കിലയുടെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുതിയ എം.ടെക്. കോഴ്സിന് അനുമതി

159 (3558) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 അദ്ധ്യയന വർഷം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിച്ചുവെന്ന് വിശദമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം പാലക്കാടിൽ 2016 അദ്ധ്യയന വർഷം മുതൽ ബി.ടെക്. സിവിൽ എഞ്ചിനീയറിംഗ്, എം.ടെക് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ റോബോട്ടിക്സ് എന്നിങ്ങനെ രണ്ടു കോഴ്സുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 2016 അദ്ധ്യയന വർഷം മുതൽ നാളിതുവരെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുതിയ എം.ടെക്. കോഴ്സായ Internet of Things (IOT) അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ M.Tech in Internet of Things (IOT) എന്ന കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സർവ്വകലാശാലകളിൽ സേവനാവകാശ നിയമം

160 (3559) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ എന്നുമുതൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ 26.04.2013 മുതലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 25.02.2015 മുതലും ശ്രീശങ്കാരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 24.03.2014 മുതലും ന്യുവാൽസിൽ 2014 മുതലും സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

**കായിക അദ്ധ്യാപക പരിശീലന കോളേജുകൾ**

161 (3560) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ അംഗീകാരമുള്ള കായിക അദ്ധ്യാപക പരിശീലന കോളേജുകൾ ഏതെല്ലാമെന്നും പ്രസ്തുത കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത് ഏത് യൂണിവേഴ്സിറ്റിയാണെന്നും അറിയിക്കാമോ?

1. ലക്ഷ്മീഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ - കേരള യൂണിവേഴ്സിറ്റി കാര്യവട്ടം, തിരുവനന്തപുരം

2. സെന്റ് ജോസഫ് അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, മൂലമറ്റം - മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി.

3. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & കണ്ണൂർ യൂണിവേഴ്സിറ്റി സ്പോർട്സ് സയൻസ്, പഠനവകുപ്പ്

4.കോഴിക്കോട് കായിക അദ്ധ്യാപക പരിശീലന കോളേജ് (കോളേജ് - കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത്)

5. ക്രൈസ്റ്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, തൃശ്ശൂർ - കാലിക്കറ്റ് യൂണിവേഴ്സിറ്റി.

**ശ്രീനാരായണ ഗുരു സർവ്വകലാശാലയിലെ കോഴ്സുകളും നിയമനങ്ങളും**

162 (3561) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു സർവ്വകലാശാലയിൽ എത്ര വിദൂര വിദ്യാഭ്യാസ കോഴ്സുകളുണ്ട്; ഇതിൽ എത്ര കോഴ്സുകൾ നിലവിൽ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കോഴ്സ് നടത്തിപ്പിൽ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ തടസ്സവാദങ്ങൾ ഉണ്ടോ എന്നും പ്രസ്തുത തടസ്സവാദങ്ങൾക്ക്

പരിഹാരമായോ എന്നും വ്യക്തമാക്കുമോ; തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിദൂര വിദ്യാഭ്യാസം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ-സി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത വിവരം UGC പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) യു.ജി.സി. മാനദണ്ഡമനുസരിച്ച് സർവ്വകലാശാലയിലെ ഉന്നത സ്ഥാനങ്ങളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ലെന്ന് യു.ജി.സി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ഇ) സെപ്റ്റംബർ മാസത്തോടെ മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമെന്ന് മന്ത്രി പ്രസ്താവന നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലയിൽ വിവിധ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2019 ബാച്ച് ബിരുദ വിദ്യാർത്ഥികൾ

163 (3562) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2019 ബാച്ച് ബിരുദ വിദ്യാർത്ഥികൾക്ക് മൂന്നാമത് അക്കാദമിക് വർഷം തുടങ്ങിയിട്ടും രണ്ട് സെമസ്റ്ററുകളിലെ പരീക്ഷ മാത്രമാണ് നടന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പരീക്ഷകളുടെ സമയബന്ധിതമായ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. 2019 ബാച്ച് ബിരുദ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ 2021 ഒക്ടോബർ 27-ാം തീയതി മുതൽ ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ടൈംടേബിൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സെമസ്റ്റർ പരീക്ഷകൾ ടി പരീക്ഷയ്ക്ക് ശേഷം കാലതാമസമില്ലാതെതന്നെ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സിലബസ് വെട്ടിക്കുറച്ച് പരീക്ഷകൾക്ക് കൃത്യമായ ടൈംടേബിൾ പ്രസിദ്ധീകരിച്ച് എത്രയുംവേഗം കോഴ്സ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സിലബസ് വെട്ടികുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു തീരുമാനവും യൂണിവേഴ്സിറ്റി കൈകൊണ്ടിട്ടില്ല. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ചോദ്യപേപ്പറുകളിൽ ഓരോ വിഭാഗത്തിനും കൂടുതൽ ഓപ്ഷനുകൾ നൽകികൊണ്ട് പരീക്ഷ നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) കഴിഞ്ഞ പരീക്ഷകളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; പരീക്ഷാഫലം എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം പൂർത്തിയാക്കി കാലതാമസമില്ലാതെ തന്നെ ഫലം പ്രഖ്യാപിക്കുന്നതാണ്.

(ഡി) തുടർ പഠനവും ജോലിയും ലക്ഷ്യംവയ്ക്കുന്ന വിദ്യാർത്ഥികളുടെ മാനസികസമ്മർദ്ദം കണക്കിലെടുത്ത് യു.ജി.സി. നിർദ്ദേശിച്ച പ്രകാരം അവസാന വർഷ സെമസ്റ്റർ പരീക്ഷകൾ ഒഴികെയുള്ള മറ്റ് പരീക്ഷകൾ ഒഴിവാക്കി കോഴ്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരീക്ഷകൾ കാലതാമസമില്ലാതെ തന്നെ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇന്റർമീഡിയറ്റ് സെമസ്റ്റർ/ഇയർ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട യു.ജി.സി. മാർഗ്ഗനിർദ്ദേശം നയപരമായി തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതിയുടെ പരിഗണനയിലാണ്.

## കോഴിക്കോട് വെസ്റ്റ് ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലപരിമിതി

164 (3563) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥലപരിമിതി കാരണം പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ആധുനിക സൗകര്യങ്ങളോടുകൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി

കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലുള്ള 30.109 ഏക്കർ ഭൂമിയിൽ 8.7913 ഹെക്ടർ തണ്ണീർത്തടം ആയതിനാൽ പ്രസ്തുത ഭൂമി നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ സ്ഥലപരിമിതി കാരണം പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എങ്കിൽ എത്ര സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്നും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

(ബി&സി) 2018-ലെ അക്കാദമിക് മാസ്റ്റർപ്ലാൻ പ്രകാരം കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി തടസ്സമായതിനാൽ കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കാലിക്കറ്റ് സർവ്വകലാശാലയിലെ യു.ജി., പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ**

165 (3564) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല 2020-21 അദ്ധ്യയന വർഷത്തിൽ യു.ജി., പി.ജി. കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) 2020-21-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി., പി.ജി. കോഴ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷന് എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചുവെന്ന് വ്യക്തമാക്കുമോ?

യു.ജി - 28666 വിദ്യാർത്ഥികൾ, പി.ജി - 4904 വിദ്യാർത്ഥികൾ

(സി) പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ നേടുന്ന യു.ജി., പി.ജി. ഡിഗ്രികൾക്ക് യു.ജി.സി.-യുടെ അംഗീകാരമുണ്ടോ; വ്യക്തമാക്കുമോ?

സർവ്വകലാശാല നടത്തുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ യു.ജി.സി.-യുടെ അംഗീകാരത്തിന് വിധേയമായതല്ല. കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമാണ് പ്രൈവറ്റ് രജിസ്ട്രേഷൻ നടന്നുവരുന്നത്.

(ഡി) കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം നേടുന്നതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകളുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ കേരള– കാലിക്കറ്റ് സർവ്വകലാശാലകൾക്ക് 2021-22 അക്കാദമിക വർഷം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതി യു.ജി.സി. ലഭ്യമാക്കിയിട്ടുണ്ട്.

**മെഡിക്കൽ പി.ജി. അഡ്മിഷൻ**

166 (3565) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019, 2020 എന്നീ വർഷങ്ങളിൽ നടന്ന മെഡിക്കൽ പി. ജി. എൻട്രൻസ് പരീക്ഷയിൽ അഡ്മിഷൻ ലഭിച്ചവരുടെ ജാതി തിരിച്ച് ഓരോ വിഭാഗത്തിനും ലഭിച്ച സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി)ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് സീറ്റ് കുറഞ്ഞതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉണ്ട്. ചില വിഭാഗങ്ങൾക്ക് സീറ്റ് കുറഞ്ഞതായി പിന്നോക്ക വിഭാഗ കമ്മീഷന് ലഭിച്ച പരാതികളിൽ കമ്മീഷൻ പലതവണ ഹിയറിംഗ് നടത്തുകയും ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2020-21-ലെ പി.ജി. പ്രോസ്പെക്ടസ് പ്രകാരം SEBC വിഭാഗത്തിന് 9% ആയിരുന്നു റിസർവേഷൻ. ഇത് 30% ആയി ഉയർത്തുന്നതിനുവേണ്ടിയായിരുന്നു മേൽപ്പറഞ്ഞ ഹിയറിംഗുകൾ. എന്നാൽ 2021-ൽ കേന്ദ്ര സർക്കാർ പി.ജി. മെഡിക്കൽ സീറ്റുകളിൽ All India Quota-യിൽ SEBC വിഭാഗത്തിന് 27% സംവരണം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി MDS (PG Dental) 2021-22 പ്രവേശനത്തിന് 20% SEBC സംവരണം നൽകി ഇതിനകം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പി.ജി. (മെഡിക്കൽ) സ്റ്റേറ്റ് ക്വാട്ടയിലും SEBC സംവരണം വർദ്ധിപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. SC/ST വിഭാഗക്കാർക്ക് പരിഗണനയിലുള്ള സീറ്റുകൾ ലഭിക്കുന്നില്ലെന്ന പരാതി സർക്കാർ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഇംപ്രൂവ്മെന്റ് പരീക്ഷാഫലം

167 (3566) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷ മാർക്കിനോടൊപ്പം പ്ലസ് ടു മാർക്ക് ചേർക്കുന്നതുമായി ബന്ധപ്പെട്ട ഹർജി ഹൈക്കോടതി തള്ളിയതോടെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകാർ പ്രയാസത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.ബി.എസ്.ഇ. സ്കീമിൽ പഠിച്ച വിദ്യാർത്ഥികളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സിലബസുകളിൽ പത്താം ക്ലാസ്സിലെയും പതിനൊന്നാം ക്ലാസ്സിലെയും മാർക്കുകൾകൂടി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്താനുള്ള സ്കീമിന് സുപ്രീംകോടതി അനുമതി നൽകിയിരുന്നോ; ഇത് തൃപ്തികരമല്ലാത്തവർക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ?

സുപ്രീംകോടതി അനുമതി നൽകിയിട്ടുണ്ട്.

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് വെബ്സൈറ്റിൽ പ്ലസ് ടുവിന്റെ മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള സമയം 17-9-2021-ന് അവസാനിച്ചിരിക്കെ വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

30-9-2021-ന് ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 1-10-2021 മുതൽ 3-10-2021 വരെ ഇപ്രൂവ്മെന്റ് മാർക്ക് അപ്‌ലോഡ് ചെയ്യാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. 7-10-2021-ന് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

168 (3567) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് പൂൾ ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

അസാപ് പ്രോജക്ടിൽ നിലവിൽ 2744 സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുണ്ട്. ആവശ്യാനുസരണം ഇവരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

(ബി) അസാപിന്റെ ഫൗണ്ടേഷൻ മൊഡ്യൂൾ (100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് + 80 മണിക്കൂർ ഐ.ടി.) തുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ കോഴ്സ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ?

അസാപ് പ്രോജക്ടിന്റെ കീഴിൽ മേൽപ്പറഞ്ഞ ഫൗണ്ടേഷൻ മൊഡ്യൂൾ (100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് + 80 മണിക്കൂർ ഐ.ടി.) സൗജന്യമായാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിരുന്നത്. സൗജന്യമായി ഈ കോഴ്സുകൾ നടത്തുവാനുള്ള സാമ്പത്തിക സഹായം എ.ഡി.ബി. മുഖേന ലഭിച്ചിരുന്നു. എന്നാൽ എ.ഡി.ബി. ഫണ്ട് ഇപ്പോൾ ലഭ്യമല്ലാത്തതുകാരണം ഈ കോഴ്സ് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) സമൂഹത്തിലെ താഴെത്തട്ടിലുള്ള വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെയും വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ, കോളേജുകളിലായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും), പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് പ്രോജക്ടിൽ സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ Transit Campus-ൽ പ്രവർത്തിച്ചുവരുന്നു.

(ഡി) ഇത്തരം സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യം കണക്കിലാക്കി ഓൺലൈൻ കോഴ്സുകൾ ഒന്നര വർഷമായി നടപ്പിലാക്കി വരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇപ്പോൾ ഓഫ് ലൈൻ കോഴ്സുകൾ ചില സ്കിൽ പാർക്കുകളിൽ നൽകുന്നു.

(ഇ) സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കാമോ?

അസാപ് പ്രോജക്ടിന്റെ കീഴിൽ എ.ഡി.ബി.-യുടെ സാമ്പത്തിക സഹായത്തോടെ 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്ക് സൗജന്യമായി കോഴ്സുകൾ നടത്തിയിരുന്നു. ഇവയൊന്നും അടച്ചിട്ടില്ല. എന്നാൽ എ.ഡി.ബി. ഫണ്ട് ഇപ്പോൾ ലഭ്യമല്ലാത്തതുകാരണം ഇവ പ്രവർത്തിപ്പിക്കുന്നത് ഭാവിയിൽ ബുദ്ധിമുട്ടാണ്. ആയതിനാൽ അമ്പത്തിരണ്ട് കോടിയോളം രൂപയുടെ (Rs.52,59,39,975) ഒരു പ്രൊപ്പോസൽ സമഗ്ര ശിക്ഷ കേരളയിലേയ്ക്കും (SSK) പ്രസ്തുത പ്രൊപ്പോസലിന്റെ പ്ലാൻ ഫണ്ടിംഗിനായി നാലു കോടി തൊണ്ണൂറ് ലക്ഷം രൂപയുടെ (4,90,00,000/-) സഹായത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അസാപ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായ ഡോ. അനുജ് സോമരാജനെ കരിക്കുലം മേധാവിയായി നിയമിച്ചത് ചട്ടവിരുദ്ധമായിട്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോ. അനുജ് സോമരാജിനെ കരിക്കുലം വിഭാഗം മേധാവിയായി അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ജി) അസാപ്, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നടത്തിയ (CET പ്രോഗ്രാം 2017) പദ്ധതിയിൽ ഗുണനിലവാരം ഇല്ലെന്നും കൃത്യവിലോപം നടത്തിയെന്നുമുള്ള പരാതിയിൽ പിഴയീടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ക്രിസ്ത്യൻ കോളേജിൽ CET പ്രോഗ്രാം 2017-ൽ രണ്ട് ബാച്ചുകളായാണ് നടത്തപ്പെട്ടത്. എം.ജി./കേരള സർവ്വകലാശാല പരീക്ഷകൾ നീണ്ടു പോയതിനാൽ മറ്റു കോളേജുകളെപ്പോലെ ഇവിടെയും CET ക്ലാസുകൾ പുനർക്രമീകരിക്കേണ്ടിവന്നു. മറ്റ് അദ്ധ്യാപകരെ ഉൾപ്പെടുത്താതെ രണ്ട് ട്രെയിനർമാർ പ്രധാനമായും ക്ലാസ് എടുക്കുന്നതിനാലും കോളേജിലെ താമസ, ഭക്ഷണ സൗകര്യങ്ങൾ കുറവായതിനാലും അദ്ധ്യാപകരും വിദ്യാർത്ഥികളും പരാതി നൽകി. ഉടൻതന്നെ അതിന്മേൽ കോളേജിന്റെ വിശദീകരണം വാങ്ങുകയും അവർക്കർഹതപ്പെട്ട പ്രതിഫലത്തിൽനിന്നും പത്ത് ശതമാനം പിഴയീടാക്കുകയും ചെയ്തു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര മണ്ഡലത്തിൽ അസാപ്പ് സ്കിൽ പാർക്ക്

169 (3568) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ അസാപ്പ് സ്കിൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ലഭ്യമാക്കിയ വായ്പാ സഹായം ഉപയോഗിച്ച് കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിനായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സർക്കാർ അസാപ്പ് മുഖാന്തരം വിഭാവനം ചെയ്യുന്നത്. ഇതിൽ 9 എണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. പ്രസ്തുത വായ്പാകാലാവധി കഴിഞ്ഞതിനാൽ പുതിയൊരു സ്കിൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സാധ്യത നിലവിലില്ല.

## ഹയർ സെക്കൻഡറി സ്കൂളുകളിലെ അസാപ്പിന്റെ ഫൗണ്ടേഷൻ സ്കിൽ പ്രോഗ്രാം

170 (3569) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസാപ്പ് മുഖാന്തരം ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേറ്റീവ് സ്കിൽസ്, ലൈഫ് സ്കിൽസ്, സോഷ്യൽ സ്കിൽസ്, കോഡിംഗ് സ്കിൽസ് എന്നിവ സമന്വയിപ്പിച്ച് നടപ്പിലാക്കിവന്നിരുന്ന ഫൗണ്ടേഷൻ സ്കിൽ പ്രോഗ്രാം പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

മുപ്പതിനായിരം വിദ്യാർത്ഥികൾക്ക് ഫൗണ്ടേഷൻ സ്കിലും വൊക്കേഷണൽ സ്കിലും നൽകുന്നതിനായി അമ്പത്തിരണ്ട് കോടിയോളം രൂപയുടെ (Rs.52,59,39,975) ഒരു പ്രൊപ്പോസൽ സമഗ്ര ശിക്ഷ കേരളയ്ക്കും (SSK) പ്രസ്തുത പ്രൊപ്പോസലിന്റെ പ്ലാൻ ഫണ്ടിംഗിനായി നാല് കോടി തൊണ്ണൂറ് ലക്ഷം രൂപയുടെ (4,90,00,000) സഹായത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അസാപ്പ് കേരള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

171 (3570) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ അസാപ്പ് സ്കിൽ ഡെവലപ്മെന്റ് സെന്റർ GVHSS Chathanoor-ൽ പ്രവർത്തിക്കുന്നു. ഈ സ്കിൽ സെന്ററിന്റെ കീഴിൽ 12 വിദ്യാലയങ്ങളുണ്ട്. 2019-2020 വരെ 12 സ്കൂളുകളിൽ നിന്നായി 1592 കുട്ടികൾക്ക് സൗജന്യമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ആശയവിനിമയശേഷി വികസിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കുവാനുമായി അസാപ് പരിശീലനം നൽകുകയുണ്ടായി. 2019-20-ൽ കോവിഡ്കാരണം കോഴ്സുകൾ പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ഇതിനുപുറമെ ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുമായി ചേർന്ന് Connect to Work എന്ന് പേരിട്ട നൈപുണ്യ വികസന പരിശീലന പരിപാടിയിലൂടെ 19 പേർക്ക് പരിശീലനം നൽകുകയുണ്ടായി. കോവിഡ് ലോക്ക്ഡൗൺ കാലയളവിൽ ഓൺലൈൻ ക്ലാസ്സ് ഉപയോഗപ്പെടുത്തി കൊല്ലം എസ്.എൻ. കോളേജിലെ കുട്ടികൾക്ക് ലോജിസ്റ്റിക്സ് ട്രെയിനർ എന്ന കോഴ്സ് പൂർത്തീകരിച്ചു. രണ്ടാം ലോക്ക്ഡൗൺ കാലയളവിൽ പ്ലസ് 2 വിദ്യാർത്ഥികളുടെ അപ്ടിസ് പരീക്ഷ വിജയകരമായി പൂർത്തീകരിക്കാനും സാധിച്ചു.

(ബി) എല്ലാ വിദ്യാർത്ഥികൾക്കും അസാപ്പ് മുഖേന പ്രത്യേക തൊഴിൽ പരിശീലനം നൽകുന്നതിനും തൊഴിൽ നൈപുണ്യം ലഭിച്ചവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകാനുമുള്ള സമഗ്ര പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി അസാപ്പ് മുഖേന വൈവിദ്ധ്യമാർന്ന നൈപുണ്യ പരിശീലനങ്ങൾ നടത്തിവരുന്നു. നിലവിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ഇല്ലാത്തതിനാൽ Startup Ecosystem and Entrepreneurial Development (SEED) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി അസാപ്പ് വഴി പരിശീലനം ലഭിച്ച

വിദ്യാർത്ഥികൾക്ക് പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതും പുതിയ സംരംഭകത്വം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതും പരിശോധിച്ചുവരുന്നു.

**അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

172 (3571) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പ് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ധനസഹായ പദ്ധതികളിലൂടെ എത്ര തുക വിനിയോഗിച്ചു; പദ്ധതി തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നിയോജകമണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ തലത്തിൽ നടപ്പിലാക്കുന്നവയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയും നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളും വിവിധ ക്ഷേമപദ്ധതികൾക്ക് വിനിയോഗിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും ഇതോടൊപ്പം അനുബന്ധം-I & II ആയി ചേർത്തിരിക്കുന്നു*.

**സോഷ്യൽ സെക്യൂരിറ്റി മിഷനും ചികിത്സ ധനസഹായവും**

173 (3572) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സ ധനസഹായത്തിന് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് മാസത്തിൽ ഒരു തവണ മാത്രം ഡോക്ടർമാരുടെ വിദഗ്ദ്ധ സമിതി ചേരുന്നതിനാൽ പ്രസ്തുത ധനസഹായം ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)ഡോക്ടർമാരുടെ വിദഗ്ദ്ധ സമിതി മാസത്തിൽ ചേരുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോക്ടർമാരുടെ വിദഗ്ധ സമിതി മാസത്തിൽ ഒരു തവണ കൂടി അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊണ്ടുവരികയാണ് നിലവിൽ ചെയ്തുവരുന്നത്. അടിയന്തര സാഹചര്യങ്ങളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നിർദ്ദേശം തേടുകയും അതിൻപ്രകാരം ചികിത്സാ സഹായം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ആകയാൽ വിദഗ്ധസമിതി മാസത്തിൽ ചേരുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

**ക്യാൻസർ സുരക്ഷാപദ്ധതി**

174 (3573) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 18 വയസ്സുവരെയുള്ള കുട്ടികളുടെ ക്യാൻസർ രോഗചികിത്സ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്ന ക്യാൻസർ സുരക്ഷാപദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട 13 സർക്കാർ ആശുപത്രികൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിലൂടെ നാളിതുവരെ 8124 കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം 2018 -19 വരെ പദ്ധതിയുടെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഏതൊക്കെ ആശുപത്രികൾ മുഖേനയാണ് പ്രസ്തുത ചികിത്സാ പദ്ധതി നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

ചുവടെ പറയുന്ന 13 സർക്കാർ ആശുപത്രികൾ മുഖേനയാണ് ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.

2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്.

5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.

6. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.

7. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

8. ഐ.സി.എച്ച്, കോട്ടയം.

9. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ.

10. ഗവ. ജനറൽ ആശുപത്രി, എറണാകുളം.

11. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.

12. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.

13. എസ്.എ. റ്റി. ആശുപത്രി, തിരുവനന്തപുരം.

(സി) 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന താലോലം പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഏതൊക്കെ ആശുപത്രികൾ മുഖേനയാണ് പ്രസ്തുത ചികിത്സാ പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കാമോ?

താലോലം പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തിനകത്തുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികളായിരിക്കണം.

2. താലോലം പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ കിടത്തി ചികിത്സ തേടുന്ന കുട്ടികളായിരിക്കണം.

3. ശസ്ത്രക്രിയ ആവശ്യമുള്ള, വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൽസി, ഹീമോഫിലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

4. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

5. മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികളുടെ പരിധിയിൽ വരുന്ന മേൽപ്പറഞ്ഞ അർഹതയുള്ള കുട്ടികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ നൽകുന്ന തുകയ്ക്ക് ഉപരിയായി ചികിത്സക്ക് ചെലവാകുന്ന തുക ലഭിക്കുന്നതാണ്.

6. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലെയും/ മറ്റ് സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളായ എല്ലാ കുട്ടികൾക്കും ചികിത്സ സഹായം ലഭിക്കുന്നതാണ്.

ചുവടെ പറയുന്ന 16 ആശുപത്രികൾ മുഖേനയാണ് താലോലം പദ്ധതി നടപ്പിലാക്കി വരുന്നത്.

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.

2. എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം.

3. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം.

4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

5. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

6. ഐ.സി.എച്ച്., കോട്ടയം.

7. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.

8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ.

9. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

10. ഐ.എം.സി.എച്ച്., കോഴിക്കോട്.

11. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ.

12. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.

13. ജില്ലാ ആശുപത്രി, ആലുവ.

14. ICCONS, തിരുവനന്തപുരം.

15. ICCONS, ഷൊർണ്ണൂർ.

16. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി.

## ആദിവാസികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി പദ്ധതികൾ

175 (3574) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വയനാട് ജില്ലയിലെ ആദിവാസികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് അറിയിക്കുമോ?

കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS)-ന്റെ സഹകരണത്തോടെ വയനാട് ജില്ലയിലെ ആദിവാസികളുടെ മാനസികാരോഗ്യ പരിപാലനത്തിനായി ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് എന്ന പേരിൽ ഒരു പദ്ധതി 2017 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്ക് മാനസിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS) മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്. ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന ഈ പദ്ധതി മറ്റ് മാനസികാരോഗ്യ പരിപാടികൾ, ആശുപത്രികൾ, സന്നദ്ധ സംഘടനകൾ എന്നിവർ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും മറ്റ് അനുബന്ധ പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി IMHANS മുഖേന ആരംഭിച്ച മൊബൈൽ മെന്റൽ ഹെൽത്ത് സെന്ററിലെ വിദഗ്ദ്ധരായ ഡോക്ടർമാരുടെയും ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്റ്റ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ജില്ലയിലെ വിവിധ കോളനികളിൽ പ്രവർത്തനങ്ങൾ നടത്തുകയും ചികിത്സ ആവശ്യമുള്ളവർക്ക് ആയത് നൽകുകയും തുടർചികിത്സ ആവശ്യമായ രോഗികൾക്ക് മരുന്നും മറ്റ് തെറാപ്പികളും നൽകി വരികയും ചെയ്യുന്നു.

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ എത്ര പേരുണ്ട് എന്ന് അറിയിക്കാമോ?

നിലവിൽ 106 ഗുണഭോക്താക്കളുണ്ട്.

## ആശ്വാസ കിരണം പദ്ധതിയിൽനിന്ന് അർഹമായ ധനസഹായം ലഭിക്കാത്തത് സംബന്ധിച്ച്

176 (3575) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയിലുൾപ്പെട്ട് 2015 മേയ് മാസം ലഭിച്ച ധനസഹായം നസീമ, മഠത്തുപുറം വീട്, ഇടത്തല നോർത്ത്, ആലുവ എന്നയാൾക്ക് തുടർന്ന് ലഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ആശ്വാസ കിരണം പദ്ധതി പ്രകാരം ടി ഗുണഭോക്താവ് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരുന്നതിനാലാണ് ധനസഹായം അനുവദിക്കാൻ കഴിയാതിരുന്നത്.

(ബി) അർഹമായ ധനസഹായം തുടർന്നും അനുവദിക്കാതിരുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; പരിശോധിക്കുമോ?

വീഴ്ചയുണ്ടായിട്ടില്ല.

(സി) ഇനി എന്ന് മുതൽ ഇവർക്ക് ധനസഹായം ലഭ്യമായി തുടങ്ങും എന്ന് വ്യക്തമാക്കാമോ; ധനസഹായം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കരുതൽ തടങ്കൽ കേന്ദ്രങ്ങൾ

177 (3576) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരുതൽ തടങ്കൽ കേന്ദ്രങ്ങൾ (ഡിറ്റൻഷൻ സെന്റർ) സ്ഥാപിക്കുന്നതിനായി വകുപ്പ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കരുതൽ തടങ്കൽ കേന്ദ്ര നിർമ്മാണവുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ശിക്ഷാ കാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരും മറ്റുവിധത്തിൽ സംരക്ഷണം ആവശ്യമുള്ളവരുമായ വിദേശ പൗരന്മാരെ താൽക്കാലികമായി താമസിപ്പിക്കുന്നതിനുള്ള സൗകര്യത്തിനായി "ട്രാൻസിറ്റ് ഹോം" സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. പ്രസ്തുത സാഹചര്യത്തിൽ നിലവിൽ പുറപ്പെടുവിച്ച വിജ്ഞാപനവും വിജ്ഞാപന പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളും റദ്ദാക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

**ആശ്വാസകിരണം പെൻഷൻ പദ്ധതി**

178 (3577) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പെൻഷൻ പദ്ധതിയിൽ പാലക്കാട് ജില്ലയിൽ എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ 8199 ഗുണഭോക്താക്കളുണ്ട്.

(ബി) പ്രസ്തുത പെൻഷൻ എന്നുവരെയുള്ളതാണ് നിലവിൽ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ?

2018 മാർച്ച് 31 വരെയുള്ള അപേക്ഷകർക്ക് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പെൻഷൻ കുടിശ്ശിക വന്നിട്ടുണ്ടെങ്കിൽ അത് വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അപേക്ഷകളുടെ എണ്ണം വർഷംതോറും കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം മുഖേന അധിക തുക അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭിന്നശേഷി സംവരണം**

179 (3578) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഭിന്നശേഷി വിഭാഗത്തിനുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംവരണതോത് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

Rights of Persons with Disabilities Act 2016-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ ഭിന്നശേഷി വിഭാഗത്തിനുള്ള സംവരണം നിലവിലുണ്ടായിരുന്ന 3%-ൽനിന്ന് 4% ആയി ഉയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 31-10-2019-ലെ G.O. (P) No: 12/2019/SJD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കെ. എസ്. ആൻഡ് എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

(ബി) എത്ര വിഭാഗങ്ങളായാണ് ഭിന്നശേഷിക്കാരെ സംവരണത്തിന് പരിഗണിക്കുന്നതെന്നും വിഭാഗങ്ങൾ ഏതെല്ലാമാണെന്നും അറിയിക്കാമോ; ഭിന്നശേഷി സംവരണ നിയമനങ്ങൾക്കുള്ള റൊട്ടേഷനും ആയതിന് സ്വീകരിക്കുന്ന മുൻഗണനാക്രമവും വ്യക്തമാക്കാമോ?

Rights of Persons with Disabilities Act 2016 സെക്ഷൻ 34-ൽ വിവക്ഷിക്കുന്ന പ്രകാരം (a) blindness and low vision (b) deaf and hard of hearing (c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy: (d) autism, intellectual disability, specific learning disability and mental illness (e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness എന്നീ ഭിന്നശേഷി വിഭാഗക്കാരെ ജോലി സംവരണത്തിനായി പരിഗണിക്കുന്നുണ്ട്. 31-10-2019-ലെ G.O.(P) No: 12/2019/SJD പ്രകാരം നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 1, 26, 51, 76 എന്നീ ടേണുകളിൽ ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ നേരിടുന്നവരെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഏത് ഭിന്നശേഷി വിഭാഗത്തിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ഇതര ഭിന്നശേഷി വിഭാഗങ്ങൾ ആരെല്ലാമാണെന്നും നിയമന റൊട്ടേഷനിൽ ഇവരെ പരിഗണിക്കുന്നത് എങ്ങനെയെന്നും അറിയിക്കാമോ?

സെറിബ്രൽ പാൾസി വിഭാഗത്തെ മൂന്നാമത്തെ സംവരണ വിഭാഗത്തിൽ locomotor disability വിഭാഗത്തിൽ leprosy cured dwarfism, acid attack victim and muscular dystrophy എന്നീ വിഭാഗങ്ങൾക്കൊപ്പമാണ് പരിഗണിക്കുന്നത്. മാനസിക വെല്ലുവിളി നേരിടുന്നവരെ നാലാമത്തെ വിഭാഗത്തിൽ autism, intellectual disability, specific learning disability and mental illness & (e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness എന്നീ വിഭാഗങ്ങൾക്കൊപ്പമാണ് പരിഗണിക്കുന്നത്. ഓരോ വിഭാഗത്തിലും ഉൾപ്പെടുന്നവർക്കിടയിൽ പ്രത്യേകിച്ച് മുൻഗണന നിശ്ചയിച്ചിട്ടില്ല.

(ഡി) ഭിന്നശേഷി വിഭാഗക്കാർക്ക് അവരുടെ ശേഷിക്കനുസരിച്ച് നൽകാവുന്ന ജോലികളുടെ പട്ടിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ?

2018 വരെ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകൾ ക്രോഡീകരിച്ചുകൊണ്ട് ഹാൻഡ് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*.

(ഇ) സെറിബ്രൽ പാൾസി ബാധിച്ച എത്ര പേർക്കാണ് ഭിന്നശേഷി വിഭാഗത്തിൽ 2018 മുതൽ നാളിതുവരെ നിയമനം നൽകിയിട്ടുള്ളത്; സർക്കാർ ജോലികൾക്കായി മൽസരിക്കുമ്പോൾ സെറിബ്രൽ പാൾസി ബാധിതർ പിന്തള്ളപ്പെട്ടുപോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സെറിബ്രൽ പാൾസി ബാധിതർ പിന്തള്ളപ്പെട്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം**

180 (3579) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയമ-ഉദ്യോഗസ്ഥഭരണ പരിഷ്കാര- സാമൂഹ്യനീതി വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ യോഗം ബഹു. സാമൂഹ്യ നീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടുന്നതിനാൽ നിയമ-ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായം സഹിതം ടി വിഷയത്തിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മന്ത്രിസഭയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ്**

181 (3580) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

RPWD ആക്ട് 2016 പ്രകാരം എല്ലാ ജില്ലകളിലും താലൂക്ക്/ജില്ലാ ആശുപത്രികളിൽ മെഡിക്കൽ ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ ബോർഡുകൾ മുഖാന്തരം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്.

(സി) ബ്ലോക്ക് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ച് UDID കാർഡുകൾ നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.05.2021-ലെ എസ്.ഒ 1736 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 1.6.2021 മുതൽ UDID പോർട്ടലിലൂടെ ഓൺലൈനായി മാത്രമേ ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവമുള്ളതിനാൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

**ഭിന്നശേഷി ജീവനക്കാരുടെ അവകാശം സംരക്ഷിക്കുന്നതിന് നടപടി**

182 (3581) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിക്കുകയും 18-5-2013-ലെ സർക്കാർ ഉത്തരവ് (പി)നം.40/13/സാ.നീ.വ. പ്രകാരം പുനർനിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരുടെ എണ്ണവും വിശദാംശങ്ങളും അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ?

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാർക്ക് ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016, പതിനാലാം കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ച് പ്രസ്തുത ജീവനക്കാരുടെ അവകാശം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ വിഷയം നിലവിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

**ഭിന്നശേഷിക്കാരുടെ പി.എസ്.സി. നിയമനത്തിലെ റൊട്ടേഷൻ**

183 (3582) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള ആദ്യത്തെ അഡ്വൈസ് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ; മന്ത്രിസഭയുടെ അനുമതിയോടുകൂടിയാണോ പി.എസ്.സി. അഡ്വൈസിന്റെ റൊട്ടേഷൻ വ്യവസ്ഥയിൽ ഇപ്രകാരം മാറ്റം വരുത്തിയത്; അറിയിക്കാമോ?

ബഹു. സുപ്രീംകോടതിയുടെ SLP No.14889 of 2009-ലെയും Civil Appeal No.9096/2013-ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അഭിപ്രായത്തിന്റെയും കേന്ദ്ര സർക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസ് മെമ്മോറാണ്ടത്തിന്റെയും വെളിച്ചത്തിൽ സർക്കാർ/അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/ യൂണിവേഴ്സിറ്റികൾ/സർക്കാരിൽനിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള നൂറു പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് റ്റേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് റ്റേണുകൾ നിശ്ചയിച്ചും കൊണ്ടാണ് 6-5-2017-ലെ G.O. (P) No 8/17/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത്. മന്ത്രിസഭയുടെ അനുമതി തേടിയിട്ടില്ല.

(സി) തസ്തികകളുടെ കേഡർ സ്ട്രെംഗ്ത് പരിഗണിക്കാതെയാണോ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; കേഡർ സ്ട്രെംഗ്ത് ഒന്ന് മാത്രമുള്ള തസ്തികകളുടെ റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്കുകാരനുപോലും ഇതുമൂലം നിയമനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത നടപടിക്രമം പുനഃപരിശോധിക്കാനോ കേഡർ സ്ട്രെംഗ്ത് കൂടി പരിഗണിച്ച് മാറ്റം വരുത്താനോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഭിന്നശേഷി വിഭാഗങ്ങളുടെ സംവരണം**

184 (3583) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (പി.ഡബ്ല്യൂ.ഡി.) ആക്ട് അനുസരിച്ച് കണ്ടെത്തിയ ഭിന്നശേഷി വിഭാഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത വിഭാഗങ്ങൾക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംവരണം ഏർപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ?

1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (പി.ഡബ്ല്യൂ.ഡി.) ആക്ട് സെക്ഷൻ 33 പ്രകാരം (i) blindness or low (ii) hearing impairment (iii) locomotor disability or cerebral palsy എന്നീ ഭിന്നശേഷി വിഭാഗങ്ങളെ ജോലി സംവരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ടി വിഭാഗങ്ങൾക്ക് ഗവൺമെന്റ്

എസ്റ്റാബ്ലിഷ്മെന്റ് നിയമനങ്ങളിൽ 3% G.O. (P) No: 32/2007/SWD dated 28-6-2007, G.O. (P) No: 31/2008/SWD dated 19.05.2008 എന്നീ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുണ്ട്.

(ബി) 2016-ലെ ആർ.പി.ഡബ്ല്യൂ.ഡി. അനുസരിച്ച് കണ്ടെത്തിയ ഭിന്നശേഷി വിഭാഗങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ അനുവദിച്ച സംവരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. Blindness

2. Low vision

3. Leprosy - cured persons

4. Hearing impaired (deaf and hard of hearing)

5. Locomotor disability

6. Dwarfism

7. Intellectual disability

8. Mental illness

9. Autism Spectrum Disorder

10. Cerebral palsy

11. Muscular Dystrophy

12. Chronic neurological conditions

13. Specific Learning Disabilities

14. Multiple Sclerosis

15. Speech and Language disability

16. Thalassemia

17. Hemophilia

18. Sickle Cell disease

19. Multiple Disabilities including deaf- blindness

20. Acid Attack victim

21. Parkinson's disease

എന്നിങ്ങനെ 21 ഭിന്നശേഷി വിഭാഗങ്ങളെയാണ് 2016-ലെ Rights of Persons with Disabilities Act അനുസരിച്ച് കണ്ടെത്തിയത്. ഇവരിൽ (a) blindness and low vision (b) deaf and hard of hearing (c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy (d) autism, intellectual disability, specific learning disability and mental illness (e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness എന്നീ വിഭാഗങ്ങൾക്ക് 4% സംവരണം തൊഴിൽ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ Benchmark disability ഉള്ളവർക്ക് 5% സംവരണം അനുവദിച്ചിട്ടുണ്ട്.

(സി) വ്യത്യസ്ത ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രാപ്തമായ തസ്തികകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി Rights of Persons with Disabilities Act 2016 സെക്ഷൻ 33 വിവക്ഷിക്കുന്നത് പ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റി 19-6-2018-ലെ G.O. (P) No: 8/2018/SJD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി നിശ്ചിത ഇടവേളകളിൽ ചേർന്ന് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി Functionality Assessment നടത്തുന്നതിനായി National Institute of Speech & Hearing (NISH)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം**

185 (3584) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം കിടപ്പ് രോഗികളെ പരിചരിക്കുന്നവർക്ക് നൽകിവരുന്ന ധനസഹായ പദ്ധതിയുടെ വിശദവിവരം നൽകാമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2020-21 കാലയളവിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2020-21 കാലയളവിൽ 114188 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലും നിലവിൽ എത്ര പേർക്ക് ധനസഹായം നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ; ധനസഹായം യഥാസമയം നൽകാൻ കഴിയാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 8199 ഗുണഭോക്താക്കൾക്കും ഷൊർണ്ണൂർ മണ്ഡലത്തിൽ 667 ഗുണഭോക്താക്കൾക്കും നിലവിൽ ധനസഹായം നൽകിവരുന്നു. ടി ഗുണഭോക്താക്കൾക്ക് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലെ ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് പദ്ധതി**

186 (3585) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിയ പരിരക്ഷ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അടിയന്തര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് 'പരിരക്ഷ' പദ്ധതി. അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന ഭിന്നശേഷിക്കാരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അടിയന്തര സഹായമായതിനാൽ വരുമാന

പരിധി ഒഴിവാക്കിയിട്ടുണ്ട്. 25,000 രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിനുമുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

(ബി) അംഗപരിമിതർക്കായി മറ്റ് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു*. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു*. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു.*). പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തുവരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40%-മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾമൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നുകൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുപുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു. ആയത് അനുബന്ധം -V ആയി ചേർക്കുന്നു*.

**എംപ്ലോയ്മെന്റ് വഴിയുള്ള ഭിന്നശേഷിക്കാരുടെ നിയമനം**

187 (3586) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് വഴി താൽക്കാലിക നിയമനം ലഭിച്ച്, 18-5-2013-ലെ സ.ഉ.(പി)നം.40/13 സാ.നീ.വ. പ്രകാരം പുനർനിയമനം ലഭിച്ച നിലവിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാരുടെ എണ്ണവും അവരുടെ വിവരങ്ങളും അടങ്ങിയ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ?

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാരെ 2012-ലെ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട്, പതിനാലാം കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ നിലനിൽക്കെ, മേൽപ്പറഞ്ഞ ജീവനക്കാരിൽ കുറച്ച് പേർ കേസ് ഫയൽ ചെയ്തതിന്റെ പേരിൽ സർവ്വീസിൽനിന്ന് മാറ്റി നിർത്തിയിട്ടുണ്ടോ;

(സി) എങ്കിൽ മേൽപ്പറഞ്ഞ പ്രകാരം സർവ്വീസിൽനിന്ന് മാറ്റി നിർത്തപ്പെട്ട ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഇത്തരത്തിൽ ആരെയും സർവീസിൽനിന്നും മാറ്റി നിർത്തിയിട്ടില്ല.

**ഭിന്നശേഷി വിഭാഗത്തിന് ജോലിയിലുള്ള സംവരണം**

188 (3587) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിലുള്ള സംവരണത്തിന് ഏതുതരം സംവരണ രീതിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; നടപ്പാക്കുന്ന പ്രക്രിയ വിശദമാക്കാമോ?

ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമന ശിപാർശകൾ നൽകുന്നതിന് Horizontal സംവരണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആദ്യം Vertical reservation-ൽ (സാമുദായിക സംവരണം/മെറിറ്റ്) ഇവർ ഉൾപ്പെടുമെങ്കിൽ പരിഗണിച്ചതിനുശേഷമാണ് Horizontal Reservation നൽകുന്നത്. ഭിന്നശേഷി സംവരണത്തിനായി സർക്കാർ identify ചെയ്തിട്ടുള്ള തസ്തികയ്ക്ക് ലഭിക്കുന്ന ഫ്രഷ് ഒഴിവുകൾക്ക് ക്രമനമ്പർ നൽകി ആയതിൽ ക്രമനമ്പർ 1 Low Vision-നും 34 Hearing Impairment-നും 67 Locomotor Disability/Cerebral Palsy-യ്ക്കും സംവരണം ചെയ്യുന്നു. ഇതിൽ ഏതെങ്കിലും ഒരു വിഭാഗം റാങ്ക് പട്ടികയിൽ ലഭ്യമാകാതെ വന്നാൽ ടി ഒഴിവ് ടി തസ്തികയുടെ അടുത്ത റാങ്ക് ലിസ്റ്റിൽനിന്ന് നികത്താൻവേണ്ടി മാറ്റിവയ്ക്കുന്നതാണ്. അടുത്ത റാങ്ക് പട്ടികയിൽനിന്ന് മാറ്റി വച്ച വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ ലഭ്യമാണെങ്കിൽ ആ വിഭാഗത്തിന് നൽകുകയും അല്ലാത്തപക്ഷം ഭിന്നശേഷിക്കാരിലെ മറ്റ് വിഭാഗക്കാരെക്കൊണ്ട് നികത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരിലെ ഒരു വിഭാഗവും റാങ്ക് ലിസ്റ്റിൽ ഇല്ലാത്തപക്ഷം മാത്രം ടി ഒഴിവ് പൊതുവിഭാഗത്തിന് നൽകി ക്രമീകരിക്കുന്നതാണ്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക റിക്രൂട്ട്മെന്റ്, എൻ.സി.എ. വിഭാഗങ്ങളിലായി പരീക്ഷകൾ നടത്തുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാർക്കായി നിലവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്/എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നില്ല.

(സി) ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഭിന്നശേഷിക്കാരെ സ്ഥിരനിയമനത്തിന് പരിഗണിക്കുന്നുണ്ടോ; ഇവർക്ക് ലാസ്റ്റ്ഗ്രേഡ്, അറ്റന്റർ തസ്തികകളിൽ സ്ഥിര നിയമനം നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ അറിയിക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ അംഗപരിമിതിയായി പരിഗണിക്കാൻ നടപടി

189 (3588) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ അംഗപരിമിതിയായി പരിഗണിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് സാധൂകരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച നിയമം 2016-ൽ ഗർഭപാത്രമില്ലാത്ത അവസ്ഥ വൈകല്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വൈകല്യം പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദവിവരം നൽകാമോ?

(എ-സി) ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ 50% ഭിന്നശേഷിത്വമായി പരിഗണിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് 18-11-2017-ലെ G.O. (Ms) No:165/2017/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭിന്നശേഷിത്വം കേന്ദ്ര നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി Rights of Persons with Disabilities Act 2016-ന്റെ വകുപ്പ് 2-ലെ (ZC) ഉപവകുപ്പ് പ്രകാരമുള്ള ഷെഡ്യൂളിൽ ഭേദഗതി വരുത്തുന്നതിനും വകുപ്പ് 34 ഭേദഗതി വരുത്തുന്നതിനുമുള്ള ശിപാർശ കത്തും ഓർമ്മക്കുറിപ്പും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

**വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നൽകുന്ന സഹായങ്ങൾ**

190 (3589) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വിശദമാക്കുമോ?

വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**ഭിന്നശേഷിക്കാർക്കായി ആരോഗ്യ ഇൻഷ്വറൻസ്**

191 (3590) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഭിന്നശേഷിക്കാർക്കായി നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയായ നിരാമയ പദ്ധതിയിൽ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള നാല് വിഭാഗം ഭിന്നശേഷിത്വമുള്ളവർക്കാണ് പരിരക്ഷ നൽകുന്നത്. നിരാമയ കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇതിൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന പ്രീമിയം തുകയും പുതുക്കുന്നതിന് വർഷംതോറും അടയ്ക്കേണ്ടുന്ന പ്രീമിയം തുകയും കേരള സർക്കാരാണ് അടച്ചുവരുന്നത്. കൂടാതെ ഉയർന്ന പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ് 'അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി'. പ്രസ്തുത പദ്ധതിക്കായി 2235-02-101-55 NP ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകുന്ന സഹായങ്ങൾ**

192 (3591) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം- I ആയി ചേർക്കുന്നു*. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു*. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു*). പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ചവൈകല്യം, ശ്രുവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തുവരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40%-മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾമൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നു കൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുപുറമേ സമഗ്ര ശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു. ആയത് അനുബന്ധം V ആയി ചേർക്കുന്നു*.

(ബി) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഉൾപ്പെടെ യാത്രാപാസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അംഗപരിമിതരിൽ 40 ശതമാനവും അതിനുമുകളിലും അംഗവൈകല്യം അനുഭവിക്കുന്നവർക്കും അന്ധരിൽ 100% കാഴ്ച ശക്തി ഇല്ലാത്തവർക്കും ബധിര-മൂകരിൽ 50%-ഉം അതിനുമുകളിലും വൈകല്യ ബാധിതർക്കും ബുദ്ധിമാന്ദ്യം അനുഭവിക്കുന്നവരിൽ 50%-ഉം അതിനുമുകളിലും വൈകല്യം അനുഭവിക്കുന്നവർക്കും സെറിബ്രൽ പാൾസിക്ക് 40%-ഉം അതിനുമുകളിലും വൈകല്യ ബാധിതർക്കും ക്യാൻസർ രോഗികൾക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവിന് വിധേയമായി യാത്ര സൗജന്യ പാസുകൾ കെ.എസ്.ആർ.ടി.സി. അനുവദിക്കുന്നുണ്ട്.

**ഭിന്നശേഷിക്കാരുടെ ജോലി സംവരണം**

193 (3592) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സർക്കാർ ജോലികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവരണം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Rights of Persons with Disabilities Act 2016 വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് യഥാസമയം പി.എസ്.സി.-യെ അറിയിക്കുകയും ചെയ്യുന്നുമുണ്ട്. സംസ്ഥാന സർവീസിൽ 4% സംവരണം അനുവദിച്ച് 31-10-2019-ലെ G.O.(P) No: 12/2019/SJD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നുണ്ട്. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുവാൻ പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലിക നിയമനം ലഭിച്ചിരുന്ന ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. 16-8-1999 മുതൽ 31-12-2003 വരെ കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിനായി സൃഷ്ടിച്ച 2677 സൂപ്പർ ന്യൂമററി തസ്തികകളിൽ പുനർനിയമനം നൽകിവരുന്നുണ്ട്. 2004-നുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർനിയമനം നൽകുന്ന വിഷയം പരിഗണനയിലില്ല.

**ഭിന്നശേഷിക്കാരുടെ വാഹനങ്ങൾക്ക് ഇന്ധന അലവൻസ്**

194(3593) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ എത്ര ആളുകൾ ഉണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ?

2015-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 7,93,937 ഭിന്നശേഷിക്കാരുണ്ട്.

(ബി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ വിശദാംശം നൽകുമോ?

കോവിഡ്-19 കാരണം വീടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും അവശ്യ സേവനങ്ങളും സഹായങ്ങളും വീട്ടുപടിക്കൽ എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശ

സ്വയംഭരണം, ആരോഗ്യം, വനിതാ-ശിശു വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "സഹജീവനം" ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺസിലിംഗ് റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പ് വരുത്തൽ, മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ അങ്കണവാടികൾ എന്നിവയിലൂടെ കോവിഡ്-19 മഹാമാരി കാരണം വീട്ടുകളിൽ തന്നെ കഴിയേണ്ടി വന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തെറാപ്പികളും സേവനങ്ങളും ഓൺലൈനായി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജില്ലകൾ തോറും ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് കോവിഡ് കാലത്ത് ലോട്ടറി ധനസഹായം ആയി 5,000 രൂപ വീതം 545 പേർക്ക് അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി കാലത്ത് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ, പുതുക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ആക്കിയിട്ടുണ്ട്.

(സി) ഇന്ധന വില ഉയരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ഇന്ധന അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഭിന്നശേഷി സംവരണം**

195(3594) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പാക്കികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഭിന്നശേഷിക്കാർക്കായുള്ള തസ്തികകൾ കണ്ടെത്തുന്നത് ആർ. പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റിയാണ്. ശ്രീമതി സുഹ്റാബി പി. പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No. 353/2020 കേസ്സിലെ 4-3-2020-ലെ ഉത്തരവ് നടപ്പാക്കിയും കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിക്കൊണ്ടും 14-8-2020-ലെ സ.ഉ. (കൈ) നം. 19/2020/സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധം -I ആയി ചേർക്കുന്നു*.

(ബി) സർക്കാർ ഭിന്നശേഷിക്കാർക്കുള്ള തസ്തികകൾ കണ്ടെത്താൻ വൈകി എന്ന കാരണത്താൽ നിയമപ്രകാരം ലഭിക്കേണ്ട സംവരണം നിഷേധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഭിന്നശേഷി സംവരണം പി.എസ്.സി. മുഖേനയാണ് നടപ്പിലാക്കുന്നത്. 14-8-2020-ലെ സ.ഉ.(അച്ചടി) നം. 15/2020/സാ.നീ.വ ഉത്തരവ് പ്രകാരം (അനുബന്ധം II ആയി ചേർക്കുന്നു)*. ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം പ്രസ്തുത തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയാൽ ടി സംവരണം തുടർന്നുവരുന്ന നോട്ടിഫിക്കേഷനുകൾക്ക് ബാധകമാക്കി പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം തസ്തികകളിലെ ഭിന്നശേഷി സംവരണം അടുത്ത പി.എസ്.സി. നോട്ടിഫിക്കേഷൻ പ്രകാരം നടപ്പിലാക്കാൻ സാധിക്കും.

**പിന്നോക്കാവസ്ഥയിലുള്ള ദമ്പതികൾക്ക് ധനസഹായം**

196(3595) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുമുള്ള ദമ്പതികൾക്ക് ധനസഹായം ലഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി സ്വീകരിച്ചിരുന്ന അപേക്ഷകൾ ബ്ലോക്കുതല ഓഫീസുകൾവഴി സ്വീകരിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ?

ഇല്ല.

(ബി) ബ്ലോക്കുതല ഓഫീസുകൾ വഴി സ്വീകരിച്ചിരുന്ന വിവിധ അപേക്ഷകൾ ജില്ലാതല ഓഫീസുകൾ വഴി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ ഇതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സാമൂഹ്യനീതി-ശിശു വികസന വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിൽ ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ ജില്ലാതല ഓഫീസുകൾ വഴിയാണ് സ്വീകരിച്ചുവരുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വിഭാഗക്കാർ ഉൾപ്പെടെയുള്ള വകുപ്പിന്റെ മുഴുവൻ ഗുണഭോക്താക്കൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷൻ**

197(3596) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 22,000 രൂപയിൽനിന്ന് 1 ലക്ഷം രൂപയാക്കി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

20-6-2014-ലെ സ.ഉ.(എം.എസ്) നം.52/2014/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം 1-4-2014 മുതൽ 1 ലക്ഷം രൂപയാക്കി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65-ൽ നിന്ന് 60 ആയി കുറച്ചിട്ടുണ്ടോ; എങ്കിൽ അത് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 4-11-2013-ലെ സ.ഉ.(എം.എസ്.)നം.93/2013/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65-ൽനിന്ന് 60 ആയി കുറച്ചിട്ടുണ്ട്. ഉത്തരവ് തീയതിയായ 4-11-2013 മുതൽ ഇതിന് പ്രാബല്യമുണ്ട്.

(സി) 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്ക് പെൻഷന് അർഹത നൽകിയത് എന്നാണെന്ന് വിശദമാക്കാമോ?

28-6-2012-ലെ 7036/2012/സാ.ക്ഷേ.വ. നമ്പർ സർക്കുലർ പ്രകാരം 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്കും പെൻഷന് അർഹത നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷൻ തുക എത്ര ആയിരുന്നു എന്ന് അറിയിക്കാമോ?

2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ 400 രൂപ നിരക്കിലാണ് നൽകിയിരുന്നത്.

(ഇ) 2016 ഏപ്രിലിൽ പ്രസ്തുത തുക എത്ര ആയിരുന്നു എന്ന് വിശദമാക്കാമോ?

പെൻഷൻ നിരക്ക് (രൂപ)

1. കർഷക തൊഴിലാളി പെൻഷൻ- 600

2. വാർദ്ധക്യകാല പെൻഷൻ

I) 75 വയസ്സുവരെ 600 ii) 75 വയസ്സിനു മുകളിൽ 1,500

3. വികലാംഗ പെൻഷൻ

I) 80%-ൽ താഴെ വൈകല്യമുള്ളവർ 800 ii) 80%-ഉം അതിനു മുകളിലും വൈകല്യമുള്ളവർ 1,100

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ 800

5. വിധവാ പെൻഷൻ 800

**ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട്**

198(3597) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബസ് യാത്രാനിരക്ക് വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ബസ് ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ബസ് യാത്രാനിരക്ക് വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി 25.06.2020-ൽ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.07.2020-ലെ G.O(P)No.37/2020/Trans. പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ബസ് ചാർജ് വർദ്ധനയെക്കുറിച്ച്

പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല. ബസ് ചാർജ് വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വേഗതയുടെ പരിധി നിർണ്ണയിക്കലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കലും**

199(3598) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുശാസിക്കുന്ന പ്രകാരം യാത്രാ വാഹനങ്ങളായ Two wheeler, Three wheeler, Quadricycles, Fire tenders, Ambulances, Police vehicles എന്നിവ ഒഴികെയുള്ള വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കേണ്ടതാണ്.

(ബി) ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ബൈപ്പാസ്സുകളുടെ എണ്ണം കൂടുകയും ചെയ്ത പശ്ചാത്തലത്തിൽ ഓരോ റോഡിലും അനുവദിച്ചിട്ടുള്ള വേഗതയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ബൈപ്പാസുകളുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ടെങ്കിലും വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴുണ്ടാകുന്ന ആഘാതവും അവയുടെ അനന്തരഫലവും അവമൂലം മരണം സംഭവിക്കാനുള്ള സാദ്ധ്യതകളും കണക്കിലെടുത്ത് ഓരോ റോഡിലും അനുവദിച്ചിട്ടുള്ള വേഗപരിധി വർദ്ധിപ്പിക്കാനുള്ള തീരുമാനമൊന്നും നിലവിലെടുത്തിട്ടില്ല. ഇതുസംബന്ധിച്ച പഠനങ്ങൾ ഒന്നും മോട്ടോർ വാഹന വകുപ്പ് നടത്തിയിട്ടില്ല.

(സി) ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്ത റോഡുകളിൽ സ്പീഡ് വർദ്ധിച്ചു എന്നതിന്റെ പേരിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28.02.2014-ലെ GO (P) No. 20/14/Trans വിജ്ഞാപനത്തിലൂടെ കേരളത്തിലെ റോഡുകളുടെ വേഗപരിധി നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 6.4.2018-ലെ SO 1522 (E) നമ്പറിൽ കേന്ദ്രസർക്കാർ വേഗപരിധി പുനഃനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. ഇതുകൂടി പരിശോധിച്ച്, വേഗപരിധി ഉൾപ്പെടെയുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ ചുമതലപ്പെട്ടിട്ടുള്ള വകുപ്പുകളോട് ആവശ്യപ്പെടുന്നതാണ്.

## ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

200 (3599) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സംവിധാനത്തിലെ പോരായ്മ കാരണം വാഹന രജിസ്ട്രേഷൻ പുതുക്കുന്നതിനും അപേക്ഷ നൽകുന്നതിനും വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ?

വാഹന രജിസ്ട്രേഷൻ പുതുക്കുന്നതിനും അപേക്ഷ നൽകുന്നതിനും വാഹൻ സോഫ്റ്റ്‌വെയറിൽ സംവിധാനം നിലവിലുണ്ട്. ഏതെങ്കിലും അപേക്ഷകന് ഡാറ്റയിൽ ഉണ്ടാകുന്ന പിശക് കാരണമോ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറു കാരണമോ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ അറിയിച്ച് പരിഹാര നടപടികൾ കണ്ടെത്തുന്നുണ്ട്.

(ബി) ഉടമസ്ഥാവകാശ കൈമാറ്റത്തിനും രജിസ്ട്രേഷൻ പുതുക്കലിനും ഒരുമിച്ച് അപേക്ഷ നൽകാൻ കഴിയുന്നില്ലെന്ന പരാതി പരിഹരിക്കുമോ?

വാഹൻ സോഫ്റ്റ്‌വെയറിൽ ഉടമസ്ഥാവകാശ കൈമാറ്റത്തിനും രജിസ്ട്രേഷൻ പുതുക്കലിനും ഒരുമിച്ച് അപേക്ഷ സമർപ്പിക്കുവാനുള്ള സംവിധാനം തുടക്കം മുതലേ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തായി ഈ സംവിധാനത്തിൽ ചില പ്രശ്നങ്ങൾ ഉടലെടുക്കുകയും ഈ സേവനങ്ങൾക്കായി പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം വരികയും ചെയ്തു. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടനെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ അറിയിച്ച് പരിഹാര നടപടികൾ കണ്ടെത്തുന്നുണ്ട്.

(സി) ഉടമസ്ഥാവകാശം മാറ്റാൻ ഓൺലൈനിൽ അപേക്ഷ നൽകിയാൽ ആർ.സി. ബുക്ക് ആർ.ടി. ഓഫീസിൽ എത്തിക്കണമെന്ന തീരുമാനം മാറ്റിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് മാറ്റിയിരിക്കുന്നത്; ആയതിന്റെ ഉത്തരവ് ലഭ്യമാക്കാമോ?

23-9-2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 324/2021/ഗതാഗതം പ്രകാരം യഥാർത്ഥ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഫീസുകളിൽ ഹാജരാക്കുന്നത് ഒഴിവാക്കി, ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ അതിവേഗം നൽകാൻ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി

software ഡെവലപ്പ് ചെയ്യ NIC (National Informatic Centre)-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഉത്തരവ് നടപ്പിലാകുന്നതാണ്.

(ഡി) ഒരേ ഓഫീസിൽ തന്നെ ഉടമസ്ഥാവകാശം മാറ്റാനും രജിസ്ട്രേഷൻ പുതുക്കാനും എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം ഉപഭോക്താക്കൾക്ക് പ്രയോജനകരമായ രീതിയിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുവാനും രജിസ്ട്രേഷൻ പുതുക്കുവാനും ഒരേ ഓഫീസിൽ തന്നെ അപേക്ഷ കൊടുത്ത് ചെയ്യുവാനുള്ള സംവിധാനം വാഹൻ സോഫ്റ്റ്‌വെയറിൽ നിലവിലുണ്ട്. സാങ്കേതികമായ പ്രശ്നങ്ങൾ കാരണം ഈ സംവിധാനത്തിന് ചുരുങ്ങിയ കാലയളവിൽ പ്രശ്നം നേരിട്ടുവെങ്കിലും അത് പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ഉടമസ്ഥാവകാശം മാറ്റുന്ന സന്ദർഭത്തിൽ തന്നെ പ്രസ്തുത വാഹനത്തിന്റെ മുൻ ആർ.സി. ഉടമസ്ഥനുള്ള പിഴകൂടി ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ; മുൻ ഉടമസ്ഥനുള്ള പിഴകാരണം ഉടമസ്ഥാവകാശം മാറ്റാൻ പുതിയ ഉടമസ്ഥന് കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്നത്?

ഒരു വാഹനത്തിന്റെ ഉടമസ്ഥാവകാശ മാറ്റത്തിനുള്ള അപേക്ഷ ഓഫീസിൽ ലഭിക്കുമ്പോൾ, പ്രസ്തുത വാഹനത്തിനെതിരെ നിലവിലുള്ള എല്ലാവിധ സർക്കാർ കുടിശ്ശികകളും അടച്ചുതീർത്താൽ മാത്രമേ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, വാഹനത്തിന്റെ എല്ലാവിധ കുടിശ്ശികകളും അടച്ചുതീർത്താൽ മാത്രമേ വാഹൻ സോഫ്റ്റ്‌വെയറിൽ തുടർസേവനം സാദ്ധ്യമാകുകയുള്ളൂ. ഇത്തരത്തിൽ മുൻ ഉടമസ്ഥനുള്ള പിഴ കാരണം ഉടമസ്ഥാവകാശം മാറ്റാൻ കഴിയാത്ത അവസ്ഥ സാധാരണ നിലവിലില്ല. എന്നാൽ ഓഡിറ്റ് ഒബ്ജക്ഷൻ, ചെക്ക് റിപ്പോർട്ടുകൾ എന്നിവ ഒരു ഓഫീസിൽനിന്നും മറ്റ് ഓഫീസുകളിലേയ്ക്കോ, അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ചെക്ക് റിപ്പോർട്ടുകളോ ഉടമസ്ഥാവകാശം നടന്നതിനുശേഷം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ നിലവിലെ ഉടമയ്ക്ക് നോട്ടീസ് നൽകുന്നതാണ് നിലവിലുള്ള രീതി.

(എഫ്) മോട്ടോർ വാഹന പിഴകൾ വാഹൻ സോഫ്റ്റ്‌വെയർ വഴി ഓൺലൈനായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ; കോടതിവഴിയുള്ള പിഴകളും വാഹൻ സോഫ്റ്റ്‌വെയറിലൂടെ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ?

മോട്ടോർ വാഹന പിഴകൾ വാഹൻ സോഫ്റ്റ്‌വെയർ വഴി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം നിലവിലുണ്ട്. സാധാരണ കോടതി വഴിയുള്ള പിഴകൾ അടയ്ക്കാൻ വാഹൻ സോഫ്റ്റ്‌വെയറിൽ നിലവിൽ സംവിധാനമില്ല. വാഹനിലെ ഇ-ചലാൻ മുഖാന്തരം പിടിക്കപ്പെട്ട് പിഴയീടാക്കി വെർച്ചൽ (Virtual) കോടതിയിലേയ്ക്ക് അയയ്ക്കുന്ന കേസുകളിൽ വെർച്ചൽ കോടതി പിഴയിട്ടാൽ ആയത് ഓൺലൈൻ വഴി അടക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

**പി.വി.സി. രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ**

201 (3600) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസുകൾ പി.വി.സി. രൂപത്തിൽ നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് റോസ്മെർട്ട സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13525/2019 കേസ്സിലെ ഉത്തരവ് പ്രകാരം സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവായാൽ മാത്രമേ ആധുനിക ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(ബി) നിലവിൽ ഡ്രൈവിംഗ് ലൈസൻസുകൾ നിർമ്മിച്ചുനൽകുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ;

(സി) നിലവിൽ ഒരു ലൈസൻസ് കാർഡ് നിർമ്മിക്കുന്നതിന് എത്ര രൂപയാണ് ചെലവാകുന്നത്; അറിയിക്കുമോ?

(ബി&സി) നിലവിൽ ഡ്രൈവിംഗ് ലൈസൻസുകൾ നിർമ്മിച്ച് നൽകുന്നത് സി-ഡിറ്റാണ്. സി-ഡിറ്റിൽനിന്നും സപ്ലൈ ചെയ്യുന്ന മെറ്റീരിയൽസ് ഉപയോഗിച്ച് അതത് ആർ.ടി.ഓഫീസുകളിൽനിന്നും ലൈസൻസ് കാർഡുകൾ പ്രിന്റ് ചെയ്താണ് നൽകുന്നത്. ആയതിനാൽ ഒരു ലൈസൻസ് കാർഡ് നിർമ്മിക്കുന്നതിന് ചെലവാകുന്ന കൃത്യമായ തുക നിജപ്പെടുത്തിയിട്ടില്ല.

**വാഹനങ്ങളുടെ തിരക്ക് നിയന്ത്രണം**

202 (3601) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ തിരക്ക് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

അനുദിനം രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസൃതമായി റോഡ് സൗകര്യം കുറവാണ് എന്നതാണ് വാഹന തിരക്ക് ഉയരുന്നതിനുള്ള പ്രധാന കാരണം. വാഹനങ്ങളുടെ വിൽപ്പനയിൽ ഉണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നാൽ നഗര പ്രദേശങ്ങളിൽ പൊതുഗതാഗത സൗകര്യം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിനായി നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചുവരുന്നുണ്ട്. ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളിൽനിന്നും പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടികൾക്കായി നിയോഗിക്കുന്നുണ്ട്. ട്രാഫിക് കേസ്സുകളുടെ അന്വേഷണച്ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്യുകയുമുണ്ടായി. ഇപ്രകാരം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളെ ട്രാഫിക് എൻഫോഴ്സ്മെന്റിനും ട്രാഫിക് നിയന്ത്രണത്തിനുംവേണ്ടി മാത്രമുള്ളതാക്കി മാറ്റുന്നതിലൂടെ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാനും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഗതാഗതം സുഗമമാക്കുവാനും കഴിയുന്നതാണ്. കൂടാതെ ഗതാഗതകുരുക്ക് അനുഭവപ്പെടുന്ന നഗരങ്ങളിൽ ഗതാഗത നിയന്ത്രണത്തിന് കൂടുതൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുകളെയും നിയോഗിച്ചും ട്രാഫിക് വാർഡൻമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തിയും വരുന്നു. സാധ്യമായ സ്ഥലങ്ങളിൽ റോഡുകൾ വൺവെയാക്കി മാറ്റിയും ട്രാഫിക് ഡൈവെർഷൻ ഏർപ്പെടുത്തിയും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോൾ വാഹനങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി റോഡിന്റെ ഇരുവശങ്ങളിലും പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചും Bus Bay-കളിൽത്തന്നെ ബസ് നിർത്തുന്നതിനും ആയതു ലംഘിക്കുന്നവർക്ക് എതിരെ നടപടികൾ സ്വീകരിച്ചുംവരുന്നു. നഗരങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയും വഴിയോര കച്ചവടങ്ങൾ നിയന്ത്രിച്ചും വാഹനങ്ങളുടെ സ്ഥലങ്ങൾ ക്രമീകരിച്ചും പാർക്കിംഗിന് പ്രത്യേകം ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മീഡിയകൾ വഴിയും ട്രാഫിക് ബോധവൽക്കരണ ലഘുരേഖകൾ വിതരണം ചെയ്തും നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 43 ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ഘട്ടംഘട്ടമായി അനുവദിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നഗരങ്ങളിൽ തിരക്കുള്ള സമയങ്ങളിൽ റോഡിന്റെ വശങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നതിന് മറ്റ് രാജ്യങ്ങളിലേതുപോലെ "പാർക്കിംഗ് പോളിസി" നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വാഹന പാർക്കിംഗ് സംബന്ധമായി മോട്ടോർ വാഹന വകുപ്പ് നയ രൂപീകരണം ചെയ്തിട്ടില്ല. പാർക്കിംഗ് പോളിസി സംബന്ധിച്ച വിഷയം നിലവിൽ കൈകാര്യം ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. നഗരങ്ങളിലെ പാർക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന പാർക്കിംഗ് പോളിസി തയ്യാറാക്കുന്നതിന് NATPAC-മായി ചർച്ചകൾ നടന്നുവെങ്കിലും നിലവിൽ സംസ്ഥാനത്ത് പാർക്കിംഗ് പോളിസി നിലവിലില്ല.

(സി) നഗരങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗിനായി സർക്കാർ മുൻകയ്യെടുത്ത് നടത്തുന്ന പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

സ്മാർട്ട്സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മൾട്ടി ലെവൽ പാർക്കിംഗ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചിയിലെ കച്ചേരിപ്പടിയിലെ സഹകരണ വകുപ്പ് കെട്ടിടത്തോട് ചേർന്നുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സ്ഥലത്തും കെ.ടി.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള ഷൺമുഖം റോഡിലെ ഒരു പ്ലോട്ടിലും മൾട്ടിലെവൽ കാർ പാർക്കിംഗ് നടപ്പിലാക്കാൻ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് പദ്ധതിയിട്ടിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട്സിറ്റിയുടെ ഭാഗമായി പാളയം 'എ' ബ്ലോക്കിലും തമ്പാനൂരിലും പബ്ലിക്ക് ഓഫീസിലും മൾട്ടിലെവൽ കാർ പാർക്കിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി നഗരങ്ങളിലെ വാഹന പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 74.05 കോടി രൂപയുടെ 7 മൾട്ടിലെവൽ പാർക്കിംഗ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം നഗരസഭാ അങ്കണത്തിൽ 7 നിലകളിലായി 102 കാറുകൾ പാർക്കുചെയ്യുന്നതിനുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം 5.64 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് 12 കോടി രൂപ ചെലവിൽ 6 നിലകളിലായി 210 കാറുകൾ പാർക്ക് ചെയ്യുന്നതിനും മെഡിക്കൽ കോളേജ് ക്യാമ്പസിൽ 11 കോടി രൂപ ചെലവിൽ 7 നിലകളിലായി 202 കാറുകൾ പാർക്ക് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നിലവിൽ നിർമ്മാണഘട്ടത്തിലാണ്. കൊല്ലം കോർപ്പറേഷനിൽ കൊല്ലം റെയിൽവേ സ്റ്റേഷനുസമീപം 10.91 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടിലെവൽ കാർ പാർക്കിംഗ്

സംവിധാനത്തിൽ 224 കാറുകൾ പാർക്ക് ചെയ്യുവാൻ സാധിക്കും. ഇതിനായുള്ള കരാർ നടപടികൾ പൂർത്തിയായി. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ റെയിൽവേ സ്റ്റേഷനുസമീപം ആന്ധ്രാപാർക്കിൽ 6 നിലകളിലായി 7 ബസ്, 37 മിനി ബസ്, 42 ഇരുചക്ര വാഹനങ്ങൾ, 357 കാറുകൾ എന്നിവ പാർക്കുചെയ്യുന്നതിന് 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മൾട്ടിലെവൽ പാർക്കിംഗ് പദ്ധതിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ ബാങ്ക് റോഡ്, റെയിൽവേ സ്റ്റേഷൻ പരിസരം, കളക്ടറേറ്റ് പ്രദേശങ്ങളിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി 9.5 കോടി രൂപ ചെലവിൽ 185 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള 2 മൾട്ടിലെവൽ പാർക്കിംഗ് പദ്ധതികളുടെ നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും**

203 (3602) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡ് മഹാമാരിയെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം ഗണ്യമായി കുറയുകയും ഇതുനിമിത്തം ജീവനക്കാർക്ക് പ്രതിമാസ ശമ്പളംപോലും നൽകാൻ കഴിയാത്ത അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ചെയ്തു. ഈ പ്രതിസന്ധി കാലഘട്ടത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് കെ.എസ്.ആർ.ടി.സി. നിലനിന്നുപോരുന്നത്. ടി കാലയളവ് മുതൽ നാളിതുവരെയും ശമ്പളം/ ഇടക്കാലാശ്വാസം/കോവിഡിന്റെ ആദ്യ വ്യാപന ഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാറ്റിവച്ചിരുന്ന തുക എന്നിവയുൾപ്പെടെ നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. ഈ ഇനത്തിൽ 2020 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ ആകെ 1,460.96 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടായപ്പോൾ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകി വരികയും ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന

പെൻഷൻ തുക പലിശയുൾപ്പെടെ, കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും സഹകരണ സംഘങ്ങൾക്ക് തിരികെ നൽകിവരുന്നു. ഈ ഇനത്തിൽ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ മാസം വരെ ആകെ 1,131.74 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് കെ.എസ്.ആർ.ടി.സി.-യിൽ സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച് പഠനം നടത്തിയ പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലയളവുമുള്ള കൺസോർഷ്യം വായ്പയായി വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക കുറവ് വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടായപ്പോൾ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകി വരികയും ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ, കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും സഹകരണ സംഘങ്ങൾക്ക് തിരികെ നൽകിവരുന്നു. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം കുറച്ച് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന്റെ ഭാഗമായി 2018-നുശേഷം വിരമിച്ച ജീവനക്കാർക്ക് പകരം നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. മാത്രമല്ല പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം കോവിഡിന് മുൻപ്, 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ഉന്നതതല മാനേജീരിയൽ തസ്തികകൾ രൂപീകരിച്ച് ഓപ്പൺ മാർക്കറ്റിൽനിന്നും നിയമനം നടത്തി പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പ്രൊഫഷണൽ ഭരണസമിതി രൂപീകരിച്ചു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഓപ്പറേറ്റിംഗ്/മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയവും പരിഷ്കരിച്ചു. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിന് വിവിധ പഠനങ്ങളും ഇതര നടപടികളും പുരോഗമിക്കുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ ആയത് 5.5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. ഇത്തരത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻപ്രകാരമുള്ള നടപ്പിലാക്കിയ പുനരുദ്ധാരണ പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടെ കോവിഡ് വ്യാപനം ആരംഭിക്കുന്നതും തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുത്തനെ ഇടിയുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടായത്.

**ഹരിത വാഹനങ്ങൾ**

204 (3603) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഹരിത വാഹനങ്ങൾ (ഇലക്ട്രിക്) എത്രയെന്ന് അറിയിക്കാമോ?

പരിവാഹൻ സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുപ്രകാരം 2021 ഒക്ടോബർ മാസം 16-ാം തീയതി വരെ സംസ്ഥാനത്ത് 10146 ഇലക്ട്രിക് (BOV) വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഹരിത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്തും ഹരിത ഊർജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10-3-2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ

ആവശ്യത്തിനുള്ള വാഹനങ്ങളായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ നികുതി, വിലയുടെ 5% ആയി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. സർക്കാർ ഉത്തരവ് (GO(P)No.12/2021/Trans dated 23/02/2021 in SRO No.231/2021) പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. മാത്രമല്ല പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 3,00,000 രൂപ വരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് 30,000 രൂപ സബ്സിഡിയും നൽകിവരുന്നു. ഇലക്ട്രിക് വാഹനങ്ങളെ കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated 18-10-2018 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കി. മാത്രമല്ല കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 2-8-2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ എന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. (GO(P)No.59/2020/Trans dated 05.11.2020, GO(P)No.15/2021/Trans dated 24/05/2021). കെ.എസ്.ആർ.ടി.സി. 50 ഇലക്ട്രിക് ബസ്സുകൾ കൂടി കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചതിനുശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്. ഇ-മൊബിലിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി "ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) നടത്തുന്നു. ഇ.എം.സി. നടത്തുന്ന " Go Electric" ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ്

ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ഇ.എം.സി.-യും ചേർന്നാണ് പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക്ക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന പെട്രോൾ-ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽനിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവനം ചെയ്തുവരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി. ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇവ ചാർജ് ചെയ്യാനുള്ള ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാം സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15-10-2019-ലെ G.O.(Rt) No.473/2019/Trans പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ-ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സർക്കാർ വകുപ്പുകളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ്

സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനാക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

**സ്വകാര്യ ബസ് സർവ്വീസ് മേഖലയുടെ സംരക്ഷണം**

205 (3604) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിയും ഇന്ധന ചെലവും കാരണം നിരവധി സ്വകാര്യ ബസ്സുകൾ സർവ്വീസ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരായ ജനവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത ഒഴിവാക്കുന്നതിനും ബസ് സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ സ്വകാര്യ ബസ് സർവ്വീസ് മേഖലയിലെ പ്രതിസന്ധികൾ കണക്കിലെടുത്ത് ഈ കാലയളവിലെ നികുതി ഒഴിവാക്കി കൊടുക്കുകയോ നികുതി ഒടുക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിക്കുകയോ ചെയ്ത് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മാത്രമല്ല കേന്ദ്ര സർക്കാർ ഉത്തരവ് RT-11036/35/2020-MVL dated 30-9-2021 പ്രകാരം വാഹന സംബന്ധമായ എല്ലാ രേഖകളുടെയും കാലാവധി 31-10-2021 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

**കുട്ടികൾക്കുള്ള യാത്രാ കൺസഷൻ**

206 (3605) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സ്കൂൾ തുറക്കുമ്പോൾ കുട്ടികൾക്ക് യാത്രാ കൺസഷൻ നൽകാൻ കഴിയില്ലെന്ന് സ്വകാര്യ ബസ്സുടമകൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) ഇല്ല.

**സ്വകാര്യ ബസ് മേഖലയ്ക്കായി പ്രത്യേകം പദ്ധതി**

207 (3606) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർദ്ധിച്ച ഇൻഷ്വറൻസ് തുകയും ഉയർന്ന ഇന്ധനച്ചെലവും കാരണം നിരവധി സ്വകാര്യ ബസ്സുകൾ സർവ്വീസ് നിർത്തുന്ന സാഹചര്യത്തിൽ ഈ മേഖലയ്ക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ ഗതാഗതം നിയന്ത്രിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ സ്വകാര്യ ബസ്സുകളുടെ നികുതി ഒടുക്കുന്നതിൽ ഇളവുകൾ അനുവദിച്ചിരുന്നു (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)*. സ്വകാര്യ ബസ് സർവ്വീസ് മേഖലയ്ക്കായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

**ടൂറിസ്റ്റ് ബസ്, ടാക്സി മേഖലയിലെ പ്രതിസന്ധി**

208 (3607) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്, ടാക്സി ജീവനക്കാർ ദുരിതം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ജീവനക്കാർക്ക് എന്തെങ്കിലും ഇളവുകളോ ആശ്വാസ പദ്ധതികളോ നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്, ടാക്സി തുടങ്ങിയവയുടെ നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ലോക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാത്തതുമൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കോൺട്രാക്ട് കാര്യേജുകളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ഏതാനും ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കി നൽകിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.ടി.ഡി.എഫ്.സി. മാവൂർ റോഡിൽ പണിത ടവറിന്റെ ബലക്ഷയം

209 (3608) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മാവൂർ റോഡിൽ പണിഉയർത്തിയ ടവറിന് ബലക്ഷയമുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഐ.ഐ.ടി. മദ്രാസിന്റെ വിശദവിശകലനത്തിനുശേഷമുള്ള റിപ്പോർട്ടിൽ പറയുന്നത് "നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് B1 ഫ്ലോറിലെ സ്ലാബുകളിൽ Multiple Cracks ഉള്ളതിനാലും ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സസിസും മറികടന്ന് പോയതിനാലും ബസ് ടെർമിനലിന്റെ ബസ്ബേ ഫ്ലോർ ചെന്നൈ ഐ.ഐ.ടി. മുഖാന്തരം repair and rehabilitation ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല" പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ച് ഉന്നതതലത്തിൽ ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. കെ.എസ്.ആർ.ടി.സി. നിലവിലെ ബസ് ടെർമിനൽ കോംപ്ലക്സ്, കോഴിക്കോട് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബസ്സ്റ്റാന്റ് രണ്ടാഴ്ചയ്ക്കുള്ളിൽ നഗരത്തിന്റെ മുനിസിപ്പൽ സ്റ്റാന്റിലും മറ്റും ലഭ്യമായ സ്ഥലത്തുമായി പുനഃക്രമീകരിച്ച് നിലവിലെ കെട്ടിടം ഒഴിയേണ്ടതാണ്.

2. നിലവിലെ ഡിപ്പോ പ്രവർത്തനം നിർത്തുന്ന സമയം എവിടെനിന്ന് ഡിപ്പോ പ്രവർത്തനം ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ നടത്താൻ സാധിക്കും എന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉടൻ തന്നെ യോഗം വിളിച്ചുചേർക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിർദ്ദേശം നൽകണം.

3. കെട്ടിടം ലീസ് എടുത്ത M/s. ആലിഫ് ബിൽഡേഴ്സ്, മറ്റു ലെസികൾ എന്നിവരും കെട്ടിടം ശക്തിപ്പെടുത്തുന്ന പ്രവർത്തനം നടക്കുന്ന വേളയിൽ കെട്ടിടം ഒഴിഞ്ഞുനൽകേണ്ടതാണ്.

4. ഐ.ഐ.ടി. ചെന്നൈയിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തകരാർ വിലയിരുത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി സാങ്കേതിക

വിദഗ്ധരെ ഉൾപ്പെടുത്തി ഒരു അഞ്ച് അംഗ Technical Expert Committee രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സമിതി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കോംപ്ലക്സിന്റെ നിർമ്മാണ തകരാർ ഇല്ലാതാക്കി ശക്തിപ്പെടുത്താൻ വൈദഗ്ദ്ധ്യവുമുള്ള കരാറുകാരിൽനിന്ന് ലിമിറ്റഡ് ടെണ്ടർ മുഖേന ഒരു ഏജൻസിയെ നിയമിക്കുകയും ആയതിന് കെ.ടി.ഡി.എഫ്.സി. ബോർഡിന്റെ അംഗീകാരം നേടേണ്ടതുമാണ്. ഒരു മാസത്തിനുള്ളിൽ ആവശ്യമായ ശക്തിപ്പെടുത്തലിന് ഭരണാനുമതി നൽകാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.എഫ്.സി.-യെ ചുമതലപ്പെടുത്തി.

5. സത്വരമായ ശക്തിപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ച് എത്രയുംവേഗം കെട്ടിടം ലീസ് കരാർ വച്ച M/s. ആലിഫ് ബിൽഡേഴ്സിന് വാണിജ്യ പ്രവർത്തനങ്ങൾ തുടരാൻ അനുമതി കെ.ടി.ഡി.എഫ്.സി. നൽകേണ്ടതാണ്.

6. ഐ.ഐ.ടി., ചെന്നൈ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ നിലവിൽ നടന്നു വരുന്ന വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന് നൽകാനും ഉചിത നടപടിക്ക് ശിപാർശ ചെയ്തു.

7. സ്ട്രക്ച്ചറൽ ഡിസൈൻ ദൗർലഭ്യത്തിന് കാരണക്കാരായ കരാറുകാരുടെയും ഡിസൈൻ ചെയ്ത ആർക്കിടെക്ടിന്റെയും പേരിൽ ശക്തമായ നിയമനടപടികൾ ഉടനെ ആരംഭിക്കുവാനും പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനുംവേണ്ടി വരുന്ന തുക ഇവരിൽനിന്നും ഈടാക്കാനും കെ.ടി.ഡി.എഫ്.സി.-ക്ക് നിർദ്ദേശം നൽകി.

8. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവുമൂലം സ്ട്രക്ച്ചറൽ ഡിസൈൻ ക്രമീകരിക്കുന്നതിൽ വീഴ്ച വന്നുവെങ്കിൽ അവരുടെ പേരിൽ പൂർണ്ണ അച്ചടക്ക നടപടി എടുക്കാൻ നിർദ്ദേശിച്ചു. ചെന്നൈ ഐ.ഐ.ടി. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്ബേ ഫ്ലോറും മറ്റു ടെനന്റ്സിനേയും ഒഴിപ്പിച്ച് repair and rehabilitation work ചെയ്തു ബി.ടി.സി.-യെ ബലപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ മിനിമം ചാർജ്ജ്

210 (3609) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചറിന്റെ മിനിമം ചാർജ്ജായ 14 രൂപയുടെ ടിക്കറ്റ് നൽകാതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ; ഇത് നൽകുന്നുണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ബി) മിനിമം ചാർജ്ജായ 14 രൂപയ്ക്ക് പകരം 18 രൂപ ഈടാക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇപ്രകാരം തെറ്റായി ഈടാക്കുന്നുണ്ടെങ്കിൽ അത് തിരുത്തി 14 രൂപ ടിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസ്സഞ്ചറിന്റെ മിനിമം ചാർജ്ജായ 14 രൂപയുടെ മിനിമം ചാർജ്ജിന് ഫെയർ സ്റ്റേജ് അനുസരിച്ച് ടിക്കറ്റ് നൽകി വരുന്നുണ്ട്. നിലവിൽ പരമാവധി 5 കിലോമീറ്റർ ദൂരം വരെയുള്ള യാത്രയ്ക്കാണ് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സിൽ മിനിമം നിരക്കായ 14 രൂപ ഈടാക്കി വരുന്നത്. മിനിമം നിരക്കിൽ സഞ്ചരിക്കാവുന്ന പരമാവധി ദൂരമായ 5 കിലോമീറ്ററിൽ കൂടുതൽ ദൂരം വരുമ്പോൾ ഫെയർ സ്റ്റേജിന് ആനുപാതികമായാണ് നിരക്ക് ഈടാക്കുന്നത്. 14 രൂപയുടെ ഫെയർ സ്റ്റേജിൽ 18 രൂപ നിരക്ക് ഈടാക്കാറില്ല.

## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ

211 (3610) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) പുറംകരാർ നൽകുന്നതിലൂടെ ഏതെങ്കിലും വിഭാഗത്തിലെ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(സി) പുറംകരാർ നൽകുന്നതിലൂടെ എത്രത്തോളം തുകയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലാഭിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ സംഘടനയുമായി ബന്ധപ്പെട്ട് നിയോഗിച്ച പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർവ്വീസിനായി ബസ്സുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചു. നിലവിലെ വർക്ക്ഷോപ്പിന്റെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ വർക്ക്ഷോപ്പ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മെക്കാനിക്കൽ ജീവനക്കാരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിൽ നിലവിലെ ജോബ് നോംസ് പരിശോധിച്ച് ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പഠന റിപ്പോർട്ടിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കണമെന്നതാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ഉന്നതതല മാനേജീരിയൽ തസ്തികകൾ രൂപീകരിച്ച് ഓപ്പൺ മാർക്കറ്റിൽനിന്നും നിയമനം നടത്തി പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നു. പ്രൊഫഷനൽ ഭരണസമിതി രൂപീകരിച്ചു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്ന നടപടികൾ സ്വീകരിച്ചു. ഓപ്പറേറ്റിംഗ്/മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയവും പരിഷ്കരിച്ചു. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിന് വിവിധ പഠനങ്ങളും ഇതര നടപടികളും പുരോഗമിച്ചുവരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ ആയത് 1:5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ താൽകാലികമായി നിർത്തിവച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും അതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കംകൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സും ജീവനക്കാരും തമ്മിലുള്ള അനുപാതം കുറച്ച് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന്റെ ഭാഗമായി 2018-നുശേഷം വിരമിച്ച ജീവനക്കാർക്ക് പകരം പുതിയ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. മാത്രമല്ല പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ചുവഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം കോവിഡിന് മുൻപ് പ്രതിദിനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഇത്തരത്തിൽ നേടിയ അധിക വരുമാനവും വായ്പാ തിരിച്ചടവിലെ ചെലവ് കുറച്ചുവഴി ലഭ്യമായ തുകയും ഉപയോഗിച്ച് ജീവനക്കാർക്ക് നൽകുവാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പ്രൊവിഡന്റ് ഫണ്ട് എന്നിവയുടെ ഒരു ചെറിയ ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള നടപ്പിലാക്കിയ പുനരുദ്ധാരണ പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടെ കോവിഡ് വ്യാപനം ആരംഭിക്കുന്നതും തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുത്തനെ കുറയുകയും ചെയ്യുന്ന

സ്ഥിതിവിശേഷം ഉണ്ടായത്. പ്രസ്തുത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**ബസ് യാത്രാനിരക്ക്**

212(3611) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡീസൽ വില 100 കടന്ന സാഹചര്യത്തിൽ ബസ് യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി. വനിതകൾക്കുള്ള സർവ്വീസും രാത്രികാല സർവ്വീസും**

213 (3612) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് ആദായകരമാണോ; വിശദാംശം നൽകുമോ; എല്ലാ ജില്ലകളിലും ഇത്തരം സർവ്വീസുകൾ ആരംഭിക്കുമോ?

(എ&ബി) സംസ്ഥാനത്ത് വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. നിലവിൽ സർവ്വീസ് നടത്തുന്നില്ല.

(സി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് നൽകിയിട്ടും കെ.എസ്.ആർ.ടി.സി. ഗ്രാമപ്രദേശങ്ങളിൽ രാത്രി 7 മണിക്ക് ശേഷം സർവ്വീസുകൾ നടത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രാത്രി വൈകി വീട്ടിലെത്തുന്ന തൊഴിലാളികൾക്ക് ഗുണപ്രദമാകുന്നവിധം എട്ടര മണിവരെയെങ്കിലും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) ഗ്രാമപ്രദേശങ്ങളിൽ രാത്രി 7 മണിക്കുശേഷം നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി. നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ പൊതുഗതാഗത സൗകര്യം ജനോപകാരപ്രദമായ രീതിയിൽ ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി

"ഗ്രാമവണ്ടി" എന്ന നൂതന പദ്ധതി നടപ്പിലാക്കുവാൻ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഗ്രാമീണമേഖലകളിൽ മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കാൻ കഴിയുന്നതാണ്.

**ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ ഓർഡിനറിയാക്കുവാൻ നടപടി**

214 (3613) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് മുതൽ ഫിറ്റ്നസ് ടെസ്റ്റ് നീട്ടിക്കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഏറെ പഴക്കമുള്ളതും സർക്കാർ നിശ്ചയിച്ച പ്രകാരം എഴ് വർഷം കാലാവധി കഴിഞ്ഞതുമായ എത്ര ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഏഴ് വർഷം കാലാവധി കഴിഞ്ഞ 93 ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) ജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണി ഉയർത്തുന്ന കാലാവധി കഴിഞ്ഞ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ ഓർഡിനറി ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണി ഉയർത്തുന്ന തരത്തിലുള്ള ബസ്സുകൾ സർവ്വീസിന് ഉപയോഗിക്കുന്നില്ല. കോവിഡ്-19 നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം ബസ്സുകൾ പൂർണ്ണമായും സർവ്വീസിന് ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഫാസ്റ്റ് ബസ്സുകൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 7 വർഷക്കാല പരിധി എന്നത് ഇളവ് നൽകി 9 വർഷമായി ദീർഘിപ്പിച്ച് കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 206 A ഭേദഗതി ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്.

**ബെവ്കോ ഔട്ട്ലെറ്റുകൾ**

215 (3614) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡിപ്പോകളും സ്റ്റാൻഡുകളും ഇല്ലാതെ ഒഴിഞ്ഞുകിടക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങളിൽ ബെവ്കോ ഔട്ട്ലെറ്റുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളും സ്റ്റാൻഡുകളും ഇല്ലാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബെവ്കോ ഔട്ട്ലെറ്റുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി**

216 (3615) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചിട്ടും കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതുമൂലം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന്, 2021 മാർച്ച് മാസം നടത്തിവന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിന് പോലും വരുമാനം ലഭ്യമാകാത്തതുമായ ട്രിപ്പുകളും സർവ്വീസുകളും വരുമാനലഭ്യത ഉറപ്പുവരുത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കംവരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽനിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകളും ക്രമീകരിച്ചിട്ടുണ്ട്.

(ബി) ഡ്രൈവർ-കണ്ടക്ടർ അനുപാതം ക്രമീകരിക്കുന്നതിൽ വന്ന കാലതാമസമാണ് സർവ്വീസുകൾ മുടങ്ങാൻ കാരണമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

നിശ്ചിത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാരെ 2021 ഫെബ്രുവരി മാസത്തിലെ പൊതുസ്ഥലംമാറ്റത്തിലൂടെ വിന്യസിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലംമാറ്റം സംബന്ധിച്ച് ചില ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതികൾ പരിഹരിക്കുന്ന നടപടികളാണ് സ്വീകരിച്ചുവന്നത്. ആയതിനാൽ ഡ്രൈവർ-കണ്ടക്ടർ അനുപാതം ക്രമീകരിക്കുന്നതിന്റെ ഭാഗമായി സർവ്വീസുകൾ മുടങ്ങിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടിക കോടതി ഇടപെട്ട് റദ്ദാക്കിയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബഹു.കേരള ഹൈക്കോടതി WP (C) No. 4436/2021-ലേയും അനുബന്ധ കേസുകളിലേയും പൊതു ഉത്തരവിൽ കെ.എസ്.ആർ.ടി.സി. 02/2021-ൽ പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടിക നിബന്ധനകൾക്ക് വിധേയമായി മൂന്ന് (3) മാസത്തേയ്ക്ക് നിഷ്ക്രിയമായി സൂക്ഷിക്കാൻ മാത്രമാണ് നിർദ്ദേശിച്ചത്. പ്രസ്തുത സ്ഥലംമാറ്റ പട്ടിക കോടതി ഇടപെട്ട് റദ്ദാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യിൽ 16-9-2021-ന് പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ ജീവനക്കാരിൽനിന്നും നിരവധി പരാതികൾ ലഭ്യമായി. ഇത്തരം പരാതികൾകൂടി പരിഗണിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന വീക്ഷണത്തിലാണ് 16-9-2021-ൽ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവ് കരടായി പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പൊതുജനങ്ങൾക്ക് ആവശ്യമായ രീതിയിൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽനിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും സമയക്രമം

217 (3616) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ പദ്ധതി തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) വിവരസാങ്കേതിക വിദ്യയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പദ്ധതികൾ പരിഗണനയിലുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരികയാണ്. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായി തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം

218 (3617) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നാണ്; വ്യക്തമാക്കുമോ?

1-3-2011-ലാണ് അവസാനമായി കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടത്തിയത്. ടി കരാറിന്റെ കാലാവധി 29-2-2016 വരെ അഞ്ച് വർഷകാലത്തേയ്ക്കാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) കോവിഡ് കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ ഏർപ്പെടുത്തിയ പന്ത്രണ്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടി നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2 (f), (i), (ii), (iii) 2 (K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും ഒരു ഡ്യൂട്ടിക്ക് spread over 12 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ആകയാൽ 12 മണിക്കൂർ spread over-ലെ സിംഗിൾ ഡ്യൂട്ടി തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമല്ല.

(ഡി) കോവിഡ് പ്രതിസന്ധി മാറി ബസ് ഗതാഗതം പൂർണ്ണമായി പുനഃസ്ഥാപിച്ച സാഹചര്യത്തിൽ പന്ത്രണ്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടി ഒഴിവാക്കി ഡബിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമോ; അറിയിക്കുമോ?

നിലവിലെ സാഹചര്യത്തിൽ 12 മണിക്കൂർ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കി ഡബിൾ ഡ്യൂട്ടി നടപ്പിലാക്കുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ അധിക ജീവനക്കാരുണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. ഭരണസമിതി അംഗീകരിച്ച ബസ് ജീവനക്കാർ തമ്മിലുള്ള അനുപാത പ്രകാരം പരിശോധിക്കുമ്പോൾ 1,483 കണ്ടക്ടർമാരും 2,024 ഡ്രൈവർമാരും 2,410 മെക്കാനിക് ജീവനക്കാരും അധികമാണ്.

(എഫ്) കെ.എസ്.ആർ.ടി.സി.-യിൽ പുതിയ ബസ്സുകൾ വാങ്ങാത്തതുമൂലം സർവ്വീസുകളുടെ എണ്ണം വെട്ടിച്ചുരുക്കുകയും അതുമൂലം ജീവനക്കാർ അധികമാണെന്നുമുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) കെ.എസ്.ആർ.ടി.സി. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ ഏതൊക്കെയാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

219 (3618) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ജീവനക്കാർ യാത്രക്കാരോട് മാന്യമായി പെരുമാറുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തന വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടിയെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. യാത്രക്കാരോട് മാന്യമായി പെരുമാറുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അല്ലാത്തവരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ബസ്സുകളിലും യൂണിറ്റുകളിലും വർക്ക്ഷോപ്പുകളിലും ഉൾപ്പെടെ കർശന പരിശോധന നടത്തുകയും പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ മാതൃകാപരമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോർപ്പറേഷൻ വക ഭൂമിയിൽ പെട്രോൾ പമ്പുകളും ഇതര വ്യവസായങ്ങളും തുടങ്ങുവാനും ആയതുവഴി വരുമാനവർദ്ധന ഉറപ്പുവരുത്താനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുകൾക്ക് മാത്രമായി ഡീസൽ അടിക്കുവാൻ പൊതുമേഖല എണ്ണ കമ്പനികൾ പമ്പുകൾ സ്ഥാപിച്ചിട്ടുള്ള 75 സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുവാൻ തുറന്നുകൊടുക്കുന്നതുവഴി ലഭിക്കുന്ന ഡീലർ കമ്മീഷൻ പുതിയ ഒരു ടിക്കറ്റിതര വരുമാനമാണ്. ആദ്യപടി എന്ന നിലയിൽ '8' സ്ഥലങ്ങളിൽ 15-9-2021 മുതൽ ഇത് ആരംഭിച്ചിട്ടുണ്ട്. ഈ പമ്പിലൂടെ ലൂബ്രിക്കേറ്റിംഗ് ഓയിൽ, എൽ.പി.ജി. ഗ്യാസ് സിലിണ്ടർ എന്നിവ ലഭ്യമാക്കുക വഴി പൊതുജനങ്ങൾക്ക് ആവശ്യമായ പെട്രോളിയം ഉൽപ്പനങ്ങൾ വിൽപ്പന നടത്തുവാനും ടി ലൂബ്രികേറ്റിംഗ് ഓയിൽ വാങ്ങിക്കുന്ന ടൂ വീലറുകളിൽ സൗജന്യമായി ഓയിൽ ചേയ്ഞ്ചിംഗ് നടത്തികൊടുക്കുവാനും ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇതുമുഖേന കൂടുതൽ പൊതുജനങ്ങളെ ഈ പമ്പുകളിലേയ്ക്ക് ആകർഷിക്കുവാനും കഴിയുന്നുണ്ട്. 31-12-2021-ഓടെ പുതിയ '10' യാത്രാ ഫ്യൂവൽസ് പമ്പുകൾകൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി. കെട്ടിടസമുച്ചയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങൾ എവിടെല്ലാമെന്നും ആയത് വൃത്തിയാക്കി കുറഞ്ഞ വാടകയ്ക്ക് നൽകുന്നതുവഴി വരുമാന വർദ്ധനവുണ്ടാക്കുവാനും അവിടെയുള്ള അന്യാധീനങ്ങളും ഒപ്പം മറ്റ് സാമൂഹ്യവിരുദ്ധ ശല്യങ്ങളും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പണി പൂർത്തീകരിച്ച കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചേർത്തല, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം/ടെണ്ടർ വഴി ലൈസൻസിയെ കണ്ടെത്തി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ലേലം/ടെണ്ടർ വഴി ലൈസൻസിയെ കണ്ടെത്താൻ കഴിയാത്ത കെട്ടിട സമുച്ചയങ്ങളിൽ ഒഴിവുള്ള സ്ഥലം പൊതുധാരണ വഴി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പത്തനംതിട്ട, തൊടുപുഴ, മൂവാറ്റുപുഴ, മലപ്പുറം, ഹരിപ്പാട്, പാലക്കാട് എന്നിവിടങ്ങളിലെ വാണിജ്യ സമുച്ചയങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ടിക്കറ്റിതര വരുമാന വർദ്ധനയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

220 (3619) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യം നീക്കംചെയ്യുന്ന ചുമതല ഏറ്റെടുക്കാൻ തയ്യാറാണെന്ന് കെ.എസ്.ആർ.ടി.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ കൈക്കൊണ്ട തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങളുടെ പരിപാലനം ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് നഗരകാര്യ വകുപ്പിന് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിരുന്നു. ആയതിന്മേൽ മറ്റു നടപടികളൊന്നും തന്നെ ആയിട്ടില്ല.

(ബി) ഈ വിഷയത്തിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ എതിർപ്പ് അറിയിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് എതിർപ്പിന് കാരണമായി ഉന്നയിച്ചിട്ടുള്ളത്; ജീവനക്കാരുടെ ആശങ്ക പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളെ വിശ്വാസത്തിൽ എടുത്തുമാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

(സി) ടിക്കറ്റിതര വരുമാനവർദ്ധനയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. നൽകുന്ന നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിക്കുന്നതിന് സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇത്തരം നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിക്കുന്നത്; വ്യക്തമാക്കുമോ?

നിയോഗിച്ചിട്ടില്ല. ടിക്കറ്റിതര വരുമാന വർദ്ധനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽ എസ്റ്റേറ്റ് വിഭാഗവും കൊമേഴ്സ്യൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ വാടക, വസ്തുവകകളുടെ റവന്യൂ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ എസ്റ്റേറ്റ് വിഭാഗവും പരസ്യങ്ങൾ, ടൂർ പാക്കേജുകൾ, ചരക്കുനീക്കം തുടങ്ങിയവ വഴി വരുമാനം കണ്ടെത്തുന്നതിനായി കൊമേഴ്സ്യൽ വിഭാഗവും പ്രവർത്തിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. യിലെ കമ്പ്യൂട്ടറൈസേഷൻ**

221 (3620) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിലെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

1. GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

1.1. ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾത്തന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽ നിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

1.2. പ്രീപെയ്ഡ് സ്മാർഡ് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

1.3. ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും.

2. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം-കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

3. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം - പൊതുജനങ്ങൾക്കും, യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ

ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിങ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായി തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും ലഭ്യമാകുന്ന മുറയ്ക്ക് ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

4. ഇ-ഓഫീസ്:- ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്.

5. ജി-സ്പാർക്ക്- ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോട് കൂടിയ ജി-സ്പാർക്ക് സ്റ്റോഫ്റ്റ്‌വെയർ നടപ്പിലാക്കി തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

5.1 ജീവനക്കാരുടെ പൂർണ്ണമായ വ്യക്തിഗത, സർവ്വീസ് സംബന്ധമായ വിശദാംശങ്ങൾ അറിയുവാൻ സാധിക്കും.

5.2 ജീവനക്കാരുടെ ശമ്പള ബിൽ സംബന്ധമായ പൂർണ്ണവിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാകും.

5.3 ജീവനക്കാർ നാളിതുവരെ എടുത്തിട്ടുള്ള ലീവുകൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ, ജീവനക്കാർക്ക് അവശേഷിക്കുന്ന Full pay, Half Pay Leave-കളുടെ വ്യക്തമായ വിവരങ്ങൾ എന്നിവ ലഭ്യമാകും.

5.4 PF സംബന്ധമായ വിവരങ്ങൾ അറിയാൻ സാധിക്കും.

5.5- ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വിവിധ Loan സംബന്ധമായ വിവരങ്ങൾ ലഭ്യമാകും.

5.6 e-Service book, Online വഴി ലീവ് അപേക്ഷ സമർപ്പിക്കുവാനും സാധിക്കും.

(ബി) കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദമാക്കുമോ?

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കാൻ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

**ഗ്രാമവണ്ടി സർവ്വീസ്**

222(3621) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന ഗ്രാമവണ്ടി സർവ്വീസ് നടപ്പാക്കുന്നതിന് താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതും, ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസ്സിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി. നൽകുന്ന ഇൻവോയിസ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലായെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി.എഫ്. പുതുക്കൽ/പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.ക്കായിരിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിന് 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിനുവിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

**ബസ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയ പദ്ധതി**

223(3622) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബസ് സ്റ്റേഷനുകളിലെ വ്യാപാരസമുച്ചയ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, പയ്യന്നൂർ, നെയ്യാറ്റിൻകര എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ്

കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭനടപടികളും സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും പരിഗണനയിലുണ്ട്.

**മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുമുള്ള സർവ്വീസുകൾ**

224 (3623) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് പൊതുഗതാഗതത്തിന് ഏർപ്പെടുത്തിയിരുന്ന നിബന്ധനകളിൽ ഇളവ് നല്കിയ സാഹചര്യത്തിൽ മുവാറ്റുപുഴയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിർത്തിവച്ച സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ കാരണം മൂവാറ്റുപുഴ ഡിപ്പോയിൽ നിന്നും താൽക്കാലികമായി നിർത്തിവച്ച സർവ്വീസുകളിൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും

പ്രസ്തുത ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) നിലവിൽ സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നതും യാത്രക്കാർ ഏറെയുള്ളതുമായ സൂപ്പർ ക്ലാസ്സ് സർവ്വീസുകളായ തൃശ്ശൂർ (7.05), പാലക്കാട് (7.30), കോട്ടയം സേനാപതി (10.45), തിരുവനന്തപുരം (23.00) എന്നീ സർവ്വീസുകൾക്ക് പ്രഥമ പരിഗണന നൽകി അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

സൂപ്പർ ക്ലാസ്സ് സർവ്വീസുകളായ തൃശ്ശൂർ (7.05), പാലക്കാട് (7.30), തിരുവനന്തപുരം (23.00) എന്നീ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ എൻ.എച്ച്, എം.സി. റോഡ് വഴി 15 മിനിറ്റ് ഇടവേളകളിൽ തിരുവനന്തപുരം-തൃശ്ശൂർ ഷെഡ്യൂളുകൾ 06.05.2019 മുതൽ ക്രമീകരിച്ചപ്പോൾ ഒരേ സമയത്ത് മൂവാറ്റുപുഴ വഴി ഒന്നിലധികം സർവ്വീസുകൾ കടന്നുപോകുന്ന സാഹചര്യത്തിലാണ് ടി സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ ഒഴിവാക്കപ്പെട്ടത്. എന്നാൽ കോട്ടയം സേനാപതി (10.45) സർവ്വീസ് കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് ഓടിക്കുവാൻ സാധിക്കാത്തത്. കോവിഡ് നിയന്ത്രണങ്ങളിൽ നിലവിൽ കൂടുതൽ ഇളവുകൾ സർക്കാർ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ടി സർവ്വീസ് പുനരാരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. യുടെ ഇന്ധനച്ചെലവ് കുറയ്ക്കുവാൻ നടപടി

225 (3624) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഡീസലിന് പകരം സി.എൻ.ജി., എൽ.എൻ.ജി. എന്നിവ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിലൂടെ ഇന്ധന ചെലവിനത്തിൽ എന്ത് തുക ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

18-10-2021-ലെ സി.എൻ.ജി., ഡീസൽ വില താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതെങ്കിൽ പ്രതികിലോമീറ്ററിന് ഏകദേശം 9 രൂപ 10 പൈസ ഇന്ധന ചെലവിൽ കുറവ്

വരുമെന്ന് പ്രതീക്ഷിക്കുന്നു. എൽ.എൻ.ജി.-യുടെ വില നിശ്ചയിച്ച് നൽകിയിട്ടില്ലാത്തതിനാൽ ആയതിന്റെ ചെലവ് കണക്കാക്കാൻ സാധിച്ചിട്ടില്ല.

(സി) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്കൽ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018 വർഷത്തിൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കി ഉപയോഗിച്ചുവരുന്നു. ഇതിൽ രണ്ട് ബസ്സുകൾ നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 8 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമാണ്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണം

226(3625) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.3.2016 മുതൽ പ്രാബല്യത്തിൽ വരേണ്ട ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; അറിയിക്കുമോ?

സാമ്പത്തിക പ്രതിസന്ധികാരണമാണ് കെ.എസ്.ആർ.ടി.സി.യിൽ 1-3-2016 മുതൽ പ്രാബല്യത്തിൽ വരേണ്ട ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായി ഉണ്ടായ പ്രതികൂല സാഹചര്യങ്ങളാൽ കൂടുതൽ പ്രതിസന്ധിയിലായ കോർപ്പറേഷനിൽ, ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി. റൂട്ടുകൾ നിർണ്ണയിക്കുന്നത് ജീവനക്കാരുടെ അഭിപ്രായം തേടിയാണോ; ദൈനംദിന പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ അഭിപ്രായങ്ങൾ തേടാറുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ആവശ്യമായ സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ പരിശോധിച്ചാണ് റൂട്ടുകൾ നിർണ്ണയിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങളിൽ യൂണിറ്റ് തലത്തിൽ ജീവനക്കാരുടെ അഭിപ്രായങ്ങൾ തേടാറുണ്ട്.

(സി) ഗതാഗതക്കുരുക്ക് കൂടി പരിഗണിച്ചിട്ടാണോ പുതിയ സർവ്വീസ് തുടങ്ങുന്നതിനുമുൻപുള്ള റണ്ണിംഗ് ടൈം തീരുമാനിക്കുന്നത്?

അതെ. റോഡുകളുടെ പ്രത്യേകത, സർവ്വീസുകളുടെ ഇനം തുടങ്ങി നിരവധി ഘടകങ്ങൾ റണ്ണിംഗ്ടൈം നിശ്ചയിക്കുന്നതിന് പരിഗണിക്കാറുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. വാഹനം ഓടിക്കുമ്പോൾ ഉണ്ടാകുന്ന ക്യാമറ ഫൈൻ, അപകടം ഉണ്ടാകുമ്പോൾ സ്വന്തമായി കേസ് നടത്തുന്നത് തുടങ്ങിയ കാര്യങ്ങളിൽ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. നേരിട്ട് നിയമ സംരക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ?

സർവ്വീസ് നടത്തുന്നതിനിടയിലുണ്ടാകുന്ന അപകടംമൂലമുണ്ടാകുന്ന MACT കേസുകളിൽ കോർപ്പറേഷൻ നേരിട്ട് കേസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്കെതിരെ നഷ്ടപരിഹാരമായി വിധിക്കുന്ന തുക കെ.എസ്.ആർ.ടി.സി. നൽകുന്നുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിൽ ജോലി നിർവ്വഹിക്കുന്നതിനിടയിൽ ഉണ്ടാകുന്ന സംഭവങ്ങൾ കാരണം കേസുകളിൽ പ്രതിസ്ഥാനത്ത് ഹാജരാകേണ്ടിവരുന്ന സ്ഥിരം ജീവനക്കാർക്ക് ലീഗൽ എക്സ്പെൻസ്, റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി 2,000 രൂപ അനുവദിക്കുന്നുണ്ട്. പ്രസ്തുത കേസ്സുകളിൽ കുറ്റാരോപിതരായ ജീവനക്കാരെ വെറുതെ വിടുന്നപക്ഷം അവർ യഥാർത്ഥത്തിൽ കോടതിയിൽ ഹാജരായ ദിവസങ്ങൾക്ക് [പരമാവധി 20 (ഇരുപത്) ദിവസം] പ്രത്യേക അവധി (Special Leave) അനുവദിക്കും. എന്നാൽ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന നിയമലംഘനത്തിന് കോർപ്പറേഷന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല. ജീവനക്കാരുടേതായ വീഴ്ചകൊണ്ട് പ്രതിപട്ടികയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നിയമസഹായം ലഭിക്കുന്നതല്ല. എന്നാൽ അത്തരം പ്രതിപ്പട്ടികയിൽപ്പെടുന്ന ജീവനക്കാർക്ക് കോർപ്പറേഷന്റെ സ്റ്റാന്റിംഗ് കൗൺസിലുമായി കേസ് വിശകലനം ചെയ്യുന്നതിനോ ആവശ്യമായ നിയമോപദേശം തേടുന്നതിനോ തടസ്സമില്ല.

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ബസ് സ്റ്റേഷനുകളിൽ വൃത്തിയുള്ള വിശ്രമമുറികൾ ഒരുക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കായി toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**വിരമിച്ച ജീവനക്കാർക്കുള്ള പെൻഷനും ആനുകൂല്യങ്ങളും**

227 (3626) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ നിന്നും നാളിതുവരെ വിരമിച്ച ജീവനക്കാർക്ക് ലഭിക്കേണ്ട പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുതീർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ ഇത് സമയബന്ധിതമായി കൊടുത്തുതീർക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെവരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കംകൂടാതെ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായുള്ള പുതുക്കിയ കരാർ അനുസരിച്ച് 2022 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തുന്നതിനുള്ള സമ്മതപത്രം ഒപ്പുവച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ, മേയ് മാസങ്ങളിലായി മൊത്തം 673 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. ഇവരിൽ ഓരോ ജീവനക്കാരനും ലഭിക്കുവാനുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും പൂർണ്ണമായി നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഓരോ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ പെൻഷൻ പദ്ധതിയിൽ ചേർന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർ**

228 (3627) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എന്ന്മുതലാണ് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്; ഇതുസംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെയും കെ.എസ്.ആർ.ടി.സി.-യുടെ നടപടിക്രമത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

7-1-2013-ലെ സ.ഉ. (അച്ചടി) നം. 20/2013/ധന. ഉത്തരവ് പ്രകാരം 1-4-2013 മുതലാണ് കെ.എസ്.ആർ.ടി.സി.-യിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഉത്തരവിന്റേയും നടപടിക്രമത്തിന്റേയും പകർപ്പ് അനുബന്ധം -I ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാളിതുവരെ കെ.എസ്.ആർ.ടി.സി.-യിലെ എത്ര ജീവനക്കാർ എൻ.പി.എസിൽ ചേർന്നിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ 9056 ജീവനക്കാർ എൻ.പി.എസ്-ൽ ഉൾപ്പെട്ടവരാണ്. അതിൽ 8195 ജീവനക്കാർക്ക് എൻ.പി.എസ്. രജിസ്ട്രേഷൻ നമ്പർ (PRAN) ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 861 ജീവനക്കാരുടെ online PRAN Generation നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) എൻ.പി.എസ്.-ൽ ചേർന്നവർക്കുള്ള കെ.എസ്.ആർ.ടി.സി.-യുടെ വിഹിതം കൃത്യമായി അടയ്ക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ?

2013 ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് നിലവിൽവന്ന പങ്കാളിത്ത പെൻഷൻ പദ്ധതി, കെ.എസ്.ആർ.ടി.സി.-യിലും ടി ദിവസം മുതൽ തന്നെ നടപ്പിലാക്കിയെങ്കിലും 2014 ആഗസ്റ്റ് മാസം മുതലാണ് ജീവനക്കാരിൽ നിന്നും എൻ.പി.എസ്. തവണകൾ ഈടാക്കി തുടങ്ങിയത്. കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയും കെ.എസ്.ആർ.ടി.സി. വിഹിതവും ചേർത്ത് ഒടുക്കേണ്ട തുക യഥാസമയം എൻ.പി.എസ്. അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) സംസ്ഥാന സർക്കാർ നല്കുന്ന സാമ്പത്തിക സഹായത്തിൽ നിന്നും എൻ.പി.എസ്. വിഹിതം അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

24.11.2018-ലെ സ.ഉ. (സാധാ) നമ്പർ 521/2018/ഗതാഗതം ഉത്തരവ് പ്രകാരം 27,68,01,086.00 രൂപ എൻ.പി.എസ്. കുടിശ്ശിക ഒടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം -II ആയി ചേർക്കുന്നു.*

(ഇ) എൻ.പി.എസ്.-ൽ ചേർന്ന ജീവനക്കാർക്ക് സ്കീം സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യിലെ അധികജീവനക്കാരെ ഒഴിവാക്കാൻ നടപടി**

229 (3628) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് അധികജീവനക്കാരെ ഒഴിവാക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.-യുടെ പരിഗണനയിൽ ഉണ്ടെങ്കിൽ ഇതിനായി ഏതെല്ലാം മാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26,000-ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1,500 രൂപ ഇടക്കാലാശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ആഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധനയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3,300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമെ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. കോർപ്പറേഷന്റെ 404-ാമത് ബോർഡ് ഓഫ് ഡയറക്ടർ യോഗ തീരുമാനപ്രകാരം 5250 ബസ്സുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസ്സുകൾക്ക് പരമാവധി 20,468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവ സേവനത്തിലുള്ള 7,500-ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം തരണംചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

(ബി) ജീവനക്കാരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഒഴിവാക്കാനാവശ്യപ്പെടുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

വരുമാനത്തിൽനിന്നും ശമ്പളവും പെൻഷനും അനുവദിക്കുന്നതിനുള്ള തുക കണ്ടെത്താൻ കഴിയാത്തതിനാലും ശമ്പളം അനുവദിക്കുന്നതിനുള്ള തുക സർക്കാരിൽ നിന്നും പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിലാണ് lay-off അടക്കമുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(സി) ഒഴിവാക്കാനോ പുനർവിന്യസിക്കാനോ കഴിയുന്നില്ലെങ്കിൽ സർക്കാർ ആലോചിക്കുന്ന മറ്റു മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. യിലെ പരിഷ്കരണ നടപടികൾ

230 (3629) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരെ വിശ്വാസത്തിലെടുത്തും സ്ഥലമാറ്റങ്ങളിൽ ഉൾപ്പെടെ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലും കെ.എസ്.ആർ.ടി.സി.-യിൽ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ സുപ്രധാന നടപടികൾ സ്വീകരിക്കുന്നത് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് വ്യക്തമായ ധാരണയോടുകൂടിയാണ്. സ്ഥലംമാറ്റ ഉത്തരവിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് നിയമാനുസൃതവും അനുകമ്പാർഹതലത്തിലും അനുവദിക്കുവാൻ കഴിയുന്ന ഇളവുകൾ നല്കികൊണ്ടാണ് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ വരുമാനവർദ്ധന പദ്ധതികൾ നടപ്പാക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിലെ കൈവശമുള്ള സ്ഥലങ്ങളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട്

231 (3630) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തണമെന്ന് ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. ഭരണപരവും സാമ്പത്തികപരവും സാങ്കേതികപരവുമായ ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ ശ്രീമതി ആർ. ഇന്ദുവിനെ അടിയന്തരമായ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതും അനന്തര നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ശ്രീമതി ആർ. ഇന്ദു, ചീഫ് എഞ്ചിനീയർ എന്ന നിലയിൽ നടപ്പിലാക്കി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തരം അന്വേഷണം നടത്തേണ്ടതാണ്.

3. കെ.എസ്.ആർ.ടി.സി. എറണാകുളം ഡിപ്പോയിലെ (കാരിക്കാമുറി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും 12-ബേ ഗ്യാരേജിന്റെയും നിർമ്മാണത്തിലെ അപാകതകൾമൂലം സർക്കാരിനുണ്ടായ 1,39,53,244 രൂപയുടെ നഷ്ടം മേൽ വിജിലൻസ് അന്വേഷണത്തിന്റെ കൂടി അടിസ്ഥാനത്തിൽ ശ്രീമതി ആർ.ഇന്ദുവിൽനിന്നും ഈടാക്കുന്നതിനുവേണ്ട നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

4. സാങ്കേതിക അനുമതി നൽകുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, CTE-യിലെ ടെക്നിക്കൽ എക്സാമിനർ എന്നിവരടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## മാവേലിക്കര ഡിപ്പോയിൽ പൂർണ്ണതോതിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

232 (3631) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസ്സഞ്ചർ, ഓർഡിനറി ബസ് സർവ്വീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര ഡിപ്പോയിൽ നിലവിൽ 3 സൂപ്പർഫാസ്റ്റും 7 ഫാസ്റ്റ് പാസ്സഞ്ചറും 16 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ ആകെ 26 സർവ്വീസുകളാണ് ഉള്ളത്.

(ബി) പ്രസ്തുത ഡിപ്പോയിൽ മുൻപ് നാൽപ്പത്തി രണ്ട് ബസ് സർവ്വീസുകൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസുകൾ വെട്ടിക്കുറയ്ക്കുകയും ബസ്സുകൾ മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഡിപ്പോയിൽ പൂർണ്ണതോതിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) മാവേലിക്കര ഡിപ്പോയിൽ 42 ബസ്സ് സർവ്വീസുകൾ കോവിഡ് കാലത്തിന് മുമ്പുണ്ടായിരുന്നു. കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാർ കുറയുകയും കടുത്ത സാമ്പത്തികനഷ്ടം ഉണ്ടാവുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ സർവ്വീസുകൾ നഷ്ടം കുറച്ച് ജനോപകാരപ്രദമായി പുനഃക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും വരുമാനം ലഭിക്കുന്ന രീതിയിലും ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. നിലവിൽ മാവേലിക്കര ഡിപ്പോയിൽനിന്നും 13 ബസ്സുകൾ റിസർവ് പൂളിലേയ്ക്കും മറ്റ് ഡിപ്പോകൾക്കുമായി നൽകിയിട്ടുണ്ട്.

## കോവിഡ് പ്രോട്ടോകോൾ ലംഘിക്കുവാൻ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥനെതിരെ നടപടി

233 (3632) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കോവിഡ് പ്രോട്ടോകോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ചുകൊണ്ട് ബസ് സർവ്വീസ് നടത്തണമെന്ന് കെ.എസ്.ആർ.ടി.സി. നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ടായിരുന്നു.

(ബി) നിർദ്ദേശം കൃത്യമായി പാലിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നോ; ബസ്സിനുള്ളിൽ സാമൂഹ്യ അകലം എപ്രകാരം പാലിക്കണമെന്നാണ് നിർദ്ദേശമുണ്ടായിരുന്നത്; സർക്കാരിന്റെ പ്രോട്ടോകോൾ പ്രകാരമുള്ള നിർദ്ദേശമല്ലായിരുന്നെങ്കിൽ സാമൂഹ്യ അകലം പാലിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബസ്സിനുള്ളിൽ സാമൂഹ്യ അകലം പാലിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമുണ്ടെങ്കിൽ ആയത് ലംഘിക്കുന്നതിന് ഡ്യൂട്ടിക്കിടയിൽ കണ്ടക്ടറുടെ വേ ബില്ലിൽ രേഖപ്പെടുത്തി നൽകിയ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനെതിരെ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ: എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സർക്കാർ തീരുമാനം പരസ്യമായി ലംഘിക്കാൻ ജീവനക്കാരോട് രേഖാമൂലം ആവശ്യപ്പെട്ടത് വകുപ്പുമേധാവിയെ കോർപ്പറേഷൻ രേഖാമൂലം അറിയിച്ചിരുന്നോ; ഇക്കാര്യത്തിൽ കോർപ്പറേഷൻ സ്വീകരിച്ച തുടർനടപടികൾ തീയതി സഹിതം അറിയിക്കുമോ;

(ഇ) സർക്കാർ തീരുമാനത്തിനെതിരെ പ്രവർത്തിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പ് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

(ബി-ഇ) കോവിഡ് വ്യാപനംമൂലം ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുഗതാഗതം അനുവദിച്ചുകൊണ്ട് പൊതുവായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കണമെന്നുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.-യും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യ ഘട്ടങ്ങളിൽ ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്രക്കാരെ നിർത്തി യാത്ര അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽനിന്നും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം -I ആയി ചേർക്കുന്നു.* സംസ്ഥാനത്ത് പൊതുവെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിവരുന്നത്. എന്നാൽ നിയന്ത്രണങ്ങളിൽ അയവുവരുന്ന ഘട്ടത്തിലും ചില അവശ്യ ഘട്ടങ്ങളിലും സ്ത്രീകൾ, വൃദ്ധർ, രോഗികൾ എന്നിവർക്കും രാത്രി അവസാന ട്രിപ്പുകളിലും ഉൾഗ്രാമങ്ങളിലേയ്ക്ക് പോകുന്ന ചുരുക്കം ഒറ്റപ്പെട്ട സർവ്വീസുകളിലും ചില സ്ഥലങ്ങളിലേയ്ക്കുള്ള അവസാന സർവ്വീസുകൾ, മാനുഷിക പരിഗണനയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരം പ്രത്യേക പരിഗണന അർഹിക്കുന്നവരെ ബസ്സിനുള്ളിൽ കഴിവതും സാമൂഹിക അകലം പാലിച്ച് കൊണ്ടുപോകേണ്ടതായിവരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിയും ബോദ്ധ്യപ്പെട്ടുമാണ് മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാർക്ക് നിർദ്ദേശം സാധാരണഗതിയിൽ എഴുതി നൽകുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല.

(എഫ്) സർക്കാർ തീരുമാനങ്ങൾ പരസ്യമായി ലംഘിക്കാൻ തയ്യാറായ ഉദ്യോഗസ്ഥന്റെ വിവരം ഗതാഗത വകുപ്പ് പൊതുഭരണ വകുപ്പിന് കൈമാറിയിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ജി) ഇതുമായി ബന്ധപ്പെട്ടല്ലാതെ നെയ്യാറ്റിൻകര ഡിപ്പോയിലെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ 2021-ൽ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ?

(എഫ്&ജി) പൊതുവെ സംസ്ഥാനത്ത് നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ച് കെ.എസ്.ആർ.ടി.സി.-യുടെ നിർദ്ദേശങ്ങൾ പാലിച്ചാണ് സർവ്വീസുകൾ നടത്തിവരുന്നത്. നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥനെതിരെ 2021-ൽ വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ബസ് സർവ്വീസ് വിവരം ഓൺലൈനായി അറിയുന്നതിനുള്ള സംവിധാനം**

234 (3633) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് റദ്ദ് ചെയ്യുന്ന ദിവസങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പ്രസ്തുത വിവരം ഓൺലൈനായി അറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ബസ്സുകൾ ഡിപ്പോയിൽനിന്നും സർവ്വീസ് ആരംഭിക്കുന്ന വിവരം കൂടെ ഓൺലൈനായി അറിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് റദ്ദ് ചെയ്യുന്ന ദിവസങ്ങളിൽ യാത്രക്കാർക്ക് പ്രസ്തുത വിവരം ഓൺലൈനായി അറിയുന്ന സംവിധാനം പരിഗണനയിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം- പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം

നൽകുന്നതിനായി പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം:- (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായി തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അവ ലഭ്യമാകുന്ന മുറയ്ക്ക് ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

**ബോണ്ട് സർവീസുകൾ**

235 (3634) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണ്ട് സർവീസുകൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കുമ്പോൾ ഗ്രാമീണ മേഖലകളിലേയ്ക്കുള്ള സർവ്വീസുകൾ മുടങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോണ്ട് സർവ്വീസുകൾക്ക് പ്രത്യേകം ബസ്സുകളാണ് അനുവദിക്കുന്നത്.

(ബി) സ്കൂളുകൾക്കായി പ്രത്യേക ബസ്സുകൾ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ദീർഘദൂര സർവ്വീസുകൾ ഉൾപ്പെടെ തടസ്സമില്ലാതെ നടത്തുന്നതിന് പൂർണ്ണസജ്ജമായ ബസ്സുകൾ ഉണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകൾ നിലവിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കംവരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല പൂൾ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ പൂൾ സംവിധാനത്തിൽ നിന്നും ബസ് ഉറപ്പുവരുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ യാത്രാ സൗകര്യത്തിനായി പുതിയ സംവിധാനം

236 (3635) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ യാത്രാ സൗകര്യം ഒരുക്കുന്നതിനായി ഏതെങ്കിലും പുതിയ സംവിധാനം രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പുതിയ സംവിധാനം ഏതെങ്കിലും ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

1. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി. നൽകുന്ന ഇൻവോയിസ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/ സി.എഫ്. പുതുക്കൽ/പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.യ്ക്കായിരിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിനു 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിന് വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്. ഒരു ജില്ലയിലും ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചിട്ടില്ല.

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കാനുള്ള നടപടി**

237(3636) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന് മുൻപ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര ബസ് സർവ്വീസുകളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കോവിഡിന് മുൻപ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 92 ബസ് സർവ്വീസുകളാണ് നടത്തിയിട്ടുള്ളത്.

(ബി) നിലവിൽ ഈ ഡിപ്പോയിൽ നിന്ന് എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ ഈ ഡിപ്പോയിൽ നിന്ന് 60 സർവ്വീസുകൾ നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ മറ്റ് ഡിപ്പോകളിൽനിന്നും കോവിഡിന് മുൻപുള്ള ബസ് സർവ്വീസ് പുനഃസ്ഥാപിച്ചപ്പോൾ കാസർഗോഡ് ഡിപ്പോയിലെ മാത്രം പുനഃസ്ഥാപിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

2021 മാർച്ച് മാസത്തിൽ കോവിഡ് മൂലമുള്ള നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കോർപ്പറേഷന്റെ എല്ലാ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. എന്നാൽ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് കർണ്ണാടക സർക്കാരിന്റെ തടസ്സമുള്ളതിനാൽ മംഗലാപുരം അടക്കമുള്ള സ്ഥലങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിന്

കഴിഞ്ഞിട്ടില്ല. എന്നാൽ ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും പ്രസ്തുത പുനഃക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് നല്ല വരുമാനം ഉണ്ടാക്കിതരുന്ന കാസർഗോഡ്-കണ്ണൂർ റ്റി.റ്റി. സർവ്വീസ്, മംഗലാപുരം-കാസർഗോഡ് റൂട്ട്, കാസർഗോഡ്-സുള്ള്യ, കാസർഗോഡ്-പുത്തൂർ എന്നീ സർവ്വീസുകൾ പ്രസ്തുത ഡിപ്പോയിൽ നിന്നും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ്-കണ്ണൂർ റൂട്ടിൽ കോവിഡ് വ്യാപനത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ ടൗൺ ടു ടൗൺ സർവ്വീസുകളും നിലവിലും കാസർഗോഡ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം കർണ്ണാടക സർക്കാർ മംഗലാപുരം, പുത്തൂർ, സുള്ള്യ തുടങ്ങിയ മേഖലകളിൽ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് കാസർഗോഡ്- മംഗലാപുരം, കാസർഗോഡ്-സുള്ള്യ, കാസർഗോഡ്-പുത്തൂർ എന്നീ സർവ്വീസുകൾ കോർപ്പറേഷൻ നിർത്തിവച്ചിരിക്കുന്നത്. കർണ്ണാടക സർക്കാരിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസുകൾ പുനഃരാരംഭിക്കുന്നതാണ്.

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ ബലക്ഷയം**

238(3637) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി.-യുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ദ്ധൻ കണ്ടെത്തിയിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത് ഇപ്രകാരമാണ്. “ നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് B1 ഫ്ലോറിലെ സ്ലാബുകളിൽ Multiple Cracks ഉള്ളതിനാലും ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സിസും മറികടന്നു പോയതിനാലും ബസ് ടെർമിനലിന്റെ ബസ് ബേ ഫ്ലോർ, ചെന്നൈ ഐ.ഐ.ടി. മുഖാന്തരം repair and rehabilitation ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല". മേൽ പറഞ്ഞ ഐ.ഐ.ടി. ചെന്നൈയുടെ റിപ്പോർട്ട് 2046 പേജുകൾ അടങ്ങിയതാണ്. അതിന്റെ ശിപാർശകൾ ഉൾക്കൊള്ളുന്ന പ്രസക്ത ഭാഗം ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യപ്രകാരം അനുബന്ധമായി ചേർക്കുന്നു.*

**നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബസ് സർവീസുകൾ**

239(3638) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള എത്ര ബസ് സർവ്വീസുകളാണ് നിർത്തലാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ബസ് സർവ്വീസുകൾ നിർത്തലാക്കിയ റൂട്ടുകളും സമയക്രമങ്ങളും വിശദമാക്കാമോ?

കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള താഴെപ്പറയുന്ന 9 ബസ് സർവ്വീസുകളാണ് നിർത്തിവച്ചിട്ടുള്ളത്. 1) 11.00 ബാംഗ്ലൂർ 2) 06.55 തിരുനെല്ലി 3) 20.40 പാലങ്കര 4) 21.00 എരുമമുണ്ട 5) 07.30 ഗുഡല്ലൂർ 6) 07.00 ഗുഡല്ലൂർ 7) 03.40 പത്തനംതിട്ട 8) 06.55 മുരുകൻചിറ 9) 21.00 റ്റി.കെ. കോളനി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചശേഷം പ്രസ്തുത ഡിപ്പോയിൽനിന്നും നിർത്തലാക്കിയ ഏതെങ്കിലും ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചശേഷം നിലമ്പൂർ ഡിപ്പോയിൽനിന്നും നിർത്തിവച്ചിട്ടുള്ളതുമായ മൂന്ന് ബസ് സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. 1) 13.30 മരുത 2) 06.45 തിരുവമ്പാടി 3) 05.20 ഗിരിജൻ കോളനി.

(സി) നിലമ്പൂർ ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഇവയിൽ അന്തർ സംസ്ഥാന റൂട്ടുകളുണ്ടോയെന്നും അറിയിക്കാമോ; പ്രസ്തുത ഡിപ്പോ വഴി തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കാനാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നിലമ്പൂർ ഡിപ്പോയിൽനിന്നും നിലവിൽ 28 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇവയിൽ അന്തർസംസ്ഥാന റൂട്ടുകൾ ഉൾപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കുവാൻ സാധിക്കാത്തത്.

(ഡി) പ്രസ്തുത ഡിപ്പോയിൽനിന്നും വൈകിട്ട് 5.40-നുശേഷം കോഴിക്കോട് ഭാഗത്തേയ്ക്ക് നേരിട്ടുള്ള ബസ് സർവ്വീസുകൾ ഉണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ രാത്രി 9 മണിക്ക് കോഴിക്കോട് എത്തുന്ന തരത്തിൽ ഈ ഡിപ്പോയിൽനിന്നും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലമ്പൂർ ഡിപ്പോയിൽനിന്നും വൈകിട്ട് 5.40-നുശേഷം കോഴിക്കോട് ഭാഗത്തേയ്ക്ക് നേരിട്ടുള്ള ബസ് സർവ്വീസുകൾ നിലവിലില്ല. രാത്രി 9 മണിക്ക് കോഴിക്കോട് എത്തുന്ന തരത്തിൽ നിലമ്പൂർ ഡിപ്പോയിൽനിന്നും യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നിലവിലെ പ്രത്യേക സാഹചര്യത്തിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

**തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനലിലെ കടമുറികൾ**

240 (3639) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനലിൽ നിലവിലുള്ള കടമുറികൾ, ലേലത്തിൽ പോയവ, ശേഷിക്കുന്നവ എന്നിവ എത്രയെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. സംയുക്ത സംരംഭമായി ബി.ഒ.റ്റി. വ്യവസ്ഥയിൽ പണികഴിപ്പിച്ച തമ്പാനൂർ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ വാടകയ്ക്ക് നൽകുവാനുള്ള സ്ഥലം 98825 ചതുരശ്ര അടി ആണ്. അതിൽ 85756 ചതുരശ്ര അടി സ്ഥലം വാടകയ്ക്ക് ടെൻഡർ വഴി അനുവദിച്ചിട്ടുള്ളതും ശേഷിക്കുന്നത് 13069 ചതുരശ്ര അടിയുമാണ്. ബി.ഒ.ടി. വ്യവസ്ഥയിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് കെ.റ്റി.ഡി.എഫ്.സി.-യാണ്.

(ബി) ലേലത്തിൽ പോകാത്ത കടമുറികൾ പിന്നാക്ക വിഭാഗത്തിലുള്ള വ്യക്തികൾ/സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി വാടകയ്ക്ക് കൊടുക്കുവാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണോ; വിശദമാക്കാമോ;

(സി) കടമുറികളുടെ ലേല തുകയിൽ ഇളവ് വരുത്തി പിന്നാക്ക വിഭാഗങ്ങൾ/സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിൽ പിന്നാക്ക വിഭാഗത്തിലുള്ളവർക്ക് മുൻഗണന നല്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) കെ.റ്റി.ഡി.എഫ്.സി. ഒരു Grant-In-Aid സ്ഥാപനമല്ല. പൊതുജനങ്ങളിൽനിന്നും പലിശയ്ക്ക് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിച്ചിട്ടുള്ളത്. സമയബന്ധിതമായി നിക്ഷേപങ്ങളും പലിശയും തിരികെ നൽകേണ്ട ബാധ്യത കെ.റ്റി.ഡി.എഫ്.സി.-ക്കുള്ളതിനാൽ ഒരു വിഭാഗത്തിനും മുൻഗണന നൽകാറില്ല. ഇ-ടെണ്ടറിൽ മത്സരാധിഷ്ഠിതമായി ഏറ്റവും ഉയർന്ന വാടക രേഖപ്പെടുത്തുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കാണ് സ്പേയ്സുകൾ വാടകയ്ക്ക് അനുവദിക്കുന്നത്. ആയതിനാൽ ആർക്കും വാടകയിൽ യാതൊരുവിധ ഇളവും നൽകാൻ കഴിയില്ല.

(ഇ) കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിലെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ വാടകയ്ക്ക് സ്പേയ്സ് അനുവദിക്കുന്നത് ഇ-ടെണ്ടറിൽ കെ.റ്റി.ഡി.എഫ്.സി. നിശ്ചയിച്ചിരിക്കുന്ന വാടകയ്ക്ക് മുകളിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കാണ്. കൂടാതെ വാടകയുടെ ഇരട്ടി തുക പലിശരഹിത നിക്ഷേപമായി കെ.റ്റി.ഡി.എഫ്.സി.-യിൽ ഒടുക്കേണ്ടതാണ്. കൂടാതെ എല്ലാ മൂന്ന് വർഷം കൂടുമ്പോഴും വാടകയിൽ 15% വർദ്ധനവ് വരുത്തുന്നതാണ്. തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ സർക്കാർ

സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ രണ്ടാം നില മുതൽ പത്താം നില വരെ ചതുരശ്ര അടിക്ക് 30 രൂപയും വാടകയിൽ 10% വർദ്ധനവുമാണ് കണക്കാക്കുന്നത്.

**അരൂർ മണ്ഡലത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ**

241(3640) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം അരൂർ നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡുമൂലം അരൂർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സർവ്വീസുകൾ ഭാഗികമായി നിർത്തിവച്ചിട്ടുണ്ട്. ചേർത്തല 1) 04.35 അരുകുറ്റി വഴി ഹൈക്കോർട്ട് ജംഗ്ഷൻ 2) 04.50 എം.എൽ.എ. റോഡ് വഴി തോപ്പുംപടി 3) 06.00 എം.എൽ.എ. റോഡ് വഴി തോപ്പുംപടി 4) 05.45 അരുക്കുറ്റി വഴി ആലുവ 5) 06.35 വളമംഗലം വഴി തോപ്പുംപടി 6) 07.50 വളമംഗലം വഴി എരമല്ലൂർ 7) 05.25 കുമ്പളങ്ങി വഴി ഹൈക്കോർട്ട് ജംഗ്ഷൻ എറണാകുളം.

1. 06.00 ചേർത്തല

2. 05.30 ചേർത്തല

3. 07.20 ചേർത്തല

4. 06.50 കുമ്പളങ്ങി

5. 06.10 തവണക്കടവ്

6. 04.30 ചേർത്തല

7. 06.30 വണ്ടാനം

8. 05.40 കാട്ടൂർ.

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ പുനഃക്രമീകരിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ

ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവുമില്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ, ആവശ്യമായി വന്നാൽ പരിശോധിച്ച് 'ഗ്രാമവണ്ടി' പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

## കെ.എസ്.ആർ.ടി.സി. എടത്വ ഡിപ്പോ നവീകരണം

242(3641) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എടത്വ ഡിപ്പോ നവീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഡിപ്പോ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും ദീർഘദൂര സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ നഷ്ടം സഹിച്ച് സർവ്വീസുകൾ നടത്തുവാൻ കോർപ്പറേഷന്റെ നിലവിലെ

സാമ്പത്തിക സ്ഥിതിയിൽ സാധിക്കുകയില്ല. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ദീർഘദൂര സർവ്വീസുകൾ പരിഗണിക്കുന്നതാണ്.

**തൊട്ടിൽപാലം, കോഴിക്കോട് ഡിപ്പോകളിലെ ബസ് സർവ്വീസുകൾ**

243 (3642) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊട്ടിൽപാലം ഡിപ്പോയിൽനിന്നും ഇപ്പോൾ എത്ര ഷെഡ്യൂൾ ആണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. തൊട്ടിൽപാലം ഡിപ്പോയിൽനിന്നും നിലവിൽ 30 ഷെഡ്യൂളുകൾ ആണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) കോഴിക്കോട് ഡിപ്പോയിൽനിന്നും കുറ്റ്യാടി ഭാഗത്തേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ഡിപ്പോയിൽനിന്നും കുറ്റ്യാടി ഭാഗത്തേയ്ക്ക് നിലവിൽ കെ.എസ്.ആർ. ടി.സി. ബസ് സർവ്വീസ് നടത്തുന്നില്ല.

(സി) കോവിഡ് മഹാമാരിയുടെ സന്ദർഭത്തിൽ പ്രസ്തുത ഡിപ്പോകളിലെ എത്ര റൂട്ടുകളാണ് നിർത്തലാക്കിയതെന്ന് അറിയിക്കാമോ?

കോവിഡ് മഹാമാരിയുടെ സന്ദർഭത്തിൽ തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നുള്ള 14 റൂട്ടുകളും കോഴിക്കോട് ഡിപ്പോയിൽ നിന്നുള്ള രണ്ട് റൂട്ടുകളുമാണ് നിർത്തലാക്കിയിട്ടുള്ളത്.

(ഡി) സ്കൂളുകളും കോളേജുകളും തുറക്കുന്ന സാഹചര്യത്തിൽ കോഴിക്കോട്-കുറ്റ്യാടി റൂട്ടിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക സ്ഥിതിയിൽ വിദ്യാർത്ഥികൾക്കായി അധിക സർവ്വീസുകൾ നഷ്ടം സഹിച്ച് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നാൽ സ്കൂളുകളും കോളേജുകളും തുറക്കുന്ന സാഹചര്യത്തിൽ കോഴിക്കോട്-കുറ്റ്യാടി റൂട്ടിൽ സ്കൂൾ അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്റ്റുഡന്റ്സ് ബോണ്ട് സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണമേഖലകളിലെ യാത്രാക്ലേശം

244(3643) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് പാർക്കിംഗ് എന്ന പേരിൽ പാറശ്ശാല മണ്ഡലത്തിൽ വിവിധയിടങ്ങളിലായി ഒതുക്കിയിട്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഇതിൽ ഉപയോഗിക്കാൻ കഴിയുന്നവ എത്ര, ഫിറ്റ്നസ് നഷ്ടപ്പെട്ടവ എത്ര എന്നിവ ഇനം തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത ബസ്സുകളിൽനിന്നും പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണമേഖലകളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വെള്ളറട, പാറശ്ശാല ഡിപ്പോകളിലേയ്ക്ക് 10 ഓർഡിനറി ബസ്സുകൾ വീതം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ-ഡി) പാറശ്ശാല മണ്ഡലത്തിൽ 237 ബസ്സുകൾ റിസർവ് പൂളിൽ ഉൾപ്പെടുത്തി പാർക്ക് ചെയ്തിട്ടുണ്ട്. അതിൽ 215 ഓർഡിനറി ബസ്സുകളും 22 ജൻറം റിയർ എഞ്ചിൻ ലോ ഫ്ലോർ ബസ്സുകളും ഉൾപ്പെടുന്നു. ഇതിൽ ചില അവശ്യ സ്പെയറുകൾ ലഭ്യമാക്കിയാൽ ഉപയോഗിക്കാൻ കഴിയുന്ന 75 ഓർഡിനറി ബസ്സുകളുണ്ട്. 2020-ൽ ഫിറ്റ്നസ് തീർന്ന 29 ബസ്സുകളും 2021-ൽ ഫിറ്റ്നസ് തീർന്ന 151 ബസ്സുകളും ഇതിൽ ഉൾപ്പെടുന്നു. ഇവയെല്ലാം തന്നെ ഓർഡിനറി വിഭാഗത്തിൽപ്പെട്ടവയാണ്. കേന്ദ്ര സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഫിറ്റ്നസിന്റെ കാലപരിധി 2021 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ ടി ബസ്സുകൾക്ക് നിലവിൽ സർവ്വീസ് നടത്തുന്നതിന് ഫിറ്റ്നസ് ഉണ്ട്. ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുകപോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും പ്രസ്തുത പുനഃക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് 'ഗ്രാമവണ്ടി' പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്.

## തിരൂരിൽനിന്നും ദീർഘദൂര സർവ്വീസുകൾ

245(3644) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ യാത്രാ സൗകര്യമില്ലാത്ത റൂട്ടുകളിൽ പുതിയ ബസ്സുകൾ അനുവദിക്കുന്നതുൾപ്പെടെ പുതുതായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകളിൽ യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ബസ്സുകളും ട്രിപ്പുകളും അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ.-മാർ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും നിലവിലെ ജനോപകാരപ്രദമല്ലാത്ത ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ഇത്തരം റൂട്ടുകളിൽ അടക്കം സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിർദ്ദിഷ്ട ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം പ്രദേശങ്ങളിൽ സർവ്വീസുകൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ മുഖാന്തരം പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലാണ്.

(ബി) നിലവിൽ തെക്കൻ ജില്ലകളിലേയ്ക്ക് തിരൂരിൽ നിന്ന് നേരിട്ട് ദീർഘദൂര ബസ്സ് സർവ്വീസ് ഇല്ലാത്തതിനാൽ ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനോ ദീർഘദൂര സർവ്വീസുകൾ തിരൂർ വഴിയാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ?

തെക്കൻ ജില്ലകളിലേയ്ക്ക് തിരൂർ വഴിയുള്ള ദീർഘദൂര ബസ് സർവ്വീസ്സുകൾ കോവിഡ് പശ്ചാത്തലത്തിൽ നിർത്തി വച്ചിരുന്നവയടക്കം പുനരാരംഭിച്ചിട്ടുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകളോ ട്രിപ്പുകളോ തിരൂർ വഴി ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ആരംഭിക്കുന്നതിനായി നിലവിലെ

ജനോപകാരപ്രദമല്ലാത്ത ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ഇത്തരം റൂട്ടുകളിലടക്കം സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കോഴിക്കോട് ബസ് ടെർമിനൽ നടത്തിപ്പ്

246(3645) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബസ് ടെർമിനൽ നടത്തിപ്പ് സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കമ്പനി ഏതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കമ്പനിയുമായി കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാരിന്റെ 19-2-2021-ലെ G.O. (Ms) No.8/2021/TRANS പ്രകാരം കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് 30 വർഷത്തേയ്ക്ക് M/s. അലിഫ് ബിൽഡേഴ്സ്, ഡോർ നമ്പർ ടി.പി. 9/543 ടി, കീരാൻ തോടിക കെട്ടിടം, യു.സി ജംഗ്ഷൻ, തിരുവമ്പാടി, കോഴിക്കോട് - 673603 എന്ന സ്ഥാപനത്തിന് ലീസ് കരാർ പ്രകാരം വാടകയ്ക്ക് കൊടുക്കുവാൻ തീരുമാനിച്ചു. പ്രസ്തുത കമ്പനി കെ.റ്റി.ഡി.എഫ്.സി.-യും കെ.എസ്.ആർ.ടി.സി.-യുമായി ത്രികക്ഷി വാടകക്കരാർ 26-8-2021-ൽ സബ് രജിസ്ട്രാർ, കോഴിക്കോട് മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന റിപ്പോർട്ട് പുറത്തുവന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ കമ്പനി ടെർമിനൽ ഏറ്റെടുക്കുന്നതിന് പുതിയ നിബന്ധനകൾ വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലീസ് കരാറുകാർ കെട്ടിടം പരിശോധിച്ച് തിരുത്തൽ നടപടിക്കുള്ള ഐ.ഐ.ടി. പഠനം നടക്കുന്ന വിവരം മനസ്സിലാക്കി തന്നെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാറുകാർ പുതിയ നിബന്ധനകളൊന്നും വച്ചിട്ടില്ല.

## നാദാപുരം മണ്ഡലത്തിലെ വളയം-കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

247(3646) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ വളയം-കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്ത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നാദാപുരം നിയോജകമണ്ഡലത്തിലെ വളയം-കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതുസംബന്ധിച്ച് നാദാപുരം എം.എൽ.എ. നൽകിയ കത്തിലെ ആവശ്യം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത റൂട്ടിൽ കോവിഡ് വ്യാപനത്തെ തുടർന്നല്ല ബസ് സർവ്വീസ് നിർത്തലാക്കിയിട്ടുള്ളതെന്നും 2016 ഡിസംബർ മാസം മുതൽ വരുമാനക്കുറവുമൂലമാണ് ടി റൂട്ടിലേയ്ക്കുള്ള ബസ് സർവ്വീസ് നിർത്തലാക്കിയിട്ടുള്ളതെന്നും വ്യക്തമായിട്ടുണ്ട്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുകപോലും കിട്ടാത്ത സർവ്വീസുകൾ തുടർന്നും നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായി ഇത്തരം സർവ്വീസുകൾ നിർദ്ദിഷ്ട ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾ പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം**

248 (3647) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ് സ്റ്റാൻഡിൽ കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി ജനസൗഹൃദമാക്കുമോ;

(സി) ബസ് സ്റ്റാൻഡിന്റെ നവീകരണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കും; വിശദമാക്കാമോ?

(എ-സി) കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ആധുനിക രീതിയിൽ നവീകരിക്കുന്ന പ്രവൃത്തിക്കായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ Project Management Consultant ആയ M/s. SILK Ltd. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ബസ് സ്റ്റാൻഡ് ആധുനിക രീതിയിൽ നവീകരിക്കുമ്പോൾ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ M/s. SILK വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചശേഷം ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മാനന്തവാടി ഡിപ്പോയിലെ ഷെഡ്യൂളുകൾ

249 (3648) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്?

മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ 61 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) കഴിഞ്ഞ വർഷത്തെ ഏതെങ്കിലും ഷെഡ്യൂൾ നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ബി&സി) കോവിഡ് വ്യാപനത്തെത്തുടർന്നുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ചില സർവ്വീസുകൾ നഷ്ടം കാരണം നിർത്തിവച്ചിട്ടുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് പ്രഖ്യാപിച്ചപ്പോൾ ജനോപകാരപ്രദമായതും വരുമാനം ലഭിക്കുന്നതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(ഡി) നിലവിൽ എല്ലാ ഷെഡ്യൂളുകളും സർവ്വീസ് നടത്തുന്നില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ പൂർണ്ണമായും നിലവിൽ വരുന്നതോടെ യാത്രക്കാർ വർദ്ധിക്കുന്നത് അനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്.

## എറണാകുളം ഡിപ്പോയിലെ ഗ്യാരേജിന്റെ അടിത്തറ നിർമ്മാണത്തിലെ അപാകത

250 (3649) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എറണാകുളം ഡിപ്പോയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗ്യാരേജിന്റെയും അടിത്തറ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയിട്ടും കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ടി.സി. ക്രമവിരുദ്ധമായി ശിപാർശ ചെയ്തതുമൂലമാണ് തുക അനുവദിക്കുന്നതിന് ഇടയായത്.

(ബി) ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

എറണാകുളം ഡിപ്പോ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിലെ നിർമ്മാണപ്രവൃത്തികളിലെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ ശ്രീമതി ആർ. ഇന്ദുവിനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ

251(3650) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത റൂട്ടുകളിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനായി, നിർത്തലാക്കിയ സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. ഇവ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാർ വർദ്ധിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും സാമ്പത്തിക നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ കൂടുതൽ ജനോപകാരപ്രദമായും സാമ്പത്തിക ലാഭത്തിലും ക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക

സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

## കോഴിക്കോട് ജില്ലയിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

252 (3651) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം കോഴിക്കോട് ജില്ലയിൽ നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ കാരണം കോഴിക്കോട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലായി 34 സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം സർവ്വീസുകളിൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ആരംഭിച്ചിട്ടുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുകപോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് അനുവദിക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്.

(ബി) ജില്ലയിലെ മലയോര മേഖലകളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളിലെ ചില സമയത്തുള്ള ട്രിപ്പുകൾ യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദാക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിലെ മലയോര മേഖലകളിൽ നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി. നിരവധി സർവ്വീസുകൾ നിലവിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. യാതൊരു മുന്നറിയിപ്പും ഇല്ലാതെ സർവ്വീസുകൾ ക്യാൻസൽ ചെയ്യുന്ന പ്രവണത ഒഴിവാക്കുവാൻ ജില്ലാ പൂൾ സമ്പ്രദായം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവായി വരുന്നുണ്ട്.

(സി) ജില്ലയിലെ എല്ലാ വിഭാഗം യാത്രക്കാരും ഒരു പോലെ ആശ്രയിച്ചിരുന്ന രാവിലെ ആറ് മണിക്കുള്ള ബാലുശ്ശേരി-കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ, രാവിലെ നാലേമുക്കാലിനുള്ള ബാലുശ്ശേരി-കോഴിക്കോട് റെയിൽവേ സ്റ്റേഷൻ, രാത്രി പതിനൊന്നിനുള്ള കോഴിക്കോട് റെയിൽവേ സ്റ്റേഷൻ-ബാലുശ്ശേരി എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനോപകരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്. ഇവ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യകത അനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുവേണ്ട സാദ്ധ്യതാപഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## വെള്ളിക്കുളങ്ങര, പാലപ്പിള്ളി, കാലടി പ്ലാന്റേഷൻ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

253 (3652) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ ഒഴിവാക്കിയ വെള്ളിക്കുളങ്ങര, പാലപ്പിള്ളി, കാലടി പ്ലാന്റേഷൻ തുടങ്ങിയ മലയോര പ്രദേശങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

മലയോര മേഖലകളിൽ നിലവിലും നഷ്ടംസഹിച്ച് കെ.എസ്.ആർ.ടി.സി. നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുകപോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും പ്രസ്തുത പുന:ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ അത് പരിഗണിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്.

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ ബലക്ഷയം**

254 (3653) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി. പഠനത്തിൽ കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഐ.ഐ.ടി. ചെന്നൈയിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തകരാർ വിലയിരുത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു അഞ്ചംഗ Technical Expert Committee രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ബി.റ്റി.സി.-യിൽ ചെയ്യുന്ന തിരുത്തൽ/ശക്തിപ്പെടുത്തൽ നടപടി തീരുന്നതുവരെ ബസ് ഓപ്പറേഷൻ ബി.റ്റി.സി. ബിൽഡിംഗിൽനിന്നും മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**മാവൂർ റോഡിൽ കെ.എസ്.ആർ.ടി.സി. യുടെ സ്ഥലത്ത് പണിതീർത്ത കെട്ടിടം**

255 (3654) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിൽ കെ.എസ്.ആർ.ടി.സി. യുടെ സ്ഥലത്ത് രണ്ടു ടവറുകളിലെ 14 നിലകളിലായി 3,28,460 ചതുരശ്ര അടി കെട്ടിടം പണിതീർത്തത് കോർപ്പറേഷന്റെ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കുമോ?

1-1-2015-ലെ G.O.(MS) No. 01/2015/LSGD നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) നിയമലംഘനങ്ങൾക്കെതിരെ പിഴ നല്കണമെന്ന് ആവശ്യപ്പെട്ട് കോർപ്പറേഷൻ നോട്ടീസ് നൽകിയിരുന്നോ; എങ്കിൽ പിഴയായി ആവശ്യപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

12,82,19,877 രൂപ പിഴയായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1-1-2015-ലെ GO (Ms) No. 01/2015/LSGD. പ്രകാരം മേൽ തുക ഒഴിവാക്കിയിട്ടുണ്ട്.

**ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പുരോഗതി**

256 (3655) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നത് M/s. INKEL എന്ന സ്ഥാപനമാണ്. KSRTC ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തിക്കായി ടെസ്റ്റ് പൈലിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴയിലെ ഗ്യാരേജ് മാറ്റി സ്ഥാപിക്കുന്നതിനായി കലവൂരിൽ Temporary Garage-ന്റെ നിർമ്മാണപ്രവൃത്തികളിൽ Forting, Coloumn Pedestal, Washing bay forting എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Back filling work 90 ശതമാനം പൂർത്തീകരിച്ചു. Fabrication work പുരോഗമിച്ചുവരികയാണ്.

(ബി) ഗതാഗത വകുപ്പുമന്ത്രി നേരിട്ട് സ്ഥലം സന്ദർശിച്ച് യോഗം ചേർന്ന് എടുത്ത തീരുമാനങ്ങൾ അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം സംബന്ധിച്ച് യോഗത്തിൽ ഉയർന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. പദ്ധതി പ്രദേശത്തുനിന്നും മരം മുറിക്കുന്നതിനുള്ള അനുമതി സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റിൽനിന്നും വാങ്ങുകയും മരം മുറിച്ച് മാറ്റുകയും ചെയ്തിട്ടുണ്ട്. പുറത്തേയ്ക്കുള്ള റോഡ് നിർമ്മാണത്തിനായി മതിൽ പൊളിച്ച് റോഡ് നിർമ്മിച്ച് 2021 സെപ്തംബർ ഒന്നാം തീയതി തുറന്നുകൊടുത്തിട്ടുണ്ട്. ഒന്നാമത്തെ ഷെഡ് പൊളിക്കുന്നതിന് ടെണ്ടർ ചെയ്ത് ഷെഡ് പൊളിക്കുവാൻ ആരംഭിച്ച.

ആദ്യഘട്ട നിർമ്മാണപ്രവൃത്തികൾക്കായി സ്ഥലം M/s. INKEL കമ്പനിക്ക് കൈമാറിയിട്ടുണ്ട്. Test Piling നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് ലേല നടപടികൾ നടത്തുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ 2, 3 ഷെഡ്ഡുകൾ പൊളിച്ച് മാറ്റുന്നതിന് MSTC മുഖേന ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ മൊബൈൽ ടവർ മാറ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി ബന്ധപ്പെട്ട കമ്പനിയെ അറിയിച്ചിട്ടുണ്ട്. എം.പി.എൽ.എ.ഡി. കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള അനുമതിക്കായി ബഹു. ജില്ലാ കളക്ടർക്കും പ്ലാനിംഗ് ഓഫീസർക്കും 1-9-2021-ൽ അപേക്ഷ നൽകിയിട്ടുണ്ട്.

(ഡി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കലവൂരിലെ താൽക്കാലിക ഗ്യാരേജിന്റെ നിർമ്മാണം നവംബർ ആദ്യവാരം തന്നെ പൂർത്തീകരിച്ച് ഗ്യാരേജ് പ്രവർത്തനവും ബസ് ഓപ്പറേഷനും അവിടേയ്ക്ക് മാറ്റി ആലപ്പുഴയിലെ ബാക്കി പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി ബസ് ടെർമിനൽ നിർമ്മാണം ത്വരിതപ്പെടുത്തുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി**

257 (3656) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ പറളി, പത്തിരിപ്പാല, കോങ്ങാട് എന്നീ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പാലക്കാട് ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിനായി ഈ റൂട്ടിൽ പുതിയ ബസ് സർവ്വീസ് ആരംഭിക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ പറളി, പത്തിരിപ്പാല, കോങ്ങാട് എന്നീ പ്രദേശങ്ങൾ വഴി കെ.എസ്.ആർ.ടി.സി. പട്ടാമ്പി-പാലക്കാട് സർവ്വീസുകളും കോങ്ങാട് പ്രദേശം വഴി ചെർപ്പുളശ്ശേരി-പാലക്കാട് സർവ്വീസും നടത്തിവരുന്നുണ്ട്. പാലക്കാട് ഡിപ്പോയ്ക്ക് പുറമേ മലപ്പുറം, പെരിന്തൽമണ്ണ, ഗുരുവായൂർ, പൊന്നാനി, കോഴിക്കോട് ഡിപ്പോകളിൽനിന്നും കോങ്ങാട് മണ്ഡലത്തിലെ പ്രധാന പ്രദേശങ്ങളിൽക്കൂടി ജില്ലാ ആശുപത്രിയുമായി ബന്ധപ്പെടുത്തി സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിൽനിന്നും ജില്ലാ ആശുപത്രിയിലേയ്ക്കുള്ള റൂട്ടിൽ യാത്രാക്ലേശം കൂടാതെ സർവ്വീസ് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. എന്നാൽ പാലക്കാട് -തൃശ്ശൂർ റൂട്ടിലാണ്

പുതിയ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. തൃശ്ശൂർ-പാലക്കാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി. എല്ലാ സമയത്തും സർവ്വീസുകൾ നടത്തിവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യവും കെ.എസ്.ആർ.ടി.സി.-യുടെ വരുമാന ലഭ്യതയും കണക്കിലെടുത്ത് പറളി, പത്തിരിപ്പാല, കോങ്ങോട് എന്നീ പ്രദേശങ്ങളിൽ നിന്ന് ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് നേരിട്ട് സർവ്വീസ് നടത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിഗണിക്കുന്നതാണ്. ടി പ്രദേശങ്ങളിൽ നിന്ന് നേരിട്ട് മെഡിക്കൽ കോളേജിലേയ്ക്ക് സർവ്വീസുകൾ യാത്രക്കാരുടെ ആവശ്യകതയും വരുമാന ലഭ്യതയും ഉറപ്പുവരുത്തി ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്. പാലക്കാട് ടൗണിൽ ആകെയുള്ള 4 ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായും മുനിസിപ്പൽ സ്റ്റാന്റ് ഉപയോഗ യോഗ്യമല്ലാത്തതിനാലും പൂർണ്ണമായി അടച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്രാ സൗകര്യവും ടൗണിലെ തിരക്കും പരിഗണിച്ച് നടപ്പിലാക്കിയ നിലവിലെ ട്രാഫിക് ക്രമീകരണമനുസരിച്ച് പറളി, പത്തിരിപ്പാല ഭാഗത്തുനിന്നും വരുന്ന ബസ്സുകൾ ടൗൺ സ്റ്റാന്റിലേയ്ക്കും കോങ്ങാട് ഭാഗത്തുനിന്നും വരുന്ന ബസ്സുകൾ സ്റ്റേഡിയം സ്റ്റാന്റിലേയ്ക്കുമാണ് വരുന്നത്. മേൽപ്പറഞ്ഞ റൂട്ടിൽ സർവ്വീസ് നടത്താൻ ആഗ്രഹിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മീറ്റിംഗിൽ നിയമാനുസരണം പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

### നിരത്തുകളുടെ സുരക്ഷിതത്വം

258(3657) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ച് വാഹന പരിശോധനയുടെ പിഴ അടയ്ക്കുവാൻ ഏതൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

വാഹന പരിശോധനയുടെ പിഴ മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.mvd.kerala.gov.in-ൽ fine remittance, camera surveillance എന്ന ലിങ്ക് വഴി ഒടുക്കാൻ സാധിക്കുന്നതാണ്. e-chalan പദ്ധതി പ്രകാരം പിടിക്കപ്പെടുന്ന കേസ്സുകളുടെ പിഴ, e-chalan.parivahan.gov.in എന്ന

ലിങ്ക് മുഖാന്തരം അടയ്ക്കാൻ സാധിക്കും. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ കാര്യാലയങ്ങളിലും നേരിട്ട് പിഴ ഒടുക്കി രസീത് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ ഉടമ ആവശ്യപ്പെടുന്ന പ്രകാരം പാസ്‌വേർഡും ഐഡിയും ഉടമയ്ക്ക് നൽകുകയും അതുവഴി parivahan.gov.in എന്ന വെബ്സൈറ്റിലെ online payment എന്ന ലിങ്ക് വഴിയോ പിഴ അടയ്ക്കാവുന്നതാണ്.

(ബി) സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകരിച്ച സേഫ് കേരള എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം വിശദമാക്കുമോ?

2019 മാർച്ച് മാസം മുതൽ ശബരിമല തീർത്ഥാടനകാലത്ത് അപകടരഹിത സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വിജയിച്ച ' ശബരിമല സേഫ് സോൺ' മാതൃകയിലാണ് കേരളത്തിൽ ' സേഫ് കേരള' പദ്ധതി നടപ്പിലാക്കിയത്. ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 24 x 7 രീതിയിൽ 85 സ്ക്വാഡുകൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. ഇതിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 99 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥരാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന നോഡൽ ഓഫീസർ ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡുകളിലെ അപകടസാദ്ധ്യത വിലയിരുത്തി പോലീസ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ ഭരണസ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് അവ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുക, റോഡപകട വേളയിൽ ഇരയാകുന്നവർക്ക് സ്പോട്ടിലെത്തി വേണ്ട രക്ഷാ-ചികിത്സാ സഹായം എത്തിക്കുക തുടങ്ങി വിവിധതരം പ്രവർത്തനങ്ങൾ സേഫ് കേരള സ്ക്വാഡുകൾ നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകളുടെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി 2020-ൽ ഏതാണ്ട് 32% അപകടങ്ങളുടെ എണ്ണത്തിലും 33% അപകടമരണങ്ങളിലും കുറവ് വന്നിട്ടുണ്ട്. കൂടാതെ പ്രളയം, കോവിഡ്-19 മഹാമാരി തുടങ്ങിയ ദുരന്തവേളകളിൽ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി) സേഫ് കേരള പദ്ധതി നിലവിൽ വന്നതു മുതൽ കുറ്റക്കാരായവരിൽ നിന്നും എത്ര കേസ്സുകളിലായി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

സേഫ് കേരള പദ്ധതി നടപ്പിലാക്കിയ മാർച്ച് 2019 മുതൽ സെപ്റ്റംബർ 2021 വരെ ആകെ 826519 കേസ്സുകളിലായി 718,790,408 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**സേഫ് കേരള പദ്ധതി**

259 (3658) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

2019 മാർച്ച് മാസം മുതൽ ശബരിമല തീർത്ഥാടനകാലത്ത് അപകടരഹിത സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വിജയിച്ച 'ശബരിമല സേഫ് സോൺ' മാതൃകയിൽ ആണ് കേരളത്തിൽ 'സേഫ് കേരള' പദ്ധതി നടപ്പിലാക്കിയത്. ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 24 X 7 രീതിയിൽ 85 സ്ക്വാഡുകൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. ഇതിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 99 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥരാണ് പ്രവർത്തിച്ചുവരുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഓഫീസറായി നേതൃത്വം നൽകുന്നത് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ബോധവൽക്കരണം റോഡുകളിലെ അപകട സാധ്യത വിലയിരുത്തി പോലീസ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ ഭരണസ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുമായി സഹകരിച്ച് അവ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ കൈകൊള്ളുക, റോഡപകട വേളയിൽ ഇരയാകുന്നവർക്ക് സ്പോട്ടിലെത്തി വേണ്ട രക്ഷാ-ചികിത്സാ സഹായം എത്തിക്കുക തുടങ്ങി വിവിധതരം പ്രവർത്തനങ്ങൾ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത സ്ക്വാഡുകളുടെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി 2020-ൽ അപകടങ്ങളുടെ എണ്ണത്തിൽ 32%-ഉം അപകടമരണങ്ങളിൽ 33%-ഉം കുറവുവന്നിട്ടുണ്ട്. കൂടാതെ പ്രളയം, കോവിഡ്-19 മഹാമാരി തുടങ്ങിയ ദുരന്ത വേളകളിൽ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ജി.പി.എസ്. അധിഷ്ഠിതമായ വാഹനനിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനത്തിൽ ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും 17 ആർ.ടി. ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. 'സുരക്ഷ മിത്ര' എന്ന സോഫ്റ്റ്‌വെയർ, സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുകയും ടി സോഫ്റ്റ്‌വെയറിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണ നിർമ്മാതാക്കളെയും ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഇങ്ങനെ ഉൾപ്പെടുത്തപ്പെട്ട നിർമ്മാതാക്കളുടെ ഉപകരണങ്ങളാണ് Public Service Vehicles വിഭാഗത്തിൽപ്പെടുന്ന വാഹന ഉടമകൾ അവരുടെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതും ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിലൂടെ നിരീക്ഷിക്കപ്പെടുകയും ചെയ്യുന്നത്.

**അടച്ചുപൂട്ടിയ സ്വകാര്യ ബാങ്കുകളിലെ വാഹന വായ്പകൾ**

260 (3659) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ സ്വകാര്യ ബാങ്കുകളിലെ വാഹനവായ്പകൾ തീർപ്പാക്കാൻ കഴിയാത്തതിനാൽ വാഹനങ്ങളുടെ ആർ.സി. ബുക്ക് ലഭിക്കുന്നില്ലെന്ന പരാതികൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിലുള്ള വാഹനങ്ങളുടെ ആർ.സി.ബുക്ക് ലഭ്യമാകാൻ സ്വീകരിക്കേണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) അടച്ചുപൂട്ടിയ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാഹന വായ്പകൾ അടച്ചുതീർത്ത വാഹന ഉടമകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 4-12-2015-ലെ സി.1/22837/റ്റി.സി./2015 നമ്പർ കത്ത് (പകർപ്പ് അനുബന്ധം -I ആയി ഉള്ളടക്കം ചെയ്യുന്നു*) ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ലോൺ മുഴുവനായി അടച്ചുതീർത്ത വിവരം സൂചിപ്പിച്ചുകൊണ്ടും നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് റദ്ദാക്കി ആർ.സി. തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വാഹന ഉടമ ഫിനാൻസിയർക്ക് രജിസ്റ്റേർഡ് തപാലിൽ കത്ത് അയയ്ക്കേണ്ടതാണ്. മേൽവിലാസക്കാരൻ കൈപ്പറ്റാതെ പ്രസ്തുത കത്ത് തിരിച്ചുവരുന്ന പക്ഷം ടി കത്ത് സഹിതം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ വാഹന ഉടമ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് പ്രകാരമുള്ള ലോൺ മുഴുവൻ അടച്ചുതീർന്നു എന്നും ഇതുസംബന്ധമായി പിൽക്കാലത്ത് എന്തെങ്കിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാദ്ധ്യത ഉള്ളതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയതിന്മേൽ പൂർണ്ണമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊള്ളാമെന്നും വാഹന ഉടമ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കി പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാൻ സാധിക്കും. കൂടാതെ 7-2-2018-ലെ 04/2018 നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു*) പ്രകാരം ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഫൈനാൻസിയറുടെ കൺഫർമേഷനായി കാത്തുനിൽക്കാതെ ഉടനടി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**സാരഥി പോർട്ടലിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

261 (3660) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാരഥി പോർട്ടൽ വഴി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന അപേക്ഷകൾ കൃത്യസമയത്ത് തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ കീഴിലുള്ളതാണ് സാരഥി പോർട്ടൽ. ഇതുവഴി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ കാലതാമസം വരികയാണെങ്കിൽ സി.എം.എസ്. പോർട്ടൽ വഴി അതത് ഓഫീസുകളിൽനിന്നും പരാതി രജിസ്റ്റർ ചെയ്യാവുന്നതും കൂടാതെ അപേക്ഷകന് നേരിട്ടും (file your grievance) പരാതി സമർപ്പിക്കാവുന്നതാണ്.

(സി) പ്രസ്തുത പോർട്ടൽ വഴി കൃത്രിമം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാരഥി പോർട്ടൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക് സെന്റർ ആണ്. MoRTH-ന്റെ നിയന്ത്രണത്തിൽ രാജ്യമൊട്ടാകെ നടപ്പിൽ വരുത്തിയ ഈ സംവിധാനം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. പ്രസ്തുത സോഫ്റ്റ്‌വെയർ വഴിയുള്ള ഏതെങ്കിലും തരത്തിലുള്ള കൃത്രിമം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആവശ്യമായ നടപടികൾ എൻ.ഐ.സി.-യെ അറിയിക്കുന്നതും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏകീകൃത വാഹന രജിസ്ട്രേഷൻ

262 (3661) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരത് സീരീസ് എന്ന പേരിൽ കേന്ദ്ര ഗതാഗത മന്ത്രാലയം ആരംഭിച്ച ഏകീകൃത വാഹന രജിസ്ട്രേഷൻ സംവിധാനം കേരളത്തിൽ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലയിലെയും കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെയും ജീവനക്കാർക്ക് മാത്രമാണ് ഏകീകൃത ' BH' സീരീസ് രജിസ്ട്രേഷൻ ബാധകമായിട്ടുള്ളത്. വാഹനവിലയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ 8% മുതൽ 12% വരെയാണ് ഇത്തരം വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത്. കേരളത്തിൽ ഇത് 9% മുതൽ 21% വരെയാണ്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന നിരക്ക് കേരളത്തിൽ നിലവിലിരിക്കുന്ന വാഹന നികുതി നിരക്കിനെക്കാൾ കുറവായതിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിശദാംശം

263 (3662) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് ആകെ എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

2021 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് 15436881 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾ: 1714675, നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ: 13722206.

(ബി) എത്ര ഇരുചക്രവാഹനങ്ങളും മുച്ചക്രവാഹനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

2021 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് 10061660 ഇരുചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നോൺ ട്രാൻസ്പോർട്ട്: 10053391, ട്രാൻസ്പോർട്ട്: 8269.

2021 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് 1009045 മുച്ചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രാൻസ്പോർട്ട് : 890749, നോൺ ട്രാൻസ്പോർട്ട് : 118296.

(സി) പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾ റീ-രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കുന്ന പുതുക്കിയ രജിസ്ട്രേഷൻ ഫീസ് എത്രയാണെന്ന് അറിയിക്കാമോ?

4-10-2021-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 714(E) പ്രകാരം ഭേദഗതി വരുത്തിയ കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 അനുസരിച്ച് പുതുക്കിയ ഫീസ് നിരക്ക് 2022 ഏപ്രിൽ 1 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. അതനുസരിച്ച് പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾ റീ-രജിസ്റ്റർ ചെയ്യുമ്പോൾ ഒടുക്കേണ്ട ഫീസ് നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**ഡ്രൈവിംഗ് സ്കൂൾ മേഖലയുടെ സംരക്ഷണം**

264 (3663) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂൾ മേഖലയെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

**ഭാരത് രജിസ്ട്രേഷൻ**

265 (3664) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് രജിസ്ട്രേഷൻ നിലവിൽ വരുമ്പോൾ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഉദ്യോഗസ്ഥർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള പ്രൈവറ്റ് കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവർ വാങ്ങുന്ന വാഹനങ്ങൾക്കാണ് BH-സീരീസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. ഇത്തരം വാഹനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 51(B) അനുസരിച്ചാണ് കേന്ദ്ര സർക്കാർ നികുതി നിശ്ചയിച്ചത്. ' BH' series-ൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന അപേക്ഷകർ കേന്ദ്ര മോട്ടോർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഹന ചട്ടങ്ങളിലെ ചട്ടം 47(1)(ca) അനുശാസിക്കുന്ന പ്രകാരം സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ working certificate form 60-ൽ ഹാജരാക്കണമെന്നും പ്രസ്തുത ചട്ടത്തിലെ (cb) വ്യവസ്ഥ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ അവരുടെ ഓഫീസ് ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വ്യാജ രേഖകൾ ഹാജരാക്കി വാഹനങ്ങൾ രജിസ്റ്റർ ചെയ്തു എന്ന് കണ്ടുപിടിക്കപ്പെട്ടാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 192 B പ്രകാരം വാഹന ഉടമയ്ക്കെതിരെയും ഡീലർക്കെതിരെയും ശിക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഇത്തരം നിയമലംഘനത്തിന് ആറുമാസത്തിൽ കുറയാതെ തടവും വാഹനത്തിന്റെ വാർഷിക നികുതിയുടെ 10 ഇരട്ടിക്ക് തുല്യമായ തുക അഥവാ ഒറ്റത്തവണ നികുതിയുടെ മൂന്നിൽ രണ്ട് ഭാഗത്തിന് തുല്യമായ തുക ഇവയിൽ ഏതാണോ കൂടുതൽ ആയത് പിഴയായി ഈടാക്കുന്നതാണ്. GST ഒഴികെയുള്ള വാഹന വിലയ്ക്ക് 15 വർഷത്തെ ഒറ്റത്തവണ നികുതിയായി 8 ശതമാനം മുതൽ 12 ശതമാനം വരെ പെട്രോൾ വാഹനങ്ങൾക്കും 10 ശതമാനം മുതൽ 14 ശതമാനം വരെ ഡീസൽ വാഹനങ്ങൾക്കും 6 ശതമാനം മുതൽ 10 ശതമാനം വരെ ഇലക്ട്രിക് വാഹനങ്ങൾക്കും കേന്ദ്ര സർക്കാർ നികുതി നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വിഭാഗക്കാർക്ക് മാത്രമായി BH സീരീസിലുള്ള രജിസ്ട്രേഷൻ നിജപ്പെടുത്തി നൽകിയിരിക്കുന്നതിനാൽ ടി നിരക്കിലുള്ള നികുതി അടച്ചാൽ മാത്രമേ വാഹനം രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നികുതി വെട്ടിക്കുവാൻ സാധിക്കുകയില്ല. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള നിയമം അനുസരിച്ച് വാഹനങ്ങളുടെ ഒറ്റത്തവണ നികുതി GST ഉൾപ്പെടെയുള്ള വിലയുടെ 9 ശതമാനം മുതൽ 21 ശതമാനം വരെ ആയതിനാൽ Bharat Registration (BH) വാഹനങ്ങൾക്ക് സംസ്ഥാനങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിയിൽ കുറവുണ്ടാകും.

(ബി) വാഹനങ്ങളുടെ കൈമാറ്റത്തിനും ഹൈപ്പോത്തിക്കേഷൻ മാറുവാനും ഓൺലൈനിൽ അപേക്ഷ നൽകിയാലും ആർ.സി.ബുക്കും രേഖകളും ആർ.ടി. ഓഫീസിൽ എത്തിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; എന്നുമുതലാണ് ഉത്തരവ് നിലവിൽ വന്നതെന്ന് വിശദീകരിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

23-9-2021-ലെ സ.ഉ.(സാധാ) നമ്പർ 324/2021/ഗതാഗതം പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഫീസുകളിൽ എത്തിക്കാതെ തന്നെ ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ അതിവേഗം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി software ഡെവലപ് ചെയ്ത NIC (National Informatic

Centre)-യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ആയത് പരിഹരിയ്ക്കുന്ന മുറയ്ക്ക് ടി ഉത്തരവ് നടപ്പിലാക്കുന്നതാണ്.

(സി) ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാൻ കേന്ദ്ര നിർദ്ദേശമുണ്ടോ; സംസ്ഥാനം ഇക്കാര്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലെ സാഹചര്യം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗതാഗത വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് സെക്രട്ടറി, ഗതാഗത കമ്മീഷണർ എന്നിവരുടെ ഒരു യോഗം ഈ വിഷയം ചർച്ച ചെയ്തു. മറ്റു സംസ്ഥാനങ്ങളിലെ ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതികൂടി വിലയിരുത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

### ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്കുകൾ എടുക്കുന്നതിനുള്ള നടപടിക്രമം

266 (3665) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹന ഉടമകളുടെ നഷ്ടപ്പെട്ട ആർ.സി. ബുക്കുകൾക്ക് പകരമായി ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്കുകൾ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

സ്വകാര്യ വാഹനങ്ങളുടെ നഷ്ടപ്പെട്ട ആർ.സി.യ്ക്കുപകരം ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കേന്ദ്രമോട്ടോർ വാഹന ചട്ടങ്ങൾ 1989-ന്റെ ചട്ടം 53-ൽ പ്രതിപാദിച്ചിരിക്കുന്നു. അതനുസരിച്ച് ആർ.സി. നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം വാഹന ഉടമ പോലീസ് അധികൃതരെ അറിയിക്കുകയും Form 26-ൽ ഉള്ള അപേക്ഷ ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ നിർദ്ദിഷ്ട ഫീസ് ഒടുക്കി സമർപ്പിക്കുകയും വേണം. പ്രസ്തുത അപേക്ഷയുടെ നിജസ്ഥിതി സംബന്ധിച്ച് രജിസ്റ്ററിംഗ് അതോറിറ്റി അന്വേഷണം നടത്തിയശേഷമാണ് നിലവിൽ ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നത്. അന്വേഷണത്തിന്റെ ഭാഗമായി വാഹന ഉടമയെ നേരിട്ട് ഹിയറിംഗ് നടത്തുകയോ സത്യവാങ്മൂലം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും വാഹനത്തിന്റെ പേരിൽ വായ്പ സ്വീകരിക്കുകയും പ്രസ്തുത വിവരം (Hypothecation agreement) ആർ.സി.-യിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (No objection certificate) ഹാജരാക്കേണ്ടതാണ്.

(ബി) ആയതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

23-9-2021-ലെ സ.ഉ.(സാധാ) നമ്പർ 324/2021/ഗതാഗതം. പ്രകാരം മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് ഡ്യൂപ്ലിക്കേറ്റ് ആർ.സി.-ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷകൻ ഓഫീസിൽ വരാതെ തന്നെ സേവനങ്ങൾ നൽകുന്നതിനും നിലവിലുള്ള സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കാനായി സോഫ്റ്റ്‌വെയർ ഡെവെലപ് ചെയ്ത NIC (National Informatic Centre)-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതോടുകൂടി ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ സാധിക്കുന്നതാണ്.

**ജലഗതാഗത വകുപ്പിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ**

267 (3666) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലഗതാഗത വകുപ്പിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ജലഗതാഗത വകുപ്പിൽ പൂർത്തീകരിച്ചതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുക എന്ന ആശയം മുൻനിർത്തി ജലഗതാഗത വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ?

(എ-സി) ജലമാർഗ്ഗമുള്ള യാത്രാ സംവിധാനങ്ങളിലേയ്ക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ സുരക്ഷിതവും താരതമ്യേന കുറഞ്ഞ ഇന്ധന ചെലവും മലിനീകരണം കുറഞ്ഞതും ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതുമായ ഒരു യാത്രാ സംവിധാനം എന്ന നിലയിൽ 100 പാസ്സഞ്ചർ കപ്പാസിറ്റിയും 75 പാസ്സഞ്ചർ കപ്പാസിറ്റിയും ഉള്ള ആധുനിക സജ്ജീകരണങ്ങളും സുരക്ഷിതവുമായ

രണ്ട് കാറ്റമറൈൻ ബോട്ടുകൾ IRS നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ച് എറണാകുളം-പാണാവള്ളി-പെരുമ്പളം മേഖലയിൽ സർവ്വീസ് ആരംഭിച്ചു. സീ-അഷ്ടമുടി പാസ്സഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ നിർമ്മാണം, സോളാർ ഇലക്ട്രിക് ക്രൂയിസ് ബോട്ടിന്റെ നിർമ്മാണം, വകുപ്പിന്റെ മൂന്നാമത്തെയും നാലാമത്തെയും വാട്ടർ ടാക്സികളുടെയും നിർമ്മാണം എന്നിവ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ വകുപ്പിന്റെ മിനി ഡ്രഡ്ജിംഗ് യൂണിറ്റിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. ടൂറിസം സാദ്ധ്യതകൂടി കണക്കിലെടുത്ത് ജനങ്ങളുടെ സുരക്ഷിത യാത്രാമാർഗ്ഗം എന്ന നിലയിൽ റോ-റോ സർവ്വീസ് ആരംഭിക്കുന്നതിനും റോഡ് ഗതാഗതത്തിന്റെ തിരക്ക് ഒഴിവാക്കത്തക്ക രീതിയിലുള്ള കൂടുതൽ സൗരോർജ്ജ ബോട്ടുകളും കാറ്റാമറൈൻ ബോട്ടുകളും നിർമ്മിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. ഇതുകൂടാതെ ഘട്ടംഘട്ടമായി നിലവിലുള്ള ഡീസൽ ബോട്ടുകൾ CNG, ഗ്യാസ്, ഇലക്ട്രിസിറ്റി എന്നിവയിലേയ്ക്ക് രൂപാന്തരപ്പെടുത്തുന്നതിനുമുള്ള കർമ്മ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ഇതുവഴി ചെലവുകുറഞ്ഞതും മലിനീകരണ മുക്തവും ആയ യാത്രാമാർഗ്ഗവും വൻതോതിലുള്ള കാർബൺ പുറംതള്ളൽ ഒഴിവാക്കുന്നതും വകുപ്പിന്റെ മുഖ്യലക്ഷ്യമാണ്.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാത**

268 (3667) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിൽ നിലവിൽ എത്ര യാത്രാബോട്ടുകളാണ് പ്രവർത്തിക്കുന്നതെന്നും എത്ര ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി– കോട്ടപ്പുറം ജലഗതാഗത പാതയിൽ നിലവിൽ വകുപ്പിന്റെ ഒരു ബോട്ട് സർവ്വീസ് നടത്തിവരുന്നുണ്ട്. ഈ മേഖലയിൽ മറ്റൊരു ബോട്ട് മേജർ റിപ്പയർ പൂർണ്ണമായും തീർത്ത് നീറ്റിലിറക്കുന്നതിനായി തയ്യാറെടുക്കുന്നു.

(ബി) പ്രസ്തുത ജലഗതാഗതപാതയിലെ ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്, തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി– കോട്ടപ്പുറം ജലപാതയിൽ അയിറ്റി-കൊറ്റി, അയിറ്റി-പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവന്നിരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രാക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രധാനപ്പെട്ട സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട്

സുഗമമായി സർവ്വീസ് നടത്തിവരുന്നു. ടി മേഖലയിലെ ടൂറിസം സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്- വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ, മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വിജയമായി കാണുന്നതിനാൽ കൊറ്റി-കവ്വായ്-വലിയപറമ്പ്-അയിറ്റി-പടന്ന-മാവിലാടം വരെ ടൂറിസ്റ്റ്-കം-പാസ്സഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക്ക് ബോട്ട് ഉപയോഗിക്കുന്നത് പരിഗണനയിലാണ്. പ്രകൃതി മലിനീകരണം ഒഴിവാക്കി നടത്തുന്ന ഇത്തരം സർവ്വീസുകൾ സാധാരണക്കാർക്കും വിനോദസഞ്ചാരത്തിനായി വരുന്നവർക്കും കൂടുതൽ പ്രയോജനമാകുന്നതാണ്.

**കായികരംഗം മെച്ചപ്പെടുത്തുന്നതിന് സമിതി**

269 (3668) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികരംഗത്തെ പ്രഗത്ഭ വ്യക്തികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കായികരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികനയം രൂപീകരിക്കാൻ തീരുമാനിക്കുകയും ആയതിനായി കായിക രംഗത്തെ പ്രഗത്ഭരുൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുന്നതിനും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കായികരംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ച നൂതന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ വ്യാപനം കുറഞ്ഞതനുസരിച്ച് കായിക അസോസിയേഷനുകളുടെ നേതൃത്വത്തിൽ മത്സരങ്ങളും ടൂർണ്ണമെന്റുകളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും തുറക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തനക്ഷമമാക്കി പരിശീലനം ആരംഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക്ഡൗൺ സമയത്ത് വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച് നടപ്പിലാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ, ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരികക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുജനങ്ങൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് പൊതുജനങ്ങളിൽ കായിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

(സി) കഴിഞ്ഞ പത്ത് വർഷക്കാലത്ത് ഏതെല്ലാം കായികയിനങ്ങളിൽ സംസ്ഥാനത്തെ താരങ്ങൾക്ക് അഖിലേന്ത്യാതലത്തിലും ഒളിമ്പിക്സിലും മറ്റും മികവ് പുലർത്താനായെന്നും തുടർന്നും ഈ മികവ് നിലനിർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ പത്ത് വർഷക്കാലത്ത് വിവിധ കായികയിനങ്ങളിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് അഖിലേന്ത്യാ തലത്തിലും ഒളിമ്പിക്സിലും മികവ് പുലർത്താനായി. അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, സോഫ്റ്റ് ബോൾ, ബേസ് ബോൾ, റസ്ലിംഗ്, സൈക്ലിംഗ്, വുഷു, റോളർ സ്കേറ്റിംഗ്, ചെസ്സ് തുടങ്ങിയ കായികയിനങ്ങളിലും കൂടാതെ 2020 ടോക്യോ ഒളിമ്പിക്സിൽ പുരുഷ ഹോക്കി ടീമിൽ വെങ്കലമെഡൽ നേടാനും സാധിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ :- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

എലൈറ്റ് സ്കീം:- മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ്

അക്കാഡമികൾ എന്നിവ മികച്ച കായിക പരിശീലനം നൽകിവരുന്നു. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായവും അനുവദിച്ച് നൽകുന്നുണ്ട്. മേൽ പദ്ധതികൾക്ക് പുറമെ ബഹു. മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്.

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

270 (3669) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

(എ&ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി

ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

(സി) ബോക്സിംഗ് പ്രോത്സാഹനവുമായി ബന്ധപ്പെട്ട പഞ്ച് പദ്ധതിയിൽ ചാത്തന്നൂരിനെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോക്സിംഗ് പരിശീലന പദ്ധതിയായ പഞ്ച് ആദ്യഘട്ടത്തിൽ അഞ്ച് സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുക. പ്രസ്തുത പദ്ധതിക്കായി നിലവിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല.

## കുന്നംകുളം മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ

271 (3670) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കുന്നംകുളം മണ്ഡലത്തിൽ കായിക വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദവിവരങ്ങളും ചെലവഴിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇവയിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റ് പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(എ-ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കുന്നംകുളം മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങളും ചെലവഴിച്ച തുകയും മറ്റും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ഇ) കുന്നംകുളം മണ്ഡലത്തിൽ പുതിയ സ്വിംമ്മിംഗ് പൂൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂരിൽ അക്വാട്ടിക് കോംപ്ലക്സ് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സ്പോർട്സ് ഡിവിഷനുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി കുന്നംകുളത്തേയ്ക്ക് മാറ്റുന്ന വിഷയം പരിഗണനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ കായിക നയം

272 (3671) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കായിക നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്.

(ബി) പ്രസ്തുത നയത്തിന്റെ കരട് മാർഗ്ഗരേഖ തയ്യാറാക്കുന്ന വേളയിൽ എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ തേടുന്നത് പരിഗണിക്കുമോ?

കായിക നയം രൂപീകരിക്കുന്നതിന് കായിക രംഗത്തെ വിദഗ്ധരുൾപ്പെട്ട ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്.

(സി) കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നടപ്പാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പക്കലുള്ള കളിസ്ഥലങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം നടന്നുവരികയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിൽനിന്നും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

**കായികമേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ**

273 (3672) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയിൽ കൂടുതൽ പരിശീലന പദ്ധതികളും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾക്കുള്ള സൗകര്യങ്ങളോടുകൂടിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കായിക വികസനത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ട്രാക്കും മൈതാനവും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) സംസ്ഥാനത്ത് കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തൽപ്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായിക ഇനത്തിലും അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ ഗ്രാസ് റൂട്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ് ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടപരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിക്കുന്നതിനായി

കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹൂപ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പഞ്ച് - സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സപ്ലാഷ് -ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെത്തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുക എന്നതാണ് ഉദ്ദേശ്യം. ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികൾ വീതം ഉൾപ്പെടുത്തി ഡിവിഷൻ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഷൂട്ടിംഗ് അക്കാഡമി ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3-ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു. സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ

അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജൂഡോക്ക- സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് -കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതിക്കായി 2018-ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2020-21-ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. പ്ലേ ഫോർ ഹെൽത്ത് കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കുവേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ കായികക്ഷമതയും ആരോഗ്യവും ഉറപ്പുവരുത്താനായി കായികയുവജനകാര്യാലയത്തിന് കീഴിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിച്ചുവരുന്നുണ്ട്. സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡൻസ് ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20-ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് ജി.വി. രാജ

സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കായിക അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളും ഏകദേശം 1,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നടന്നുവരുന്നു. ഓപ്പൺ ജിം- സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണ്. ലളിതമായ ഉപകരണങ്ങളിലൂടെ ജനങ്ങളെ വ്യായാമത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കായികക്ഷമതാ മിഷൻ എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

ഓപ്പറേഷൻ ഒളിമ്പ്യ- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം -മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെയും പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിരവധി സ്റ്റേഡിയങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പ്രവൃത്തികൾ**

274 (3673) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കായിക വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് പൂഞ്ഞാർ മണ്ഡലത്തിൽ ജി. വി. രാജാ സ്പോർട്സ് കോംപ്ലക്സിന്റെ മൾട്ടി പർപ്പസ് ഇൻഡോർ ഹാളിൽ ഐ.റ്റി.എഫ്. അംഗീകൃത പോളീയൂറത്തീൻ സ്പോർട്സ് ഫ്ളോറിംഗ്, യാർഡ് ഡെവലപ്മെന്റ് എന്നിവയ്ക്കായി 42,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 8mm പോളീയൂറത്തീൻ സ്പോർട്സ് ഫ്ളോറിംഗും മൂവബിൾ ബാസ്കറ്റ് ബോൾ, വോളീബോൾ പോസ്റ്റുകൾ, യാർഡ് ഡെവലപ്മെന്റ് എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## കായികതാരങ്ങളുടെ പരിചയസമ്പത്ത് ഉപയോഗപ്പെടുത്താൻ പദ്ധതി

275 (3674) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മെഡൽ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച കായികതാരങ്ങളുടെ പരിചയസമ്പത്തും കഴിവും സ്കൂളുകളിലും കോളേജുകളിലും ഉപയോഗപ്പെടുത്താൻ വേണ്ട പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായി 22-9-2021-ൽ നടത്തിയ യോഗത്തിൽ ഈ വിഷയവും ചർച്ച ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ കായിക സ്ഥാപനത്തിന് സാമ്പത്തിക സഹായം

276 (3675) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സ്വകാര്യ കായിക സ്ഥാപനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കായിക അക്കാദമിക്ക് സർക്കാരിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ ഉടമസ്ഥതയിലുള്ള മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമിക്ക് ചുവടെ പറയുന്ന സാമ്പത്തിക വർഷങ്ങളിൽ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

2010-11 - 20,00,000 രൂപ

2011-12 - 25,00,000 രൂപ

2016-17 - 50,00,000 രൂപ

2019-20 - 4,80,000 രൂപ

2020-21 - 20,00,000 രൂപ

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

277 (3676) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടുവണ്ണൂർ വോളീബോൾ അക്കാദമിയിൽ വിദ്യാർത്ഥികൾക്ക് താമസിച്ച് പരിശീലനം നടത്തുന്നതിനായി ഫർണിച്ചറുകൾ ഉൾപ്പെടെ അനുബന്ധമായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കേണ്ടത്; ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

നടുവണ്ണൂർ വോളീബോൾ അക്കാദമിയിൽ കായികതാരങ്ങൾക്ക് പരിശീലനത്തിനുവേണ്ട സ്പോർട്സ് ഉപകരണങ്ങൾ, പഠനത്തിനും താമസത്തിനുംവേണ്ട ഫർണിച്ചറുകൾ, ടെലിവിഷൻ, ന്യൂസ് പേപ്പർ, ഡൈനിംഗ് ഹാളിലേയ്ക്കുവേണ്ട സാധന സാമഗ്രികൾ, അടുക്കള സാധനങ്ങൾ, ശുചീകരണ സാമഗ്രികൾ, ഓഫീസ് സജ്ജീകരിക്കുന്നതിനുവേണ്ട സാധന സാമഗ്രികൾ എന്നിവയോടൊപ്പം പരിശീലകർ, കുക്ക്, വാർഡൻ, മറ്റ് ജീവനക്കാർ എന്നിവർക്ക് താമസിക്കുന്നതിനുവേണ്ട സൗകര്യം ഒരുക്കുക എന്നിവ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഏകദേശം 100 പേർക്ക് വരെ പരിശീലനം നൽകാൻ കഴിയുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെയും കളിക്കളത്തിന്റെയും നിർമ്മാണപ്രവർത്തനം അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ**

278 (3677) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമീണ കായികമേഖലയ്ക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ വിവിധ കായിക ഇനങ്ങളിലെ അടിസ്ഥാന പരിശീലന പദ്ധതികൾ ഗ്രാമീണമേഖലയിലും നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ് ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടപരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹൂപ്സ്: സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. സ്പ്രിന്റ്- ഗ്രാസ്സ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം -ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പ്ലേ ഫോർ ഹെൽത്ത് കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ

സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കുവേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്.

(ബി) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(സി) ഇല്ലെങ്കിൽ റൂറൽ കോച്ചിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണം**

279 (3678) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനായി 13.10 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സിന്തറ്റിക് ഫുട്ബോൾ ടർഫ് (105 x 65 മീറ്റർ), ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം എന്നിവയുടെ നിർമ്മാണം ലീ ബിൽഡേഴ്സ് എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതിയിലുൾപ്പെട്ട ഇൻഡോർ സ്റ്റേഡിയത്തിന്റെ പൈലിംഗ് പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2022-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ദേവികുളം മണ്ഡലത്തിലെ കളിസ്ഥലം പദ്ധതി

280 (3679) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ നിലവിൽ കായിക വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ പഞ്ചായത്തുകളൊന്നും പരിഗണനയിലില്ല.

## ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം

281 (3680) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നഗരത്തിലെ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ (രണ്ടാം ഘട്ടം) നിർമ്മാണത്തിനായി 8.62 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നാച്ചുറൽ ഫുട്ബോൾ ഗ്രൗണ്ട്, 8 ലെയ്ൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് എന്നിവയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥല ഉടമസ്ഥരായ ആലപ്പുഴ മുനിസിപ്പാലിറ്റി ധാരണാപത്രം സമർപ്പിക്കാത്തതിനാൽ പദ്ധതി 2021 ഫെബ്രുവരി വരെ തടസ്സപ്പെടുകയുണ്ടായി. കൂടാതെ ആദ്യഘട്ടത്തിൽ സമർപ്പിച്ചിരുന്ന ഡി.പി.ആർ.-ൽ ജി.എസ്.ടി. ഉൾപ്പെടുത്താത്തതിനാലും ഡി.എസ്.ആർ. കോസ്റ്റ് ഇൻഡക്സിലുണ്ടായ വ്യതിയാനവുംമൂലം പദ്ധതിയുടെ പ്രോജക്റ്റ് കോസ്റ്റിൽ വ്യതിയാനമുണ്ടായിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ, പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ തുടർനടപടികൾ ആരംഭിക്കുന്നതാണ്.

## ചീമേനി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റേഡിയം

282 (3681) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റേഡിയത്തിന് ആവശ്യമായ ഭൂമി ലഭ്യമായതിനാലും സ്കൂളിന്റെ സ്പോർട്സ് മേഖലയിലെ പങ്കാളിത്തം മുൻനിർത്തിയും ഒരു സ്റ്റേഡിയം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഈ വിഷയം സംബന്ധിച്ച് ലഭിച്ച കത്തിന്മേൽ കായിക-യുവജന കാര്യാലയ ഡയറക്ടർ നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പുറക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

283 (3682) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പുറക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായ മണ്ണ് പരിശോധന പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിലെ പുറക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2019-20 ബഡ്ജറ്റിൽ കായിക വകുപ്പിന്റെ ശീർഷകത്തിൽ 2.50 കോടി രൂപയും എസ്റ്റിമേറ്റ് അടങ്കൽ തുകയായി 50 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2019-20 ബഡ്ജറ്റിൽ മണ്ണ് പരിശോധന നടത്തുന്നതിനായി പുറക്കാട് ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടെ 5 പദ്ധതികൾക്കായി എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് നിർദ്ദേശം നൽകുകയും നാളിതുവരെ മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മറ്റൊരു ഏജൻസിയെ കണ്ടെത്തി മണ്ണ് പരിശോധന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കാൻ എത്ര ദിവസങ്ങൾകൂടി ആവശ്യമായി വരുമെന്ന് വിശദമാക്കാമോ;

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ അത് വിശദമാക്കാമോ?

(ബി&സി) മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചശേഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മുഖേന സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്ത് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ ആരംഭിക്കുന്നതാണ്.

**കുട്ടികൾക്ക് നീന്തൽ പരിശീലനം**

284(3683) ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന മുങ്ങിമരണങ്ങളിൽ കൂടുതലും വിദ്യാർത്ഥികളും യുവാക്കളുമാണെന്നത് പരിഗണിച്ച് മുൻകരുതൽ എന്ന നിലയിൽ പഠന കാലയളവിൽ നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. എട്ട് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ തൃശ്ശൂർ, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്, നന്ദിയോട് സ്വിമ്മിംഗ് പൂൾ, എം.എ. കോളേജ് കോതമംഗലം എന്നീ സ്കൂൾ/കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് അക്കാദമികളിലെ കുട്ടികൾക്ക് പഠന കാലയളവിൽ വിദഗ്ദ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്.

**കായിക പ്രതിഭകൾക്കുള്ള പ്രോത്സാഹന പദ്ധതികൾ**

285 (3684) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകിവരുന്നുണ്ട്. കേരളത്തിലെ ഏറ്റവും മികച്ച പുരുഷ, വനിതാ കായികതാരങ്ങൾക്ക് കൗൺസിൽ സ്ഥാപക പ്രസിഡന്റ് കേണൽ ഗോദവർമ്മ രാജയുടെ പേരിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയായ ജി.വി.രാജാ അവാർഡ് നൽകി ആദരിച്ചുവരുന്നു. അർഹരായ കായികതാരങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകിവരുന്നു.

(ബി) ദേശീയ, അന്തർദ്ദേശീയ മത്സര വിജയികൾക്ക് ക്യാഷ് അവാർഡ് നൽകാറുണ്ടോ; എങ്കിൽ അവസാനമായി ക്യാഷ് അവാർഡ് നൽകിയത് ഏത് വർഷമാണെന്ന് അറിയിക്കാമോ?

ദേശീയ, അന്തർദ്ദേശീയ മത്സര വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 2016-17 വർഷം വരെയുള്ള ക്യാഷ് അവാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ടോക്യോ 2020 ഒളിമ്പിക്സിൽ മെഡൽ നേടിയ ഹോക്കി ടീമിലെ അംഗമായ ശ്രീ. പി. ആർ. ശ്രീജേഷിനും ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും 2020-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

286(3685) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2016-2021 കാലയളവിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിൽ 2016-2021 കാലയളവിൽ കായിക വകുപ്പ് മുഖേന യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരി പഞ്ചായത്തിലെ തുരുത്തിയിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ ഡി.പി.ആർ. കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിക്കുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ കായിക മേഖലയിലെ പദ്ധതികൾ**

287 (3686) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിൽ ഏതൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ 58 സ്റ്റേഡിയങ്ങളും (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) ഉൾപ്പെടെയുള്ള നിർമ്മാണ പദ്ധതികളാണ് പുതുതായി നടപ്പിലാക്കിവരുന്നത്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായികമേഖലയിൽ നടപ്പിലാക്കുന്ന മറ്റ് പുതിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ച് - സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക.

ജൂഡോക്ക - സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി - അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽത്തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള വിവിധ കായിക പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കണ്ണൂർ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിലും തൃശ്ശൂർ കുന്നംകുളം ഗവൺമെന്റ് ബോയ്സ് മോഡൽ സ്കൂളിലുമായി 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കുകളുടെ നിർമ്മാണത്തിനായി 7 കോടി രൂപ വീതം കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ട്രെംഗ്ത് &

കണ്ടീഷനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫിസിയോ തെറാപ്പിക്കായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അത്‌ലറ്റിക്സ്, ബോക്സിംഗ്, ജൂഡോ എന്നീ കായിക ഇനങ്ങൾക്കായുള്ള സ്പോർട്സ് കിറ്റുകൾ വാങ്ങുന്നതിനും കോച്ചുമാർക്കായുള്ള അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും ലൈബ്രറി, ഓഫീസ് റൂം എന്നീ സൗകര്യങ്ങൾക്കുമായി തുക അനുവദിക്കുകയും ഇവയുടെ ടെണ്ടർ നടപടികൾ നടന്നുവരികയുമാണ്. 2020-21ൽ കേന്ദ്ര സർക്കാർ പദ്ധതിയായ, ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിലെ കുട്ടികൾക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും ഉതകുന്നവിധം പരിശീലനം നൽകുന്നതിനാവശ്യമായ പരിശീലകരെയും കായിക ഉപകരണങ്ങൾ, കളിസ്ഥലസൗകര്യങ്ങൾ എന്നിവ അനുവദിച്ചിട്ടുമുണ്ട്. കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ജില്ലാ ഖേലോ ഇന്ത്യ സെന്റർ ഓഫ് എക്സലൻസും 2021-22-ൽ അനുവദിച്ചിട്ടുണ്ട്. വോളിബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിലാണ് ഖേലോ ഇന്ത്യ ഈ വിദ്യാലയങ്ങളിൽ യഥാക്രമം പരിശീലനം നൽകുന്നത്.

(സി) മഞ്ചേശ്വരം മണ്ഡലത്തിൽ കായിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും പദ്ധതികളുണ്ടോ എന്ന് അറിയിക്കുമോ?

നിലവിൽ മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ പ്രത്യേക പദ്ധതികളൊന്നും പരിഗണനയിലില്ല.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

288 (3687) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഷംതോറും അൻപത് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇനിയും എത്ര പേർക്ക് ജോലി നൽകാനുണ്ട്; വിശദമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2015-2019 വരെയുള്ള വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരികയാണ്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം നൽകുന്നതാണ്.

## ശാരീരികക്ഷമത ഉയർത്താൻ പദ്ധതികൾ

289 (3688) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ നൂറ് ശതമാനം ശാരീരികക്ഷമത കൈവരിക്കാൻ കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇത് സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്.

(ബി) നഴ്സറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കോവിഡ് കാലത്ത് വീടുകളിൽ തന്നെ കായിക പരിശീലനം നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നഴ്സറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കോവിഡ് കാലത്ത് വീടുകളിൽ തന്നെ കായിക പരിശീലനം നൽകുന്നതിന് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ 8-ാം ക്ലാസ്സ് മുതൽ ബിരുദതലം വരെയുള്ള കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക്ഡൗൺ സമയത്ത് വീട്ടിലിരുന്ന് തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ പരിശീലനം നടത്തിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ, ജി. വി. രാജാ സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരികക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(സി) വൈകല്യമുള്ളവർക്ക് കായിക പരിശീലനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന സ്പോർട്സ് കൗൺസിൽ ഓഫ് ദി ഡഫ് എന്ന കായിക സംഘടനയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത അസോസിയേഷൻ മുഖേന പരിശീലനം നൽകുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കായികക്ഷമതയുടെ ഭാഗമായി സൈക്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ വിദഗ്ദ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ സൈക്ലിംഗ് പരിശീലനം നൽകിവരുന്നു.

**സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ ഒഴിവുകൾ**

290 (3689) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിൽ എത്ര സ്ഥിരം പരിശീലകരുടെ ഒഴിവുകളുണ്ട്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വിവിധ കായികയിനങ്ങളിലായി അനുവദിച്ചിട്ടുള്ള 143 തസ്തികകളിൽ 51 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 2011-നുശേഷം എത്ര പരിശീലകർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

2011-നുശേഷം 74 പരിശീലകർക്കും 5 ഹോണററി പരിശീലകർക്കും സ്ഥിരനിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഏതൊക്കെ ഗെയിമുകളിലാണ് കായിക പരിശീലകരുടെ സ്ഥിര ഒഴിവുകൾ ഉള്ളത്; വിശദമാക്കാമോ?

അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബാസ്കറ്റ്ബോൾ, ഫുട്ബോൾ, സൈക്ലിംഗ്, ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ, ഖോ-ഖോ, സ്വിമ്മിംഗ്, ടേബിൾ

ടെന്നീസ്, വോളീബോൾ, റസലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, റോവിംഗ്, ആർച്ചറി, കാനോയിംഗ് & കയാക്കിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലകരുടെ ഒഴിവുണ്ട്.

(ഡി) എല്ലാ ജില്ലകളിലും സ്ഥിരം പരിശീലകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

സ്ഥിരം പരിശീലകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വഖഫ് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ**

291 (3690) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വഖഫ് ബോർഡ് നൽകുന്ന ക്ഷേമ പെൻഷനുകൾ, വിധവ-ചികിത്സ-വിവാഹ ധനസഹായ അപേക്ഷകൾ മൂന്ന് വർഷത്തിലധികമായി കെട്ടിക്കിടക്കുന്നത് തീർപ്പുകല്പിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; തീർപ്പാക്കാനുള്ള വിവിധ അപേക്ഷകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ അപേക്ഷകൾ തീർപ്പ് കല്പിക്കുവാൻ സാധിക്കുകയുള്ളൂ. 31-08-2021-ാം തീയതി വരെ തീർപ്പാക്കാനുള്ള വിവിധ അപേക്ഷകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ക്ഷേമ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ വഖഫ് ബോർഡിന് നൽകുന്ന വിഹിതം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന വഖഫ് ബോർഡിന് സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ നൽകാൻ കുടിശ്ശിക ആയിരുന്ന 119.76 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തെ '2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു വഖഫ് ബോർഡ്' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1 കോടി 32 ലക്ഷം രൂപയിൽ നിന്നും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അവശേഷിച്ച 12,24,000

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും പ്രസ്തുത സാമ്പത്തിക വർഷം തന്നെ റിലീസ് ചെയ്ത് നൽകുകയുണ്ടായി. കൂടാതെ 2020 ഡിസംബർ മാസം വരെയുള്ള ധനസഹായം കൊടുത്തു തീർക്കുന്നതിന് 7,52,25,000 രൂപ അധിക ധനസഹായമായി അനുവദിക്കണമെന്ന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2 കോടി രൂപ 2020-21 സാമ്പത്തിക വർഷം അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ 2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു വഖഫ് ബോർഡ് എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 132 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കിയിട്ടുണ്ട്.

(ഡി) കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന വഖഫ് ജീവനക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ തയ്യാറാകുമോ?

നിലവിൽ പരിഗണനയിലില്ല.

**ഹജ്ജ് തീർത്ഥാടനം**

292 (3691) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ?

ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) തീർത്ഥാടകർക്കായി സർക്കാർ സൗജന്യമായി അനുവദിച്ചുവരുന്ന സൗകര്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

1. WHO നിർദ്ദേശപ്രകാരമുള്ള നിർബന്ധമായ മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ വാക്സിനേഷൻ എന്നിവ സർക്കാർ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ യാത്രയ്ക്കുമുമ്പായി മുഴുവൻ തീർത്ഥാടകർക്കും അതത് ജില്ലാ ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നു.
2. ഹജ്ജ് തീർത്ഥാടകരെ മക്കയിലും മദീനയിലും മറ്റും അനുഗമിച്ച് സഹായങ്ങൾ ചെയ്യുന്നതിന് തെരഞ്ഞെടുക്കുന്ന സർക്കാർ ജീവനക്കാരുടെ യാത്രാ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴിയുള്ള ഹജ്ജ് തീർത്ഥാടനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് ഹജ്ജ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹജ്ജ് കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുകയും ആയതിലേയ്ക്ക് സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹജ്ജ് വാളണ്ടിയർമാരായി നിയമിക്കുകയും ചെയ്തുവരുന്നു.

4. ഹജ്ജ് യാത്ര പുറപ്പെടൽ ക്യാമ്പിലേയ്ക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിശ്ചിത ദിവസത്തേയ്ക്ക് നിയമിച്ച് ഹജ്ജ് തീർത്ഥാടകരുടെ യാത്രാ രേഖകൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും തീർത്ഥാടകരെ സഹായിക്കുന്നതിനും ഹജ്ജ് സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്നും അവർക്കായി സർക്കാർ തലത്തിൽ രോഗപരിശോധനയും മറ്റും നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ അപേക്ഷകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ഹജ്ജ് തീർത്ഥാടകരെ കഴിഞ്ഞ ഹജ്ജിന് മുൻപായി കോവിഡ് വാക്സിനേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി രണ്ടാം ഡോസ് വാക്സിനേഷൻ ഇടവേളയിൽ ഇളവ് അനുവദിച്ചു. പരമാവധി തീർത്ഥാടകർക്ക് യാത്രയ്ക്ക് മുമ്പേ രണ്ട് ഡോസ് കോവിഡ് വാക്സിൻ ലഭ്യമാക്കിയിരുന്നു. എന്നാൽ സൗദി അറേബ്യ വിദേശികളെ ഹജ്ജിന് പരിഗണിക്കാത്തതിനാൽ ഇക്കഴിഞ്ഞ ഹജ്ജിന് ഇന്ത്യയിൽ നിന്നും ഹജ്ജ് യാത്ര ഉണ്ടായിരുന്നില്ല. മറ്റു ആരോഗ്യ പരിശോധനകൾ നിലവിൽ നടത്തുന്നില്ല.

## നിലമ്പൂർ യാർഡിലെ ലെവൽക്രോസിൽ അണ്ടർ ബ്രിഡ്ജ്

293 (3692) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റെയിൽവേ യാർഡിലെ ലെവൽക്രോസിൽ റെയിൽ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായിട്ടുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിശ്ചിത സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം, ടെണ്ടർ നടപടി തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന്

വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് വകയിരുത്തിയതെന്നും എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിനായി കെ.ആർ.ഡി.സി.എൽ 2021 ജൂലൈ 23-ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത അണ്ടർ ബ്രിഡ്ജിന്റെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിർദ്ദിഷ്ട മലയോര ഹൈവേ ഡിസൈനുമായി ചേർന്നുപോകുന്ന തരത്തിലാണോ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായുള്ള പൂക്കോട്ടുപാടം-നിലമ്പൂർ റോഡിൽ നിർമ്മിക്കുന്ന ഈ അടിപ്പാതയുടെ അലൈൻമെന്റിന് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കുന്ന കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആർ.യു.ബി.-യുടെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ച് റെയിൽവേ അംഗീകരിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ഡി) നിലമ്പൂർ യാർഡിലെ ലെവൽക്രോസ് കയറ്റിറക്കമുള്ള റോഡായതിനാൽ മഴക്കാലത്ത് അണ്ടർ ബ്രിഡ്ജിൽ വെള്ളം കെട്ടിനിന്ന് വാഹന ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകാൻ സാദ്ധ്യതയുണ്ടോ എന്നറിയിക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

അടിപ്പാതയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അടിപ്പാതയുടെ നിർമ്മാണത്തോടൊപ്പംതന്നെ വെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### പാസ്സഞ്ചർ, മെമു സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

294 (3693) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവച്ച പാസ്സഞ്ചർ, മെമു സർവ്വീസുകൾ ഭൂരിഭാഗവും പുനഃസ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും കണ്ണൂർ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലകളിൽ സർവ്വീസ് നടത്തുന്ന പാസ്സഞ്ചർ ട്രെയിനുകൾ പുനഃസ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുനഃസ്ഥാപിക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോയെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ-കണ്ണൂർ സെക്ഷനിൽ മെമു സർവ്വീസും കണ്ണൂർ - മംഗലാപുരം സെക്ഷനിൽ പാസ്സഞ്ചർ ട്രെയിൻ സർവ്വീസും ആരംഭിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയ സീസൺ ടിക്കറ്റ് പഴയതുപോലെ പുനഃസ്ഥാപിക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ എന്ന് വ്യക്തമാക്കാമോ?

അൺറിസർവ്ഡ് കോച്ചുകളുള്ള ട്രെയിനുകളിൽ സീസൺ ടിക്കറ്റ് സൗകര്യം പുനഃസ്ഥാപിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ-നിലമ്പൂർ പാതയിൽ ഗുഡ്സ് ട്രെയിൻ സർവ്വീസ്**

295 (3694) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപാതയിൽ ഗുഡ്സ് ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാതയിൽ ഗുഡ്സ് ട്രെയിൻ സർവ്വീസ് 9-2-2016 മുതലും രാത്രികാല ഗുഡ്സ് ട്രെയിൻ സർവ്വീസ് 20-1-2020 മുതലും ആരംഭിച്ചിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപാത വൈദ്യുതീകരണം പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപാത വൈദ്യുതീകരിക്കുന്നതിനായി തെരഞ്ഞെടുക്കുകയും ആയതിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തുവ്വൂർ റെയിൽവേ സ്റ്റേഷൻ ക്രോസ്സിംഗ് സ്റ്റേഷനായി മാറ്റണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ?

നിലവിൽ പരിഗണിക്കാനാവില്ലെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

## അങ്കമാലി-എരുമേലി ശബരിപാത പദ്ധതി

296 (3695) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരിപാത പദ്ധതി മരവിപ്പിച്ച തീരുമാനം റെയിൽവേ ബോർഡ് പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി ചെലവ് ഏതുരീതിയിൽ വഹിക്കുമെന്നാണ് റെയിൽവേ ബോർഡ് അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ(കൈ) നമ്പർ 1/2021/ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്ന് പുനരുജ്ജിവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി. അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റും അനുബന്ധ സർവ്വേയും സംബന്ധിച്ച ചുമതലകൾ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ സ്ഥലമെടുക്കൽ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ലിഡാർ സർവ്വേ നടത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

297 (3696) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പ്ലാൻ പദ്ധതികൾ 1. ആട് സാറ്റലൈറ്റ് പദ്ധതി 2. മൃഗാശുപത്രികളുടെ സാനിറ്റേഷൻ 3. രാത്രികാല സേവനം 4. ബയോവേസ്റ്റ് മാന്യൂർ 5. പോത്ത് കിടാരി പദ്ധതി റീബിൽഡ് കേരള പദ്ധതി - കാലിത്തീറ്റ സബ്സിഡി പദ്ധതി

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

അനുബന്ധമായി *ചേർത്തിരിക്കുന്നു.

**മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള നടപടി**

298 (3697) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം ഗ്രാമപഞ്ചായത്തിലെ മീളുരിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള സ്ഥലം കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി.ക്ക് കൈമാറുന്നതിന്റെ നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

വാമനപുരം കല്ലറ സബ് സ്റ്റേഷൻ നിർമ്മാണത്തിനായി വാമനപുരം വില്ലേജിൽ സർവ്വേ നമ്പർ 2318/1-ൽപ്പെട്ട 33 സെന്റ് വസ്തു കെ.എസ്.ഇ.ബി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പാട്ടത്തിന് വിട്ടുനൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽനിന്നും നിരാക്ഷേപപത്രം 2-3-2021-ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി പട്ടയ ഭൂമി ആയതിനാൽ പാട്ടത്തിന് അനുവദിക്കാൻ കഴിയില്ലായെന്നും ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽനിന്നും പുറമ്പോക്കിലേയ്ക്ക് മാറ്റണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിനെ തുടർന്ന് അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**മൃഗസംരക്ഷണ പദ്ധതി**

299 (3698) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് ഏതൊക്കെ പ്രത്യേക മൃഗസംരക്ഷണ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് പ്ലാനിംഗ് ബോർഡുമായി ചർച്ചകൾ നടത്തിവരികയാണ്. ഇതിന് മുന്നോടിയായി,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും നേതൃത്വത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ആശയ രൂപീകരണം സംബന്ധിച്ച് പ്ലാനിംഗ് ബോർഡിലെയും വകുപ്പിലെയും വിദഗ്ധരെ ഉൾപ്പെടുത്തി "റീകൺസീലിയോ 2021" എന്ന പേരിൽ 2021 സെപ്റ്റംബർ 23 മുതൽ 25 വരെ ഒരു ശിൽപ്പശാലയും സംഘടിപ്പിക്കുകയുണ്ടായി. ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ചുവരികയാണ്.

**പാറശ്ശാല മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീര വികസന പദ്ധതികൾ**

300 (3699) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായ ആടുവളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി വികസനം എന്നിവയും വ്യാവസായിക ആടുവളർത്തൽ പദ്ധതി, വളക്കുഴി നിർമ്മാണം, ഗോട്ട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, താറാവ് വിതരണം പദ്ധതി, വായ്പാ പലിശ സഹായ പദ്ധതി, താലൂക്കുതല സംരംഭകത്വ പരിശീലന പരിപാടി, ഗോസമൃദ്ധി-എൻ.എൽ.എം. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി, കോവിഡ് ബാധിതരായ കർഷകരുടെ ഉരുക്കൾക്ക് അടിയന്തര ക്യാമ്പ് മുഖാന്തരം സൗജന്യ തീറ്റയും മരുന്ന് വിതരണവും എന്നിവയാണ് ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ. ക്ഷീരവികസന വകുപ്പ് മുഖേന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരകർഷകർക്കായി ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം (അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്) എന്നിവയും ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ക്ഷീരസമൃദ്ധി പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയും വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം ലഭ്യമാക്കാമോ?

പാറശ്ശാല പഞ്ചായത്തിൽ നെടിയാംകോട്, പെരുങ്കടവിള പഞ്ചായത്തിൽ അരുവിപ്പുറം, പാൽകുളങ്ങര, കൊല്ലയിൽ പഞ്ചായത്തിലെ മേക്കൊല്ല എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണനയിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം അനുബന്ധമായി* ചേർക്കുന്നു.

## കാലിത്തീറ്റ ഉൽപ്പാദനത്തിലെ സ്വയംപര്യാപ്തത

301(3700) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി കർഷകർക്ക് കാലികളുടെ ആവശ്യത്തിനുവേണ്ട കാലിത്തീറ്റ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ?

മിൽമയുടെ ഉടമസ്ഥതയിൽ പ്രതിദിനം 300 ടൺ ഉൽപ്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളാണുള്ളത്. മിൽമ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ 70% ക്ഷീരസഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്നു. 24% ഗവൺമെന്റ് പദ്ധതികൾ വഴിയും ബാക്കി ഡീലർമാർ വഴിയും കർഷകർക്കെത്തിക്കുന്നു. കർഷകരിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് മിൽമയ്ക്ക് സാധിക്കുന്നുണ്ട്. കേരളാ ഫീഡ്സ് ലിമിറ്റഡിന്, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 MT / ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 MT/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 MT/ദിവസം), ഇടുക്കി ജില്ലയിലെ അരീക്കുഴ (500 MT/ദിവസം) എന്നീ സ്ഥലങ്ങളിലായി പ്രതിദിനം 1750 മെട്രിക് ടൺ കാലിത്തീറ്റ ഉല്പാദനശേഷി ഉണ്ട്. ഈ മേഖലയിൽ കാലിത്തീറ്റ കൂടുതലായി ആവശ്യമാകുന്നപക്ഷം, അതിനനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ കേരള ഫീഡ്സ് സജ്ജമാണ്.

(ബി) കാലിത്തീറ്റ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ക്ഷീരകർഷകരിൽ നിന്നും ലഭ്യമാകുന്ന ഇൻഡന്റുകൾ കൃത്യസമയത്ത് നൽകുന്നതിനുള്ള സംവിധാനം മിൽമയ്ക്കുണ്ട്. സംസ്ഥാനത്തെ കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ദിവസം), കൊല്ലം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ /ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ /ദിവസം) എന്നീ യൂണിറ്റുകൾക്ക് പുറമെ ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ പ്രതിദിനം 500 ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിപണിയിൽനിന്നും കർഷകർ വാങ്ങുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ വകുപ്പിന് കീഴിലുള്ള ചെങ്ങന്നൂർ ഹാച്ചറിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സൗകര്യമുണ്ട്. കൂടാതെ പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസിൽ തീറ്റകളിലെ പൂപ്പലിന്റെ അളവ്, യൂറിയയുടെ അളവ് എന്നിവ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യമുണ്ട്. തിരുവല്ല ഏവിയൻ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറി, പാലക്കാട് റീജിയണൽ ലബോറട്ടറി എന്നിവിടങ്ങളിൽ തീറ്റയിലെ അഫ്ലാടോക്സിൻ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. എറണാകുളം മരടിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ ആൻഡ് അഗ്രി പ്രോഡക്ട്സ് എന്ന സ്ഥാപനത്തിൽ മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിലെ ഈർപ്പത്തിന്റെ അളവ്, ടോട്ടൽ ആഷ്, ആസിഡ് ഇൻസോല്യൂബിൾ ആഷ് എന്നിവ പരിശോധിക്കുന്നതിനുള്ള സൗകര്യമുള്ളതും ആയതിന് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതുമാണ്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ വിതരണം നടത്തുന്ന കാലിത്തീറ്റയും സർക്കാർ ഫാമുകളിൽ ഉരുക്കൾക്ക് നൽകുന്ന തീറ്റയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ സൂചിപ്പിച്ച ലാബുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്. കേരള സംസ്ഥാനത്ത് തീറ്റയുടെ സുരക്ഷിതത്വം, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനും കാലിത്തീറ്റ, കോഴിത്തീറ്റ, മിനറൽ മിക്സ്ച്ചർ എന്നിവയുടെ നിർമ്മാണം, ശേഖരണം, വിതരണം, വിൽപ്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും ORDINANCE No.35 OF 2021 -THE KERALA LIVESTOCK AND POULTRY FEED AND MINERAL MIXTURE (REGULATION OF MANUFACTURE AND SALE) ORDINANCE, 2021, സർക്കാർ 17-2-2021-ൽ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി 12-5-2021-ലെ കൃഷി (ക്ഷീരവികസനം) വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 44/2021/ഡി.ഡി. പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി ചെയർപേഴ്സണും

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കൺവീനറുമായി 7 അംഗ കമ്മിറ്റി രൂപീകരിച്ച് നടപടികൾ തുടർന്നുവരുന്നു.

**കാലിത്തീറ്റ വിലവർദ്ധന**

302 (3701) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റ വില വർദ്ധനവ് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കാലിത്തീറ്റ വില വർദ്ധനകാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിനും സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

**ഇറച്ചി, മുട്ട ഇറക്കുമതി**

303 (3702) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചി, മുട്ട ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**A. ഇറച്ചി ഉല്പാദനത്തിലെ സ്വയംപര്യാപ്തത:**

a) പോത്തുകുട്ടി വളർത്തൽ പദ്ധതി: മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ കർഷകർ വളർത്തി വിൽക്കുന്നു. ആയതിലേയ്ക്കായി 10,000 രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/പോത്തുകുട്ടി പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

b) മുട്ടക്കോഴി പരിപാലന പദ്ധതി: സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ

ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്റ്റ് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വില കൊടുത്ത് തിരിച്ചുവാങ്ങി സ്വന്തം പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴി ഇറച്ചിയും അനുബന്ധ ഉത്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. വനിതാമിത്രം പദ്ധതി നടപ്പാക്കാൻ താല്പര്യമുള്ള പഞ്ചായത്തുകളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് കർഷകർക്ക് സൗജന്യമായിട്ടോ നാമമാത്രമായി ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടോ കോഴികൾ, തീറ്റ എന്നിവ നൽകുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾ വരെ സൗജന്യമായി നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേയ്ക്കായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് 5 മുട്ടക്കോഴികളെ വീതം നൽകിക്കൊണ്ട് പൗൾട്രി സ്കൂൾ ക്ലബ്ബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി നടപ്പ് വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### B. മുട്ട ഉല്പാദനത്തിലെ സ്വയംപര്യാപ്തത:

a) പൗൾട്രി ഇൻഡസ്ട്രിയിൽ 15% വളർച്ചയാണ് കഴിഞ്ഞ ഒരു ദശാബ്ദത്തിൽ ഭാരതം കൈവരിച്ചത്. സമാനമായ പുരോഗതി ജനകീയാസൂത്രണ പദ്ധതികൾ വഴിയും സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വഴിയും സംസ്ഥാനത്ത് കൈവരിക്കുവാൻ കഴിഞ്ഞുവെങ്കിലും മുട്ടയുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. നിലവിൽ മുട്ടയുത്പാദനത്തിൽ കേരളം ഇന്ത്യയിൽ ഒമ്പതാം സ്ഥാനത്താണ്. 1960-70 കാലഘട്ടത്തിൽ കേരളത്തിൽ

ചെങ്ങന്നൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്നും മുട്ട കയറ്റുമതി ചെയ്തിരുന്നു. എന്നാൽ നിലവിൽ 300 കോടി കോഴിമുട്ടകളും 40 കോടി താറാവ് മുട്ടകളും പ്രതിവർഷം കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇതുവഴി 1,500 കോടി രൂപ ഇതരസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. ICMR നിർദ്ദേശപ്രകാരം പ്രതിവർഷം മുതിർന്ന ഒരാൾക്ക് 180 എണ്ണം മുട്ടയും ഒരു കുട്ടിക്ക് 90 എണ്ണം മുട്ടയും ആവശ്യമാണ്. ആകെ ജനസംഖ്യയുടെ 20% കുട്ടികളായിരിക്കുമെന്ന് കണക്കാക്കുന്നു. അങ്ങനെ നോക്കുമ്പോൾ കേരളത്തിൽ ഒരു വർഷം ആകെ 529 കോടി മുട്ട ആവശ്യമാണെന്ന് കണക്കാക്കുന്നു. നിലവിൽ ആഭ്യന്തര മുട്ട ഉത്പാദനം 218.12 കോടി എണ്ണം ആണ്. ആവശ്യകതയും ഉത്പാദനവും തമ്മിൽ 310.88 കോടി മുട്ടയുടെ വിടവുണ്ട്. നിലവിൽ ഈ ഉത്പാദനക്കുറവ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും മുട്ട ഇറക്കുമതി ചെയ്യുന്നതുവഴിയാണ് പരിഹരിച്ചുവരുന്നത്. എന്നാൽ നയപരമായ ഇടപെടലുകൾ വഴി ഉത്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ ചെറുകിട കർഷകരുടെയും വനിതകളുടെയും വരുമാനം വർദ്ധിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുകയും കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും സാധിക്കും. മുട്ടയുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ പ്രവർത്തിക്കുന്നത്. അടുക്കളമുറ്റത്തെ കോഴി വളർത്തൽ (backyard poultry rearing) ശക്തിപ്പെടുത്തൽ, സർക്കാർ സബ്സിഡിയോടുകൂടി ചെറു ഫാമുകൾ സ്ഥാപിക്കുക വഴിയും മുട്ടയുത്പാദനത്തിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്. മുട്ടയുത്പാദനത്തിലെ ന്യൂനത പരിഹരിക്കുവാൻ പ്രതിവർഷം ഒരു ദിവസം പ്രായമായ 300 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് അധികമായി നൽകേണ്ടതായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ പ്രതിമാസ ഉപയോഗം, ഉല്പാദനം ഇവ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ ഉപയോഗം സംബന്ധിച്ച കണക്ക് വകുപ്പിൽ ലഭ്യമല്ല. 2020-21 വർഷത്തെ സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ ശരാശരി പ്രതിമാസ ഉൽപ്പാദനം സംബന്ധിച്ച കണക്ക് (പ്രൊവിഷണൽ) അനുബന്ധമായി* ചേർക്കുന്നു.

(സി) ഇറച്ചി, മുട്ട എന്നിവ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്നതാണെങ്കിൽ പ്രതിമാസം എത്രയാണ് ഇത്തരത്തിൽ വരുന്നതെന്നും ഏതൊക്കെ സംസ്ഥാനങ്ങളെയാണ് ഇതിനായി ആശ്രയിക്കുന്നതെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 വർഷത്തിലെ ഇറച്ചി, മുട്ട എന്നിവയുടെ പ്രതിമാസ ഇറക്കുമതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതിമാസം ഇറക്കുമതി ചെയ്യുന്ന അളവ് | സംസ്ഥാനങ്ങൾ |
|---|---|---|
| ചിക്കൻ | 4,27,620 കി.ഗ്രാം | തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് |
| ബീഫ് | 1,64,365 കി.ഗ്രാം | |
| പന്നിയിറച്ചി | 2,01,162 കി.ഗ്രാം | |
| ആട്ടിറച്ചി | 18,283 കി.ഗ്രാം | |
| മുട്ട | 55,87,090 എണ്ണം | തമിഴ്നാട്, കർണാടക |

(ഡി) സംസ്ഥാനത്ത് ഒരാൾക്ക് ലൈസൻസ് ഇല്ലാതെ വളർത്താവുന്ന കോഴി, പന്നി, പശു എന്നിവയുടെ എണ്ണം എത്രയാണെന്നും ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ?

2012-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കിയിരിക്കുന്ന കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ കേരളത്തിൽ ഫാമുകൾക്ക് ലൈസൻസ് നൽകി വരുന്നത്. ഇതിൻപ്രകാരം 5 കന്നുകാലികൾ, 20 ആടുകൾ, 5 പന്നികൾ, 25 മുയലുകൾ, 100 പക്ഷികൾ എന്നിവയിൽ കൂടുതൽ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. ഫാം ലൈസൻസിംഗ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിലാണ് വരുന്നത്.

**നാദാപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ പദ്ധതികൾ**

304 (3703) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. രാത്രികാല അടിയന്തര മൃഗചികിത്സാസേവനം
2. റീബിൽഡ് കേരള, പശുക്കുട്ടി വളർത്തൽ, ആട്ടുവളർത്തൽ, കോഴി വളർത്തൽ, തൊഴുത്ത് നിർമ്മാണം
3. കറവയന്ത്രം വാങ്ങൽ
4. ചാണകക്കുഴി നിർമ്മാണം
5. വെറ്ററിനറി സ്ഥാപനങ്ങളുടെ ശാക്തീകരണം
6. ആട്ടുവളർത്തൽ

**ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം**

305 (3704) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ 2020-21 വർഷം ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വ്യക്തമാക്കാമോ?

പോത്തുകുട്ടി വളർത്തൽ പദ്ധതി, വാണിജ്യ അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി തുടങ്ങിയവയാണ് ആനിമൽ റിസോഴ്സ് ഡെവെലപ്മെന്റ് പദ്ധതിയുടെ കീഴിൽ 2020-21 വർഷം ആസൂത്രണം ചെയ്തു നടപ്പിലാക്കിയ പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മൃഗസംരക്ഷണമേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ സബ്സിഡി നൽകുന്ന പദ്ധതി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം 2500 ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതം ആകെ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഗ്രാമശ്രീ, ഗ്രാമപ്രിയ കോഴി വളർത്തൽ

306 (3705) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമശ്രീ, ഗ്രാമപ്രിയ എന്നീ ഇനത്തിൽപ്പെട്ട കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേരള വെറ്ററിനറി സർവ്വകലാശാല വികസിപ്പിച്ചെടുത്ത, ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ ഫാമുകളിൽ നിന്ന് നേരിട്ട് ഗ്രാമശ്രീ കോഴികളെ കർഷർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഈ ഇനത്തിൽപ്പെട്ട കോഴികളുടെ പേരന്റ് സ്റ്റോക്കിനെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള റീജിയണൽ പൗൾട്രി ഫാമുകൾക്കും കെപ്കോയ്ക്കും വിതരണം ചെയ്യുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പും കെപ്കോയും ഈ പേരന്റ് സ്റ്റോക്കിൽനിന്നും ഗ്രാമശ്രീ ഇനം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സർക്കാരിന്റെ വിവിധ പദ്ധതികൾ വഴിയും കെപ്കോയുടെ പദ്ധതികൾ വഴിയും അല്ലാതെയും കർഷകർക്ക് നല്കിവരുന്നു. ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട കോഴികളെ വളർത്തുന്ന പദ്ധതികൾ നിലവിലില്ല.

## കെപ്കോ വഴി കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി

307 (3706) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ വഴി കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി നിലവിൽ നടപ്പാക്കുന്നുണ്ടോ?

ഉണ്ട്.

(ബി) വിധവകൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി വഴി കോഴിയും തീറ്റയും മൃഗാശുപത്രികളിൽനിന്ന് മരുന്നും സൗജന്യമായി നൽകുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതികൾ വഴി 25 കോഴി വരെ സൗജന്യമായി നൽകുന്ന പദ്ധതിയിൽ വിധവകൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

(സി) മലയോര പ്രദേശങ്ങളിലെ വനഭൂമി പട്ടയമുള്ളവർക്ക് പ്രസ്തുത ഭൂമിയിൽ കോഴിക്കൃഷി നടത്തുന്നതിന് നിലവിൽ അനുമതി ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

**കോഴിഫാം കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ**

308 (3707) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിഫാം കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ?

കേരളത്തിലെ കോഴി ഫാം കർഷകരെ സഹായിക്കുന്നതിനായി വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കേരള ചിക്കൻ പദ്ധതി പ്രകാരം കെ.എസ്.പി.ഡി.സി, ബി.ഡി.എസ്., കുടുംബശ്രീ എന്നിവരുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന കോഴി ഫാം ഉടമകൾക്ക് 50,000 രൂപ വരെ ധനസഹായം നൽകുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കോഴി ഫാം നടത്തുന്ന കർഷകർക്ക് ആവശ്യമായ ഗുണമേന്മയേറിയ മുട്ടക്കോഴി/ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിതരണം ചെയ്തുവരുന്നു. കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ മരുന്നുകൾ 15 ശതമാനം വരെ ഡിസ്കൗണ്ടിൽ തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന കെപ്കോ മെഡിക്കൽ സ്റ്റോറിൽ ലഭ്യമാണ്.

(ബി) കോഴിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില കുറച്ച് കോഴിത്തീറ്റ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിത്തീറ്റ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ തൃശ്ശൂർ ജില്ലയിലെ മാളയിൽ പ്രവർത്തിക്കുന്ന കോഴിത്തീറ്റ ഉത്പാദന ഫാക്ടറിയുടെ ട്രയൽ റൺ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോഴിക്കർഷകർക്ക് കെപ്കോ ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഇറച്ചിക്കോഴി, മുട്ടക്കോഴി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളാണ് മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി, കുടുംബശ്രീ - കോൺട്രാക്ട് കോഴിവളർത്തൽ പദ്ധതി എന്നിവ. കെപ്കോയുടെ മുട്ടക്കോഴി ഉത്പാദന കേന്ദ്രത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെയും പ്രതിവർഷം 300 വരെ മുട്ടകൾ ലഭിക്കുന്ന ബി.വി. 380 ഇനത്തിൽപ്പെട്ട കോഴികളെയും താല്പര്യമുള്ള കർഷകർക്ക് വളർത്താൻ നൽകി 45-60 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ തിരിച്ചെടുത്ത് വളർത്തുകൂലിയായി ഒരു കോഴിക്ക് 5 രൂപ മുതൽ 8 രൂപ വരെ നൽകുന്നു. അതിനുപുറമെ ഈ ഇനങ്ങളിൽപ്പെട്ട കോഴികളെ ആവശ്യക്കാർക്ക് വിൽക്കുകയും ചെയ്യുന്നു. കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്കും കോൺട്രാക്ട് ഫാമിംഗിൽ താല്പര്യമുള്ള കർഷകർക്കും വിതരണം ചെയ്യുകയും 45-60 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കെപ്കോ ചിക്കൻ എന്ന പേരിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ആവശ്യക്കാരായ മറ്റ് കർഷകർക്കും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കെപ്കോ നൽകിവരുന്നു. കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ മരുന്നുകൾ തിരുവനന്തപുരം പേട്ടയിലെ കെപ്കോ മെഡിക്കൽ സ്റ്റോറിൽ നിന്നും 15 ശതമാനം വരെ ഡിസ്കൗണ്ടിൽ ലഭിക്കുന്നതാണ്.

**കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി**

309 (3708) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും E-5395578 നമ്പർ പ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്തിൽ നിന്നുള്ള അപേക്ഷയിൻമേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും E-5395578 നമ്പർ പ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്തിൽ നിന്നുള്ള

അപേക്ഷ പരിശോധിച്ചതിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ ഏകദേശം ആയിരത്തോളം കന്നുകാലികൾ ഉള്ളതായും അവയെ മുഴുവൻ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നമാണ് പഞ്ചായത്ത് സമിതി അഭ്യർത്ഥിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി കേരളത്തിലെ ക്ഷീര കർഷകർക്കായി നിലവിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം' പദ്ധതി. പ്രൈവറ്റ്, മറ്റിതര കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളെ തമ്മിൽ ഇതുമായി താരതമ്യം ചെയ്യുമ്പോൾ പ്രീമിയം നിരക്ക് വളരെയധികം കുറവുള്ളതിനാലും പദ്ധതി നിർവ്വഹണം കർഷകർക്ക് അനുകൂലമായതിനാലുമാണ് മൃഗസംരക്ഷണ വകുപ്പിലൂടെ സർക്കാർ നടപ്പിലാക്കിവരുന്ന ടി പദ്ധതിക്ക് കർഷകരുടെ ഇടയിൽ ഇത്രയും പ്രാധാന്യം കൈവന്നത്. നിലവിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്ന 'ഗോസമൃദ്ധി-എൻ.എൽ.എം. 2020-21 പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ ഏകദേശം 60,000 പശുക്കളെ മാത്രമേ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളു. ഈ പദ്ധതിയിൽ എല്ലാ ജില്ലകൾക്കും അതത് ജില്ലകളിലെ ഉരുക്കളുടെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് നല്കിയിട്ടുള്ളതും പദ്ധതിവിഹിതത്തിലെ 65% നിലവിൽ പൂർത്തിയായിട്ടുള്ളതുമാണ്. ആയതിനാൽ എളവള്ളി ഗ്രാമപഞ്ചായത്തിലെ ഉരുക്കളെ മുഴുവൻ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നടപ്പുപദ്ധതിയിൽ ലഭിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമാണ്. സംസ്ഥാനത്തെ മുഴുവൻ ഉയർന്ന പാലുൽപ്പാദനശേഷിയുള്ള കറവപ്പശുക്കൾക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ് ലഭ്യമാക്കുന്ന തരത്തിൽ വകുപ്പ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതി സർക്കാർ ആലോചിച്ചു വരികയാണ്. ടി പദ്ധതി വന്നാൽ കുറഞ്ഞ ചെലവിൽ എല്ലാ ക്ഷീരകർഷകർക്കും തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ സാധിക്കും. കൂടാതെ കന്നുകാലി ഇൻഷ്വറൻസിനായി കേന്ദ്ര സർക്കാരിൽ നിന്നും നിലവിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഫണ്ട് ലഭ്യമാക്കുവാനായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പുനഃക്രമീകരിച്ച പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ മൃഗാശുപത്രികളുടെ പ്രവർത്തനം**

310 (3709) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നന്നംമുക്ക് പഞ്ചായത്തിലെ മൃഗാശുപത്രി നിലവിൽ സൗകര്യങ്ങളില്ലാത്ത ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നന്നംമുക്ക് മൃഗാശുപത്രിക്ക് സൗകര്യപ്രദമായി പ്രവർത്തിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമോ?

മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ആലംകോട് മൃഗാശുപത്രിയുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കുമോ?

ആലംകോട് മൃഗാശുപത്രിയുടെ നവീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും 4,20,000 രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഡി) മൃഗാശുപത്രികളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാൻ നടപടികൾ ആലോചിക്കുന്നുണ്ടോ?

നിലവിൽ ആലോചിച്ചിട്ടില്ല.

**പേപ്പട്ടി വൈറസ്ബാധ തടയുന്നതിനുള്ള സംവിധാനങ്ങൾ**

311 (3710) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ?

തെരുവ്നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് 2001-ലെ കേന്ദ്ര നിയമമായ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം പ്രകാരം അവയെ വന്ധീകരിക്കുകയാണ് സംസ്ഥാനത്ത് ചെയ്യുന്നത്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിക്കുവേണ്ട അടിസ്ഥാനസൗകര്യം നൽകി വരുന്നത് മൃഗസംരക്ഷണ വകുപ്പാണ്. 5-5-2017-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ G.O.(Rt) No. 1450/2017/LSGD പ്രകാരം 2017 മുതൽ കുടുംബശ്രീയാണ് ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി പ്രവർത്തിച്ചുവന്നിരുന്നത്. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No.13204/2021 കേസിലെ 19-7-2021-ലെ ഇടക്കാല വിധി പ്രകാരം കുടുംബശ്രീക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നത് താല്ക്കാലികമായി തടഞ്ഞിരിക്കുകയാണ്. ഈ വിഷയത്തിൽ കോടതിയുടെ തുടർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ ഈ പദ്ധതി തുടരാൻ കഴിയുകയുള്ളൂ.

(ബി) പേപ്പട്ടി വൈറസ്ബാധ തടയുന്നതിന് കുറ്റ്യാടി മണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്കുകളിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെയും തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായിട്ടുള്ള അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ്. 2015-ൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കുന്നമ്മൽ, വടകര, കൊയിലാണ്ടി, പേരാമ്പ്ര, ബാലുശ്ശേരി എന്നീ കേന്ദ്രങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും നടത്തിപ്പിലെ അപാകതകൾമൂലവും പൊതുജനങ്ങളുടെ എതിർപ്പുമൂലവും നിർത്തിവയ്ക്കേണ്ടിവന്നു. നിലവിൽ ജില്ലാ പഞ്ചായത്ത് ബാലുശ്ശേരിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയതും അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ള രീതിയിലുള്ളതുമായ SOP (Standard Operation Procedure) പാലിക്കുന്നതുമായ എബിസി സെന്ററിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ തുടങ്ങുന്ന മുറയ്ക്ക് കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തെരുവുനായ്ക്കളുടെ വന്ധ്യംകരണ പരിപാടികൾ ആരംഭിക്കുന്നതാണ്. പേവിഷബാധ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വളർത്തുനായ്ക്കൾക്ക് പേവിഷബാധ രോഗം വരാതിരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് മൃഗസംരക്ഷണ വകുപ്പാണ്. നിയോജകമണ്ഡലത്തിലെ ഏകദേശം 60% വളർത്തുനായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടുണ്ട്.

## കല്ലൂർക്കാട് വെറ്ററിനറി ആശുപത്രി

312 (3711) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ആശുപത്രി ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ആശുപത്രി ആക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലില്ല. സാധാരണ ഗതിയിൽ കൂടുതൽ വിസ്തീർണ്ണവും മൃഗസമ്പത്തും കേസ്സുകളും ഉള്ള ഡിസ്പെൻസറികളെയാണ് മൃഗാശുപത്രികളായി ഉയർത്തുന്നത്. വെറ്ററിനറി ഹോസ്പിറ്റലിൽ അസിസ്റ്റന്റ് ഡയറക്ടറുടെ കേഡറിലുള്ള സീനിയർ വെറ്ററിനറി സർജനും ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനും ആണ് ഹെഡ് ഓഫ് ഓഫീസായി പ്രവർത്തിക്കുന്നത്. ഈ തസ്തികകൾ തമ്മിൽ നിലവിലുള്ള നിയമപ്രകാരം സംസ്ഥാന തലത്തിൽ 1:3 എന്ന

അനുപാതവും പാലിക്കേണ്ടതുണ്ട്. ആയതിനാൽ 3 വെറ്ററിനറി സർജന്റെ തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെടുമ്പോഴേ ഒരു വെറ്ററിനറി ഡിസ്പെൻസറി ഹോസ്പിറ്റലായി അപ്ഗ്രേഡ് ചെയ്യാനാകുകയുള്ളൂ.

(ബി) കല്ലൂർക്കാട് പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ ആവശ്യാധിഷ്ഠിത ഫീസിബിലിറ്റി പഠനം നടത്തി വെറ്ററിനറി ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കല്ലൂർക്കാട് പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ ആവശ്യാധിഷ്ഠിത സാദ്ധ്യതാ പഠനം നടത്തി വെറ്ററിനറി ആശുപത്രി ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും പഠനഫലമായി നിലവിൽ കല്ലൂർക്കാട് ഡിസ്പെൻസറിയെ മൃഗാശുപത്രിയായി ഉയർത്തേണ്ട സാഹചര്യം നിലവിലില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

**കാസർഗോഡ് ജില്ലയിലെ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ**

313 (3712) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ മൃഗാശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക മൃഗാശുപത്രി.

(ബി) ബേഡഡുക്ക മൃഗാശുപത്രിയിൽ ഡോക്ടറുടെ ഒഴിവ് വന്നിട്ട് എത്ര മാസമായി എന്ന് അറിയിക്കാമോ?

നാല് മാസം.

(സി) പ്രസ്തുത മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ശൂന്യവേതനാവധിയിലായിരുന്ന വെറ്ററിനറി സർജൻ ഡോ. പി. എ. അബ്ദുൽഖാദർ കുഞ്ഞി, ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 12-6-2021-ലെ എ.എച്ച്.ഡി/3255/2021-ഡി2 നമ്പർ ഉത്തരവ് പ്രകാരം നിയമനോത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടിയാൻ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത മൃഗാശുപത്രിയിൽ പി.എസ്.സി. നിയമന ശിപാർശ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഷോപ്പ് ഓൺ വീൽ പദ്ധതിയുടെ പ്രവർത്തനം

314 (3713) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പും കെ.എസ്.ആർ.ടി.സി-യുമായി ചേർന്ന് നടത്താൻ ഉദ്ദേശിക്കുന്ന ഷോപ്പ് ഓൺ വീൽ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ; ഇത് എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയൊക്കെയെന്നും വിശദീകരിക്കാമോ?

മൃഗസംരക്ഷണ വകുപ്പും കെ.എസ്.ആർ.ടി.സി-യുമായി ചേർന്ന് നിലവിൽ ഷോപ്പ് ഓൺ വീൽ പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കെ.എസ്.ആർ.ടി.സി-യുടെ മേജർ സ്റ്റേഷനുകളിൽ സ്ഥലം വാടകയ്ക്കെടുത്ത് എം.പി.ഐ-യുടെ മീറ്റ് സ്റ്റാളുകൾ തുടങ്ങുന്ന പദ്ധതി പരിഗണനയിലാണ്.

## എലപ്പുള്ളി മൃഗാശുപത്രി സ്ഥലം വിട്ടുനല്കൽ

315 (3714) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലപ്പുള്ളിയിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് എലപ്പുള്ളി മൃഗാശുപത്രിയുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം മൃഗസംരക്ഷണ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകുവാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ എലപ്പുള്ളി മൃഗാശുപത്രി വളപ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി ബഹു. ജല വിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വനം, മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും നടന്ന യോഗത്തിൽ 130 ലക്ഷം ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന ടാങ്ക് നിർമ്മിക്കുന്നതിനും ടി നിർമ്മാണത്തിന്റെ ഭാഗമായി 3 നിലകളിലായി ലഭ്യമാകുന്ന 1500 ചതുരശ്ര മീറ്റർ സ്ഥലം മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിനുമായി വാട്ടർ അതോറിറ്റി അധികൃതരും മൃഗസംരക്ഷണ വകുപ്പുദ്യോഗസ്ഥരും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് തീരുമാനമെടുക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ 4-11-2020-ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കൂടി ഉൾപ്പെട്ട ഓൺലൈൻ യോഗം ചേരുകയുണ്ടായി. എലപ്പുള്ളി

മൃഗാശുപത്രി വളപ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ 12.54 സെന്റ് സ്ഥലം വിട്ട് കൊടുക്കുന്നതിന് സമ്മതമാണെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ജി2/55/2020-എ.എച്ച്. ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം**

316 (3715) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വകുപ്പിന് എത്ര ഏക്കർ ഭൂമി വിട്ടുതന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

കൊളത്തൂർ വില്ലേജിലെ റി.സർവ്വേ നമ്പർ 11/1B യിലെ 14.92 ഏക്കർ ഭൂമിയും 11/1A യിലെ 7.82 ഏക്കർ ഭൂമിയുമടക്കം 22.74 ഏക്കർ റവന്യൂ വകുപ്പിൽനിന്നും പെർമിസീവ് സാംഗ്ഷൻ എന്ന വ്യവസ്ഥയിൽ മൃഗസംരക്ഷണ വകുപ്പിന് കൈമാറി കിട്ടിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് കോസ്റ്റ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(ബി&സി) ബേഡഡുക്ക ഗോട്ട് ഫാമുമായി ബന്ധപ്പെട്ട 5 ഗോട്ട് ഷെഡുകളുടെ നിർമ്മാണത്തിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയാണ് കൺസൾട്ടൻസിയായി തീരുമാനിച്ചത്. ഫോംസ് കൺസ്ട്രക്ഷൻ കമ്പനിയാണ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത്. ഗോട്ട് ഫാം പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 63,06,000 രൂപ PWD ഹെഡിൽനിന്നും അനുവദിച്ചതിനെത്തുടർന്ന് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 11-8-2021 മുതൽ വീണ്ടും ആരംഭിച്ചു. എന്നാൽ നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന നാല്പതോളം മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ അനുമതി തേടിയിട്ടുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ പാൽ, മാംസ ആവശ്യങ്ങൾ സംബന്ധിച്ച്

317 (3716) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിവളർത്തൽ ലാഭകരമാക്കി കൂടുതൽ കർഷകരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് തൊഴിൽ ലാഭകരമാക്കുന്നതിനും നേരിട്ട് പ്രയോജനം ലഭിക്കുന്നതിനുമായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

a) കന്നുകുട്ടി പരിപാലന പദ്ധതി - ഗോവർദ്ധിനി പദ്ധതി: പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ. ഒരു യൂണിറ്റിന് 12,500 രൂപ സബ്സിഡി നൽകുന്നു.

b) ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം: മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള വായ്പകൾക്കുള്ള പലിശ സബ്സിഡി പദ്ധതി. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന വായ്പകൾ ദീർഘകാല വായ്പകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഇത്തരം വായ്പകൾക്ക് പലിശയിനത്തിൽ 5,000 രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന സ്കീമാണിത്.

c) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി): സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു.

d) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി: ഒരു ഗുണഭോക്താവിന് 12,500 രൂപയുടെ സഹായം ലഭിക്കും.

e) കർഷക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 LMTC-കൾ വഴി പശു വളർത്തൽ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

f) വെറ്ററിനറി സേവനം മൃഗചികിൽസ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാസേവനം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 31 സ്ഥാപനങ്ങൾ 24 മണിക്കൂർ സേവനം നൽകുന്ന സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

g) കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി: ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഒരു ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകുന്നു.

h) റീബിൽഡ് കേരളയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ:

i) പശു വളർത്തൽ - 2 പശുക്കൾ അടങ്ങുന്ന യൂണിറ്റ് ഒന്നിന് 60,000 രൂപ സഹായം

ii) കിടാരി വളർത്തൽ - ഒരു കിടാരി അടങ്ങുന്ന യൂണിറ്റ് ഒന്നിന് 15,000 രൂപ സഹായം

iii) കാലിത്തീറ്റ സബ്സിഡി - 6 മാസ കാലയളവിലേയ്ക്കുള്ള തീറ്റ 1, 000 രൂപ വച്ച് 6 മാസം സഹായം.

iv) തൊഴുത്ത് നിർമ്മാണത്തിന് സഹായം - യൂണിറ്റ് ഒന്നിന് പരമാവധി 25,000 രൂപ

v) ഫാം യന്ത്രവത്ക്കരണത്തിന് ധനസഹായം - യൂണിറ്റ് ഒന്നിന് പരമാവധി 1 ലക്ഷം രൂപ സഹായം

vi) തീറ്റപ്പുൽകൃഷിയ്ക്ക് സഹായം - ഹെക്ടർ ഒന്നിന് പരമാവധി 30,000 രൂപ. കെ.എൽ.ഡി.ബി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ: സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി ജനിതകമേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതികരിച്ച് സംസ്ഥാനത്തിനകത്തെ 2954 കൃത്രിമ ബീജാധാന

കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു. വിത്തുകാളകളുടെ ജനിതക മേന്മതെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉത്പാദിപ്പിച്ച്, ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. കന്നുകാലി പ്രജനനനയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്രകൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിനുപുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കാനഡയിൽ നിന്നും ഉയർന്ന ജനിതകമേന്മയുള്ള വിത്തുകാളകളുടെ 40,000 ഗാഢശീതികരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. പശുക്കുട്ടികളെ മാത്രം ഉത്പാദിപ്പിക്കുന്ന, ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമബീജാധാനത്തിനായി 26000 ബീജമാത്രകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ മുഖേന തീറ്റപ്പുൽകൃഷിക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) അത്യുല്പാദനശേഷിയുള്ള സങ്കരയിനങ്ങളോടൊപ്പം പ്രതിരോധശേഷി കൂടുതലുള്ള നാടൻ ഇനങ്ങളുടെ പ്രജനനവും പരിപാലനവും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സൂക്ഷ്മമായ പ്ലാനിംഗോടുകൂടി മൃഗസംരക്ഷണ വകുപ്പ് പ്രജനന നയം നടപ്പിലാക്കിയതിന്റെ ഫലമായി കേരളത്തിലെ കന്നുകാലികളുടെ ഉത്പ്പാദനക്ഷമത 3 ലിറ്ററിൽ നിന്നും പതിന്മടങ്ങ് വർദ്ധിച്ചു. ഇന്ന് സംസ്ഥാന പാലുത്പാദന ശരാശരി 10.2 ലിറ്റർ ആണ്. ജനങ്ങളുടെ ആവശ്യത്തിന് പാൽ ലഭ്യമാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ട്. കൂടാതെ രോഗപ്രതിരോധശേഷി കണക്കിലെടുത്ത് തനതു ജനുസ്സുകളെ സംരക്ഷിക്കുന്നതിനായി നാടൻ ഇനങ്ങളെ കണ്ടെത്തി അവയുടെ ജനിതക പഠനം നടത്തുന്നതിന് വകുപ്പ് ശ്രമം നടത്തിവരുന്നു. വെച്ചൂർ, കാസർഗോഡ് കുള്ളൻ, വയനാടൻ കുള്ളൻ, ചെറുവള്ളി, പെരിയാർ കുള്ളൻ തുടങ്ങിയ നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനായി അവയുടെ ഗാഢശീതീകരിച്ച ശുദ്ധ ബീജമാത്രകൾ കെ.എൽ.ഡി. ബോർഡ് മുഖേന ഈ ഇനങ്ങൾ കണ്ടുവരുന്ന പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നു. നിലവിൽ വെച്ചൂർ

പശുക്കളെ നാടൻ ഇനമായി അംഗീകരിച്ചിട്ടുണ്ട്. കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം തുടങ്ങിയിട്ടുണ്ട്. വയനാടൻ കുള്ളൻ ഇനത്തിന്റെ ജനിതക പഠനം വകുപ്പിന്റെ ധനസഹായത്തോടെ കെ.എൽ.ഡി. ബോർഡിന്റെ ജീനോമിക് ലാബിൽ നടത്തിവരുന്നു. വെച്ചൂർ പശുക്കളുടെയും ചെറുവള്ളി, വയനാടൻ കുള്ളൻ തുടങ്ങിയ ഇനങ്ങളുടെയും സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷനിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

318 (3717) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കർഷക സമ്പർക്ക പരിപാടി, ബ്ലോക്ക് ക്ഷീരസംഗമം, തീറ്റപ്പുൽകൃഷി 20 സെന്റിനുമുകളിൽ, ചോളം കൃഷി & പുൽവിത്തുകൾ വിതരണം, ജലസേചന പദ്ധതി, തരിശുഭൂമിയിൽ പുൽകൃഷി, സംഘങ്ങളിൽ എഫ്.എസ്.എസ്.എ. നടപ്പിലാക്കുന്നത്, പുതുതായി രൂപീകരിക്കുന്ന സംഘത്തിനുള്ള ധനസഹായം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, മാനേജീരിയൽ അസിസ്റ്റൻസ്, പാൽ സംഭരണ മുറി, മാലിന്യനിർമ്മാർജ്ജന പ്ലാന്റ്, ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, ഒരു പശു + ഒരു കിടാരി, 3 പശു + 2 കിടാരി, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ വിതരണം, ക്ഷീര സാന്ത്വന ഇൻഷ്വറൻസ് പദ്ധതി, കോവിഡ് ദുരിതാശ്വാസ കാലിത്തീറ്റ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ക്ഷീരഗ്രാമം പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി**

319 (3718) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളം ക്ഷീരകർഷകർ ഉള്ളതും ക്ഷീര വികസനത്തിന് സാദ്ധ്യതയുള്ളതുമായ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിൽ ഒരു സാദ്ധ്യതാ പഠനം നടത്തി ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി**

320 (3719) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മലപ്പുറം മണ്ഡലത്തിൽ ആനക്കയം ഗ്രാമപഞ്ചായത്തിലാണ് ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളുമാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിലെ ക്ഷീര കർഷകർക്ക് ഈ സർക്കാർ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി മണ്ഡലത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ?

ക്ഷീര കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് ' ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും നൽകിവരുന്നു.

## കണ്ണൂർ ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി

321 (3720) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര ഗ്രാമം പദ്ധതി നിലവിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ സംസ്ഥാനത്ത് 53 പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീര ഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കിയത്?

1. തില്ലങ്കേരി പഞ്ചായത്ത് (2018-19)
2. ചൊക്ലി പഞ്ചായത്ത് (2019-20)
3. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് (2020-21)
4. പിണറായി പഞ്ചായത്ത് (2020-21)
5. ഉളിക്കൽ പഞ്ചായത്ത് (2020-21)

(സി) പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2021-22 സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ പദ്ധതി അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇല്ല. 2021-22 വർഷത്തിൽ ക്ഷീര ഗ്രാമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകളുടെ പട്ടിക അന്തിമമായിട്ടുണ്ട്. ഇതിൽ പയ്യന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല.

## സർക്കാർ തലത്തിൽ പാൽപ്പൊടി ഫാക്ടറി

322 (3721) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത പാൽ കേരളത്തിൽ എത്തുന്നത് തടയാൻ ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.

(ബി) ക്ഷീരവികസന വകുപ്പ് പാൽപ്പൊടി ഫാക്ടറി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര ടൺ ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഇല്ല. മിൽമ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് പാൽപ്പൊടിനിർമ്മാണ ഫാക്ടറിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 53 കോടി രൂപ ചെലവഴിച്ച് 10 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള ആധുനിക പാൽപ്പൊടിനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

## ക്ഷീര വികസന വകുപ്പിന് കീഴിലുള്ള പാൽ സൊസൈറ്റികൾ

323 (3722) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പ് മുഖേന ക്ഷീര കർഷകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് മുഖാന്തരം തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ:

1. വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

2. പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

3. കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

4. ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ

മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതൽ ഉള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

(ബി) ക്ഷീര വികസന വകുപ്പിന് കീഴിലുള്ള സൊസൈറ്റികളിൽ പാൽ കൊടുക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്ന തുക കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഇന്ത്യയിൽത്തന്നെ ക്ഷീരസഹകരണ സംഘങ്ങൾ വഴി ഏറ്റവും ഉയർന്ന പാൽ വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന സംസ്ഥാനം കേരളമാണ്. പാൽ വില വർദ്ധനവിൽ 84%-ത്തോളം തുക ക്ഷീരകർഷകർക്ക് ലഭിക്കുന്ന രീതിയിലാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 തവണയായി 8 രൂപ വർദ്ധനവുണ്ടായപ്പോൾ 6.7 രൂപയും കർഷകരുടെ കൈകളിലെത്തി.

(സി) സ്വകാര്യ വ്യക്തികളിൽനിന്നും കൂടുതൽ വില കിട്ടുന്നതിനാൽ ക്ഷീര കർഷകർ സൊസൈറ്റികളെ ഒഴിവാക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സൊസൈറ്റികളിൽ നിന്നും ക്ഷീര കർഷകർക്ക് ലഭിക്കുന്ന പാൽവിലയ്ക്കു പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി എന്നീ ആനുകൂല്യങ്ങൾ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ലഭിച്ചുവരുന്നു. കൂടാതെ, സംഘങ്ങളിൽ നിന്ന് കർഷകർക്ക് ലാഭവിഹിതവും ബോണസും നൽകുന്നുണ്ട്. ആയതിനാൽ കർഷകർ സംഘത്തിൽ പാൽ അളക്കാൻ താല്പര്യം കാണിക്കുന്നുണ്ട്.

**പാൽ വില വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ നടപടി**

324 (3723) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽവിലയിലുണ്ടായ വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പാൽവില വർദ്ധനവിൽ 84 ശതമാനത്തോളം തുക ക്ഷീരകർഷകർക്ക് ലഭിക്കുന്ന രീതിയിലാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 തവണയായി 8 രൂപ വർദ്ധനവുണ്ടായപ്പോൾ 6.7 രൂപയും കർഷകരുടെ കൈകളിലെത്തി. ഇന്ത്യയിൽത്തന്നെ ഏറ്റവും ഉയർന്ന പാൽ വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന സംസ്ഥാനം കേരളമാണ്.

(ബി) കാലിത്തീറ്റയുടെ വിലവർദ്ധനവ് കാരണം ക്ഷീരകർഷകർക്കുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കാലിത്തീറ്റ വിലവർദ്ധനവ് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി പദ്ധതികളും ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കുന്നു.

(സി) തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള തരിശുഭൂമി കണ്ടെത്തി ഉപയോഗിക്കാൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽക്കൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തരിശുഭൂമി കണ്ടെത്തി തീറ്റപ്പുൽക്കൃഷിക്കായി ഉപയോഗിക്കാൻ പദ്ധതികൾ നിലവിലുണ്ട്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള പദ്ധതിയും ക്ഷീരസംഘങ്ങൾ വഴി വയ്ക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള വയ്ക്കോൽ ബെയ്ലിംഗ് യൂണിറ്റ് തുടങ്ങിയ രണ്ട് നൂതനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിലെ ക്ഷീര ഉൽപ്പാദനം**

325 (3724) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കരയിനം പശുക്കൾ, നാടൻ പശുക്കൾ, ആട് എന്ന ക്രമത്തിൽ ഇനം തിരിച്ച് കേരളത്തിലെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് ലഭ്യമാക്കാമോ?

2020-21 വർഷത്തെ സംസ്ഥാനത്തെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു. സങ്കരയിനം പശു-2370.28 മെട്രിക് ടൺ, നാടൻ പശു-4.37 മെട്രിക് ടൺ, ആട്-119.22 മെട്രിക് ടൺ.

(ബി) എൻ.ഡി. കന്നുകാലികൾ, നാടൻ എരുമകൾ എന്നിവയിലൂടെയുള്ള ക്ഷീര ഉൽപാദനത്തിന്റെ കണക്ക് ലഭ്യമാക്കാമോ?

2020-21 വർഷത്തെ സംസ്ഥാനത്തെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു. എൻ.ഡി. കന്നുകാലികൾ എൻ.ഡി. പശു-27.57 മെട്രിക് ടൺ, എൻ.ഡി. എരുമ-3.81 മെട്രിക് ടൺ, നാടൻ എരുമ-8.61 മെട്രിക് ടൺ.

(സി) ക്ഷീര ഉൽപ്പാദനം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ശുദ്ധമായ പാൽ ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ക്ഷീര ഉൽപ്പാദനം വർദ്ധിപ്പിക്കാനായി ഈ സർക്കാർ ക്ഷീരോല്പാദന മേഖലയിൽ വിവിധ പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് കൈത്താങ്ങാവുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽക്കൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ജനങ്ങൾക്ക് ശുദ്ധമായ പാൽ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം ലാബുകളും പ്രവർത്തിക്കുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും പാൽ സാമ്പിൾ ലഭ്യമാക്കുന്നുണ്ട്. പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഒരു യൂണിറ്റിന് 12,500 രൂപ സബ്സിഡി നൽകിവരുന്നു. ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീമിലൂടെ മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് 5,000 രൂപ വരെ പലിശ നിശ്ചയിച്ച് സബ്സിഡി നൽകുന്നു. കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതിയിലൂടെ കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതികൾക്ക് ഒരു

ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകുന്നു. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന റീബിൾഡ് കേരള (RKI) പദ്ധതിയും നടപ്പാക്കിവരുന്നു.

i) പശു വളർത്തൽ- 2 പശുക്കൾ അടങ്ങുന്ന യൂണിറ്റ് ഒന്നിന് 60,000 രൂപ സഹായം

ii) കിടാരി വളർത്തൽ- ഒരു കിടാരി അടങ്ങുന്ന യൂണിറ്റ് ഒന്നിന് 15,000 രൂപ സഹായം

iii) കാലിത്തീറ്റ സബ്സിഡി-6 മാസ കാലയളവിലേയ്ക്കുള്ള തീറ്റ 1,000 രൂപ വച്ച് 6 മാസം സഹായം.

iv) തൊഴുത്ത് നിർമ്മാണത്തിന് സഹായം- യൂണിറ്റ് ഒന്നിന് പരമാവധി 25,000 രൂപ

v) ഫാം യന്ത്രവത്ക്കരണത്തിന് ധനസഹായം-യൂണിറ്റ് ഒന്നിന് പരമാവധി 1 ലക്ഷം രൂപ

vi) തീറ്റപ്പുൽകൃഷിയ്ക്ക് സഹായം- ഹെക്ടർ ഒന്നിന് പരമാവധി 30,000 രൂപ.

കൂടാതെ, കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കേരമിൻ എന്ന ധാതുലവണ മിശ്രിതം എല്ലാ മൃഗാശുപത്രികൾവഴിയും സൗജന്യമായി വിതരണം നടത്തിവരുന്നു.

## നിലമ്പൂർ മേഖലയിലെ പാൽ ഉൽപ്പാദനം

326 (3725) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മേഖലയിൽ കോവിഡ് കാലയളവിൽ പാൽ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ പാലിന്റെ ഉൽപ്പാദനം, സംഭരണം, മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധന എന്നിവ ക്ഷീരസംഘങ്ങൾ തിരിച്ച് എത്രയെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കോവിഡ് കാലയളവിൽ പാലുൽപ്പാദനം വർദ്ധിച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഏതെല്ലാം ക്ഷീരസംഘങ്ങളിലാണ് പാലുൽപ്പാദന വർദ്ധനയുണ്ടായതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് കാലയളവിൽ ഹോട്ടലുകളും മറ്റ് വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നതിന് നിയന്ത്രണങ്ങളുണ്ടായിരുന്നതിനാൽ ക്ഷീരകർഷകർ പാൽ പരമാവധി ക്ഷീരസംഘങ്ങളിൽ നൽകി. ഇത് ക്ഷീരസംഘങ്ങളിലെ സംഭരണം കൂടാൻ ഇടയാക്കി. പാലുൽപ്പാദന വർദ്ധനവുണ്ടായ ക്ഷീരസംഘങ്ങളുടെ വിവരണം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) നിലമ്പൂർ മേഖലയിൽ പാൽ ശീതീകരിക്കുന്നതിന് ബൾക്ക് മിൽക്ക് കൂളറുകൾ (ബി.എം.സി.) സ്ഥാപിച്ചിട്ടുള്ള ക്ഷീര സംഘങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ബി.എം.സി-കളുടെ സംഭരണശേഷി, സ്ഥാപിക്കുന്നതിനുള്ള ചെലവ്, ഇവയുടെ പ്രയോജനങ്ങൾ എന്നിവ അറിയിക്കാമോ?

നിലമ്പൂർ മേഖലയിൽ പാൽ ശീതീകരിക്കുന്നതിന് ബൾക്ക് മിൽക്ക് കൂളറുകൾ (ബി.എം.സി.) സ്ഥാപിച്ചിട്ടുള്ള ക്ഷീര സംഘങ്ങളും ബി.എം.സി. കളുടെ സംഭരണശേഷിയും ചുവടെ ചേർക്കുന്നു. ആനക്കല്ല്-5000 ലിറ്റർ, ചേലക്കടവ്-5000 ലിറ്റർ, വട്ടപ്പാടം-3000 ലിറ്റർ, എളമ്പലിക്കോട്-3000 ലിറ്റർ. 3000 ലിറ്റർ സംഭരണ ശേഷിയുള്ള ബി.എം.സി നിർമ്മിക്കുന്നതിന് ഏകദേശം 14,60,000 രൂപയും 5000 ലിറ്റർ സംഭരണ ശേഷിയുള്ള ബി.എം.സി നിർമ്മാണത്തിന് ഏകദേശം 16,20,000 രൂപയും ചെലവ് വരും. ബി.എം.സി.-കൾ സ്ഥാപിച്ചിട്ടുള്ള ക്ഷീര സംഘങ്ങളുടെ കീഴിൽ പ്രാദേശികമായിട്ടുള്ള മറ്റു ക്ഷീര സംഘങ്ങൾ യൂണിയനിലേയ്ക്ക് നൽകാനുള്ള പാൽ എത്തിക്കുകയും അവിടെ ശീതീകരിച്ചശേഷം പാൽ പ്രോസസ്സ് ചെയ്യുന്ന പ്ലാന്റിലേയ്ക്ക് ടാങ്കർ വഴി എത്തിക്കുകയും ചെയ്യുന്നു. പാലിന്റെ ഗുണനിലവാരം കുറയാതിരിക്കാനാണ് ശീതീകരിച്ച് സൂക്ഷിക്കുന്നത്.

(ഡി) നിലമ്പൂർ മിൽമ ചില്ലിംഗ് പ്ലാന്റിലെ ഇൻസുലേറ്റഡ് മിൽക്ക് സ്റ്റോറേജ് ടാങ്കുകൾ മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; പ്രസ്തുത പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

മിൽമ ചില്ലിംഗ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രദേശത്തെ മുഴുവൻ പാലും ബി.എം.സി. മുഖേനയാണ് സംഭരിച്ച് പോരുന്നത്. ആയതിനാൽ മിൽക്ക് ചില്ലിംഗ് പ്ലാന്റിന്റെ ആവശ്യം വരുന്നില്ല. ഇവിടെ മിൽമയുടെ P&I യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

**ക്ഷീര സംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം**

327 (3726) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡ് അംഗത്വമുള്ള എത്ര ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ഈ സംഘങ്ങൾ മുഖേന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര ജീവനക്കാരെ ബോർഡിൽ അംഗങ്ങൾ ആക്കിയിട്ടുണ്ട്?

ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് സഹകരണ പെൻഷൻ ബോർഡിൽ അംഗത്വം നൽകുന്നില്ല. ക്ഷീരോൽപ്പാദക സംഘങ്ങളിലെ ജീവനക്കാർക്ക് സഹകരണ പെൻഷൻ ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. ജീവനക്കാർ സംഘത്തിന്റെ അനുമതിയോടെയാണ് സഹകരണ പെൻഷൻ ബോർഡിൽ അംഗമാവുന്നത്.

(ബി) ക്ഷീര സംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ക്ഷീരസംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരസംഘങ്ങൾ മുഖേന പ്രചരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(സി) ക്ഷീര സംഘം ജീവനക്കാരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ക്ഷീര വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ പെൻഷൻ ബോർഡിൽ നിയമിക്കുന്നത് പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സീനിയർ ക്ഷീര വികസന ഓഫീസർമാരുടെ നിയമനം**

328 (3727) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീര വികസന ഓഫീസർമാരുടെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഫയൽ തീർപ്പാക്കാനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ടെക്നിക്കൽ അസിസ്റ്റന്റ്/ സീനിയർ ക്ഷീരവികസന ഓഫീസർ എന്നീ ഇന്റർ ചേഞ്ചബിൾ റേഷ്യോ പ്രൊമോഷൻ തസ്തികകളിൽ പ്രൊമോഷൻ നൽകുമ്പോൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് വാങ്ങി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം മാത്രം റേഷ്യോ പ്രൊമോഷൻ നൽകണമെന്നും അതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഡയറി ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം പരിശോധിച്ചുവരികയാണ്. ആവശ്യമെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതാണ്.

## കാലിത്തീറ്റയ്ക്ക് സബ്സിഡി

329 (3728) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ഈ വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയ പഞ്ചായത്തുകളുടെ പട്ടികയിൽ കോട്ടക്കൽ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല.

(ബി) കാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം ക്ഷീര മേഖല നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാലിത്തീറ്റ വിലവർദ്ധനവ് കാരണം ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

(സി) സബ്സിഡി നൽകി കാലിത്തീറ്റ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുമേഖലയിലുള്ള കാലിത്തീറ്റ നിർമ്മാണ കമ്പനികളായ കേരള ഫീഡ്സ്, മിൽമ ഫീൽഡ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ക്ഷീരകർഷകർക്ക് സഹായം നൽകിയത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ഡി) കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽക്കൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തരിശുഭൂമി കണ്ടെത്തി തീറ്റപ്പുൽക്കൃഷിയ്ക്കായി ഉപയോഗിക്കാൻ പദ്ധതികൾ നിലവിലുണ്ട്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള പദ്ധതി, ക്ഷീരസംഘങ്ങൾ വഴി വയ്ക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള വയ്ക്കോൽ ബെയ്ലിംഗ് യൂണിറ്റ് എന്നീ രണ്ട് നൂതനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഒരു പരിധിവരെ സഹായകമാകും.

**ക്ഷീര വികസന ഓഫീസർ തസ്തികകൾ**

330 (3729) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീനിയർ ക്ഷീര വികസന ഓഫീസർക്ക് തത്തുല്യമായ ഇന്റർ ചേഞ്ചബിൾ തസ്തികകൾ വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ധനകാര്യ വകുപ്പിന്റെ 2011 ഫെബ്രുവരി 26-ലെ സ.ഉ.(പി) 85/2011/ധന. പ്രകാരവും 2016-ലെ സ.ഉ.(പി) 7/2016/ധന. പ്രകാരവും സീനിയർ ക്ഷീരവികസന ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ ഇന്റർ ചെയ്ഞ്ചബിൾ ആണ്.

(ബി) ക്ഷീര വികസന ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടോ?

അർഹതയില്ല.

(സി) ഏതൊക്കെ തസ്തികകളാണ് സീനിയർ ക്ഷീര വികസന ഓഫീസർ തസ്തികകൾ ആയി നോട്ടിഫൈ ചെയ്തിരിക്കുന്നത്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രത്യേകം തസ്തികകൾ ഒന്നും നോട്ടിഫൈ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലില്ല. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21-4-2016-ലെ ഇ.എസ്.1/12876/2014 ഉത്തരവുപ്രകാരം 26 ക്ഷീരവികസന ഓഫീസർമാരുടെ തസ്തികകളെ സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളാക്കി ഉയർത്തി ഉത്തരവായിരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ**

331 (3730) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ 51 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സംഘങ്ങളുടെ പേര്, നമ്പർ, സ്ഥലം തുടങ്ങിയ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീരസഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയനിലെ താൽക്കാലിക നിയമനങ്ങൾ**

332 (3731) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം നിലവിൽ വന്നശേഷം നടത്തിയ താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം എത്ര നാളത്തേയ്ക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏറ്റെടുത്തതിനുശേഷം 176 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

1. തിരുവനന്തപുരം ഹെഡ് ഓഫീസ് - 2 നിയമനങ്ങൾ (ഡ്രൈവർ-കം-ഓഫീസ് അസിസ്റ്റന്റ്)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. തിരുവനന്തപുരം ഡയറി - 120 നിയമനങ്ങൾ (പ്ലാന്റ് അസിസ്റ്റന്റ്)

3. കൊല്ലം ഡയറി - 17 നിയമനങ്ങൾ (16 പ്ലാന്റ് അസിസ്റ്റന്റ്, 1 ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ്)

4. പത്തനംതിട്ട ഡയറി - 37 നിയമനങ്ങൾ (31 പ്ലാന്റ് അസിസ്റ്റന്റ്, 1 ഡ്രൈവർ-കം-ഓഫീസ് അസിസ്റ്റന്റ്, 5 ടെക്നീഷ്യൻ) ഇവയിൽ പ്ലാന്റ് അസിസ്റ്റന്റ് തസ്തിക ആറു മാസത്തേയ്ക്കും, മറ്റ് തസ്തികകളിലേയ്ക്ക് ഒരു വർഷത്തേയ്ക്കുമാണ് നിയമനം നടത്തിയിട്ടുള്ളത്. നിലവിൽ ഉണ്ടായിരുന്ന താൽക്കാലിക ജീവനക്കാരുടെ കാലാവധി കഴിഞ്ഞ മുറയ്ക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് പുതിയ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്.

(ബി) ക്ഷീരവികസന വകുപ്പിൽ നിന്നോ മറ്റു വകുപ്പുകളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥരെ പ്രസ്തുത സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ നിയമിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം നിലവിൽ വന്ന ശേഷം ക്ഷീരവികസന വകുപ്പിലെ സർവ്വീസിൽ നിന്നും വിരമിച്ച എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; എങ്കിൽ എത്ര നാളത്തേയ്ക്കാണ് അവരുടെ നിയമനമെന്നും നിയമനം ലഭിച്ചവരുടെ പേര് വിവരം, തസ്തികകൾ, ആകെ ശമ്പളം, ഓരോരുത്തരെയും ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്നിവയും വെളിപ്പെടുത്താമോ?

(ബി&സി) ക്ഷീരവികസന വകുപ്പിൽ നിന്നോ മറ്റു വകുപ്പുകളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥരെ തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയനിൽ നിയമിച്ചിട്ടില്ല.

**ക്ഷീര സഹകരണസംഘങ്ങൾ**

333 (3732) <u>ശ്രീമതി സി. കെ. ആശ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം നിയമത്തിലെ വകുപ്പ് 80 പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ലാത്ത എത്ര ക്ഷീര സഹകരണസംഘങ്ങൾ സംസ്ഥാനത്തുണ്ട്; സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ലഭ്യമായ കണക്കുകൾ പ്രകാരം 1356 ക്ഷീരസംഘങ്ങളിൽ സഹകരണസംഘം നിയമത്തിലെ വകുപ്പ് 80 പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ സാമ്പത്തിക പ്രാപ്തി ഇല്ലാത്തതോ ആയ ക്ഷീര സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത സംഘങ്ങളെ ശമ്പള പരിഷ്കരണത്തിൽനിന്നും ഒഴിവാക്കുന്നതിന് കാര്യകാരണ സഹിതം ബന്ധപ്പെട്ട ഭരണസമിതി തീരുമാനിച്ച് അപേക്ഷിക്കുകയും ക്ഷീരസഹകരണ സംഘം രജിസ്ട്രാർക്ക് ആയത് പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെടുന്നപക്ഷം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കാലപരിധി നിശ്ചയിച്ചുകൊണ്ട് ഇളവ് അനുവദിക്കാവുന്നതുമാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള സംഘങ്ങളിലാണ് ഈ നിയമപ്രകാരം സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ലാത്തത്.

(ബി) മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ പ്രാഥമിക ക്ഷീര സഹകരണസംഘങ്ങൾക്ക് നൽകുന്ന പാൽവില മാർജിൻ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ക്ഷീരസംഘങ്ങൾ വഴി മേഖലാ യൂണിയനുകളിൽ സംഭരിക്കുന്ന പാലിൽ അടങ്ങിയിട്ടുള്ള കൊഴുപ്പിനും കൊഴുപ്പിതര ഖരപദാർത്ഥങ്ങൾക്കും ആനുപാതികമായി തയ്യാറാക്കിയിട്ടുള്ള അംഗീകൃത പാൽവില ചാർട്ട് അടിസ്ഥാനമാക്കിയാണ് മേഖലാ യൂണിയൻ പാൽവില നൽകുന്നത്. ന്യായമായ മാർജിൻ ഇതിലൂടെ സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട്. ആയതിനാൽ മാർജിൻ വർദ്ധിപ്പിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ കന്നുകുട്ടികൾക്കും കന്നുകുട്ടിപരിപാലന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉത്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധനി പദ്ധതി) പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഒരു യൂണിറ്റിന് 12,500 രൂപ സബ്സിഡി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടികൾ ലളിതമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ഒരു ക്ഷീരസംഘത്തിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ നൽകുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ക്ഷേമനിധി അംഗത്വത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ സാദ്ധ്യമാണ്. ഇതിനായി ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഫീൽഡ് തലത്തിൽ വേണ്ട സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

**ക്ഷീര സഹകരണസംഘത്തിൽ രജിസ്റ്റർ ചെയ്തവർക്കുള്ള ആനുകൂല്യം**

334 (3733) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധിക്കുകയാണുണ്ടായത്.

(ബി) ക്ഷീരകർഷകർക്ക് പാൽ അളക്കുന്നതിനനുസരിച്ച് ആനുകൂല്യം നൽകുന്നതിന് പകരം ക്ഷീര സഹകരണസംഘത്തിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ക്ഷീരസംഘത്തിൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും നിലവിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘം മുഖാന്തരമുള്ള പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനാണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ക്ഷീരസംഘത്തിൽ പാൽ അളക്കാതെ ക്ഷീര സംഘത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുകയാണെങ്കിൽ ക്ഷീരസംഘത്തിലെ പാൽ സംഭരണം കുറയുകയും തൽഫലമായി സംഘത്തിന്റെ സാമ്പത്തികസ്ഥിതി മോശമാകാനും സാദ്ധ്യതയുണ്ട്.

(സി) നല്ലയിനം കിടാരികളെയും കന്നുകുട്ടികളെയും ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നല്ലയിനം പശുക്കുട്ടികളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഉൽപ്പാദനക്ഷമത കൂടിയ വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് കർഷകരുടെ പശുക്കളിലും കിടാരികളിലും കൃത്രിമ ബീജധാനം നടത്തുന്നു. സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസരിച്ച് ഉയർന്ന ജനിതക മൂല്യവും ഉൽപ്പാദനക്ഷമതയുമുള്ള വിത്തുകാളകളുടെ ബീജമാത്രകളാണ് ഇതിനായി കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്ത് വിതരണം നടത്തുന്നത്. ഇതിനുപുറമെ വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത ബീജം, ഇറക്കുമതി ചെയ്ത വിത്തുകാളകളിൽ നിന്നുള്ള ബീജം, ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ എന്നിവയും വിതരണം നടത്തിവരുന്നു. ഇങ്ങനെ ജനിക്കുന്ന കന്നുകുട്ടികൾക്ക് ശാസ്ത്രീയ കന്നുകുട്ടി പരിപാലനം ഉറപ്പുവരുത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതിയും മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കൂടാതെ, ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തി ചുരുങ്ങിയ സമയത്തിനുള്ളിൽ നല്ലയിനം പശുക്കളെ സൃഷ്ടിക്കുന്നതിനുള്ള കിടാരി പാർക്ക് പദ്ധതിയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ഡി) ക്ഷീര സഹകരണസംഘത്തിന്റെ ഓഡിറ്റ് കൃത്യമായി നടത്താറുണ്ടോ?

ക്ഷീരസംഘത്തിന്റെ ഓഡിറ്റ് നടത്തുന്നത് സഹകരണ വകുപ്പാണ്. ക്ഷീരസംഘങ്ങളിൽ

ഓഡിറ്റ് നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസം നേരിടുകയാണെങ്കിൽ ആയതിന്റെ വിവരം സഹകരണ വകുപ്പിനെ അറിയിക്കുകയും തുടർന്ന് ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച് വരികയും ചെയ്യുന്നു.

(ഇ) പുതിയ തലമുറയെ ക്ഷീരമേഖലയിൽ ശ്രദ്ധപതിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ഈ സർക്കാർ ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടകപദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈയ്ക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ കുട്ടികളിൽ പശുവളർത്തലിൽ അഭിരുചി ഉണ്ടാകുന്നതിനായി സ്കൂൾ ഡയറി ക്ലബ്ബുകൾ സ്ഥാപിച്ച് താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ്സുകളും പരിശീലനങ്ങളും നൽകുന്നുണ്ട്.

**ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം**

335 (3734) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെയും താത്ക്കാലിക ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ പ്രവർത്തന സജ്ജമായിട്ടുള്ള 3044 ക്ഷീരോൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഓരോന്നിലും സെക്രട്ടറി തസ്തിക

നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സംഘത്തിന്റെ വലുപ്പം, അംഗങ്ങളായുള്ള ക്ഷീര കർഷകരുടെ എണ്ണം, പാലളവ് എന്നിവയുടെ അടിസ്ഥാനത്തിൽ ശരാശരി മൂന്ന് മുതൽ അഞ്ച് വരെ സ്ഥിര ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുണ്ടാകും. സംസ്ഥാനത്ത് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ 5926 സ്ഥിരം ജീവനക്കാരും ഏകദേശം 750-ഓളം താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു.

(ബി) ക്ഷീരവികസന യൂണിറ്റ് അടിസ്ഥാനത്തിലുള്ള ക്ഷീരസംഘം ജീവനക്കാരുടെ എണ്ണവും ജീവനക്കാർക്ക് സെക്ഷൻ 80 പ്രകാരമുള്ള ഒന്നു മുതൽ മൂന്നു വരെയുള്ള ശമ്പള പരിഷ്കരണവും ഏതൊക്കെ ക്ഷീര വികസന യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സെക്ഷൻ 80 പ്രകാരമുള്ള ശമ്പള പരിഷ്കരണം ക്ഷീരവികസന യൂണിറ്റുകളിലൂടെ നടപ്പിലാക്കുന്നുണ്ട്. 2045 ക്ഷീരസഹകരണ സംഘങ്ങളിൽ സെക്ഷൻ 80 പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സെക്ഷൻ 80 നടപ്പാക്കാത്ത സംഘങ്ങളിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെറ്ററിനറി പി.ജി., ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിമാസ ഗ്രാന്റ്**

336 (3735) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വെറ്ററിനറി സർവ്വകലാശാലകളിലെ പി.ജി., ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾ പരാതികൾ സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

31-7-2021-ൽ ചേർന്ന സർവ്വകലാശാലയുടെ 72-ാമത് ഭരണസമിതി യോഗം വിദ്യാർത്ഥികളുടെ പ്രതിമാസ ഗ്രാന്റ് 5,000 രൂപാ വീതം വർദ്ധിപ്പിച്ചുനൽകുന്നതിന് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് & റിസർച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന പ്രതിമാസ ഗ്രാന്റിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പി.ജി. വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000 രൂപയും പി.എച്ച്.ഡി. വിദ്യാർഥികൾക്ക് പ്രതിമാസം 5,000 രൂപയും ആയിരുന്നത് യഥാക്രമം 9,000 രൂപയായും 10,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(3400 എന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II അടിയന്തരപ്രമേയം

### അനധികൃത ദത്തുനൽകൽ

മി. സ്പീക്കർ: തിരുവനന്തപുരം പേരൂർക്കടയിൽ നവജാതശിശുവിനെ ദത്തുനൽകാൻ ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും പോലീസും ചേർന്ന് നടത്തിയ ഇടപെടൽമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമ, സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ചട്ടം 52 (7) അനുസരിച്ച് സഭയിലുന്നയിക്കാൻ അനുവാദം നൽകാൻ പാടില്ലാത്തതാണ്. കോടതി ഈ കേസ് പരിശോധിക്കുന്നതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് കടന്നിരിക്കുന്നു. ഇപ്പോൾ ഒരു പ്രധാനപ്പെട്ട ഘട്ടത്തിലെത്തിയിരിക്കുകയുമാണ്. സാധാരണഗതിയിൽ നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യുന്നത് അനുവദിക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല, സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ, ആളുകളുടെ സ്വകാര്യതയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, വൈകാരികമായ പ്രശ്നങ്ങൾ എന്നിവയെല്ലാം അടങ്ങിയ വിഷയമാണ് അടിയന്തരപ്രമേയത്തിനുള്ള നോട്ടീസായി നൽകിയിട്ടുള്ളത്. ആ സങ്കീർണ്ണതയെല്ലാം കണക്കിലെടുത്തുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ ഇതുസംബന്ധിച്ച് സംസാരിക്കേണ്ടതുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം നിയമസഭയിൽ ചർച്ച ചെയ്യുക എന്നതൊരു കീഴ്വഴക്കമാക്കി മാറ്റാൻ പാടില്ല. ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് അനുവദിക്കുന്നതാണ്. ഈ വിഷയത്തിന്റെ പരിധിയും പരിമിതിയുമെല്ലാം പാലിച്ചുകൊണ്ടുവേണം ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കേണ്ടത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, തിരുവനന്തപുരം പേരൂർക്കട സ്വദേശിനിയായ അനുപമ എസ്. ചന്ദ്രൻ എന്ന യുവതി സ്വന്തം കുഞ്ഞിനെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിലാണെന്നും 2020 ഒക്ടോബർ മാസത്തിൽ കുഞ്ഞിനെ ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചതാണെന്നും കുഞ്ഞിനെ തിരികെ ലഭിക്കണമെന്നുള്ളതാണ് ആ അമ്മയുടെ ആവശ്യമെന്നും ഈ മാസം 19,

20 തീയതികളിലെ മാധ്യമവാർത്തകളിലൂടെ അറിയുവാനിടയായി. ശിശുക്ഷേമ സമിതിയിൽ ഉപേക്ഷിച്ചുവെന്നുപറയുന്ന കുഞ്ഞിനെ തിരികെ ലഭിക്കണമെന്ന അവരുടെ ആവശ്യവും അവരുടേതെന്ന് സംശയിക്കുന്ന കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ലഭിച്ചപ്പോൾമുതൽ സ്വീകരിക്കപ്പെട്ട നടപടികൾ സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനിതാ-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 22-10-2021-ലെ സർക്കാർ ഉത്തരവ് 82/2021 പ്രകാരം വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറെ അന്വേഷണച്ചുമതല ഏൽപ്പിക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 16-10-2021-ൽ ഇതുസംബന്ധിച്ച് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് ശ്രീമതി അനുപമ എസ്. ചന്ദ്രന്റെ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. ഈ പരാതിയിൽ കാട്ടാക്കട നെയ്യാർ മെഡിസിറ്റി ഹോസ്പിറ്റലിൽ 19-10-2020-ൽ തനിക്ക് ജനിച്ച ആൺകുട്ടിയെ തന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ ബലമായെടുത്ത് ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചെന്നും പ്രസ്തുത കാലയളവിൽ അമ്മത്തൊട്ടിലിൽ രണ്ട് കുഞ്ഞുങ്ങളെ ലഭിച്ചിരുന്നുവെന്ന് മനസ്സിലാക്കുന്നുവെന്നും അതിലൊരു കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തിയപ്പോൾ നെഗറ്റീവാണെന്നും മറ്റേ കുട്ടി ദത്തുപോയെന്നും ദത്തുപോയ കുഞ്ഞ് തങ്ങളുടേതാണോയെന്നറിയാൻ മാർഗ്ഗമില്ലെന്നും കുട്ടിയെ തിരികെ ലഭിക്കാൻ സഹായിക്കണമെന്നും ശ്രീമതി അനുപമ എസ്. ചന്ദ്രൻ ആവശ്യപ്പെട്ടിട്ടുണ്ട്. വനിതാ-ശിശു വികസന ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണത്തിൽ ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ അമ്മത്തൊട്ടിലിൽ 23-10-2020-ന് പുലർച്ചെ 12.45-നും അന്നേ ദിവസം രാത്രി 9.00 മണിക്കും രണ്ട് ആൺകുഞ്ഞുങ്ങളെ ലഭിച്ചുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിശുക്ഷേമ സമിതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ ഓഫീസ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, മ്യൂസിയം എന്നിവരെ കുഞ്ഞുങ്ങളെ ലഭിച്ച വിവരം 27-10-2020-ൽ ഔദ്യോഗികമായി അറിയിക്കുകയുണ്ടായി. ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകിയ കത്തിൽ കുഞ്ഞുങ്ങളെ ലഭിച്ച വിവരം ഫോട്ടോ സഹിതം പത്രവാർത്ത നൽകണമെന്നും അറിയിപ്പ് നൽകിയിരുന്നു. 2017-ലെ അഡോപ്ഷൻ റെഗുലേഷൻ 6(6) പ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടിയെ സംബന്ധിച്ച വിവരങ്ങളും ചിത്രവും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതനുസരിച്ച് 4-11-2020-ൽ ശിശു സംരക്ഷണ ഓഫീസർ പത്രപ്പരസ്യം നൽകിയിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസത്തിനകം കുട്ടിയെ ആരും അന്വേഷിച്ചുവന്നില്ലായെങ്കിൽ കുട്ടിക്ക് ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ചൈൽഡ്

വെൽഫെയർ കമ്മിറ്റി മുമ്പാകെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അനുപമ എസ്. ചന്ദ്രന്റേതെന്ന് സംശയിക്കുന്ന കുഞ്ഞിന്റെ കാര്യത്തിൽ ഈ 30 ദിവസക്കാലയളവിൽ ഇങ്ങനെയുള്ള അന്വേഷണം ഉണ്ടായിട്ടില്ല. ശിശുക്ഷേമ സമിതിയിൽ ഇങ്ങനെ കുഞ്ഞുങ്ങളെ ലഭിച്ചാൽ നിയമപ്രകാരം ഉടൻതന്നെ സെൻട്രൽ അഡോപ്ഷൻ ആൻഡ് റിസോഴ്സ് അതോറിറ്റിയുടെ ഔദ്യോഗിക പോർട്ടലായ CARINGS-ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020 ഒക്ടോബർ മാസത്തിൽത്തന്നെ 23-10-2020-ന് ലഭിച്ച രണ്ട് കുട്ടികളെയും മാനദണ്ഡപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജൂവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരവും അഡോപ്ഷൻ റെഗുലേഷൻ പ്രകാരവുമുള്ള തുടർനടപടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയും സ്വീകരിച്ചതായിട്ടാണ് കാണുന്നത്. 15-2-2021-നാണ് രണ്ട് കുഞ്ഞുങ്ങളുടെയും ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് ചൈൽഡ് വെൽഫെയർ കമ്മിറ്റി നൽകുന്നത്. ഈ സർട്ടിഫിക്കറ്റും CARINGS പോർട്ടലിൽ അപ്‍ലോഡ് ചെയ്തിട്ടുണ്ട്. 19-4-2021-ൽ പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പാരന്റ്സ് ഇതിലൊരു കുട്ടിയെ റിസർവ് ചെയ്തിട്ടുണ്ട്. 22-4-2021-ൽ, അതായത് ആറുമാസം മുമ്പാണ് ശ്രീമതി അനുപമ എസ്. ചന്ദ്രന്റെ പരാതി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ലഭിക്കുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ ഓൺലൈനായിട്ടാണ് കമ്മിറ്റി അനുപമ എസ്. ചന്ദ്രന്റെ പരാതി കേട്ടത്. തന്റെ കുഞ്ഞിനെ കണ്ടെത്തുന്നതിനുവേണ്ടി ഡി.എൻ.എ. പരിശോധന നടത്തണമെന്ന് ആഗസ്റ്റ് മാസത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയോട് അനുപമ ആവശ്യപ്പെട്ടു. ഇതിന്റെയടിസ്ഥാനത്തിൽ 23-10-2020-ന് ലഭിച്ച രണ്ട് കുഞ്ഞുങ്ങളിൽ ഫോസ്റ്റർ കെയറിന് അതിനോടകം കരാർപ്രകാരം കൈമാറിയ കുഞ്ഞൊഴിച്ച് രണ്ടാമത്തെ കുഞ്ഞിന്റെ ഡി.എൻ.എ. പരിശോധന നടത്തുകയും അത് അനുപമ എസ്. ചന്ദ്രന്റെ കുഞ്ഞല്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിക്കുന്നത് ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും അനധികൃത ഇടപെടൽ നടത്തിയെന്നാണ്. വകുപ്പ് നടത്തിയിട്ടുള്ള പ്രാഥമികാന്വേഷണത്തിൽ മനസ്സിലാകുന്നത്, ഒരു കുഞ്ഞിനെ സർക്കാരിന്റെ സംരക്ഷണയിലേയ്ക്ക് കിട്ടുന്നത് രണ്ട് തരത്തിലാകാം. ഒന്ന്, abandoned child ആകാം അല്ലെങ്കിൽ surrender ചെയ്യാം. സറണ്ടർ ചെയ്യുമ്പോൾ ഒന്നുകിൽ കുഞ്ഞിന്റെ അമ്മ, (വിവാഹിതരാണെങ്കിൽ അമ്മയും അച്ഛനും അല്ലെങ്കിൽ അമ്മ) ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ കുഞ്ഞിനെ കൈമാറേണ്ടതാണ്. അത് സറണ്ടർ ചെയ്യുന്ന കാറ്റഗറിയിൽപ്പെടുന്ന കുഞ്ഞായി കണക്കാക്കും. അമ്മത്തൊട്ടിലിലോ പൊതുയിടങ്ങളിലോ

മാതാപിതാക്കളല്ലാതെ മറ്റാരെങ്കിലും കുഞ്ഞിനെ കൈമാറുകയാണെങ്കിൽ അത് abandoned child വിഭാഗത്തിൽ കണക്കാക്കാവുന്നതാണ്. അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുഞ്ഞ് നിയമപ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടിയെന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ദത്ത് കൊടുക്കുമ്പോഴുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് സമിതി മുന്നോട്ടുപോയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. പത്രപ്പരസ്യം നൽകൽ, തുടർന്നുള്ള ആക്ഷേപങ്ങൾ ആർക്കെങ്കിലുമുണ്ടെങ്കിൽ അത് സമർപ്പിക്കാനുള്ള അവസരം നൽകൽ എന്നിവ സമയക്രമം പാലിച്ച് നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്നാണ് ദത്തെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയത്. ഇക്കാര്യത്തിൽ വഞ്ചിയൂർ കുടുംബ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിക്കാനിരിക്കെ ഈ വിഷയത്തിൽ കൃത്യമായി സർക്കാർ ഇടപെടുകയും അനുപമ എസ്. ചന്ദ്രന്റെ ആവശ്യവും അതുമായി ബന്ധപ്പെട്ട അന്വേഷണം സംബന്ധിച്ചും ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും സർക്കാരിന്റെ അന്വേഷണങ്ങൾകൂടി പരിഗണിച്ചുമാത്രമേ കോടതി ദത്തെടുക്കലിന്റെ കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവൂവെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. 2015-ലെ ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ 67-ാം വകുപ്പുപ്രകാരം സംസ്ഥാനത്തെ ദത്തെടുക്കലിന്റെ മേൽനോട്ടച്ചുമതല വഹിക്കുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയാണ് ദത്തെടുക്കൽ നടപടികൾ തീരുമാനിക്കുന്ന കോടതിയിൽ സർക്കാരിനെ റെപ്രസന്റ് ചെയ്തിരിക്കുന്നത്. പരാതിക്കാരി സമർപ്പിച്ച പരാതികൾ സർക്കാർ അവഗണിച്ചിട്ടില്ലെന്നുമാത്രമല്ല, എല്ലാ പരാതികളിന്മേലും നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. നിയമത്തിന്റെ സങ്കീർണ്ണതകൾ ഉൾപ്പെടുന്ന വിഷയമായതിനാൽ സ്വാഭാവികമായ സമയം മാത്രമേ നടപടികൾക്ക് എടുത്തിട്ടുള്ളൂ. ഇക്കാര്യത്തിൽ യാതൊരു അനധികൃത ഇടപെടലുമുണ്ടായിട്ടില്ല. നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ഇനി ഉണ്ടാകുകയുമില്ല. അമ്മയ്ക്ക് കുഞ്ഞിനെ ലഭിക്കണമെന്ന ശക്തമായ അഭിപ്രായമാണ് സർക്കാരിനുള്ളത്. അതുകൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ പരാതി ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ കൃത്യമായ ഇടപെടൽ നടത്തി ആവശ്യമായ തീരുമാനമെടുക്കാൻ ശ്രമിച്ചത്. ഇക്കാര്യത്തിൽ ഒരമ്മയ്ക്ക് ലഭിക്കേണ്ട നീതി ഉറപ്പുവരുത്തണമെന്ന ഉറച്ച അഭിപ്രായമാണുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ജുഡീഷ്യൽ സ്ക്രൂട്ടിണിയുടെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഈ സംഭവം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. കുടുംബകോടതിയിൽ സർക്കാരിനുവേണ്ടി സത്യവാങ്മൂലം നൽകിയതിൽ അമ്മയ്ക്ക് കുട്ടിയെ ലഭിക്കുകയെന്ന സാമാന്യനീതിക്കുവേണ്ടിയുള്ള

നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കുഞ്ഞിന്റെ ഭാവിയും ഉത്തമതാല്പര്യവും കണക്കിലെടുത്തുകൂടിവേണം അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതെന്ന് കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്. കോടതിയാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് നിയമസഭയുടെ കീഴ്വഴക്കങ്ങൾക്ക് നിരക്കുന്നതാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന് അറിയിക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചോ കോടതിയുടെ നടപടിക്രമങ്ങളെ സംബന്ധിച്ചോ അല്ല അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഈ കേസ്സുമായി ബന്ധപ്പെട്ട് സ്വാഭാവിക നീതിനിഷേധത്തിന്റെ വലിയ നാൾവഴിയുണ്ട്. അതുകൊണ്ടുതന്നെയാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടണമെന്ന് ആവശ്യപ്പെടുന്നത്. തിരുവനന്തപുരം പേരൂർക്കടയിൽ മൂന്ന് ദിവസം മാത്രം പ്രായമുണ്ടായിരുന്ന പിഞ്ചുകുഞ്ഞിനെ അമ്മയിൽനിന്ന് എടുത്തുമാറ്റി ദത്തുനൽകാൻ സർക്കാർ സ്ഥാപനമായ ശിശുക്ഷേമ സമിതിയും ശിശുക്ഷേമ കമ്മിറ്റിയും നടത്തിയ അനധികൃത ഇടപെടലും കുട്ടിയെ കാണാനില്ലെന്ന അമ്മയുടെ പരാതിയിൽ ആറ് മാസക്കാലം എഫ്.ഐ.ആർ.പോലും രജിസ്റ്റർ ചെയ്യാതെ പോലീസ് നടത്തിയ ഒത്തുകളിയും ഉന്നത രാഷ്ട്രീയ-ഭരണതല ഗൂഢാലോചനയുംമൂലം കേരള സമൂഹത്തിലുണ്ടായിരിക്കുന്ന ആശങ്കയാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനം കണ്ടിട്ടുള്ളതിൽവച്ച് ഭീകരമായ ദുരഭിമാന കുറ്റകൃത്യത്തിന്റെ ഇരയാണ് പേരൂർക്കടയിലെ അനുപമ എസ്. ചന്ദ്രനും കുഞ്ഞും. ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും പോലീസും ഡി.ജി.പി-യും മുഖ്യമന്ത്രിയുടെ ഓഫീസും എല്ലാം ഉൾപ്പെട്ട ഭരണകൂടം ഒന്നടങ്കം സംഘടിതമായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ ദുരഭിമാന കുറ്റകൃത്യമാണിത്. അനുപമ എസ്. ചന്ദ്രൻ എന്ന അമ്മയിൽനിന്ന് ചൂടുമാറാത്ത, പാൽമണം മാറാത്ത, മൂന്ന് ദിവസം മാത്രം പ്രായമായ പിഞ്ചുകുഞ്ഞിനെ തട്ടിയെടുത്ത് നാടുകടത്തിയ ക്രൂരകൃത്യം കേരള മനഃസാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. മുലപ്പാൽ ചുരത്തുന്ന സ്വന്തം അമ്മയുണ്ടായിട്ടും പൊടിപ്പാൽ കുടിക്കാൻ നിർബന്ധിതനായ, നാഥനുണ്ടായിട്ടും അനാഥനായി മാറ്റപ്പെട്ട ഒരു പിഞ്ചുകുഞ്ഞിന്റെ കരച്ചിലിൽ കേരളം വേദനിക്കുകയാണ്. അനുപമ എസ്. ചന്ദ്രനോടും കുഞ്ഞിനോടും മാത്രമല്ല ഈ ക്രൂരകൃത്യം ചെയ്തിരിക്കുന്നത്. ദത്തെടുക്കുന്നതിനുള്ള അതിസങ്കീർണ്ണമായ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് നീണ്ട കാത്തിരിപ്പിനൊടുവിൽ തട്ടിപ്പിന്റെ വിവരങ്ങളൊന്നുമറിയാതെ ഈ

പിഞ്ചുകുഞ്ഞിനെ ഏറ്റുവാങ്ങി തങ്ങളുടെ ഹൃദയത്തോടും സ്വപ്നത്തോടും ചേർത്തുവച്ച ആന്ധ്രാപ്രദേശിലുള്ള ആ ദമ്പതികളോട് സമാനതകളില്ലാത്ത ക്രൂരതയാണ് നമ്മുടെ ഭരണസംവിധാനം കാണിച്ചിരിക്കുന്നത്. രാജ്യത്താകെ ഇന്നോളം കേട്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഹീനവും നികൃഷ്ടവുമായ കുറ്റകൃത്യങ്ങളിലൊന്നാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ദുരഭിമാന കുറ്റകൃത്യങ്ങൾ വാർത്തകളായി നാം കേട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കെവിൻ എന്ന ചെറുപ്പക്കാരൻ കൊല്ലപ്പെട്ടത് മൂന്നുവർഷം മുമ്പാണ്. ദുരഭിമാനക്കൊല നടത്തുന്നത് ജാത്യാഭിമാനത്തിന്റെയും മതവരേണ്യാഭിമാനത്തിന്റെയും പേരിൽ അതത് കുടുംബങ്ങളോ മതസാമുദായിക തീവ്രവാദ സംഘടനകളോ ആണ്. എന്നാൽ ഇവിടെയാകട്ടെ കുടുംബത്തിനൊപ്പം കുറ്റകൃത്യത്തിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും കൂട്ടുചേർന്നുവെന്നതാണ് ജനാധിപത്യവാദികളെ ഞെട്ടിപ്പിക്കുന്നത്. ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സംസ്ഥാന പോലീസും കുട്ടിയെ തട്ടിയെടുത്ത് അമ്മയിൽനിന്ന് അകറ്റി ദത്തുനൽകുന്നതിന് ഒന്നിച്ച് പ്രവർത്തിച്ചു. വാർത്ത പുറത്തുവന്നതിനുശേഷം ബാലാവകാശ കമ്മീഷൻ കുറ്റകരമായ മൗനമാണ് പുലർത്തിയത്. സർക്കാർ സംവിധാനങ്ങളെയാകെ ദുരഭിമാന കുറ്റകൃത്യത്തിൽ ഏകോപിപ്പിക്കാൻ അനുപമയുടെ അച്ഛനൊപ്പം ഭരണകക്ഷിയുടെ ഉന്നത നേതാക്കളും പങ്കുവഹിച്ചുവെന്നതും വ്യക്തമാണ്. അടിയന്തരമായി കുട്ടിക്ക് അമ്മയേയും അമ്മയ്ക്ക് കുട്ടിയേയും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ പ്രശ്നത്തിൽ നടന്ന ഉന്നതതല രാഷ്ട്രീയ-ഭരണ ഗൂഢാലോചനയെക്കുറിച്ചും നിയമപരമായ എല്ലാ നടപടിക്രമങ്ങളും ബോധപൂർവ്വം അട്ടിമറിച്ചതിനെക്കുറിച്ചും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ശിശുക്ഷേമ സമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെടുകയാണ്. സുതാര്യവും സത്യസന്ധവുമായി നിർവ്വഹിക്കപ്പെടേണ്ട ദത്തെടുക്കൽ പ്രക്രിയയുടെയും ശിശുക്ഷേമ പ്രവർത്തനങ്ങളുടെയും വിശ്വാസ്യതയാണ് ഇവിടെ തകർത്തു തരിപ്പണമാക്കപ്പെട്ടിരിക്കുന്നത്. കടുത്ത വിമർശനമാണ് കോടതിയുടെ ഭാഗത്തുനിന്നും ഇന്നലെ സംസ്ഥാന ശിശുക്ഷേമ വകുപ്പിനെതിരെ ഉണ്ടായിരിക്കുന്നത്. ഹർജികൾ നൽകുന്നതിനുള്ള സാമാന്യരീതികൾ അറിയില്ലേയെന്നും ഇത്രയും അശ്രദ്ധമായാണോ ദത്തുരേഖകൾ തയ്യാറാക്കുന്നതെന്നുമാണ് കോടതി ശിശുക്ഷേമ സമിതിയോട് ചോദിച്ചിരിക്കുന്നത്. ശിശുക്ഷേമ സമിതിയുടെ സെക്രട്ടറി ഷിജു ഖാൻ, സമിതിയുടെ സൂപ്രണ്ട് എന്നിവർക്കെതിരെ ഉയർന്നിരിക്കുന്ന ആരോപണങ്ങളെ സാധൂകരിക്കുന്നതാണ് കോടതിയുടെ അഭിപ്രായപ്രകടനം. ഈ ചെയ്തികൾക്കെല്ലാം ചുക്കാൻ പിടിച്ചത് അനുപമ എസ്. ചന്ദ്രന്റെ സ്വന്തം പിതാവും സി.പി.ഐ.(എം.) പേരൂർക്കട ലോക്കൽ കമ്മിറ്റി അംഗവുമായ പി. എസ്. ജയചന്ദ്രൻ തന്നെയാണെന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. തങ്ങളുടെ

പാർട്ടി സ്ഥാനങ്ങളും അധികാരങ്ങളും ഉപയോഗിച്ച് സർക്കാർ സംവിധാനങ്ങളെയും പോലീസിനേയും സ്വാധീനിച്ച് എസ്.എഫ്.ഐ-യുടേയും ഡി.വൈ.എഫ്.ഐ-യുടേയും നേതാവും സ്വന്തം മകളുമായ അനുപമ എസ്. ചന്ദ്രന്റെ ചോരക്കുഞ്ഞിനെയാണ് ഇവർ രാജ്യാന്തരം നാടുകടത്തിയത്. ഇത്രയ്ക്ക് ഹീനമായ ഒരു പ്രവൃത്തി നടത്തിയതിനുശേഷം കുഞ്ഞിന്റെ അമ്മ പരാതിയുമായി എത്തിയെന്ന് സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗവും മുൻ ആരോഗ്യ ശിശുക്ഷേമ വകുപ്പുമന്ത്രിയുമായിരുന്ന ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പരസ്യമായി പ്രതികരിച്ചിട്ടുണ്ട്. ഏഷ്യാനെറ്റിൽ വിനു വി. ജോൺ നടത്തിയ ചർച്ചയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത് 'ഞാൻ തോറ്റുപോയി' എന്നാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചറെ ആരാണ് തോൽപ്പിച്ചത്; ഈ ഭരണകൂടമാണോ; ഇവിടുത്തെ പോലീസ് സംവിധാനമാണോ? ഏപ്രിൽ മാസം 19-ാം തീയതി കുഞ്ഞിനെ തട്ടിക്കൊണ്ടുപോയി എന്ന് പരാതി പറയാൻ എത്തിയ കുഞ്ഞിന്റെ അമ്മയോട് പോലീസ് ചോദിച്ചത് 'നിന്റെ കുട്ടിയാണെന്നതിന് എന്താണ് തെളിവ്' എന്നാണ്. അതേസമയം ആരോപണവിധേയനായ ജയചന്ദ്രനോട് പേരൂർക്കട പോലീസിനുള്ള ബഹുമാനവും വിധേയത്വവുംകൂടി സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ആരോപണവിധേയനായ ജയചന്ദ്രനെ പോലീസ് വിളിപ്പിച്ചപ്പോൾ കുറച്ച് അസൗകര്യമുണ്ടെന്നാണ് അറിയിച്ചത്. അപ്പോൾ പരാതിക്കാരിയോട് തിരിച്ചുപോകാൻ പേരൂർക്കട പോലീസ് പറയുകയാണ്. ഇത്രയും വിശാല മനസ്സും സൗമനസ്യവുമുള്ള പോലീസുകാരാണ് സംസ്ഥാനത്തുള്ളതെന്നത് അത്ഭുതപ്പെടുത്തുകയാണ്. കുഞ്ഞിനെ തട്ടിയെടുത്തുവെന്ന് കുഞ്ഞിന്റെ അമ്മ പരാതിപ്പെട്ടിട്ട് ആറ് മാസമായിട്ടും ഒരു ചോദ്യം ചെയ്യലിനുപോലും വിധേയനാകാത്ത ഒരു കുറ്റവാളി നമ്മുടെ നാട്ടിൽ ഇപ്പോഴും പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ജീവിക്കുകയാണ്, അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കുകയാണ്. എത്ര അപകടകരമായ അവസ്ഥയാണിത്? എന്തുകൊണ്ടിത് സംഭവിക്കുന്നുവെന്നതിന് ഒറ്റ ഉത്തരമേയുള്ളൂ. ആരോപണ വിധേയനായ ആൾ പേരൂർക്കട സി.പി.ഐ.(എം.) ലോക്കൽ കമ്മിറ്റി അംഗമാണ്. അയാളുടെ രാഷ്ട്രീയ-സാമ്പത്തിക സ്വാധീനങ്ങൾക്കുമുന്നിൽ പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും ഭരണ സംവിധാനങ്ങളുടെയും നട്ടെല്ല് വളഞ്ഞിരിക്കുകയാണ്. സത്യസന്ധമായി നീതിനിർവ്വഹണം നടത്തേണ്ട പോലീസ് രാഷ്ട്രീയനേതൃത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന കാക്കിയിട്ട കാവൽക്കാരായി മാറുന്ന ദയനീയ കാഴ്ചയാണ് വർത്തമാനകേരളം കാണുന്നത്. പോലീസിനെ വിമർശിച്ച് അവരുടെ ആത്മവീര്യം കെടുത്തരുതെന്നാണ് ആഭ്യന്തര വകുപ്പിന്റെ തലവൻകൂടിയായ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും കണ്ണീരിനുമുന്നിൽ ആഭ്യന്തര വകുപ്പുതലവന് തലതാഴ്ത്തിയല്ലാതെ നിൽക്കാൻ

കഴിയില്ല. മനസ്സിനെ മരവിപ്പിക്കുന്ന കൊടുംക്രൂരതകൾ കൺമുന്നിൽ കാണുമ്പോഴും 'ഞെട്ടലുണ്ടാക്കുന്നത് ഓരോരുത്തരുടെയും മാനസികാവസ്ഥയ്ക്ക് അനുസരിച്ചാണ്' എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്റെ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നുണ്ട്. അതുകൊണ്ട് അനുപമ എസ്. ചന്ദ്രന്റെ കണ്ണീരും മാതൃത്വത്തിന്റെ വേദനയും അദ്ദേഹത്തിൽ എത്രമാത്രം ഞെട്ടലുണ്ടാക്കും എന്നെനിക്ക് കരുതാൻ കഴിയില്ല. കുഞ്ഞിനെ കണ്ടെത്തി നൽകണമെന്ന പരാതിയുമായി ഏപ്രിൽ 19-ാം തീയതിയാണ് അനുപമ എസ്. ചന്ദ്രൻ പേരൂർക്കട പോലീസ് സ്റ്റേഷനിൽ എത്തുന്നത്. അന്നുതന്നെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് വാട്ട്സ്-ആപ്പിലൂടെയും വീഡിയോ കോളിലൂടെയും പരാതി നൽകുന്നു. ഏപ്രിൽ 22-ന് അന്നത്തെ ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റയ്ക്കും അവർ പരാതി നൽകിയിട്ടുണ്ട്. മേയ് മാസത്തിൽ പരാതി കമ്മീഷണർ ഓഫീസിലെത്തുന്നു. തന്റെ കുഞ്ഞിനെ കടത്തിക്കൊണ്ടുപോയി എന്ന് ഒരു സ്ത്രീ പരാതി നൽകി ആറ് മാസം കഴിഞ്ഞിട്ടും അതിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താത്ത പോലീസ് അതിനുശേഷം അനുപമ എസ്. ചന്ദ്രന്റെ മൊഴിയെടുക്കുന്നു. ഞങ്ങൾ അമ്മയുടെ കൂടെയാണെന്ന് സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എപ്പോഴാണ് അമ്മയുടെ കൂടെയായത്? ഈ സർക്കാർ ഇത്രയുംകാലം ഒരു സ്ത്രീയെ, അമ്മയെ ഇതുപോലെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും ആ അമ്മ പോലീസ് സ്റ്റേഷനുകളും പരാതിപ്പെടേണ്ട കേന്ദ്രങ്ങളും കയറിയിറങ്ങുകയുമാണ്. അപ്പോൾ ഈ സർക്കാർ അത് കണ്ടിട്ടില്ല. ഞങ്ങൾ അമ്മയുടെ കൂടെയാണെന്ന് ഇപ്പോൾ സർക്കാർ പറയുന്നു. ഇത് എങ്ങനെയാണ് സ്ഥാപിക്കാൻ കഴിയുക; എങ്ങനെയാണ് സാധാരണമനുഷ്യർക്ക് നീതി ലഭിക്കുക? മാധ്യമങ്ങളിലൂടെ ചർച്ചയായെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള വിഷയങ്ങൾ ഗൗരവത്തിലെടുക്കുകയുള്ളൂവെന്ന അവസ്ഥയിലേയ്ക്ക് കേരളം എത്തിപ്പെടുകയാണ്. ആഗസ്റ്റ് 7-ന് അഞ്ചംഗ ദത്ത് നൽകൽ സമിതി ആന്ധ്രാപ്രദേശിലെ ദമ്പതികൾക്ക് താല്ക്കാലികമായി കുഞ്ഞിനെ ദത്തുനൽകി. ആഗസ്റ്റ് 11-ന് കുഞ്ഞിനെ തിരക്കി അനുപമ എസ്. ചന്ദ്രൻ ശിശുക്ഷേമ സമിതിയിലെത്തിയെങ്കിലും കണ്ടത് മറ്റൊരു കുഞ്ഞിനെയാണ്. കുഞ്ഞിന്റെ ഡി.എൻ.എ. പരിശോധന നടത്താൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് അപേക്ഷ നൽകുകയും തുടർന്ന് സെപ്റ്റംബർ 30-ന് ഡി.എൻ.എ. പരിശോധന നടത്തുകയും ഒക്ടോബർ 7-ന് പരിശോധനാഫലം വന്നപ്പോൾ സമിതിയിൽ കണ്ട കുഞ്ഞ് അനുപമ എസ്. ചന്ദ്രന്റേതല്ലെന്ന് തെളിയുകയുമാണ്. ഇതിനെത്തുടർന്നാണ് ഒക്ടോബർ 15-ന് പരാതിയുമായി അവർ മാധ്യമങ്ങൾക്കുമുന്നിൽ വന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാനിപ്പോൾ നിർത്താം. ഇതിനുശേഷം ഒക്ടോബർ 18-ന് പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നു. ഒക്ടോബർ 21-ന് വനിതാ കമ്മീഷൻ കേസ്സെടുക്കുന്നു. തന്റെ കുഞ്ഞിനെ കടത്തിക്കൊണ്ടുപോയിയെന്ന് ഒരു സ്ത്രീ പരാതി കൊടുത്ത് ആറ് മാസം കഴിഞ്ഞിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടാണെന്നതാണ് പ്രധാനമായും അന്വേഷിക്കപ്പെടേണ്ട കുറ്റകൃത്യങ്ങളിലൊന്ന്.

<u>മി. സ്പീക്കർ</u>: ഇതെല്ലാം പറഞ്ഞുകഴിഞ്ഞ കാര്യങ്ങളാണ്, ആവർത്തിക്കുകയാണ്. പത്ത് മിനിട്ട് തുടർച്ചയായി പറഞ്ഞ കാര്യങ്ങൾ തന്നെയാണ് പറയുന്നത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കുട്ടിയെ കടത്തിക്കൊണ്ടുപോയി എന്ന് 2021 ഏപ്രിൽ മാസം സി.ഡബ്ല്യൂ.സി-യിൽ പരാതി നൽകിയിട്ടും ആ കുട്ടിയുടെമേൽ ബയോളജിക്കൽ മദർ അവകാശം ഉന്നയിക്കുന്നുണ്ട് എന്നറിഞ്ഞിട്ടും പരാതി ലഭിക്കുമ്പോൾ കുട്ടി സ്ഥലത്തുണ്ടായിട്ടും ദത്ത് നൽകൽ നടപടികളുമായി ശിശുക്ഷേമ സമിതി മുന്നോട്ടുപോയത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണം. ലഭിച്ചത് ആൺകുട്ടിയായിരുന്നിട്ടും രജിസ്റ്ററിൽ പെൺകുട്ടിയാണെന്ന് ആദ്യം തെറ്റായി രേഖപ്പെടുത്തുകയും പിന്നീട് അത് തിരുത്തുകയും ചെയ്തു. ഇത് കുട്ടിയുടെ ഐഡന്റിറ്റി തന്നെ ഒളിപ്പിച്ച് തെളിവ് നശിപ്പിക്കുന്നതിനായി മനഃപൂർവ്വം ചെയ്തതാണെന്ന കുട്ടിയുടെ അമ്മയുടെ ആരോപണം ഗൗരവമായി കാണണം. സ്വന്തം പാർട്ടി നേതൃത്വത്തെയും ഭരണകൂടത്തെയും വിശ്വസിച്ച് കഴിഞ്ഞ ആറ് മാസമായി പാർട്ടി നേതാക്കളെ ഓരോരുത്തരെ....... (മൈക്ക് ഓഫ്).......... (ബഹളം).....

<u>മി. സ്പീക്കർ</u>: ബഹളമൊന്നും വേണ്ട. ഇരിക്കു. ഇത്ര പ്രകോപിതരാകേണ്ടതില്ല. ഈ വിഷയം ഉന്നയിക്കാൻ അനുവദിച്ചതുതന്നെ പ്രത്യേക കേസ്സായിട്ടാണെന്നും കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെന്നും പറഞ്ഞുകൊണ്ടാണ്. സാധാരണ പത്ത് മിനിട്ടാണ് എല്ലാവരും സംസാരിക്കാറുള്ളത്. ഇപ്പോൾ പതിനൊന്ന് മിനിട്ട് കഴിഞ്ഞു. ഉന്നയിക്കേണ്ട എല്ലാ കാര്യങ്ങളും ഉന്നയിച്ചുകഴിഞ്ഞിട്ടുണ്ട്. ചെയർ ഉദാരമായ ഒരു സമീപനം സ്വീകരിച്ചാൽ അത് ദുരുപയോഗപ്പെടുത്തരുത്. ബഹളം വേണ്ട. ഇരിക്കു. ....(ബഹളം).... ചട്ടം അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ചെയറിനെ ശബ്ദംകൊണ്ട് കീഴ്പ്പെടുത്താൻ നോക്കരുത്. .....(ബഹളം).....

(പ്രമേയാവതാരകയെ പ്രസംഗം പൂർത്തിയാക്കാൻ അനുവദിക്കാതെ മൈക്ക് ഓഫ് ചെയ്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രീമതി വീണാ ജോർജ്ജ്: സർ, കരുതലും സുരക്ഷിതത്വവും ആവശ്യമുള്ള കുഞ്ഞുങ്ങളുടെ വിഭാഗത്തിലാണ് (Children in need of care and protection) ശിശുക്ഷേമ സമിതിക്ക് മുമ്പാകെ സറണ്ടർ ചെയ്യുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന കുഞ്ഞുങ്ങൾ ഉൾപ്പെടുന്നത്. .....(ബഹളം).....

മി. സ്പീക്കർ: എല്ലാ അംഗങ്ങളും സ്വസ്ഥാനങ്ങളിലേയ്ക്ക് പോകണം.

ശ്രീമതി വീണാ ജോർജ്ജ്: സർ, ശിശുക്ഷേമ സമിതിയിലേയ്ക്ക് കുഞ്ഞുങ്ങൾ എത്തപ്പെടുമ്പോൾ ആ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അസാധാരണമായതും സമാനതകളില്ലാത്തതുമായ ഒരു കേസ്സാണിത്. ദത്തെടുക്കൽ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ തീർത്തും നിയമപരമായിട്ടാണ് നടന്നിട്ടുള്ളതെന്നാണ് ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കുന്നത്. 2015-ലെ ബാലനീതി നിയമവും 2017-ലെ അഡോപ്ഷൻ റെഗുലേഷൻസ് പ്രകാരവുമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത്. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളെയാണ് Central Adoption Resource Authority (CARA)-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം ദത്ത് നൽകുന്നത്....... (ബഹളം)...... 2015-ലെ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ എത്തപ്പെടുകയാണെങ്കിൽ 2015-ലെ ബാലനീതി നിയമം സെക്ഷൻ 31 പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സി.ഡബ്ല്യു.സി. സ്ഥാപനത്തിൽ കുട്ടിയെ പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ സ്ഥാപനത്തിൽവന്ന് മൂന്ന് പ്രവൃത്തി ദിവസത്തിനകം കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ 2017-ലെ അഡോപ്ഷൻ റെഗുലേഷൻസ് 6(5) പ്രകാരം CARINGS (Child Adoption Resource Information & Guidance System) വെബ്പോർട്ടലിൽ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നു. 23-10-2020-ന് പുലർച്ചെ ഒരു കുഞ്ഞിനെയും അന്നേ ദിവസം രാത്രി 9 മണിക്ക് രണ്ടാമത്തെ കുഞ്ഞിനെയും അമ്മത്തൊട്ടിലിൽ ലഭിച്ചു. 27-10-2020-ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ ഓഫീസ്, പോലീസ് എന്നിവരെ ഔദ്യോഗികമായി കാര്യങ്ങൾ അറിയിച്ചു. നവംബർ 4-ന് ശിശു സംരക്ഷണ ഓഫീസർ പത്രത്തിൽ പരസ്യം നൽകുകയുണ്ടായി. 28-10-2020-ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്ലേസ്മെന്റ് ഓർഡർ നൽകി. 5-1-2021-ന് മേൽപ്പറഞ്ഞ രണ്ട് കുഞ്ഞുങ്ങളുടെയും legally free for adoption certificate-നായി ശിശുക്ഷേമ സമിതി ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അപേക്ഷ നൽകി. 15-2-2021-ന്

രണ്ട് കുഞ്ഞുങ്ങളുടെയും legally free for adoption certificate ലഭിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ചതിൽ രണ്ട് കുട്ടികളുടെയും legally free for adoption certificate പ്രസ്തുത പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയുണ്ടായി. ഇതിനുശേഷം 19-4-2021-ൽ ഈ കുഞ്ഞിനെ ഓൺലൈനായി പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പേരന്റ്സ് റിസർവ് ചെയ്യുകയും 14-5-2021-ന് നടന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത അഡോപ്ഷൻ കമ്മിറ്റി ചേർന്ന് ഇവരെ ഹിയർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരിച്ചുപോയി.)

CARINGS (Child Adoption Resource Information & Guidance System) വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്ത എട്ട് Prospective adoptive parents-ൽ നിന്നും കുട്ടിയുടെ referral വരികയും അതിൽ ഒരു ദമ്പതികൾ കുട്ടിയെ റിസർവ് ചെയ്യുകയും 14-5-2021-ന് adoption committee കൂടുകയും കുട്ടിയെ adoption committee അവർക്ക് നിയമപ്രകാരം foster care-ന് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്യുകയാണുണ്ടായത്. Adoption Regulation 11 പ്രകാരം ഈ കുട്ടിയെ 6-8-2021-ന് Pre-adoption foster care-ന് Prospective adoptive parents-ന് നൽകിയിട്ടുള്ളതാണ്. ആ കുഞ്ഞിന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ്. Adoption Regulation 12 പ്രകാരം തിരുവനന്തപുരം കുടുംബ കോടതി മുമ്പാകെ ഈ കുട്ടിയുടെ ദത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കേസ് ഫയൽ ചെയ്യുകയും കോടതിയുടെ ഹിയറിംഗ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഈ ഘട്ടത്തിലാണ് സർക്കാരിന്റെ മുന്നിൽ ഈ വിഷയം വരുന്നത്. അതിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട്, നിയമപരമായി ചെയ്യാവുന്ന ഉചിതമായ മാർഗ്ഗംതന്നെ സ്വീകരിച്ചുകൊണ്ട്, വഞ്ചിയൂർ കുടുംബകോടതിക്ക് മുമ്പാകെ ഈ വിഷയങ്ങൾ സംബന്ധിച്ച് പോലീസും വനിതാ ശിശുവികസന വകുപ്പും നടത്തുന്ന അന്വേഷണംകൂടി പരിഗണിച്ചുകൊണ്ട് അന്തിമ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും അത് ബഹുമാനപ്പെട്ട കോടതി ഉൾക്കൊള്ളുകയും വിശദമായ വാദം കേൾക്കുന്നതിന് നവംബർ 1-ാം തീയതിയിലേയ്ക്ക് പോസ്റ്റ് ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത്. തിരുവനന്തപുരം പേരൂർക്കട സ്വദേശിനിയായ യുവതി 15-4-2021-നാണ് പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മുമ്പാകെ പിതാവിനെ എതിർകക്ഷിയാക്കി ഒരു പരാതി നൽകിയത്. പ്രസ്തുത പരാതിയിൽ പരാതിക്കാരിയുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐഡന്റിന്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, എ.ടി.എം. കാർഡ്, ബാങ്ക് പാസ്സ് ബുക്ക്

എന്നിവ പിതാവിന്റെ കൈവശമാണെന്നും അവ തിരിച്ചുവാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അപേക്ഷിച്ചിരുന്നത്. പരാതി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചശേഷം കോടതി മുഖാന്തരം പരിഹാരം കാണുന്നതിന് നിർദ്ദേശിക്കുകയാണുണ്ടായത്. തുടർന്ന് മാതാപിതാക്കൾ, സഹോദരി തുടങ്ങി ആറ് പേർക്കെതിരെ യുവതി 19-4-2021-ൽ പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്ക് മറ്റൊരു പരാതിയും നൽകി. ഈ പരാതിയിൽ തന്റെ കുഞ്ഞിനെ മാതാപിതാക്കളും മറ്റുംചേർന്ന് ബലമായി എടുത്തുകൊണ്ടുപോയിയെന്നും കുഞ്ഞിനെ കണ്ടെത്തി നൽകണമെന്നുമായിരുന്നു ആവശ്യപ്പെട്ടിരുന്നത്. പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ശിശുക്ഷേമ സമിതിയിൽ ഹാജരാക്കി കുഞ്ഞിന്റെ ഭാവിസുരക്ഷ ഉറപ്പാക്കണമെന്ന് അമ്മ നൽകിയ സമ്മതപത്രത്തെത്തുടർന്ന് തങ്ങൾ അമ്മത്തൊട്ടിലിൽ നൽകിയതായിട്ടാണ് യുവതിയുടെ അച്ഛൻ മൊഴിനൽകിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ കുഞ്ഞിനെ തിരിച്ചുകിട്ടുന്നതിനായി കോടതി മുഖേന പരിഹാരം കാണാൻ നിർദ്ദേശിച്ച് പരാതി പോലീസ് തീർപ്പാക്കുകയും ചെയ്തു. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് 20-4-2021, 10-9-2021 തീയതികളിൽ സംസ്ഥാന പോലീസ് മേധാവിക്കും 13-7-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പരാതി നൽകിയിരുന്നു. പ്രസ്തുത പരാതികൾ പേരൂർക്കട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുനൽകുകയും അവയും സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തു. സംസ്ഥാന ശിശുക്ഷേമ സമിതി മുഖേനയോ കോടതി മുഖേനയോ പരിഹാരം കാണാൻ നിർദ്ദേശിച്ച് 19-9-2021-ൽ പരാതിക്കാരിക്ക് പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മറുപടി നൽകി. സംസ്ഥാന ശിശുക്ഷേമ സമിതി മുഖേന ദത്തുനൽകിയിട്ടുള്ള കുട്ടികളുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് സമിതി സെക്രട്ടറിക്ക് പോലീസ് 16-10-2021-ൽ കത്ത് നൽകിയിരുന്നു. എന്നാൽ ദത്തുനൽകുന്ന കുട്ടികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന Central Adoption Regulation Act-ലെ 3-ാം വകുപ്പ് നിഷ്കർഷിക്കുന്നതിനാൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്ന് ശിശുക്ഷേമ സമിതി സെക്രട്ടറി 16-10-2021-ൽ പോലീസിന് മറുപടി നൽകുകയുണ്ടായി. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പരാതിക്കാരി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയെത്തുടർന്ന് 19-10-2021-ൽ IPC 361, 403, 471, 34 എന്നീ വകുപ്പുകൾ പ്രകാരം ജയചന്ദ്രൻ പി. എസ്., സ്മിതാ ജെയിംസ്, അഞ്ജു അരുൺ, രമേശ്, അനിൽ കുമാർ എന്നിവർക്കെതിരെ ക്രൈം നം.1842/21 ആയി പേരൂർക്കട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു അവ്യക്തതയുമില്ല. അമ്മ വളർത്താൻ തയ്യാറാണെങ്കിൽ അമ്മയ്ക്കൊപ്പമാണ് കുഞ്ഞുണ്ടാകേണ്ടത്. അതോടൊപ്പംതന്നെ കുഞ്ഞിന്റെ ഉത്തമ

താൽപര്യം സംരക്ഷിക്കുന്നതിന് സർക്കാർ ബാദ്ധ്യസ്ഥവുമാണ്. ഇതുമായി ബന്ധപ്പെട്ട രണ്ട് കുഞ്ഞുങ്ങളെയും receive ചെയ്ത 23.10.2020 മുതൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ നിയമപരവും മാനദണ്ഡപ്രകാരവുമായിരുന്നു എന്നതാണ് ഇതുവരെ നടത്തിയിട്ടുള്ള എല്ലാ അന്വേഷണത്തിൽനിന്നും വ്യക്തമാകുന്നത്. നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അനുപമ എസ്. ചന്ദ്രന്റേതാണ് കുഞ്ഞെങ്കിൽ ആ കുഞ്ഞിനെ അവർക്ക് ലഭിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. അതിൽ യാതൊരു തർക്കവുമില്ല. ഇതൊരു രാഷ്ട്രീയ വിഷയമായി കൊണ്ടുപോകാതെ ഇതുസംബന്ധിച്ചിട്ടുള്ള വസ്തുതകൾ പരിശോധിച്ചുകൊണ്ട് ആ അമ്മയുടെ വേദനയ്ക്കൊപ്പം കുഞ്ഞിന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടണം എന്നുമാത്രമാണ് ഈ അവസരത്തിൽ പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അടിയന്തരപ്രമേയാവതരണത്തിന് നോട്ടീസ് നൽകിയ ശ്രീമതി കെ. കെ. രമയെ വിഷയം അവതരിപ്പിച്ച് പ്രസംഗം പൂർത്തിയാക്കാൻ അങ്ങ് അനുവദിക്കാതിരുന്നതിൽ അതിശക്തമായ പ്രതിഷേധം ആദ്യമായി ഞാൻ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ.........

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനൊരു കാര്യം സൂചിപ്പിക്കട്ടെ, let me complete. അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയ അംഗം പത്ത് മിനിറ്റിനുള്ളിൽ സംസാരിക്കണമെന്ന് എവിടെയാണ് തീരുമാനിച്ചിരിക്കുന്നത്? അങ്ങ് നിയമസഭയിലെ കീഴ്വഴക്കങ്ങൾ പരിശോധിച്ചുനോക്കണം. ഞങ്ങൾ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമിരുന്നിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചുകൊണ്ട് 26 മിനിറ്റുവരെ സംസാരിച്ചിട്ടുണ്ട്. ശരാശരി സമയം 10 മിനിറ്റ് എന്ന് അങ്ങ് തീരുമാനിച്ചപ്പോൾ ഞങ്ങൾ അതുമായി സഹകരിക്കാൻ തയ്യാറായി. ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ രണ്ടോ മൂന്നോ മിനിറ്റിന്റെ വ്യത്യാസമുണ്ടായിക്കാണും. പക്ഷേ, വനിതാ അംഗത്തിനെ ഒരു വാചകം പറഞ്ഞ് പൂർത്തിയാക്കാൻ അങ്ങ് അനുവദിക്കാതിരുന്നതിൽ ഞങ്ങൾക്ക് കടുത്ത പ്രതിഷേധമുണ്ട്. അതാണ് ഞങ്ങൾ പ്രകടിപ്പിച്ചത്, അത് പറയാതിരിക്കാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഈ വിഷയം അനുവദിക്കുന്നത് സംബന്ധിച്ച് ചെയർ ആമുഖമായി പറഞ്ഞതാണ്. അങ്ങ് എന്നെക്കാളും നന്നായി ചട്ടം അറിയുന്ന ആളാണ്. ചട്ടം 52 (7) പ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. പക്ഷേ, പ്രതിപക്ഷത്തിന്റെ അവകാശമെന്ന നിലയിലും ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമെന്ന നിലയിലുമാണ് അനുവാദം നൽകിയത്. അതിനോട് സഹകരിക്കാനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട അംഗത്തിനുണ്ട്. എട്ട് മിനിറ്റായപ്പോൾ ബെൽ അടിച്ച് മുന്നറിയിപ്പ് നൽകിയതാണ്. (ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനെക്കുറിച്ചാണ് ചെയർ പറയുന്നത്... അങ്ങ് ഇരിക്കു... ....(ബഹളം).... ദയവായി നിശബ്ദരായിരിക്കു. സാധാരണ എല്ലാ അംഗങ്ങൾക്കും നൽകുന്നതുപോലെ പത്ത് മിനിറ്റ് ഒരു തടസ്സവുമില്ലാതെ സംസാരിക്കാനുള്ള അവസരം ബഹുമാനപ്പെട്ട അംഗത്തിന് നൽകുകയുണ്ടായി. വീണ്ടും ബെല്ലടിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഇപ്പോൾ അവസാനിപ്പിക്കാമെന്നാണ്. വീണ്ടും രണ്ട് മിനിറ്റ് സമയം കിട്ടി...(ബഹളം)... പ്രസംഗം അവസാനിപ്പിക്കാനുള്ള സമയമുണ്ടായിരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് റൂൾ 50 പ്രകാരം അനുവദിച്ചിരിക്കുന്ന നോട്ടീസുകളൊന്ന് പരിശോധിക്കണം. അതിൽ 70 ശതമാനവും കോടതിയിൽ കേസ് കൊടുത്തിട്ടുള്ള വിഷയങ്ങൾ തന്നെയാണ്. ഇവിടത്തെ കീഴ്വഴക്കങ്ങൾ പറയാം. ബാർ കോഴ, സോളാർ എന്നിവ സംബന്ധിച്ച് എത്ര ചർച്ചകളാണ് ഇവിടെ നടന്നത്. അന്നെല്ലാം നോട്ടീസ് കൊടുത്ത് സംസാരിച്ച പ്രധാനപ്പെട്ട ആളുകൾ ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്നുണ്ട്. റൂൾ 52(7) ക്വാട്ട് ചെയ്തുപറയുമ്പോൾ ഭരണകക്ഷി അംഗങ്ങൾ കയ്യടിക്കരുത്, അതിനെ പിന്തുണയ്ക്കരുത്. ബഹു. സ്പീക്കർ ചെയറിലിരുന്നുകൊണ്ട് റൂൾ ക്വാട്ട് ചെയ്തു എന്നുമാത്രമേയുള്ളൂ. എന്തായാലും ഞങ്ങളുടെ പ്രതിഷേധം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന സർക്കാരിന്റെ ഉറച്ച നിലപാടാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ, എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ശിശുക്ഷേമ സമിതിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെയും വെള്ളപൂശി അവർ ചെയ്ത കുറ്റകൃത്യത്തിൽനിന്നും മോചിപ്പിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോ അംഗം ശ്രീമതി ബൃന്ദ കാരാട്ട് പറഞ്ഞത്, ഒരു കുഞ്ഞിനെ അമ്മയിൽനിന്നും എടുത്തുമാറ്റിയത് ക്രൂരമായ കുറ്റകൃത്യമാണെന്നാണ്. ആ കുറ്റകൃത്യം ചെയ്തതാരാണ്? അതുചെയ്തവരെയാണ് ന്യായീകരിക്കാൻ ശ്രമിച്ചത്.

Juvenile Justice (Care and Protection of Children) Act 2015-ൽ പാർലമെന്റ് പാസ്സാക്കിയതാണ്. ഇന്ത്യയിലെ adoption procedure protocol എന്നത് മനുഷ്യക്കടത്തും കുഞ്ഞുങ്ങളുടെ വിൽപ്പനയും തടയുന്നതിനുള്ള കാർക്കശ്യം നിറഞ്ഞ നിയമങ്ങളും നടപടിക്രമങ്ങളുമാണ്. ആ നടപടിക്രമങ്ങളെ മുഴുവൻ ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ചേർന്ന് കാറ്റിൽപ്പറത്തിയാണ് തുടക്കംമുതൽ മുന്നോട്ടുപോയത്. ഇവിടെ ബഹു. മന്ത്രി പറഞ്ഞത്, ഇത് abandoned child ആണെന്നും അമ്മത്തൊട്ടിലിൽനിന്നും കിട്ടിയതാണെന്നുമാണ്. 2020 ഒക്ടോബർ 23-ാം തീയതി രാത്രി 12.45-ന്, അന്നത്തെ ദിവസം അമ്മത്തൊട്ടിൽ ഇല്ലായിരുന്നു. അനുപമ എസ്. ചന്ദ്രന്റെ പിതാവ് ചാനൽ ചർച്ചയിൽ പറഞ്ഞത് എന്റെ മകളുടെ സമ്മതത്തോടുകൂടിയാണ് ഞാൻ കുഞ്ഞിനെ കൈമാറിയതെന്നാണ്. കുഞ്ഞിനെ ഉപേക്ഷിക്കാൻ എന്തിനാണ് അമ്മയുടെ സമ്മതം? അതെങ്ങനെയാണ് abandoned child ആകുന്നത്?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, നിയമപരമായ കാര്യങ്ങളാണ് തുടക്കത്തിൽ ഞാൻ പറഞ്ഞത്. റെഗുലേഷൻസ് പ്രകാരം അനാഥരായവരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിക്കപ്പെട്ടവരുമായിട്ടുള്ള കുഞ്ഞുങ്ങളെ abandoned and surrender എന്നാണ് പറയുന്നത്. സറണ്ടർ ചെയ്യണമെങ്കിൽ കുഞ്ഞിന്റെ അമ്മ വരണം. അമ്മയല്ലാതെ ആരുവന്നാലും അത് abandoned child ആണ്. മാധ്യമവാർത്തകളെ അടിസ്ഥാനമാക്കിയാണ് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിന് ചുമതലപ്പെടുത്തിയതും ഉത്തരവിട്ടതും. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർക്കാണ് അന്വേഷണച്ചുമതല. ചൈൽഡ് വെൽഫയർ കമ്മിറ്റി, ശിശുക്ഷേമ സമിതി തുടങ്ങി എല്ലാവരുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്നാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് ലഭിക്കും. ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഇത്തരത്തിലുള്ള അന്വേഷണം നടത്തുന്നത്. അല്ലെങ്കിൽ ഇത്തരത്തിലൊരു അന്വേഷണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഗ്രാന്റ് പാരന്റ്സ് ശിശുക്ഷേമ സമിതിയിൽ പോയി കൈമാറിയ കുഞ്ഞിനെ, അമ്മത്തൊട്ടിലിൽനിന്ന് ലഭിച്ച കുട്ടിയായി ശിശുക്ഷേമ സമിതി പരിഗണിക്കുന്നത് എങ്ങനെയാണെന്നാണ് എന്റെ ചോദ്യം. അമ്മത്തൊട്ടിൽ റീ-ലൊക്കേറ്റ് ചെയ്യാൻവേണ്ടി മാറ്റിനിർത്തിയിരിക്കുന്ന സമയത്ത്, അതായത്, അമ്മത്തൊട്ടിലില്ലാത്ത സമയത്താണ് ഈ സംഭവം നടക്കുന്നത്. കുറ്റകൃത്യം അവിടെനിന്ന് ആരംഭിക്കുകയാണ്. ഗ്രാന്റ് പാരന്റ്സിന്റെ കയ്യിൽനിന്ന് രാത്രി 12.45-ന് കുട്ടിയെ ഏറ്റുവാങ്ങിയതിനുശേഷം അമ്മത്തൊട്ടിലിൽനിന്ന്

കിട്ടിയതാണെന്ന് തെറ്റായി രേഖപ്പെടുത്തുന്നു. പുലർച്ചെ മൂന്ന് മണിക്ക് തൈക്കാട് സർക്കാർ ആശുപത്രിയിൽ കൊണ്ടുപോയി ആശുപത്രി രേഖകളിൽ ഈ ആൺകുട്ടിയെ പെൺകുട്ടിയാണെന്ന് രേഖപ്പെടുത്തുന്നു. തൊട്ടടുത്തദിവസം, കുഞ്ഞിന് മലാല യൂസഫ് എന്ന് പേരിട്ട വാർത്ത പത്രത്തിൽ കൊടുക്കുന്നു. മലാല യൂസഫ് സായിയെ അനുസ്മരിച്ചുകൊണ്ട് കുഞ്ഞിന് പേരിട്ടെന്നതായിരുന്നു പത്രവാർത്ത. ഇനി മുതൽ ശിശുക്ഷേമ സമിതിയുടെ മുന്നിൽക്കൂടി പോകുമ്പോൾ സൂക്ഷിക്കണം. സ്ത്രീയെ പുരുഷനാക്കുകയും പുരുഷനെ സ്ത്രീയാക്കുകയും ചെയ്യുന്ന മാന്ത്രികസിദ്ധിയുള്ളവർ ശിശുക്ഷേമ സമിതിയിലുണ്ട്. ആർക്കുവേണ്ടിയാണ് ഈ ആൺകുട്ടി പെൺകുട്ടിയായി മാറിയത്? ആർക്കുവേണ്ടിയാണ് ആൺകുട്ടിക്ക് മലാല യൂസഫ് എന്ന് പേരിട്ടത്? ആൺകുട്ടിയെ പെൺകുട്ടിയാക്കി എന്ന വാർത്ത മാധ്യമങ്ങളിൽ വന്നശേഷം കൈമാറിയ കുട്ടി ആൺകുട്ടിയാണെന്ന് കുഞ്ഞിന്റെ ഗ്രാന്റ് പാരന്റ്സ് രണ്ടാമത് കത്തെഴുതിക്കൊടുത്തു. വിവാദമുണ്ടാകാതിരിക്കാൻ അവരത് ക്ലോസ് ചെയ്തു. ഇതെല്ലാംതന്നെ അവർ ചെയ്ത കാര്യങ്ങളല്ലേ? ബഹുമാനപ്പെട്ട മന്ത്രിയിവിടെ പറഞ്ഞതുപോലെ, നടപടിക്രമമനുസരിച്ച് രണ്ടാമത് പത്രപ്പരസ്യം നൽകി. പത്രപ്പരസ്യം കണ്ട് കുട്ടിയുടെ മാതാവ് അവിടെ ചെന്നു. രക്തബന്ധത്തിലുള്ള ആരുവന്നാലും കുഞ്ഞിന്റെ ഡി.എൻ.എ. പരിശോധിച്ച് തിരികെ നല്കണമെന്നുണ്ട്. കുട്ടി നഷ്ടപ്പെട്ടുപോയതാണോയെന്നും ആരെങ്കിലും തട്ടിക്കൊണ്ടു വന്നതാണോയെന്നും യഥാർത്ഥത്തിൽ ഉപേക്ഷിക്കപ്പെട്ടതാണോ, മാതാപിതാക്കൾക്ക് ആവശ്യമുണ്ടോ എന്നുമുള്ള കാര്യങ്ങളറിയാനാണ് നടപടിക്രമമനുസരിച്ച് പത്രപ്പരസ്യം നൽകുന്നത്. കുഞ്ഞിന്റെ അമ്മ പത്രപ്പരസ്യം കണ്ട് ശിശുക്ഷേമ സമിതിയിൽ ചെന്നു. അങ്ങനെയൊരു കുഞ്ഞിവിടില്ലെന്നാണ് ശിശുക്ഷേമ സമിതി സെക്രട്ടറി ആദ്യം കുഞ്ഞിന്റെ അമ്മയോട് പറഞ്ഞത്. ഈ കുഞ്ഞിനെ കിട്ടിയതിന്റെ പിറ്റേ ദിവസം കിട്ടിയ, പ്രശസ്ത ഫുട്ബോൾ താരമായ പെലെയുടെ പേരിട്ടിരിക്കുന്ന വേറൊരു കുഞ്ഞുണ്ടായിരുന്നു. അമ്മ നിർബന്ധിച്ചപ്പോൾ, അവരുടെ പിതാവ് കൈമാറിയ കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് എടുക്കുന്നതിന് പകരം പിറ്റേദിവസം വന്ന വേറൊരു കുട്ടിയുടേതെടുത്തശേഷം അനുപമ എസ്. ചന്ദ്രന്റെ കുഞ്ഞല്ലെന്ന് പറയുകയുണ്ടായി. ഇതാണ് യഥാർത്ഥത്തിൽ അവിടെ നടന്നിരിക്കുന്നത്. അവിടെയും തട്ടിപ്പാണ് നടത്തിയത്. അഡോപ്ഷൻ കമ്മിറ്റി തന്നെയാണ് ഇത് ചെയ്തത്. അതിനുശേഷം നിയമപരമായി ദത്തെടുക്കപ്പെടുന്നതിന് ഈ കുട്ടി യോഗ്യനാണ് എന്നറിയിക്കുകയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയ്തത്. അതേസമയം കുഞ്ഞിന്റെ മാതാവ് പല സ്ഥലങ്ങളിലും കയറിയിറങ്ങി നടക്കുകയാണ്. അതിനുശേഷം ഈ വിഷയം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നു. അവർ ആന്ധ്രാപ്രദേശിലെ ദമ്പതികൾക്ക്

ഈ കുഞ്ഞിനെ ദത്തുനൽകാൻ അനുവദിക്കുന്നു. വെബ്സൈറ്റിൽ ലഭിക്കുന്ന വിവരമാണിത്. പ്രസവിച്ച കുഞ്ഞിനുവേണ്ടി, അമ്മ ഏപ്രിൽ മാസം മുതൽ ഓരോ സ്ഥലങ്ങളിലും അന്വേഷണവുമായി ബന്ധപ്പെട്ട് കയറിയിറങ്ങുകയാണ്. ഞാൻ അതിന്റെ പശ്ചാത്തലത്തിലേയ്ക്കും രാഷ്ട്രീയത്തിലേയ്ക്കും കുടുംബപശ്ചാത്തലത്തിലേയ്ക്കും പോകുന്നില്ല. കുഞ്ഞിനെ കണ്ടെത്തുന്നതിനായി അവർ മുഖ്യമന്ത്രി, ഡി.ജി.പി., സി.ഡബ്ല്യൂ.സി., സി.പി.ഐ.(എം.) സെക്രട്ടറി, പി.ബി. അംഗം, സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി തുടങ്ങി ഒട്ടേറെയാളുകൾക്ക് പരാതി നൽകി. പി. ബി. അംഗം ശ്രീമതി ബൃന്ദാ കാരാട്ട് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറോട് വിളിച്ചുപറഞ്ഞു. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത്, എല്ലാ വനിതാ നേതാക്കളേയും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുൾപ്പെടെ എല്ലാവരെയും വിളിച്ചറിയിച്ചുവെന്നും പക്ഷേ, ഞാൻ തോറ്റുപോയി എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുമാണ്. കാരണം, പാർട്ടിയാണ് ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്തിരിക്കുന്നത്. ആഗസ്റ്റ് 6-ാം തീയതി അഡോപ്ഷൻ കമ്മിറ്റി ചേരുകയുണ്ടായി. അഡോപ്ഷൻ കമ്മിറ്റിയിലെ രണ്ടുപേർക്ക് കുഞ്ഞ് ആരുടേതാണെന്ന് അറിയാമായിരുന്നു. ആദ്യത്തെയാൾ സി.ഡബ്ല്യൂ.സി. ചെയർമാനാണ്, അവർ കോർപ്പറേഷൻ തെരഞ്ഞെടുപ്പിലെ സി.പി.ഐ.(എം.) സ്ഥാനാർത്ഥിയായിരുന്നു. രണ്ടാമത്, ശിശുക്ഷേമ സമിതിയിലെ ജനറൽ സെക്രട്ടറിയാണ്, ഡി.വൈ.എഫ്.ഐ. നേതാവും സെക്രട്ടേറിയറ്റ് അംഗവുമാണ്. ഇവർക്കെല്ലാവർക്കും കാര്യങ്ങളറിയാമായിരുന്നിട്ടും അഡോപ്ഷൻ കമ്മിറ്റി യോഗം ചേർന്ന് കുഞ്ഞിനെ ആന്ധ്രാപ്രദേശിലെ ദമ്പതികൾക്ക് കൈമാറാൻ തീരുമാനിക്കുന്നു. ഇപ്പോൾ താല്ക്കാലിക അഡോപ്ഷനാണ് നൽകിയിരിക്കുന്നത്. പ്രൊസീഡ്യുവർ അനുസരിച്ച് അഡോപ്ഷൻ സ്ഥിരപ്പെടുത്തണമെങ്കിൽ കോടതി തീരുമാനിക്കണം. ഈ സംഭവം വിവാദമായതിനുശേഷവും അഡോപ്ഷൻ സ്ഥിരപ്പെടുത്താൻ കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തു. കഴിഞ്ഞയാഴ്ചയും അഫിഡവിറ്റ് ഫയൽ ചെയ്തു. പ്രസ്തുത അഫിഡവിറ്റിനെയാണ് കോടതി ഇന്നലെ വിമർശിച്ചത്. ഈ സംഭവം വിവാദമായതിനുശേഷവും ദത്തെടുക്കൽ സ്ഥിരപ്പെടുത്താൻ കുഞ്ഞ് ആരുടേതാണെന്ന് അറിയാവുന്നവർ തന്നെ അഫിഡവിറ്റ് ഫയൽ ചെയ്തില്ലേ? അവരെയാണ് ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിച്ചത്. ശ്രീമതി ബൃന്ദാ കാരാട്ട് പറഞ്ഞതുപോലെ ഇതൊരു കുറ്റകൃത്യമാണ്. പ്രോട്ടോക്കോൾ മുഴുവൻ ലംഘിച്ചുകൊണ്ടുനടത്തിയ കാര്യമാണിത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ, കുഞ്ഞിനെ നഷ്ടപ്പെട്ടത് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും കൊടുത്തുകൊണ്ട് അമ്മ പോലീസിൽ പരാതി നൽകിയിരുന്നു. ആറ് മാസം കഴിഞ്ഞിട്ടാണ് പോലീസ് എഫ്.ഐ.ആർ. തയ്യാറാക്കിയത്. ഇതാണോ പോലീസിന് നൽകിയിരിക്കുന്ന നിർദ്ദേശം? പാർട്ടി ഇടപെട്ടാൽ എന്തും ചെയ്യാം,

എല്ലാം പാർട്ടി തീരുമാനിക്കും. പോലീസ് സ്റ്റേഷൻ, കോടതി, സി.ഡബ്ല്യൂ.സി., ഡി.ജി.പി. തുടങ്ങിയവ പാർട്ടി തന്നെയാണ്. ചില സംസ്ഥാനങ്ങളിലൊക്കെ നടക്കുന്ന ദുരഭിമാനക്കൊലകൾക്ക് തുല്യമായൊരു ദുരഭിമാന കുറ്റകൃത്യമാണിത്. ഇടതുപക്ഷമായ നിങ്ങളുടെ നിലപാട്, ഇക്കാര്യത്തിൽ തീവ്ര വലതുപക്ഷ നിലപാടാണ്. യാഥാസ്ഥിതിക, പിന്തിരിപ്പൻ നിലപാടാണ്, കൺസർവേറ്റീവ് അപ്രോച്ചാണ്. നിങ്ങൾ എന്ത് ഇടതുപക്ഷമാണ്? ദുരഭിമാന കുറ്റകൃത്യത്തിന് കൂട്ടുനിൽക്കുന്നതാണോ ഇടതുപക്ഷത്തിന് യോജിച്ച കാര്യം? നിങ്ങൾ എന്ത് പുരോഗമനവാദികളാണ്; എവിടത്തെ പുരോഗമനമാണ് നിങ്ങൾക്കുള്ളത്? യാഥാസ്ഥിതിക പിന്തിരിപ്പന്മാരാണ് നിങ്ങളെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇത്തരം നിലപാടുകളിലൂടെയാണ് ഒരാൾ ഇടതുപക്ഷമാണോ പ്രോഗ്രസ്സീവാണോയെന്ന് തീരുമാനിക്കേണ്ടത്. യാഥാസ്ഥിതികമാണോ പുരോഗമനപരമാണോയെന്ന് തീരുമാനിക്കണം. ഞാൻ എല്ലാ വനിതാ നേതാക്കളെയും അറിയിച്ചുവെന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ടെലിവിഷനിലൂടെ പറഞ്ഞല്ലോ. ഇവിടെ ഇരിക്കുന്ന രണ്ട് വനിതാ മന്ത്രിമാർ ഇക്കാര്യം അറിഞ്ഞോ? എല്ലാവരും അതിന് കൂട്ടുനിന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്, സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി ശ്രീ. ആനാവൂർ നാഗപ്പന്റെ പത്രസമ്മേളനമാണ്. ആദ്യം ചെന്നപ്പോൾ അദ്ദേഹം എന്താണ് പറഞ്ഞതെന്ന് ഈ അമ്മ പറഞ്ഞിട്ടുണ്ട്. **XXXXXXXXXX***  ഇത് വെള്ളരിക്കാപ്പട്ടണമാണോ. എല്ലാ നിയമ നടപടികളെയും നിയമ വ്യവസ്ഥകളെയും വെല്ലുവിളിക്കുന്നു. ഞങ്ങൾ ഈ സിസ്റ്റത്തെയാണ് ചോദ്യം ചെയ്യുന്നത്. ഞാൻ വഴങ്ങുന്നില്ല.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ജില്ലാ സെക്രട്ടറിയെക്കുറിച്ച് പറഞ്ഞ പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വാക്കൗട്ട് പ്രസംഗത്തിനിടയിൽ പോയിന്റ് ഓഫ് ഓർഡറോ?

<u>മി. സ്പീക്കർ</u>: അങ്ങ് വഴങ്ങുന്നുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വാക്കൗട്ട് പ്രസംഗത്തിന് പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറല്ല അങ്ങ് വഴങ്ങുന്നുണ്ടോയെന്ന് ചോദിച്ചതാണ്.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 17488/ഇ.ബി./2021/നി.സെ. തീയതി 27-10-2021) സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. (...ബഹളം...)

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞതിൽ ആക്ഷേപകരമായ കാര്യങ്ങളുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും. (...ബഹളം...) ആക്ഷേപകരമായിട്ടുള്ള കാര്യങ്ങൾ രേഖയിലുണ്ടാകില്ല. അത് പരിശോധിക്കും*.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ആറ് മാസക്കാലമായി തുടങ്ങിയ ഗൂഢാലോചനയാണ് ഒക്ടോബർ മാസം വരെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും എല്ലാമറിയാം. എല്ലാവരും എല്ലാത്തിനും കൂട്ടുനിന്നു. എല്ലാവരും അതിൽ പങ്കാളികളാണ്. ഒരു കുറ്റകൃത്യം നടത്താൻ നിരന്തരമായി ഒരു കുറ്റമല്ല നിരവധി കുറ്റങ്ങളാണ് ഇവർ ചെയ്തിരിക്കുന്നത്. ശിശുക്ഷേമ സമിതിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അദ്ദേഹം അറിയുകയും അന്വേഷിക്കുകയും ചെയ്യണ്ടേ; ആരാണ് അതിന്റെ വൈസ് ചെയർമാൻ; ശിശുക്ഷേമ സമിതിയിൽ എന്താണ് നടക്കുന്നതെന്ന് അറിയണ്ടേ? ഈ വിവരങ്ങളുണ്ടായിട്ടും അതെന്താണെന്ന് അന്വേഷിക്കാൻ നിങ്ങളാരും തയ്യാറായില്ല. കാരണം, അത് പാർട്ടിക്ക് വിട്ടുകൊടുത്തു. പാർട്ടിയാണ് ഇതെല്ലാം ചെയ്തത്. പാർട്ടിയാണോ കേരളത്തിൽ ഭരിക്കുന്നത്? കാർക്കശ്യത്തോടുകൂടി നടപ്പിലാക്കേണ്ട ഇത്തരം പ്രധാന നിയമങ്ങൾ പാർട്ടിക്ക് വിട്ടുകൊടുത്താൽ മതിയോ? പാർട്ടി പോലീസ് സ്റ്റേഷനും കോടതിയുമായി മാറുന്ന ഒരു സാഹചര്യം കേരളത്തെ എവിടെക്കൊണ്ടെത്തിക്കും? ഇതൊരു ഗൂഢാലോചനയാണ്. നിരവധി കുറ്റകൃത്യങ്ങൾ നടത്താൻവേണ്ടിയുള്ള നിരന്തരമായ ഗൂഢാലോചനയിൽ സി.പി.ഐ.(എം.)-ന്റെ പാർട്ടി നേതാക്കൾക്ക് പങ്കുണ്ടെന്നത് പകൽവെളിച്ചംപോലെ വ്യക്തമാണ്. ശിശുക്ഷേമ സമിതിയിലെ ജീവനക്കാർ മുഖ്യമന്ത്രിക്ക് കൊടുത്ത ഒരു പരാതിയുടെ കോപ്പി എന്റെ കയ്യിലുണ്ട് (പരാതിയുടെ കോപ്പി ഉയർത്തിക്കാണിച്ചു). അവിടെ നടക്കുന്ന എല്ലാ കാര്യങ്ങളുമുണ്ട്. ഈ കുടുംബം ചെയ്ത മുഴുവനും അതിലുണ്ട്. സി.സി.ടി.വി. ക്യാമറ ഇപ്പോഴുണ്ടോയെന്ന് അന്വേഷിക്കണം. അതെല്ലാം നശിപ്പിച്ചുകളഞ്ഞിരിക്കുകയാണ്. കുറ്റകൃത്യം നടത്തുന്നതിന് പാർട്ടി നേതാക്കൾകൂടി ഗൂഢാലോചനയിൽ പങ്കാളികളായി. ഇനി നിയമസഭ പാസ്സാക്കാൻ പോകുന്ന എല്ലാ ബില്ലിലും ഒരു അപ്പീൽ പ്രൊവിഷൻ വയ്ക്കാം. ആ പ്രൊവിഷൻ ഇതായിരിക്കണം, നിങ്ങൾക്കെന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് എ.കെ.ജി. സെന്ററിൽ കൊടുത്താൽ മതിയെന്ന്. അങ്ങനെയാണോ കേരളത്തിലെ ഭരണം? നമ്മുടെ നിയമവ്യവസ്ഥകളെ മുഴുവൻ കാറ്റിൽപ്പറത്തിക്കൊണ്ട് ഒരു കുഞ്ഞിനോട് ചെയ്ത ക്രൂരകൃത്യമാണിത്. അത്

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 17488/ഇ.ബി./2021/നി.സെ. തീയതി 27-10-2021) സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും എല്ലാ കുറ്റകൃത്യത്തിനും കൂട്ടുനിന്ന ശിശുക്ഷേമ സമിതിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെയും പോലീസിനെയും ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിച്ചതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുറ്റകൃത്യങ്ങളുടെ ഒരു ഘോഷയാത്രതന്നെ നടന്നത് സംബന്ധിച്ച് സഭയിൽ അവതരിപ്പിച്ച് ഓരോന്നായി എണ്ണിയെണ്ണി പറഞ്ഞപ്പോൾ അത് കവർ-അപ് ചെയ്യാൻ വേണ്ടിയുള്ള ഒരു മറുപടിയാണ് ബഹു. മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് നടന്നത്. മാനുഷികമായും വൈകാരികമായും കുടുംബപരമായും നിയമപരമായും എല്ലാ നിയമവ്യവസ്ഥകളെയും തകർത്തെറിഞ്ഞ് അവയെ നോക്കുകുത്തികളാക്കിക്കൊണ്ടാണ് അമ്മയിൽനിന്നും പിഞ്ചുകുഞ്ഞിനെ വേർപ്പെടുത്തുന്നതും പറഞ്ഞുപറ്റിച്ച് വേറൊരു ദമ്പതികൾക്ക് ദത്തുകൊടുക്കാൻ നടപടി സ്വീകരിച്ചതും. ഇതൊന്നും നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? കേരളം മുഴുവൻ ചർച്ച ചെയ്യുകയല്ലേ. സാങ്കേതികമായി പറഞ്ഞൊഴിയാൻ കഴിയില്ല. ന്യായമായ ഒരു നിലപാടിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി അവസാനമായെങ്കിലും വരേണ്ടതായിരുന്നു. രാഷ്ട്രീയ കാരണങ്ങളാലോ മറ്റ് പല കാരണങ്ങളാലോ അതിനെ മൂടിവയ്ക്കാനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. ശ്രീമതി കെ. കെ. രമ വൈകാരികമായി വിഷയം അവതരിപ്പിച്ച് സംസാരിക്കുമ്പോൾ പൂർത്തിയാക്കാനുള്ള അവസരം നിഷേധിച്ചതുകൊണ്ടാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. എന്നിട്ടും ഒരു പരിധിവരെമാത്രമേ ഞങ്ങൾ പ്രതിഷേധിച്ചുള്ളൂ. സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് കേൾക്കുന്നുണ്ട്. ഭാവിയിലെങ്കിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. കേരളത്തിന് യോജിച്ച സംഭവമല്ല നടന്നിരിക്കുന്നത്. ആ നിലയിലാണ് ദേശീയ-സംസ്ഥാനതലങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുന്നത്. സംഭവത്തിനെ ന്യായീകരിക്കാനും കവർ-അപ് ചെയ്യാനുമുള്ള ശ്രമമാണ് ഇവിടെ കണ്ടത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിന്റെ പൊതുമനഃസാക്ഷിയെ ഞെട്ടിച്ച, നമുക്കെല്ലാവർക്കും ആശങ്കയും വേദനയുമുണ്ടാക്കിയ നിർഭാഗ്യകരമായ ഒരു സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. കുറ്റകൃത്യം ചെയ്തവരെ സംരക്ഷിക്കുന്ന തെറ്റായ നിലപാട് മന്ത്രിയും ഗവൺമെന്റും സ്വീകരിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, മാതാവിൽനിന്ന് ഒരു കുഞ്ഞിനെ അനധികൃതമായി എടുത്തുമാറ്റിയ നടപടിയിൽ ശിശുക്ഷേമ സമിതിയുടെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും പോലീസിന്റെയും അനധികൃതവും നിയമവിരുദ്ധവുമായ ഇടപെടലുണ്ടായിട്ടുണ്ട്. സമൂഹത്തിൽ ഏറെ ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്ന ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, കുട്ടികൾക്കും അമ്മമാർക്കും നീതി നിഷേധിക്കപ്പെടുന്നത് കേരളത്തിൽ പുതുമയല്ലാത്തൊരു കാഴ്ചയായി മാറുകയാണ്. വാളയാറിലെ രണ്ട് പെൺകുട്ടികൾ ഇപ്പോഴും തൂങ്ങിയാടുകയാണ്. ഇത്തരത്തിലുള്ള ഗുരുതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

മി. സ്പീക്കർ: ഓർഡർ.. ഓർഡർ.. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും ഇന്നലെയാണ് സഭയിൽ അവതരിപ്പിച്ചത്. അതിനുള്ള ഭേദഗതികൾ നൽകുന്നതിനുള്ള സമയം ഇന്ന് ഉച്ചയ്ക്ക് 12 മണിവരെയാണ് നിശ്ചയിച്ചിരുന്നത്. രണ്ട് മണിക്കൂർ കൂടി സമയം ദീർഘിപ്പിച്ച് ഉച്ചയ്ക്കുശേഷം 2 മണിവരെ ഭേദഗതികൾ സമർപ്പിക്കാവുന്നതാണ്.

{അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കുറ്റ്യാടി ജലസേചന പദ്ധതി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോഴിക്കോട് ജില്ലയിലെ ഏക ജലസേചന പദ്ധതിയാണ് കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്. 1962-ൽ ആരംഭിച്ച് 1972-ൽ പൂർത്തീകരിച്ച പദ്ധതിയാണിത്. 603 കിലോമീറ്റർ നീളമുള്ള വിവിധ കനാലുകൾ വഴി 14560 ഹെക്ടർ സ്ഥലത്താണ് ഈ പദ്ധതിവഴി ജലസേചനം നടത്തുന്നത്. വലതുകര കനാൽവഴി വടകര താലൂക്കിലും ഇടതുകര കനാൽവഴി കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിലും ജലസേചനം നടത്തുന്നു. ഇപ്പോൾ കാർഷികാവശ്യത്തിന് പുറമെ കുടിവെള്ളത്തിനായും ഉപയോഗിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്ന ജെ.ബി.ഐ.സി. പദ്ധതിക്കാവശ്യമായ വെള്ളവും ഈ റിസർവോയറിൽനിന്നാണ് ശേഖരിക്കുന്നത്.

11.00 A.M.}

കൊയിലാണ്ടി, പയ്യോളി മുനിസിപ്പാലിറ്റികളിലെ കുടിവെള്ള വിതരണത്തിനുള്ള ജൽജീവൻ പദ്ധതി ഈ സ്രോതസ്സുപയോഗിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഏകദേശം അൻപത് വർഷത്തോളം പഴക്കമുള്ള കനാൽശൃംഖലകളും സ്ട്രക്ച്ചറുകളും ഇന്ന് ശോചനീയാവസ്ഥയിലാണ്. പല ഭാഗങ്ങളിലും മണ്ണൊലിച്ചിറങ്ങി കനാൽ നികന്നുപോയിട്ടുണ്ട്. അവ ബലപ്പെടുത്തേണ്ടതോ മാറ്റിപ്പണിയേണ്ടതോ അത്യാവശ്യമാണ്. കരകൾ ഇടിഞ്ഞുപോയിട്ടുള്ള എല്ലാ മൺകനാലുകളും ആവശ്യമായ വീതിയിലും ആഴത്തിലും പുനർനിർമ്മിക്കേണ്ടതുണ്ട്. കുറ്റ്യാടി പുഴയുടെ ലെവലിനേക്കാൾ താഴെയാണ് വടകര, കൊയിലാണ്ടി താലൂക്കുകളിലെ നെൽവയലുകൾ. മഴ പെയ്തുകഴിഞ്ഞാൽ നെൽവയലുകൾ മഴവെള്ളംകൊണ്ട് മൂടുന്ന സ്ഥിതിയായതിനാൽ പുഞ്ചകൃഷിമാത്രമാണ് നടത്തിവരുന്നത്. കുടിവെള്ളക്ഷാമം രൂക്ഷമാകുമ്പോൾ കനാൽ തുറക്കും. കനാൽ ചോർച്ച കാരണം കൊയ്യാറായ നെല്ല് മുഴുവൻ വെള്ളത്തിലാകും. എല്ലാ വർഷവും വൻനഷ്ടമാണ് കൃഷിക്കാർക്ക് ഇതുമൂലമുണ്ടാകുന്നത്. ഇതുകാരണം നിലവിൽ നൂറുകണക്കിന് ഏക്കർ നെൽവയലുകൾ കൃഷിക്കാർ തരിശിട്ടിരിക്കുകയാണ്. എല്ലാ കനാലുകളിലും ചോർച്ചയുള്ള ഭാഗങ്ങളിൽ വെള്ളം തടയാനാവശ്യമായ നടപടികളുണ്ടാകണം. ക്വാർട്ടേഴ്സുകൾ ഇടിഞ്ഞുപൊളിഞ്ഞിരിക്കുന്നു; ഓഫീസ് കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലാണ്. ജലവിതരണം കൃത്യമായി നിയന്ത്രിക്കാൻ കഴിയുന്ന ആധുനിക സ്ലൂയിസ് വാൽവുകൾ സ്ഥാപിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായ അക്വഡക്ടുകളുടെ സിമന്റ് പാളികൾ അടർന്നുവീണ് കമ്പി പുറത്തായി

ഏതുനിമിഷവും പൊട്ടിപ്പൊളിയാവുന്ന അവസ്ഥയിലാണ്. ജനങ്ങൾ ഭയാശങ്കയോട്ടുകൂടിയാണ് ഇതെല്ലാം കാണുന്നത്. അടിയന്തരമായി പുനർനിർമ്മാണം നടത്തിയില്ലെങ്കിൽ അൻപത് വർഷമായി ജലസേചന/കുടിവെള്ളാവശ്യത്തിനായി ഉപയോഗിക്കുന്ന കുറ്റ്യാടി ജലസേചന പദ്ധതി നിലച്ചുപോകാൻ സാദ്ധ്യതയുണ്ട്. ജലത്തിന്റെ ആവശ്യം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. റിസർവോയറിന്റെ ശേഷി വർദ്ധിപ്പിക്കുകയും ഡാം ശക്തിപ്പെടുത്തുകയും സപ്പോർട്ട് ഡാം സ്ഥാപിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്യണം. റിസർവോയറിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യണം. പദ്ധതിയുടെ കേന്ദ്രമായ പെരുവണ്ണാമൂഴി ടൂറിസത്തിന് വൻസാദ്ധ്യതയുള്ള മനോഹരമായ പ്രദേശമാണ്. ടൂറിസം, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി അതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കണം. കുറ്റ്യാടി ജലസേചന പദ്ധതിക്ക് പുനർജീവൻ നൽകുന്നതിനും അതുവഴി കോഴിക്കോട് ജില്ലയിലെ കർഷകരുടേയും പൊതുജനങ്ങളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടികളുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കോഴിക്കോട് ജില്ലയിലെ കാർഷിക ജലസേചനത്തിനുവേണ്ടി 1972-ൽ ഭാഗികമായും 1993-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തതാണ് കുറ്റ്യാടി ജലസേചന പദ്ധതി. കുറ്റ്യാടി പുഴയ്ക്കുകുറുകെ പെരുവണ്ണാമൂഴിയിൽ അണകെട്ടി വെള്ളം സംഭരിച്ച് ഒരു കനാൽ സ്ലൂയിസുവഴി രണ്ട് മെയിൻ കനാലുകളായി പത്ത് ബ്രാഞ്ച് കനാലുകളും 70 ഡിസ്ട്രിബ്യൂട്ടറി കനാലുകളും 107 സബ്-ഡിസ്ട്രിബ്യൂട്ടറി കനാലുകളും ഉൾപ്പെടുന്ന 603 കിലോമീറ്റർ നീളമുള്ള കനാൽ ശൃംഖലയിലൂടെ ഈ പദ്ധതി വഴി കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിലായി 14560 ഹെക്ടർ പ്രദേശത്ത് സെക്കന്റിൽ 18.38 ഘനമീറ്റർ വെള്ളം ജലസേചനത്തിനായി ലഭ്യമാക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിരിക്കുന്നത്. വലതുകര മെയിൻ കനാലിലൂടെ വടകര താലൂക്കിലും ഇടതുകര മെയിൻ കനാലിലൂടെ കൊയിലാണ്ടി താലൂക്കിലെ വിവിധ ഭാഗങ്ങളിലും കക്കോടി ബ്രാഞ്ച് കനാലിന്റെ അവസാന ഭാഗംവഴി കോഴിക്കോട് താലൂക്കിലെ പ്രദേശങ്ങളിലുമായി ജലം ലഭ്യമാക്കുന്നു. കുറ്റ്യാടി ജലസേചന പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ മുടങ്ങാതെ എല്ലാവർഷവും ജലവിതരണം സാദ്ധ്യമായിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതി കാർഷികാവശ്യത്തിനുപരി കുടിവെള്ളത്തിനായും ഉപയോഗിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിലും അനുബന്ധ പഞ്ചായത്തുകളിലും ജെ.ബി.ഐ.സി. പദ്ധതിയ്ക്കാവശ്യമായ വെള്ളം ഈ റിസർവോയറിൽനിന്നുമാണ് ശേഖരിക്കുന്നത്. കൊയിലാണ്ടി, പയ്യോളി മുനിസിപ്പാലിറ്റികളിലെ കുടിവെള്ള വിതരണത്തിനുള്ള ജൽജീവൻ പദ്ധതിയും ഈ സ്രോതസ് ഉപയോഗിച്ചാണ് വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ, കുറ്റ്യാടി ജലസേചന പദ്ധതിയോടനുബന്ധമായി

കെ.എസ്.ഇ.ബി.എൽ-ന്റെ ആറ് മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവും പൂർത്തീകരിച്ചുവരുന്നു. ഇതിനാവശ്യമായ ജലവും ഈ പദ്ധതിയിൽനിന്നാണ് ഉപയോഗിക്കുന്നത്. ഇന്ന് ജനങ്ങൾ കാർഷികവൃത്തിയിൽനിന്നും ഒരുപരിധിവരെ മാറിയിട്ടുണ്ടെങ്കിലും കനാലിൽനിന്നും ജലവിതരണം നടത്തുന്ന വേനൽക്കാലത്ത് ജില്ലയിലെ വരൾച്ച നിയന്ത്രിച്ച് നിർത്തുന്നതിൽ ഈ പദ്ധതി വലിയ പങ്കാണ് നിർവ്വഹിച്ചുവരുന്നത്. DRIP (Dam Rehabilitation and Improvement Project) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പെരുവണ്ണാമൂഴി അണക്കെട്ടിന്റെ ചോർച്ച പരിഹരിക്കുന്നതിനും അനുബന്ധ എർത്തേൺ ഡാമുകൾ ബലപ്പെടുത്തുന്നതിനും 1685 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2021 ജനുവരി മാസം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടമായി സപ്പോർട്ടിംഗ് ഡാം നിർമ്മിക്കുന്നതിനുവേണ്ടി 35.14 കോടി രൂപയുടെ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുറ്റ്യാടി ജലസംഭരണിയുടെ സംഭരണശേഷി കണക്കാക്കുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ സംഭരണശേഷി 37 ശതമാനം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിന് റിസർവോയറിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഏകദേശം അമ്പത് വർഷത്തോളം പഴക്കമുള്ള ശോചനീയാവസ്ഥയിലുള്ള കനാൽ ശൃംഖലകളും കനാൽ സ്ട്രക്ച്ചറുകളും ബലപ്പെടുത്തുകയോ മാറ്റിപ്പണിയുകയോ ചെയ്യേണ്ടത് അത്യാവശ്യമാണ്. കരകൾ ഇടിഞ്ഞുപോയിട്ടുള്ള എല്ലാ മൺകനാലുകളും ആവശ്യമായ വീതിയിലും ആഴത്തിലും പുനർനിർമ്മിക്കേണ്ടതുണ്ട്. എല്ലാ കനാലുകളുടെയും ചോർച്ചയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് നടത്തേണ്ടതുണ്ട്. ജലവിതരണം കൃത്യമായി നിയന്ത്രിക്കാൻ കഴിയുന്ന ആധുനിക സ്ലൂയിസ് വാൽവുകൾ എല്ലാ കനാലുകളിലും സ്ഥാപിക്കേണ്ടതുണ്ട്. മണ്ണിട്ട് റോഡുകളായി മാറിയിട്ടുള്ള ഡിസ്ട്രിബ്യൂട്ടറികൾ, സബ്-ഡിസ്ട്രിബ്യൂട്ടറികൾ എന്നിവ പുനർനിർമ്മിക്കുകയും റിപ്പെയർ ചെയ്യാൻ സാധിക്കാത്ത അക്വാഡക്ടുകൾ, സൈഫണുകൾ, റെഗുലേറ്ററുകൾ തുടങ്ങിയവ പുനർനിർമ്മിക്കുകയും കനാൽ ശൃംഖലയിലുള്ള ബോട്ടിൽനെക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്. കനാലുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വർഷാവർഷം നാമമാത്രമായ ഫണ്ട് മാത്രമാണ് അനുവദിച്ചുകൊണ്ടിരിക്കുന്നത്. കനാൽ സ്ട്രക്ച്ചറുകളും അനുബന്ധ കെട്ടിടങ്ങളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവർത്തനമേറ്റെടുത്ത് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* അനുബന്ധം 2

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ദയനീയാവസ്ഥ മനസ്സിലാക്കി അത് പുനരുദ്ധരിക്കാനുള്ള പ്രവർത്തനം ആരംഭിക്കുമെന്ന് അങ്ങ് നൽകിയ ഉറപ്പ് സ്വാഗതാർഹമാണ്. ഈ പദ്ധതിയുടെ പൂർത്തീകരണം സമയബന്ധിതമായി ഉറപ്പാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ഈ ജലസ്രോതസ് ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ ജലസ്രോതസ്സിനെ പൂർണ്ണമായും പ്രയോജനപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. പെരുവണ്ണാമൂഴി ഡാം കേന്ദ്രീകരിച്ച് hilly aqua-യുടെ പുതിയൊരു കുപ്പിവെള്ള യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഡാമുകൾ കേന്ദ്രീകരിച്ചുള്ള ഇറിഗേഷൻ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വികസനം നടത്തണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പ്രയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നല്ല നിലയിൽ നിലനിർത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകുന്നതാണ്.

## (2) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിയന്ത്രണവും അവശ്യമരുന്നുകളുടെ ലഭ്യതയും

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾക്ക് ഗുണനിലവാരമില്ലെന്ന ആരോപണവും ആക്ഷേപവും കാലാകാലങ്ങളായി നിലനിൽക്കുകയാണ്. അതുസംബന്ധിച്ച് അനവധി റിപ്പോർട്ടുകളും മാധ്യമവാർത്തകളും പരാതികളും വരാറുണ്ട്. എന്നാൽ അതിനനുസൃതമായുള്ള നടപടികളുണ്ടാകുന്നില്ല. കേരളത്തിൽ ആവശ്യമുള്ള മരുന്നിന്റെ 95 ശതമാനവും മറ്റുസംസ്ഥാനങ്ങളിൽനിന്ന് വരുന്നതാണ്. പോണ്ടിച്ചേരി ഉൾപ്പെടെയുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ ഇത്തരം മരുന്നുല്പാദക കേന്ദ്രങ്ങൾ കുടിൽവ്യവസായംപോലെ നടത്തപ്പെടുകയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം മരുന്നുകടകളിലും ഏജൻസികളിലും മരുന്നുകൾ നേരിട്ടെത്തുന്ന സാഹചര്യവുമുണ്ട്. പരിശോധനാ സംവിധാനം അപര്യാപ്തമാകുമ്പോൾ ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ കടന്നുവരവ് വർദ്ധിക്കും. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നൽകിയ ഒരു മറുപടിയിൽ പറഞ്ഞിരിക്കുന്നത്, അത്തരത്തിലുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണെന്നാണ്. ഒരു മരുന്ന് ഗുണനിലവാരമുള്ളതാണോ അല്ലയോയെന്ന പരിശോധനാ റിപ്പോർട്ട് ലഭിക്കാൻ മൂന്ന് മുതൽ ഇരുപത് ദിവസംവരെ വേണ്ടിവരും. റിപ്പോർട്ട് ലഭിക്കുന്ന സമയത്തിനുള്ളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിപണിയിൽ വിറ്റഴിക്കപ്പെടുന്നു. കൂടാതെ റാൻഡമായി മാത്രമേ മരുന്നുകൾ പരിശോധനയ്ക്കെടുക്കാൻ കഴിയുകയുള്ളൂ. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനനുസൃതമായിട്ടാണ്

പരിശോധനയ്ക്ക് മരുന്നുകൾ റാൻഡമായിട്ടെടുക്കുന്നത്. റാൻഡമായി എടുക്കുന്ന ഒരു മരുന്നിന്റെ പരിശോധനാഫലം ലഭിക്കാൻ മൂന്ന് മുതൽ ഇരുപതുവരെ ദിവസം വേണ്ടിവരും. ആ രീതി പ്രായോഗികമല്ലായെന്ന് ഗവൺമെന്റ് പറയുന്നു. പിന്നെങ്ങനെയാണ് എല്ലാ മരുന്നുകൾക്കും ഗുണനിലവാരമുണ്ടെന്ന് ഗവൺമെന്റിന് ഉറപ്പുപറയാൻ കഴിയുന്നത്? ഇതുമായി ബന്ധപ്പെട്ടുവരുന്ന വാർത്തകൾക്ക് അടിസ്ഥാനമുണ്ടെന്നുവേണം അനുമാനിക്കേണ്ടത്. ഇന്നുള്ള പരിശോധനാ സംവിധാനം അപര്യാപ്തമാണ്. പത്തനംതിട്ട ജില്ലയിലെ ലാബ് പ്രവർത്തനസജ്ജമായാൽ പ്രതിമാസം ഏകദേശം 2000 സാമ്പിളുകൾ പരിശോധിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പറയുന്നത്. ഒരുസമയം ഏകദേശം രണ്ട് ലക്ഷം ബാച്ച് മരുന്നുകൾ കേരളത്തിലെ വിപണിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. എന്നാൽ അതിനുള്ള ഇൻഫ്രാസ്ട്രക്ച്ചറില്ല. അമ്പതിൽ താഴെ ഡ്രഗ് ഇൻസ്പെക്ടർമാരാണ് നിലവിലുള്ളതെന്നാണ് അറിയാൻ സാധിച്ചത്. അപര്യാപ്തമായ പരിശോധനാ സംവിധാനങ്ങളിലൂടെ മുന്നോട്ടുപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജൂലൈ മാസം തിരുവനന്തപുരം ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലും വിവിധ ജില്ലകളിലും മൂന്ന് ലാബുകളിലും വിജിലൻസ് നടത്തിയ പരിശോധനയിൽ ഗുരുതര പാളിച്ചകളാണ് കണ്ടെത്തിയത്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്ത ഏജൻസികളെ കണ്ടെത്തിയെങ്കിലും അവർക്കെതിരെ നടപടിയെടുക്കുന്നില്ല. പ്രോസിക്യൂഷന് സാഹചര്യമുണ്ടായിട്ടും ബോധപൂർവ്വം പ്രോസിക്യൂഷൻ നടപടികളെടുക്കുന്നില്ല. ഉദ്യോഗസ്ഥരും ഇത്തരത്തിലുള്ള ഏജൻസികളുമായി വലിയൊരു ലോബി ക്രിയേറ്റ് ചെയ്തിരിക്കുന്നുവെന്നാണ് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നിർബാധം ഇത് തുടരുമ്പോൾ സാധാരണക്കാരന്റെ ജീവൻ അപകടത്തിലാകുന്ന നിലയിലേയ്ക്ക് മാറുകയാണ്. മരുന്നിന്റെ ഗുണനിലാവരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല. അസുഖം വന്നാൽ മരുന്ന് കഴിക്കണം. എന്നാൽ മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ട ചുമതല ഗവൺമെന്റിനും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിനുമാണ്. അത് പലപ്പോഴും ഉണ്ടാകുന്നില്ല. 1945-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് & ഡ്രഗ്സ് റൂൾസ് കേന്ദ്ര നിയമമാണ്. അന്നത്തെ മരുന്ന് ഉൽപ്പാദന/വിതരണ രീതിയല്ല ഇന്നുള്ളത്. കാലോചിതമായ മാറ്റം നിയമത്തിൽ കൊണ്ടുവരണം. അത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് നിരവധി വിഷയങ്ങൾ പലപ്പോഴും മുന്നോട്ടുവരാറുണ്ട്. അതിനനുസൃതമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം. മരുന്നിന്റെ ഏറ്റവും വലിയ വിപണി കേരളമാണെന്ന് നമുക്കറിയാം. മരുന്നുകമ്പനികൾ മരുന്ന് വിതരണം ചെയ്യുന്നു,

മനുഷ്യന്റെ ആരോഗ്യത്തെ പണയംവച്ച് ഇവിടെ നിന്ന് അനധികൃതമായി പണംവാരി തടിച്ചുകൊഴുക്കുന്നു. അങ്ങനെയുള്ളവർക്കെതിരെ നടപടിയെടുക്കാൻ കഴിയണം. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സംസ്ഥാനത്ത് മരുന്നുകളുടെ വിപണനവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് വിഭാഗവും പരിശോധനാ വിഭാഗവുമാണുള്ളത്. മരുന്ന് നിർമ്മാണ-വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, മരുന്നുകളുടെ സാമ്പിൾ ശേഖരണം, ചട്ടലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിക്കുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. എൻഫോഴ്സ്മെന്റ് വിഭാഗം ചട്ടപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുകയെന്നതാണ് പരിശോധനാ വിഭാഗത്തിന്റെ ചുമതല. സംസ്ഥാനത്തെ 6 മേഖലകളായി തിരിച്ച് ഓരോ മേഖലയിലെയും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരാണ് അതത് മേഖലയിലുള്ള മരുന്നുകളുടെ വിപണനവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നത്. കൂടാതെ ഓരോ മേഖലയിലും ഒരു ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർ മരുന്നുകളുടെ വിതരണം നിരീക്ഷിച്ചുവരുന്നു. വകുപ്പുതലവനായ ഡ്രഗ്സ് കൺട്രോളറാണ് 6 മേഖലകളുടെയും ഗുണനിലവാര പരിശോധനാ വിഭാഗത്തിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിരീക്ഷിച്ച് അവലോകനം ചെയ്യുന്നത്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് & ഡ്രഗ്സ് റൂൾസ് 1945, മെഡിക്കൽ ഡിവൈസ് റൂൾസ്, കോസ്മെറ്റിക്സ് റൂൾസ്, കേരള പോയിസൺ റൂൾസ്, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട്, എസ്സൻഷ്യൽ ആർട്ടിക്കിൾ കൺട്രോൾ ആക്ട് എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗം നടപ്പിലാക്കിവരുന്നത്. മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ പ്രധാനമായും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്നുനിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണവേളയിലെ ഓരോ ഘട്ടവും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമരൂപത്തിലാകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നതുവരെയുള്ള പ്രക്രിയയും ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. മരുന്നുനിർമ്മാണ യൂണിറ്റ് സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വിഭാഗമാണ് മരുന്ന് നിർമ്മാണ-വിതരണ പ്രക്രിയ നിയമവ്യവസ്ഥ പ്രകാരമാണ് നടത്തുന്നതെന്ന്

ഉറപ്പുവരുത്തുന്നത്. ഇപ്രകാരം കർശന നിരീക്ഷണങ്ങളിലൂടെ നിർമ്മാണം നടത്തി വിപണിയിൽ എത്തപ്പെടുന്ന മരുന്നുകൾ അവയുടെ കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടതുണ്ട്. സംസ്ഥാനത്ത് ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പരിശോധനാ ലാബുകൾ വേണമെന്ന് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കേരളത്തിൽ നിലവിൽ ഇത്തരത്തിലുള്ള 3 ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. വിസ്തൃതികൂടിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിലവിലെ ലാബുകളുടെ എണ്ണം പര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിൽ രാജ്യത്ത് കേരളം മുൻപന്തിയിലാണ്. വകുപ്പിന്റെ കീഴിൽ പൂർണ്ണമായും പ്രവർത്തനശേഷിയുള്ള തിരുവനന്തപുരം, എറണാകുളം ലാബുകളിലെയും 2019-ൽ ഭാഗികമായി പ്രവർത്തനസജ്ജമായിട്ടുള്ള തൃശ്ശൂർ ലാബിലെയും പരിശോധനാശേഷി കണക്കാക്കുമ്പോൾ സംസ്ഥാനത്ത് നിലവിൽ ഒരു മാസം 1155 മരുന്ന് സാമ്പിളുകളാണ് പരിശോധിക്കാൻ സാധിക്കുന്നത്. 23-9-2021-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട കോന്നിയിലെ ലാബും തൃശ്ശൂരിലെ ലാബും പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് സംസ്ഥാനത്ത് പ്രതിമാസം രണ്ടായിരത്തോളം സാമ്പിളുകൾ പരിശോധനാവിധേയമാക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്കെടുക്കുന്ന മരുന്നുസാമ്പിളുകളിൽ നാമമാത്രമായ ശതമാനത്തിൽ താഴെമാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ എണ്ണം 47 ആണ്. ഇവരുടെ മേൽനോട്ടത്തിനായി 7 അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർമാരുമാണുള്ളത്. നിയമപരമായി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ അയയ്ക്കുന്നതിന് അധികാരമുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥരുടെ മറ്റ് പ്രധാനപ്പെട്ട ചുമതലകൾ സ്ഥാപന പരിശോധനകൾ, നിയമനടപടികളും കോടതി നടപടികളുമായി ബന്ധപ്പെട്ട ജോലികൾ, പൊതുജനങ്ങളുടെ പരാതികൾ

പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്നിവയാണ്. രാജ്യത്ത് ഗുണനിലവാരമില്ലാത്തതും വ്യാജവുമായ മരുന്നുകൾ ധാരാളം ഉള്ളതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഡൽഹിയിലെ National Institute Of Biologicals മുഖേന ശാസ്ത്രീയ മരുന്നുപരിശോധനാ പഠനംനടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുപ്രകാരം കേരളത്തിലെ ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്നും സംസ്ഥാനത്ത് വ്യാജമരുന്നുകൾ ഒന്നുംതന്നെയില്ലെന്നും പ്രതിപാദിക്കുന്നുണ്ട്. ഇതെല്ലാംതന്നെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരന്തര ജാഗ്രതയുടെ ഫലമാണെന്ന് കാണാം. അതുകൊണ്ടാണ് ഇതിന്റെ ഭാഗമായി സർക്കാർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, ആധുനിക ലാബ്, ആധുനിക ഉപകരണങ്ങൾ എന്നിവ സജ്ജമാക്കുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലും എൻഫോഴ്സ്മെന്റ് വകുപ്പിലും അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്. ഇത്തരത്തിൽ വിപണിയിലുള്ള അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മരുന്നുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ആശങ്കയുണ്ടെന്നുള്ളത് വസ്തുതയാണ്. വിജിലൻസ് നടത്തിയ റെയ്ഡുകളിൽ കണ്ടെടുത്ത സാമ്പിൾ മരുന്നുകൾക്ക് ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്മേൽ ഡിപ്പാർട്ടുമെന്റ് തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന് വിജിലൻസ് റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. ഗുണനിലവാരമില്ലെന്നത് ഒരു യാഥാർത്ഥ്യമാണെന്ന് ഗവൺമെന്റ് അംഗീകരിക്കണം. ഇത് മനുഷ്യന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതാണ്. കൃത്യമായ ഇടപെടലുകളും നടപടികളും ഉണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. 23-7-2021-ൽ വിജിലൻസിന്റെ മിന്നൽപ്പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച സ്പെസിഫിക്കായ ചോദ്യത്തിന് പരിശോധിച്ച് മറുപടി നൽകുന്നതാണ്. 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിൽ സമൂലമാറ്റം വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് ആലോചിച്ചുവരികയാണ്. അതിനായി പുതിയ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ ഈ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 2021 നവംബർ മാസത്തിനകം കരട് ബിൽ പ്രസിദ്ധീകരിക്കുമെന്നാണ് കരുതുന്നത്.

## IV സബ്മിഷൻ

### (1) വിദ്യാർത്ഥി സംഘടനാ പ്രവർത്തനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം എം.ജി. സർവ്വകലാശാല സെനറ്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് ക്യാമ്പസിൽ എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന നടത്തിയ അതിക്രമങ്ങളെ സംബന്ധിച്ച വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. അതിൽ എ.ഐ.എസ്.എഫ്-ന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറികൂടിയായ ഒരു ദളിത് പെൺകുട്ടി ക്രൂരമായി ആക്രമിക്കപ്പെടുകയും ലൈംഗിക അതിക്രമത്തിനും ജാതി അധിക്ഷേപത്തിനും ഇരയാക്കപ്പെടുകയും ചെയ്ത ലജ്ജാകരമായ സാഹചര്യമുണ്ടായി. ആ കുട്ടി നൽകിയ പരാതിയിന്മേൽ പോലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നമുക്കിവിടെ വായിക്കാൻ കൊള്ളാത്തതാണ്. ഒരു പെൺകുട്ടിയോട്, ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാക്കൾ ചെയ്ത ക്രൂരകൃത്യം പുറത്തുപറയാൻ കൊള്ളാത്തതാണ്. ഇവരാണോ നേതാക്കളായും ഭാവി വാഗ്ദാനങ്ങളുമായി വളർന്ന് വരേണ്ടവർ? അവർ ഉപയോഗിച്ച വാക്കുകളും ചെയ്ത പ്രവൃത്തിയും എത്ര ഹീനമായിട്ടുള്ളതാണ്. ഇതിൽ ഞാൻ രാഷ്ട്രീയമല്ല കാണുന്നത്. വിദ്യാർത്ഥി സംഘടനാ പ്രവർത്തകയായ ഒരു പെൺകുട്ടിയോട്, ഒരു സംസ്ഥാന നേതാവിനോട് എത്ര മോശവും ക്രൂരവുമായിട്ടാണ് പെരുമാറിയിരിക്കുന്നത്? പ്രതികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. കൊച്ചിയിൽ അവർക്കെതിരെ എത്ര കേസ്സുകളുണ്ടെന്ന് പരിശോധിക്കണം. അവർ പോയി പ്രശ്നമുണ്ടാക്കാത്ത ഒരു ക്യാമ്പസും കൊച്ചി നഗരത്തിലില്ല. നിരപരാധികളായ എത്രയോ കുട്ടികളെയാണ് അവർ ക്രൂരമായി മർദ്ദിച്ചത്. വലിയ ഗുണ്ടാ സംഘമായി, ക്രിമിനലുകളായി അവർ വളർന്നുവരികയാണ്. പെൺകുട്ടിയുടെ പരാതിയിൽ പറയുന്നത്, ആ കുട്ടിയുടെ കൂടെ ക്ലാസ്സിലിരുന്ന് പഠിച്ചൊരു വിദ്യാർത്ഥിയാണ് ഏറ്റവും കൂടുതൽ അതിക്രമം കാണിച്ചതെന്നാണ്. മനുഷ്യത്വം തൊട്ടുതീണ്ടാത്തവരായാണോ ഈ കുട്ടികൾ വളരുന്നത്? ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സ്റ്റാഫിൽപ്പെട്ട ഒരാളെക്കുറിച്ച് ഈ കുട്ടി പരാതികൊടുത്തിരുന്നു. പക്ഷേ, എഫ്.ഐ.ആർ-ൽ അയാളുടെ പേരില്ല. ഇതെങ്ങനെയാണ് മാഞ്ഞുപോകുന്നത്? ബാക്കിയെല്ലാവരുടെ പേരുമുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സ്റ്റാഫിൽപ്പെട്ട ഒരാൾക്ക് പ്രത്യേക പ്രിവിലേജുണ്ടോ; മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാളാണെങ്കിൽ അതിക്രമം കാണിച്ചാൽ കേസ്സെടുക്കില്ലേ; എന്തും ചെയ്യുവാനുള്ള അധികാരം ഇവർക്കുണ്ടോ; ആരാണ് പോലീസിനെ സ്വാധീനിക്കുന്നത്; ഏതുതരത്തിലാണ് ഇതുചെയ്യുന്നത്? ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്,

പെൺകുട്ടിയെ അപമാനിച്ച കേസ്സിലെ പരാതിയിൽ പറഞ്ഞിരിക്കുന്ന ഒരാൾ ഇപ്പോഴും നിങ്ങളുടെ സ്റ്റാഫിലുണ്ടോ എന്നാണ്. ഉണ്ടെങ്കിൽ കഷ്ടം എന്നല്ലാതെ മറ്റെന്താണ് പറയുക! ഈ സംഭവം സംബന്ധിച്ച് പരാതി നൽകിയതിന്റെ പിറ്റേദിവസം വലിയ വിവാദമുണ്ടായി. ഞങ്ങളെല്ലാം ഇടപെട്ടതിനുശേഷം പിറ്റേദിവസം വൈകുന്നേരമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതറിയണം. ഇവർക്കെതിരെ എഫ്.ഐ.ആർ. എടുത്ത അന്ന് രാത്രി എസ്.എഫ്.ഐ. പ്രവർത്തകരും ഇതുപോലൊരു പരാതി കൊടുത്തു. അത് കള്ളപ്പരാതിയാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ കള്ളപ്പരാതിയിന്മേൽ ഒരു മണിക്കൂറിനകം എഫ്.ഐ.ആർ. എടുക്കുകയാണ്. ഞാൻ സി.പി.ഐ.(എം) അംഗങ്ങളെയൊന്നും അവഹേളിക്കാനോ അപമാനിക്കാനോ ശ്രമിക്കുന്നില്ല. നിങ്ങൾ മിണ്ടാതിരിക്കുമ്പോൾ നിങ്ങളുടെ മകളെപ്പോലെയുള്ള കുട്ടിയോടാണ് ഇത് ചെയ്തതെന്ന കാര്യം മനസ്സിലുണ്ടാകണം. അക്രമത്തിന് വിധേയരായവർക്കെതിരായി അതായത് എ.ഐ.എസ്.എഫ്. പ്രവർത്തകർക്കെതിരായി പിറ്റേദിവസം രാത്രിതന്നെ ഒരു പരാതി കൊടുത്തിരിക്കുകയാണ്. രണ്ടുകേസുംകൂടി കോംപ്രമൈസ് ആയാൽ മതിയല്ലോ. പോലീസ് ഇങ്ങനെയാണോ ചെയ്യുന്നത്? കൗണ്ടർ ആയി പിറ്റേ ദിവസം രാത്രി പരാതി കൊടുത്തിരിക്കുന്നു; പെൺകുട്ടിയുടെ പരാതിയിൽ എഫ്.ഐ.ആർ. എടുത്തതിനുശേഷമാണത്. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന വനിതാ നേതാവായ ഒരു ദളിത് പെൺകുട്ടിക്ക് ഇത്രയും വലിയ അപമാനമുണ്ടായിട്ടും ഇങ്ങനെയാണോ പോലീസ് കൈകാര്യം ചെയ്യേണ്ടത്; നിങ്ങളാണോ സ്ത്രീസുരക്ഷയ്ക്കുവേണ്ടി ക്യാമ്പയിൻ നടത്തുന്നത്? കഴിഞ്ഞദിവസം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഒരു നേതാവ് കുമാരി രമ്യ ഹരിദാസ്, എം.പി.-യെ ആക്ഷേപിച്ച് പട്ടിയുടെ ഉടലും രമ്യയുടെ തലയും വച്ച് പോസ്റ്റിട്ടു. അയാളെ സസ്പെൻഡ് ചെയ്തു. അയാളെ സസ്പെൻഡ് ചെയ്തതിനെതിരായി എല്ലാ യൂണിവേഴ്സിറ്റികളിലും സമരം നടക്കുകയാണ്. അയാൾ ആക്ഷേപകരമായ പോസ്റ്റ് ഇട്ടതിനെതിരായിട്ടുള്ള സമരമല്ല നടക്കുന്നത്. അയാളെ തിരിച്ചെടുക്കുവാൻ വേണ്ടിയാണ് സമരം ചെയ്യുന്നത്. ഇതൊന്നും ശരിയായ കാര്യങ്ങളല്ല. ഇതിനെ ന്യായീകരിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അപ്പുറത്തിരിക്കുന്നത് സി.പി.ഐ. നേതാവായ മന്ത്രിയാണ്. എ.ഐ.എസ്.എഫ്. എന്ന വിദ്യാർത്ഥി സംഘടനാ പ്രവർത്തകയെ ക്രൂരമായി അധിക്ഷേപിച്ചിട്ട് മന്ത്രിമാർ ഇതിനെ ന്യായീകരിക്കുകയാണോ? ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടാകണം. കള്ളക്കേസ് പിൻവലിക്കണം. അതിനെതിരായി അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ഗൗരവമായെടുത്ത് മറുപടി പറയുമെന്നാണ് ഞാൻ കരുതിയത്. അങ്ങ് ഉന്നത

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കാണ് നൽകിയത്. ഇതൊരു ക്രൈമിനെക്കുറിച്ചുള്ള സബ്മിഷനാണ്. അതെങ്ങനെയാണ് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയത്?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സെനറ്റിലെ 15 വിദ്യാർത്ഥി പ്രതിനിധികളുടെയും സ്റ്റുഡന്റ്സ് കൗൺസിലിലെ സീറ്റുകളിലേയ്ക്കുള്ള 13 ഒഴിവുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് സർവ്വകലാശാലാ വിജ്ഞാപനപ്രകാരം 21-10-2021-ൽ നടത്തുകയുണ്ടായി. തെരഞ്ഞെടുപ്പിൽ സെനറ്റിലേയ്ക്ക് 34 വിദ്യാർത്ഥികളും സ്റ്റുഡന്റ്സ് കൗൺസിലിലേയ്ക്ക് 19 വിദ്യാർത്ഥികളും മത്സരരംഗത്തുണ്ടായിരുന്നു. തെരഞ്ഞെടുപ്പിനായുള്ള അംഗീകൃത വോട്ടർ പട്ടികയിൽ സർവ്വകലാശാലാ ജനറൽ കൗൺസിൽ അംഗങ്ങളായ 266 വോട്ടർമാരും ഉൾപ്പെട്ടിരുന്നു. വോട്ടർമാർക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്വതന്ത്രമായി വോട്ട് രേഖപ്പെടുത്തുന്നതിന് സർവ്വകലാശാലാ അസംബ്ലി ഹാളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. വോട്ടിംഗ് അവസാനിച്ചശേഷം ക്യാമ്പസിലെ മറ്റൊരു ഭാഗത്ത് ചില വിദ്യാർത്ഥികൾ തമ്മിൽ സംഘർഷത്തിലേർപ്പെടുകയും സ്ഥലത്തുണ്ടായിരുന്ന പോലീസ് സംഘർഷം വ്യാപിക്കുന്നത് ഒഴിവാക്കുന്നതിനായി ഇടപെടുകയും സംഘർഷത്തിലേർപ്പെട്ട വിദ്യാർത്ഥികളെ സംഭവസ്ഥലത്തുനിന്നും മാറ്റുകയും ചെയ്തു. ഈ സംഭവം ഇലക്ഷൻ പ്രക്രിയയുടെ തുടർനടപടികളെ യാതൊരു വിധത്തിലും ബാധിക്കുകയുണ്ടായില്ല. മാത്രമല്ല, ഇതുസംബന്ധിച്ച് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ യാതൊരുവിധ പരാതികളും ലഭിച്ചില്ല. രാവിലെ 9 മണിക്ക് ആരംഭിച്ച വോട്ടിംഗ് ഉച്ചയ്ക്കുശേഷം 1 മണിക്ക് അവസാനിക്കുകയും 2 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കുകയും ചെയ്തു. സ്വതന്ത്രവും നീതിയുക്തവുമായി നടന്ന തെരഞ്ഞെടുപ്പുഫലം വൈകിട്ട് 5.30-ന് പ്രഖ്യാപിക്കുകയും ചെയ്തു. വിദ്യാർത്ഥി സംഘർഷവുമായി ബന്ധപ്പെട്ട് ഇരുവിഭാഗത്തിലുംപ്പെട്ട വിദ്യാർത്ഥികളുടെ പരാതിയെത്തുടർന്ന് കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2083/2021, 2084/2021, 2086/2021, 2087/2021 എന്നീ നമ്പറുകളിലായി 4 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ക്യാമ്പസുകളിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ളവർ ആക്രമിക്കപ്പെടുന്നത് തടയാനും സ്വതന്ത്രമായ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിനും നിലവിൽ ശക്തമായ സംവിധാനമുണ്ട്. കൂടാതെ, ഇതുറപ്പുവരുത്താൻ 5-10-2017-നും 4-6-2021-നും ഇറക്കിയിട്ടുള്ള ഗവൺമെന്റ് ഉത്തരവുകൾ മുഖേന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 16-7-2021-ലെ ഉത്തരവുപ്രകാരം വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്തുന്നതിന് എല്ലാ സ്ഥാപനങ്ങളിലും ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ രൂപീകരിക്കുന്നതിനും

ഇന്റേണൽ കംപ്ലെയിൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാമ്പസിൽ ബോധനപ്രവർത്തനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ യു.ജി.സി. നിബന്ധന അനുസരിച്ചുള്ള എല്ലാ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ക്യാമ്പസുകളിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. കലാലയ ക്യാമ്പസുകൾ സ്വതന്ത്രമായും ജനാധിപത്യപരമായും പ്രവർത്തിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇന്ത്യയിൽത്തന്നെ ജനാധിപത്യമൂല്യങ്ങൾ ഏറ്റവും ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കുന്നവയാണ് കേരളത്തിലെ ക്യാമ്പസുകൾ എന്നതുകൊണ്ടാണ് റാഗിംഗ്, ജാതിപരമായ വിവേചനം, ലിംഗവിവേചനം എന്നിവയിൽനിന്ന് നമ്മുടെ ക്യാമ്പസുകൾ മുക്തമായി നിൽക്കുന്നത്. ഇതിന് വിരുദ്ധമായി ഒറ്റപ്പെട്ട എന്തെങ്കിലും സംഭവമുണ്ടായാൽ ഉചിതമായ നടപടികളെടുക്കാൻ സ്ഥാപനമേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കി സ്നേഹത്തിലും സൗഹൃദത്തിലും പാരസ്പര്യത്തിലും അധിഷ്ഠിതമായ സഹവർത്തിത്വം പുലരുന്ന ഇടങ്ങളായി നമ്മുടെ ക്യാമ്പസുകളെ നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാനും അതിനാവശ്യമായ സാമൂഹ്യജാഗ്രത വളർത്തിയെടുക്കാനും സഹായകരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെ പ്രസ്താവിച്ചപ്രകാരം ഈ സംഭവവുമായി ബന്ധപ്പെട്ട ഒരാളും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സ്റ്റാഫിൽ അംഗമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഉന്നയിച്ച വിഷയമെന്താണ്; മന്ത്രിമാർ ഇങ്ങനെ തീരുമാനിച്ചുകഴിഞ്ഞാൽ എങ്ങനെയാണ്? മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു ദളിത് പെൺകുട്ടിയെ അപമാനിച്ച സംഭവമാണ് സബ്മിഷനായി ഉന്നയിച്ചത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞോ? (......ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. (......ബഹളം....) എങ്ങനെ മറുപടി പറയണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയാണ് തീരുമാനിക്കേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രി മറുപടി പറഞ്ഞില്ല. എനിക്ക് മൈക്ക് തരണം. (......ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. (......ബഹളം....)

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റ് പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തിനു പിന്നിലായി അണിനിരന്നു.)

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹു. പ്രതിപക്ഷനേതാവിന് മൈക്ക് കൊടുക്കൂ. (......ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ പറഞ്ഞ് മൈക്ക് കൊടുപ്പിക്കണ്ട. നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. (......ബഹളം....) ബഹു. പ്രതിപക്ഷനേതാവിന് മൈക്ക് കൊടുക്കുന്ന കാര്യം ചെയർ തീരുമാനിക്കും. നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. (......ബഹളം....) നിങ്ങൾ സീറ്റിലിരിക്കൂ. പ്രതിപക്ഷനേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസിൽ ദളിത് പെൺകുട്ടി ആക്രമിക്കപ്പെട്ടതിനെക്കുറിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചിട്ട് അതിന് ബഹു. മന്ത്രി മറുപടി പറയണ്ടേ? അതുമായി ബന്ധപ്പെട്ട് ഒരക്ഷരം മന്ത്രി പറയുന്നില്ല. അങ്ങനെയാണെങ്കിൽ എന്തിനാണ് സബ്മിഷൻ ഉന്നയിക്കുന്നത്? കേസ്സെടുത്ത കാര്യമെങ്കിലും പറയണ്ടേ; എഫ്.ഐ.ആർ. എടുത്ത കാര്യം പറയണ്ടേ? (......ബഹളം....) ബഹു. മന്ത്രി ഒന്നും പറഞ്ഞില്ല. ഇത് ശരിയായ നടപടിയല്ല. ഇതിൽ ശക്തിയായി പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു. ഇത് ഈ നിയമസഭയ്ക്ക് യോജിച്ചതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്തും മറുപടിയായി പറയാമെന്ന് വിചാരിച്ചോ? (......ബഹളം....) എന്തിനാണ് ഞങ്ങൾ ഇവിടെ വരുന്നത്? (......ബഹളം....)

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) വിതുര ഫയർ സ്റ്റേഷന് കെട്ടിടം

ശ്രീ. ജി. സ്റ്റീഫൻ: സർ, അരുവിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന വിതുര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വാഹനങ്ങളുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സർക്കാരിന്റെ സത്വര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2014-ൽ പ്രവർത്തനമാരംഭിച്ച വിതുര ഫയർ സ്റ്റേഷന്റെ പ്രവർത്തനപരിധിയിൽ 4 ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും 3 ഗ്രാമപഞ്ചായത്തുകൾ ഭാഗികമായും ഉൾപ്പെടുന്നുണ്ട്. വനമേഖലകൾ ഉൾപ്പെടുന്ന നാല് പഞ്ചായത്തുകൾ സ്ഥിതിചെയ്യുന്ന ഫയർ സ്റ്റേഷൻ മേഖലയാണ്

വിതുരയിലേത്. കൂടാതെ വാമനപുരം നദിയിലെ അപകടകരമായ നിരവധി കടവുകൾ ഉൾപ്പെടുന്ന കല്ലറ പ്രദേശം, ബോണക്കാട് പ്രദേശം, അഗസ്ത്യാർകൂടം ഭാഗങ്ങൾ, പേപ്പാറ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷൻ പ്രദേശം, മിനി ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന ലോവർ മീൻമുട്ടി പ്രദേശം, കേന്ദ്രസർക്കാർ സ്ഥാപനമായ ഐസർ (IISER), ഇക്കോ ടൂറിസം പ്രദേശങ്ങൾ, വിതുര ജെഴ്സി ഫാം തുടങ്ങി ഒട്ടനവധി അപകടസാദ്ധ്യതയുള്ളതും അതീവ ജാഗ്രതാ പ്രദേശങ്ങളും ഈ ഫയർ സ്റ്റേഷൻ പരിധിയിലുൾപ്പെടുന്നുണ്ട്. വർഷങ്ങളുടെ കാലപ്പഴക്കമുള്ള പഴയ പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ് കെട്ടിടത്തിലാണ് ഇപ്പോൾ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. 42 ജീവനക്കാരുള്ള ഇവിടെ അത്യാവശ്യ സൗകര്യങ്ങളോ അടിസ്ഥാന വികസനങ്ങളോ ഇല്ല. പ്രവർത്തനമാരംഭിച്ചപ്പോൾ അനുവദിച്ച ടി സ്റ്റേഷനിലെ 2003 മോഡൽ ഫയർ എഞ്ചിൻ നാളുകളായി പ്രവർത്തനരഹിതമാണ്. ഇപ്പോൾ ഒരു ഫയർ എഞ്ചിനും ആംബുലൻസും മൾട്ടി യൂട്ടിലിറ്റി വെഹിക്കിളുമാണുള്ളത്. ഇതിൽ ഒരു വാഹനം കഴിഞ്ഞ ജൂലൈ മാസത്തിൽ അനുവദിച്ചതാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നന്ദി അറിയിക്കാൻകൂടി ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. പലപ്പോഴും കാട്ടുതീ അടക്കമുള്ള അപകടങ്ങളും അത്യാഹിതങ്ങളും സംഭവിച്ചാൽ കിലോമീറ്ററോളം അകലമുള്ള നെടുമങ്ങാട്, കാട്ടാക്കട എന്നിവിടങ്ങളിൽനിന്ന് ഫയർ ഫോഴ്സ് വാഹനങ്ങൾ എത്തിച്ചേരേണ്ട അവസ്ഥയാണുള്ളത്. ഈ ഫയർ സ്റ്റേഷന് അടിയന്തരമായി ഒരു ഫയർ എഞ്ചിന്റേയും ജീപ്പിന്റെയും ആവശ്യമുണ്ട്. പോലീസിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് തകർന്നുവീഴാറായ ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ഈ ഫയർ സ്റ്റേഷന് സ്വന്തമായി ഒരു മന്ദിരമില്ലെന്നുള്ളതാണ് ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സുരക്ഷിതമായ വിശ്രമമുറിയും ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള ഇടവും അത്യന്താപേക്ഷിതമാണ്. ജീവൻ പണയംവച്ചാണ് ജീർണ്ണിച്ച കെട്ടിടത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നത്. റവന്യൂ വകുപ്പ് പരിശോധിച്ച് ഭൂമി കണ്ടെത്തുകയോ പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സമീപത്തെ ഭൂമി ഇതിനായി ഉപയോഗിക്കുകയോ ചെയ്ത് ഫയർ സ്റ്റേഷന് പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ സാഹചര്യത്തിൽ വനമേഖലയിൽ ടൂറിസം പ്രദേശങ്ങളുൾപ്പെടുന്ന പ്രദേശമെന്ന പരിഗണനകൂടി വിതുര ഫയർ സ്റ്റേഷനാവശ്യമാണ്. സ്വന്തമായി കെട്ടിടവും അടിസ്ഥാനസൗകര്യങ്ങളും വാഹനങ്ങളും ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിതുര ഫയർ സ്റ്റേഷൻ കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നത് 2014-ൽ ഏർപ്പെടുത്തിയ താല്കാലിക സംവിധാനത്തിലാണ്. വിതുര പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ ഒരു ക്വാർട്ടേഴ്സാണ് ഇതിനായി ഉപയോഗിച്ചുവരുന്നത്. പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുകയെന്നത് പ്രായോഗികമല്ല. വിതുര, തൊളിക്കോട് വില്ലേജുകളിൽ അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടായെങ്കിലും അവ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി സർക്കാരിന് ലഭ്യമാക്കുന്നപക്ഷം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(3) വടക്കാഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ 1863-ൽ സ്ഥാപിതമായതും 150 വർഷം പഴക്കമുള്ളതുമായ കോടതിയാണ് പ്രവർത്തിക്കുന്നത്. കുന്ദംകുളം, തൃശ്ശൂർ, തലപ്പിള്ളി എന്നീ മൂന്ന് താലൂക്കുകളിലായി 73 വില്ലേജുകളുൾപ്പെടുന്നതും 6 പോലീസ് സ്റ്റേഷനുകളും 4 എക്സൈസ് റേഞ്ച് ഓഫീസുകളും മച്ചാട്, വടക്കാഞ്ചേരി റേഞ്ചുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകളുമുൾപ്പെടെ കേരളത്തിലെ ഏറ്റവും വലിയ അധികാരപരിധിയുള്ള മുൻസിഫ് മജിസ്ട്രേട്ട് കോടതിയാണ് വടക്കാഞ്ചേരിയിലുള്ളത്. ഈ കോടതിയോടനുബന്ധിച്ച് അഡീഷണൽ കോടതികൾ അനുവദിക്കുകയോ എടുത്തുപറയത്തക്ക നിലയിൽ മറ്റ് വികസന പ്രവർത്തനങ്ങളോ നാളിതുവരെയായി നടന്നിട്ടില്ല. ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ഈ കോടതിയുടെ വിപുലീകരണത്തിനായി നിരന്തരമായ ആവശ്യങ്ങൾ പരിഗണിച്ച് വർഷങ്ങൾക്കുമുമ്പ് വടക്കാഞ്ചേരിയിൽ ഒരു കുടുംബകോടതി സിറ്റിംഗ് അനുവദിച്ചിരുന്നു. ആയത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരു സബ് കോടതിയും എം.എ.സി.ടി. കോടതിയും അനുവദിക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫുൾ കോർട്ട് മീറ്റിംഗിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഇതിന്റെ സർക്കാർ അനുമതിക്കായുള്ള ഫയൽ ആഭ്യന്തര വകുപ്പിൽ കോടതി എസ്റ്റാബ്ലിഷ്മെന്റ് C1-92309/C1-2007/Home നമ്പരായി പരിഗണനയിലുള്ളതായി അറിയുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ മുൻഗണനാ പട്ടികയിലുണ്ടായിരുന്ന വിവിധ കേന്ദ്രങ്ങളിൽ ഇതിനുശേഷവും കോടതികൾ നിലവിൽവന്നെങ്കിലും വടക്കാഞ്ചേരിയെമാത്രം അവഗണിക്കപ്പെടുകയാണുണ്ടായത്. വടക്കാഞ്ചേരി മുൻസിഫ്, മജിസ്ട്രേട്ട് കോടതികൾക്ക് പരിഗണിക്കാൻ കഴിയാത്ത സിവിൽ, ക്രിമിനൽ കേസ്സുകൾ തൃശ്ശൂർ സബ് കോടതിയിലേയ്ക്കാണ് നിലവിൽ ട്രാൻസ്ഫർ ചെയ്യുന്നത്. ഈ കേസ്സുകൾ തീർപ്പാകാതെ വർഷങ്ങളോളം കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. വടക്കാഞ്ചേരിയിൽനിന്നും സാക്ഷികളും പ്രതികളും

സർക്കാരുദ്യോഗസ്ഥരും പോലീസ്, എക്സൈസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥരും അഭിഭാഷകരും ക്ലാർക്കുമാരും തൃശ്ശൂരിലേയ്ക്ക് യാത്ര ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. വടക്കാഞ്ചേരിയിൽ പുതിയ സബ് കോടതി അനുവദിക്കുകയാണെങ്കിൽ യാത്രാക്ലേശവും ധനനഷ്ടവും ഒഴിവാക്കാവുന്നതും കേസ്സുകളുടെ ബാഹുല്യം കുറയ്ക്കാവുന്നതുമാണ്. തൃശ്ശൂർ ജില്ലാ ആസ്ഥാനത്ത് നിലവിൽ മൂന്ന് സബ്കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കോടതിയിൽ ഒരെണ്ണം വടക്കാഞ്ചേരിയിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയാണെങ്കിൽ സർക്കാരിന് അധിക ബാദ്ധ്യത വരാതെ നിലവിൽ വടക്കാഞ്ചേരി കോടതി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സൗകര്യങ്ങൾതന്നെ പ്രയോജനപ്പെടുത്താവുന്നതാണ്. തലപ്പിള്ളി താലൂക്കാഫീസും മിനി സിവിൽ സ്റ്റേഷനും പ്രവർത്തിക്കുന്ന ഏകദേശം രണ്ടേക്കർ വരുന്ന കോമ്പൗണ്ടിലാണ് പഴയ കോടതി കെട്ടിടവും ക്വാർട്ടേഴ്സുകളും നിലനിൽക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലങ്ങളെ പ്രയോജനപ്പെടുത്തി പുതിയ കോടതി സമുച്ചയം നിർമ്മിക്കണമെന്നും പോക്സോ കേസുകൾക്കുള്ള പ്രത്യേക കോടതി അനുവദിക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരിയിൽ ഒരു പോക്സോ കോടതിയും സബ് കോടതിയും എം.എ.സി.ടി. കോടതിയും കുടുംബകോടതിയും അനുവദിക്കണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വടക്കാഞ്ചേരിയിൽ ധാരാളം കോടതികൾ അനുവദിക്കണമെന്ന ആവശ്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചിരിക്കുന്നത്. വടക്കാഞ്ചേരിയോട് യാതൊരുവിധ അവഗണനയും ഇല്ലെന്നുള്ളതാണ് ആദ്യമായി പറയാനുള്ളത്. ഒരു സ്ഥലത്ത് പ്രവർത്തിക്കുന്ന കോടതി മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ കുറേ പ്രശ്നങ്ങളുണ്ടാകും. അതുമായി ബന്ധപ്പെട്ടും കൂടുതൽ ആലോചന നടത്തേണ്ടതുണ്ട്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാപട്ടികയിൽ മൂന്നാമതായി വടക്കാഞ്ചേരി ഉൾപ്പെടുന്നുണ്ട്. പുതിയ കോടതികൾ ആരംഭിക്കുന്നതിന് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. അവ നിലവിൽ വരുന്നമുറയ്ക്ക് പുതിയ കോടതികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(4) ചിരട്ടപ്പാലിന് തറവില

ശ്രീ. മാണി സി. കാപ്പൻ: സർ, റബ്ബർ കർഷകർക്കും റബ്ബർ കൃഷിക്കും പുത്തൻ ഉണർവുണ്ടാകുവാൻ ചിരട്ടപ്പാലിന് 150 രൂപ തറവില പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ചിരട്ടപ്പാൽ മലേഷ്യയിൽനിന്നും

ഇറക്കുമതി ചെയ്യുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദമുള്ളതായി അറിയുവാൻ കഴിയുന്നു. ഇത് കേരളത്തിലെ റബ്ബർ കൃഷിക്ക് അന്ത്യംകുറിക്കുന്നതാണ്. ഒരാൾക്ക് 3 മണിക്കൂർകൊണ്ട് ശരാശരി 450 റബ്ബർ മരങ്ങൾ ടാപ്പ് ചെയ്യാൻ സാധിക്കും. ഒരു മരം ടാപ്പ് ചെയ്യുന്നതിന് രണ്ടു രൂപയ്ക്ക് മുകളിൽ നിരക്കുണ്ടായിരുന്നിട്ടും ഇതിനായി തൊഴിലാളികളെ ലഭ്യമാകുന്നില്ല. റബ്ബർ സംഭരിക്കുന്ന രീതിയുടെ അശാസ്ത്രീയതയും വർദ്ധിച്ച അദ്ധ്വാനശേഷിയും സമയനഷ്ടവുമാണ് ഇതിന് കാരണം. ടാപ്പിംഗ് നടത്തി ഷീറ്റാക്കുന്നതാണ് ഒന്നാമത്തെ രീതി. ടാപ്പിംഗിനുശേഷം ചിരട്ടകളിൽനിന്നും പാൽ ശേഖരിച്ച് അരിച്ച് ആസിഡും വെള്ളവും ചേർത്ത് ഉറച്ചശേഷം റോളറിൽ അടിച്ച് ഷീറ്റാക്കുന്നു. മൂന്ന് ദിവസം വെയിലത്തിട്ട് ഉണക്കിയശേഷം 5 ദിവസം പുകപ്പുരയിൽ പുകച്ചാണ് വിപണിയിലെത്തിക്കുന്നത്. റബ്ബർപാൽ സൊസൈറ്റികളിൽ നൽകുന്നതാണ് രണ്ടാമത്തെ രീതി. വലിയ വീപ്പകളിൽ അമോണിയ ചേർത്ത് സംഭരിക്കുന്ന രീതിയാണിത്. ഈ രണ്ട് രീതിയിലും സംഭരിക്കുമ്പോൾ ആസിഡോ അമോണിയയോ റബ്ബർപാലിൽ ചേർക്കേണ്ടതായി വരുന്നു. മൂന്നാമത്തെ രീതി ചിരട്ടപ്പാൽ സംഭരണമാണ്. വളരെക്കുറഞ്ഞ അദ്ധ്വാനശേഷി മാത്രമേ ഇതിനാവശ്യമുള്ളൂ. യാതൊരു രാസപദാർത്ഥങ്ങളും ചേർക്കാത്ത സ്വാഭാവികമായ റബ്ബർപാൽ ശേഖരിക്കുന്ന പാത്രത്തിൽ തന്നെ ഉറച്ച് കട്ടിയാവുകയാണ് ചെയ്യുന്നത്. ടയർ കമ്പനികൾ ഉൾപ്പെടെ റബ്ബർ വാങ്ങുന്നവർക്ക് രാസപദാർത്ഥങ്ങൾ ചേർക്കാത്ത റബ്ബറിനോടാണ് താല്പര്യം. റബ്ബർ ഷീറ്റിന് 170 രൂപയാണ് തറവില. എന്നിട്ടും ഈ മേഖലയിൽ ടാപ്പിംഗും സംഭരണവും കൃത്യമായി നടക്കാത്തതാണ് ഇതിനുകാരണം. ഇതിനാവശ്യമായിവരുന്നത് ഭാരിച്ച അദ്ധ്വാനവും സമയനഷ്ടവുമാണ്. ചിരട്ടപ്പാലിന് 150 രൂപ തറവില പ്രഖ്യാപിച്ചാൽ കൂടുതൽ പേർ ടാപ്പിംഗ് രംഗത്തേയ്ക്ക് കടന്നുവരും. കേരളത്തിലെ കാർഷിക മേഖലയ്ക്ക് വിശിഷ്യാ റബ്ബർ കർഷകർക്ക് ഇതൊരു പുത്തൻ ഉണർവ് നൽകും. പുലർച്ചെ 4.30-ന് ടാപ്പിംഗ് ആരംഭിക്കുന്ന തൊഴിലാളിക്ക് 7.30-ഓടെ 450-ഓളം മരങ്ങൾ ടാപ്പ് ചെയ്ത് തീർക്കാവുന്നതും ബാക്കി സമയം മറ്റു ജോലികൾക്ക് പോകാവുന്നതുമാണ്. കഴിഞ്ഞ നിയമസഭയിൽ ഇതുസംബന്ധിച്ച് ഞാനൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്നത്തെ കൃഷി വകുപ്പുമന്ത്രി റബ്ബർ ബോർഡിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും തീരുമാനമൊന്നുമുണ്ടായില്ല. ഇനിയും ഇതുസംബന്ധിച്ച് അനുകൂലമായ തീരുമാനമുണ്ടാക്കാത്തപക്ഷം നിലവിലുള്ള റബ്ബർകൃഷി ഇല്ലാതാവുകയും റബ്ബറിനെ ആശ്രയിച്ച് ജീവിക്കുന്ന വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതം പ്രതിസന്ധിയിലാവുകയും ചെയ്യും. ഗവൺമെന്റ് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കണമെന്ന് കർഷക ജനതയ്ക്കുവേണ്ടി ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 3-7-2015-ലെ സർക്കാർ ഉത്തരവ് (പി.)നമ്പർ 269/2015 പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആർ.എസ്.എസ്. 1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നുണ്ട്. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതിനനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്. 2015-ൽ തുടങ്ങിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ 7-ാം ഘട്ടം 2021 ജൂലൈ മാസത്തിൽ തുടങ്ങി 2022 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 5 ലക്ഷം റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ 500 കോടി രൂപയിൽ 280 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22-ൽ 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 2021 ആഗസ്റ്റ് മാസം വരെ റബ്ബർ ബോർഡ് അംഗീകരിച്ച ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 18.95 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് ഷീറ്റ് റബ്ബറിനും ലാറ്റക്സിനും ബാധകമാണ്. ഒരു കിലോ റബ്ബർ ഷീറ്റ് ഉല്പാദിപ്പിക്കാനുണ്ടാകുന്ന അധികച്ചെലവായ 9 രൂപ, താങ്ങുവിലയായ 170 രൂപയിൽനിന്നും കിഴിച്ചുള്ള തുകയാണ് ഒരു കിലോ ലാറ്റക്സിന് സബ്സിഡി തുക കണക്കാക്കുന്നതിനുള്ള താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. റബ്ബറിന്റെ വർദ്ധിപ്പിച്ച താങ്ങുവില നിലവിലെ സാഹചര്യത്തിൽ കർഷകർക്ക് കൂടുതൽ ഗുണപ്രദമാകുന്നുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും കർഷകർക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കിവരികയാണ്. കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ

സംസ്ഥാന സർക്കാർ ഇറക്കുമതി പാടില്ലെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി. ഷീറ്റ് റബ്ബറിനും ലാറ്റക്സിനും ഗുണനിലവാര മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ചിരട്ടപ്പാലിന് ഇത്തരം ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിലില്ല. കർഷകരുല്പാദിപ്പിക്കുന്ന ചിരട്ടപ്പാലിന് ഡ്രൈ റബ്ബർ അളവ് 50% മുതൽ 80% വരെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അതിനെ സ്റ്റാൻഡേഡൈസ്ഡ് ചെയ്ത് വില നിശ്ചയിക്കുവാൻ ബുദ്ധിമുട്ടാണ്. ആയതിനാൽ ഷീറ്റ് റബ്ബർ, ലാറ്റക്സ് എന്നിവയ്ക്ക് തീരുമാനിച്ച ഗുണനിലവാര മാനദണ്ഡങ്ങൾ ചിരട്ടപ്പാലിന് നൽകുവാൻ സാധിക്കുകയില്ല. കൂടാതെ ചില ദ്രാവക രൂപത്തിൽ നൽകുന്നതിനാൽ ആയതിന്റെ ഗുണനിലവാരം നിശ്ചയിച്ച് വില ഉറപ്പിക്കാനും സാധിക്കുന്നില്ല. നിലവിലെ സാഹചര്യത്തിൽ ഷീറ്റ് റബ്ബർ, ലാറ്റക്സ് എന്നിവയ്ക്ക് നൽകിവരുന്ന റബ്ബർ ഉല്പാദക ബോണസ് ചിരട്ടപ്പാലിനുംകൂടി നടപ്പിലാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ ചിരട്ടപ്പാലിന് 150 രൂപ തറവില നൽകുന്ന വിഷയം തല്ക്കാലം പരിഗണിക്കാൻ സാധിക്കുകയില്ല.

(5) തണ്ണീർത്തട നിയമത്തിൽ ഇളവ്

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാടിനെക്കുറിച്ച് വ്യക്തമായ ധാരണയും അറിവുമുള്ള കുട്ടനാട്ടിൽ ജനിച്ചുവളർന്ന ഒരു കൃഷിക്കാരനാണ് ഞാൻ. കുട്ടനാടിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും ആവശ്യമായ രീതിയിലുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിക്കേണ്ടതാണ്. കുട്ടനാടിനെക്കുറിച്ച് പറയുന്ന പ്രധാന കാര്യം, തണ്ണീർത്തട സംരക്ഷണ നിയമത്തിൽനിന്നും വികസന പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിൽ ഇളവ് ലഭിക്കേണ്ടത് അത്യാവശ്യമാണ്. കാരണം, 95% പാടശേഖരങ്ങളും 5% മാത്രം കരഭൂമിയുമുള്ള പ്രദേശമാണ് കുട്ടനാട്. ഞങ്ങളെപ്പോലെയുള്ളവർ ഗൾഫ് പോലുള്ള പ്രദേശത്തുപോയി സാമ്പത്തികമായ ഭദ്രതയുണ്ടായതുകൊണ്ടുമാത്രം രക്ഷപ്പെട്ടവരാണ്; അല്ലെങ്കിൽ കൃഷികൊണ്ടുമാത്രം ജീവിച്ചിരുന്നതാണ്. ആ കാലഘട്ടങ്ങളിൽ കൃഷിപ്പണിക്ക് ഒരുപാട് ആൾക്കാരെ ലഭിച്ചിരുന്നു. കൊയ്യാനും മെതിക്കാനും വളം കൊണ്ടുപോകാനും തുടങ്ങി എല്ലാ പ്രവർത്തനങ്ങൾക്കും ഒരുപാട് ജോലിക്കാരുണ്ടായിരുന്ന ഒരു കാലഘട്ടമുണ്ട്. എന്നാൽ ഇന്ന് ജോലിക്കാരെ ലഭിക്കുന്നത് ദുഷ്കരമാണെന്നു മാത്രമല്ല, ലഭിക്കുന്നുമില്ല. ട്രാക്ടർ റോഡ് കുട്ടനാടിന് അനിവാര്യമായ ഒരു കാര്യമാണ്. അനേകം ട്രാക്ടർ റോഡുകൾ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ സാങ്കേതികത്വത്തിൽപ്പെട്ട് കിടക്കുകയാണ്. അവിടെ വീതിയുള്ള ബണ്ടുകളുണ്ട്. ബണ്ട് ബലപ്പെടുത്തി ബണ്ട് റോഡ് എന്ന രീതിയിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന നിയമതടസ്സങ്ങളും നിരവധിയാണ്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ ഗവൺമെന്റ് ഇടപെടണമെന്നാണ്

അഭ്യർത്ഥിക്കാനുള്ളത്. എല്ലാ പാടശേഖരങ്ങളിലും ട്രാക്ടർ റോഡ് നിർമ്മിച്ച് ആ പ്രദേശത്തെ ബലപ്പെടുത്തിയാലുണ്ടാകുന്ന ഗുണങ്ങൾ രണ്ടാണ്. ഒന്നാമതായി മടവീഴ്ചയിൽനിന്നും കുട്ടനാടിനെ സംരക്ഷിക്കാനും യന്ത്രസാമഗ്രികൾ കൊണ്ടുപോകാനും കഴിയും. ആ ലെവലിൽ ഒന്നോ രണ്ടോ ട്രാക്ടർ റോഡുകൾ മാത്രമേ കുട്ടനാട്ടിൽ ഇതുവരെ വന്നിട്ടുള്ളൂ. ട്രാക്ടർ റോഡുകളുടെ പ്രയോജനം വലുതാണ്. കൃഷിക്കാരന് വളരെയധികം ലാഭമുണ്ടാകുന്നുമുണ്ട്. മഴയും വെള്ളപ്പൊക്കവുമുണ്ടാകുന്ന സമയങ്ങളിലോ ചെറിയ തോതിൽ വെള്ളപ്പൊക്കമുണ്ടാകുന്ന സമയങ്ങളിലോ ട്രാക്ടർ റോഡുകൾ നെല്ല് സംഭരിക്കുന്നതിന് ഉപയോഗിക്കാൻ കഴിയുന്നു. അതുകൊണ്ട് തണ്ണീർത്തട സംരക്ഷണ നിയമത്തിൽനിന്നും ഇങ്ങനെയുള്ള പ്രവൃത്തികൾക്കുവേണ്ടി കുട്ടനാട്ടിൽ അടിന്തരമായി എക്സംപ്ഷൻ തരണമെന്ന് പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. കുട്ടനാട്ടിൽ കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ 13 പഞ്ചായത്തുകളും 181 വാർഡുകളുമുണ്ട്. ഈ 13 പഞ്ചായത്തുകളിലും ഓവർഹെഡ് ടാങ്ക് പണിയാനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 4 പഞ്ചായത്തുകളിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പേരിൽ കുടിവെള്ള പദ്ധതിക്ക് തടസ്സം നേരിടുകയാണ്. വികസന പദ്ധതികളെല്ലാം ജനങ്ങൾക്കുവേണ്ടിയാണ്; എല്ലാ നിയമങ്ങളും ജനങ്ങൾക്കുവേണ്ടിയാണല്ലോ? കുട്ടനാട്ടിന് ഒരു പ്രത്യേക പരിഗണന നൽകണം. ഞാൻ പെട്ടെന്ന് സംസാരം നിർത്തിക്കഴിഞ്ഞാൻ പറയാനുള്ളത് പറയാൻ കഴിയില്ല. ഇവിടെ പ്രതിപക്ഷവുമില്ല. അവരുടെ സമയംകൂടി ഞങ്ങൾക്ക് തരാൻ കഴിയുമല്ലോ? അതുകൊണ്ട് ഇത് പറഞ്ഞെന്നേയുള്ളൂ. .....(ബഹളം)...പ്രതിപക്ഷം ഇറങ്ങിപ്പോകുന്നതേ ഞാൻ കണ്ടുള്ളൂ. തിരിച്ചുവന്നത് കണ്ടില്ല. പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് വീടുവയ്ക്കാൻ ഇളവ് നൽകണം. എന്റെ വീട്ടിൽ ജോലിക്കുനിന്ന ഒരു പെൺകുട്ടിക്ക് ഞാൻ 10 സെന്റ് നിലമെഴുതിക്കൊടുത്തു. അതിനുശേഷം 5 സെന്റ് സ്ഥലം നികത്തി വീടുവയ്ക്കണമെന്നാവശ്യപ്പെട്ട് ഒരു അപേക്ഷ കൊടുത്തിരുന്നുവെങ്കിലും 2008-നുശേഷം വാങ്ങിയതായതുകൊണ്ട് അതിനുകഴിയില്ലെന്നാണ് പറയുന്നത്. ഇത് എന്ത് നിയമമാണ്? അവർക്ക് വീടില്ല. ആകെ 3 സെന്റ് സ്ഥലമാണുള്ളത്, 4 പെൺകുട്ടികളുമാണ്. അതിൽ ഒരാളാണ് ആ വീട്ടിൽ താമസിക്കുന്നത്. ബാക്കി മൂന്ന് പേർക്കും സ്ഥലമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വിഷയത്തിൽ നിന്നും മാറിപ്പോകുന്നു. അങ്ങ് വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. തോമസ് കെ. തോമസ്: സർ, 2008-നുശേഷം ഭൂമി വാങ്ങിയാൽ നികത്താൻ കഴിയില്ലെന്നാണ് സബ് കളക്ടർ പറയുന്നത്. സോളാർ പമ്പുകൾ

സ്ഥാപിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാണ്. അതിനുള്ള ഒരവസരം കൂടി തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം. നാലു മിനിട്ടിൽ കൂടുതലായി.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാടിന് ഒരു പ്രത്യേക പ്രദേശമെന്ന പരിഗണന നൽകി വികസനപദ്ധതികൾ നടപ്പാക്കുന്നതിന് തണ്ണീർത്തട സംരക്ഷണ നിയമത്തിൽനിന്നും ഇളവ് നൽകണമെന്നാണ് കുട്ടനാട് എം.എൽ.എ. എന്ന നിലയിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, മനുഷ്യരടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും നിലനില്പിനും വളർച്ചയ്ക്കും പ്രകൃതിയെ സംരക്ഷിച്ചേ മതിയാവുകയുള്ളൂ. വരുന്നതലമുറ പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട കേരളത്തിൽ വസിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് കാർഷികവളർച്ചയെ പ്രോത്സാഹിപ്പിക്കുവാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യേണ്ടത് സമൂഹത്തിന്റെയും മാനവരാശിയുടെയും പൊതുതാല്പര്യാർത്ഥം യുക്തമായിരിക്കുമെന്നുള്ള അത്യധികമായ ആഗ്രഹമാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് ഇടയാക്കിയത്. കേരളത്തിലുടനീളമുള്ള നെൽവയലുകളും നീർത്തടങ്ങളും കടുത്ത ഭീഷണി നേരിട്ടപ്പോൾ അതിനെ ഗൗരവമായി കണ്ട് ഏറെ ചർച്ച ചെയ്താണ് നിയമസഭ ഈ നിയമം കൊണ്ടുവരികയും അംഗീകരിക്കുകയും ചെയ്തത്. ഈ നിയമം കേരളത്തിൽ നടപ്പിലാക്കിയതോടെ സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്ന പ്രവണത തടയാൻ സാധിച്ചുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അവിടത്തെ പരിസ്ഥിതിയെ മാത്രമല്ല സംരക്ഷിക്കുന്നത്. പ്രകൃതി കനിഞ്ഞുനൽകിയിരിക്കുന്ന ഈ ആവാസമേഖല കേരളത്തിന്റെ മുഴുവൻ പരിസ്ഥിതിയെയും സംരക്ഷിക്കുന്ന ഒന്നാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും ആവാസവ്യവസ്ഥയുടെ മൂലബിന്ദുവായ ജലത്തിന്റെ ബാങ്കുകളാണ്. തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിനായി ആഗോളതലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ പ്രദേശത്തെ റാംസർ സൈറ്റിലുൾപ്പെടുന്ന പ്രദേശമാണ് കുട്ടനാടൻ മേഖല. കേരളത്തിന്റെ നെൽപ്പുരകളിലൊന്നായ ഈ പ്രദേശം കടലോര-കായൽ-നീർത്തടം കൂടിയാണ്. 2008-ലെ കേരള നെൽവയൽ

തണ്ണീർത്തട സംരക്ഷണനിയമം വകുപ്പ് 3 പ്രകാരം പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന 12-8-2008 മുതൽ ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ നിയമത്തിന് വ്യവസ്ഥാനുസൃതമല്ലാതെ പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. നെൽവയലിന്റെ ഉടമസ്ഥന് താമസിക്കാൻ വീടുവയ്ക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കുമാത്രം വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനം ചെയ്യുന്നതിന് ഇളവ് അനുവദിക്കുന്നുണ്ട്. ഉടമസ്ഥന് സ്വന്തം ആവശ്യത്തിലേയ്ക്കായി ഇത്തരത്തിൽ ഇളവനുവദിക്കുന്നത് പ്രധാനമായും കരഭൂമി ലഭ്യമല്ലെങ്കിലും പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കില്ലെന്ന ഉറപ്പുള്ളപക്ഷം മാത്രമാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് (10) പ്രകാരം പൊതുആവശ്യത്തിന് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനായി സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷം വ്യക്തമായ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുമതി നൽകുന്നുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും വ്യവസ്ഥകൾ പാലിച്ചും പാരിസ്ഥിതിക പ്രാധാന്യമുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും കർത്തവ്യമായതിനാൽ വ്യക്തമായ പരിശോധനയ്ക്കുശേഷംമാത്രമേ പരിവർത്തനാനുമതി നൽകാൻ സാധിക്കുകയുള്ളൂ. കുട്ടനാട് പ്രദേശം സമുദ്രനിരപ്പിനെക്കാൾ താഴ്ന്നുകിടക്കുന്ന നെൽകൃഷി മേഖലയാണ്. രാജ്യത്തിന്റെ ഇതര മേഖലകളെ അപേക്ഷിച്ച് സമതുലിത കാലാവസ്ഥാ സാഹചര്യങ്ങളുണ്ടെന്ന് കണക്കാക്കുന്ന കേരളത്തിൽ നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കം, കടൽകയറ്റം, ചുഴലിക്കാറ്റ് തുടങ്ങിയ ദുരന്തങ്ങൾ ഗുരുതരവും സുദീർഘവുമായ ആഘാതങ്ങൾ സൃഷ്ടിക്കുന്ന മേഖലകൂടിയാണ് കുട്ടനാട്. സമുദ്രനിരപ്പിനേക്കാൾ താഴെ കൃഷിയും ജീവസന്ധാരണ പ്രവർത്തനവും രൂപപ്പെടുത്തിയിട്ടുള്ള ചുരുക്കം ചില ഭൂപ്രദേശങ്ങളിലൊന്നാണ് കുട്ടനാട്. ഈ സാഹചര്യത്തിൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ തണ്ണീർത്തടങ്ങളുടെ ഭൂമി തരംമാറ്റിയത് കുട്ടനാട് പോലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ആയത് വെള്ളപ്പൊക്കത്തിനും മടവീഴ്ചയ്ക്കും കാരണമാകുന്നുവെന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. ആയതിനാൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കുട്ടനാട് മേഖലയിലും പൂർണ്ണതോതിൽ നടപ്പാക്കേണ്ടത് അവിടത്തെ ജനതയുടെയും അവരുടെ ജീവിതത്തെയും പാരിസ്ഥിതിക വ്യവസ്ഥയും സമതുലിതമായി നിലനിർത്തുന്നതിനുമാത്രമല്ല കേരളത്തിന്റെ മുഴുവൻ ആവാസവ്യവസ്ഥയും സംരക്ഷിക്കാൻ അത്യന്താപേക്ഷിതമാണ്. കുട്ടനാടിന്റെ

മനോഹാരിത അടുത്ത തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ തീർച്ചയായും നിലം നികത്തുന്നതിനെതിരെ ഒരു നിയമം ആവശ്യമാണ്. ഞാൻ നൂറുശതമാനവും ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയെ അംഗീകരിക്കുന്നു എന്നാണ് ഈ നിയമം പാസ്സാക്കുന്ന വേളയിൽ ആദരണീയനായ മുൻ കുട്ടനാട് എം.എൽ.എ. തോമസ് ചാണ്ടി ഈ സഭയിൽ അഭിപ്രായപ്പെട്ടത്. സംസ്ഥാന നിയമസഭ പൊതുവായ ലക്ഷ്യത്തിനുവേണ്ടി കൊണ്ടുവരികയും നടപ്പാക്കുകയും ചെയ്യുന്ന നിയമത്തിന് ഒരു പ്രത്യേക പ്രദേശത്തിനായി ഇളവ് നൽകുക എന്നത് നിയമത്തിന്റെ അന്തഃസത്തയെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അത്തരം പ്രത്യേക ഇളവ് നൽകാൻ കഴിയുകയില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെ 10-ാം വകുപ്പ് പ്രകാരം പൊതുആവശ്യത്തിന് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനായി സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷം വ്യക്തമായ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്നുണ്ട് എന്നതിനാൽ അത്തരം കാര്യങ്ങൾ പരിഗണിച്ച് കുട്ടനാടിന്റെ കാര്യത്തിലും വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്നതായിരിക്കും.

## (6) കോട്ടികുളം ഫിഷിംഗ് ഹാർബർ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിലെ ബേക്കൽ-കോട്ടികുളം പ്രദേശത്ത് ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഈ കടലോരത്ത് മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികൾ വളരെ അകലെയുള്ള മത്സ്യബന്ധന തുറമുഖങ്ങളായ കാസർഗോഡ്, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിലാണ് അവരുടെ വഞ്ചി കയറ്റുന്നത്. കോട്ടികുളത്ത് ഒരു ഫിഷിംഗ് ഹാർബർ വേണമെന്ന ആവശ്യം പരിഗണിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2018-ൽ ഹാർബറിന്റെ സാധ്യതാപഠനം നടത്തുന്നതിന് 67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാധ്യതാപഠനത്തിന്റെ ഭാഗമായി എൻവയോൺമെന്റൽ പഠനം, മറ്റ് സാങ്കേതിക പഠനങ്ങൾ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവയെല്ലാം നടത്തുന്നതിനാണ് പണം അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലായാൽ പള്ളിക്കര, ഉദുമ എന്നീ തീരദേശ പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമാകും. കോട്ടികുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ നടപടിയും സാങ്കേതികപഠനവും ഏത് ഘട്ടത്തിലാണെന്നും ഈ പദ്ധതി വേഗത്തിൽ നടത്താനാവശ്യമായ ഇടപെടൽ നടത്തണമെന്നും ഹാർബർ യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണമെന്നും അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കാസർഗോഡ് ജില്ലയിലെ കോട്ടികുളം-ബേക്കൽ പ്രദേശത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2018-ൽ 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടികുളത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ-ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി ടോപോഗ്രാഫിക്കൽ സർവ്വെ, റൈഡ് ഒബ്സർവേഷൻ, ബെഡ് ആൻഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, വിൻഡ് ആൻഡ് വേവ് ഒബ്സർവേഷൻ തുടങ്ങിയ ഡാറ്റകളുടെ ശേഖരണം നടന്നുവരുന്നു. അന്വേഷണ-ഗവേഷണ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം മാതൃകാപഠനം നടത്തി ഹാർബർ ലേഔട്ട് അന്തിമമാക്കണം. തുടർന്ന് പരിസ്ഥിതി ആഘാതപഠനം നടത്തി CRZ ക്ലിയറൻസ് ലഭ്യമാക്കിയാൽ മാത്രമേ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളൂ. ഇതെല്ലാം ത്വരിതപ്പെടുത്തുന്നതിന് ആ പ്രദേശം സന്ദർശിച്ചതിനുശേഷം തുറമുഖ എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള ഹാർബറുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിന് ഈ ഗവൺമെന്റ് മുഖ്യപരിഗണന നൽകുന്നുണ്ട്. ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഈ നിയമസഭാസമ്മേളനം തീരുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി അതിവേഗം ഈ പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

## (7) റോഡ് പുനരുദ്ധാരണം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിൽ പീരുമേട് നിയോജകമണ്ഡലത്തിൽ ഉപ്പുതറ-കോട്ടമല-വാഗമൺ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ കഴിഞ്ഞ 10 വർഷക്കാലമായി മുടങ്ങിക്കിടക്കുകയാണ്. 2009-10 ബഡ്ജറ്റ് വർക്ക് പ്രകാരം ഉപ്പുതറ-കോട്ടമല-വാഗമൺ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനെ ഏൽപ്പിക്കുകയും ആയതിൻപ്രകാരം പണി ആരംഭിക്കുകയും ചെയ്തുവെങ്കിലും കരാറുകാരൻ പാതിവഴിക്ക് പ്രവൃത്തി ഉപേക്ഷിച്ച് പോകുകയാണുണ്ടായത്. കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ നടപടിക്രമങ്ങൾ ആരംഭിക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡി.എസ്.ആർ. സമർപ്പിക്കുകയും ആയതുപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പുതിയ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് പണി ആരംഭിക്കുവാനുള്ള സർക്കാർ അനുമതിക്കായി കാത്തിരിക്കുകയുമാണ്.

വാഗമൺ പോലുള്ള വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്കുള്ള പ്രധാനപ്പെട്ടതും തോട്ടം മേഖലയിലെ പ്രദേശവാസികളുടെ ഏക സഞ്ചാരമാർഗ്ഗവുമായ ഈ റോഡിന്റെ പണി മുടങ്ങിക്കിടക്കുന്നത് ആളുകൾക്ക് വളരെയധികം ക്ലേശങ്ങളുണ്ടാക്കുന്നുണ്ട്. ഈ റോഡിന്റെ പണി എത്രയുംവേഗം പുനഃരാരംഭിക്കുവാൻ നടപടി സ്വീകരിക്കണം.

12.00 Noon}

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഉപ്പുതറ-കോട്ടമല-വാഗമൺ റോഡിന്റെ പ്രവൃത്തിയെ സംബന്ധിച്ച വിഷയമാണ് ശ്രീ. വാഴൂർ സോമൻ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. 19-9-2009-ൽ ആരംഭിച്ച പ്രവൃത്തി 10 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ടെണ്ടർ ഏറ്റെടുത്ത കരാറുകാരൻ പാതിവഴിയിൽവച്ച് പണി നിർത്തലാക്കിയതിനാൽ റിസ്ക് ആൻഡ് കോസ്റ്റ് റദ്ദാക്കുകയും എസ്റ്റിമേറ്റ് പുതുക്കേണ്ടിയുംവന്നു. 5 കോടി 30 ലക്ഷത്തിൽപ്പരം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഈ റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കാനും പൂർത്തീകരിക്കാനുമാണ് ശ്രമിക്കുന്നത്. ധനകാര്യ വകുപ്പിൽനിന്നും എത്രയുംപെട്ടെന്ന് അനുമതി ലഭിക്കുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഉപ്പുതറ-കോട്ടമല-വാഗമൺ റോഡിന്റെ പ്രാധാന്യം ഉൾക്കൊണ്ടുതന്നെ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

### (8) കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീമതി യു. പ്രതിഭ: സർ, മദ്ധ്യതിരുവിതാംകൂറിന്റെ പ്രധാന വാണിജ്യ സിരാകേന്ദ്രമായ കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്ന കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിരവധി പരാധീനതകളുടെ നടുവിലാണ്. പ്രതിദിനം ആയിരക്കണക്കിന് യാത്രക്കാർ ഈ ഡിപ്പോയെ ആശ്രയിക്കുന്നുണ്ട്. ഈ ഡിപ്പോയിൽ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 5 ഏക്കർ 22 സെന്റ് സ്ഥലമാണ് പ്രസ്തുത കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സ്വന്തമായുള്ളത്. ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലമുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയും കായംകുളമാണ്. കേരളത്തിലെ ആദ്യ പത്ത് ബസ് സ്റ്റേഷനുകളിലൊന്നായ ഇവിടത്തെ

കെട്ടിടത്തിന് ഏകദേശം 60 വർഷത്തിനുമുകളിൽ പഴക്കമുണ്ട്. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ ഈ കെട്ടിടം അപകടഭീഷണിയിലാണ് നിലകൊള്ളുന്നത്. കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ ഏത് സമയവും പൊളിഞ്ഞുവീഴാമെന്ന സ്ഥിതി മനുഷ്യജീവന് ആപത്താണ്. എം.എൽ.എ. ഓഫീസിൽ ജനങ്ങളുടെ പരാതികൾ നിത്യവും വരികയാണ്. കെട്ടിടത്തിന്റെ മേൽക്കൂരയിലെ കോൺക്രീറ്റ് ഭാഗങ്ങൾ തകർന്നുവീണ് കമ്പികൾ തെളിഞ്ഞു നിൽക്കുന്ന സ്ഥിതിയാണുള്ളത്. ശരാശരി 68-ഓളം സർവ്വീസുകൾ ഇവിടെനിന്നും നേരത്തെ ഓപ്പറേറ്റ് ചെയ്തിരുന്നു. 400-ഓളം ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. 50 ശതമാനത്തോളം വരുന്ന വനിതാ ജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് മതിയായ സൗകര്യങ്ങളില്ല. കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ സ്ഥിതിയും തികച്ചും ദയനീയമാണ്. ബസ് സ്റ്റേഷന്റെ ചുറ്റുമതിലിന്റെ ഭൂരിഭാഗവും തകർന്ന നിലയിലും ബാക്കിയുള്ളവ അപകടഭീഷണി ഉയർത്തിയുമാണ് നിലകൊള്ളുന്നത്. 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വികസിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. 2021-22-ലെ ബഡ്ജറ്റിലും കായംകുളം ബസ് സ്റ്റാൻഡിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണം നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. കായംകുളം നിവാസികളുടെ ചിരകാലസ്വപ്നമാണ് പുതിയ ബസ് ടെർമിനൽ. കൂറ്റൻ കെട്ടിടമൊന്നും വേണമെന്ന് ആവശ്യപ്പെടുന്നില്ല. സൗകര്യപ്രദമായ രൂപത്തിൽ മനുഷ്യർക്ക് വന്നുനിൽക്കാനും വിശ്രമിക്കാനും കച്ചവട സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനും കഴിയാവുന്നൊരു സംവിധാനം വേണമെന്നാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയും കെ.എസ്.ആർ.ടി.സി. എം.ഡി.യും അവിടെ സന്ദർശിച്ച് സ്ഥിതി ബോദ്ധ്യപ്പെടുകയും ചെയ്തതാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തച്ചടി പ്രഭാകരന്റെ മകനും കെ.എസ്.ആർ.ടി.സി. എം.ഡി.യുമായ ശ്രീ. ബിജു പ്രഭാകർ കായംകുളംകാരനാണ്. അദ്ദേഹത്തിന് ഈ വിഷയങ്ങളൊക്കെ നന്നായിട്ടറിയാം. കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പരാധീനതകൾ ഇന്നും ഒരു തുടർക്കഥയായി പത്രങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ വലിയ അപമാനമാണ് അക്കാര്യത്തിൽ ഞാൻ സഹിച്ചുകൊണ്ടിരിക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണെങ്കിലും ബസ് സ്റ്റേഷൻ നവീകരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയോ അല്ലെങ്കിൽ അത് പൊളിച്ചുമാറ്റാനുള്ള അനുവാദം നൽകുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.പി.പി. മോഡലിൽ ചെയ്യാമെന്ന് അടുത്തിടെ പറഞ്ഞിരുന്നു. കോവിഡ് മഹാമാരിക്കുമുൻപ് 68 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സെന്റർ സോണിൽ മികച്ച കളക്ഷൻ നേടിവന്നിരുന്ന ഡിപ്പോയായിരുന്നു. കോവിഡ് കാലത്ത് ഷെഡ്യൂളുകൾ നിർത്തിവച്ചു. ഇപ്പോൾ സ്കൂളുകൾ തുറക്കാൻ പോകുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തിവച്ചാൽ അതെല്ലാം അവിടത്തെ ജനപ്രതിനിധികളുടെ കുറ്റമായിട്ടാണ് വരുന്നത്. എന്നാൽ പുതിയ ടെർമിനൽ വരുമ്പോൾ അത് ജനപ്രതിനിധികളുടെ നേട്ടമായി വരുന്നില്ലെന്നതും ശ്രദ്ധേയമാണ്. ഇത്തരം കാര്യങ്ങളിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കി നൽകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. കോവിഡ് മഹാമാരിമൂലം നിർത്തിവച്ചിരുന്ന കായംകുളത്തെ സർവ്വീസുകളിൽ ഇപ്പോൾ 30 എണ്ണം മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത്. നിർത്തിവച്ച സർവ്വീസുകൾ പുനഃരാരംഭിക്കണമെന്നും കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും കായംകുളത്തെ നിവാസികൾക്കുവേണ്ടി വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, കായംകുളം പട്ടണത്തിൽ 4 ഏക്കർ 27 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 1970-ൽ നിർമ്മിച്ച കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെയും ഗ്യാരേജിന്റെയും ചുറ്റുമതിലിന്റെയും സ്ഥിതി ശോചനീയമാണ്. കായംകുളം ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്, കിഫ്ബിവഴി പദ്ധതിക്ക് അംഗീകാരം നേടി നടപ്പാക്കുന്നതിന് 80 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ HLL Lifecare Limited-ന് നിർദ്ദേശം നൽകിയതിനെത്തുടർന്ന് ലഭ്യമാക്കിയ മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക രൂപരേഖ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരികയാണ്. 2018-19-ലെ ബഡ്ജറ്റ് അവതരണത്തിൽ കായംകുളം ബസ് ടെർമിനൽ നവീകരിക്കുമെന്നും 2021-22-ലെ ബഡ്ജറ്റ് അവതരണത്തിൽ കായംകുളം ബസ് സ്റ്റേഷൻ വാണിജ്യാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നെങ്കിലും ടി പ്രവൃത്തിയുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി തുകയൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല. കായംകുളം യൂണിറ്റിൽ നിലവിൽ പ്രതിദിനം 30 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തുവരുന്നത്. ഇതിനായി 32 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് പ്രഖ്യാപിച്ചിരുന്ന 2021 മാർച്ച് മാസത്തിൽ ശരാശരി 29 ബസ്സുകൾ മാത്രമാണ് കായംകുളം ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്തത്. കോവിഡ് നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഇളവ് അനുവദിക്കുന്ന മുറയ്ക്കും വരുമാനവർദ്ധനവ് അനുസരിച്ചും സർവ്വീസുകൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന 162 ട്രിപ്പുകളിൽ 51 ട്രിപ്പുകൾ ഡീസൽ തുകപോലും ലഭിക്കാത്തതും 69 ട്രിപ്പുകൾ ജീവനക്കാരുടെ ശമ്പളച്ചെലവിനുള്ള കളക്ഷൻപോലും ലഭിക്കാത്തതുമാണ്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നഷ്ടം

സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി-ക്കും ഗുണകരമല്ലാത്തവിധത്തിൽ ഇത്തരത്തിൽ സർവ്വീസ് നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ്. അതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ. അടക്കമുള്ള ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ ചർച്ച നടത്തി നഷ്ടത്തിലോടുന്ന സർവ്വീസുകളും ട്രിപ്പുകളും ജനോപകാരപ്രദമാക്കി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നൊരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലേയ്ക്കും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന മേഖലകളിലേയ്ക്കും പൊതുഗതാഗത സൗകര്യം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഡീസൽ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കി 'ഗ്രാമവണ്ടി' എന്ന നൂതന പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി കായംകുളം യൂണിറ്റിന്റെ പരിധിയിൽപ്പെട്ട ഗ്രാമീണ മേഖലകളിൽ മെച്ചപ്പെട്ട ഗതാഗത സൗകര്യം ഒരുക്കുന്നതിന് കഴിയും. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതുകൊണ്ട് അത്യാധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് സ്റ്റേഷൻ തനതു ഫണ്ടുപയോഗിച്ച് കായംകുളം ബസ് സ്റ്റാൻഡിൽ നിർമ്മിക്കുവാൻ കഴിയില്ല. കിഫ്ബി മുഖാന്തരമോ എം.എൽ.എ. ഫണ്ടിൽനിന്നോ പണം ലഭിക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(9) സി.എച്ച്.സി./പി.എച്ച്.സി.-കളുടെ പ്രവർത്തനം

ശ്രീ. പി. ടി. എ. റഹീം: സർ, കുന്നമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിന് ആരോഗ്യ സ്ഥാപനങ്ങളൊന്നും കൈമാറിക്കിട്ടാത്തത് പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയാണ്. പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ചെറൂപ്പ സി.എച്ച്.സി. മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്ററായി പ്രവർത്തിക്കുന്നതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലല്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ Hospital Management Committee (HMC) നിലവിലുണ്ടെങ്കിലും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയിട്ടില്ലെന്ന കാരണംകൊണ്ട് ഫണ്ട് ചെലവഴിക്കുന്നതിന് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സി.എച്ച്.സി. മെഡിക്കൽ കോളേജിന് കീഴിലായതിനാൽ ഇതിന്റെ പരിധിയിലുള്ള സബ്സെന്ററുകളുടെ കാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. എം.എൽ.എ. ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവഴിച്ച് ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് കെട്ടിടനിർമ്മാണം നടന്നുവെങ്കിലും ബാക്കിയുള്ള കാര്യങ്ങളൊന്നും ഇരട്ടനിയന്ത്രണ പ്രതിസന്ധി കാരണം നടത്തിയെടുക്കാൻ

സാധിക്കുന്നില്ല. ഇതേ ഗ്രാമപഞ്ചായത്തിലാണ് സർക്കാരിലേയ്ക്ക് 11 വർഷം മുമ്പ് സൗജന്യമായി വിട്ടുകിട്ടിയിട്ടുള്ള ആറര ഏക്കർ സ്ഥലവും മൂന്ന് നില കെട്ടിടവും ഉപയോഗശൂന്യമായി കിടക്കുന്നത്. മാവൂർ ഗ്രാമപഞ്ചായത്തിന് ഒരു പി.എച്ച്.സി. അനുവദിച്ച് പ്രതിസന്ധി തരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ചെറൂപ്പ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് നാഷണൽ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഹൗസ് സർജന്മാർക്ക് പരിശീലനം നൽകുന്നതിന് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററായി പ്രവർത്തിച്ചുവരികയാണ്. ഹൗസ് സർജന്മാർക്ക് ട്രെയിനിംഗ് നൽകുകയെന്ന പ്രവർത്തനത്തിനുപുറമേ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലാണ് നടന്നുവരുന്നത്. ഇതിനുവേണ്ട ജീവനക്കാരെ ജില്ലാ മെഡിക്കൽ ഓഫീസറാണ് നിയമിക്കുന്നത്. മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്ജ് കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 14 ജീവനക്കാർ ചെറൂപ്പ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റിൽ ജോലി ചെയ്യുന്നുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർക്കുകീഴിൽ 18 ജീവനക്കാരുമുണ്ട്. ഇപ്പോൾ ഈ സ്ഥാപനം ദ്വിഭരണ സമ്പ്രദായത്തിന്റെ കീഴിലാണ്. ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പണിത ഡയാലിസിസ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡയാലിസിസ് സെന്ററിനുവേണ്ടി ഉദ്ദേശിച്ച കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഡയാലിസിസ് രോഗികളെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറുന്ന മുറയ്ക്ക് ഡയാലിസിസ് സെന്റർ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം മാവൂർ തെങ്ങിലക്കടവിലെ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്ററിന്റെ കൈവശമുണ്ടായിരുന്ന സ്ഥലവും അനുബന്ധ സൗകര്യങ്ങളും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ക്യാൻസർ സ്ക്രീനിംഗ് സെന്ററായി പ്രവർത്തിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് കൈമാറിയിട്ടുണ്ട്. ഇത് ക്യാൻസർ രോഗികളുടെ rehabilitation centre ആയും early cancer detection centre ആയും മാറ്റിയെടുക്കുന്നതിന് പ്രിൻസിപ്പാൾ സമർപ്പിച്ച നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. 6-2-2021-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ

ചേർന്ന എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ എൻ.എച്ച്.എം. വഴി നിയമിക്കുന്നതിനും ആവശ്യമായ പദ്ധതികൾ സമർപ്പിക്കുന്നതിനുംവേണ്ടി ജില്ലാ പഞ്ചായത്തിനേയും എൻ.എച്ച്.എം.-നേയും ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭരണപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും നേതൃത്വത്തിൽ സ്ഥാപന മേധാവികളെയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരെയും ഉൾപ്പെടുത്തി യോഗം വിളിച്ച് പ്രശ്നപരിഹാരത്തിനുള്ള സ്ഥിരംസംവിധാനമെന്ന നിലയ്ക്ക് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തനസജ്ജമാകുമ്പോൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച തടസ്സങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട അംഗം ഈ വിഷയം നിരന്തരം ആവശ്യപ്പെടുന്നതാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

### (10) കുറ്റിപ്പുറം താലൂക്കാശുപത്രി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തൃശ്ശൂർ-കോഴിക്കോട് ദേശീയപാതയിലെ കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2011-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. താലൂക്കാശുപത്രിയുടെ സേവനം പൂർണ്ണതോതിൽ ജനങ്ങൾക്ക് ലഭ്യമല്ലാത്ത അവസ്ഥയാണ് ഇപ്പോഴുമുള്ളത്. ദിനംപ്രതി ആയിരത്തിലേറെ രോഗികളെത്തുന്ന ആശുപത്രിയിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കാൻ വിവിധ വിഭാഗങ്ങളിലായി 38 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ശബരിമലയുടെ ഇടത്താവളമായ മിനി പമ്പയിലും അതുപോലെ തൃശ്ശൂർ ദേശീയപാതയിലും മറ്റൊരു ഗവൺമെന്റ് ആശുപത്രിയും ലഭ്യമാകാത്ത സ്ഥിതിവിശേഷവുമുണ്ട്. അതിനിടയ്ക്കാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടി രൂപയുടെ ഇരുപത് ശതമാനമായ 40 ലക്ഷം രൂപയും ലഭിച്ചതുകൊണ്ടാണ് ഇപ്പോൾ കെട്ടിടനിർമ്മാണം നടക്കുന്നത്. ബഹുമാനപ്പെട്ട എം.പി. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെയും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റേയും മേൽനോട്ടത്തിൽ അവർ നൽകിയ ഫണ്ട് പ്രയോജനപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിലാണ് ഇപ്പോൾ കാഷ്വാലിറ്റിയും കോവിഡ് സെന്ററും പ്രവർത്തിക്കുന്നത്. ആശുപത്രിയുടെ

നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ 12 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നടത്തണമെങ്കിൽ ഇനിയും പതിനഞ്ചുകോടി രൂപയെങ്കിലും ആവശ്യമായി വരും. നിലവിലുള്ള മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. അതിന്റെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. ആവശ്യമായ ഫണ്ട് അനുവദിച്ചാൽമാത്രമേ മാസ്റ്റർപ്ലാൻ പൂർത്തിയാക്കി കെട്ടിടം നിർമ്മിച്ച് പ്രവർത്തനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. താലൂക്കാശുപത്രിയുടെ കൺട്രോളിംഗ് ആഫീസറായി സൂപ്രണ്ടാണ് വേണ്ടതെങ്കിലും നിലവിൽ അവിടെ ഒരു മെഡിക്കൽ ഓഫീസറുടെ തസ്തികയാണുള്ളത്. അതിനാൽ ഒരു സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഒരു ദിവസം ആയിരത്തിലേറെ രോഗികൾ ഒ.പി-യിൽ വരുന്നതിനാൽ ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികകൂടി അനിവാര്യമാണ്. നിലവിൽ സർജറി നടത്താൻ പരിമിതമായ സൗകര്യങ്ങളുള്ള ഒരു ഓപ്പറേഷൻ തിയേറ്ററുണ്ടെങ്കിലും സർജന്റെ സേവനം ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. നാല് നിലകളുള്ള കെട്ടിടത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ ഉള്ളതിനാലും ദേശീയപാതയുടെ അരികിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനമായതിനാലും ഒരു സർജനെ നിയമിക്കുന്നതിനും കെട്ടിടത്തിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ട ഫണ്ട് അനുവദിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2011-ൽ താലൂക്കാശുപത്രിയായി ഉയർത്തിയ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 22 ബെഡ്ഡുകളാണുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കോവിഡിനുമുമ്പ് ഇവിടത്തെ പ്രതിദിന ശരാശരി ഒ.പി. ആയിരവും ഐ.പി. ഇരുപതുമായിരുന്നു. കോവിഡിനുശേഷം ഇത് യഥാക്രമം നാന്നൂറായും ഐ.പി. പത്തായും കുറഞ്ഞിട്ടുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ കോവിഡേതര സേവനങ്ങൾ നൽകുന്നതിനോടൊപ്പം കോവിഡ് ചികിത്സയ്ക്കായി സി.എഫ്.എൽ.ടി.സി. ആയും പ്രവർത്തിച്ചുവരുന്നു. പതിനെട്ട് ഡോക്ടർമാരുടെ സ്ഥിരം തസ്തികകളാണ് ഈ ആശുപത്രിയിലുള്ളത്. കൂടാതെ രണ്ട് ഡോക്ടർമാരെ കോവിഡ് ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിട്ടുമുണ്ട്. വിവിധ വിഭാഗങ്ങളിലായി 54 സ്ഥിരം ജീവനക്കാരും 28 താൽകാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കോവിഡ് ചികിത്സയ്ക്ക് മാത്രമായി

എൻ.എച്ച്.എം. മുഖാന്തരം പതിനഞ്ച് താൽകാലിക ജീവനക്കാരേയും എൽ.എസ്.ജി.ഡി. മുഖാന്തരം നാല് പേരേയും നിയമിച്ചിരുന്നു. ജനറൽ മെഡിസിൻ, അസ്ഥിരോഗ വിഭാഗം, ശിശുരോഗ വിഭാഗം, നേത്രരോഗ വിഭാഗം, അനസ്തേഷ്യ, ദന്തൽ വിഭാഗം എന്നീ സ്പെഷ്യാലിറ്റികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി., ഐ.പി., അത്യാഹിത വിഭാഗം, ട്രോമാ കെയർ യൂണിറ്റ്, ഫാർമസി, ലാബ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നീ വിഭാഗങ്ങളുടെ സേവനവും ലഭ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്നും തെരഞ്ഞെടുത്ത താലൂക്കുതല ആശുപത്രിയുടെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടതാണ് കുറ്റിപ്പുറം ആശുപത്രി. ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ-1, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി-1, അസിസ്റ്റന്റ് ദന്തൽ സർജൻ-1, സ്റ്റാഫ് നഴ്സ്-3, ലാബ് ടെക്നീഷ്യൻ-2, ആശുപത്രി അറ്റൻഡന്റ്-1 എന്നിങ്ങനെ ഒൻപത് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം രണ്ട് സ്റ്റാഫ് നഴ്സ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എം.പി. ഫണ്ടിൽനിന്നും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും വിവിധ ഘട്ടങ്ങളിലായി അനുവദിച്ച തുക ചെലവഴിച്ചുകൊണ്ടുള്ള പുതുക്കിയ ഒ.പി. കെട്ടിടത്തിന്റേയും സ്ത്രീകൾക്കും അമ്മമാർക്കുമുള്ള വിശ്രമമുറി, ഫീഡിംഗ് റൂം എന്നിവയുടേയും ഇ.സി.ജി. റൂം, ട്രീറ്റ്മെന്റ് റൂം, മെഡിസിൻ സ്റ്റോർ, ഫാർമസി എന്നിവയുടെയും നിർമ്മാണം നടത്തിയിട്ടുണ്ട്. ആശുപത്രിയുടെ സമഗ്ര വികസനത്തിനുവേണ്ടി മാസ്റ്റർപ്ലാൻ പ്രകാരം, പൊതുമരാമത്ത് വകുപ്പ് 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നാൽപ്പതുലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി 3-3-2020-ൽ 493/2020 സർക്കാർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി തുകയായ 1.60 ലക്ഷം രൂപയ്ക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയത് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ സഹിതം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കും.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്നലെയാണ് സഭയിൽ സമർപ്പിച്ചത്. ഇതിന് ഭേദഗതി അവതരിപ്പിക്കാനുള്ള സമയപരിധി ഇന്ന് ഉച്ചയ്ക്ക് 12 മണിവരെയാണ് അനുവദിച്ചിരുന്നത്. ഞാൻ ഒരു കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അതിനുള്ള സമയപരിധി രണ്ടുമണിവരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. അത് ഇന്ന് വൈകുന്നേരം ആറുമണിവരെയാക്കി വർദ്ധിപ്പിക്കണം. രണ്ടാമത്തെ ബിൽ ചെറുതായതിനാൽ പ്രശ്നമില്ല. എന്നാൽ ആദ്യത്തെ ബില്ലായ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിൽ ഒരുപാട് ക്ലോസുകളുണ്ട്. അതിനാൽ സമയം കുറച്ചുകൂടി ദീർഘിപ്പിച്ചുനൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: അങ്ങയുടെ കുറിപ്പുകൂടി പരിഗണിച്ചിട്ടാണ് സമയപരിധി രണ്ടുമണിവരെ ദീർഘിപ്പിച്ചുനൽകിയത്. ഇനിയും കൂടുതൽ സമയം അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

## V നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ,

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലും 2021-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VI ക്രമപ്രശ്നം

ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇപ്പോൾ അവതരിപ്പിക്കുന്ന 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലെ ധനകാര്യമെമ്മോറാണ്ടം തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമാണ്. ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവുമുണ്ടാകുന്നതല്ലെന്നാണ് ധനകാര്യമെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, യഥാർത്ഥ വസ്തുത വ്യത്യസ്തമാണ്. 1994-ലെ 16-ാം നമ്പർ ആക്ടിലെ വകുപ്പ് 7(4)-ൽ 'തയ്യൽത്തൊഴിലാളികളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്ത് ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭേദഗതി ബില്ലിലെ 2-ാം വകുപ്പ് പ്രാബല്യത്തിൽ വരുമ്പോൾ തൊഴിലാളികൾ നേരത്തെ നൽകിയിരുന്ന പ്രതിമാസം 20 രൂപ എന്നുള്ളത് 50 രൂപയായി വർദ്ധിപ്പിച്ച് നൽകേണ്ടിവരുന്നു. ഇപ്രകാരം ഒരു വർഷം 600 രൂപ തൊഴിലാളി വിഹിതമായി നിധിയിലേയ്ക്ക് നൽകേണ്ടി വരും. എന്നാൽ നേരത്തെ പ്രതിവർഷം 240 രൂപ നിരക്കിലാണ് നൽകിയിരുന്നത്. ബിൽ നിയമമാകുന്നതോടെ ഇപ്രകാരം വർദ്ധിച്ച തുകയുടെ 10 ശതമാനം വിഹിതമാണ് സർക്കാർ പ്രതിവർഷം ഗ്രാന്റിനത്തിൽ നിധിയിലേയ്ക്ക് നൽകേണ്ടി വരുന്നത്. ആക്ടിലെ 7 (4) വകുപ്പിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഏഴ് ലക്ഷം തൊഴിലാളികൾ അംഗങ്ങളായ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുപാതിക വർദ്ധനവുണ്ടാകുന്നതായി കാണാം. സർക്കാർ വിഹിതത്തിൽ രണ്ടര കോടി രൂപയുടെ വർദ്ധനവ് പ്രതിവർഷമുണ്ടാകുന്നു. എന്നാൽ ഈ വർദ്ധനവുമൂലം സംസ്ഥാന ഖജനാവിനുണ്ടാകുന്ന ആവർത്തന ചെലവ് സംബന്ധിച്ച വിവരം സഭയിൽനിന്നും മറച്ചുവയ്ക്കുന്നതിന് ബോധപൂർവ്വമായ ശ്രമമാണുണ്ടായിരിക്കുന്നത്. നിയമസഭാ നടപടി ചട്ടം അനുസരിച്ച് റെക്കറിംഗ് ആൻഡ് നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്ന് 1996 സെപ്റ്റംബർ 6-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ നൽകിയ റൂളിംഗ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് അപാകതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 7(1) ഉപവകുപ്പ് ഭേദഗതി ചെയ്ത് 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)

ബില്ലിന്റെ വ്യവസ്ഥപ്രകാരം "ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം അൻപത് രൂപ വീതവും, ഓരോ തൊഴിലുടമയും, അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും, പ്രതിമാസം ഇരുപത്തിയഞ്ച് രൂപ വീതവും നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്" എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും നൽകേണ്ട അംശദായം 20 രൂപയിൽ നിന്ന് 50 രൂപയായി ബില്ലിന്റെ വ്യവസ്ഥ പ്രകാരം വർദ്ധിപ്പിക്കുന്നു. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 7(4) പ്രകാരം "തയ്യൽത്തൊഴിലാളികളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്ത് ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്.' പ്രസ്തുത വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ, അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി നിധിയിലേയ്ക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല" എന്ന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ വ്യവസ്ഥകൾപ്രകാരം തയ്യൽ തൊഴിലാളികളുടെയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിപ്പിക്കുന്നതിനാൽ 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 7(4) ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം അംശദായ വർദ്ധനവിന് ആനുപാതികമായി സർക്കാർ ഗ്രാന്റ് നൽകേണ്ടതില്ല. ആയതിനാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവൊന്നും ഉണ്ടാകുന്നതല്ല. 2018-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിലും സഞ്ചിതനിധിയിൽനിന്നും ചെലവുവരില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**റൂളിംഗ്**

മി.സ്പീക്കർ: ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യമെമ്മോറാണ്ടം ക്രമപ്രകാരമല്ലെന്നും വസ്തുതകൾക്ക് നിരക്കാത്തതുമാണെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ബില്ലിലുൾപ്പെടുത്തിയിട്ടുള്ള ധനകാര്യമെമ്മോറാണ്ടത്തിന്റെ ഘടനയെ സംബന്ധിച്ച് ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്നതിനനുസൃതമായി സർക്കാർ

നൽകേണ്ടിവരുന്ന വിഹിതം വർദ്ധിക്കുന്നതാണ്. എന്നാൽ മൂലനിയമത്തിന്റെ വകുപ്പ് 7(4)-ലെ ക്ലിപ്തനിബന്ധനയിൽ അംശദായ വർദ്ധനവിനാനുപാതികമായി സർക്കാർ ഗ്രാന്റ് നൽകേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ സഞ്ചിതനിധിയിൽനിന്ന് അധിക ചെലവുണ്ടാകില്ലെന്നുള്ള സർക്കാർ വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നു. അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നിസ്സാരമായ ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളതെങ്കിലും അഞ്ച് ഭേദഗതി ബില്ലുകൾക്കും പ്രാധാന്യമുണ്ടെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. രാജ്യത്ത് ക്ഷേമനിധികൾ ശക്തമായി പ്രവർത്തിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. അവശതയും പ്രയാസവും ബുദ്ധിമുട്ടും അനുഭവിച്ചുകൊണ്ട് സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന തൊഴിലാളി ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാടെടുക്കുന്ന ക്ഷേമനിധി ബോർഡുകളുള്ള സംസ്ഥാനം കേരളം മാത്രമാണ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വാതന്ത്ര്യത്തിന് മുൻപും പിൻപുമുള്ള എല്ലാ തൊഴിൽ നിയമങ്ങളും ഭേദഗതി ചെയ്ത് തൊഴിലാളിവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്ത് ഏതാണ്ട് 29-ഓളം തൊഴിൽ നിയമങ്ങളുണ്ടായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും കാലാകാലങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളിൽ മുതലാളിയുമായി വിലപേശുവാനും

ജീവിതനിലവാരം ഉയർത്തുവാനും പ്രാപ്തമായ നിയമങ്ങളാണുണ്ടായിരുന്നത്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് അതെല്ലാം റദ്ദുചെയ്ത് നാല് ലേബർ കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. നാല് കോഡുകളെ സംബന്ധിച്ച അഭിപ്രായം സംസ്ഥാന സർക്കാരിനോടും ആരാഞ്ഞിരിക്കുകയാണ്. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിലുള്ള തൊഴിൽ സംസ്കാരമാണ് കേരളത്തിലുള്ളത്. സമൂഹത്തിലെ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും തൊഴിലാളികളുടെ സഹായം ഉണ്ടായിരുന്നുവെന്നതിന് നാം സാക്ഷികളാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയ അവസരത്തിൽ 'അത് ആവശ്യമുണ്ടോ' എന്ന സംശയം ചില കോണുകളിൽ നിന്നെങ്കിലും ഉയർന്നുവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. തയ്യൽ തൊഴിലാളികളും സമൂഹത്തിൽ ദുരിതം അനുഭവിക്കുന്നവരാണ്. ലേബർ വെൽഫെയർ ഫണ്ട് വിവിധ വിഭാഗം തൊഴിലാളികൾക്ക് ആശ്രയകേന്ദ്രമാണ്. പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും യന്ത്രവത്കരണത്തിന്റെയും കാലഘട്ടത്തിൽ ഇന്ന് പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സ്ഥിതിവിശേഷമുണ്ട്. ചെറിയ ഭേദഗതികളാണ് ഇന്ന് അവതരിപ്പിക്കുന്നത്. ഒരു വാക്ക്, ഒരു വാചകം എന്നിങ്ങനെയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ, കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത ഭേദഗതികൾക്ക് വളരെ പ്രാധാന്യവുമുണ്ട്. ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് ഒറ്റക്കെട്ടായി യോജിക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ക്ഷേമനിധികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കാലഘട്ടത്തിനനുസരിച്ച് തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകേണ്ടതുമുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങിവിടെ ക്ഷേമനിധികളുടെ കാര്യം പറഞ്ഞു. എല്ലാ സർക്കാരുകളുടെ ഭരണകാലത്തും വിവിധ തൊഴിലാളി വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമനിധികൾ രൂപീകൃതമായിട്ടുണ്ട്. ക്ഷേമനിധികളിലേയ്ക്ക് തൊഴിലുടമ നൽകേണ്ട സംഖ്യ പിരിച്ചെടുക്കുന്ന കാര്യത്തിൽ വലിയ വീഴ്ച വന്നുകൊണ്ടിരിക്കുകയാണ്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് കോടിക്കണക്കിന് രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഓരോ ക്ഷേമനിധിയുടെയും അവസ്ഥ ഇതുതന്നെയാണ്. ക്ഷേമനിധികൾ രൂപീകരിക്കുന്നതോടൊപ്പംതന്നെ തൊഴിലുടമകളിൽനിന്നും അടിയന്തരമായി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് ശരിയാണ്. അതിൽ എൽ.ഡി.എഫ്, യു.ഡി.എഫ്. വ്യത്യാസമൊന്നുമില്ല. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിഞ്ഞുകിട്ടാനുണ്ട്.

അങ്ങ് പറയാത്ത വേറൊരു അപാകതയുംകൂടിയുണ്ട്. അത് നമുക്ക് കൂട്ടായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. അർഹതയില്ലാത്തവരും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിരിക്കുകയാണ്. ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ LDF, UDF, CITU, AITUC, INTUC, UTC, BMS, HMS എന്ന വ്യത്യാസമൊന്നുമില്ല. കെട്ടിടനിർമ്മാണ തൊഴിലാളികളല്ലാത്തവരെയും അവരുടെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ഇവർക്കെല്ലാം ആനുകൂല്യം കൊടുക്കേണ്ട സാഹചര്യം വന്നിരിക്കുന്നതിനാൽ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് കെട്ടിടനിർമ്മാണം നടത്തുന്നവരിൽനിന്നുള്ള സെസ്സ് പിരിച്ചെടുക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇനിമുതൽ അത് കൃത്യമായി പിരിച്ചെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചത് നല്ലതാണ്. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവ ലഭിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഒരാൾ രണ്ട് പെൻഷൻ വാങ്ങാൻ പാടില്ലെന്ന് തീരുമാനിച്ചതോടുകൂടി അവർക്ക് പ്രതിമാസം കിട്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുകയാണ്. ഗവൺമെന്റ് ചെയ്യുതെന്താണ്? ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചു. എന്നാൽ അവർക്ക് മൊത്തത്തിൽ ലഭിക്കുന്ന വരുമാനത്തിൽ കുറവുണ്ടായി. വികലാംഗർക്കുള്ള പെൻഷൻ വേറെ രൂപത്തിലാണല്ലോ; അർഹിക്കുന്നവർക്ക് പെൻഷൻ കൃത്യമായി ലഭിക്കുന്നതിനും അവരുടെ പെൻഷൻ കട്ട് ചെയ്യുന്ന ഇപ്പോഴത്തെ സ്ഥിതി ഒഴിവാക്കുന്നതിനെക്കുറിച്ചും ആലോചിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട മുൻ മന്ത്രികൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നു. അതിന്റെയെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു വകുപ്പിൽപോലും ഞാൻ അനധികൃതമായി എന്തെങ്കിലും കാര്യം ചെയ്തിട്ടുണ്ടെന്ന് റെക്കോഡില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് നേരത്തെ പറഞ്ഞ കാര്യം പരിശോധിക്കാം. അതുസംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് കൂട്ടായി ആലോചിച്ച് ചെയ്യാം. ഞാൻ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതുമായി സഹകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എം. എ. ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയാണ് കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിലുള്ളത്. ഡോ. എം. എ.

ഖാദർ ചെയർമാനും ശ്രീ. ജി. ജ്യോതി ചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവർ അംഗങ്ങളുമായിട്ടുള്ള സമിതിയുടെ റിപ്പോർട്ടാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യം, അക്കാദമിക് നിലവാരം, അദ്ധ്യാപക സമൂഹത്തിന്റെ നിലവാരം എന്നിവയെല്ലാം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സമൂല പരിവർത്തനമാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഘട്ടംഘട്ടമായി ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിലെ ഭേദഗതി, 'വിദ്യാഭ്യാസ വകുപ്പ് എന്നത് 'പൊതുവിദ്യാഭ്യാസ വകുപ്പ് എന്നാക്കി മാറ്റണമെന്നതാണ്. അതുപോലെ 'ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ' എന്നത് 'പൊതു വിദ്യാഭ്യാസ ഡയറക്ടർ' എന്നാക്കി മാറ്റണമെന്നതാണ്. അതുപോലെതന്നെ 'ഹെഡ്മാസ്റ്റർ' എന്നതിനുപകരം 'ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് അല്ലെങ്കിൽ വൈസ്-പ്രിൻസിപ്പൽ' എന്നാക്കണം. വിദ്യാഭ്യാസ (ഭേദഗതി) ബിൽ എന്നുകേൾക്കുമ്പോൾ സമൂല പരിവർത്തനം എന്ന് തോന്നിയേക്കാം. വലിയ ചർച്ചയൊന്നും കൂടാതെ (ഭേദഗതി) ബിൽ പാസ്സാക്കാൻ സഹകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയൊക്കെ ബോഡി ലാംഗ്വേജ് കണ്ടാൽ ചർച്ച എത്രയുംപെട്ടെന്ന് അവസാനിപ്പിച്ച് സഹകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലെ ഭേദഗതി സെക്ഷൻ 15-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളി വിഹിതം 4 രൂപയിൽനിന്ന് 7.50 രൂപയാക്കി വർദ്ധിപ്പിക്കണം എന്നുള്ളതാണ്. അക്കാര്യത്തിൽ നമുക്കാർക്കും എതിർപ്പുള്ളതല്ല. ഫണ്ട് ലഭിച്ചാൽ മാത്രമേ പാവപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുകയുള്ളൂ. "തൊഴിലുടമാവിഹിതവും തൊഴിലാളി വിഹിതവും പ്രതിമാസം 7.50 രൂപ എന്ന തോതിൽ ഏകീകരിച്ച് അർദ്ധ വർഷത്തേയ്ക്ക് 45 രൂപയാക്കി വർദ്ധിപ്പിക്കണം" എന്നാണ് ഭേദഗതി വരുത്തുന്നത്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലിലെ 5-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലാളിക്കും കശുവണ്ടി ഫാക്ടറിയിൽ അയാൾ ജോലി ചെയ്ത ഓരോ ദിവസത്തേയ്ക്കും ഒരു രൂപ എന്ന നിരക്കിൽ തൊഴിലുടമ നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്. ഇന്ന് ഒരു രൂപ ഒരിടത്തും കാണാൻപോലും സാധിക്കില്ല. ഇത് രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാണ് സെക്ഷൻ (5) ഭേദഗതി ചെയ്യുന്നത്. ഇന്നിപ്പോൾ 5 രൂപപോലും കാണാനില്ലാത്ത സാഹചര്യമാണ്. നമുക്ക് ഇന്നത്തെ സാഹചര്യമനുസരിച്ച് ഇതേ നിവൃത്തിയുള്ളൂ. സെക്ഷൻ 5 (1) പ്രകാരം തൊഴിലുടമാവിഹിതം ഒരു രൂപയായിരുന്നത് 2 രൂപയാക്കുകയാണ്. സർക്കാർ വിഹിതം ഒരു രൂപയായി നിജപ്പെടുത്തുന്നതിനുള്ള

ഭേദഗതിയാണ് ഈ സെക്ഷനിൽ പ്രതിപാദിക്കുന്നത്. ഈ രണ്ട് ചെറിയ ഭേദഗതികൾ മാത്രമേയുള്ളൂ. 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിലെ 9-ാം വകുപ്പാണ് ഭേദഗതി ചെയ്യുന്നത്. "ഇരുപത് ആറിൽ കൂടുതലും എന്നാൽ നാല്പത് ആറിൽ കുറവ് വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കും പ്രതിവർഷം ഓരോ ആറിനും അൻപത് പൈസ നിരക്കിൽ നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതും, നാല്പത് ആറിൽ കൂടുതൽ കൃഷിഭൂമി കൈവശമുള്ളവർ തന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ പ്രതിവർഷം ഓരോ ആറിനും ഒരു രൂപ അംശദായം നൽകേണ്ടതുമാണ്." വകുപ്പ് 9 (2)-ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കർഷകത്തൊഴിലാളിയും പ്രതിമാസം 5 രൂപാ നിരക്കിൽ അംശദായം നൽകേണ്ടതാണ്. അത് 20 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ്. സെക്ഷൻ 9 (4)-ൽ കർഷകത്തൊഴിലാളി ഒടുക്കുന്ന തുകയുടെ 25 ശതമാനം ഓരോ സാമ്പത്തിക വർഷത്തിലും ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി അടയ്ക്കുന്നതിനുള്ള ഭേദഗതിയാണ്. 2021-ലെ തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിലവിൽ സ്വയംതൊഴിൽ വിഹിതവും തൊഴിൽ വിഹിതവും പ്രതിമാസം 20 രൂപ വീതമായിരുന്നു. ഇതിൽ ഭേദഗതി വരുത്തി 50 രൂപയാക്കി വർദ്ധിപ്പിച്ചും ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽത്തൊഴിലാളിക്കും പ്രതിമാസം 25 രൂപ നിധിയിലേയ്ക്ക് അംശദായം അടയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുകയാണ്. സെക്ഷൻ 7 (2)-ൽ ഓരോ തൊഴിലുടമയും ഉടമാ അംശദായവും തൊഴിലാളി അംശദായവും ചേർത്ത് 75 രൂപ പ്രതിമാസം നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അവരുടെ അംശദായം സ്വയം ഒടുക്കാൻ തയ്യാറാണെങ്കിൽ അവർക്ക് സ്വന്തമായി വിഹിതം അടയ്ക്കാവുന്നതാണ്. തൊഴിലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണമാണ് ഈ ഭേദഗതികളിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതെല്ലാം ചെറിയ ഭേദഗതികളാണ്. വിശദമായ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഐകകണ്ഠ്യേന പാസ്സാക്കുന്നതിനുള്ള സഹകരണം ഉണ്ടാകണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: അഞ്ച് ബില്ലുകളിന്മേലുള്ള ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ആകെ 20 പേർ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട

മന്ത്രിതന്നെ വളരെ ചെറിയ ഭേദഗതികളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, പൊതുവിൽ എല്ലാവർക്കും യോജിപ്പുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലിന്റെ തത്വത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നും സമയക്രമം പാലിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: Sir, I move that- "This House resolves to disapprove The Kerala Education (Amendment) Ordinance, 2021 (Ordinance No.101 of 2021)". ബഹുമാനപ്പെട്ട മന്ത്രിയും ചെയറും പറയുന്നതെല്ലാംതന്നെ അംഗീകരിച്ച് നടപ്പിലാക്കി മുന്നോട്ടുപോകുന്ന രീതിയാണ് എല്ലാ അംഗങ്ങളും സ്വീകരിച്ചുവരുന്നത്. സമയനിഷ്ഠ പാലിക്കണമെന്നും വളരെ ചെറിയ ഭേദഗതികളാണെന്നും സൂചിപ്പിക്കുകയുണ്ടായി. പ്രധാന ആക്ടിലെ 9-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ 'ഹെഡ്മാസ്റ്റർ' എന്ന വാക്കിനുപകരം 'ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് അല്ലെങ്കിൽ വൈസ്-പ്രിൻസിപ്പൽ' എന്നീ വാക്കുകൾ ചേർക്കണമെന്നുള്ളതാണ് ഭേദഗതി. വിദ്യാഭ്യാസപരമായ പ്രശ്നമായതുകൊണ്ടും ഗൗരവമായ മാറ്റങ്ങൾക്ക് ഇടവരുന്ന സാഹചര്യമായതുകൊണ്ടും എനിക്ക് സംസാരിക്കുന്നതിന് പര്യാപ്തമായ സമയം അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയോടെയാണ് തുടങ്ങുന്നത്.

മി. സ്പീക്കർ: വിദ്യാഭ്യാസം എന്നത് സമഗ്രമായി ഭേദഗതി ചെയ്യുന്നില്ലെന്നാണ് ബഹു. മന്ത്രി പറഞ്ഞത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഹയർ സെക്കൻഡറിയും സെക്കൻഡറിയും കൂട്ടിയോജിപ്പിച്ച് അവിടെ പ്രധാന അദ്ധ്യാപകനും അതിന്റെ താഴെ വൈസ് പ്രിൻസിപ്പലുമാക്കി മാറ്റുന്ന ഭേദഗതി പ്രധാനപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനം ഖാദർ കമ്മീഷൻ റിപ്പോർട്ടാണ്. വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം, കുട്ടികളുടെ മികവുകൾ കണ്ടെത്തി പഠനാനുഭവങ്ങളിലൂടെ ഉന്നതതലങ്ങളിലേയ്ക്ക് എത്തിച്ചേരാനും അവരുടെ എല്ലാ വാസനകളും വികസിപ്പിക്കാനാവശ്യമായ അവസരതുല്യത ഉറപ്പുവരുത്തുകയും ജനകീയവും ജനാധിപത്യപരവും മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലും ഉയർന്നുവരാനാവശ്യമായ സമൂഹത്തെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതിൽ സാമൂഹ്യനീതി, പരിസ്ഥിതി അവബോധം, പൗരബോധം, ദേശീയബോധം, അവകാശങ്ങളെക്കുറിച്ചുള്ള ബോധം, ശാസ്ത്ര സാങ്കേതിക മേഖലയെക്കുറിച്ചുള്ള ബോധം, സാംസ്കാരികബോധം, തൊഴിൽ നൈപുണ്യം, മൂല്യങ്ങൾ, ചെറുത്തുനിൽപ്പ് തുടങ്ങി ഖാദർ കമ്മീഷൻ റിപ്പോർട്ട് പറഞ്ഞതും പറയാത്തതുമായ നിരവധി ഘടകങ്ങൾ അന്വർത്ഥമാക്കുന്നതാണ് വിദ്യാഭ്യാസം. ഇതുമായി ബന്ധപ്പെട്ട പ്രധാന കാര്യം പ്രാഥമികമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 2019-ലെ ദേശീയ വിദ്യാഭ്യാസനയത്തെ

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൊത്തത്തിൽ അംഗീകരിക്കുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. 2019-ൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെ അധികരിച്ചുകൊണ്ട് 2020-ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി രൂപപ്പെടുത്തുകയുണ്ടായി. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി പ്രീ-പ്രൈമറിയും ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും ചേർന്ന് പ്രിപ്പറേറ്ററി സെഗ്മെന്റിന് നേതൃത്വം കൊടുക്കുകയാണ്. മൂന്ന്, നാല്, അഞ്ച് ക്ലാസ്സുകൾ ചേർന്ന് ഫൗണ്ടേഷൻ കോഴ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. ആറ്, ഏഴ്, എട്ട് ക്ലാസ്സുകൾ ചേർന്ന് മിഡിൽ സ്റ്റേജിന് നേതൃത്വം കൊടുക്കുകയാണ്. ഇനി ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചുകേൾക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകൾ ചേർന്ന് സെക്കൻഡറി വിദ്യാഭ്യാസമേഖല വരികയാണ്. ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകൾ ഒരുമിച്ചുചേർത്ത് 2020-ലെ നരേന്ദ്രമോദി സർക്കാരിന്റെ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ യോജിപ്പിച്ചുകൊണ്ട് ഒരു ചരടിൽ കോർക്കാനാവശ്യമായ സമീപനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത വിദ്യാഭ്യാസത്തിനെതിരായ സമീപനം സ്വീകരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലൂടെ അത് കേരളത്തിൽ നടപ്പിലാക്കുന്നുവെന്നതാണ് നാം കാണേണ്ടത്. ദൂരവ്യാപക പ്രത്യാഘാതമുളവാക്കുന്നതാണ് ഈ ഭേദഗതികളെന്നുള്ളതാണ് അതിപ്രധാനമായ ഒരു ഘടകം. വൈസ് പ്രിൻസിപ്പൽ എന്നൊരു തസ്തിക കടന്നുവരുന്നത് ഉന്നതതലത്തിലുളവായിരിക്കുന്ന ചർച്ചയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്. ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്, 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവരേണ്ട മാറ്റങ്ങളെ സംബന്ധിച്ച് സമഗ്രപഠനം നടത്തുന്നതിന് പ്രൊഫ. (ഡോ.) എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ടെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത്, സമഗ്ര റിപ്പോർട്ട് ഖാദർ കമ്മിറ്റി സമർപ്പിച്ചിട്ടുണ്ടോയെന്നാണ്. ഞാൻ മനസ്സിലാക്കുന്നത്, റിപ്പോർട്ടിന്റെ ആദ്യഭാഗം മാത്രമാണ് നൽകിയിട്ടുള്ളതെന്നാണ്. ആദ്യഭാഗമെന്നു പറഞ്ഞാൽ ഘടനാപരമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് മാത്രമാണ് നൽകിയിട്ടുള്ളത്. അക്കാഡമിക് നിലവാരം മെച്ചപ്പെടുത്താനുള്ള റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടില്ലെന്നുള്ളതാണ് എന്റെ പ്രധാന നിഗമനം. പീസ്മീൽ ആയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസക്രമത്തെ ഉടച്ചുവാർക്കുന്ന സമീപനം അതും കേന്ദ്ര

സമീപനത്തിനനുകൂലമായി സർക്കാർ സ്വീകരിക്കുന്നത് ന്യായമായ നടപടിയാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിപ്രസംഗത്തിൽ സൂചിപ്പിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേന്ദ്ര സർക്കാരിന്റെ അതേ സമീപനം, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ സമീപനം, നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ സമീപനം, കേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ സമീപനം കേരളത്തിലേയ്ക്കും കൊണ്ടുവരികയാണ്. ആ നടപടി എതിർക്കപ്പെടേണ്ടതാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിന്റെ ഭാഗമാണ് വൈസ് പ്രിൻസിപ്പൽ എന്ന കേഡർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി വരാനുള്ള പ്രധാന കാരണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് എല്ലാ സന്ദർഭങ്ങളിലും ചർച്ച ചെയ്യുന്ന, അതിപ്രധാനമായ ഇന്ത്യയിലെ വിദ്യാഭ്യാസക്രമത്തിന്റെ മാഗ്നാകാർട്ട എന്നു വിശേഷിക്കപ്പെടുന്നത് ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ടാണ്. ലോകത്തെ വിദ്യാഭ്യാസക്രമം മുഴുവൻ ചർച്ചചെയ്യുന്ന, ഇന്ത്യയുടെ വിദ്യാഭ്യാസക്രമത്തിന്റെ അടിസ്ഥാനനിഘണ്ടുവെന്ന് അറിയപ്പെടുന്ന ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസക്രമത്തിൽ മാറ്റം വരുത്താനാവശ്യമായ സമീപനം സ്വീകരിച്ച സന്ദർഭത്തിൽ കുറെയേറെ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ മന:ശാസ്ത്രത്തെക്കുറിച്ചും അടിസ്ഥാനപരമായ ഘടകങ്ങളെക്കുറിച്ചും ബോധനരീതികളെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്. അതെല്ലാം നിരാകരിച്ചുകൊണ്ട്, ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ എല്ലാഭാഗവും അതേപടി നിലനിർത്തണമെന്നുള്ള അഭിപ്രായമല്ല എനിക്കുള്ളത്. ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന അടിസ്ഥാന മാർഗ്ഗരേഖകളെ ലംഘിക്കുന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചത്. പാർലമെന്റിൽ വിശദമായി ചർച്ച ചെയ്തുകൊണ്ടല്ല നാഷണൽ എഡ്യൂക്കേഷൻ പോളിസി പാസ്സാക്കിയിട്ടുള്ളത്. ദേശീയതലത്തിൽ ബി.ജെ.പി-യുടെയും എൻ.ഡി.എ-യുടെയും എല്ലാ രീതിയിലുമുള്ള വിദ്യാഭ്യാസ മേഖലയിലെ കാവിവൽക്കരണ നീക്കത്തിനെതിരെ ശ്രദ്ധയോടുകൂടി, കരുതലോടുകൂടി നേതൃത്വം വഹിച്ച വ്യക്തിയാണ് നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ. പാർലമെന്റിൽ ചർച്ച ചെയ്യാതെ രാജ്യത്തിന്റെ വിദ്യാഭ്യാസ ക്രമത്തിന്റെമേൽ ഇതുപോലെയുള്ള നടപടികളെടുക്കുകയാണ്. കേരളത്തിലും ഇതുപോലെ ഗൗരവമായ ചർച്ച നടത്തിയിട്ടല്ല ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതെന്നുള്ളതും ഇതിന്റെകൂടെ ചേർത്തുവായിക്കേണ്ടതുണ്ട്. ഞാൻ നേരത്തെ പറഞ്ഞ വിഷയത്തിലേയ്ക്ക് തിരിച്ചുപോകുകയാണ്. ഖാദർ കമ്മിറ്റി സമഗ്രമായ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന പ്രധാന വാദഗതി ഞാൻ അടിവരയിട്ട് പറയുകയാണ്. അക്കാഡമിക് ഗുണനിലവാരം സംബന്ധിച്ചൊന്നും

ചൂണ്ടിക്കാണിക്കാതെ ഘടനാപരമായ മാറ്റത്തിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് എങ്ങനെയാണ് ഗുണമേന്മയുണ്ടാക്കാൻ കഴിയുന്നത്? ഗുണനിലവാരത്തെ സംബന്ധിച്ച മാർഗ്ഗരേഖകളൊന്നും ചർച്ച ചെയ്യാതെ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വിദ്യാഭ്യാസ മേഖലയിൽ ഗൗരവതരമായ ഗുണമേന്മയുണ്ടാകുമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ സാധിക്കുമോ? ഭാവിയിൽ ഖാദർ കമ്മിറ്റി അക്കാഡമിക് മേഖലയുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകുമ്പോൾ അത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് യോജിച്ചതല്ലെന്നാണ് കണ്ടെത്തുന്നതെങ്കിൽ ഇപ്പോൾ നടപ്പിലാക്കുന്ന ഘടനാപരമായ മാറ്റം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? ഇത് വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, അങ്ങ് അനർഗളമായി 10 മിനിട്ട് പ്രസംഗിച്ചുകഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, പ്രധാനപ്പെട്ട കാര്യത്തിലേയ്ക്ക് എത്തിയില്ല. പെട്ടെന്ന് അവസാനിപ്പിക്കാം.

മി. സ്പീക്കർ: പെട്ടെന്ന് അവസാനിപ്പിക്കണം.

Shri T. Siddiqu: Sir, It is a comprehensive report. It is intended for having the administrative approach. ആ റിപ്പോർട്ടിനെ സംബന്ധിച്ച നിങ്ങളുടെ സംസാരം ഇത്തരത്തിലായിരുന്നു. ഞങ്ങൾ ആ റിപ്പോർട്ട് വായിച്ചു. അതിൽ അക്കാഡമിക് ഡെവലപ്മെന്റിനെക്കുറിച്ച് യാതൊന്നും സൂചിപ്പിച്ചിട്ടില്ല. അതൊരു Comprehensive റിപ്പോർട്ടുമല്ല. സമഗ്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയെന്നാണ് ബില്ലിൽ പറയുന്നത്. ഭാഗികമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒരു നടപടി സ്വീകരിക്കാമോ? ഗ്രീക്ക് മിത്തോളജിയിൽ പ്രൊക്രൂസ്റ്റസിനെക്കുറിച്ച് പറയുന്നുണ്ട്. വയലാർ രാമവർമ്മ അത് കവിതയുമാക്കിയിട്ടുണ്ട്. പ്രൊക്രൂസ്റ്റസ് ഇരകളെ കട്ടിലിൽ കിടത്തിയാണ് അതിന്റെ അവസാനകാര്യം ചെയ്യാറുള്ളത്. ആളുകളുടെ നീളം കുറവാണെങ്കിൽ വലിച്ചുനീട്ടും. നീളം കൂടുതലാണെങ്കിൽ അടിച്ചുകുറയ്ക്കും. ഇതുപോലെ ബെയ്സ് ലെവലിൽ ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് കുറയ്ക്കാനുള്ളത് കുറയ്ക്കുകയും കൂട്ടാനുള്ളത് കൂട്ടുകയുമാണ് ചെയ്യുന്നത്. ഇതെന്ത് നടപടിയുടെ അടിസ്ഥാനത്തിലാണ്? ബില്ലിൽ വൈസ് പ്രിൻസിപ്പലിനെക്കുറിച്ച് സൂചിപ്പിച്ചു. പ്രിൻസിപ്പൽമാർ പുതുതായി വരികയാണ്. വയനാട്ടിൽ പാമ്പുകടിയേറ്റ് ഒരു കുട്ടി മരിച്ച അതിദാരുണമായ സംഭവമുണ്ടായി. അതിനെത്തുടർന്ന് ഹെഡ്മാസ്റ്ററെ സസ്പെൻഡ് ചെയ്തു. അതോടൊപ്പം അവിടത്തെ പ്രിൻസിപ്പലിനെയും സസ്പെൻഡ് ചെയ്തു. പ്രിൻസിപ്പലിനെന്താണ് ഇക്കാര്യത്തിൽ ഉത്തരവാദിത്വം? സർക്കാർ

നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രിൻസിപ്പലിന് ഉത്തരവാദിത്വമുണ്ടാകണമെങ്കിൽ, അത് കൃത്യതയോടുകൂടി അവരെ ബോദ്ധ്യപ്പെടുത്താൻപോലും നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അപ്പോൾ വിദ്യാഭ്യാസമേഖലയിൽ നിങ്ങൾ കൊണ്ടുവരുന്നത് അക്കാഡമിക് രംഗത്തിന് ഭൂഷണമല്ലാത്ത നടപടികളാണ്. ഹയർ സെക്കൻഡറി മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. അതിലൊന്ന് കുറേക്കാലമായി നിലനിൽക്കുന്ന സീനിയർ-ജൂനിയർ പ്രശ്നമാണ്. അത് പരിഹരിക്കാനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടില്ല. പി.ജി-യും നെറ്റ്-ഉം ബി.എഡ്-ഉം, എം.എഡ്-ഉം ഒക്കെ കഴിഞ്ഞ് ഹയർ സെക്കൻഡറിയിൽ പഠിപ്പിക്കുന്ന ഒരേ ക്വാളിഫിക്കേഷനുള്ള മിടുക്കരായ അദ്ധ്യാപകരെ ജൂനിയറും സീനിയറുമാക്കുകയാണ്. അവർക്ക് ലഭിക്കുന്ന ശമ്പളത്തിൽ വ്യത്യാസമുണ്ട്, പ്രിൻസിപ്പൽ ആകാൻ കഴിയില്ല, മുഖ്യ പരീക്ഷാ ചുമതലകൾ ഏറ്റെടുക്കാൻ സാധിക്കുന്നില്ല തുടങ്ങിയ സീനിയർ-ജൂനിയർ വ്യത്യാസം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ: യെസ്... യെസ്.. പ്ലീസ് കൺക്ലൂഡ്... അങ്ങ് പ്രൊക്രൂസ്റ്റസിനെ ഉദ്ധരിച്ചിട്ട് പിന്നെയും പ്രസംഗം നീട്ടിക്കൊണ്ടുപോകരുത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ടുമൂന്ന് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം.

മി. സ്പീക്കർ: രണ്ട് മിനിട്ട് അനുവദിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഈ പരിഷ്കരണം കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് ഗൗരവമായ ആഘാതമേൽപ്പിക്കുന്നതാണ്. ഹയർ സെക്കൻഡറി എന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ സ്റ്റെപ്പിംഗ് സ്റ്റോൺ ആണ്. കുട്ടികളെ പഠിപ്പിക്കുമ്പോൾ അതിനാധാരമായ അവരുടെ മനോഭാവം, വൈകാരികത, സമീപനം, മാനസിക നിലവാരം എന്നിവയെല്ലാം പ്രധാന ഘടകങ്ങളാണ്. പ്രീ-കെ.ജി. വിദ്യാർത്ഥികളുടെ കൂടെ ഹയർ സെക്കൻഡറിയെ കൂട്ടിചേർക്കുന്നതിലൂടെയുണ്ടാകുന്ന ആഘാതം ചെറുതാണോ? ഒരു കാര്യംകൂടി പരാമർശിക്കേണ്ടതുണ്ട്. 1986-ലെ യു.ഡി.എഫ്. മന്ത്രിസഭയിൽ ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു. അന്ന് കേരളത്തിൽ പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവന്നു. അതിനെതിരായി എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം.) എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സമരം നടന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉൾപ്പെടെയുള്ളവർ പങ്കാളികളായിരുന്ന സമരമായിരുന്നു. എന്തിനായിരുന്നു ആ സമരം നടത്തിയത്? കോളേജുകളിൽനിന്നും സ്കൂളിലേയ്ക്ക് പ്രീ-ഡിഗ്രി മാറ്റാൻ പറ്റില്ലെന്ന് പറഞ്ഞാണ് സമരം നടത്തിയത്. പ്രീ-ഡിഗ്രി ബോർഡ് വിരുദ്ധസമരമായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. പ്രീ-ഡിഗ്രി പരീക്ഷാ

ഹാളുകളിൽ ഗുണ്ടകൾ കയറി. പരീക്ഷാ കേന്ദ്രങ്ങളും മൂല്യനിർണ്ണയ കേന്ദ്രങ്ങളും അടിച്ചുതകർത്തു. കുട്ടികളുടെ ഉത്തരക്കടലാസ്സുകൾ വരെ ചുട്ടെരിക്കുന്ന സംഭവമുണ്ടായി. ആയിരക്കണക്കിന് കുട്ടികൾ സമരത്തിന്റെ വലിയ അപകടകരമായ സാഹചര്യത്തെ നേരിട്ടു. 1987-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അത് നടപ്പാക്കിയില്ല. പിന്നീട് 1998-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പ്ലസ്ടു നടപ്പിലാക്കി. എന്തിനെതിരെയാണോ സമരം ചെയ്തത് അത് നിങ്ങൾ പിന്നീട് നടപ്പിലാക്കി. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയ്ക്ക് എത്രകാലത്തെ നഷ്ടമാണുണ്ടായത്; അതുമാത്രമല്ല അന്ന് പ്രീ-ഡിഗ്രി ബോർഡിനെതിരെ സമരം ചെയ്തവർ ഇന്ന് സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ കൂടെ പ്ലസ് ടു-വിനെ ചേർക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, അങ്ങ് ദയവായി സഹകരിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വളരെ കരുതലോടെ നടപ്പിലാക്കേണ്ടതാണ്. അത് കേരളത്തിന്റെ വിദ്യാഭ്യാസക്രമത്തിന് യോജിച്ചതാണോയെന്ന് ഗൗരവമായി പരിശോധിക്കണം. ഹയർ സെക്കൻഡറിയും സെക്കൻഡറി വിദ്യാഭ്യാസവും അടിസ്ഥാനപരമായ പല ഘടകങ്ങൾകൊണ്ട് വിവക്ഷിക്കപ്പെട്ടതാണ്. അത് ഒന്നിച്ചുചേർക്കുന്നത് ഗൂഢലക്ഷ്യത്തോടെയാണ്. ഹയർ സെക്കൻഡറി മേഖലയിൽ ഇടതുപക്ഷ സംവിധാനങ്ങൾക്ക് മേൽക്കോയ്മയുണ്ടാക്കിയെടുക്കാൻ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെകൂടെ കൂട്ടിയോജിപ്പിക്കുന്നതുപിന്നിൽ ഒരു രാഷ്ട്രീയലക്ഷ്യമുണ്ടെന്ന കാര്യം മനസ്സിലാക്കണം. ഞാൻ വയനാട് ജില്ലയിൽനിന്നും വരുന്ന ജനപ്രതിനിധിയാണ്. വയനാട് ജില്ലയിൽ പത്താം ക്ലാസ്സ് പാസ്സായ 837 ട്രൈബൽ വിദ്യാർത്ഥികൾക്കും പ്ലസ് വൺ അഡ്മിഷൻ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. രണ്ട് എം.ആർ.എസ്-കളിൽ അഡീഷണൽ ബാച്ച് അനുവദിക്കാനുള്ള തീരുമാനമെടുത്തെന്ന് ഇന്നലെ നിയമസഭയിൽ പറയുകയുണ്ടായി. അവിടത്തെ 5 എം.ആർ.എസ്.-കളിലും അഡീഷണൽ ബാച്ചും സൗകര്യവും നൽകാനുള്ള തീരുമാനമെടുക്കണം. അടുത്ത ജില്ലകളായ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് കടക്കണമെങ്കിൽ ചുരമിറങ്ങിപ്പോകാതെ കുട്ടികൾക്ക് വേറെ യാത്രാമാർഗ്ഗമില്ല. വയനാട് ജില്ലയിൽത്തന്നെ എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ പ്ലസ് വൺ പ്രവേശന സാദ്ധ്യതകൾ ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

1.00 P.M.}

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ടി. സിദ്ദിഖ് ഒരുപാട് കാര്യങ്ങൾ പരാമർശിച്ച സ്ഥിതിക്ക് ഞാനത് ആവർത്തിക്കുന്നില്ല. 2009-ലെ മൻമോഹൻ സിംഗ് ഗവൺമെന്റ് ഇന്ത്യയിലെ സാധാരണക്കാരന്റെ മനസ്സ് തൊട്ടറിഞ്ഞ, സാധാരണക്കാരന് പ്രതീക്ഷ നൽകുന്ന ഗവൺമെന്റായിരുന്നു. ആ കാലയളവിലെ ഏറ്റവും മികച്ച പദ്ധതിയായിരുന്നു വിദ്യാഭ്യാസ അവകാശനിയമം. 6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടി സമർപ്പിക്കപ്പെട്ട വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ഇന്ത്യയിലെ സംസ്ഥാനങ്ങളോട് മികച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് അന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത്. കേരളത്തിലെ അദ്ധ്യാപക സംഘടനകളുമായൊന്നും ചർച്ച ചെയ്യാതെ സി.പി.ഐ.(എം.) അദ്ധ്യാപക സംഘടനയുമായി മാത്രം ആലോചിച്ചുകൊണ്ട് ചുരുങ്ങിയ കാലയളവിൽ സമർപ്പിക്കപ്പെട്ട ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഈ ഭേദഗതി ബിൽ ഇന്ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്നത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് കേരള എഡ്യൂക്കേഷൻ റൂളിൽ 128 ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കെ.എച്ച്.എസ്.ടി.യു. സംസ്ഥാന പ്രസിഡന്റ് ഈ സന്ദർഭത്തിൽ അതിനെ കോടതിയിൽ ചോദ്യം ചെയ്തു. കേരള എഡ്യൂക്കേഷൻ റൂളിലെ 128 ഭേദഗതികളും ആക്ടിന് വിരുദ്ധമാണെന്ന് കണ്ടെത്തുകയുണ്ടായി. അത് തിരുത്താനായി സർക്കാർ ചെയ്തിട്ടുള്ളത് 5 എക്സ്ട്രാഓർഡിനറി ഗസറ്റുകൾ 5 ദിവസംകൊണ്ട് ഇറക്കുകയെന്നതാണ്. മൈൻഡ് അപ്ലൈ ചെയ്യാതെ ലാഘവത്തോടുകൂടിയാണ് ഇത്തരം നിയമനിർമ്മാണങ്ങളും ഭേദഗതികളും സർക്കാർ നടത്തുന്നുവെന്നത് വ്യക്തമാകുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഒരു ഉദാഹരണം സൂചിപ്പിക്കാം. Section 9- Salary of teachers:- ഇതിൽ അദ്ധ്യാപകരുടെ ശമ്പളത്തെക്കുറിച്ച് പറയുന്നുണ്ട്, " 9. Salary of teachers, etc. and grants to aided schools.- (1) The Government shall pay the salary of all teachers in aided schools direct or through the Headmaster of the school." 9-ാം വകുപ്പിൽ 'ഹെഡ്മാസ്റ്റർ' എന്ന വാക്കിനുപകരം 'ഹെഡ്മാസ്റ്റർ അല്ലെങ്കിൽ വൈസ്-പ്രിൻസിപ്പൽ' എന്ന് ചേർക്കേണ്ടതാണ് എന്നുപറയുന്നുണ്ട്. കേരളത്തിലുള്ള എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലെയും പ്രിൻസിപ്പൽമാരുടെ

ശമ്പളം വാങ്ങിക്കൊടുക്കേണ്ടത് ഇവിടെയുള്ള ഹെഡ്മാസ്റ്റർമാരും വൈസ് പ്രിൻസിപ്പൽമാരുമാണെന്ന അവസ്ഥ വരുന്നു. സെക്രട്ടേറിയറ്റിലെ ചീഫ് സെക്രട്ടറിയുടെ ശമ്പളം ഡ്രോ ചെയ്യാനുള്ള അധികാരം അവിടെയുള്ള അണ്ടർ സെക്രട്ടറിക്ക് കൊടുക്കുന്നതുപോലെയാണിത്. വിദ്യാഭ്യാസ വകുപ്പിനെ ഉന്നതവിദ്യാഭ്യാസ വകുപ്പെന്നും പൊതുവിദ്യാഭ്യാസ വകുപ്പെന്നും രണ്ടായി വിഭജിച്ച് ഭരണം നടത്തുന്ന ഒരു സർക്കാരാണ് വിദ്യാഭ്യാസ വകുപ്പിനെ ഇത്തരത്തിൽ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് നയിക്കുന്നത്. സംയോജിത സംവിധാനത്തിലേയ്ക്ക് മാറ്റപ്പെടുന്ന 1 മുതൽ 12-ാം ക്ലാസ്സുവരെയുള്ള സ്കൂളുകളുടെ മേധാവി പ്രിൻസിപ്പലായിരിക്കും. എന്നാൽ കാസർഗോഡ് ജില്ലയിലെ 80 ശതമാനം സർക്കാർ സ്കൂളുകളിലും പ്രിൻസിപ്പൽമാരില്ല. അതിനാൽ ഈ വിദ്യാലയങ്ങൾ നാഥനില്ലാത്ത അവസ്ഥയിലായിരിക്കും. ഒരുപാടുവർഷം സർവ്വീസുള്ള, ഹെഡ്മാസ്റ്റർ തസ്തികയിൽ എത്തേണ്ട അദ്ധ്യാപകർക്ക് ഈ വിഷയത്തിൽ ആശങ്കയുണ്ട്. ഹെഡ്മാസ്റ്റർ തസ്തിക ഇല്ലാതാകുമെന്ന ആശങ്ക അവർ ഉന്നയിക്കുന്നുണ്ട്. ഹയർ സെക്കൻഡറി ക്ലാസ്സുകളുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ വൈസ് പ്രിൻസിപ്പൽമാരാകും; ഹയർ സെക്കൻഡറി ഇല്ലാത്ത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക തുടരും. ഇങ്ങനെ സമാന തസ്തികയിലുള്ളവർ വെവ്വേറെ പേരിൽ അറിയപ്പെടുന്നത് അനീതിയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് സഭയിൽ നടക്കുന്ന ചർച്ച കേരളത്തിലെ രക്ഷിതാക്കളും വിദ്യാർത്ഥികളും ആശങ്കയോടുകൂടി നോക്കിക്കാണുന്നുണ്ട്. ഇതുസംബന്ധിച്ച് നിയമസഭയിൽ അടിയന്തരപ്രമേയവും സബ്മിഷനും ശ്രദ്ധക്ഷണിക്കലുമൊക്കെയായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അവതരിപ്പിക്കപ്പെട്ടതാണ്. കോവിഡ് മഹാമാരിക്കുശേഷം വളരെ പ്രതീക്ഷയോടെ കേരളപ്പിറവി ദിനമായ നവംബർ 1-ന് കുട്ടികൾ വിദ്യാലയങ്ങളിലേയ്ക്ക് മടങ്ങിപ്പോകുമ്പോൾ വലിയൊരു പ്രതിസന്ധി നേരിടുകയാണ്. കേരള ചരിത്രത്തിലാദ്യമായി ഒരു ലക്ഷത്തിലധികം കുട്ടികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയിട്ടും അയ്യായിരത്തിലധികം കുട്ടികൾക്ക് ഇപ്പോഴും പ്ലസ് വണ്ണിന് സീറ്റ് ലഭ്യമായിട്ടില്ലെന്നതാണ് വിഷയം. ഒരുഭാഗത്ത് കുട്ടികൾ പ്ലസ്‌വണ്ണിന് സീറ്റില്ലാതെ പ്രയാസപ്പെടുന്ന അവസ്ഥ നിലനിൽക്കുമ്പോൾ മറുഭാഗത്ത് സ്കൂളുകൾ തുറക്കുമ്പോൾ അദ്ധ്യാപകരില്ലാത്ത പ്രയാസവും അനുഭവിക്കുകയാണ്. ഭീകരമായ അവസ്ഥ അനുഭവിക്കുന്നത് കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിപ്രദേശമായ മഞ്ചേശ്വരം, കാസർഗോഡ് നിയോജകമണ്ഡലങ്ങളുൾപ്പെടുന്ന കാസർഗോഡ് ജില്ലയുമാണ്. മഞ്ചേശ്വരം താലൂക്കുപരിധിയിൽ നിരവധി കുട്ടികൾ എസ്.എസ്.എൽ.സി. പഠനം കഴിഞ്ഞ് ഉന്നതപഠനത്തിന് സൗകര്യമില്ലാതെ പ്രയാസപ്പെടുകയാണ്. കോവിഡിനുശേഷം

കുട്ടികൾ വീണ്ടും സ്കൂളുകളിലേയ്ക്ക് പോകുമ്പോൾ  ഭാഷാ ന്യൂനപക്ഷമായ കുട്ടികൾ വലിയൊരു പ്രയാസം അനുഭവിക്കുന്നുണ്ട്. അതിർത്തിക്ക് തൊട്ടപ്പുറത്തുള്ള മംഗലാപുരത്ത് ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയും കേരളത്തിൽ പത്താംക്ലാസ്സ് കഴിഞ്ഞതിനുശേഷം മംഗലാപുരത്തെ ജൂനിയർ കോളേജിൽ PUC (Pre-University Course)-ക്ക്  പഠിക്കാൻ പോകുന്നവരുമായ കുട്ടികൾ മുഴുവനും ബുദ്ധിമുട്ടുകയാണ്.  കേന്ദ്ര ഗവൺമെന്റിന്റെയും കോടതിയുടെയും ഉത്തരവ് ലംഘിച്ചുകൊണ്ട് കർണ്ണാടക ഗവൺമെന്റ് മനുഷ്യത്വരഹിതമായി അതിർത്തി അടച്ച കാര്യം എല്ലാവർക്കുമറിയാം. ഇതിന്റെ പേരിൽ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുട്ടികൾ മംഗലാപുരത്തേയ്ക്ക് പഠിക്കാൻ പോകാൻ ഭയപ്പെടുകയാണ്. ആ കുട്ടികൾക്കുകൂടി ഇവിടെ അഡ്മിഷൻ നൽകേണ്ട അവസ്ഥയാണ്. പരമ്പരാഗതമായി മംഗലാപുരത്തെ ആശ്രയിച്ചിരുന്ന മഞ്ചേശ്വരത്തെയും കാസർഗോഡെയും കുട്ടികൾക്കുകൂടി കേരളത്തിൽ അഡ്മിഷൻ ലഭ്യമാക്കാനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വർഷങ്ങൾക്കുമുമ്പ് ഹയർ സെക്കൻഡറി അനുവദിക്കപ്പെട്ട കുഞ്ചത്തൂർ, ബങ്കരമഞ്ചേശ്വരം, ഉപ്പള, മംഗൽപാടി, ബേക്കൂർ, ഹേരൂർമീപ്പിരി, ഷിറിയ, പൈവെളിഗെ നഗർ, കുമ്പള, അംഗടിമുഗർ എന്നീ സ്കൂളുകളിൽ പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കണം. എന്റെ നിയോജമണ്ഡലത്തിന്റെ കവാടമായ മൊഗ്രാൽ ജി.എച്ച്.എസ്-ന് സയൻസ് ബാച്ച് അനുവദിക്കണമെന്ന ആവശ്യവും ഉന്നയിക്കുകയാണ്. അഡ്മിഷനുവേണ്ടി കുട്ടികൾ ക്യൂവിൽ നിൽക്കുകയാണ്. ഇതുവരെ പ്ലസ് ടു കോഴ്സ് ലഭ്യമാകാത്ത കേരളത്തിന്റെ അതിർത്തി പ്രദേശത്തുള്ള കടമ്പാർ, കൊടിയമ്മ, ഉദ്യാവർ, മൂടമ്പയിൽ, സൂരമ്പയിൽ എന്നീ സർക്കാർ ഹൈസ്കൂളുകൾക്ക് താത്കാലികമായി പുതിയ ബാച്ചുകൾ  ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വർത്തമാനകാല ഇന്ത്യയിൽ നരേന്ദ്രമോദി ഗവൺമെന്റ് വിദ്യാഭ്യാസ മേഖല കാവിവൽക്കരിക്കുമെന്ന കാര്യം നമുക്കൊക്കെ അറിയാം. ഭരണ-പ്രതിപക്ഷ ഭേദമെന്യെ എല്ലാ അംഗങ്ങളും അംഗീകരിക്കുന്ന ഒരു വസ്തുതയാണിത്.  രണ്ടുദിവസം മുമ്പ് ഇന്ത്യക്കാർക്ക് കേട്ടുകേൾവിയില്ലാത്ത രീതിയിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു ക്രിക്കറ്റ് കളി നടന്നപ്പോൾ ഇന്ത്യക്കാരനായ മുഹമ്മദ് ഷെമി  എന്ന ക്രിക്കറ്റർക്കെതിരെ ഇന്ത്യക്കാർ മുഴുവനും തലകുനിക്കുന്ന രീതിയിൽ നവമാധ്യമങ്ങളിൽ അധിക്ഷേപകരമായ ഒരു വാർത്ത വന്നു.  സച്ചിൻ ടെണ്ടുൽക്കറിനെപ്പോലെയും വീരേന്ദർ സെവാഗിനെപ്പോലെയുമുള്ള പ്രഗത്ഭരായ താരങ്ങൾ ആ താരത്തിന്റെ കൂടെനിന്ന് പിന്തുണച്ച് സംസാരിക്കുന്നതാണ് നാം കണ്ടത്.  മുഹമ്മദ് ഷെമി എന്ന ക്രിക്കറ്ററുടെ പേരാണ്

പ്രശ്നം, അദ്ദേഹത്തിന്റെ മതമാണ് പ്രശ്നം എന്ന രൂപത്തിലുള്ള ആക്ഷേപം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു കളി നടക്കുന്ന സമയത്ത് ഉയർന്നുവരുമ്പോൾ അത് ചിന്തിക്കേണ്ട ഒരു വിഷയമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർ.എസ്.എസ്. ഇവിടെ അവരുടേതായ സ്കൂളുകൾ തുടങ്ങാൻ പോകുകയാണ്, ചെറുപ്പത്തിൽത്തന്നെ കുട്ടികളുടെ മസ്തിഷ്കത്തിലേയ്ക്ക് വർഗ്ഗീയതയുടെ വിഷബീജം കുത്തിവയ്ക്കുകയാണ്; ഇതിനൊരു പര്യവസാനമുണ്ടാകേണ്ടതുണ്ട്. ഇന്ത്യയ്ക്ക് മതേതരമേഖലയിൽ മോഡലായ സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായ വിദ്യാഭ്യാസ പദ്ധതികളുണ്ടായിരുന്നു. വിദ്യാഭ്യാസഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ച നടക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങളാണ് വരുത്തേണ്ടത്. ഒന്നാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികളെ യോജിപ്പിക്കുന്നതിനുപകരം നാം ആലോചിക്കേണ്ടത് ഒന്നാം ക്ലാസ്സുമുതൽ അവർക്ക് ശുചിത്വം, മതേതരത്വം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ചുകൊടുക്കണമെന്നാണ്. മുഹമ്മദ് ഷെമി എന്ന ക്രിക്കറ്റർക്കെതിരെ വാർത്തവന്നുവെന്ന വിഷയം ഞാൻ അവതരിപ്പിക്കാൻ കാരണം, നവമാധ്യമങ്ങളിൽ അദ്ദേഹത്തിനെതിരെ ശക്തമായ ആക്രമണമുയരുന്ന സാഹചര്യമൊരുക്കിയത് ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ ആർ.എസ്.എസ്-ഉം ബി.ജെ.പി-യും കൊണ്ടുവന്ന വർഗ്ഗീയനീക്കത്തിന്റെ പരിണതഫലമാണെന്നും അതാണ് നമ്മളിവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും സൂചിപ്പിക്കാനാണ്. എന്റെ ജില്ലയായ കാസർഗോഡ് ഭാഷാന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തുള്ള സ്കൂളുകളുടെ ഒരു പട്ടികതന്നെ ബഹുമാന്യനായ മന്ത്രിയുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ആ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകണം. അതിർത്തി അടച്ചതിന്റെ പേരിൽ അതിഭീകരമായതും മനുഷ്യത്വരഹിതമായതുമായ പ്രവൃത്തിയുടെ ദുരന്തഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ, കാസർഗോഡ് ജില്ലയിലെ മേൽപ്പറഞ്ഞ സ്കൂളുകളിലെ നൂറുശതമാനം കുട്ടികൾക്കും പ്ലസ് വണ്ണിന് സീറ്റ് ലഭ്യമാക്കണമെന്നും ഞങ്ങളുടെ എല്ലാ സ്കൂളുകൾക്കും പ്രത്യേക ബാച്ച് അനുവദിച്ച് മഞ്ചേശ്വരം നിയോജകമണ്ഡലത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മലപ്പുറം ജില്ല അദ്ധ്യാപക ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഇപ്പോൾ എൽ.പി.എസ്.എ. റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട 548 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ചെയ്തിട്ടുള്ളത് ആയിരത്തോളം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മാത്രമാണ്. ഇനിയുമെത്രയോ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ഇപ്പോൾത്തന്നെ 250-ഓളം അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകുകയാണ്. അത്തരം ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യപ്പെടും. ഇതുകൂടി കണക്കിലെടുക്കുമ്പോൾത്തന്നെ ഏകദേശം 800 ഒഴിവുകളായിക്കഴിഞ്ഞിരിക്കുകയാണ്. ഈ കാലയളവിലൊന്നും അപ്പോയിന്റ്മെന്റ് അപ്രൂവൽ നടന്നിട്ടുമില്ല. ആ വേക്കൻസികളുമുണ്ടാകും. പോസ്റ്റ് ക്രിയേഷൻപോലും നിജപ്പെടുത്താത്ത സാഹചര്യത്തിൽ രണ്ടായിരത്തോളം ഒഴിവുകൾ മലപ്പുറം ജില്ലയിൽത്തന്നെ വരാനുണ്ട്. എന്നിട്ടും പി.എസ്.സി. റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആയിരത്തോളം ഉദ്യോഗാർത്ഥികളെ മാത്രമാണ്. അതുകൊണ്ട് പി.എസ്.സി. റാങ്ക്ലിസ്റ്റ് വിപുലീകരിക്കണം എന്നൊരഭിപ്രായം പൊതുവായി ഉയർന്നുവരുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വിദ്യാലയങ്ങൾ തുറക്കുന്ന ഘട്ടത്തിൽ, അദ്ധ്യാപകക്ഷാമം അനുഭവിക്കുന്ന വിഷയം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഗൗരവത്തിലെടുക്കേണ്ടതാണ്. ബഹുമാന്യനായ അംഗം സൂചിപ്പിച്ച കാര്യം സബ്മിഷനിലൂടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉറപ്പുതരികയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ താല്ക്കാലികമായി നിയമിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ച കാര്യവും ഞാൻ സന്തോഷപൂർവ്വം ഓർക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട അംഗവും ഞാനും കാസർഗോഡ്, മഞ്ചേശ്വരം എന്നീ നിയോജകമണ്ഡലങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ രണ്ട് നിയോജകമണ്ഡലങ്ങളിലും മലയാളം മീഡിയം ഇല്ലാത്ത ഹൈസ്കൂളുകൾ ഉണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റൊന്ന്, പ്ലസ് വണ്ണിന് സീറ്റ് ലഭിക്കാത്ത ദുരിതത്തെക്കുറിച്ച് അങ്ങ് വ്യക്തമായി വിശദീകരിച്ചു. അതിനെക്കാളും വലിയ ദുരിതം, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ തിരുത്തലിനുവേണ്ടി പല കുട്ടികളുടെയും രക്ഷിതാക്കൾ എം.എൽ.എ-മാരുടെ കയ്യിൽ ഏല്പിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ-മാർ അനുഭവിക്കുന്ന ദുരിതമാണിത്. പരീക്ഷാഭവനിൽ അത് സബ്മിറ്റ് ചെയ്താൽ എത്രകാലമാണ് വേണ്ടിവരുന്നതെന്ന് അങ്ങേയ്ക്കറിയാമോ; പ്ലസ് വൺ സീറ്റ് എന്നത് ഒരു കിട്ടാക്കനിയാണ്. ഒരു കുട്ടിക്ക് പ്ലസ് വണ്ണിന് സീറ്റ് നൽകാമെന്ന് ഒരു എയ്ഡഡ് സ്കൂൾ സമ്മതിച്ചു. പക്ഷേ, തടസ്സമെന്ന് പറയുന്നത് ആ കുട്ടി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത് കേരള സിലബസ് അനുസരിച്ചല്ല എന്നതാണ്. ഏതോ വിദേശരാജ്യത്തെ സിലബസാണ്. അതിനൊരു തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ എസ്.സി.ഇ.ആർ.ടി-യിൽ സെപ്റ്റംബർ മാസത്തിൽ സമർപ്പിച്ചതാണ്. അക്കാര്യത്തിൽ ഇതുവരെയും

തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ഓരോ സബ്ജക്ടും പരിശോധിക്കാൻ ഓരോ അദ്ധ്യാപകർ വേണം, അതിനൊരു കമ്മിറ്റിയും കൂടണം. ഈ കടമ്പകളെല്ലാം എളുപ്പത്തിൽ പരിഹരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ച വിഷയം എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്നതാണ്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലുമായി ബന്ധപ്പെട്ട് മാസങ്ങളോളം കാത്തുനിൽക്കേണ്ടിവരുന്നു. പ്രവാസികൾ തിങ്ങിപ്പാർക്കുന്ന ജില്ലയെന്ന നിലയ്ക്ക് ചെറിയ തിരുത്തലിനുവേണ്ടി കാത്തിരുന്ന് വിസ നഷ്ടപ്പെടുന്ന അനുഭവങ്ങൾ നമുക്ക് പങ്കുവയ്ക്കാൻ കഴിയും. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തൽ വളരെ എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന കാര്യമാണ്, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കേരളാതിർത്തിയിൽ മലയാളഭാഷയ്ക്ക് പ്രോത്സാഹനവും പ്രചരണപ്രവർത്തനങ്ങളും നടത്തുകയാണ്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വോർക്കാടി പഞ്ചായത്ത് കന്നട ഭൂരിപക്ഷ പ്രദേശമാണെങ്കിലും അവിടെ മലയാളം സ്കൂളില്ലായെന്നത് വർഷങ്ങളായി മുൻകാല എം.എൽ.എ-മാരടക്കം ഉന്നയിച്ചിരുന്ന വിഷയമാണ്. ഈ നിയമസഭയിൽത്തന്നെ ശ്രദ്ധക്ഷണിക്കലിലൂടെ തുല്യതാ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിഷയം ഞാൻ ഉന്നയിച്ചതാണ്. മംഗലാപുരത്ത് Allied Health Sciences Courses പഠിക്കുന്ന കുട്ടികൾക്ക് വിദേശരാജ്യങ്ങളിൽ പോകാൻ കഴിയാത്ത സ്ഥിതിവിശേഷം 140 എം.എൽ.എ-മാർക്കും അറിയാവുന്നതാണ്. അത് പഠിച്ചതിനുശേഷം പി.എസ്.സി. മുഖേന സർവ്വീസിൽ കയറാൻ കഴിയുന്നില്ല. സെപ്റ്റംബർ മാസത്തോടുകൂടി കൗൺസിൽ രൂപീകരിച്ച് അവരുടെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രസ്താവിച്ചതാണ്. ആ വിശ്വാസത്തോടുകൂടി അവരിപ്പോഴും കാത്തുനിൽക്കുകയാണ്. അക്കാര്യത്തിൽ എത്രയുംപെട്ടെന്നുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മഞ്ചേശ്വരത്തും കാസർഗോഡും പ്ലസ് വണ്ണിന് പുതിയ ബാച്ചുകൾ അനുവദിക്കണമെന്നും അദ്ധ്യാപകക്ഷാമം പരിഹരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇതുകൂടാതെ അനാഥാലയങ്ങൾ നടത്തുന്ന ഏതാനും സ്കൂളുകളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അൺഎയ്ഡഡ് ആണെങ്കിലും മുഹിമാത്ത് എഡ്യൂക്കേഷൻ ട്രസ്റ്റ് നടത്തുന്ന മുഹിമാത്ത് സ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായ 200-ഓളം കുട്ടികൾക്ക് പ്രത്യേക ബാച്ച് അനുവദിക്കണമെന്ന അഭ്യർത്ഥനകൂടി സമർപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആന്റണി ജോൺ: സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 30.10.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന വിദ്യാഭ്യാസ മേഖല ഓരോ മലയാളിയെ സംബന്ധിച്ചും അഭിമാനാർഹമായ കാര്യമാണ്. വിദ്യാഭ്യാസ പരിഷ്കരണത്തിനപ്പുറം കേരളത്തിലെ വിദ്യാഭ്യാസ മേഖല കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി അത്തരമൊരു പരിഷ്കരണത്തിന് വിധേയമായതുകൊണ്ടാണ് സംസ്ഥാനത്തെ വിദ്യാഭ്യാസവും വിദ്യാഭ്യാസ സംവിധാനങ്ങളും രാജ്യത്തിനാകെ മാതൃകയായതും ലോകോത്തരമായി ഇപ്പോഴും നിലകൊള്ളുന്നതും. എല്ലാ പരിഷ്കാരങ്ങളും അതത് കാലത്തെ വിദ്യാഭ്യാസ രീതികളെ സമഗ്ര പഠനത്തിന് വിധേയമാക്കിയതിനുശേഷം ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെ നടപ്പാക്കലിലൂടെ ആർജ്ജിച്ചെടുത്തതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉളവാക്കുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം വികസിപ്പിച്ചെടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലം മുതൽതന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഒന്നാം ക്ലാസ്സിൽ ചേരുന്ന ഏകദേശം എല്ലാ കുട്ടികളും 12-ാം ക്ലാസ്സുവരെ തുടരുന്ന ഒരു സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ദേശീയതലത്തിൽനിന്നും വ്യത്യസ്തമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകേണ്ടത്. സ്കൂളുകളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും തുല്യപരിഗണനയും അവസരവും നൽകി പഠിക്കാനും വളരാനുമുള്ള സാഹചര്യം ഒരുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനായി നിലനിൽക്കുന്ന സംവിധാനത്തിൽ മാറ്റങ്ങൾ അനിവാര്യമാണ് എന്നതാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്ന ആശയം. കേരളീയ പൊതുസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ അതിപ്രധാനമായ ഘടകമാണ് സ്കൂൾ വിദ്യാഭ്യാസം. സാമൂഹ്യനീതി, പുരോഗമന കാഴ്ചപ്പാടോടെയുള്ള ജനാധിപത്യം, സെക്കുലർ മനോഭാവം എന്നിവയുടെ വികസനത്തിനായി നിലകൊള്ളാൻ സമൂഹത്തെ പ്രാപ്തമാക്കുന്നതിൽ സ്കൂൾവിദ്യാഭ്യാസം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. സമൂഹത്തിനുണ്ടായ മാറ്റങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തെയും സ്കൂൾ വിദ്യാഭ്യാസത്തിലുണ്ടായ വളർച്ച സാമൂഹ്യപരിവർത്തനത്തെയും സ്വാധീനിച്ചിട്ടുണ്ട്. മുഖ്യധാരയിൽനിന്ന് പലകാരണങ്ങളാൽ അടർത്തിമാറ്റിയതും എടുത്തെറിയപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെടുന്നതുമായ അവസ്ഥയ്ക്ക് മാറ്റംവരുത്തി എല്ലാവർക്കും ഇടമുള്ള തുല്യഅവസരവും അവകാശവും അംഗീകരിക്കപ്പെടുന്ന ലോകക്രമത്തിനായുള്ള നിലപാട് കേരളീയ വിദ്യാഭ്യാസ

വികസനത്തിൽ അന്തർലീനമാണ്. വ്യക്തിപരവും വിഭാഗീയവുമായ ചിന്തകൾക്കതീതമായി സന്തുലിത വികസനത്തിന് പ്രാമുഖ്യംനൽകുന്ന മാനവസമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ കേരളീയ വിദ്യാഭ്യാസത്തിന്റെ ഇന്നലെകളിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമൂഹ്യപുരോഗതിയുടെ ഭാഗമായാണ് വിദ്യാഭ്യാസരംഗം വളർന്നുവന്നത്. ഇതുസംബന്ധിച്ച് പല പുതിയ ധാരണകളും ഇപ്പോൾ വികസിക്കുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ വർഷങ്ങളിലുണ്ടായ മികച്ച മുന്നേറ്റം കേരളീയ വിദ്യാഭ്യാസ വികാസചരിത്രത്തിൽ ഒട്ടേറെ അനന്യമായ അനുഭവങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ കുറച്ചുവർഷങ്ങൾകൊണ്ടുതന്നെ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ നിർവ്വചനം എന്നത് മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നുള്ളതാണ്. വിദ്യാഭ്യാസം എന്നതുകൊണ്ട് ലക്ഷ്യംവയ്ക്കുന്നതും കുട്ടിയുടെ സമഗ്രവളർച്ചയാണ്. കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് ഉതകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതുതന്നെയാണ്. വിദ്യാഭ്യാസ മേഖലയോടുള്ള ഈ സർക്കാരിന്റെ നയസമീപനങ്ങളെയും ആ നിലയിൽത്തന്നെയാണ് കാണേണ്ടത്. വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന ഓരോ രൂപയും ഭാവിയിലേയ്ക്കുള്ള നിക്ഷേപമാണെന്ന് കണ്ടുകൊണ്ടുതന്നെയാണ് ഇത്തരം ഇടപെടലുകൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. നീതി ആയോഗ് നടത്തിയിട്ടുള്ള ഗുണനിലവാര പഠനത്തിൽ തുടർച്ചയായി ഒന്നാംസ്ഥാനം കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത് അക്കാദമിക് രംഗത്തെ മുന്നേറ്റത്തിനുള്ള അംഗീകാരമായി കാണാം. സർക്കാർ മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിന്റെ പൊതുസമൂഹം ഏറ്റെടുത്തുവെന്നുള്ളതിന്റെ തെളിവാണ് പൊതുവിദ്യാലയങ്ങളിലെത്തിച്ചേരുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്. അക്കാദമിക് നിലവാരത്തിലും വലിയ മുന്നേറ്റം കൊണ്ടുവരാൻ സാധിച്ചു. അതോടൊപ്പം സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് ഗുണകരമായ തരത്തിലുള്ള പരിഷ്കാരങ്ങൾ വരുമ്പോൾ അതിനെ കേവലം രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുമാത്രം എതിർക്കുന്ന നിലയിലേയ്ക്ക് ഉത്തരവാദപ്പെട്ട പ്രതിപക്ഷം മാറരുതെന്നാണ് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സ്വപ്നതുല്യമായ വിജയത്തിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നുള്ളത് ഇന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പൊതുവിദ്യാഭ്യാസത്തെ ഒരു കുടക്കീഴിലാക്കണമെന്നുള്ളത് ഇടതുപക്ഷ സർക്കാരും പൊതുസമൂഹവും ഏറെക്കാലമായി ആഗ്രഹിക്കുന്ന ഒന്നാണ്. യു.ഡി.എഫ്. ഈ മേഖലയെ കൈകാര്യം ചെയ്തിരുന്നകാലത്ത് വിദ്യാഭ്യാസ മേഖലയെ വിശേഷിപ്പിച്ചിരുന്നത് ഈജിയൻ തൊഴുത്ത് എന്നാണെന്ന കാര്യം പ്രത്യേകം

ഓർക്കേണ്ടതുണ്ട്. ഈ തൊഴുത്ത് വൃത്തിയാക്കാൻ ജനങ്ങൾ ഏൽപ്പിച്ച ഇടതുപക്ഷ സർക്കാരാണിത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്തും വീണ്ടും ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ള ഘട്ടത്തിലും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നു. ഞങ്ങളെല്ലാം വിദ്യാർത്ഥി സംഘടനാരംഗത്ത് പ്രവർത്തിച്ചുവന്നവരാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് തെറ്റായ ചില സമീപനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. പരീക്ഷകൾപോലും കൃത്യമായി നടത്താതെ കേരളത്തിലെ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ആശങ്കയിലാഴ്ത്തിയ ഒരു കാലമായിരുന്നു അത്. അദ്ധ്യാപക സ്ഥലംമാറ്റത്തിലും പുസ്തകവിതരണത്തിലും യൂണിഫോം വിതരണത്തിലും ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിക്കുന്നതിലും അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിലും എച്ച്.എസ്.എ. നിയമനത്തിലും തുടങ്ങി സകലമേഖലകളിലും അഴിമതി നടത്തുന്ന സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പ്ലസ് ടു കോഴയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് ഒട്ടേറെ ചർച്ചകൾ ഇവിടെ നടത്തിയിട്ടുണ്ട്. പ്ലസ് ടുവിന്റെ പേരിൽ കോഴ വാങ്ങുകയും കോഴപ്പണമുപയോഗിച്ച് ഇഞ്ചികൃഷി നടത്തി കോടീശ്വരരായവരെയും സമൂഹത്തിൽ കണ്ടിട്ടുണ്ട്. അങ്ങനെ അഴിമതിയുടെ നാറുന്ന കഥകൾ മാത്രം പത്രത്താളുകളിൽ ഇടംപിടിച്ച ഒരു കാലമായിരുന്നില്ലേ അത്? എന്നാൽ, കേരളത്തിൽ മികച്ച മാറ്റംകൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അദ്ധ്യാപക മേഖലയിൽ പുതിയ നിയമനങ്ങളുണ്ടായിരുന്നില്ല. എല്ലാ വർഷവും പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞുകൊണ്ടിരുന്നു. അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുമെന്ന ഭീതി അക്കാലത്ത് നിലനിന്നിരുന്നു. സ്കൂൾ മാനേജർമാർക്കും ഭൂമാഫിയയ്ക്കും വഴങ്ങി സ്കൂളുകൾ അടച്ചുപൂട്ടുന്ന സമീപനം സ്വീകരിച്ചു. പരീക്ഷാഫല പ്രഖ്യാപനംപോലും യഥാസമയം നടത്താൻ കഴിയാത്ത അവസ്ഥയിലായിരുന്നു. സർക്കാരിന്റെ നയംമൂലം തന്റെ വിദ്യാഭ്യാസ മോഹങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടേണ്ടി വന്നപ്പോൾ എത്ര കുട്ടികളാണ് യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിൽ ആത്മഹത്യ ചെയ്തതെന്ന് നമ്മൾ മനസ്സിലാക്കണം. വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന നാടായി കേരളം മാറിയത് യു.ഡി.എഫ്. കേരളം ഭരിക്കുമ്പോഴാണ്. രജനി എസ്. ആനന്ദും ഫാസിലയും അമ്പാടിയും വേളാങ്കണ്ണിയുമുൾപ്പെടെ നിരവധി വിദ്യാർത്ഥികൾ വിദ്യാഭ്യാസമോഹങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടേണ്ടി വന്നപ്പോൾ ആത്മഹത്യയെ അഭയംപ്രാപിച്ചവരാണ്. പൊതുവിദ്യാഭ്യാസമേഖല ഈജിയൻ തൊഴുത്താണെന്നുള്ളത് ഭരണകക്ഷിയിൽപ്പെട്ടവർക്കും അവരുടെ പത്രത്താളുകളിലും തുറന്നെഴുതേണ്ടി വന്നു. ഇതെല്ലാം പഴങ്കഥയായി മാറിയെന്നുമാത്രമല്ല, രക്ഷപ്പെടില്ലെന്ന് കരുതിയിരുന്നവർപോലും പൊതുവിദ്യാഭ്യാസമേഖലയിൽ വലിയ മുന്നേറ്റമുണ്ടായെന്ന് തുറന്നുസമ്മതിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ

എത്തിയിരിക്കുകയാണ്. സി.ബി.എസ്.ഇ., അൺ എയ്ഡഡ് ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിൽ പഠിക്കുന്നവർപോലും കുട്ടികളെ അവിടെനിന്നും മാറ്റി പൊതുവിദ്യാലയങ്ങളിലേയ്ക്ക് അയയ്ക്കുന്ന സമൂലമായ മാറ്റം കേരളത്തിൽ സംഭവിച്ചിരിക്കുന്നു. കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് മാത്രമെ അയയ്ക്കുകയുള്ളൂവെന്ന് രക്ഷിതാക്കൾ ഒറ്റക്കെട്ടായി പറഞ്ഞുതുടങ്ങിയ കാലം വന്നുചേർന്നിരിക്കുന്നു. ഇത് പൊതുവിദ്യാഭ്യാസ മേഖലയുടെ വസന്തകാലമാണെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നു. പൊതുവിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളെ രാഷ്ട്രീയമായി ആരുടെയൊക്കെയോ താൽപ്പര്യം സംരക്ഷിക്കാനും അതുവഴി ഈ മേഖലയെ ദുർബ്ബലപ്പെടുത്താനും ശ്രമിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് മനസ്സിലാകുന്നില്ല. എക്കാലവും പൊതുവിദ്യാഭ്യാസ മേഖലയെ കച്ചവടച്ചരക്കാക്കി മാറ്റാൻ ശ്രമിച്ചവരെല്ലാം ഒത്തുചേരുന്ന കാഴ്ചയും കാണാൻ സാധിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസമേഖലയുടെ വളർച്ച അവരെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. ഈ പരിഷ്കരണം എങ്ങനെയാണ് വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെ ബാധിക്കുന്നത്? പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പഠനം സ്കൂളിന്റെ ഭാഗമാക്കി മാറ്റണമെന്ന് 1964-1966-ൽ പ്രവർത്തിച്ച കോത്താരി കമ്മീഷനുൾപ്പെടെ വ്യക്തമായി പറയുന്നുണ്ട്. ദേശീയ വിദ്യാഭ്യാസനയത്തിലും ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ ഒറ്റ യൂണിറ്റാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1986-ലെ ദേശീയ വിദ്യാഭ്യാസ നയവും ആ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം ഓഫ് ആക്ഷൻ നിശ്ചയിച്ച ആചാര്യ രാമമൂർത്തി കമ്മീഷനും ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾ സ്കൂളിന്റെ ഭാഗമാകണമെന്നുതന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേരളത്തിൽ ഘടനാപരമായ മാറ്റം വരുമ്പോൾ പാഠപുസ്തകത്തിലോ സിലബസ്സിലോ സ്കൂളിന്റെ സമയക്രമത്തിലോ ഒരു മാറ്റവുമുണ്ടാകുന്നില്ല. എന്നുമാത്രമല്ല, സ്ഥാപനമേധാവി ഒരാളാകുന്നുവെന്ന പ്രത്യേകത മാത്രമാണുള്ളത്. പിന്നെങ്ങനെയാണ് നിലവാരത്തകർച്ചയുണ്ടാകുന്നത്? നിലവിൽ രണ്ട് അധികാരകേന്ദ്രങ്ങളുണ്ടായതിനെത്തുടർന്നുള്ള ബുദ്ധിമുട്ടുകൾ അവസാനിക്കുകയും സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടുകയും ചെയ്യുമ്പോൾ അക്കാദമിക് നിലവാരമുയരുകയാണ് ചെയ്യുക. നിലവിലുള്ള ദേശീയ നയത്തിന്റെയും 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പശ്ചാത്തലത്തിൽ പൊതുസമൂഹത്തിന്റെയും അക്കാദമിക് വിദഗ്ദ്ധരുടെയുമുൾപ്പെടെ അഭിപ്രായം ഇതുതന്നെയാണ്. പൊതുവിദ്യാഭ്യാസ മേഖലയെ ഉന്നതിയിലേയ്ക്കെത്തിച്ച സർക്കാരിൽനിന്നും വിദ്യാഭ്യാസ മേഖലയ്ക്ക് ദോഷകരമായ ഒരു പ്രവൃത്തിയുമുണ്ടാകുമെന്ന് ആരും കരുതുന്നില്ല. രാഷ്ട്രീയ പ്രേരിതമായി അപവാദ പ്രചരണങ്ങൾ നടത്തി ഈ മേഖലയെ ദുർബ്ബലപ്പെടുത്തുന്നതിനുപകരം അതിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ക്രിയാത്മകമായ പിന്തുണയും

നിർദ്ദേശങ്ങളുമാണ് ഈ വേളയിൽ പ്രതിപക്ഷം നൽകേണ്ടതെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടിലൂന്നിനിന്നുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ മതനിരപേക്ഷകമൂല്യം ഉളവാക്കുന്നതുമായ ജനകീയ വിദ്യാഭ്യാസ നയം നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ തീരുമാനം. ഇതിന്റെ ഭാഗമായി പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറിതലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ഗവൺമെന്റ് ഒരാവശ്യം ഉന്നയിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 19-10-2017-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡോ. എം. എ. ഖാദർ ചെയർമാനായും ശ്രീ. ജി. ജ്യോതി ചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവരുമടങ്ങിയ വിദഗ്ദ്ധസമിതിയെ രൂപീകരിച്ചു. ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് കേരളം മികവിന്റെ ഉന്നതിയിലെത്തി നിൽക്കുന്ന ഒരു സാഹചര്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വലിയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ കേരളത്തിന് കഴിഞ്ഞു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നാൽപ്പത്തി അയ്യായിരത്തിലേറെ ക്ലാസ്സ്മുറികളെ ഹൈടെക്കാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്നുനാല് വർഷമായി കേരളം ഒന്നാമത് എത്തിയിരിക്കുന്നു. മികച്ച സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് അംഗീകാരം ലഭിക്കുകയാണ്. അത് കേവലം യാദൃശ്ചികസംഭവമല്ല. അതിന് അതിന്റേതായ ചരിത്രപശ്ചാത്തലമുണ്ട്. കേരള സംസ്ഥാന ചരിത്രത്തിലേയ്ക്ക് കടന്നാൽ അതിനുള്ള നിരവധി ഉദാഹരണങ്ങളുണ്ട്. വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റത്തിന് 1957-ലെ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് മുതൽ ഇപ്പോഴത്തെ സർക്കാർ വരെ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. അതിനുമുമ്പ് മലബാർ മേഖലയിൽ മലബാർ ഡിസ്ട്രിക് ബോർഡാണ് പൊതുവിദ്യാഭ്യാസ സംരക്ഷണമെന്നനിലയ്ക്ക് വ്യാപകമായി ഏകാദ്ധ്യാപക വിദ്യാലയവും വിദ്യാലയങ്ങളും ആരംഭിക്കുന്ന സമീപനം കൈക്കൊണ്ടിരുന്നത്. ഇടതുപക്ഷ മനസ്സ് ഇത്തരം പരിഷ്കരണങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിന് വലിയ സഹായമാണ് ചെയ്തിരുന്നത്. മാത്രവുമല്ല ജനകീയമായി വലിയ കൂട്ടായ്മകളും അതിന്റെ ഭാഗമായി രൂപപ്പെട്ടിരുന്നു. ലൈബ്രറി പ്രസ്ഥാനങ്ങൾ, അക്ഷര വെളിച്ചത്തിലൂടെ സ്വന്തം മക്കളെ വിദ്യ

അഭ്യസിപ്പിക്കാനുള്ള കൂട്ടായ്മകൾ എന്നിവയെല്ലാം ഉയർത്തിക്കൊണ്ടുവന്നിരുന്നു. ഇടതുപക്ഷ സർക്കാരുകൾ വിദ്യാലയങ്ങളുടെ വാതിലുകൾ തുറന്നിട്ട് അതിനുള്ള സൗകര്യങ്ങളൊരുക്കി. പഴഞ്ചൻ ചിന്താഗതികളെ വിലവയ്ക്കാതെ കുട്ടികളുടെ കയ്യുംപിടിച്ച് വിദ്യാലയങ്ങളിലേയ്ക്ക് നടന്നെത്തുന്ന രക്ഷിതാക്കളെ, പ്രത്യേകിച്ച് അമ്മമാരെ നമുക്ക് കാണാൻ കഴിയുന്ന രീതിയിലേയ്ക്ക് കേരളം മാറി. ഇപ്പോഴത്തെ സർക്കാർ അതിനെ ബഹുദൂരം മുന്നിലെത്തിക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സമൂലമായ മാറ്റമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആ മാറ്റം ദൃശ്യമാണ്. വിദ്യാഭ്യാസ പരിഷ്കരണത്തിനപ്പുറം കേരളത്തിലെ വിദ്യാഭ്യാസമേഖല കാലാനുസൃതമായ പരിഷ്കരണങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി അത്തരം ഒരു പരിഷ്കരണത്തിന് വിധേയമായതുകൊണ്ടാണ് സംസ്ഥാനത്തെ വിദ്യാഭ്യാസവും വിദ്യാഭ്യാസ സംവിധാനവും രാജ്യത്തിനാകെ മാതൃകയാകുന്നത്. ലോകോത്തരമായ എല്ലാ പരിഷ്കരണങ്ങളും അതത് കാലത്തെ വിദ്യാഭ്യാസരീതികളെ സമഗ്രമായ പഠനത്തിന് വിധേയമാക്കിയതിനുശേഷം ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിലൂടെ ആർജ്ജിച്ചെടുത്തതാണ് ഈ മുന്നേറ്റം. അതിനിടയിൽ പിന്തിരിപ്പൻ പരിഷ്കരണ ശ്രമങ്ങളുണ്ടായപ്പോൾ ചെറുത്തുനിൽപ്പിലൂടെ തോൽപ്പിച്ച ചരിത്രവും കേരളത്തിനുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ശ്രീ. ടി. സിദ്ദിഖ് പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചത് ദേശീയ വിദ്യാഭ്യാസത്തിന്റെയും കേരള വിദ്യാഭ്യാസത്തിന്റെയും അടിത്തറ അല്ലെങ്കിൽ മാഗ്നാക്കാർട്ട എന്ന് വിശേഷിപ്പിക്കാവുന്നത് ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ടാണെന്നാണ്. ഉദ്ദേശം പതിനാല് കോടി രൂപ നികുതിപ്പണത്തിൽനിന്ന് ചെലവഴിച്ച് കേന്ദ്ര സർക്കാർ രൂപീകരിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ട് കോൾഡ് സ്റ്റോറേജിൽ വച്ചുപൂട്ടിയതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട പാർട്ടി ഏതാണ്? അര നൂറ്റാണ്ടുകാലം ഇന്ത്യ ഭരിച്ച പാരമ്പര്യമുള്ള പ്രസ്ഥാനങ്ങൾക്ക് അവകാശപ്പെട്ടതല്ലേ അത്? ദേശീയ വിദ്യാഭ്യാസത്തിന്റെ മാഗ്നാക്കാർട്ടയായി പതിനാല് കോടി രൂപ ചെലഴിച്ച് 167 സിറ്റിംഗുകൾ നടത്തി ഒരുപക്ഷേ കേരള നിയമസഭയിലും രണ്ടോ മൂന്നോ തവണ സിറ്റിംഗ് നടത്തിയിട്ടുള്ള നിയമസഭാ സാമാജികർക്ക് മുമ്പിൽ എത്തിയിട്ടുള്ളതാണ് കോത്താരി കമ്മീഷൻ റിപ്പോർട്ട്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്തഭാഗം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജനങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന പൊതുഭാഷയിലധിഷ്ഠിതമായ വിദ്യാഭ്യാസം എന്നിവയാണ്.

ഈ നയങ്ങളിൽനിന്ന് വ്യതിചലിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യയിൽ കൊണ്ടുവന്നത് ആരാണ്? രാജീവ് ഗാന്ധിയുടെ ഭരണകാലത്ത് കൊണ്ടുവന്ന 'ന്യൂ എഡ്യൂക്കേഷൻ പോളിസി'യിലൂടെ വരേണ്യവത്കൃത വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ ഉദ്ഘാടനം ചെയ്യുവെന്നാണ് വിദ്യാഭ്യാസ വിചക്ഷണൻമാർ പറയുന്നത്. ഇ. കെ. നായനാർ ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ സാർവ്വത്രിക അക്ഷരാഭ്യാസത്തിനുള്ള സജീവപരിശ്രമമുണ്ടായി. 'Pedagogy of the Oppressed', മർദ്ദിതരുടെ ബോധനശാസ്ത്രം - Paulo Freire-ന്റെ ആ ധാരണയിൽ നിന്നുകൊണ്ട് മർദ്ദിതരുടെ ബോധനശാസ്ത്രവുമായി ബന്ധപ്പെട്ട് എങ്ങനെ വിദ്യാഭ്യാസ സമ്പ്രദായത്തെ അഴിച്ചുപണിയാമെന്നല്ല, മറിച്ച് അതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ അക്ഷരമറിയാത്ത മുഴുവൻ ജനങ്ങൾക്കും അക്ഷരം പകർന്നുകൊടുക്കുന്നതിനുള്ള സാക്ഷരതാ പദ്ധതിപോലെയുള്ള ജനകീയ വിദ്യാഭ്യാസ പ്രോഗ്രാമുകൾ ഇടതുപക്ഷ ഗവൺമെന്റ് പ്ലാൻ ചെയ്യുകയാണുണ്ടായത്. അതിനെത്തുടർന്ന് കേരളത്തിൽ ആസൂത്രണം ചെയ്ത എല്ലാ പരിഷ്കാരങ്ങൾക്കും അടിത്തറയായിട്ടുള്ള ഈ വിദ്യാഭ്യാസ പരിഷ്കാരത്തിനെ മുഴുവൻ പുറകോട്ടടിക്കുന്ന രീതിയിൽ ഇന്ത്യയിൽ കൊണ്ടുവന്നിട്ടുള്ള വരേണ്യവത്കൃത വിദ്യാഭ്യാസ സമ്പ്രദായം ഇപ്പോൾ വർഗ്ഗീയവത്കരണ വിദ്യാഭ്യാസത്തിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതിന്റെയെല്ലാം അന്തഃസത്ത ശരിയായ രീതിയിൽ ഇന്ത്യയിൽ ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടവർ ആരായിരുന്നു? അങ്ങനെ പ്രവർത്തിക്കാത്തതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് ഈ ദോഷങ്ങളുണ്ടായത്. അതിന് പ്രതികൂലമായി കേരളത്തിലെ രണ്ട് ഗവൺമെന്റുകളും ഇന്ന് പ്രവർത്തിക്കുന്നുവെന്നതിന്റെ അനന്തരഫലമാണ് കേരളത്തിൽ മലയാളം ഐച്ഛിക വിഷയമായി എടുത്ത പതിനെട്ട് കുട്ടികൾ ഐ.എ.എസ്. കരസ്ഥമാക്കിയത്. ആദിവാസി ഊരുകളിലേയ്ക്ക് ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷ പാസ്സായതിന്റെ വാർത്ത ശ്രീധന്യയെ പോലുള്ളവർ എത്തിക്കുന്നു. ആദിവാസി ഊരുകളിൽനിന്ന് സിവിൽ സർവ്വീസ് പരീക്ഷ പാസ്സാകുന്നവിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്ന അത്രയും വിദഗ്ദ്ധമായ രീതിയിൽ ആസൂത്രണം ചെയ്ത, കഴിഞ്ഞ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിച്ച ഡോ. കെ. ടി. ജലീലും പ്രൊഫ. സി. രവീന്ദ്രനാഥും ഇപ്പോൾ മാതൃകാപരമായ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ഡോ. ആർ. ബിന്ദുവും ശ്രീ. വി. ശിവൻകുട്ടിയും ഉൾപ്പെടെയുള്ള മന്ത്രിമാരുണ്ട്. കേരളത്തിലെയും ഇന്ത്യയിലെയും പുരോഗമന വിദ്യാഭ്യാസ ചിന്തകൾക്ക് എതിരെനിന്നിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ രീതി പരിശോധിക്കപ്പെടേണ്ടതാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ശ്രീ. പി. ബാലചന്ദ്രൻ ഈ രംഗത്ത് ഏറെ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് പഠനം നടത്തുന്ന ഒരു ജനപ്രതിനിധിയാണ്. നേരത്തെ ശ്രീ. ടി. സിദ്ദിഖ് പറഞ്ഞതിനുള്ള വിശദീകരണമാണ് യഥാർത്ഥത്തിൽ ശ്രീ. പി. ബാലചന്ദ്രൻ നടത്തിയിട്ടുള്ളത്. ആദ്യത്തെ ദേശീയ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് ഡോ. എസ്. രാധാകൃഷ്ണന്റെ സർവ്വകലാശാലാ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടാണ്. അത് കോത്താരി കമ്മീഷൻ റിപ്പോർട്ടുപോലെതന്നെ മാതൃഭാഷയിൽ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രസക്തി എന്നിവയൊക്കെ സൂചിപ്പിച്ചിരുന്നെങ്കിൽപ്പോലും അൻപത് വർഷത്തിലേറെക്കാലം ഇന്ത്യ ഭരിച്ച കോൺഗ്രസ് ഈ രംഗത്തെടുത്ത നിലപാടുകൾ ഡോ. കോത്താരിയെടുത്ത നിലപാടിന്റെ ഭാഗമാണ്. അൻപത് ശതമാനത്തിലേറെപ്പേർ നിരക്ഷരരായി തുടരുന്ന സാഹചര്യമുണ്ടായി എന്നതാണ് യാഥാർത്ഥ്യം. അത് കാണാതെയാണ് ശ്രീ. ടി. സിദ്ദിഖ് ഈ വിഷയങ്ങൾ സൂചിപ്പിച്ചത്. ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞതുപോലെ ന്യൂ എഡ്യൂക്കേഷൻ പോളിസി രാജീവ് ഗാന്ധി കൊണ്ടുവന്നത് ഒരു വരേണ്യവർഗ്ഗ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ രാജ്യത്ത് നടപ്പിലാക്കാനുള്ള സമീപനത്തിന്റെ ഭാഗമായാണ്. സമൂഹമാകെ വിദ്യ അഭ്യസിപ്പിക്കുക എന്നതിനപ്പുറം പ്രോത്സാഹനം നൽകുന്ന സമീപനങ്ങളാണുണ്ടായത്. അതിന്റെ ഗുണംലഭിച്ചത് വരേണ്യവർഗ്ഗത്തിന് മാത്രമായിരുന്നു. അതിന്റെ ഭാഗമായാണ് ഡീംഡ് കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റികളുമെല്ലാം ഉയർന്നുവരുന്നത്. പ്രത്യേകിച്ച് ഇതുപോലെയുള്ള സാഹചര്യങ്ങളിൽ അതിന്റെ സംഘാടകർ ആരാണെന്നുകൂടി കാണണം. പൊതുവായ ചർച്ചകളിൽ ഉയർന്നുവരേണ്ടത് കരിക്കുലം തീരുമാനിക്കുന്നതിലുള്ള ശ്രദ്ധയാണ്. ഇനിയുള്ള കാലയളവിൽ ഇതെങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നതിനെക്കുറിച്ച് കാഴ്ചപ്പാടുണ്ടാകണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എ പ്ലസ് ലഭിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുകയാണ്. അതിനാനുപാതികമായി എടുക്കുന്ന നിലപാടുകളെക്കുറിച്ച് മുൻധാരണയുണ്ടാകേണ്ടതുണ്ട്. സ്ക്രീനിംഗ് നടത്തി ഡിഗ്രിയിലേയ്ക്കും പി.ജി-യിലേയ്ക്കും മറ്റ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലേയ്ക്കും പോകുന്നതിന് പ്രൈമറിതലം മുതൽ കുട്ടികളുടെ കഴിവ് മനസ്സിലാക്കി ആ പാതയിലേയ്ക്ക് അവരെ തിരിച്ചുവിടുന്ന സംവിധാനം ഒരുക്കിയില്ലെങ്കിൽ ഭാവിയിൽ പ്രയാസം നേരിടാനിടവരും. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലേയ്ക്ക് ഘട്ടംഘട്ടമായി കടക്കുമ്പോഴേയ്ക്കും അതിന്റെ മാറ്റം ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലേയ്ക്ക് കരിക്കുലത്തിൽ മാറ്റംവരുത്തി പ്രൈമറി സ്കൂൾ മുതൽ അവരുടെ കഴിവ് കണ്ടെത്താൻ കഴിയണം. കല, സംസ്കാരം, കാർഷികം, വ്യവസായം തുടങ്ങിയ മേഖലയിലെ അവരുടെ അഭിരുചി മനസ്സിലാക്കിക്കൊണ്ടുപോകുന്ന ഒരു സമീപനം നമ്മുടെ നാട്ടിൽ

ഉയർന്നുവരേണ്ടതുണ്ട്. ഇന്ന് കുട്ടികളുടെ വിരൽത്തുമ്പിലേയ്ക്ക് ലോകം എത്തിയിരിക്കുകയാണ്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കയ്യിൽ മൊബൈൽ ഫോൺ, ലാപ്ടോപ്പ്, ടാബ് എന്നിവയുണ്ട്. അതിലൂടെ അവർ ലോകം കണ്ടുപഠിക്കുകയാണ്. അതിനനുസൃതമായി മാറ്റംവരുത്തുന്ന കരിക്കുലം സംവിധാനങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ കഴിയണം. അദ്ധ്യാപകരേക്കാൾ വിദ്യയറിയുന്ന കുട്ടികൾ ഇന്ന് നമ്മുടെ മുമ്പിലിരിക്കുമ്പോൾ തീർച്ചയായും അതിനനുസരിച്ചാണ് മാറ്റം വരേണ്ടത്. നിശ്ചയദാർഢ്യത്തോടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ തുടങ്ങിവച്ച ഈ വിദ്യാഭ്യാസ സംവിധാനം ഉയർത്തിക്കൊണ്ടുവന്ന് തൊഴിലധിഷ്ഠിത മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത്തരം ഒരു മാറ്റം കൊണ്ടുവരുന്നത്. തീർച്ചയായും കുറച്ചുകൂടി വ്യാപ്തിയുണ്ടാകണമെങ്കിൽ ഇത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശംകൂടി വച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: Sir, I move that- " This House resolves to disapprove 'The Kerala Cashew Workers' Relief and Welfare Fund (Amendment) Bill Ordinance, 2021 (Ordinance No. 128 of 2021)." ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ കശുവണ്ടി വ്യവസായം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഞാൻ നിയമസഭയിൽ ഇത്തവണ സാമാജികനായി എത്തിയതിനുശേഷം ബഡ്ജറ്റ് ചർച്ചയിലും സബ്മിഷനായും നിരവധി തവണ ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രം എന്റെ നിയോജകമണ്ഡലമായ കുണ്ടറകൂടി ഉൾക്കൊള്ളുന്ന കൊല്ലം ജില്ലയാണ്. കശുവണ്ടി വ്യവസായത്തിന്റെ പ്രതാപകാലം ആ ജില്ലയുടെ പ്രതാപൈശ്വര്യങ്ങളുടെ കാലംകൂടിയായിരുന്നു. എന്നാൽ ഇന്ന് 750-ഓളം സ്വകാര്യ കശുവണ്ടി ഫാക്ടറികളുള്ളതിൽ 600 എണ്ണവും അടഞ്ഞുകിടക്കുകയാണ്. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ചില ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നുണ്ടെങ്കിലും മുൻകാലങ്ങളിലേതുപോലെ തൊഴിൽ ദിനങ്ങളില്ലാത്തതിന്റെ പ്രശ്നങ്ങൾ തൊഴിലാളികൾ അഭിമുഖീകരിക്കുകയാണ്. ആ സന്ദർഭത്തിലാണ് നമ്മൾ ഇത്തരമൊരു ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട ചർച്ച നടത്തുന്നത്. കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന നിരവധി പ്രയാസങ്ങളുണ്ട്. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട ആകർഷണം ഇ.എസ്.ഐ-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിന്റെ ആനുകൂല്യമായിരുന്നു. ആറ്

മാസത്തിനിടയിൽ തുടർച്ചയായി 78 തൊഴിൽ ദിനങ്ങളിൽ ഹാജരുണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിന് തൊഴിലാളിക്ക് അർഹതയുണ്ടാകുകയുള്ളൂവെന്ന ഒരു കരിനിയമം നരേന്ദ്രമോദി സർക്കാർ കൊണ്ടുവന്നതിന്റെ പേരിൽ തൊഴിലാളികളുടെ ആനുകൂല്യം ഇല്ലാതാകുകയാണ് ചെയ്തത്. ആറ് മാസത്തിനിടയിൽ തുടർച്ചയായി 78 ദിവസം ഹാജരുണ്ടാകുക എന്നത് ഇപ്പോഴത്തെ കാലത്ത് അസാദ്ധ്യമാണ്. ഒരു കശുവണ്ടി തൊഴിലാളിക്ക് ഹൃദ്രോഗമുണ്ടായാൽ തങ്ങളുടെ കയ്യിലുള്ള പണംമുടക്കി ആൻജിയോപ്ലാസ്റ്റി ചെയ്യാൻ അവർക്ക് കഴിയില്ല. അവരുടെ ഭർത്താവിനോ മകൾക്കോ മകനോ രോഗമുണ്ടായാലും അതിന് കഴിയില്ല. ഇ.എസ്.ഐ-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിലൂടെ സൗജന്യചികിത്സ ലഭിച്ചുകൊണ്ടിരുന്നതാണ്. ട്രേഡ് യൂണിയനുകളും പ്രത്യേകിച്ച് കേരളത്തിലെ എം.പി-മാരുമെല്ലാം സംയുക്തമായി സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ കോവിഡ്കാലത്ത് ഹാജർ ദിനങ്ങളുടെ എണ്ണം 38-40 ആയി കുറച്ചുകൊണ്ടുവന്നെങ്കിൽപ്പോലും ആ ആനുകൂല്യം തൊഴിലാളിക്ക് മാത്രമാണ് ലഭ്യമാകുന്നത്, തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽപ്പോലും തൊഴിലാളികൾക്ക് തുടർച്ചയായി 38 ദിവസം തൊഴിൽ നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ മാസത്തിൽ ഇതുവരെ ആറോ ഏഴോ തൊഴിൽ ദിനങ്ങളാണ് കശുവണ്ടി മേഖലയിൽ ലഭിച്ചിട്ടുള്ളത്. 15 ദിവസം തൊഴിലുണ്ടായിരുന്നുവെന്ന് പറയുന്നുണ്ടെങ്കിലും നിജസ്ഥിതി മനസ്സിലാകണമെങ്കിൽ പരിശോധിക്കേണ്ടി വരും. ഒരു കശുവണ്ടി ഫാക്ടറിയിൽ ഷെല്ലിംഗിൽ അഞ്ച് ദിവസത്തെ പണി കഴിഞ്ഞ് മൂന്നാമത്തെ ദിവസമായിരിക്കും പീലിംഗിൽ പണി തുടങ്ങുന്നത്. പീലിംഗിലും അഞ്ച് ദിവസം പണി ലഭിക്കും. അതും കഴിഞ്ഞ് മൂന്ന് ദിവസം കഴിഞ്ഞിട്ടായിരിക്കും ഗ്രേഡിംഗിൽ പണി തുടങ്ങുന്നത്. അവിടെയും അഞ്ച് ദിവസം പണി കിട്ടും. പതിനഞ്ച് ദിവസം കമ്പനി പ്രവർത്തിച്ചുവെന്ന് തോന്നുമെങ്കിലും ഫലത്തിൽ ഷെല്ലിംഗിലെയും പീലിംഗിലെയും ഗ്രേഡിംഗിലെയും തൊഴിലാളികൾക്ക് ആകെ അഞ്ച് ദിവസം വീതം മാത്രമേ ജോലി ലഭിച്ചിട്ടുള്ളൂവെന്നതാണ് വാസ്തവം. ഇവർക്ക് ആറ് മാസത്തിനിടയിൽ 38 ദിവസം തുടർ ഹാജരുണ്ടാകണമെന്ന് പറഞ്ഞാൽ എങ്ങനെ സാധിക്കും? കോവിഡ് നിയന്ത്രണത്തിന്റെ മാനദണ്ഡങ്ങൾ മാറിയാൽ വീണ്ടും അത് 78 ദിവസമാകും. പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് വലിയ ആനുകൂല്യമായി കരുതിയിരുന്ന ഇ.എസ്.ഐ-യുടെ ഉയർന്ന ചികിത്സാ ആനുകൂല്യം കഴിഞ്ഞ അഞ്ചാറ് വർഷമായി ലഭ്യമാകുന്നില്ലെന്ന പരിതാപകരമായ ഒരവസ്ഥ നിയമസഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. മറ്റൊരു പ്രധാന കാര്യം, തൊഴിലാളികളുടെ കൂലി ഇതുവരെ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്നതാണ്. ജീവിതച്ചെലവുകൾ ദിനംപ്രതി വർദ്ധിക്കുകയാണ്. തുച്ഛമായ തൊഴിൽദിനങ്ങൾ

ലഭിക്കുന്ന തൊഴിലാളികൾ കുറഞ്ഞ കൂലിയിലാണ് ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത്. 2016 ഫെബ്രുവരിയിലാണ് അവസാനമായി കൂലി പുതുക്കിനിശ്ചയിച്ചത്. ഏറ്റവും പാവപ്പെട്ടവരും സാധാരണക്കാരുമായ ദാരിദ്ര്യത്തിൽ കഴിയുന്ന തൊഴിലാളികളുള്ള കശുവണ്ടിമേഖലയിൽ ആറ് വർഷമായി കൂലി പുതുക്കിനിശ്ചയിച്ചിട്ടില്ല. തൊണ്ണൂറ്റിയഞ്ച് ശതമാനവും സ്ത്രീകൾ പ്രവർത്തിക്കുന്ന കശുവണ്ടി മേഖലയിൽ കഴിഞ്ഞ ആറ് വർഷമായി കൂലി പുതുക്കിനിശ്ചയിച്ചിട്ടില്ലെന്നത് സങ്കടകരമായ കാര്യമാണ്. സമ്മർദ്ദം ചെലുത്തി സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും തൊഴിലവകാശങ്ങളുടെ കാര്യമൊന്നും പറയാതിരിക്കുന്നതാണ് ഭേദം. അഞ്ച് ദിവസം ജോലി ചെയ്താൽ മൂന്ന് ദിവസം ഹാജർ കൊടുക്കുന്ന രീതിയൊക്കെയുണ്ട്. അത് തൊഴിലുടമയുടെ മറ്റ് കോൺട്രിബ്യൂഷനിൽ കുറവ് വരുത്തുന്നതിനാണ്. എല്ലാവരും അങ്ങനെ ചെയ്യുന്നുവെന്ന് ഞാൻ പറയുന്നില്ല. ഈ മേഖലയിൽ പലരും അത്തരത്തിലുള്ള തൊഴിൽചൂഷണങ്ങൾ നടത്തുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖനായ ട്രേഡ് യൂണിയൻ നേതാവുകൂടി ആയതുകൊണ്ട് അങ്ങേയ്ക്ക് ഇക്കാര്യം പറഞ്ഞാൽ മനസ്സിലാകും എന്നുള്ളതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. ഒരുപാട് പ്രയാസപ്പെട്ട് അനുനയിപ്പിച്ചൊക്കെയാണ് പല സ്വകാര്യഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാൻ തയ്യാറായിട്ടുള്ളത്. അതുകൊണ്ടുതന്നെ അവിടെ നിലനിൽക്കുന്ന തൊഴിൽചൂഷണംകൂടി തടയുന്നതിനുള്ള നടപടിയുണ്ടാകണം. തൊഴിലാളികൾ ഇപ്പോഴും 285 രൂപ കൂലിക്കാണ് ജോലി ചെയ്യുന്നത്. ഫാക്ടറികൾക്കകത്ത് ദുരിതപൂർണ്ണമായ സാഹചര്യത്തിലിരുന്നാണ് സ്ത്രീകൾക്ക് ജോലി ചെയ്യേണ്ടി വരുന്നതെന്ന് കാണാൻ സാധിക്കും. ഇരുന്ന് ജോലി ചെയ്യുന്നതിനാലുണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകളുമുണ്ട്; ഷെഡ്ഡുകൾക്കകം ചുട്ടുപൊള്ളുന്ന അവസ്ഥയിലുമാണ്. മതിയായ സൗകര്യങ്ങളില്ലാതെ തുച്ഛമായ 285 രൂപയ്ക്ക് ജോലി ചെയ്യുന്ന ഈ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ}

ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി എന്താണ്? ഓരോ തൊഴിലാളിയും അംശദായമായി 50 പൈസയായിരുന്നു ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ടിയിരുന്നത്. 50 പൈസ തൊഴിലാളിയുടെയും ഒരു രൂപ തൊഴിലുടമയുടെയും ഒരു രൂപ സർക്കാരിന്റെയും വിഹിതമായിരുന്നു. 50 പൈസ എന്നുള്ളത് ഒരു രൂപയായും ഇപ്പോഴത് രണ്ട് രൂപയായും വർദ്ധിപ്പിക്കുകയാണ്. സർക്കാർവിഹിതം ഒരു രൂപയായിരുന്നപ്പോൾ തൊഴിലാളിവിഹിതം 50 പൈസ ആയിരുന്നെങ്കിൽ ഇപ്പോൾ തൊഴിലാളിവിഹിതം 2 രൂപയാക്കുമ്പോൾ

സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് 4 രൂപയാക്കേണ്ടതാണ്. സർക്കാരിന്റെ വിഹിതം പകുതിയാക്കി കുറയ്ക്കുകയും തൊഴിലാളിയുടെ വിഹിതം ഇരട്ടിയാക്കുകയുമാണ് ചെയ്യുന്നത്. ഇത് തൊഴിലാളിവിരുദ്ധ സമീപനമല്ലേ, അത് നമുക്ക് സ്വീകരിക്കാൻ കഴിയുന്നതാണോ? 50 പൈസ തൊഴിലാളി വിഹിതമായിരുന്നപ്പോൾ ഒരു രൂപയാണ് സർക്കാർ അടച്ചുകൊണ്ടിരുന്നത്. പിന്നീടത് ഒരു രൂപയായും ഇപ്പോൾ 2 രൂപയായും വർദ്ധിപ്പിക്കുമ്പോൾ സർക്കാരിന്റെ വിഹിതം 2 രൂപയിൽ നിന്ന് 4 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്. എന്നുമാത്രമല്ല സർക്കാരിന്റെ ബാദ്ധ്യത പകുതിയാക്കുകയും തൊഴിലാളിയുടെ ബാദ്ധ്യത ഇരട്ടിയാക്കുകയും ചെയ്യുന്ന സമീപനം ശരിയാണോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. കേരള കയർ തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ, തൊഴിലാളികളിൽനിന്നും പിരിക്കുന്ന അംശദായത്തിന്റെ അല്ലെങ്കിൽ ആകെയുള്ള വരുമാനത്തിന്റെ എത്ര ശതമാനമാണ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസായി പോകുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞത് 0.7% മാത്രമേ തൊഴിലാളി വിഹിതമായി ലഭിക്കുന്നുള്ളൂവെന്നും ബാക്കിയെല്ലാം മറ്റ് വരുമാനത്തിലൂടെയാണ് വരുന്നതെന്നുമാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ആകെ വരുമാനത്തിന്റെ 0.7% ആണെന്നാണ്. എനിക്കുതന്നെ അത് കേട്ടപ്പോൾ അത്ഭുതമായി. ഞാൻ വൈകുന്നേരം പോയി ഒന്നുകൂടി പരിശോധിച്ചു, ഞാൻ മനസ്സിലാക്കുന്നത് പെൻഷൻ നൽകുന്ന തുക ബഹു. മന്ത്രി വരുമാനത്തിൽ കൂട്ടിയിരിക്കുകയാണെന്നാണ്. അങ്ങനെ എടുക്കാൻ സാധിക്കുമോ?

മി. ചെയർമാൻ: യെസ്.... യെസ്....

ശ്രീ. പി. സി. വിഷ്ണുനാഥ്: ബഹുമാനപ്പെട്ട ചെയർ, ഞാൻ വളരെ കുറച്ച് സമയമേ എടുത്തിട്ടുള്ളൂ.

മി. ചെയർമാൻ: പത്ത് മിനിറ്റായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിയമനിർമ്മാണത്തിന് സാധാരണഗതിയിൽ സമയക്ലിപ്തതയില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ചെയറുമായി ഒരു ധാരണയിലെത്തിയിട്ടുണ്ടല്ലോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ബില്ലിന്റെ പരിധിക്ക് പുറത്തുനിന്ന് ഒന്നും സംസാരിക്കുന്നില്ല. ഒരു ദിവസം 5 ബില്ലുകൾ അവതരിപ്പിക്കുമ്പോൾ അതിന്റെ പോരായ്മകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി

പരിഹരിക്കുന്നില്ലെങ്കിൽപ്പിന്നെ ഒരു ചടങ്ങിനുവേണ്ടിയാണോ നിയമനിർമ്മാണം നടത്തുന്നത്? ഇത്രയും പണം ചെലവാക്കി നിയമസഭാ സമ്മേളനം നടത്തുക, എന്നിട്ട് കശുവണ്ടി തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഒരു ബില്ലിലെ ഭേദഗതിയെക്കുറിച്ച് സംസാരിക്കുമ്പോൾ ധാരണയാണെന്നാണ് പറയുന്നത്. ധാരണ എന്നുപറയുന്നത് നമ്മൾ സ്വയം നിയന്ത്രിക്കുമെന്നതാണ്. പക്ഷേ, അങ്ങ് ചെയറിൽ വന്നയുടനെ ഇത്തരം നിയന്ത്രണം കൊണ്ടുവരാൻ പാടില്ല. ഞാൻ ഈ ബില്ലിന് പുറത്തുള്ള ഒരു വിഷയവും സംസാരിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ, സാമൂഹ്യസുരക്ഷാ പെൻഷൻ എന്നിങ്ങനെ രണ്ട് പെൻഷനുകൾ ലഭിക്കുമായിരുന്നു. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് രണ്ട് പെൻഷനുകളിൽ ആദ്യത്തെ പെൻഷൻ ഒരു ഉത്തരവുവഴി 600 രൂപയാക്കി കുറയ്ക്കുകയും രണ്ടാമത്തെ പെൻഷൻ 1,200 രൂപയായി നിലനിർത്തുകയും ചെയ്തു. അങ്ങനെ 1,200 രൂപ വീതം രണ്ട് പെൻഷന് അർഹതയുണ്ടായിരുന്നവർക്ക് ഒരു പെൻഷൻ 600 രൂപയാക്കി കുറച്ചു. നിയമനിർമ്മാണത്തിലൂടെ കശുവണ്ടി തൊഴിലാളികൾക്ക് ലഭിച്ച ഒരു അധികാരം 2017 ജൂൺ മാസത്തിൽ ധനകാര്യ വകുപ്പിന്റെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഇല്ലാതാക്കിയിരിക്കുകയാണ്. ഈ നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് എന്ത് വിലയാണുള്ളത്? അതിനുള്ള അധികാരമുണ്ടോ? ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയുംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മൾ ഇത്രയും പ്രയാസപ്പെട്ട് നിയമങ്ങൾ പാസ്സാക്കിയെടുത്ത് ആ നിയമംവഴി ഒരു തൊഴിലാളിക്ക് ലഭിച്ചുകൊണ്ടിരുന്ന അവകാശത്തെ പിന്നീട് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഇല്ലാതാക്കാൻ കഴിയുമെങ്കിൽ ഈ നിയമനിർമ്മാണസഭയ്ക്ക് എന്ത് വിലയാണുള്ളത്; ഇവിടെ പാസ്സാക്കുന്ന നിയമങ്ങൾക്ക് എന്ത് വിലയാണുള്ളത്? ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പെൻഷൻ വരുമാനത്തെക്കുറിച്ചാണ് പറഞ്ഞത്. പെൻഷൻ വരുമാനം എങ്ങനെയാണ് റവന്യൂ വരുമാനത്തിലേയ്ക്ക് വരുന്നത്? അത് കമ്മിറ്റഡ് എക്സ്പെൻഡിച്ചറാണ്. കശുവണ്ടി തൊഴിലാളികൾക്ക് 1,600 രൂപ ക്ഷേമനിധി വഴി പെൻഷൻ നൽകുന്നില്ലെങ്കിൽപ്പോലും അവർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കും. ക്ഷേമനിധി ബോർഡിന് ഒരു വർഷം ചെലവാക്കാൻ 120 കോടി രൂപയുണ്ട്. 120 കോടി രൂപ ലഭ്യമാകുന്നത് പെൻഷൻ നൽകാനായി ഗവൺമെന്റ് ഓരോ മാസവും നൽകുന്ന 10 കോടി രൂപയിൽ നിന്നാണ്. ആ 120 കോടി രൂപ വച്ചിട്ടാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 0.7 ശതമാനം മാത്രമേ അംശദായം വരുന്നുള്ളൂവെന്ന് ഇന്നലെ പറഞ്ഞത്. എന്നാൽ അത് ശരിയല്ല. ഏതാണ്ട് 2.4 കോടി രൂപ ഗവൺമെന്റ് ശമ്പളത്തിനായി നൽകുന്നുണ്ട്. അംശദായമായി പിരിച്ചുകിട്ടുന്നത് 1.5 കോടി രൂപയാണ്. 1.5 കോടി രൂപ തൊഴിലാളിക്ക് നൽകാൻവേണ്ടി 2.5 കോടി രൂപ

ചെലവഴിക്കുകയാണ്. അതിനുവേണ്ടിയാണ് ബോർഡ് പ്രവർത്തിക്കുന്നത്. ഞാൻ ബോർഡിനെ കുറ്റപ്പെടുത്തുകയല്ല. കശുവണ്ടി മേഖലയിൽനിന്നും സർക്കാരിന് ലഭിക്കുന്ന ടാക്സിന്റെ ഒരു വിഹിതം ക്ഷേമനിധി ബോർഡിന് നൽകാൻ നടപടിയുണ്ടാകണം. ഇപ്പോൾ 70 ലക്ഷം രൂപയാണ് ഒരു മാസം ലഭിക്കുന്നത്. 250 രൂപയുടെ ആനുകൂല്യമാണ് അക്കൗണ്ടിൽ ഒരു കശുവണ്ടി തൊഴിലാളിക്ക് ലഭിക്കുന്നത്. മരണാനന്തര ചടങ്ങുകൾക്ക് നൽകുന്നത് 2,000 രൂപയാണ്. അതൊരു 10,000 രൂപയാക്കി വർദ്ധിപ്പിക്കണം. അതിന് എന്താണ് ചെയ്യേണ്ടത്? കശുവണ്ടി മേഖലയിൽനിന്നും സർക്കാരിന് ലഭിക്കുന്ന ടാക്സിന്റെ ഒരു വിഹിതം കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകണം. അല്ലെങ്കിൽ 1.10 കോടി രൂപ ചെലവഴിക്കുന്നതിനുവേണ്ടി പ്രതിമാസം 2.5 കോടിയുടെ ചെലവിന്റെ ആവശ്യമുണ്ടോ? അതുകൊണ്ട് തൊഴിലാളിക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണ്ടേ? പെൻഷൻ കൊടുക്കാനാണെങ്കിൽ മുൻപ് രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ ഒരു പെൻഷൻ ഇല്ലാതാക്കി. തൊഴിലാളി സ്നേഹം പ്രസംഗിക്കുന്ന ഒരു ഗവൺമെന്റല്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യംതന്നെയാണ് ഞാനും ചോദിക്കാനാഗ്രഹിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് രണ്ട് പെൻഷനുണ്ടായിരുന്നു. ...(ബഹളം)... ശ്രീ. കോവൂർ കുഞ്ഞുമോന് മനസ്സിലായില്ലേ? ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു പെൻഷൻ നിർത്തലാക്കി. അതിന്റെ ഫലമായി സാമൂഹ്യക്ഷേമ പെൻഷൻ കിട്ടുന്നവർക്ക് അവർ ക്ഷേമനിധിയിൽ അംഗങ്ങളായാലും പെൻഷൻ ലഭിക്കില്ല. ആ ക്ഷേമനിധിതന്നെ അപ്രസക്തമാണ്. കാരണം, അവർക്ക് അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത് ഗവൺമെന്റ് തിരുത്തേണ്ടതല്ലേ? അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി. ജോയി: സർ, യു.ഡി.എഫ്. ഗവൺമെന്റ് രണ്ട് പെൻഷൻ കൊടുത്തപ്പോൾ എത്ര തുകയുണ്ടായിരുന്നുവെന്ന് പറയാമോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് കശുവണ്ടി മേഖലയെ സംബന്ധിച്ച് അഗാധമായി പഠിച്ചിട്ടാണ് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നത്. ഇവിടെ രണ്ട് പെൻഷനെ സംബന്ധിച്ച് പ്രതിപാദിക്കുകയുണ്ടായി. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് വർഷങ്ങളായി മരണഫണ്ടുണ്ടായിരുന്നു. യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് അത് നിർത്തലാക്കിയത് എന്നത് അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കശുവണ്ടി തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും തിരിച്ചുകിട്ടണമെന്നാണ് ഞാൻ

പറഞ്ഞത്. ശ്രീ. വി. ജോയി ഇവിടെ പറഞ്ഞത് രണ്ട് പെൻഷൻ കൊടുത്തുകൊണ്ടിരുന്ന കാലഘട്ടത്തിൽ എത്ര പേർക്ക് കൊടുത്തുവെന്നതാണ്. ....(ബഹളം.)....

മി. ചെയർമാൻ: പ്ലീസ് പ്ലീസ്. ശ്രീ. പി. സി. വിഷ്ണുനാഥ്, പ്ലീസ് കൺക്ലൂഡ്. ....(ബഹളം.)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നേരത്തെതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചതാണ്. പെൻഷൻ തുക വർദ്ധിപ്പിക്കുന്നുവെങ്കിലും അവരുടെ വരുമാനം കുറയുകയാണ്. അതിന് കാരണമെന്താണ്? വികലാംഗർക്ക് വികലാംഗ പെൻഷനും അയാൾ ഒരു തയ്യൽ തൊഴിലാളിയും കൂടിയാണെങ്കിൽ തയ്യൽ തൊഴിലാളി പെൻഷനും ലഭിക്കും. രണ്ട് പെൻഷനും ലഭിക്കാൻ അയാൾ അർഹനാണ്. അതൊന്നും സംഭാവനയല്ല. അതിലൊന്ന് കട്ട് ചെയ്തിട്ട് പെൻഷനിൽ നൂറ് രൂപ വർദ്ധിപ്പിച്ചാലും യഥാർത്ഥത്തിൽ അയാളുടെ ആകെ വരുമാനം കുറയുകയല്ലേ? തൊഴിലാളിക്ഷേമം എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആകെ വരുമാനം കുറയ്ക്കാതെ അത് സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടോ എന്നുള്ളതല്ലേ അങ്ങയുടെ ചോദ്യം.

മി. ചെയർമാൻ: ശ്രീ. പി. സി. വിഷ്ണുനാഥ്, ദയവായി അവസാനിപ്പിക്കൂ.

2.00 P.M.}

ശ്രീ. വി. ജോയി: സർ, ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവർക്ക് പെൻഷൻ കൊടുക്കുന്നതിന് മതിയായ ഫണ്ടില്ല. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താങ്കൾ പറഞ്ഞ വസ്തുത നന്നായിട്ടറിയാം. രണ്ട് പെൻഷൻ വിതരണം ചെയ്തിരുന്ന കാലത്ത്, ശ്രീ. വി. ജോയി പറഞ്ഞതുപോലെ ക്ഷേമനിധി ബോർഡുകൾക്ക് അവരുടെ വരുമാനത്തിൽനിന്നും കൊടുക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ, ആ സമയത്തും ബോർഡുകൾക്ക് പണം നൽകിയിട്ടുണ്ട്. കാരണം, അംശദായം കൊണ്ടുമാത്രം ബോർഡിന് പ്രവർത്തിക്കാൻ കഴിയില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണ് വരുമാനത്തിന് ഞാനൊരു മാർഗ്ഗം നിർദ്ദേശിച്ചത്.

മി. ചെയർമാൻ: ബഹുമാന്യനായ അംഗം ദയവായി ചുരുക്കി സംസാരിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ ആദ്യകാലത്ത് പെൻഷൻ തുകയായി വിതരണം ചെയ്തിരുന്നത് 300 രൂപയായിരുന്നു. ആ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്ന സമയത്ത് 400

രൂപയാക്കി. അതിനുശേഷം അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ 600 രൂപയാക്കുകയും പിന്നീട് 800 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. ആദ്യം ആനുകൂല്യം ലഭിച്ചിരുന്നത് പന്ത്രണ്ട് ലക്ഷം ആളുകൾക്കായിരുന്നുവെങ്കിൽ പിന്നീടത് 32 ലക്ഷമായി വർദ്ധിപ്പിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് പെൻഷൻ കുടിശ്ശികയാക്കിയിരുന്നതായി ഇടതുപക്ഷം പ്രചരണം നടത്തുന്നുണ്ട്. പ്രഖ്യാപനം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും വിതരണം ചെയ്തിട്ടില്ലെന്നുമാണ് നിങ്ങളുടെ പരാമർശം. ഇതുമായി ബന്ധപ്പെട്ട്, മുൻ അംഗം ശ്രീ. എം. സ്വരാജിന്റെ നിയമസഭാ ചോദ്യത്തിന് അന്നത്തെ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 26-4-2017-ൽ നൽകിയ മറുപടി ഞാൻ വായിക്കാം. "ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ക്ഷേമപെൻഷനുകൾ എത്രമാസം കുടിശ്ശികയുണ്ടായിരുന്നുവെന്ന് തരംതിരിച്ച് അറിയിക്കാമോ? ഉത്തരം - ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യപ്പെടാതെ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ കുടിശ്ശികയുണ്ടായിരുന്നു. കർഷക തൊഴിലാളി പെൻഷൻ 2014 ഡിസംബർ മാസത്തെ തുക കുടിശ്ശികയായിട്ടുണ്ടായിരുന്നു. 2015 ഫെബ്രുവരി മുതലുള്ള തുക ഗുണഭോക്താക്കൾക്ക് ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ സംവിധാനത്തിൽ വിതരണം ചെയ്തുവരികയായിരുന്നു. ഗുണഭോക്താക്കളുടെ വിവരം യഥാസമയം രേഖപ്പെടുത്താത്തതുമൂലവും തെറ്റായ രേഖപ്പെടുത്തലുകൾ, ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ എന്നീ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നതുമൂലവും കുടിശ്ശികയുണ്ടായിട്ടുണ്ട്. കുടിശ്ശികയിനത്തിൽ 1,389 കോടി രൂപ നൽകിയിട്ടുണ്ട്." ഇടതുപക്ഷം ആരോപിക്കുന്ന പ്രകാരമുള്ള കുടിശ്ശികയുണ്ടെങ്കിൽ, അത്രയും കുടിശ്ശിക കൊടുത്തതിന്റെ കണക്ക് കാണേണ്ടതാണ്. ബഡ്ജറ്റ് എന്നാൽ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ്. യു.ഡി.എഫ്. ഭരണകാലത്തെ കുടിശ്ശിക നിങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ, ബഡ്ജറ്റ് പുസ്തകത്തിൽ എവിടെയെങ്കിലും ഒരിടത്ത് അതുസംബന്ധിച്ച് പരാമർശമുണ്ടാകേണ്ടതല്ലേ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പ്രസക്തമായ ചോദ്യത്തിന് രണ്ട് മറുപടിയുണ്ട്. ഒന്നാമതായി ഞാൻ ചോദ്യം ചെയ്യുന്നത് നിയമപരമായിട്ടുള്ള പ്രശ്നമാണ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളിക്ക് ലഭിക്കുന്ന ക്ഷേമനിധി ആനുകൂല്യത്തെ ഒരു എക്സിക്യൂട്ടീവ് ഉത്തരവുവഴി 2017-ൽ ഡോ. ടി. എം. തോമസ് ഐസക് ഇല്ലാതാക്കിയിരിക്കുകയാണ്. അത് ശരിയാണോ? രണ്ടാമതായി, സാമൂഹ്യ സുരക്ഷാ പെൻഷനായി വിതരണം ചെയ്യുന്ന 1,600 രൂപ ക്ഷേമനിധി പെൻഷനിൽ ഉൾപ്പെടുത്തിക്കൊടുത്തശേഷം ഒരു പെൻഷൻ രണ്ട് ബുക്കിൽ

എഴുതിവച്ചിരിക്കുകയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ നോക്കിയാൽ അവിടെയും ക്ഷേമനിധി പെൻഷൻ നോക്കിയാൽ അവിടെയും പേരുണ്ട്. എന്നാൽ 1,600 രൂപയേ കൊടുക്കുന്നുമുള്ളൂ. ഇങ്ങനെയുള്ള കബളിപ്പിക്കലാണ് പാവപ്പെട്ട തൊഴിലാളികളോട് ഇടതുപക്ഷം ചെയ്യുന്നത്. ഇപ്പോൾ കാര്യങ്ങൾ വ്യക്തമായിക്കാണുമെന്നാണ് ഞാൻ കരുതുന്നത്. ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വിശദമായി സംസാരിക്കുകയുണ്ടായി. കയർ മേഖലയിൽ പ്രതിസന്ധിയുണ്ടായ കാലഘട്ടത്തിൽ സർക്കാർ 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കി. കയർ മേഖലയിലുള്ളതുപോലെ മറ്റ് പരമ്പരാഗത തൊഴിൽ മേഖലയിലും 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കശുവണ്ടി മേഖലയിൽ 'ഇൻകം സപ്പോർട്ട് സ്കീം' അടിയന്തരമായി നടപ്പിലാക്കാതെ ഈ മേഖലയെ പിടിച്ചുനിർത്താൻ സാധിക്കില്ല.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങയുടെ തൊഴിലാളി സ്നേഹത്തെക്കുറിച്ച് യാതൊരു തർക്കവുമില്ല. അങ്ങ് ഇത്ര വാചാലമായി സംസാരിക്കുമ്പോൾ, യു.ഡി.എഫ്. ഭരണകാലത്ത് കശുവണ്ടി മേഖലയിലെ കോർപ്പറേഷൻ ഫാക്ടറികളുടെയും കാപ്പെക്സിന്റെയും സ്ഥിതിയെന്തായിരുന്നുവെന്ന് പറയാമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സി. എച്ച്. മുഹമ്മദ് കോയ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് പ്രസ്തുത ബിൽ ആദ്യം കൊണ്ടുവന്നത്. അക്കാലം മുതൽ ഓരോ സർക്കാരും ഈ മേഖലയിൽ ചെയ്ത കാര്യങ്ങളെ നമുക്ക് തരംതിരിച്ച് കാണാവുന്നതാണ്. താങ്കൾ വളരെ അന്തസ്സായി, ഗൗരവത്തോടെ തൊഴിലാളികൾക്കൊപ്പംനിന്ന് കഴിഞ്ഞയാഴ്ച ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നല്ലോ? ഞാൻ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കണമെന്ന് പറഞ്ഞ സമയത്തുതന്നെ എനിക്കിട്ടൊരു കുത്ത് തരാൻ അങ്ങ് എഴുന്നേൽക്കാൻ പാടില്ലായിരുന്നു. 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കിക്കൊണ്ടുമാത്രമേ ഈ മേഖലയെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. 40 ഫാക്ടറികൾ ഒഴിച്ച് ബാക്കി എഴുന്നൂറ്റിയമ്പതോളം ഫാക്ടറികൾ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും തൊഴിൽ വകുപ്പുമന്ത്രിക്കും ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായിട്ടറിയാം. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നല്ല ഇടപെടലുകൾ നടത്തുന്നുണ്ട്. സ്വകാര്യ കശുവണ്ടി മുതലാളികൾ എടുത്തിരിക്കുന്ന ബാങ്ക് വായ്പകളുടെ 20 ശതമാനത്തിനുവേണ്ടി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുകയാണ്. അസറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനിയെയും മാർവാടി കമ്പനികളെയും ഇത് ഏൽപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി വൺ ടൈം സെറ്റിൽമെന്റിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരുന്ന സമയത്തുതന്നെ

ഇവിടെ വ്യവസായികളുടെ സ്ഥാപനങ്ങൾ ജപ്തി ചെയ്തുകൊണ്ടുപോകുകയാണ്. ജപ്തി ചെയ്താൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടാകും. ഏതാണ്ട് 15,000 കോടി രൂപ വാർഷിക വിദേശനാണ്യം നേടിത്തന്നിരുന്ന ഒരു മേഖലയാണിത്. ഇന്നത് ഏകദേശം 3,000 കോടി രൂപയിലേയ്ക്കെത്തിയിരിക്കുകയാണ്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നടത്തുന്ന ഇടപെടലുകൾക്ക് വിരുദ്ധമായി ബാങ്കുകൾ മാർവാടി കമ്പനികളെക്കൊണ്ട് അവരുടെ വസ്തുവകകൾ ജപ്തി ചെയ്യുന്ന സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ സംരംഭകരെ ഉപദ്രവിക്കുന്ന സ്ഥിതിവിശേഷമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാരിന്റെ ഇടപെടലുണ്ടാകണം. തൊഴിലാളി വിഹിതം രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് 2 രൂപയെന്നുള്ളത് 4 രൂപയാക്കാത്ത സമീപനമാണ് ഭേദഗതി ബില്ലിലുള്ളത്. സമ്പൂർണ്ണമായി തൊഴിലാളി താൽപ്പര്യത്തിന് വിരുദ്ധമായ സമീപനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. ഞാൻ നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. അവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ, കശുവണ്ടിമേഖല കടുത്ത പ്രതിസന്ധി കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന പുതിയ നിർദ്ദേശങ്ങൾ പ്രായോഗികമായി എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൊഴിലാളികൾക്ക് പണിയില്ലാതെ കമ്പനികൾ മുഴുവൻ അടച്ചുപൂട്ടിക്കിടക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കശുവണ്ടിത്തൊഴിലാളികളുടെയും കശുവണ്ടിമേഖലയുടെയും സംരക്ഷണത്തിനുവേണ്ടി സർക്കാർ പുതിയ പാക്കേജുകൾ പ്രഖ്യാപിച്ച് അവരുടെ ജീവിതവും സ്ഥാപനങ്ങളും നിലനിർത്താനുള്ള സഹായം ലഭ്യമാക്കേണ്ട സാഹചര്യത്തിൽ ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന അവരെങ്ങനെ വർദ്ധിപ്പിച്ച അംശദായം അടയ്ക്കുമെന്ന് ചിന്തിക്കേണ്ടതല്ലേ? പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഭേദഗതി കൊണ്ടുവരുന്നതെന്നുള്ളതാണ് ഏറ്റവും വലിയ വിരോധാഭാസം. സർക്കാരിന്റെ കയ്യിൽ പണമില്ലാത്ത ഘട്ടത്തിൽ ധനാഗമന മാർഗ്ഗമെന്ന നിലയിലാണ് ഓർഡിനൻസിലൂടെ ഇങ്ങനെയൊരു നിലപാടെടുത്തത്. നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുമ്പോൾ കാലഘട്ടത്തിന്റെ പ്രത്യേകതകളും സാഹചര്യങ്ങളും സർക്കാർ പരിശോധിക്കേണ്ടതായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ മനുഷ്യർ മുഴുവൻ വിഷമിക്കുന്ന ഗുരുതര പ്രതിസന്ധി നേരിടുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ലോകത്തൊട്ടാകെയും നിലനിൽക്കുന്നു. ജനങ്ങൾക്കാവശ്യമായ സഹായം എത്തിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ ഇതിനൊന്നും പരിഗണന നൽകാതെ തൊഴിലാളിവിരുദ്ധ

സമീപനം സ്വീകരിക്കുന്നുവെന്നതുകൊണ്ടാണ് ഞങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കുന്നത്. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ അംശദായത്തിൽ സർക്കാരിന്റെ വിഹിതം നാല് രൂപയാക്കി മാറ്റുന്നതിനുള്ള നിലപാടെടുക്കുമായിരുന്നു. അതിനുപകരം സർക്കാർവിഹിതം കുറയ്ക്കുകയും തൊഴിലാളിവിഹിതം ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്യുതിരിക്കുകയാണ്. അന്യായമായ ഒരു സമീപനം ഇക്കാര്യത്തിലെടുത്തുവെന്നതിലുള്ള പ്രതിഷേധം ഞങ്ങൾ പ്രകടിപ്പിക്കുകയാണ്. കശുവണ്ടി മേഖലയുടെ യഥാർത്ഥ അവസ്ഥയെന്താണ്? പ്രതിസന്ധിയിൽനിന്നും കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികളുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും സമയത്ത് നിരവധി പ്രാവശ്യം ഇക്കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്തിരുന്നതാണ്. ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നിർഭാഗ്യവശാൽ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാൻ സാധിച്ചിട്ടുമില്ല. ഇന്ത്യയുടെ നാല് കാർഷിക കയറ്റുമതി ഇനങ്ങളിൽ ഒരിനം കശുവണ്ടിയാണ്. നമ്മുടെ രാജ്യത്ത് 2017-ൽ കശുവണ്ടി കയറ്റുമതിയിനത്തിൽ 5,213 കോടി രൂപ സമ്പാദിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. ഈ നേട്ടം കൈവരിച്ചപ്പോൾ കേരളത്തിൽ കശുവണ്ടിയുടെ ആസ്ഥാനമായ കൊല്ലത്തും സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലും ഉള്ളതുംകൂടി ഇല്ലാതായിപ്പോയെന്ന പ്രശ്നമാണ് നേരിടുന്നത്. ഗുരുതര പ്രതിസന്ധിയെത്തുടർന്ന് ഇൻപുട്ട് ചെലവ് വർദ്ധിക്കുകയും നഷ്ടം സംഭവിക്കുകയും ചെയ്തതിനെത്തുടർന്ന് സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. രജിസ്റ്റർ ചെയ്ത 840-ഓളം കശുവണ്ടി ഫാക്ടറികളിൽ 80 ശതമാനവും അടച്ചുപൂട്ടിയെന്നത് ഗവൺമെന്റ് കണ്ണുതുറന്ന് കാണേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ തൊഴിലാളികൾക്ക് തൊഴിലില്ലാത്ത അവസ്ഥയുണ്ടായി. രണ്ട് മാസംമുമ്പ് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കൽ കശുവണ്ടിത്തൊഴിലാളികളുടെ വലിയ പ്രതിഷേധസമരമാണ് നടന്നത്. അതിൽ പങ്കെടുത്ത സ്ത്രീകൾ ഹൃദയഹാരിയായതും വേദനാജനകമായതുമായ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ജീവിക്കാൻ മാർഗ്ഗമില്ലെന്നും ആത്മഹത്യയല്ലാതെ രക്ഷയില്ലെന്നും പറഞ്ഞ് സങ്കടപ്പെട്ട സാഹചര്യമുണ്ടായത് നമ്മുടെ കൺമുന്നിലുണ്ട്. സ്വകാര്യകമ്പനികൾ അടച്ചുപൂട്ടി. Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX)-ന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നു. തൊഴിലാളികൾ പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സാഹചര്യമാണ്. പരിപൂർണ്ണമായും ദുരിതത്തിൽ കഴിയുന്ന കശുവണ്ടിമേഖലയെ ആ അവസ്ഥയിൽനിന്നും മോചിപ്പിക്കാൻ കഴിയുന്നവിധത്തിലുള്ള നടപടികൾ ഉണ്ടായോയെന്ന ചോദ്യത്തിന് ഗവൺമെന്റിന് മറുപടിയില്ല. സഹായിക്കാൻ മാർഗ്ഗമില്ലാതെ ഗവൺമെന്റ് കൈമലർത്തുകയാണ്. സർക്കാർ കൈമലർത്തിയിട്ട് തൊഴിലാളികളോട് ഏറ്റെടുക്കാൻ പറയുന്നു.

ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യമായിരുന്നെങ്കിൽ ഞങ്ങൾ അനുകൂലിക്കുമായിരുന്നു. അതിന് കഴിയുന്നൊരു സാഹചര്യമല്ല ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഈ പ്രതിസന്ധിഘട്ടത്തിൽ ബാങ്കുകൾ ചെയ്യുന്ന അന്യായ നടപടിയെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബാങ്കുകൾ ജപ്തിയുമായി ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെടുകയാണ്. ജപ്തി നിർത്തിവയ്ക്കണമെന്നും റിക്കവറി നടപടികളുണ്ടാകരുതെന്നും പറഞ്ഞ് ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചത് നല്ല കാര്യമാണ്. മൂന്നംഗ കമ്മിറ്റിയുടെ യോഗം നടന്നുകൊണ്ടിരുന്ന സമയത്ത് വീടുകളിൽ കയറി ജപ്തി നടപടികളും റിക്കവറിയുമായി ബാങ്കുകാർ അഴിഞ്ഞാട്ടം നടത്തുന്ന സാഹചര്യമാണുണ്ടായതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചു. ഗുരുതര പ്രതിസന്ധിഘട്ടത്തിൽ ബാങ്കുകളുടെ നടപടി തടയാനുള്ള യാതൊരു മാർഗ്ഗവും ഗവൺമെന്റിന് സ്വീകരിക്കാൻ കഴിഞ്ഞില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പരിശോധിക്കണം. കശുവണ്ടി ഫാക്ടറിയുടമകളെ മുതലാളിമാരായി കണ്ട് അവരുടെ നേരെ ഇറങ്ങിത്തിരിക്കുമ്പോൾ മുതലാളിമാരാണെന്ന് പറഞ്ഞാലും തൊഴിലാളികളെക്കാൾ കഷ്ടത്തിലാണെന്ന കാര്യവും ഓർക്കേണ്ടതാണ്. മുതലാളിയെന്നോ തൊഴിലാളിയെന്നോ വ്യത്യാസമില്ലാതെ കശുവണ്ടി മേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ അവരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കാനുള്ള കടമ ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന്റെ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട്, അതിന് പുല്ലുവില കൽപ്പിച്ചുകൊണ്ട് ബാങ്കുകൾ ജപ്തിനടപടികളുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നു. ബാങ്കുകളെപ്പോലെ വിവിധ മാർവാടി കമ്പനികളും ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഇവരെല്ലാം ചേർന്നുകൊണ്ട് അനിശ്ചിതാവസ്ഥ ഈ രംഗത്തുണ്ടാക്കുമ്പോൾ സർക്കാർ കയ്യുംകെട്ടിനിൽക്കുകയാണ്. ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച് പരിശോധിച്ച് അതിന് സാവകാശം കൊടുക്കാൻ നിശ്ചയിച്ചു. അതിനുള്ള കാലാവധിയും സമയവും പറഞ്ഞു. ഗവൺമെന്റിന്റെ ഈ തീരുമാനം ബാങ്കുകൾ അംഗീകരിക്കുന്നില്ല. ഇത്തരം വിഷയത്തിൽ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ടെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ബാങ്കിംഗ് അതോറിറ്റികളെ വിളിച്ചുകൂട്ടി പ്രതിസന്ധിയിൽ സംരക്ഷണവും സഹായവും കൊടുക്കാൻ കഴിയുന്ന സ്ഥിതിവിശേഷമുണ്ടാക്കാനാവശ്യമായ കർശനനിലപാട് സ്വീകരിക്കണം. ഒരു കാരണവശാലും ജപ്തി നടപടികളിലേയ്ക്ക് പോകാൻ പാടില്ലെന്ന ഉറച്ച നിലപാടെടുക്കണം. ഒറ്റത്തവണ തീർപ്പാക്കലിനുള്ള സാഹചര്യം വരുമ്പോൾ ന്യായയുക്തമായ ഗവൺമെന്റിന്റെ തീരുമാനം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകണം. അത്തരത്തിലുള്ള ഇടപെടലിന് ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യം

പ്രതിഷേധാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടും ഇക്കാര്യത്തിൽ പ്രശ്നങ്ങളുണ്ടെന്ന കാര്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങളുടെ കാര്യത്തിലും വലിയ പ്രതിസന്ധി സംജാതമായിട്ടുണ്ട്. എം.പി-മാരുൾപ്പെടെ അക്കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പൊതുവിഷയമെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടിട്ടില്ലെന്നതാണ് ഞങ്ങളുടെ പരാതി. കശുവണ്ടിമേഖലയുടെ സംരക്ഷണത്തിനും ചികിത്സയും മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ സജീവമായ ഇടപെടലുണ്ടാകുകയെന്നുള്ളതാണ് പ്രധാന കാര്യം. കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ നടത്താൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? ജോലിസ്ഥിരത ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗവൺമെന്റിന് കഴിയുന്നില്ലെന്ന് മാത്രമല്ല, തൊഴിൽ നഷ്ടപ്പെട്ട് പ്രതിസന്ധിയിലും വിഷമത്തിലും കഴിഞ്ഞുകൂടുന്ന സാഹചര്യങ്ങൾ ഇന്ന് നിലനിൽക്കുകയാണ്. കോർപ്പറേഷൻപോലും മാസത്തിൽ പത്ത് ദിവസമാണ് തൊഴിൽ നൽകുന്നത്. മഹാഭൂരിപക്ഷവും സ്വകാര്യ കമ്പനികളാണ്. സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളെയും സംരക്ഷിക്കാനും സഹായിക്കാനും കഴിയുന്ന വിധത്തിലുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് കഴിയാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കുന്നത്. ഈ രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ പ്രതിസന്ധിഘട്ടത്തിൽ ഇത്തരം ഒരു നടപടിയിലേയ്ക്ക് കടന്നാൽ തൊഴിലാളികൾക്ക് എങ്ങനെ സഹകരിക്കാൻ കഴിയും? നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം കണക്കിലെടുത്ത് കശുവണ്ടി മേഖലയുടെയും ഫാക്ടറികളുടെയും സംരക്ഷണത്തിനുവേണ്ടി പ്രതിപക്ഷം ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ ഞങ്ങളെ അത്ഭുതപ്പെടുത്തുന്നത് കശുവണ്ടി മേഖലയിൽനിന്നുള്ളവർ ഇതിലിടപെടുന്നില്ല എന്നതാണ്. ഞങ്ങളൊന്നും കശുവണ്ടി മേഖലയിൽ നിന്നുള്ളവരല്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ,....(മൈക്ക് ഓഫ്)....

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തിയും കശുവണ്ടിയുമായിട്ടുള്ളത് മനുഷ്യരോടുള്ള ആത്മബന്ധമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, (മൈക്ക് ഓഫ്)... ഇവർ തമ്മിലുള്ള ബന്ധം കടലും കടലാടിയും തമ്മിലുള്ള ബന്ധമാണെന്നാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നോട് സ്വകാര്യമായി പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൈകൊണ്ട് കശുവണ്ടി പീലിംഗ് നടത്തുന്ന തൊഴിലാളികളുടെ കൈ കണ്ടാൽ നമുക്ക് വിഷമം തോന്നും. ജോലിയിൽ പ്രവേശിക്കുമ്പോൾ നല്ല സാമർത്ഥ്യത്തോടെ പണി ചെയ്യും. എന്നാൽ പണിയിൽനിന്ന് പിരിയുമ്പോൾ കശുവണ്ടിപ്പരിപ്പുപോലെ കുനിഞ്ഞിരിക്കുന്ന രൂപത്തിലേയ്ക്ക് അവരുടെ രൂപവും ഭാവവും മാറും. ഇത് മാറ്റാൻ മാർഗ്ഗമുണ്ടോയെന്നുള്ളതാണ് പ്രശ്നം. രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കണം. പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരണം. ശ്രീ. കോവൂർ കുഞ്ഞുമോൻ കുറേ മാറിയതല്ലാതെ തൊഴിലാളികൾ മാറിയില്ല. അതിനാൽ അവരെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈയടുത്തകാലത്തും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിലും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ചിട്ടില്ലെന്ന് തോന്നുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഓരോ കശുവണ്ടി ഫാക്ടറികളിലും നടപ്പിലാക്കിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ കാണേണ്ടതാണ്. പണ്ട് കശുവണ്ടി ഫാക്ടറിയിൽ കശുവണ്ടി തല്ലുന്നിടത്തിരുന്നായിരുന്നു തൊഴിലാളികൾ ആഹാരം കഴിച്ചിരുന്നത്. അവരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനമില്ലായിരുന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് കശുവണ്ടി ഫാക്ടറികളിൽ ധാരാളം മാറ്റങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരളത്തിലെ കശുവണ്ടി വികസന കോർപ്പറേഷന്റെ മുപ്പത് ഫാക്ടറികളും കാപ്പെക്സിന്റെ പത്ത് ഫാക്ടറികളും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സന്ദർശിക്കണം. എന്തെല്ലാം മാറ്റങ്ങളാണുണ്ടായി രിക്കുന്നതെന്ന് അപ്പോൾ മനസ്സിലാകും. അത് മറന്നുകൊണ്ട് നിങ്ങൾ സംസാരിക്കുന്നത് ഉചിതമാണോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കശുവണ്ടിയെക്കുറിച്ച് പറയുമ്പോൾ എനിക്ക് മിണ്ടാതിരിക്കാൻ കഴിയില്ല. കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി തളിച്ചതിന്റെ ദുരിതമാണ് കാസർഗോഡ് ജില്ലയിലെ സാധാരണജനങ്ങൾ ഇന്നും അനുഭവിക്കുന്നതെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. സണ്ണി ജോസഫ്: സർ, കശുവണ്ടി മേഖലയിലെ ഒരു പ്രശ്നം, ഫാക്ടറികളിൽ തൊഴിലാളികൾക്ക് പണിയെടുക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യമല്ല എന്നതാണ്. തോട്ടണ്ടി പലപ്പോഴും ഭീമമായ തുക കൊടുത്ത് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യേണ്ടതായി വരുന്നു. എന്നാൽ മികച്ച കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിലെ കർഷകർ ഉൽപ്പാദന സീസണിൽ

കശുവണ്ടി വിൽക്കാൻ ബുദ്ധിമുട്ടുകയാണ്. ഗവൺമെന്റ് ഏൽപ്പിക്കുന്ന സംഭരണ ഏജൻസികളൊന്നും മികച്ചയിനം കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ മേഖലയിലെ ഇരിട്ടിയിൽ ഒരു ഡിപ്പോപോലും ആരംഭിച്ച് കൃഷിക്കാരിൽനിന്ന് കശുവണ്ടി സംഭരിക്കാൻ തയ്യാറായില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, തീർച്ചയായും. കശുവണ്ടി സംഭരണത്തിന്റെ കാര്യത്തിൽ ഇടപെടേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇത്തരത്തിലുള്ള ഫലപ്രദമായ ഇടപെടലുണ്ടാകാതിരിക്കുന്ന പ്രശ്നമാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഞാൻ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ചോദിച്ചത് സംബന്ധിച്ചാണ് പറയുന്നത്. ഡോ. എൻ. ജയരാജും നമ്മളെല്ലാവരും കർഷകരുടെ പാർട്ടിയെന്ന നിലയിൽ കേരള കോൺഗ്രസ്സിന്റെ ഹൃദയവികാരം കാത്തുസൂക്ഷിക്കേണ്ടതല്ലേ? കർഷകനും കർഷകത്തൊഴിലാളിയും ഒരു നാണയത്തിന്റെ ഇരുവശമാണെന്ന് പറഞ്ഞ കെ. എം. ജോർജ്ജിന്റെ നിലപാട് മാത്രം ഓർത്താൽ മതിയാകും. കടുത്തുരുത്തിയും കാഞ്ഞിരപ്പള്ളിയും കശുവണ്ടി/കശുമാങ്ങ കഴിക്കുന്നുവെന്നതിന് അപ്പുറത്തേയ്ക്ക് നമുക്ക് വലിയ പശ്ചാത്തലമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ, കശുവണ്ടിയുടെ അവസ്ഥയിലേയ്ക്ക് വളഞ്ഞുപോകുന്ന കശുവണ്ടിത്തൊഴിലാളികളും. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് ഫാക്ടറികളുടെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ടെന്നാണ്. അക്കാര്യം ഞാൻ നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ ചങ്ങനാശ്ശേരിയിൽനിന്നാണെങ്കിലും അങ്ങ് ഇക്കാര്യം ഓർക്കണം. നമ്മളെല്ലാവരും കർഷകരുടെ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സമയത്ത് ഇതുപോലെ ബെല്ലടിക്കരുത്. ഇതുപോലെ ബെല്ലടിച്ച് വേദനിപ്പിക്കരുത്. ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ഞാൻ പ്രസംഗം അവസാനിപ്പിക്കാം.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്........ പ്ലീസ് കൺക്ലൂഡ്........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇതിൽ ഒരു പ്രധാനപ്പെട്ട വിഷയമുണ്ട്. ശ്രീ. കോവൂർ കുഞ്ഞുമോൻ ഫാക്ടറികൾ മെച്ചപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ ഫാക്ടറികളിൽ പണി ചെയ്യാൻ സാധിക്കാതെ അവ പൂട്ടിയിട്ടിരിക്കുകയാണ്. തൊഴിലാളികൾ പട്ടിണിയിലായിരിക്കുന്നു. രണ്ട് വർഷമായി 80 ശതമാനം ഫാക്ടറികളും അടച്ചുപൂട്ടിയിരിക്കുന്നു. ഈ വിഷയം ഗൗരവമുള്ളതാണ്. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും യോജിപ്പുവേണം. തൊഴിലാളികളെ കഷ്ടപ്പെടുത്താതെ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം. കേരളത്തിന്റെ പ്രധാന അടിസ്ഥാന മേഖലകളിലൊന്നെന്ന നിലയിൽ, വിദേശനാണ്യം നേടിത്തരുന്ന, ധാരാളം തൊഴിലാളികൾ ആശ്രയിക്കുന്ന, മുഖ്യമായും സ്ത്രീ തൊഴിലാളികൾ ആശ്രയിക്കുന്ന, കർഷകന് പ്രയോജനം ലഭിക്കുന്ന

സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഫലപ്രദമായി തീരുമാനമുണ്ടാക്കാനും ജീവിതസാഹചര്യവും ജോലിസ്ഥിരതയും ഉറപ്പുവരുത്താനും കഴിയുന്ന സ്ഥിതിയിലേയ്ക്ക് ഈ മേഖലയെ തിരിച്ചുകൊണ്ടുവരാനുള്ള നടപടി തൊഴിലാളികളോടും നാടിനോടും സ്നേഹമുണ്ടെങ്കിൽ ഗവൺമെന്റ് സ്വീകരിക്കണം. അതിനുള്ള നടപടി സ്വീകരിക്കാതെ അംശദായം വർദ്ധിപ്പിച്ച് അവരെ അടിച്ചേൽപ്പിക്കുന്നുവെന്ന് പറയുന്നത് തികഞ്ഞ തൊഴിലാളിവിരുദ്ധതയും ജനദ്രോഹവുമാണ്. എന്റെ വാക്കുകൾ നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ശ്രീ. മോൻസ് ജോസഫ് സംസാരിച്ചപ്പോൾ കടുത്തുരുത്തിയും കശുവണ്ടിയുമായുള്ള ബന്ധം ഞാൻ സൂചിപ്പിച്ചത്, കർഷകരോടുള്ള സ്നേഹം കേരള കോൺഗ്രസ്സിന് ഒട്ടും കുറഞ്ഞിട്ടില്ലെന്നും പഴയതുപോലെത്തന്നെയുണ്ടെന്നും ഓർമ്മിപ്പിക്കാനാണ്. നമ്മൾ അകന്നുപോയെങ്കിലും കർഷകരുടെ കാര്യത്തിൽ ഇപ്പോഴും മനസ്സുകൊണ്ട് അടുത്തുനിൽക്കുന്നവരാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ ശ്രീ. മോൻസ് ജോസഫിനോട് ചോദിക്കുന്നത് അടുക്കാൻ വല്ല ഉദ്ദേശ്യവുമുണ്ടോയെന്നാണ്. നമുക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. നമ്മൾ സുരക്ഷിതരാണ്, സന്തോഷത്തിലാണ് ജീവിക്കുന്നത്, ഞങ്ങൾ സംതൃപ്തമായ കുടുംബവുമാണ്. കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുമ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ ഒരു കാര്യം ഓർക്കുകയാണ്. എൻഡോസൾഫാൻ ബാധിതരുടെ ചിത്രം അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്നുപറയുന്ന മനോഹര നോവലിൽ പ്രതിപാദിക്കുന്നുണ്ട്. കാസർഗോഡിന്റെ പശ്ചാത്തലത്തിൽ എൻഡോസൾഫാൻ ബാധിതരുടെ ജീവിതകഥയെക്കുറിച്ച് എഴുതിയ ഒരു പുസ്തകമാണത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരുകാലത്ത് മാതൃഭൂമി പത്രത്തിൽ മനുരാജ് എടുത്ത 'ജീവിക്കുന്ന രക്തസാക്ഷിയായ സൈനബയുടെ ചിത്രം' ഒരുപക്ഷേ ലോകത്തിനുമുമ്പിൽ ഈ മേഖലയിലെ ദുരന്തത്തെ വരച്ചുകാണിച്ച ഒന്നായിരുന്നു. ഒരു കാലഘട്ടത്തിൽ യന്ത്രപ്പക്ഷിയിൽനിന്ന് പെയ്തിറങ്ങിയ വിഷമരുന്ന്, അതിന്റെ മഴയിൽ തകർന്നുപോയ ധാരാളം കുടുംബങ്ങളുടെയും കുട്ടികളുടെയുമൊക്കെ ചിത്രം സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയംഗമായിരുന്ന സമയത്ത് നേരിട്ട് കാണാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെയൊക്കെ തീൻമേശയിൽ കശുവണ്ടിയുടെ വെളുത്ത രൂപം കാണുമ്പോൾ പലപ്പോഴും മനസ്സിൽ കടന്നുവരാറുള്ളത് അങ്ങനെ സംഭവിച്ച ഒരു

കാലഘട്ടത്തിൽ ഇല്ലാത്ത ഒരു ജീവിയുടെ പേരിൽ നടത്തിയ ഒരു മരുന്ന് കമ്പനിയുടെ/കോർപ്പറേറ്റിന്റെ പ്രവർത്തനത്തിന്റെ ദുരന്തം കാസർഗോഡിന്റെ വിവിധ മേഖലകളിൽ ഇപ്പോഴും പൂർണ്ണമായും അവസാനിക്കാതെ പിന്തുടരുന്നുവെന്നതാണ്. കശുവണ്ടി മേഖലയിൽ ഗവൺമെന്റ് കാര്യമായൊന്നും ചെയ്തില്ലായെന്ന് ശ്രീ. മോൻസ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. യാഥാർത്ഥ്യം നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. ആദ്യമായി കശുവണ്ടി ഇറക്കുമതി ചെയ്ത സംസ്ഥാനം കേരളമാണ്. കശുവണ്ടി മേഖലയ്ക്ക് ഏതാണ്ട് 50 വർഷക്കാലത്തെ വസന്തകാലം കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിലും വരുമാനത്തിലുമുണ്ടായിരുന്നു. പിന്നീടുണ്ടായ പല കാരണങ്ങൾകൊണ്ട് നമ്മുടെ monopoly നഷ്ടപ്പെട്ടുപോയെന്നത് ശരിയാണ്. അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ് പ്രധാന ഘടകമാണ്. പോർച്ചുഗീസുകാരാണ് കശുവണ്ടി കേരളത്തിൽ കൊണ്ടുവന്നതെന്നാണ് ചരിത്രം പറയുന്നത്. ഞാൻ ഇത് എടുത്തുപറയാൻ കാരണം, നമ്മുടെ നാട്ടിലൊക്കെ മണ്ണിടിച്ചിലിന്റെ കാലഘട്ടമാണ്. പോർച്ചുഗീസുകാർ ഇതാദ്യം കൊണ്ടുവരുന്നത് നാനൂറ് വർഷങ്ങൾക്കുമുമ്പാണ്. കശുമാവ് കേരളത്തിൽ കൊണ്ടുവന്നതിന്റെ പ്രധാന ലക്ഷ്യം കോസ്റ്റൽ ഏരിയായിലെ മണ്ണൊലിപ്പ് ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു. ഉൽപ്പാദനത്തിലെ കുറവ് ഒരു പ്രധാന ഘടകമാകുമ്പോൾ കേരളത്തിന്റെ പല പ്രദേശങ്ങളിലും, കാഞ്ഞിരപ്പള്ളിയിലും പൂഞ്ഞാറിലുമൊക്കെയുള്ള മലയോര മേഖലകളിൽ, മണ്ണിടിച്ചിൽ രൂക്ഷമാകുന്ന കാലഘട്ടത്തിൽ കശുമാവ് കൃഷിയെ വ്യാപകമാക്കാൻ കഴിയുന്ന അല്ലെങ്കിൽ ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കേരളത്തിൽത്തന്നെ കശുവണ്ടിയെ മെച്ചപ്പെട്ട വിപണന സാദ്ധ്യതയുള്ള നിലയിൽ രൂപപ്പെടുത്താൻ കഴിയുന്ന ആലോചനകളുംകൂടിയുണ്ടാകണമെന്ന് പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു export oriented traditional industry എന്ന നിലയിൽ ധാരാളം സാദ്ധ്യതകൾ നമുക്കുണ്ടായിരുന്നു. കേരളത്തിൽ ഉൽപ്പാദനച്ചെലവ് വർദ്ധിക്കുകയും മറ്റുസംസ്ഥാനങ്ങളിൽ കുറയുകയും ചെയ്യുമ്പോൾ സ്വാഭാവികമായും അസംസ്കൃത വസ്തുവിനുവേണ്ടിയുള്ള മാർക്കറ്റിലെ വലിയ മത്സരം, ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുവിന്റെ മാർക്കറ്റിലെ മത്സരം എല്ലാം കൂടിച്ചേരുമ്പോൾ ഈ മേഖലയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കാത്ത കടുത്ത പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റുകൾ കാലാകാലങ്ങളിൽ ഇടപെട്ടിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി മേഖലയുടെ വളർച്ചയ്ക്കുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം നമുക്കറിയാം. 2021-22-ലെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ കശുവണ്ടി വികസന കോർപ്പറേഷന് 600 ലക്ഷം രൂപയും കാപ്പെക്സിന് 550 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

കശുവണ്ടി മേഖലയ്ക്ക് ഗവൺമെന്റ് നൽകുന്ന പ്രാധാന്യം കണ്ടില്ലെന്ന് ഒരിക്കലും നമുക്ക് പറയാൻ കഴിയില്ല.

ശ്രീ. വി. ജോയി: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എല്ലാ പരമ്പരാഗത വ്യവസായങ്ങളോടും നീതി പുലർത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് കാഷ്യൂ ബോർഡ് നിലവിൽ വരുന്നത്. ആ കാഷ്യൂ ബോർഡാണ് ഇപ്പോൾ തോട്ടണ്ടി സംഭരിച്ച് കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനുമടക്കം നൽകുന്നത്. അടുത്ത കാലത്ത് 38 കോടിയിലധികം രൂപ കാഷ്യൂ ബോർഡിന് നൽകി കശുവണ്ടി വാങ്ങി നൽകുന്നതിനായി ശ്രമിച്ചിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, കേരള കാഷ്യൂ ബോർഡിന് ഈ സാമ്പത്തിക വർഷം ഏതാണ്ട് 8000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് ഫണ്ട് അനുവദിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് 2021 ഡിസംബർ വരെ നമ്മുടെ ഫാക്ടറികൾ പ്രവർത്തിക്കാനാവശ്യമായിട്ടുള്ളതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് സജീവ ചർച്ചയാണ് നടക്കുന്നത്. യു.ഡി.എഫ്-ന്റെ ബഹുമാനപ്പെട്ട മെമ്പർമാരുടെ കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട ചർച്ചകൾ കേട്ടാൽ തോന്നും അവരുടെ കാലഘട്ടത്തിലാണ് ഈ വ്യവസായത്തെ പരിപോഷിപ്പിക്കാൻ വലിയ പ്രവർത്തനങ്ങൾ നടന്നതെന്ന്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് സംസ്ഥാനത്തെ എല്ലാ കശുവണ്ടി ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ഈ രംഗത്തെ പൊതുമേഖലാ സ്ഥാപനമാണ്. അതൊരു മോഡൽ എംപ്ലോയർ കൂടിയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മാത്രമാണ് സംസ്ഥാനത്ത് കശുവണ്ടി വികസന കോർപ്പറേഷൻ തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് തൊഴിലാളികൾക്ക് ജോലിനൽകുന്ന സാഹചര്യമുണ്ടാകുന്നത്. 2011-2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കശുവണ്ടി ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയായിരുന്നു. ഒരു തൊഴിലാളിക്കും ജോലി നൽകിയിരുന്നില്ല. പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഗ്രാറ്റുവിറ്റി കുടിശ്ശികയടക്കം നൽകിക്കൊണ്ട് കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ചത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് കശുവണ്ടി മേഖലയോട് തികഞ്ഞ അവഗണന കാണിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മെമ്പർ തീർച്ചയായും എന്ന് പറഞ്ഞുവല്ലോ. യു.ഡി.എഫ്. ഭരണകാലത്ത് നമ്മൾ ഒരുമിച്ചായിരുന്നു. കെ. എം. മാണി ആയിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി.

ഡോ. എൻ. ജയരാജ്: സർ, 'ഇന്നലെ ചെയ്തോരബദ്ധം...' എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇന്നലെ ഒരബദ്ധം ചെയ്തുപോയി എന്നുവച്ചുകൊണ്ട് അത് എപ്പോഴും ആവർത്തിക്കണമെന്നില്ലെന്നുള്ളതാണ് എനിക്ക് അങ്ങയോട് വിനയപൂർവ്വം പറയാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കുമാരനാശാനെ വെറുതെ വിടൂ. ഞാൻ മറ്റേ ആശാന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ചതുപോലെ, ഒരു വർഷം 365 ദിവസമുണ്ടെങ്കിൽ അതിൽ 200 തൊഴിൽദിനങ്ങളിലധികം കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി നൽകിയിട്ടുള്ളതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. യു.ഡി.എഫ്. ഭരണകാലത്ത് ചില കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. 45 ദിവസത്തെ തൊഴിൽദിനങ്ങളാണ് പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികൾക്ക് നൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭരണമായിരുന്നു. അതെല്ലാം മറന്നുകൊണ്ടാണ് ഇപ്പോൾ സംസാരിക്കുന്നതെന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ? തോട്ടണ്ടി സംഭരണത്തെ സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ് പറയുകയുണ്ടായി. കുത്തകസംഭരണം നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കണ്ണൂരും കാസർഗോഡുമുള്ള തോട്ടങ്ങളിലെ കശുവണ്ടി തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് പോയിരുന്നത്. കുത്തകസംഭരണം ഏർപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിലാണെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. നമ്മെക്കാളേറെ ഈ മേഖലയുമായി ബന്ധപ്പെട്ട് വളരെയടുത്ത് പ്രവർത്തിക്കുന്ന വ്യക്തികൂടിയാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. കോവൂർ കുഞ്ഞുമോനെ ഈ മേഖലയിൽ മാത്രമായി ഒതുക്കേണ്ട. മറ്റെല്ലാ മേഖലയിലും അദ്ദേഹം ഫിറ്റാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ നേരത്തെ പറഞ്ഞ കശുവണ്ടി കുത്തകസംഭരണ നിയമം നിയമവിരുദ്ധമാണ്, ഭരണഘടനാവിരുദ്ധമാണെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദ് ചെയ്തതാണ്. കശുവണ്ടി

കുത്തകസംഭരണ നിയമത്തിനെതിരെ അന്നത്തെ കേരളത്തിലെ പ്രതിപക്ഷം അതിശക്തമായി, സഖാവ് എം. വി. രാഘവൻ, കെ. പി. നൂറുദ്ദീൻ, ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ, കേരള കോൺഗ്രസ്സിന്റെ എം.എൽ.എ. ആയിരുന്ന ശ്രീ. മാത്യു സ്റ്റീഫൻ ഉൾപ്പെടെയുള്ളവർ ഇവിടെ നിരാഹാരസമരം ചെയ്തിരുന്നത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? അത് കർഷകവിരുദ്ധ നിയമമായിരുന്നു.

ഡോ. എൻ. ജയരാജ്: സർ, ഏതെങ്കിലും മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ നിലപാടെടുക്കുകയാണെങ്കിൽ അതിനെ അംഗീകരിക്കാതിരിക്കാൻ നമുക്ക് സാധിക്കില്ലെന്നുള്ളതാണ് പ്രധാന കാര്യം. ഇക്കാര്യത്തിൽ ഗവൺമെന്റെടുത്ത ധാരാളം നിലപാടുകളുണ്ട്. പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചൊരു കാര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ബാങ്കുകളിലുള്ള വായ്പകൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ടും ഒറ്റത്തവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള പദ്ധതികളും ഈ മേഖലയിൽ നടപ്പാക്കാൻ വേണ്ട സംവിധാനം ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യത്തിലെല്ലാം ഗവൺമെന്റ് ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന പുനരുദ്ധാരണ പാക്കേജിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത്. ക്രിയാത്മകമായിട്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുന്നത്. തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായികൾക്ക് സഹായം നൽകി പാക്കേജ് നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. അത് നല്ല കൺസെപ്റ്റാണ്. ചില വ്യവസായികളെങ്കിലും ഗവൺമെന്റിന്റെ ഈ ആനുകൂല്യത്തെ ഒരാനുകൂല്യം വാങ്ങുക എന്ന രീതിയിലേയ്ക്ക് മാത്രം കാണുകയും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാതെയിരിക്കുകയും ചെയ്യുന്നുണ്ട്. ആനുകൂല്യം വാങ്ങുക എന്ന ലക്ഷ്യത്തോടുകൂടി പാക്കേജിനെ കാണുന്ന അവസ്ഥയുണ്ടെന്നത് യാഥാർത്ഥ്യമാണ്. വൺടൈം സെറ്റിൽമെന്റ് അല്ലെങ്കിൽ പലിശയിളവ് പാക്കേജെന്ന നിലയിൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതനുസരിച്ച് സബ്സിഡി നൽകുന്ന സ്കീമിലേയ്ക്ക് വന്നാൽ അത് തൊഴിൽമേഖലയ്ക്ക് കുറച്ചുകൂടി ഗുണകരമാകുമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികളെന്ന നിലയിൽ ആ നിർദ്ദേശം സ്വാഗതാർഹമാണ്. റിക്കവറി നടപടികൾ വളരെപെട്ടെന്ന് നിർത്തിവയ്ക്കാനുള്ള

നടപടികളുമായി ബന്ധപ്പെട്ട് ഒരു ഫോർമുലതന്നെ രൂപീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. ചെയർമാൻ: യെസ്... യെസ്... പ്ലീസ്...സമയം കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ചില സ്വകാര്യ ഫാക്ടറികളെങ്കിലും അടഞ്ഞുകിടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വ്യവസായികളുടെയും ബാങ്കുകളുടെയുമെല്ലാം യോഗം വിളിച്ചുകൂട്ടി പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അറിയാം. അദ്ദേഹവും അക്കാര്യങ്ങൾക്ക് മുൻകയ്യെടുക്കുന്ന ആളാണ്. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഇത് വളരെ പ്രാധാന്യമുള്ളൊരു വ്യവസായമായിരുന്നു. ഇപ്പോൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. വ്യവസായികൾ പലരും ഇന്ന് ഈ സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമനുഭവിക്കുകയാണ്. ആറ് ഫാക്ടറികളുള്ളൊരു ചെറുപ്പക്കാരനെ എനിക്കറിയാം. അദ്ദേഹത്തിന് ആറ് ഫാക്ടറിയും നടത്താൻ കഴിയാത്ത സ്ഥിതിയാണ്. കശുവണ്ടി ഫാക്ടറിയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജ് നടപ്പിലാക്കിയെങ്കിൽ മാത്രമേ നമുക്ക് ഈ വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഇ.എസ്.ഐ. വിഹിതം, ഗ്രാറ്റുവിറ്റി അടക്കമുള്ള ചിലത് ഗവൺമെന്റ് ഏറ്റെടുക്കേണ്ടിയും വരും. അത്തരത്തിലുള്ള ഒരു സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതല്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായിട്ടും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന നിരവധി ഫാക്ടറികളുണ്ട്. കൊല്ലത്ത് 14 ഫാക്ടറികൾ നടത്തുന്ന വി.എൽ.സി. ഗ്രൂപ്പ് നാളിതുവരെ അവ തുറന്നിട്ടില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നേരിട്ട് വിളിച്ച കോൺഫറൻസിൽ അദ്ദേഹം പങ്കെടുത്തില്ല. അദ്ദേഹം തൊഴിലാളികളോട് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു. അടഞ്ഞുകിടക്കുന്ന ഫാക്ടറികളുടെ അംശദായം സംബന്ധിച്ചാണ് പറയാനുള്ളത്. പ്രോവിഡന്റ് ഫണ്ട് സഞ്ചിത നിധിയിലേയ്ക്ക് മൂന്ന് സ്റ്റക്ചറിലാണ് ഫണ്ട് പോകേണ്ടത്. ഒന്ന് തൊഴിലാളിയുടെ വിഹിതം, രണ്ട് മുതലാളിയുടെ വിഹിതം, മൂന്നാമത്തേത് ഗവൺമെന്റ് വിഹിതം. മുതലാളിമാർ തൊഴിലാളിയുടെ വിഹിതവും മുതലാളിയുടെ വിഹിതവും അടച്ചെങ്കിൽ മാത്രമേ ഗവൺമെന്റിന് മൂന്നാമത്തെ വിഹിതം പ്രോവിഡന്റ് ഫണ്ട് സഞ്ചിതനിധിയിലേയ്ക്ക് അടയ്ക്കാൻ സാധിക്കുകയുള്ളൂ. പല തൊഴിലുടമകളും വിഹിതം അടയ്ക്കാത്തതുകൊണ്ട് പാവപ്പെട്ട

തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യവും പ്രസവാനുകൂല്യവും ലഭിക്കുന്നില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടുകളുണ്ട്. അതുകൂടി പരിഗണിക്കുന്ന കാര്യം അങ്ങയുടെ തുടർന്നുള്ള പ്രസംഗത്തിൽ ഉൾപ്പെടുത്തുമോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. ശ്രീ. കോവൂർ കുഞ്ഞുമോൻ സൂചിപ്പിച്ച വിഷയം ഗൗരവമുള്ളതാണ്. തൊഴിലാളികളുടെയും ജീവനക്കാരുടെയുടെയും ക്ഷേമപദ്ധതികളും തൊഴിലാളികൾക്കുള്ള വേതനവുമുൾപ്പെടെ മുടക്കംകൂടാതെ നൽകാനുള്ള നടപടിയും ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. കേരളത്തിന്റെ പരമ്പരാഗത മേഖലയുടെ ഏറ്റവും അവിഭാജ്യ ഘടകമായിരുന്ന കശുവണ്ടി മേഖല. വളരെ അഭിമാനകരമായ പ്രവർത്തനം കാഴ്ചവച്ച ഒരു മേഖലയാണിത്. മാർക്കറ്റിലുണ്ടായ പ്രശ്നങ്ങളും കാലഘട്ടത്തിനനുസരിച്ച മാറ്റങ്ങളും മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 97 ശതമാനത്തോളം സ്ത്രീകൾ ജോലി ചെയ്യുന്ന കേരളത്തിലെ ഏക മേഖലയായിരിക്കുമിത്. ഗൗരവത്തോടും പ്രാധാന്യത്തോടും കാണേണ്ട ഒരു മേഖലകൂടിയാണിത്. തൊഴിൽ നഷ്ടപ്പെടാതെ യന്ത്രവൽക്കരണത്തിലേയ്ക്ക് കടന്നുവരിക എന്നതുൾപ്പെടെയുള്ള പരിഹാരമാർഗ്ഗങ്ങളുണ്ടാകേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം ശാക്തീകരണം നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ഗവൺമെന്റ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അംശദായത്തിലുള്ള വർദ്ധനവാണ് പ്രധാന ഭേദഗതിയായി നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഡോ. എൻ. ജയരാജ്, ശ്രീ. മോൻസ് ജോസഫ് എന്നിവർ സംസാരിക്കുമ്പോൾ സർവ്വശ്രീ പി. എസ്. സുപാൽ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ ഇടപെട്ടുകൊണ്ട് അവിടെയുള്ള ഫാക്ടറികളും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങളും ആശങ്കകളുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. കശുവണ്ടിമേഖലയുടെ പ്രാധാന്യം അവരൊക്കെ ഉൾക്കൊള്ളുന്നതുകൊണ്ടും അതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ ഉള്ളതുകൊണ്ടുമാണെന്നത് വ്യക്തമാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ സുപ്രധാന മേഖലയാണ് കശുവണ്ടി വ്യവസായവും അവിടെ പണിയെടുക്കുന്ന തൊഴിലാളികളെന്നതും കൃത്യമായി ഈ സഭയിലെ എല്ലാവരെയും ബോദ്ധ്യപ്പെടുത്തുന്ന തരത്തിലാണ് ബഹുമാന്യരായ അംഗങ്ങളുടെ ഇടപെടലുണ്ടായത്. ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നതിലൂടെ തൊഴിലാളികൾക്ക് ഗുണകരമാകാനും

ആ വ്യവസായത്തെ പരിപോഷിപ്പിക്കുന്ന തരത്തിലുമുള്ള മാറ്റങ്ങൾക്ക് വിധേയമാക്കാനും കഴിയണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടച്ചുപൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുത്ത് തൊഴിലാളികൾക്ക് പണികൊടുക്കാൻ ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് പറയാനുള്ളത്. അത് തൊഴിലാളികളുടെ സംരക്ഷണത്തിനുതകുന്നതാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണിത്. ആഗോള കശുവണ്ടിയുടെ തലസ്ഥാനം എന്ന വിശേഷണമുള്ള ജില്ലയാണ് കൊല്ലം. ഇന്ന് കശുവണ്ടി വ്യവസായം തകർച്ച നേരിടുകയാണെന്നത് എല്ലാവരും സൂചിപ്പിച്ചു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കശുവണ്ടി വ്യവസായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കൊല്ലം. ലോകത്തുതന്നെ ആദ്യമായി കശുവണ്ടി കയറ്റുമതി ചെയ്തത് കൊല്ലത്തുനിന്നാണ്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ലോകത്ത് ഏറ്റവും വൈദഗ്ദ്ധ്യമുള്ളവർ കൊല്ലം ജില്ലയിലാണെന്നുള്ളതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കൊല്ലം ജില്ലയിലാണ് ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളും തൊഴിലാളികളും ഉള്ളതെന്നും അതിൽ വൈദഗ്ദ്ധ്യം നേടിയ പ്രവർത്തനം നടക്കുന്നതെന്നും. അതുകൊണ്ട് നിങ്ങളുടെകൂടെ നിൽക്കുന്ന തൊഴിലാളികൾക്കുവേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഏകദേശം അഞ്ചുലക്ഷത്തിൽപ്പരം പേർക്ക് നേരിട്ടും അല്ലാതെയും ജീവനോപാധിയായിരുന്ന ഈ മേഖലയുടെ ഭാവി ഇരുളടഞ്ഞതിന്റെ രൂപമാണ് സത്യത്തിൽ ഇന്നിവിടെ അവതരിപ്പിച്ചത്. ഇതിലൂടെ സംസ്ഥാനത്തിന്റെ സംസ്കൃതിയുടെ തകർച്ചകൂടി അനുഭവിക്കുകയാണ്. കൊല്ലം ജില്ലയിൽമാത്രം ഏകദേശം രണ്ട് ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതനുസരിച്ചാണെങ്കിൽ അതിൽ 97 ശതമാനവും സ്ത്രീകളാണ്. ഉൽപ്പാദനമേഖലയിലെയും കശുവണ്ടി വ്യവസായമേഖലയിലെയും തകർച്ച പരിഹരിക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാതെ വരുമാനം കണ്ടെത്താനാണ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. ഫാക്ടറികൾ പ്രവർത്തിപ്പിക്കാതെ അല്ലെങ്കിൽ അതിനാവശ്യമായ ഗുണപരമായ മാറ്റങ്ങൾ വരുത്താതെ നിലവിലുള്ള തൊഴിലാളികളിൽനിന്ന് വരുമാനം കണ്ടെത്താനാണ് ശ്രമിക്കുന്നത്. കാഷ്യൂ ബോർഡുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രവർത്തനങ്ങൾ നടത്തുന്നതിന് പാവപ്പെട്ട തൊഴിലാളികളിൽനിന്നും അംശദായം പിരിച്ചെടുക്കുന്നുവെന്നത് പ്രയാസകരമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്ത് കശുമാവ് കൃഷി

ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ഉല്പാദനവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2010-11-ൽ 34780 ടണ്ണായിരുന്ന ഉൽപ്പാദനമെങ്കിൽ 2019-20-ൽ അത് 19440 ടണ്ണായി കുറഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ കശുമാവ് കൃഷിയുടെ വിസ്തൃതി 43850 ഹെക്ടറിൽനിന്നും 39890 ഹെക്ടറായി കുറഞ്ഞതും കശുമാവ് കൃഷിയുടെ സാദ്ധ്യതകളെ കാര്യമായി ബാധിക്കുകയാണ്. ഇതിന്റെ ഭാഗമായി വളരെയധികം പ്രയാസമുണ്ടാകുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഓരോ വർഷത്തേയും തോട്ടണ്ടി ഉൽപ്പാദനത്തിലെ കുറവാണ് അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കശുവണ്ടി ഉൽപ്പാദനം രാജ്യത്ത് വർദ്ധിപ്പിക്കണ്ടേ? അത് ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരന് എന്തെങ്കിലും സഹായമോ ഇൻസെന്റീവോ കൊടുക്കണമെന്നുള്ളതിനെക്കുറിച്ച് ആലോചനയുണ്ടാകേണ്ടതല്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും. ഈ ബിൽ കൊണ്ടുവരുമ്പോൾ അതുകൂടി പ്രതിപാദിക്കേണ്ടതായിരുന്നു. പക്ഷേ, ഈ ബിൽ തൊഴിലാളികളിൽനിന്ന് അംശദായം പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായുള്ളതാണ് എന്നതാണ് ഇതിന്റെയൊരു പ്രയാസവും പ്രത്യേകതയും. ഈ സമ്മേളനത്തിൽ അവതരിപ്പിച്ച എല്ലാ ക്ഷേമനിധി ബില്ലുകളുടെയും ഉദ്ദേശ്യകാരണം അംശദായം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. കൂടാതെ എല്ലാ ബില്ലുകളിലും നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം പകുതിയായി കുറച്ചിരിക്കുകയാണ്. തൊഴിലാളി വിഹിതത്തിന്റെ ഇരട്ടിയും തുല്യവുമായ വിഹിതം മുൻ സർക്കാർ അടച്ചുകൊണ്ടിരുന്ന സ്ഥാനത്താണ് തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്ന്, തൊഴിലാളികളിൽനിന്നുമാത്രം ഇരട്ടി തുക പിരിച്ചെടുക്കുന്നത് എന്നതാണ് ഇതിന്റെയൊരു പ്രയാസകരമായ അനുഭവം. ഏകദേശം 834 ഫാക്ടറികൾ സംസ്ഥാനത്തുണ്ടെന്നാണ് എന്റെ അറിവ്. അതിൽ 700 ഫാക്ടറികളും കൊല്ലം ജില്ലയിലാണ്. അവിടെയുള്ള ചുരുക്കം ചില ഫാക്ടറികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. തുറന്നുപ്രവർത്തിക്കാത്ത ഫാക്ടറികളിലെ തൊഴിലാളികളിൽനിന്നടക്കം അല്ലെങ്കിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ കുറച്ച് തൊഴിലാളികളിൽനിന്ന് ക്ഷേമനിധി ബോർഡിലേയ്ക്ക് പണം സ്വരൂപിക്കുക എന്നൊരു ദുരുദ്ദേശ്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. ക്ഷേമനിധിയിൽനിന്നുള്ള വരുമാനം അപര്യാപ്തമായതിനാൽ ഭരണച്ചെലവ് വഹിക്കുന്നതിനാണ് അംശദായം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. കശുവണ്ടി ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളി ഓരോ

ദിവസത്തെയും ജോലിക്കും തൊഴിലാളിയും തൊഴിലുടമയും നിധിയിലേയ്ക്ക് രണ്ട് രൂപ അംശദായം നൽകണമെന്ന് ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുകയാണ്. എന്നാൽ സർക്കാർ വിഹിതത്തിൽ ഒരു വർദ്ധനവും വരുത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കാതെ വർദ്ധനവ് തൊഴിലാളികളുടെ ചുമലിൽമാത്രം കെട്ടിവയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. അംശദായം വർദ്ധിപ്പിക്കുന്നതല്ലാതെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തിൽ യാതൊരു വർദ്ധനവും വരുത്താൻ സർക്കാർ തയ്യാറാകുന്നില്ല. അംശദായം വർദ്ധിപ്പിക്കുന്നതുവഴി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യമാണുള്ളത്. ഈ ബില്ലിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണുള്ളതെങ്കിലും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻകൂടി സർക്കാർ തയ്യാറാകണം. അതാണ് ഇവിടെ എല്ലാവരും സൂചിപ്പിച്ചത്. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഒരു നിലപാടും ഈ ബില്ലിന്റെ ഭാഗമായി ഗവൺമെന്റിൽനിന്നും ഉണ്ടായിട്ടില്ല. നമ്മൾ ഒരുപാട് പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്നുണ്ട്. അംശദായം വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം ബോർഡിന്റെ വരുമാനം കൂടുകയില്ല. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ നിധിയിലേയ്ക്ക് വരുമാനം എത്തുകയുള്ളൂ. നിലവിൽ പരിമിതമായ ഫാക്ടറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഭൂരിപക്ഷം തൊഴിലാളികളും ഇന്ന് തൊഴിലില്ലാതെ കഷ്ടപ്പെടുകയാണ്. അപ്പോൾ സ്വാഭാവികമായും അവരടയ്ക്കുന്ന അംശദായത്തിൽ കുറവുണ്ടാകും. തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഫാക്ടറികൾ തുറക്കുന്നതിനും ഏറ്റെടുക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതാണ് പ്രയാസകരമായ കാര്യം. ഇത്തവണത്തെ ബഡ്ജറ്റിൽ കശുമാവ് കൃഷിക്കായി 5.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് പറയുന്ന കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. കേരളത്തിൽ ചെറുതും വലുതുമായിട്ടുള്ള 840 കശുവണ്ടി ഫാക്ടറികളുണ്ട്. അവയിൽ 30 ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റേയും 10 എണ്ണം കാപ്പെക്സിന്റേതുമാണ്. അതുകൂടാതെ മുതലാളിമാർ നടത്തുന്ന കുറച്ച് ഫാക്ടറികളും തുറന്നുപ്രവർത്തിക്കുന്നുണ്ട്. അടച്ചിട്ടിരിക്കുന്ന മുഴുവൻ ഫാക്ടറികളും സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും അങ്ങനെ ഏറ്റെടുക്കാൻ കഴിയില്ല. അതിന് അധികമായി സാമ്പത്തിക സ്രോതസ്സ് കണ്ടെത്തണം. കുറച്ച് ഫാക്ടറികൾ

സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം. ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് 30 ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്തത്. ഇത്രയും ഫാക്ടറികൾ ഏറ്റെടുക്കാൻ കഴിയില്ലെങ്കിലും കുറച്ച് ഫാക്ടറികളെങ്കിലും ഏറ്റെടുക്കണം. ആര് പറഞ്ഞാലും കൊല്ലത്തെ VLC (Vijayalaxmi Cashew Company) കേൾക്കില്ല. കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി അവരെ വിളിച്ചുവരുത്തിയിട്ടും ഫാക്ടറി തുറക്കാൻ തയ്യാറായില്ല. അവിടെ പണിയെടുത്തിരുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ അംശദായം അടയ്ക്കുന്നില്ല. കശുവണ്ടി ഫാക്ടറികളുടെ മാന്വൽ പ്രകാരം ഒരു വർഷം ഇത്ര ദിവസത്തെ തൊഴിൽദിനങ്ങൾ നൽകിയെങ്കിൽ മാത്രമേ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയുള്ളൂ. അവർക്ക് ചികിത്സ ലഭ്യമാകുന്നില്ല. ഈ മേഖലയിലെ പ്രതിസന്ധി മാറ്റിയെടുക്കുന്നതിന് പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ തകരുന്ന കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനോ ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. പണം വകയിരുത്തി കുറച്ച് ഫാക്ടറികൾ ഏറ്റെടുത്ത് പരമാവധി തൊഴിലാളികളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപദ്ധതിയുടെ ഒരു പ്രഖ്യാപനവും വന്നില്ലെന്നുള്ളത് പരിതാപകരമായ സ്ഥിതിയാണ്. കയർ വ്യവസായമേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമിലുൾപ്പെടുത്തി സബ്സിഡി അടക്കമുള്ള സംവിധാനങ്ങൾ ചെയ്തുവരുന്നുണ്ട്. അതുപോലെ കശുവണ്ടി മേഖലയിലും ഇൻകം സപ്പോർട്ട് സ്കീം ആവിഷ്കരിച്ച് അവരെ സഹായിക്കാനാവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്നാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. കേരളത്തിൽ 840 ഫാക്ടറികളുള്ളതിൽ 40 ഫാക്ടറികൾ മാത്രമേ തുറന്നുപ്രവർത്തിക്കുന്നുള്ളൂ എന്നാണ് അങ്ങിവിടെ പറഞ്ഞത്. സ്വകാര്യ ഫാക്ടറികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കൊക്കെ പോകുകയും ചെയ്യുന്നു. അത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിനാണ് ചില കമ്പനികളും ഫാക്ടറികളും ഏറ്റെടുക്കണമെന്ന് സൂചിപ്പിക്കുന്നത്. കശുവണ്ടി മേഖല പരിപൂർണ്ണമായ തകർച്ച നേരിടുകയാണ്. വർഷങ്ങളായി സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള 40 ഫാക്ടറികൾ മാത്രമാണ് നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നത്. ആ ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും 78 ദിവസത്തെ ഹാജർദിനങ്ങൾ

തികയ്ക്കാൻ കഴിയാത്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ അടക്കമുള്ള പല ഇ.എസ്.ഐ. ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. പല സ്വകാര്യ മുതലാളിമാരും അവരുടെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും മിനിമം വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുകയുമാണ്. സംസ്ഥാനത്തെ സ്വകാര്യ ഫാക്ടറികൾ തുറക്കാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് തൊഴിൽ നൽകാനുമുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു നോട്ടീസുപോലും കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനോ അല്ലെങ്കിൽ പരിമിതമായ ചില നിലപാടുകൾ സ്വീകരിക്കുന്നതിനോ അവരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രവർത്തനവും ഗവൺമെന്റ് നടത്തുന്നില്ലെന്നുള്ളതാണ് പ്രയാസകരമായ കാര്യം. സാധാരണഗതിയിൽ മൂന്ന് വർഷം കൂടുമ്പോൾ തൊഴിലാളികളുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതാണ്. ഏഴ് വർഷമായിട്ടും വേതനം പുതുക്കുന്നത് സംബന്ധിച്ച് ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2015-ലാണ് അവസാനമായി വേതനം വർദ്ധിപ്പിച്ചിട്ടുള്ളത്. തോട്ടണ്ടി തല്ലുന്ന ഒരു തൊഴിലാളിക്ക് കിലോയ്ക്ക് 36.19 രൂപയും പീലിംഗ് തൊഴിലാളിക്ക് ഒരു കിലോയ്ക്ക് 46 രൂപയുമാണ് നൽകുന്നത്. തൊഴിലുറപ്പ് തൊഴിലാളിക്ക് ഇതിൽ കൂടുതൽ വേതനം ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനം വാങ്ങി തൊഴിലെടുക്കുന്ന വിഭാഗം കശുവണ്ടി തൊഴിലാളികളാണ്. കേരളത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന വ്യവസായ മേഖലയാണിത്. 2015-ൽ 6,000 കോടി രൂപയുടെ വിദേശനാണ്യവും ആഭ്യന്തര വിപണിയിൽ 5,000 കോടി രൂപയും നേടിത്തന്ന കശുവണ്ടി വ്യവസായം ഇന്നെവിടെ എത്തിനിൽക്കുന്നുവെന്നതിന്റെ വളരെ പ്രയാസകരമായ അനുഭവമാണ് ഈ ബില്ലിന്റെ ചർച്ചകൾക്കിടയിൽ ഇടപെട്ടുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞത്. മുതലാളിമാരോട് കേന്ദ്രസർക്കാർ കാണിക്കുന്ന സമീപനം ഇവിടെയും സ്വീകരിക്കുന്നതിൽനിന്ന് പുറകോട്ട് പോകണമെന്നാണ് എന്റെ അഭ്യർത്ഥന. നേരത്തെയുണ്ടായിരുന്ന കശുമാവിൻ തോട്ടങ്ങളിൽ ഭൂരിഭാഗവും ഇന്ന് റബ്ബർ തോട്ടങ്ങളായിമാറി. കശുവണ്ടിയുടെ വിലയിടിവുകാരണം കൂടുതൽ കർഷകരും കശുമാവ് കൃഷി ഉപേക്ഷിക്കാനൊരുങ്ങുകയാണ്. കശുവണ്ടിക്ക് ന്യായമായ വില ലഭിക്കാൻ നടപടിയുണ്ടാകണം. കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലാണ് ഇപ്പോൾ കശുമാവുകൃഷി കൂടുതലുള്ളത്. വിലയിടിവിനെത്തുടർന്ന് 70 ശതമാനം

കർഷകരും മറ്റ് കൃഷികളിലേയ്ക്ക് പോകുകയാണ്. അതിന്റെ പ്രയാസമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചത്. എന്റെ അറിവ് ശരിയാണെങ്കിൽ, പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിലാണ് എൻഡോസൾഫാൻ തളിച്ചിട്ടുള്ളതും അവിടെയാണ് ഈ പ്രയാസങ്ങളെല്ലാം ഉണ്ടായിട്ടുള്ളതും. അതുകൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരം നൽകണമെന്നാണ് എന്റെ അഭിപ്രായം. തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം. സംസ്ഥാനത്തിനകത്തും പുറത്തും കശുമാവ് കൃഷിചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അഞ്ച് വർഷം കഴിഞ്ഞിട്ടും കശുവണ്ടിമേഖല കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ആന്ധ്രാപ്രദേശ് സർക്കാരുമായി ബന്ധപ്പെട്ട് അവിടെ കശുവണ്ടി സ്വയംപര്യാപ്ത സംസ്ഥാനമാക്കുന്നതിന് കൊണ്ടുവന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയും സംഘവുമൊക്കെ അവിടെപ്പോയി ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമം നടത്തിയിരുന്നു. ആ പദ്ധതി എങ്ങുമെത്താതെപോകുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. വിദേശത്തുപോയി കുറഞ്ഞവിലയ്ക്ക് മേന്മയുള്ള തോട്ടണ്ടി സംസ്ഥാനത്തെ എല്ലാ ഫാക്ടറികളിലും എത്തിക്കാനായി രൂപീകരിച്ച കശുവണ്ടി ബോർഡിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കശുവണ്ടി ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്ന് ബഹുമാന്യരായ അംഗങ്ങളൊക്കെ ഇവിടെ പറഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ അവസാനത്തെ ഒരു വർഷത്തിനിടയിലാണ് ബോർഡ് രൂപീകരിച്ചത്. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ വില കൂടുതലും കശുവണ്ടിപ്പരിപ്പിന്റെ വില കുറവുമാണ്. സംസ്ഥാനത്ത് ഒരുവർഷം ഏകദേശം പത്ത് ലക്ഷം ടൺ തോട്ടണ്ടി ആവശ്യമാണ്. നാടൻ കശുവണ്ടിപോലെ വാല്യൂ അഡിഷൻ വർദ്ധിപ്പിക്കാൻ മാർക്കറ്റുകളുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബാങ്കിന്റെ ജപ്തിനടപടികളെക്കുറിച്ചും അടിസ്ഥാനസൗകര്യ വികസനങ്ങളെക്കുറിച്ചുമൊക്കെ പല അംഗങ്ങളും സൂചിപ്പിച്ചു. പരമ്പരാഗത വ്യവസായമായ കയറും മറ്റ് വ്യവസായങ്ങളുമൊക്കെ തകർച്ചയും പ്രയാസവും നേരിടുന്നതുപോലെ കശുവണ്ടിമേഖലയും അങ്ങനെയൊരു തകർച്ച നേരിടുമ്പോൾ ജീവനോപാധിയായി കൊണ്ടുനടക്കുന്ന ഈ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഈ തൊഴിലാളികളിൽനിന്നും അംശദായം പിരിച്ചെടുത്ത് ഗവൺമെന്റിന്റെ ഇത്തരം ബോർഡുകളും സമിതികളുമൊക്കെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന ഈ നയത്തിനോടും ബില്ലിനോടും എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: Sir, I move that- " This House resolves to disapprove 'The Kerala Agricultural Workers' (Amendment) Bill Ordinance, 2021 (Ordinance No.133 of 2021)." 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പരിശോധിച്ചാൽ കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ദയനീയചിത്രം നമുക്ക് ബോദ്ധ്യമാകും. ഇന്നലെയും ഇന്നുമായി ഇവിടെ കയർ, കശുവണ്ടി മേഖലയിലെ തൊഴിലാളികളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഇനി ചർച്ച ചെയ്യാൻ പോകുന്നത് തയ്യൽ തൊഴിലാളികളെയും പൊതുവായ തൊഴിലാളികളെയും കുറിച്ചാണ്. തൊഴിലാളി എന്ന കാഴ്ചപ്പാടിൽ നോക്കിക്കാണുമ്പോൾ ഇവരെല്ലാവരും പ്രയാസം അനുഭവിക്കുന്ന ആളുകളാണെന്നുള്ളതിൽ തർക്കമില്ല. കാലാകാലങ്ങളായി തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. നമ്മുടെ നാട്ടിലും ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലുമൊക്കെ തൊഴിലാളികളെന്നും പ്രയാസങ്ങൾ അനുഭവിക്കുന്ന വിഭാഗമാണ്. കർഷകത്തൊഴിലാളികൾ സാധാരണ കയർ തൊഴിലാളിയോ കശുവണ്ടി തൊഴിലാളിയോ അനുഭവിക്കുന്ന പ്രശ്നങ്ങൾമാത്രം അനുഭവിച്ചവരല്ല. പരമ്പരാഗത കർഷകത്തൊഴിലാളികൾ കേരളീയ സമൂഹത്തിലുൾപ്പെടെ ഏറ്റവും പ്രയാസകരമായ കാലഘട്ടത്തിലൂടെ കടന്നുവന്നവരാണ്.

3.00 P.M.}

ഒരു തൊഴിലാളി നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്നത് പൊതുവായി പറയാൻ കഴിയും. പക്ഷേ, അതിനേക്കാൾ രൂക്ഷമായ സാമൂഹ്യവിവേചനവും ജാതിവിവേചനമുൾപ്പെടെ നേരിട്ടിട്ടുള്ള വലിയ വിഭാഗമാണ് പരമ്പരാഗത കർഷകത്തൊഴിലാളികൾ. കേരളത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദളിത് വിഭാഗത്തിൽപ്പെട്ടവരാണ് തൊണ്ണൂറ് ശതമാനവും; പ്രത്യേകിച്ച് നെൽവയലുകളിൽ പ്രവർത്തിക്കുന്നവർ. അതുകൊണ്ടുതന്നെ ഒരു തൊഴിലാളി പൊതുവായി അനുഭവിച്ച പ്രയാസത്തെക്കാൾ കഠിനമായ അനുഭവങ്ങളിലൂടെ കടന്നുവന്നിട്ടുള്ളവരാണ് കേരളത്തിലെ കർഷകത്തൊഴിലാളികൾ. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, പഴയകാലത്തെ കർഷകത്തൊഴിലാളികൾ അനുഭവിച്ച ദയനീയ ചിത്രം ആധുനിക കാലഘട്ടത്തിലും നമുക്ക് കാണാൻകഴിയും. ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റിനിർത്തപ്പെട്ട ഒരു സാഹചര്യമുണ്ടായിരുന്നു. കേരളത്തിന്റെ സാമൂഹ്യമുന്നേറ്റത്തിലെ പോരാട്ടങ്ങളിൽ ഏറ്റവും നിർണ്ണായക പങ്കുവഹിച്ചവരാണ് കേരളത്തിലെ കർഷകത്തൊഴിലാളികൾ. തങ്ങളുടെ മുന്നേറ്റത്തിനുവേണ്ടി കേരളത്തിൽ ആദ്യമായി സ്വയം സമരം നടത്തിയത് അവരാണ്. മഹാനായ അയ്യങ്കാളി നേതൃത്വം നൽകിയ കാർഷിക പണിമുടക്ക് എന്ന സമരം കേരള ചരിത്രത്തിന്റെ ഭാഗമാണ്. അന്ന് ആ സമരം യഥാർത്ഥത്തിൽ

കർഷകരുടെ പ്രശ്നങ്ങൾക്ക് വേണ്ടിയായിരുന്നില്ല; മറിച്ച് ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ നടത്തിയ സമരമായിരുന്നു. മഹാനായ അയ്യങ്കാളിയുടെ വാക്ക് പ്രശസ്തമാണ്, 'കേരളത്തിലെ വിദ്യാലയങ്ങളിൽ ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ അവസരമില്ലെങ്കിൽ നിങ്ങളുടെ വയലേലകളിൽ ഞങ്ങൾ പണിയെടുക്കില്ല; നിങ്ങളുടെ വയലുകളിൽ നെല്ലിനുപകരം പുല്ലും കളയും വളരും' എന്നു പറഞ്ഞുകൊണ്ടാണ് ആ വലിയ പ്രക്ഷോഭത്തിന് അദ്ദേഹം നേതൃത്വം നൽകിയത്. കേരളത്തിലെ കാർഷിക സമരവുമായി ബന്ധപ്പെട്ട്, കേരളത്തിൽ പരമ്പരാഗത കാർഷികരംഗത്ത് പ്രവർത്തിക്കുന്ന കർഷകരെ കാണാൻ കഴിയുമെന്നത് ഞാൻ അടിവരയിട്ട് പറയുകയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ടും കാർഷിക പോരാട്ടങ്ങളെടുത്തു നോക്കിക്കഴിഞ്ഞാലും അവിടെയും കർഷകത്തൊഴിലാളികൾക്ക് വലിയ പ്രാധാന്യമുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എല്ലാവരും പരാജയപ്പെട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് കർഷകത്തൊഴിലാളികൾക്ക് വാഗ്ദാനങ്ങൾ കൊടുത്തതും അവരെ പ്രലോഭിപ്പിച്ചതും അവരെ കൊടിപിടിപ്പിച്ചതും സമരങ്ങളുടെ മുന്നിൽ നിർത്തിയതും. അങ്ങനെയൊക്കെയായിട്ടും അധികാരത്തിൽ വന്നുകഴിഞ്ഞപ്പോൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തള്ളിക്കളഞ്ഞത് ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളെയാണ്. 1955-ലാണ് ഭൂമിയിൽ പണിയെടുക്കുന്നവനാണ് അവകാശം എന്ന പ്രമേയം കമ്മ്യൂണിസ്റ്റ് പാർട്ടി പാസ്സാക്കിത്. 1955-ൽ പ്രമേയം വന്നു; 1957-ൽ ഭൂപരിഷ്കരണ നിയമം വന്നു. ഇതൊക്കെ വന്നപ്പോഴും ഭൂമിയിൽ പണിയെടുത്ത പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് ഭൂമിയുടെ അവകാശം ലഭിക്കാത്ത സാഹചര്യമുണ്ടായി. നമ്മൾ ആവേശത്തോടുകൂടി പറയുന്ന ഭൂപരിഷ്കരണ നിയമം പരിശോധിച്ചാൽ ഭൂമിയിൽ പണിയെടുത്ത പാവപ്പെട്ട കർഷക തൊഴിലാളിക്ക് ഭൂമി ലഭിച്ചിട്ടില്ല എന്ന കാര്യം ബോദ്ധ്യമാകും. അഞ്ച് സെന്റും പത്തും സെന്റും ഭൂമി കുടികിടപ്പവകാശത്തിന്റെ പേരിലാണ് കിട്ടിയത്. പാവപ്പെട്ട കർഷകത്തൊഴിലാളിയെ മുഖ്യധാരയിൽനിന്നും അപ്പോഴും മാറ്റിനിർത്തി. വിപ്ലവകരമായ ഭൂപരിഷ്കരണ നിയമമാണ് കൊണ്ടുവന്നതെന്നും കേരളത്തിൽ നടപ്പാക്കിയതെന്നുമൊക്കെ ഇപ്പോഴും നമ്മൾ പറയും. അതെല്ലാം പൊള്ളയായ അവകാശവാദങ്ങളാണ്. യാഥാർത്ഥ്യം അതിൽനിന്നും എത്രയോ ദൂരെയാണ്. ഇടതുപക്ഷ സഹയാത്രികനും അദ്ധ്യാപകനും സാമ്പത്തിക വിദഗ്ധനുമായ ശ്രീ. എം. കുഞ്ഞാമൻ കേരളത്തിലെ ഭൂപരിഷ്കരണം എന്നത് ബൂർഷ്വാ ഭൂപരിഷ്കരണമാണെന്നാണ് പറഞ്ഞിട്ടുള്ളത്. അത് നൂറ് ശതമാനവും ശരിയാണ്. അദ്ദേഹം കോൺഗ്രസ് കാഴ്ചപ്പാടുള്ള വ്യക്തിയല്ല; കമ്മ്യൂണിസ്റ്റ് കാഴ്ചപ്പാടുള്ള വ്യക്തിയാണ്. അദ്ദേഹം പറഞ്ഞത് അടിവരയിടാതിരിക്കാൻ കഴിയില്ല. കേരളത്തിൽ സാമൂഹ്യവിവേചനം അനുഭവിച്ച പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് ഒരു ഗവൺമെന്റും കാര്യമായ സഹായങ്ങൾ ചെയ്തില്ലെന്നുള്ളത് നമുക്ക് ബോദ്ധ്യമാകും. ഏറ്റവും കൂടുതൽ ചെയ്യേണ്ടിയിരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അവരെ സമരങ്ങളിലേയ്ക്ക് കൊണ്ടുവന്നതും വാഗ്ദാനങ്ങൾ നൽകിയിട്ടുള്ളതും. ഇതൊക്കെ പല പ്രാവശ്യം ഈ സഭയിൽ ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കൂടുതലായി കടന്നുപോകുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി യഥാർത്ഥത്തിൽ മറ്റു ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമാണ്. തൊഴിലാളികളുടെയും ഭൂവുടമകളുടെയും അംശദായം വർദ്ധിപ്പിക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് രണ്ടിലും നാമമാത്രമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. നിലവിലുള്ള സാഹചര്യംകൂടി ബില്ലിൽ പറയുന്നുണ്ട്. "കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പദ്ധതിയുടെ വരുമാനം തികച്ചും അപര്യാപ്തമായിരുന്നു. കൂടാതെ കർഷകത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പരിഗണിക്കുമ്പോൾ, പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിനായി, ഭൂവുടമകളുടെയും കർഷകത്തൊഴിലാളികളുടെയും നിലവിലുള്ള അംശദായനിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്." തൊഴിലാളിയുടെ അംശദായം 5 രൂപയിൽ നിന്നും 20 രൂപയാക്കുകയാണ്. അതുപോലെതന്നെ ഭൂവുടമകളുടെ അംശദായവും വർദ്ധിപ്പിക്കുന്നുണ്ട്. അത് വ്യക്തമായി ഇതിൽ പറഞ്ഞിരിക്കുകയാണ്; ഒരു കർഷകത്തൊഴിലാളിയുടെ അംശദായമായ 20 രൂപയുടെ 25 ശതമാനമാണ് സർക്കാർ ഗ്രാന്റായി നിധിയിലേയ്ക്ക് നൽകേണ്ടത്. അത് ഏകദേശം 5 രൂപയാണ് വരുന്നത്. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കാവശ്യമായ ആനുകൂല്യങ്ങൾ നൽകാനുള്ള പണം ക്ഷേമനിധിയിലില്ലെന്ന് ഈ ബില്ലിൽത്തന്നെ പറയുമ്പോൾ ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത്? കർഷകത്തൊഴിലാളിയിൽനിന്നും അംശദായം വാങ്ങുന്നതിന് പരിമിതിയുണ്ട്. ഗവൺമെന്റിന്റെ വിഹിതം എന്തുകൊണ്ട് വർദ്ധിപ്പിക്കുന്നില്ല. ബഡ്ജറ്റിൽ എല്ലാ വർഷവും തുക പ്രഖ്യാപിക്കാറുണ്ട്. പക്ഷേ, പണം ചെലവഴിക്കുന്ന കാര്യത്തിൽ ക്ഷേമനിധിയുമായി യാതൊരു ബന്ധവുമില്ല; വെറും പ്രഖ്യാപനങ്ങൾ മാത്രമാണുള്ളത്. ഞാൻ സൂചിപ്പിച്ചത്, സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടയാളുകളുള്ള ഈയൊരു ക്ഷേമനിധിയോടുള്ള ഗവൺമെന്റിന്റെ സമീപനമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലായെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. രണ്ടുഘട്ടങ്ങളിലായി നടന്നിട്ടുള്ള ഭൂപരിഷ്കരണമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കെ. ആർ. ഗൗരിയമ്മയുടെയും രണ്ടാം ഇ.എം.എസ്. ഗവൺമെന്റിന്റെയും ഭരണകാലത്താണ് അത് കൊണ്ടുവന്നിട്ടുള്ളത്.

കേരളത്തിൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന 1980-ൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നു. പ്രത്യുല്പാദനപരമല്ല എന്നുപറഞ്ഞ് കോൺഗ്രസ് അന്ന് അതിനെ കളിയാക്കുകയാണ് ചെയ്തത്. കോൺഗ്രസ് നേതാക്കളുടെ പേരൊന്നും ഞാൻ പറയുന്നില്ല. അതെല്ലാം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ എന്നെനിക്കറിയില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ……(മൈക്ക് ഓഫ്...) തൊഴിൽ വകുപ്പുമന്ത്രിയാണ് ആ ബിൽ കൊണ്ടുവന്നത്. അത് താങ്കൾക്കറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: അറിയാം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കെ. എം. മാണിയുടെ ബഡ്ജറ്റിലൂടെയാണ് കർഷക തൊഴിലാളികൾക്ക് ആദ്യമായി പെൻഷൻ പ്രഖ്യാപിച്ചതെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമ്മൾ പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തതാണ്. അത് ആവർത്തിക്കേണ്ട കാര്യമില്ല. കേരളത്തിൽ കോൺഗ്രസ്സിന്റെ സമീപനം എന്തായിരുന്നുവെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കേരളത്തിലാദ്യമായി ഭൂപരിഷ്കരണ നിയമത്തിന് അടിസ്ഥാനമായ കുടിയാൻ നിയമം 1920-ലെ കോൺഗ്രസ്സിന്റെ സമ്മേളനത്തിലാണ് കൊണ്ടുവന്നത്. 100 വർഷംമുമ്പ് 1920-ൽ കുടിയാൻ നിയമം ആനി ബസന്റൊക്കെ പങ്കെടുത്ത കോൺഗ്രസ്സിന്റെ മഞ്ചേരി സമ്മേളനത്തിലൂടെ കൊണ്ടുവന്നു. കോൺഗ്രസ്സിന്റെ ഈയൊരു കാര്യത്തിലുള്ള സമീപനം എന്തായിരുന്നുവെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. അതിന്റെ തുടർച്ചയായി 1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഭൂപരിഷ്കരണ നിയമത്തിന് തുടക്കം കുറിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹമുൾപ്പെടെ എന്തുകൊണ്ട് ഈയൊരു തലത്തിലേയ്ക്കുവന്നു എന്ന് ചോദിച്ചാൽ 1920 മുതലുള്ള ചരിത്രം പറയേണ്ടി വരും. 1920-ൽ കുടിയാൻ നിയമം കൊണ്ടുവന്നു. കോൺഗ്രസ്സിലെ ഒരു വിഭാഗം സമ്മേളനത്തിൽ നിന്നിറങ്ങിപ്പോയിട്ടുപോലും ആ പ്രമേയം പാസ്സാക്കിയത് കേരളത്തിലെ കുടിയാൻമാരോടുള്ള കോൺഗ്രസ്സിന്റെ അടിസ്ഥാനപരമായ ആഭിമുഖ്യമാണ് കാണിക്കുന്നത്. അതുകഴിഞ്ഞ് ചരിത്രത്തിൽ പറയുന്ന വേറൊരു കാര്യമുണ്ട്. 1929-ൽ മദിരാശി ഗവൺമെന്റിൽ അംഗമായിരുന്ന മാധവൻ നായർ നിയമസഭയിൽ കുടിയാന്മാർക്കുവേണ്ടിയുള്ള പ്രമേയം അവതരിപ്പിച്ചു. ഭൂപരിഷ്കരണനിയമത്തിൽ കോൺഗ്രസ് എത്രമാത്രം പ്രതിജ്ഞാബദ്ധമായിരുന്നുവെന്ന് അറിയാൻവേണ്ടി സാന്ദർഭികമായി പറയുകയാണ്. 1929-ൽ മദിരാശി നിയമസഭയിൽ അത്തരമൊരു പ്രമേയം അവതരിപ്പിച്ച കാലഘട്ടത്തിലാണ് സാമ്രാജ്യത്വ നിയമസഭകളിൽനിന്നും

വിട്ടുനിൽക്കണമെന്ന തീരുമാനം കോൺഗ്രസ് സ്വീകരിച്ചത്. അങ്ങനെ വന്നപ്പോൾ മാധവൻ നായർ അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് മോട്ടിലാൽ നെഹ്റുവിന് കത്തെഴുതി. ഞങ്ങൾക്ക് നിയമസഭയിൽ പ്രധാനപ്പെട്ട ഒരു നിയമം പാസ്സാക്കാനുള്ളതുകൊണ്ട് ഈ തീരുമാനത്തിന് ഒരു മാറ്റം വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കോൺഗ്രസ്സ് സമ്മേളനത്തിൽ വരണമെന്നും ഇത് അവതരിപ്പിക്കണമെന്നും പറഞ്ഞ് മോട്ടിലാൽ നെഹ്റു അദ്ദേഹത്തിന് മറുപടി എഴുതി. പക്ഷേ, അദ്ദേഹത്തിന് പോകാൻ കഴിയാത്തതിനാൽ പകരം ഒരു പ്രതിനിധിയെ അയച്ചു. ആ പ്രതിനിധി കോൺഗ്രസ് സമ്മേളനത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ കോൺഗ്രസ് എടുത്ത തീരുമാനം ലാഹോർ സമ്മേളനം വരെ മാറ്റിവയ്ക്കാനും പ്രമേയം മദിരാശി സഭയിൽ പാസ്സാക്കിയതിനുശേഷം സാമ്രാജ്യത്വ നിയമസഭയിൽ നിന്ന് വിട്ടുനിന്നാൽ മതിയെന്നുമായിരുന്നു. ഇത് ചരിത്രത്തിന്റെ ഭാഗമാണ്. നിങ്ങൾ കയ്യുംകാലും കാണിച്ചോളൂ, കോൺഗ്രസ് അത്രയ്ക്ക് ശക്തമായ തീരുമാനങ്ങളെടുത്തു. അതിനുശേഷം നടന്നതിനെല്ലാം സഖാവ് ഇ.എം.എസ്. ഉൾപ്പെടെയുള്ളവർക്ക് പങ്കുണ്ട് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. ഞാൻ പറഞ്ഞുവരുന്നത്, കോൺഗ്രസ്സിന് കർഷകരോടുള്ള താല്പര്യത്തിന്റെ ഭാഗമായിട്ടാണ് ഭൂപരിഷ്കരണ നിയമം ഉൾപ്പെടെയുള്ളവ കൊണ്ടുവന്നതെന്നാണ്. ആ നിയമം വന്നപ്പോൾ യഥാർത്ഥത്തിൽ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഗുണം ലഭിച്ചില്ല. അതാണ് ഞാൻ സൂചിപ്പിച്ചത്. കർഷകത്തൊഴിലാളികൾക്ക് ലഭിച്ചത് 5 സെന്റും 10 സെന്റുമാണ്. അത് കുടികിടപ്പ് അവകാശവുമായി ബന്ധപ്പെട്ടാണ് ലഭ്യമായത്. ഈ ബില്ലിൽ ഏറ്റവും വലിയ അനാകർഷണീയമായി എനിക്ക് തോന്നിയ ഒരു കാര്യം 18 വയസ്സിൽ ഈ ക്ഷേമനിധിയിൽ അംഗമായി കഴിഞ്ഞാൽ 60 വയസ്സിൽ അംഗത്വം അവസാനിക്കുകയാണ്. സ്വാഭാവികമായും അംഗത്വം അവസാനിച്ചുകഴിഞ്ഞാൽ ബോർഡ് പെൻഷൻ കൊടുക്കുന്നില്ല. ഗവൺമെന്റ് വേറെ കർഷക പെൻഷൻ കൊടുക്കുകയാണ്. 18 വയസ്സുമുതൽ 60 വയസ്സുവരെ അംശദായം അടയ്ക്കുന്ന ഒരാൾക്ക് 25,000 രൂപയാണ് അതിവർഷ ആനുകൂല്യമായി ലഭിക്കുന്നത്. 60 വയസ്സ് കഴിഞ്ഞ് പിരിഞ്ഞുപോകുമ്പോൾ കിട്ടുന്നത് വെറും 25,000 രൂപയാണ്. ഏറ്റവും ചുരുങ്ങിയത് 75,000 രൂപയെങ്കിലും നൽകണം. പാവപ്പെട്ട കർഷകത്തൊഴിലാളികളല്ലേ; നിങ്ങൾ അത് കൊടുക്കാൻ തയ്യാറാണോ? പ്രസവസഹായമായി നൽകുന്നത് 15,000 രൂപയാണ്. ക്ഷേമനിധി ബോർഡ് കൊടുക്കുന്നത് വെറും 1,000 രൂപയാണ്. ബാക്കി 14,000 രൂപ കേന്ദ്ര ഗവൺമെന്റാണ് നൽകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ 14,000 രൂപ ലഭിക്കുന്നത് കുട്ടി സ്കൂളിൽ പോകുന്ന സമയമാകുമ്പോഴായിരിക്കും. അത്രമാത്രം നൂലാമാലകളാണ് ഇതിലുള്ളത്. ധനസഹായം അവർക്ക് കൃത്യമായി

ലഭ്യമാക്കണം. ക്ഷേമനിധിയിൽനിന്ന് നൽകുന്ന സഹായധനമായ 1,000 രൂപയുടെ സ്ഥാനത്ത് 5,000 രൂപയോ 6,000 രൂപയോ നൽകിയാൽ 20,000 രൂപ അവർക്ക് ലഭിക്കും. സംസ്ഥാന ഗവൺമെന്റും ക്ഷേമനിധി ബോർഡും നൽകുന്ന 1,000 രൂപ എന്നുള്ളത് 6,000 രൂപയാക്കി വർദ്ധിപ്പിച്ചാൽ അതിന്റെ നേട്ടമുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സാമ്പത്തിക ബുദ്ധിമുട്ടൊക്കെ നമുക്കറിയാം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിൽനിന്ന് ഒരു വിഹിതം കർഷകനും കർഷകത്തൊഴിലാളിക്കും അവകാശപ്പെട്ടതാണെന്നത് അംഗീകരിക്കാൻ തയ്യാറുണ്ടോ; 40 ലക്ഷം ടൺ അരി 40 രൂപയ്ക്കും 35 രൂപയ്ക്കുമൊക്കെയാണ് കൊടുക്കുന്നത്. അതിൽ ഒരു രൂപ മാറ്റിവച്ചാൽ 400 കോടി രൂപ കിട്ടും. അങ്ങനെ കിട്ടിയാൽ ഒരേക്കർ കൃഷി ചെയ്യാൻ 15,000 രൂപ വീതം ബോണസ് കൊടുക്കാൻ കഴിയും. പണിയെടുക്കുന്ന മൂന്ന് തൊഴിലാളികൾക്ക് 2,500 രൂപ വീതം നൽകിയാൽ 50 കോടി രൂപയേ വേണ്ടിവരികയുള്ളൂ. ബാക്കി 350 കോടി രൂപയുണ്ട്. ഞാനും നിങ്ങളുമൊക്കെ മന്ത്രിയായി, എം.എൽ.എ. ആയി, ഉദ്യോഗസ്ഥനായി രാജ്യത്തിനെ സേവിച്ചുകൊണ്ടാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളുമൊക്കെ ലഭിക്കുന്നത്. 130 കോടി ജനങ്ങളെ തീറ്റിപ്പോറ്റുന്ന കൃഷിക്കാരനെയും കർഷകത്തൊഴിലാളികളെയും രാജ്യസേവകരായി അംഗീകരിക്കുന്നില്ല. അത് അംഗീകരിക്കാൻ തയ്യാറുണ്ടോ? അത് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞകാലത്ത് കേന്ദ്ര ഗവൺമെന്റ് കൃഷി കല്യാൺ സെസ്സ് അഞ്ചോ ആറോ സംസ്ഥാനങ്ങളിൽ കൊണ്ടുവന്നത്. ഇപ്പോൾ കർഷക ക്ഷേമനിധി ബോർഡും ഗവൺമെന്റും മൂല്യവർദ്ധിത ഉല്പന്നങ്ങളിലെ ലാഭവിഹിതത്തിൽനിന്നാണ് പണം കണ്ടെത്തുന്നത്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ സൂചിപ്പിച്ചുവരുന്നത് അതാണ്. കർഷകത്തൊഴിലാളികൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിന് ഫണ്ട് കണ്ടെത്തുകയെന്നതാണ് പ്രധാനം. ഗവൺമെന്റ് അംശദായമായി 5 രൂപ മാത്രം കൊടുത്തുകൊണ്ട് ഒരു സമീപനം സ്വീകരിക്കുന്നത് കർഷകത്തൊഴിലാളികളോടുള്ള അങ്ങേയറ്റത്തെ വിവേചനവും നിഷേധാത്മക സമീപനവുമാണ്. ഏത് രീതിയിൽ ഫണ്ട് ലഭിച്ചുകഴിഞ്ഞാലും അത് അവർക്ക് കൊടുക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ 8 വർഷത്തെ ആനുകൂല്യങ്ങൾ കുടിശ്ശികയാണെന്നാണ് പറയുന്നത്. എനിക്കതിന്റെ സത്യാവസ്ഥ അറിയില്ല. 60 വയസ്സ് കഴിഞ്ഞ് പിരിഞ്ഞുപോയ അംഗത്തിന് നൽകാനുള്ള തുക 2013-നുശേഷം

ഇതുവരെ നൽകിയിട്ടില്ല. അതുപോലെ പരിമിതമായ ചികിത്സാ ധനസഹായമാണ് നൽകുന്നത്. ഈ ഓർഡിനൻസ് വന്നതിനുശേഷം അത് 1,000 രൂപയിൽനിന്നും 4,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അതിലൊരു വർദ്ധനവുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ യു.ഡി.എഫ്. ഗവൺമെന്റ് 2015-ൽ കർഷകക്ഷേമനിധി കൊണ്ടുവന്നു. കർഷകക്ഷേമനിധി യാഥാർത്ഥ്യമാകുമ്പോൾ അവർക്ക് നൽകാൻ പോകുന്ന പെൻഷൻ 5,000 രൂപയാണെന്നൊക്കെ പത്രവാർത്ത കണ്ടു. അത് നാമമാത്രമാണ്. കർഷകർക്ക് 5,000 രൂപ ലഭിക്കുന്നത് നല്ല കാര്യമാണ്. പക്ഷേ, അതിനാനുപാതികമായി കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടാകണ്ടേ? ഇന്ന് കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് വീഴ്ചവരുത്തിക്കൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികളോട് ഒരു പ്രത്യേക താല്പര്യം ഇടതുപക്ഷ ഗവൺമെന്റിനുണ്ടാകേണ്ടതാണ്. കേരളത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ കേരളത്തിൽ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കുമുള്ള ആയുധമായി കേരളത്തിലെ കർഷകത്തൊഴിലാളികളെ ഉപയോഗിച്ചു എന്നതിനപ്പുറത്ത് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടികളോടും കർഷകരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്തതിലുമുള്ള പ്രതിഷേധംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 'ജയ് ജവാൻ ജയ് കിസാൻ' എന്ന് വിളിച്ചുകൊണ്ടിരുന്ന നാടാണ് ഭാരതം. ഇന്ന് വർഷങ്ങൾ കഴിഞ്ഞപ്പോൾ അത് 'ജയ് വർഗ്ഗീയതയും ജയ് പരിസ്ഥിതി മലിനീകരണവും' ആയി. കർഷകന്റെ കണ്ണുനീർ പൂർണ്ണതോതിൽ കാണാൻ നമുക്കിന്നും സാധിച്ചിട്ടില്ല. കർഷകരോദനം കേൾക്കാൻ ആളുകളുണ്ടോ? വിദ്യാഭ്യാസം, വ്യവസായം, ജലസേചനം, പൊതുമരാമത്ത് തുടങ്ങി എല്ലാ മേഖലകളുമായി ബന്ധപ്പെടാൻ കഴിയുന്ന ഏറ്റവും വലിയ പോർട്ട്ഫോളിയോയുള്ളയാളാണ് സംസ്ഥാന മന്ത്രിസഭയിലെ കൃഷി വകുപ്പുമന്ത്രി. പക്ഷേ, കൃഷിക്കും അനുബന്ധ മേഖലയ്ക്കും കർഷകനും വേണ്ടത്ര പ്രാധാന്യം ഇപ്പോൾ നൽകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ശ്രീ. എ. എൻ. ഷംസീർ കവിതയൊന്നും അവതരിപ്പിക്കുന്നില്ലേയെന്ന് ചോദിച്ചതുകൊണ്ട് കൃഷിയുമായി ബന്ധപ്പെട്ട 'ഒരു കർഷകൻ' എന്ന കവിതയിലെ നാല് വരി ചൊല്ലാം.

'മിഴിനീരുകൊണ്ട് നനയ്ക്കുന്ന പാടത്തു

ഒരു ദീനരോദനമായി മാറും വറുതിയിൽ

മടപൊട്ടിയെത്തും കടക്കെണി താങ്ങാതെ

മരണം വരിക്കേണ്ട ജന്മമോ കർഷകൻ

മരണം വരിക്കേണ്ട ജന്മമോ കർഷകൻ'

കൃഷിയിടങ്ങളിൽനിന്നും കർഷകൻ പോയിക്കഴിഞ്ഞാലുണ്ടാകാൻ പോകുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മുൻപ് പ്രസംഗിച്ച വ്യക്തികൾ കടന്നുപോയ പോയിന്റുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഫാക്ടറികൾ അടച്ചുപൂട്ടി മെഷിനറികളെല്ലാം നശിച്ചുപോയാൽ പിന്നീട് ആ ഫാക്ടറി തുറക്കണമെങ്കിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കണം. അതുപോലെ ഒരു കൃഷിയിടം നശിച്ചുപോയാൽ അത് പൂർവ്വസ്ഥിതിയിലാക്കണമെങ്കിൽ വളരെയധികം കഷ്ടപ്പെടണം. പ്രളയമുണ്ടാകുമ്പോൾ വെള്ളക്കെട്ടുണ്ടാകുന്നത് എന്തുകൊണ്ടാണ്; മഴ പെയ്യുമ്പോൾ വെള്ളം പൊങ്ങുന്നതിന് കാരണമെന്താണ്; പണ്ടുകാലത്ത് കൃഷിയിടങ്ങളിൽ കൃഷി ചെയ്യുമ്പോൾ ആളുകൾ തോട് വൃത്തിയാക്കുകയും മണ്ണുകോരി കളമൊരുക്കുകയും ചെയ്യുമായിരുന്നു. പാടം ഉഴുത് നെല്ല് വിതയ്ക്കാനും കൊയ്യാനും മെതിക്കാനുമൊക്കെ അറിയാവുന്നൊരു കർഷകനാണ് ഞാൻ. കർഷകകുടുംബത്തിൽ ജനിച്ചുവളർന്നയാളാണ് ഞാൻ. പക്ഷേ, ഇന്നത്തെ കുട്ടികൾ അത് കാണുന്നില്ല. ശ്രീ. എ. എൻ. ഷംസീറിനും അതറിയില്ല. അദ്ദേഹം ഏത് മേഖലയിലാണ് അദ്ധ്വാനം ചെയ്തിട്ടുള്ളതെന്ന് എനിയ്ക്കറിയില്ല. കൃഷിയെ സ്നേഹിക്കുകയും കർഷകന്റെ കൂടെ നിൽക്കുകയും ചെയ്തിട്ടുള്ള ഒരാളായതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഇപ്പോൾ കോവിഡ്-19 മഹാമാരിയുടെ കാലമാണ്. ഈ സമയത്ത് ഒട്ടേറെയാളുകൾ കൃഷിയിടങ്ങളിലേയ്ക്ക് കടന്നുവരുന്നുണ്ട്. പെരുമ്പാവൂരിലെ തരിശുപാടശേഖരങ്ങളിൽ കൃഷിചെയ്യാൻ നിരവധി യുവാക്കൾ കടന്നുവന്നു. തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിച്ച് പുതിയ തൊഴിൽ തേടണമെന്ന ആഗ്രഹത്തോടെയാണ് അവർ വന്നത്. അവരിൽ 80 ശതമാനം പേർക്കും മുടക്കുമുതൽ പോലും കിട്ടിയില്ലെന്നാണ് അവരുമായി സംസാരിച്ചപ്പോൾ എനിക്ക് അറിയാൻ സാധിച്ചത്. അത് ഗവൺമെന്റിന്റെ സഹായം കുറഞ്ഞു പോയതുകൊണ്ടാണെന്നോ വിത്ത് കിട്ടാത്തതുകൊണ്ടാണെന്നോ ഞാൻ പറയുന്നില്ല. പാടങ്ങളിലെ മാലിന്യം മാറ്റുന്നതിന് അവർക്ക് പണം ചെലവഴിക്കേണ്ടിവന്നതാണ് അതിനുകാരണം. പാടശേഖരങ്ങളിൽ മുഴുവൻ കുപ്പിച്ചില്ലുകളായിരുന്നു. വെള്ളം ഒഴുകി പോകുന്നില്ല. കൃഷി ചെയ്യുന്നതിനാവശ്യമായ വെള്ളം കിട്ടുന്നില്ലായിരുന്നു. പെരിയാർ വാലി കനാലിലൂടെ അവർക്ക് കൃത്യസമയത്ത് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. എല്ലാ വകുപ്പുകളും യോജിച്ചുപ്രവർത്തിച്ചാൽ മാത്രമേ കാർഷികമേഖലയ്ക്ക് വളരാൻ സാധിക്കുകയുള്ളൂ. എല്ലാം കർഷകന്റെ തലയിലേയ്ക്ക് വരുന്നു. മണ്ണിടിഞ്ഞാലും മനസ്സിടിഞ്ഞാലും മരണപ്പെടുന്നത് കർഷകനാണ്. എല്ലാ ദുഃഖത്തിലും കർഷകനുൾപ്പെടുകയാണ്. എന്റെ ചെറുപ്പകാലത്ത് ഒരു കഥ കേട്ടിട്ടുണ്ട്. ഒരു അപ്പന് രണ്ട് ആൺമക്കളുണ്ടായിരുന്നു. അതിൽ ഒരു മകനോട് നല്ല

സ്നേഹവുമായിരുന്നു. മറ്റേ മകനോട് സ്നേഹമില്ലായിരുന്നു. അദ്ദേഹത്തിന് അഞ്ച് ഏക്കർ പുഞ്ചപ്പാടവും പത്ത് ഏക്കർ പാറയുമുണ്ട്. ബൈബിളിൽ പറയുന്നതുപോലെ പാറയിൽവീണ വിത്ത് വാടിപ്പോകുകയേയുള്ളൂ. പാറയ്ക്ക് വിലയില്ലെന്ന് നമുക്കറിയാം. സ്നേഹസമ്പന്നനായ പിതാവ് തനിക്ക് ഇഷ്ടമുള്ള വാത്സല്യനിധിയായ മകൻ ധനികനായി മാറണമെന്ന് ആഗ്രഹിച്ച് 5 ഏക്കർ പുഞ്ചപ്പാടവും മറ്റേയാൾക്ക് 10 ഏക്കർ പാറയും എഴുതിക്കൊടുത്തു. വർഷങ്ങൾ കഴിഞ്ഞപ്പോൾ 5 ഏക്കർ പുഞ്ചപ്പാടം കിട്ടിയവൻ ദരിദ്രനും 10 ഏക്കർ പാറ കിട്ടിയവൻ സമ്പന്നനുമായി മാറി. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ കർഷകരുടെ സംഗമം നടത്തി. അതിൽ ഒരാൾ പ്രസംഗിച്ചത് എനിക്ക് ഈയവസരത്തിൽ ഓർമ്മവരികയാണ്. എനിക്ക് 4 ഏക്കർ തോട്ടവും കൃഷിയിടവുമുണ്ട്. പക്ഷേ, മാസം പതിനായിരം രൂപപോലും വരുമാനം ലഭിക്കുന്നില്ല. എനിക്ക് മക്കളെ പഠിപ്പിക്കാൻ കഴിയുന്നില്ല. പക്ഷേ, തൊട്ടപ്പുറത്ത് 4 ജെ.സി.ബി.യും ടിപ്പറും ഉള്ള മണിമാളികയിൽ താമസിക്കുന്നയാൾക്ക് ഒരു മാസം ലക്ഷങ്ങൾ വരുമാനം കിട്ടുന്നുവെന്നും കൃഷിയെ സ്നേഹിക്കുന്നവന് ഒന്നും കിട്ടുന്നില്ലെന്നും അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. കർഷകരെ ചൂഷണം ചെയ്യുന്നവർ ധാരാളമുണ്ടെന്നതാണ് യാഥാർത്ഥ്യം. ഇടുക്കിയിൽ ഒരു കർഷകൻ കിഡ്നി വിൽക്കാനുണ്ടെന്ന് പറഞ്ഞ് ബോർഡ് വച്ചുപോയ കഥകൾ നമ്മുടെ മുമ്പിലില്ലേ; അക്കാര്യങ്ങളെല്ലാം ഞാൻ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുകയാണ്. 2021-ലെ കർഷക തൊഴിലാളി (ഭേദഗതി) ബിൽ നിയമമായി കഴിയുമ്പോൾ അതിലൂടെ നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന പ്രത്യാശയുണ്ട്. കർഷകന് അനുകൂലമായ നിരവധി കാര്യങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കണം. സംസ്ഥാനത്ത് കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോയെന്ന് 27-7-2021-ലെ ശ്രീ. സി. ആർ. മഹേഷിന്റെ ചോദ്യത്തിന് സംസ്ഥാനത്തെ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച 5183 അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. കർഷകനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ അത് എത്രയുംപെട്ടെന്ന് ഒത്തുതീർപ്പാക്കുവാൻ അങ്ങ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കർഷകന്റെ പ്രശ്നങ്ങൾ അങ്ങേയ്ക്കറിയാം. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ എം.എൽ.എ.-മാർ ദുരന്തബാധിത പ്രദേശത്തേയ്ക്ക് ഓടിച്ചെല്ലുന്നു, വീടുകൾ സന്ദർശിക്കുന്നു, കൃഷിയിടങ്ങൾ നശിച്ചതു കാണുന്നു, ഫോട്ടോ എടുക്കുന്നു, ഇതൊക്കെ ഫേസ് ബുക്കിലും വാട്സ്-ആപ്പിലും പത്രങ്ങളിലും വരുന്നു. പക്ഷേ, പ്രകൃതിക്ഷോഭം കാരണം നാശം സംഭവിക്കുന്ന പാവപ്പെട്ടവന് അപേക്ഷ കൊടുത്താൽ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നു. നല്ലൊരു ജാതിമരത്തിൽനിന്നും ഒരു വർഷം ഇരുപത്തിയയ്യായിരം രൂപ വരെ വരുമാനം ലഭിക്കും. പക്ഷേ, ഓരോ ജാതി മരവും ഉണങ്ങിപ്പോകുമ്പോൾ എത്ര രൂപയുടെ

നഷ്ടമാണ് ഒരു കർഷകന് സഹിക്കേണ്ടിവരുന്നത്. എന്റെയും ശ്രീ. റോജി എം. ജോണിന്റെയും നിയോജകമണ്ഡലങ്ങളിൽ നിരവധി ജാതി കർഷകരുണ്ട്. ആ കർഷകർ കൊതുകിന്റെ കടികൊണ്ട് എത്രമാത്രം കഷ്ടപ്പെട്ടാണ് ജാതി മരം സംരക്ഷിച്ചുവരുന്നത്. ഇത് കാറ്റത്ത് ഒന്നാകെ മറിഞ്ഞുവീണ് നശിച്ചുപോകുകയാണ്. അവർക്ക് നഷ്ടപരിഹാരം നൽകാൻ, അവരെ ആശ്വസിപ്പിക്കുവാൻ കൃത്യസമയത്ത് നഷ്ടപരിഹാരവുമായി എത്തുവാൻ നമുക്ക് കഴിയാതെ പോകുന്നു. വന്യമൃഗശല്യം കൃഷിയുമായി ബന്ധപ്പെട്ട പ്രധാന കാര്യമാണ്. പല എം.എൽ.എ-മാരുടെയും നിയോജകമണ്ഡലങ്ങളുടെ സമീപത്ത് വനമുണ്ടെന്ന് നമുക്കറിയാം. അവിടെ ദിനംപ്രതി വന്യമൃഗങ്ങളിറങ്ങി കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ആനയുടെ ചവിട്ടേറ്റോ കുത്തേറ്റോ മരിച്ചാൽ നാലഞ്ച് ലക്ഷം രൂപ കിട്ടുമെന്നല്ലാതെ മറ്റു രീതിയിലുള്ള സഹായങ്ങൾ നൽകുന്ന രീതിയിലേയ്ക്ക് നമുക്ക് ഉണർന്നുവരാൻ കഴിഞ്ഞിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മൃഗങ്ങളും മനുഷ്യരും കൃഷിക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. സണ്ണി ജോസഫുമൊക്കെ നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. 2008 മുതൽ 2021 ജൂൺ വരെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടുപോയവർ 1423 ആണ്. കൃത്യമായി കണക്കുകൾ പറയാൻ കഴിയില്ലെങ്കിലും അതിൽ 80 ശതമാനവും കർഷകരായിരിക്കുമെന്ന യാഥാർത്ഥ്യം നമുക്ക് മറക്കാൻ കഴിയില്ല. 7982 പേർക്ക് പരിക്കേറ്റു. ഇതിൽ ഭൂരിപക്ഷവും കർഷകർ തന്നെയായിരിക്കും. ഈ വർഷം 61 പേർ വന്യജീവികളുടെ ആക്രമണംമൂലം കൊല്ലപ്പെട്ടിട്ടുണ്ടെന്ന് പറയുമ്പോൾ, മലയോര മേഖലകളിൽ പ്രത്യേകിച്ച് വനവുമായി ബന്ധപ്പെട്ട മേഖലകളിൽ ഏറ്റവും കൂടുതലുള്ളത് കർഷകരാണെന്ന കാര്യവും വിസ്മരിക്കരുത്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തിയിലുള്ള നൂറ് ഏക്കറിലധികം വരുന്ന സ്ഥലങ്ങൾ ഉപേക്ഷിച്ച് താഴേയ്ക്ക് വന്ന് കുടിൽ കെട്ടി അല്ലെങ്കിൽ വാടകയ്ക്ക് താമസിക്കേണ്ടിവരുന്ന അവസ്ഥ കർഷകർക്കുണ്ടാകുകയാണ്. കാടിനെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിനോടനുബന്ധമായി കാടിനുസമീപത്തുള്ള മനുഷ്യരെയും അവരുടെ കൃഷിയെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഈ ഗവൺമെന്റിനില്ലേ എന്ന് ഞാൻ പ്രത്യേകം ചോദിക്കുകയാണ്. നമുക്ക് ഇടനാടുണ്ട്. ഇടനാട്ടിൽ ഏറ്റവും കൂടുതലുള്ളത് നെൽകൃഷിയാണ്. 2018-ൽ പ്രളയമുണ്ടായപ്പോൾ കൃഷിയിടങ്ങളെല്ലാം നശിച്ചുപോയി. അവിടെയെല്ലാം എക്കലും മറ്റും വന്നടിഞ്ഞു. കൃഷിയിടങ്ങളിൽനിന്നും വെള്ളം ഒഴുകിപ്പോകുന്ന അവസ്ഥയില്ലാതെയായി. ഇടനാട്ടിൽ നെൽകൃഷി കുറഞ്ഞുവരുന്നു. പിന്നെ എവിടെയാണ് കൃഷിയുള്ളത്; മലയോരമേഖലകളിലാണ് കൃഷിയുള്ളത്. ആ കൃഷിയും വന്യമൃഗങ്ങളുടെ ശല്യംകാരണം നശിച്ചുപോകുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്തുകൊണ്ടാണ് വന്യമൃഗങ്ങൾ താഴേയ്ക്കിറങ്ങിവരുന്നത്? അവയ്ക്കാവശ്യമുള്ള ഭക്ഷണം കിട്ടണം. കാടിന്റെ വിസ്തൃതിക്കനുസൃതമായ കാരീയിംഗ് കപ്പാസിറ്റി ഇല്ലാത്തതുകൊണ്ടാണ് ആനയടക്കമുള്ള വന്യജീവികൾ വനത്തിന് പുറത്തേയ്ക്ക്

വരുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കാട്ടാനകൾ ആക്രമണസ്വഭാവമുള്ളവയാണ്. അവയെ മെരുക്കിയെടുക്കാൻ പരിശ്രമിക്കണം അല്ലെങ്കിൽ വെടിവച്ചുകൊല്ലുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകണം. വന്യമൃഗത്തെ വെടിവച്ചു കൊല്ലണമെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ വീട്ടിലെ നായയെ നമ്മൾ സ്നേഹിക്കും. പക്ഷേ, ആ നായയെക്കാൾ കൂടുതൽ നമ്മുടെ മക്കളെ സ്നേഹിക്കും. ആരെ വിട്ടുകൊടുക്കണമെന്ന് ചോദിച്ചാൽ നമ്മൾ നായയെയാണ് വിട്ടുകൊടുക്കേണ്ടതെന്ന് പറയുന്നതുപോലെ മനുഷ്യനോടുള്ള കൂറും സ്നേഹവും മൃഗങ്ങളെക്കാൾ നമുക്കുള്ളപ്പോൾ സ്വാഭാവികമായും ആ കാര്യങ്ങൾ പറയേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര വനനിയമത്തിലും ബന്ധപ്പെട്ട കാര്യങ്ങളിലും മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സ്വാഭാവികമായും മനുഷ്യന്റെ ഭാഗത്തുനിന്ന് ചിന്തിക്കുമ്പോൾ കേന്ദ്ര വനനിയമത്തിലും വന്യമൃഗങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും മാറ്റം വരുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി എനിക്ക് തോന്നുകയാണ്. അതുകൊണ്ട് കാടിന്റെ കാരീയിംഗ് കപ്പാസിറ്റിയനുസരിച്ച് നല്ല കൺസപ്റ്റോടുകൂടി പുതിയ നിയമങ്ങളുണ്ടാക്കി ശാസ്ത്രീയമായ രീതിയിൽ മുന്നോട്ടുപ്പോകണമെന്ന് വന്യമൃഗങ്ങളുടെ വർദ്ധനവ് എങ്ങനെ തടയാൻപറ്റുമെന്നതിനെക്കുറിച്ച് പഠിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽനിന്നും വരുന്നതുകൊണ്ട് ഒരു കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്, പലപ്പോഴും എനിക്കതിന് അവസരം കിട്ടാതെ പോകാറുണ്ട്, അവിടത്തെ റോഡുകളുടെ ശോച്യാവസ്ഥ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. കഴിഞ്ഞദിവസം പെരുമ്പാവൂരിൽ ആലുവ-മൂന്നാർ റൂട്ടിലെ കുറുപ്പംപടിയിലുള്ള ഒരു വലിയ ഗർത്തത്തിൽ വീണ് മുപ്പത്തിയഞ്ച് വയസ്സുള്ള എ. ജി. മഹേഷ് എന്ന ചെറുപ്പക്കാരനായ ഓട്ടോ ഡ്രൈവർ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ നീതുവും മകൾ ശിവാനിയും അനാഥരായി മാറിയിരിക്കുകയാണ്. അതത് പ്രദേശങ്ങളിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഉത്തരവാദിത്വം എം.എൽ.എ-യ്ക്ക് മാത്രമാണെന്നാണ് ജനങ്ങളുടെ വിശ്വാസം. പെരുമ്പാവൂരിൽ തടിവ്യവസായവുമായി ബന്ധപ്പെട്ട് ആയിരത്തിയഞ്ഞൂറിലധികം പ്ലൈവുഡ് കമ്പനികളും വിവിധ കമ്പനികളും അരി വ്യവസായം, സ്റ്റീൽ വ്യവസായം എന്നിങ്ങനെ നിരവധി വ്യവസായ സ്ഥാപനങ്ങളുമുള്ളതിനാൽ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പൊതുമരാമത്ത് റോഡുകളെല്ലാം ശോചനീയ അവസ്ഥയിലാണെന്ന കാര്യം ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്...അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പതിമൂന്ന് മിനിട്ടേ ആയിട്ടുള്ളൂ. പതിനഞ്ച് മിനിട്ടാകുമ്പോൾ ഞാൻ നിർത്താം. മുല്ലപ്പെരിയാർ ഡാമുമായി

ബന്ധപ്പെട്ട് ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. 2011-ൽ ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അന്ന് പറഞ്ഞത് മുല്ലപ്പെരിയാർ ഡാം പൊട്ടുന്ന അവസ്ഥയിലാണെന്നും അതിൽ ആശങ്കയുണ്ടെന്നും കേന്ദ്രഗവൺമെന്റിനെതിരെ ശബ്ദിക്കണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നുമാണ്. പക്ഷേ, കഴിഞ്ഞദിവസം അദ്ദേഹം നിയമസഭയിൽ പറഞ്ഞത് ആശങ്കകൾ വേണ്ടെന്നും ഒരു പ്രശ്നവുമില്ലെന്നുമാണ്. എത്രവർഷം കഴിയുമ്പോഴാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവിന് പറഞ്ഞ കാര്യത്തിൽനിന്നും മാറ്റം വരുത്തേണ്ടി വരികയെന്ന് എനിക്കറിയില്ല. ശ്രീ. എം. എം. മണി ഇവിടെയുണ്ടോ? അദ്ദേഹവും ഇതുപോലെ പറഞ്ഞിരുന്നു - ഡാം പൊട്ടാൻ പോകുന്നു, അതുകൊണ്ട് പുതിയ ഡാം ഉടനെ നിർമ്മിക്കണമെന്ന്. പക്ഷേ, അദ്ദേഹത്തിനേയും ഇവിടെ കാണുന്നില്ല. നിങ്ങൾ പറയുന്ന കാര്യങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, അങ്ങ് ആശങ്കയില്ലെന്ന് നിയമസഭയിൽ പറയുമ്പോൾ തമിഴ്നാട് ഗവൺമെന്റ് അതായിരിക്കും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പറയാൻ പോകുന്നതെന്ന കാര്യം നിങ്ങൾ മറക്കേണ്ട.

മി. ചെയർമാൻ: പ്ലീസ് അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഇന്നലെ ഫേസ് ബുക്കിൽ ഒരു കമന്റ് കണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ആശങ്ക വേണ്ടെന്നാണ്. ആശങ്കയില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭവനം മുല്ലപ്പെരിയാറിന്റെ താഴ്വാരത്തിലേയ്ക്ക് സ്ഥാപിക്കണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട് വരുന്നുവെന്നതുകൊണ്ടാണ് ഈ കാര്യങ്ങളിലേയ്ക്ക് ഞാൻ കടന്നുപോകുന്നത്. വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് കൃഷിയുടെ പ്രശ്നങ്ങളില്ലേ? കുട്ടികളെ കൃഷിയെക്കുറിച്ച് പഠിപ്പിക്കുന്നതിനുവേണ്ടി കര നെൽകൃഷി എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി. പക്ഷേ, കർഷകന്റെ കുട്ടികൾ എങ്ങനെ വിദ്യാലയങ്ങളിൽ പോകുമെന്നുകൂടി അങ്ങ് പറയണം.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ സമയം കഴിഞ്ഞിരിക്കുന്നു. പ്ലീസ്....അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകണമെങ്കിൽ അവർ സത്യവാങ്മൂലം എഴുതി കൊടുക്കണം. സർക്കാരിനോ സ്കൂൾ അധികൃതർക്കോ ഉത്തരവാദിത്വമില്ല. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ പോയാൽ കുട്ടികളെ എങ്ങനെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയും? ചെയർ നിരന്തരമായി ഇടപെടുന്നതുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. കർഷകരെ സഹായിക്കുന്ന നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ സംസ്ഥാന

ഗവൺമെന്റിന് കഴിയട്ടെയെന്നും ഈ നിയമം കർഷകനെ സംരക്ഷിക്കാൻ കൂടുതൽ സഹായകരമാകട്ടെയെന്നും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> സർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിൽ തൊഴിലാളികളുടെ അംശദായവും ഭൂവുടമയുടെ അംശദായവും ആനുപാതികമായി ഗവൺമെന്റ് വിഹിതവും വർദ്ധിപ്പിച്ച് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. തൊഴിലാളികളുടെ അംശദായം അഞ്ച് രൂപയിൽ നിന്ന് ഇരുപത് രൂപയായി വർദ്ധിപ്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിയമമുണ്ടാകുന്ന 1990-കളിൽ ഒരു കർഷകത്തൊഴിലാളിക്കുണ്ടായിരുന്ന ഒരു ദിവസത്തെ വരുമാനം അമ്പത് രൂപ മുതൽ നൂറ്റിയമ്പത് രൂപ വരെയായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനത്ത് ആയിരം രൂപ മുതൽ ആയിരത്തി ഇരുന്നൂറ് രൂപവരെ ഒരു കർഷകത്തൊഴിലാളിക്ക് വരുമാനമുണ്ട്. ആ അർത്ഥത്തിൽ, ഇരുപത് രൂപയെന്ന് പറയുന്നത് നിസ്സാര തുകയാണ്. അഞ്ച് രൂപയിൽനിന്നും അമ്പത് രൂപയെങ്കിലുമായി വർദ്ധിപ്പിക്കാമായിരുന്നു. ഭൂവുടമയുടെ അംശദായത്തിലും അൽപം വർദ്ധനവരുത്തുന്നതിൽ തെറ്റില്ല. ഇരുപത് മുതൽ നാൽപ്പത് ആർ വരെ ഭൂമിയുള്ളവർ അടച്ചിരുന്ന അമ്പത് പൈസ ഒരു രൂപയോ രണ്ടുരൂപയോ ആയും നാൽപ്പത് ആറിന് മുകളിലുള്ളവർക്കുള്ള അംശദായം ഒന്നുമുതൽ അഞ്ചുരൂപ വരെയോ വർദ്ധിപ്പിച്ചാലും കുഴപ്പമുണ്ടായിരുന്നില്ല. അപ്പോൾ സ്വാഭാവികമായും ഗവൺമെന്റിന്റെ വിഹിതവും വർദ്ധിക്കും. ഗവൺമെന്റ് മോശമല്ലാത്ത വിഹിതമാണ് നൽകുന്നത്. ശ്രീ. എ. പി. അനിൽകുമാർ ചില ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന നിലയിൽ മൂലനിയമത്തിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നെങ്കിൽ നല്ലതാണ്. കർഷകത്തൊഴിലാളികൾക്ക് നൽകുന്ന പ്രധാനപ്പെട്ട അനുകൂല്യം അതിവർഷാനുകൂല്യമാണ്. നാൽപ്പത് വർഷം പിഴകൂടാതെ അംശദായം അടയ്ക്കുന്ന ഒരു തൊഴിലാളിക്ക് 25,000 രൂപയാണ് നൽകുന്നത്. അക്കാലത്ത് അത് ആകർഷണീയമായ തുകയായിരുന്നു. പരിമിതമായ ഈ തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തേണ്ടത് ആവശ്യമാണ്. അതിനാനുപാതികമായി അംശദായത്തിൽ വർദ്ധനവ് വരുത്തണം. 25,000 എന്നത് അൻപതിനായിരമോ ഒരു ലക്ഷം രൂപയോ ആയി വർദ്ധിപ്പിക്കുന്നത് വലിയ ഗുണം ചെയ്യും. മരണാനന്തര സഹായമായി നൽകുന്ന ആയിരം രൂപ പരിമിതമാണ്. ആ തുകയിലും വർദ്ധനവ് ആവശ്യമാണ്. വിവാഹ ധനസഹായമായി നൽകുന്ന 2,000 രൂപയ്ക്ക് ഒരു സാരിപോലും വാങ്ങാൻ കഴിയില്ല. പ്രസവാനുകൂല്യവും ചികിത്സാ സഹായവും

ആയിരം രൂപയാണ്. ഇതുരണ്ടും നിസ്സാരമായ തുകയാണ്. ധനസഹായ തുക വർദ്ധിപ്പിക്കണമെങ്കിൽ സ്വാഭാവികമായും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികനില മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോയെന്ന ചോദ്യങ്ങൾ പ്രതിപക്ഷത്തുനിന്നും ഉന്നയിക്കുന്നത് കേട്ടു. ശ്രീ. എ. പി. അനിൽ കുമാറിനോട് ഞാൻ ചോദിക്കുകയാണ്, ആരാണ് ഈ നിയമങ്ങൾക്ക് രൂപം കൊടുത്തതെന്ന് അങ്ങേയ്ക്ക് അറിയാമോ? 1990-ൽ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഈ നിയമമുണ്ടാകുന്നത്. അന്ന് കർഷകത്തൊഴിലാളി നിയമം പാസ്സാക്കിയത് വിപ്ലവകരമായൊരു മുന്നേറ്റമായിരുന്നു. മണ്ണിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്കുള്ള അംഗീകാരമായിരുന്നു. ആ നിയമത്തിന്റെ പിൻബലത്തിൽ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ച് കർഷകത്തൊഴിലാളിയെ അംഗീകരിക്കുന്നതായിരുന്നു. നിയമം പാസ്സാക്കുന്ന അവസരത്തിൽ അന്നത്തെ പ്രതിപക്ഷനേതാവ് ഇത് പ്രത്യുൽപ്പാദനപരമല്ലാത്ത നിയമമാണെന്നും ഇത് കള്ളുകുടിക്കാൻ കൊടുക്കുന്ന പണമാണെന്നും പറഞ്ഞ് അതിനെ നിസ്സാരവൽക്കരിച്ചില്ലേ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങ് തെറ്റിദ്ധാരണ ജനിപ്പിക്കുകയാണ്. അടിസ്ഥാനനിയമം 1974-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ആക്റ്റുമായി ബന്ധപ്പെട്ടാണ്. 1974-ൽ സി. അച്യുതമേനോൻ നേതൃത്വം കൊടുത്ത കോൺഗ്രസ് ഗവൺമെന്റാണ് അത് നടപ്പിലാക്കിയത്. ഈ നിയമനിർമ്മാണം നടത്തിയത് കോൺഗ്രസ് ഗവൺമെന്റാണെന്ന കാര്യം അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, 1970-ൽ കർഷക തൊഴിലാളി നിയമം പാസ്സാക്കി, 1974-ൽ ഭേദഗതി വരുത്തി, 1990-ലാണ് ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നത്. ഞാൻ ക്ഷേമനിധി ബോർഡിന്റെ കാര്യമാണ് പറഞ്ഞത്. ക്ഷേമനിധി ബോർഡ് നിലവിൽ വന്നപ്പോൾ കർഷക തൊഴിലാളികൾക്ക് നൽകിയിരുന്ന ആനുകൂല്യം പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞവരായിരുന്നു അന്നത്തെ യു.ഡി.എഫ്-കാർ. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന കെ. കരുണാകരൻ പ്രത്യുൽപ്പാദനപരമല്ലാത്തതിനാൽ കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞതായിരുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 'പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞു' എന്ന് അങ്ങ് പറഞ്ഞല്ലോ. 1967-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ, അന്നത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ. എ. കെ. ആന്റണി തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു നിവേദനം കൊടുത്തു. അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞത് 'തൊഴിലില്ലായ്മ വേതനം പ്രത്യുൽപ്പാദനപരമല്ല' എന്നായിരുന്നു. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?..(ബഹളം....)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, അദ്ദേഹം പറയുന്നത് പച്ചക്കള്ളമാണ്. അങ്ങനെ പറഞ്ഞിട്ടില്ല, അദ്ദേഹം പറഞ്ഞ കാര്യം പിൻവലിക്കണം.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ പ്രസ്താവന പരിശോധിക്കുന്നതാണ്. *

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയിറക്കുന്നത് ഖേദകരമാണ്. അങ്ങ് കേരളത്തിൽ മന്ത്രിയായി പ്രവർത്തിച്ചയാളാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് 'പ്രത്യുൽപ്പാദനപരമല്ല' എന്ന അഭിപ്രായം പറഞ്ഞുവെന്ന് പറയുന്നത് കേരളത്തിന്റെ ചരിത്രത്തിൽ താങ്കൾ മാത്രമാണ്. താങ്കൾ മാത്രമാണ് അങ്ങനെയൊരു അഭിപ്രായം ക്വാട്ട് ചെയ്തുപറയുന്നത്. ഒരിക്കലും ഇ.എം.എസ്. നമ്പൂതിരിപ്പാട് അത്തരമൊരു പരാമർശം നടത്തിയിട്ടില്ല. ഈ പരാമർശം സഭാരേഖയിലുണ്ടാകാൻ പാടില്ല. 2011-2016-ൽ കേരളം ഭരിച്ചത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. അങ്ങും ആ മന്ത്രിസഭയിൽ അംഗമായിരുന്നയാളായിരുന്നു. ആ കാലഘട്ടത്തിൽ കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യത്തിന് എത്ര രൂപകൊടുത്തു; ആ ഗവൺമെന്റിന്റെ ഭരണം അവസാനിക്കുമ്പോൾ 300 കോടിയിൽപ്പരം രൂപ അതിവർഷാനുകൂല്യത്തിൽ കുടിശ്ശികയുണ്ടായിരുന്നു. അക്കാലത്ത് പെൻഷൻ വാങ്ങുന്ന കർഷകത്തൊഴിലാളികൾക്ക് കൊടുക്കേണ്ടിയിരുന്ന അതിവർഷാനുകൂല്യങ്ങൾ നൽകിയിരുന്നില്ല. 180 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തത് 2016-2021-ൽ അധികാരത്തിലുണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? (.....ബഹളം.....)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം പോകുകയാണ്. (.....ബഹളം.....)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ 1967-ലെ കാര്യം ഞാൻ പറഞ്ഞപ്പോൾ അത് തെറ്റാണെന്ന് പറഞ്ഞു. ഈ മന്ത്രിസഭയിലെ ശ്രീ. എ. കെ. ശശീന്ദ്രനെ ഞാൻ ഒരു സാക്ഷിയായി ഹാജരാക്കുകയാണ്. അദ്ദേഹം പറയട്ടെ, അന്ന് അദ്ദേഹം യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹിയായിരുന്നു. അങ്ങ് പറയൂ, ഞാൻ നുണ പറഞ്ഞിട്ടില്ല. (....ബഹളം.....)

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.17487/ഇ.ബി./2021/നി.സെ. തീയതി 27-10-2021) സഭാരേഖകളിൽ നിലനിർത്തി.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, തൊഴിലില്ലായ്മവേതനം പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യമാണെന്ന് ആരോ പറഞ്ഞതായി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. അത് കെ. കരുണാകരനാണ്. (....ബഹളം.....)

മി. ചെയർമാൻ: ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങേയ്ക്ക് തുടരാം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ അദ്ദേഹം സൂചിപ്പിച്ച പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞ കാര്യം ഒരിക്കലും ശരിയല്ല. 'കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ' സംസ്ഥാനത്ത് രൂപം കൊള്ളുമ്പോൾ മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളിലൊന്ന് 'തൊഴിൽ അല്ലെങ്കിൽ തൊഴിലില്ലായ്മവേതനം' എന്നതാണ്. മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് ആ മുദ്രാവാക്യത്തിന് രൂപം കൊടുത്തത്. (....ബഹളം.....)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, എന്നെ പ്രസംഗിക്കാൻ അനുവദിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേരളത്തിൽ ആദ്യമായി തൊഴിലില്ലായ്മ വേതനം നടപ്പാക്കിയത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ്. അത് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കർഷകത്തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീരൊഴുക്കി അവരുടെ രക്ഷകൻ ഞങ്ങളാണെന്ന് പറഞ്ഞ് ചിലയാളുകൾ രംഗത്തുവന്നു. യഥാർത്ഥത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡും പെൻഷനും ആനുകൂല്യങ്ങളും കോൺഗ്രസ് ഏതെല്ലാം സംസ്ഥാനങ്ങളിൽ ചെയ്തുകൊടുത്തിട്ടുണ്ട്? 2006-2011-ലെ കാര്യം പറയുകയുണ്ടായി. 2019-20-ലെ ബഡ്ജറ്റിൽ 130 കോടി രൂപയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അതിവർഷാനുകൂല്യമായി കർഷക തൊഴിലാളികൾക്ക് നൽകാൻ നീക്കിവച്ചത്. 2020-21-ൽ 50 കോടി രൂപ ബഡ്ജറ്റിലുൾപ്പെടുത്തി. യു.ഡി.എഫ്. സർക്കാർ എത്ര രൂപയാണ് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻവേണ്ടി മാറ്റിവച്ചത്? ഒരു രൂപയും നീക്കിവച്ചില്ലെന്ന് മാത്രമല്ല, കുടിശ്ശികവരുത്തുകയും കർഷക തൊഴിലാളി പെൻഷൻ കൊടുക്കാതെ പാവപ്പെട്ട തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യത്തെ ഇല്ലായ്മചെയ്യാൻ ശ്രമിച്ചവരാണ്. എന്നിട്ടാണ് ഇപ്പോൾ കർഷകർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്നത്. ശരിയായ തൊഴിലാളിയെന്ന് പറയുന്നത് കർഷകത്തൊഴിലാളികളാണ്. കുട്ടിക്കാലം മുതൽ മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് വിയർപ്പും ചോരയുമെല്ലാം മണ്ണിലൊഴുക്കി അവിടെ കാർഷികോല്പന്നങ്ങൾ വിളയിച്ച് നാട്ടിലെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റുന്ന കർഷകത്തൊഴിലാളികളാണ് നാട്ടിലെ യഥാർത്ഥ തൊഴിലാളികൾ. അവർക്കല്ലേ

പെൻഷനും ആനുകൂല്യങ്ങളും നൽകേണ്ടത്? യു.ഡി.എഫ്. അത് കൊടുത്തില്ല. അതെല്ലാം കൊടുത്തത് എൽ.ഡി.എഫ്. ആണ്. ഈ നിയമം കൊണ്ടുവന്നതും എൽ.ഡി.എഫ്. ആണ്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് കൊണ്ടുവന്ന നിയമത്തിൽ ഒരു ഭേദഗതി വരുത്തി അതിലൂടെ കുറേക്കൂടി ആനുകൂല്യങ്ങൾ കൊടുക്കുകയെന്ന നിലയിലേയ്ക്കാണ് പോകേണ്ടത്. അത് ചെയ്യാൻ യു.ഡി.എഫ്. ഒരിക്കലും തയ്യാറായിട്ടില്ല. കാർഷിക പരിഷ്കരണം കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് മഞ്ചേരിയിലെ ഒരു പ്രമേയമില്ലായിരുന്നുവെങ്കിൽ അട്ടിമറിക്കപ്പെടുമായിരുന്നുവെന്ന് പ്രസംഗിക്കുകയുണ്ടായി. എന്നാൽ ഞാൻ ചോദിക്കട്ടെ, 1936-ൽ കറാച്ചി സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ ഒരു പ്രമേയമുണ്ടായിരുന്നല്ലോ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയാൽ സമഗ്ര കാർഷിക പരിഷ്കരണമെന്നായിരുന്നു അത്. സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ദീർഘകാലം ഭരിച്ച കോൺഗ്രസ് എന്തുകൊണ്ട് കാർഷിക പരിഷ്കരണം നടപ്പിലാക്കിയില്ല? ഏതെങ്കിലും സംസ്ഥാനത്ത് കാർഷിക പരിഷ്കരണം കൊണ്ടുവന്നോ? സമഗ്ര കാർഷിക പരിഷ്കരണം കൊണ്ടുവന്ന ഒരേയൊരു സംസ്ഥാനം കേരളമാണ്. കാർഷിക പരിഷ്കരണ നിയമത്തിന്റെ ബലത്തിൽ കേരളത്തിൽ 34 ലക്ഷം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ലഭിച്ചു. കോൺഗ്രസ് ഭരിച്ച ഏതെങ്കിലും സംസ്ഥാനത്ത് കൃഷിക്കാരന് ഭൂമി നൽകിയോ; കാർഷിക നിയമം പാസ്സാക്കുന്ന ഘട്ടത്തിൽ കോൺഗ്രസ് ജന്മിമാരുടെ കൂടെ ചേർന്ന് ആ നിയമത്തെ അട്ടിമറിക്കാൻ ശ്രമിച്ചില്ലേ? ആ നിയമത്തെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് കോൺഗ്രസ്സുകാർ. കർഷക തൊഴിലാളികളുടെയും കൃഷിക്കാരന്റെയും കൂടെയായിരുന്നില്ല നിങ്ങൾ. ജന്മിമാരുടെയും ഭൂപ്രഭുക്കന്മാരുടെയും കൂടെയായിരുന്നു. അവർക്കുവേണ്ടി ഗുണ്ടാപ്പണിയെടുക്കാനാണ് അന്ന് കോൺഗ്രസ്സുകാർ ശ്രമിച്ചത്. അതിന്റെ ഫലമായി കേരളത്തിൽ എത്രയാളുകൾക്കാണ് ജീവനും സ്വത്തും നഷ്ടപ്പെട്ടത്. എത്രയോ ആളുകൾ കള്ളക്കേസ്സിലകപ്പെട്ടു. എത്രയോ ആളുകൾ രക്തസാക്ഷികളായിട്ടുണ്ട്. അങ്ങനെ ത്യാഗപൂർണ്ണമായ പോരാട്ടത്തിന്റെ ഫലമായി നേടിയെടുത്ത ആനുകൂല്യങ്ങളാണ് കാർഷിക പരിഷ്കരണ നിയമമായാലും കർഷത്തൊഴിലാളി നിയമമായാലും മറ്റ് ഏത് തൊഴിൽ നിയമങ്ങളായാലും. അതെല്ലാം കേരളത്തിന്റെ പൊതുവായ സമ്പത്താണ്. അതിന്റെ ഉടമസ്ഥാവകാശം ഇടതുപക്ഷ സർക്കാരിന് മാത്രമുള്ളതാണ്. യു.ഡി.എഫ്-ന് അതിലൊരു അവകാശവാദവും ഉന്നയിക്കാനില്ല. യു.ഡി.എഫ്. ഇപ്പോൾ പറഞ്ഞിരിക്കുന്ന ന്യായവാദങ്ങളെല്ലാം മുതലക്കണ്ണീരൊഴുക്കൽ മാത്രമാണ്. അതുകൊണ്ടൊന്നും കേരളത്തിലെ കർഷകത്തൊഴിലാളികൾ യു.ഡി.എഫ്. ആണ് എല്ലാം ചെയ്തിരിക്കുന്നതെന്ന് തെറ്റിദ്ധരിക്കില്ല. കർഷകത്തൊഴിലാളികൾ രാഷ്ട്രീയപ്രബുദ്ധതയുള്ള ഒരു സമൂഹത്തിന്റെ ഭാഗമാണ്. കേരളം ഇന്നത്തെ നിലയിലെത്തിച്ചേർന്നത്

എങ്ങനെയാണെന്ന് അവർക്ക് നല്ലതുപോലെ അറിയാം. കർഷക തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഫലമായി കേരളീയ സമൂഹത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇന്നുകാണുന്ന കേരളത്തെ വാർത്തെടുക്കുന്നതിൽ കർഷകത്തൊഴിലാളികളുടെ അദ്ധ്വാനം വളരെ വലുതാണ്. ഇതുപോലെ വരുംതലമുറയ്ക്കും കൈമാറണം. വരുംതലമുറയും കാർഷിക രംഗത്ത് ഉറച്ചുനിൽക്കണം. കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കപ്പെടണം. അതിനെന്താണ് മാർഗ്ഗമെന്ന് നാം കൂട്ടായി ആലോചിക്കേണ്ടതുണ്ട്. കാർഷികമേഖല നഷ്ടത്തിലാണെന്നും കൃഷിയിലേയ്ക്ക് പോകുന്നതുകൊണ്ട് പ്രയോജനമില്ലെന്ന തോന്നലുണ്ടാകുകയും ചെയ്യുന്നതിനാൽ കൃഷിയിൽനിന്നും ആളുകൾ പിന്തിരിയുകയാണ്. കർഷകന്റെ മക്കൾപോലും കാർഷിക രംഗത്തേയ്ക്ക് വരാൻ തയ്യാറാകുന്നില്ല. കാർഷികമേഖലയിൽ ഉറച്ചുനിൽക്കണമെങ്കിൽ അതിനെ സമഗ്രമായി പരിഷ്കരിക്കണം. അഗ്രിടെക് മേഖയിലേയ്ക്ക് മാറ്റി കർഷകത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നല്കി ലോകരാഷ്ട്രങ്ങളെല്ലാം ചെയ്യുന്നതുപോലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്താനുള്ള നിലയിലേയ്ക്ക് മാറണം. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം.രാജഗോപാലൻ}

ശ്രീ. അൻവർ സാദത്ത്: സർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ശ്രീ. സി. എച്ച്. കുഞ്ഞമ്പു പ്രസംഗിച്ചപ്പോൾ കേരളത്തിലെ കർഷക തൊഴിലാളികൾക്കുവേണ്ടി യു.ഡി.എഫ്. അല്ലെങ്കിൽ കോൺഗ്രസ് ഒന്നും ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. വെറുതെയങ്ങനെ പുളുവടിക്കരുത്. എല്ലാ രേഖകളും പരിശോധിച്ചാൽ സത്യമറിയാൻ കഴിയും. അതുകൊണ്ടാണല്ലോ ശ്രീ. എ. പി. അനിൽ കുമാർ വഴങ്ങാൻ പറഞ്ഞപ്പോൾ താങ്കൾ വഴങ്ങാതിരുന്നത്. ഇന്ന് സംസ്ഥാനത്തെ കാർഷികമേഖല കടുത്ത പ്രതിസന്ധിയിലൂടെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ കാർഷികരംഗം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ചെറുകിട നാമമാത്ര കർഷകരും താരതമ്യേന കുറഞ്ഞ ഭൂവിസ്തൃതിയുള്ള കൃഷിസ്ഥലങ്ങളും അടങ്ങുന്നതാണ് നമ്മുടെ കാർഷിക രംഗം. അടിക്കടിയുള്ള പ്രളയവും കാലാവസ്ഥാവ്യതിയാനവും കാർഷിക കലണ്ടറിനെ കീഴ്മേൽ മറിച്ചുകളഞ്ഞു. പ്രകൃതിയെ വിശ്വസിച്ചാണ് കർഷകർ കൃഷി ചെയ്യുന്നത്. ഇന്ന് പ്രകൃതിപോലും കർഷകരോട് ദയ കാണിക്കാത്ത അവസ്ഥയാണ്. എന്തുകൊണ്ടാണ് പ്രകൃതിപോലും കർഷകരോട് ദയ കാണിക്കാത്തത്; അറിഞ്ഞും അറിയാതെയുമൊക്കെ പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് ദുരിതത്തിലേയ്ക്കും വലിയ പ്രശ്നങ്ങളിലേയ്ക്കും പോകുന്നത്. സർക്കാരും ജനങ്ങളും ശ്രദ്ധിച്ച് മുന്നോട്ടുപോയില്ലെങ്കിൽ കാലാകാലങ്ങളിൽ കർഷകർക്കെന്നല്ല,

കേരളത്തിലെ ജനങ്ങൾക്ക് പല ദുരന്തങ്ങൾക്കും കാരണമാകുന്ന സാഹചര്യമുണ്ടാകും. പ്രൈമറി സെക്ടറിലുൾപ്പെടുന്ന പ്രധാന ആക്ടിവിറ്റിയാണ് കൃഷി. എന്നാൽ കുറെ വർഷങ്ങളായി കാർഷിക പ്രവർത്തനങ്ങൾ ജി.ഡി.പി-ക്ക് നൽകുന്ന സംഭാവന കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മറിച്ച് ദ്വിതീയ-ത്രിതീയ തലത്തിലുള്ള ആക്ടിവിറ്റികൾക്കാണ് കൂടുതൽ പ്രാമുഖ്യവും പ്രാധാന്യവും ലഭിക്കുന്നത്. എംപ്ലോയ്മെന്റ് ജനറേഷന്റെ കാര്യത്തിലും ഈ മാറ്റം പ്രകടമാണ്. പണ്ട് കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയായി നിലനിന്നിരുന്നതെങ്കിൽ ഇന്നത് ദ്വിതീയ-ത്രിതീയ മേഖലകളിലേയ്ക്ക് മാറിയിട്ടുണ്ട്. 1970-71-ൽ കാർഷിക പ്രാധാന്യമുള്ള സാമ്പത്തിക വ്യവസ്ഥയായിരുന്ന നമ്മുടേതെങ്കിൽ 2016-2021-ലേയ്ക്ക് എത്തുമ്പോൾ സർവ്വീസ് സെക്ടറിന് പ്രാമുഖ്യം നൽകുന്ന സാമ്പത്തിക വ്യവസ്ഥയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. ഭൂമിയുടെ വിനിയോഗം, കാർഷികവിളകളിൽ വന്ന മാറ്റം, കൃഷിരീതിയിൽ വന്ന മാറ്റം, കൃഷിയുടെ അമിത വാണിജ്യവൽക്കരണം, കൃഷിഭൂമിയെ ചെറിയ കഷ്ണങ്ങളാക്കിയുള്ള വിഭജനം, കൃഷിയിൽനിന്ന് ലഭിക്കുന്ന ലാഭത്തിന്റെ കുറവ്, തൊഴിലാളികളുടെ അഭാവം, ഇടനിലക്കാരുടെ ചൂഷണം, ഉൽപ്പാദന-വിതരണ-വിപണന ശൃംഖലയുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ടെക്നോളജിയുടെയും ഗവേഷണ പ്രവർത്തനങ്ങളുടെയും അഭാവം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുന്നു. കർഷകരും കാർഷികമേഖലയും പരസ്പരപൂരകങ്ങളാണ്. കേരളത്തിലെ കർഷകരിൽ 98 ശതമാനവും ചെറുകിട നാമമാത്ര കർഷകരാണ്. 1970-ൽ കേരളത്തിലെ ആകെ തൊഴിലാളികളുടെ എണ്ണത്തിൽ ഏതാണ്ട് 30 ശതമാനത്തോളം കർഷക തൊഴിലാളികളായിരുന്നു. എന്നാൽ ഇന്ന് ഇതേതാണ്ട് 10 ശതമാനത്തിൽ എത്തിനിൽക്കുന്നതായാണ് വിവിധ കണക്കുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കർഷക തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനത്തിൽ സ്ഥിരതയില്ലാത്തതാണ് ഇവരെ ഈ രംഗത്തുനിന്നും പിന്നോട്ടുവലിക്കുന്ന പ്രധാന കാരണം. അവർക്ക് ശമ്പളമോ സ്ഥിരമായ വരുമാനമോ ലഭിക്കുന്നില്ല. കർഷകർക്ക് അങ്ങനെയൊരു വരുമാനം കിട്ടാത്ത സാഹചര്യമുണ്ട്. കൃഷി എന്നത് ഒരു സീസണൽ ആക്ടിവിറ്റിയായിട്ടാണ് ഇപ്പോഴും കണക്കാക്കിയിട്ടുള്ളത്. എല്ലാദിവസവും കർഷകത്തൊഴിലാളികൾക്ക് വരുമാനവും തൊഴിലും നൽകി പൂർണ്ണതൊഴിലാക്കി കാർഷികവൃത്തിയെ മാറ്റിയെടുത്തെങ്കിൽ മാത്രമേ അവരെ ഈ രംഗത്ത് സജീവമാക്കി നിലനിർത്താൻ സാധിക്കുകയുള്ളൂ. മികച്ച ഉൽപ്പാദനോപാധികളുടെ ലഭ്യതക്കുറവ്, കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ് എന്നിവയാണ് നമ്മുടെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിക്കുന്നതിനിടയിൽ ഞാൻ 1967-ലെ ഒരു കാര്യം പറഞ്ഞിരുന്നു.

അപ്പോഴത് തെറ്റാണെന്ന് പറയുകയുണ്ടായി. ഞാൻ അന്നത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ. എ. കെ. ആന്റണിയോട് ഇപ്പോൾ സംസാരിച്ചു. എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഖാവ് ഇ.എം.എസ്-ന് നിവേദനം നൽകുകയും അതിന് മറുപടിയായി തൊഴിലില്ലായ്മവേതനം പ്രായോഗികമല്ല എന്നുപറഞ്ഞ് ഒരു കത്ത് അന്ന് ഇ.എം.എസ്. തന്നിരുന്നുവെന്നും പറഞ്ഞു. അതുപോലെ തൊഴിലില്ലായ്മവേതനം ആദ്യമായി പ്രഖ്യാപിച്ചത് 1977-ലെ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും. ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള നേതാക്കൾ അന്ന് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുണ്ടെങ്കിൽ അത് വസ്തുതയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പറഞ്ഞത് അങ്ങ് കേട്ടില്ലെന്ന് തോന്നുന്നു. പ്രത്യുൽപ്പാദനപരമല്ലാത്ത ഏർപ്പാടെന്ന് കേരളത്തിൽ ആദ്യം പറഞ്ഞത് അക്കാലത്തെ കോൺഗ്രസ്സിന്റെ പ്രമുഖ നേതാവായിരുന്ന കെ. കരുണാകരനാണെന്നും ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്നതുകൊണ്ടായിരിക്കാം അദ്ദേഹം അങ്ങനെ പറഞ്ഞതെന്നുമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ഞാൻ പറഞ്ഞ കാര്യം ഇപ്പോഴും നിഷേധിച്ചിട്ടില്ല. ഞാൻ രണ്ട് പ്രാവശ്യം ഇക്കാര്യം പറഞ്ഞപ്പോഴും അന്നത്തെ യൂത്ത് കോൺഗ്രസ്സിന്റെ നേതാവായിരുന്ന ശ്രീ. എ. കെ. ശശീന്ദ്രൻ ഞാൻ പറഞ്ഞ കാര്യം നിഷേധിച്ചിട്ടില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ആ കത്തിനെ കുറിച്ച് എനിക്കൊന്നുമറിയില്ല. പ്രസ്തുത കത്ത് ഉണ്ടെങ്കിൽ ഹാജരാക്കിയാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന് അറിയുന്നതാണ് തൊഴിലില്ലായ്മവേതനം ഇടയ്ക്ക് നിർത്തിവച്ചിരുന്നുവെന്ന കാര്യം. ഞാൻ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് ആയിരുന്നപ്പോൾ ഞങ്ങളാണ് കാസർഗോഡുനിന്ന് ജാഥ നടത്തിയത്. ശ്രീ. സണ്ണി ജോസഫ് ഇവിടെ ഇരിക്കുന്നുണ്ട്. അതിന്റെ സാക്ഷികൾ പലരുമുണ്ട്. ആ ജാഥ തൃശ്ശൂർ എത്തിയപ്പോഴാണ് തൊഴിലില്ലായ്മ വേതനം പുനരാരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തത്. 1977-ൽ വന്ന എ. കെ. ആന്റണി

ഗവൺമെന്റാണ് തൊഴിലില്ലായ്മ വേതനം ആരംഭിച്ചത്. അന്ന് ശ്രീ. എ. കെ. ശശീന്ദ്രനടക്കം കേരളത്തിലെ മുഴുവൻ യൂത്ത് കോൺഗ്രസ് നേതാക്കളും ഒരുപോലെ അതിനെ ശ്ലാഘിച്ചതാണ് എന്നുള്ളത് അങ്ങെങ്കിലും ഓർക്കാതിരിക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അന്ന് ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്ന ആ നിയമത്തെക്കുറിച്ച് കേരളത്തിൽ അഭിപ്രായം പറഞ്ഞത് താങ്കളും കേട്ടിരിക്കും. അത് കെ. കരുണാകരനാണെന്നാണ് ഞാൻ പറഞ്ഞത്. അത് നിഷേധിക്കുമോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഇത് കർഷകത്തൊഴിലാളി ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്, തൊഴിലില്ലായ്മവേതനത്തെക്കുറിച്ചുള്ള ചർച്ചയല്ല. 1980-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കെ. എം. മാണിയാണ് ബഡ്ജറ്റിൽ കർഷക തൊഴിലാളികൾക്ക് ആദ്യമായി 45 രൂപ ക്ഷേമനിധി പ്രഖ്യാപിച്ചത്. അന്ന് കോൺഗ്രസ്സിന്റെ നേതാക്കൾ ഇത് പ്രത്യുൽപ്പാദനപരമല്ലെന്നും കൊടുക്കാൻ പാടില്ലെന്നും ആളുകളെ മടിയന്മാരാക്കുമെന്നും പറഞ്ഞു. ഇപ്പോൾ ഈ ചർച്ചയിൽ പങ്കെടുക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെയുള്ള നേതാക്കൾ 1980-ൽ ഇ. കെ. നായനാരുടെ മന്ത്രിസഭയിലുള്ള കാലഘട്ടത്തിൽ ആ മുന്നണിയിലായിരുന്നു. ശ്രീ. പി. സി. ചാക്കോ, ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ളവർ 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലായിരുന്നു. ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ 1980-ലാണ് കർഷകത്തൊഴിലാളിക്ക് ആദ്യമായി പെൻഷൻ ഏർപ്പെടുത്തിയത്. അത് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് കെ. എം. മാണിയാണ്. അന്ന് കെ. എം. മാണിയെ കെട്ടിപ്പിടിച്ച് ഇ. കെ. നായനാർ അഭിനന്ദിച്ചതാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടി അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലാണ്. കോൺഗ്രസ്സിന്റെ അന്നത്തെ ഒറിജിനൽ ഗ്രൂപ്പുകാരായ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ളവരാണ് ഇത് പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ എല്ലാ കഥയും പറഞ്ഞു. അന്നത്തെ മുഖ്യമന്ത്രിയെയും ബന്ധപ്പെട്ടവരെയും കെട്ടിപ്പിടിച്ചവരെയും കുറിച്ച് പറഞ്ഞു. പക്ഷേ, അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദായിരുന്നു എന്നുള്ള സത്യം അങ്ങ് മനഃപൂർവ്വം വിട്ടുപോയി. അതുകൂടി ഞാൻ ചരിത്രത്തിന്റെ ഭാഗമായി രേഖപ്പെടുത്തുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, അത് സ്വാഭാവികമാണ്. ഇപ്പോഴൊരു വ്യതിയാനം ഉണ്ടായിട്ടുണ്ടല്ലോ. അതുകൊണ്ട് മറവിയുണ്ടാകും. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. പുതിയൊരു വ്യതിയാനത്തിന്റെ ഭാഗമായി മറവിയുണ്ടാകും. മികച്ച ഉൽപ്പാദനോപാധികളുടെ ലഭ്യതക്കുറവും കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവുമാണ്

കർഷകർ നേരിടുന്ന പ്രധാന പ്രശ്നം. ഇതിനോടൊപ്പം തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ, ഉരുൾപ്പൊട്ടൽ അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയും കർഷകരെ കാർഷികവൃത്തിയിൽനിന്നും പിന്തിരിപ്പിക്കുന്നുണ്ട്. ...(ബഹളം)...

4.00 P.M.}

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗത്തിന് വീണ്ടും സംസാരിക്കാൻ പാടില്ലെന്ന് നിയമമുണ്ടെങ്കിൽ അത് ഏത് റൂളാണ്, ഏത് സെക്ഷനാണെന്ന് പറയൂ. ശ്രീ. അൻവർ സാദത്ത് പറയുന്നത് കർഷകനുമായും കൃഷിയുമായും പ്രത്യേകിച്ച് തൊഴിലാളികളുമായും ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഏലം മേഖലയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ഞാൻ ഇപ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏലം കർഷകർ ഏറ്റവുമധികമുള്ള സംസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് മൂന്നാർ ഭാഗങ്ങളിലൊക്കെ ഏലം കർഷകരുണ്ട്. അവർക്കാവശ്യമായ താങ്ങുവില ലഭിക്കുന്നില്ല. കൂടാതെ, ഓപ്പൺ മാർക്കറ്റിന്റെ അഭാവം, തൊഴിൽ പ്രശ്നങ്ങൾ, വളത്തിന്റെ വില, അപര്യാപ്തമായ ജലസേചനസൗകര്യങ്ങൾ, ഇങ്ങനെ പല കാരണങ്ങൾകൊണ്ടും ഏലം കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നു. മറ്റ് കർഷകരും ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിച്ചപ്പോൾ ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണനിയമം കൊണ്ടുവന്നത് കേരളത്തിലാണെന്നും ഇന്ത്യയിൽ ഒരു സംസ്ഥാനവും അതിനുമുൻപ് ഭൂപരിഷ്കരണനിയമം പാസ്സാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1951-ൽ ഒന്നാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന ഒഡീസ്സ, രാജസ്ഥാൻ ഉൾപ്പെടെ മൂന്നോ നാലോ സംസ്ഥാനങ്ങൾ ഭൂപരിഷ്കരണനിയമം പാസ്സാക്കിയത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഭൂപരിഷ്കരണനിയമം നടപ്പാക്കുന്നതിനുവേണ്ടി, ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് ആദ്യം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. അദ്ദേഹം തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതായിരിക്കും. സി.പി.ഐ.(എം) ഗവൺമെന്റല്ല ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണനിയമം കൊണ്ടുവന്നത്. കോൺഗ്രസ് ഗവൺമെന്റാണ് ഭൂപരിഷ്കരണനിയമം ഇന്ത്യയിൽ കൊണ്ടുവന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 1954-ൽ ഐക്യകേരളം രൂപീകൃതമാകുന്നതിനുമുൻപ് മദിരാശി നിയമസഭയിൽ കുടിയാൻ ബിൽ കൊണ്ടുവരികയുണ്ടായി. കുടിയാൻ ബില്ലിൽ ഇതിന് സമാനമായ

താൽപ്പര്യമാണുണ്ടായിരുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന തിരൂർ പ്രദേശത്തെ പ്രതിനിധീകരിച്ചുകൊണ്ട് മദിരാശി നിയമസഭയിലുണ്ടായിരുന്ന കെ. ഉപ്പി സാഹിബ് ആ ബില്ലിനെ അനുകൂലിച്ചുകൊണ്ട് പ്രസംഗിച്ചു. അവിടെയുള്ള സ്പീക്കറും മുഖ്യമന്ത്രിയും അടക്കമുള്ളവർ തമാശയ്ക്ക് ചോദിച്ചു, താങ്കൾ ഒരു സമ്പന്നകുടുംബത്തിൽ നിന്നല്ലേ വരുന്നതെന്ന്. അദ്ദേഹം പറഞ്ഞു, ഞാൻ വരുന്നത് കണ്ണൂരിലെ കോട്ടാൽ തറവാട്ടിൽ നിന്നാണ്. ഞാൻ വിജയിച്ചുവന്നത് തിരൂരിലെ സാധാരണക്കാരുടെ വോട്ട് വാങ്ങിയാണ്. സാധാരണക്കാർക്കും കർഷകർക്കുംവേണ്ടിയാണ് ഞാൻ ഇവിടെ പോരാടുന്നതെന്ന് പറഞ്ഞ കെ. ഉപ്പി സാഹിബിന്റെ ചരിത്രമുണ്ട്. അപ്പോൾ കേരളത്തിലാണ് ഈ ബിൽ ആദ്യം വന്നതെന്ന വാദം നിരർത്ഥകമാണ്, മദിരാശി നിയമസഭയിൽ ഇതിന് സമാനമായ ബിൽ പാസ്സാക്കിയിട്ടുണ്ടെന്ന കാര്യം താങ്കൾക്കറിയാമോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇതെല്ലാം വ്യക്തമായ കാര്യങ്ങൾ തന്നെയാണ്. ഇവിടെ ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിച്ചപ്പോൾ പറഞ്ഞത് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൊണ്ടല്ല, മറിച്ച് പാർട്ടിയെടുക്കുന്ന സ്റ്റഡി ക്ലാസ്സുകൾമൂലമാണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെപ്പോലെയുള്ളവർ പാർട്ടി സ്റ്റഡി ക്ലാസ്സിൽ പറയുന്ന കാര്യങ്ങൾ, പണ്ട് സ്റ്റഡി ക്ലാസ്സിൽ കേട്ട കാര്യങ്ങൾ ഇവിടെ വന്ന് പറയുന്നതാണ്. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. പാർട്ടി കൊടുത്ത സ്റ്റഡി ക്ലാസ്സിൽ കൂടുതലായി അവർക്ക് പറയാൻ പാടില്ല. മലയോരമേഖലയിലെ കർഷകർക്ക് വന്യജീവികളുടെ ആക്രമണങ്ങൾ നിരന്തരമായി നേരിടേണ്ടി വരുന്നുണ്ട്. കൃഷിചെയ്യുന്നത് കർഷകരാണെങ്കിലും വിളവെടുക്കുന്നത് വന്യജീവികൾ എന്നതാണ് ഇവിടത്തെ സ്ഥിതി. അത് ദയനീയമാണ്. ഇതിനെയൊക്കെ നിയന്ത്രിക്കേണ്ട സർക്കാർ ഇക്കാര്യത്തിൽ പല വീഴ്ചകളും വരുത്തുന്നുണ്ട്. കർഷകരുടെ പ്രതിസന്ധി തരണംചെയ്യുന്നതിന് കൂടുതൽ നടപടികൾ വേണം. കർഷകരുണ്ടായാൽ മാത്രമേ കർഷകത്തൊഴിലാളികളുണ്ടാകുകയുള്ളൂ. അതുകൊണ്ട് ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ വേണം. കാർഷികരംഗത്ത് സർക്കാരിന്റെ മൂലധനനിക്ഷേപം വർദ്ധിപ്പിച്ചെങ്കിൽമാത്രമെ കൃഷി ആദായകരമായ ഒരു തൊഴിലാക്കി മാറ്റുന്നതിന് സാധിക്കുകയുള്ളൂ. പ്രകൃതിക്ഷോഭം, വരൾച്ച തുടങ്ങിയ കാരണങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് കൃത്യമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വേണം. ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തണം. കർഷകത്തൊഴിലാളികളുടെ തൊഴിൽനഷ്ടവും വേതനനഷ്ടവും കണക്കിലെടുത്ത് പ്രത്യേക സാമ്പത്തികസഹായം നൽകി സഹായിക്കേണ്ടത് അത്യാവശ്യമാണ്. ഈ ഭേദഗതി ബില്ലിന്റെ ഭാഗമായി അത്തരം വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള നടപടികൾ സ്വീകരിക്കണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം. ജൈവോൽപ്പന്നോപാധികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം. ഭൂപ്രകൃതിയും ആവശ്യകതയും അനുസരിച്ചുള്ള കേന്ദ്രീകൃത പദ്ധതി ആവിഷ്കരിക്കണം. ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗത്തിനും കനാൽ പ്രവർത്തനങ്ങളുടെ ഏകീകരണത്തിനും നടപടികളുണ്ടാകണം. മാറുന്ന കാലാവസ്ഥയ്ക്കനുസൃതമായ കൃഷിരീതികളും വിത്തിനങ്ങളും പരിപാലനമുറകളും ആവിഷ്കരിക്കണം. എന്നാൽ മാത്രമെ കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരം ഉണ്ടാകുകയുള്ളൂ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.......പ്ലീസ് കൺക്ലൂഡ്..... ചെയർ രാവിലെയുണ്ടാക്കിയ ധാരണയുണ്ട്, 15 മിനിറ്റ് കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇതിന് സമയനിയന്ത്രണമൊന്നുമില്ല. എനിക്ക് സംസാരിച്ച് തീർക്കണം, ഞാൻ സംസാരിക്കട്ടെ. തൊഴിലുറപ്പ് പദ്ധതി വന്നതോടെ നേരിയ മാറ്റം വരുത്താൻ സാധിച്ചെങ്കിലും കാതലായ പല പ്രശ്നങ്ങളും ഇന്നും അഭിമുഖീകരിക്കുന്നുണ്ട്. മണ്ണിൽ പൊന്നുവിളയിക്കുന്ന സൈനികരാണ് നമ്മുടെ കർഷകരും കർഷകത്തൊഴിലാളികളും. അവരുടെ പ്രശ്നങ്ങൾക്ക് മുഖ്യപരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികളും സ്കീമുകളും കൂടുതലായി നടപ്പിലാക്കേണ്ടതുണ്ട്. കാലഘട്ടത്തിന്റെ പുതിയ വെല്ലുവിളികൾ നേരിടാൻ കർഷകത്തൊഴിലാളികളെ പ്രാപ്തരാക്കണം. നൂതന കൃഷിരീതികളെക്കുറിച്ചും കാർഷികപ്രവർത്തനങ്ങളക്കുറിച്ചും വിളവെടുപ്പുരീതികളെക്കുറിച്ചും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പ്രായോഗിക പരിശീലനങ്ങളും അവബോധവും നൽകണം. അതിന് പ്രത്യേക പദ്ധതി രൂപീകരിക്കണം. കാർഷികോൽപ്പന്നങ്ങളുടെ വിളവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിൽ കർഷകത്തൊഴിലാളികൾക്ക് നിർണ്ണായകപങ്കുണ്ട്. കാർഷിക പ്രവർത്തനങ്ങൾക്കിടെ പല കർഷക തൊഴിലാളികൾക്കും ആരോഗ്യപരമായ പല പ്രശ്നങ്ങളും നേരിടേണ്ടി വരുന്നുണ്ട്. ഇവരുടെ ആരോഗ്യ പരിരക്ഷയ്ക്ക് പ്രത്യേക പദ്ധതി രൂപീകരിക്കണം. ഇവർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാലംതെറ്റിയ മഴയും അതിവർഷവും പ്രളയവുംകാരണം കേരളത്തിലെ സവിശേഷമായ കാർഷികകലണ്ടറിന് കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഇത് തരണംചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. കാലാവസ്ഥാ ശാസ്ത്രജ്ഞരേയും പാരിസ്ഥിതിക കാർഷികവിദഗ്ദ്ധരേയും കോർത്തിണക്കി ഇതിനാവശ്യമായ ഗവേഷണപഠനങ്ങളും പ്രവർത്തനങ്ങളും വേണം. കാർഷികവൃത്തി പുഷ്ടിപ്പെട്ടാൽമാത്രമെ സ്വാഭാവികമായും കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങളുണ്ടാകുകയുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, കാർഷിക മേഖലയെക്കുറിച്ച് അങ്ങ് ആത്മരോഷം കൊള്ളുന്നത് കണ്ടു. നിങ്ങൾ കർഷകർക്കുവേണ്ടി സംസാരിക്കുന്നത് സന്തോഷകരമായ കാര്യമാണ്. കാർഷികമേഖലയുടെ തകർച്ചയ്ക്ക് കാരണമായ

1990-കളുടെ തുടക്കത്തിലെ LPG (Liberalization, Privatization and Globalization) എന്ന മൂന്ന് അക്ഷരത്തിൽ നടപ്പിലാക്കിയ ആഗോളവൽക്കരണനയം നിങ്ങളുടെ പാർട്ടിയാണ് കൊണ്ടുവന്നതെന്ന കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. അൻവർ സാദത്ത്: സർ, ആർക്കാണ് ആഗോളവൽക്കരണത്തിന്റെ ഗുണം ലഭിക്കുന്നത്? നിങ്ങളൊക്കെത്തന്നെയല്ലേ അത് ഇപ്പോൾ അനുഭവിക്കുന്നത്, എൽ.ഡി.എഫ്. ഗവൺമെന്റ് തന്നെയാണ് അത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ഡയലോഗിൽ മാത്രമെയുള്ളൂ. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ മുല്ലപ്പെരിയാറിനെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. വലിയ പ്രതിസന്ധിയിലൂടെയാണ് നമ്മൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, കർഷകസമരം നടക്കുന്ന കാലഘട്ടമാണിത്. കേരളത്തിലെ കോൺഗ്രസ്സിന്റെ ഏതെങ്കിലും എം.പി-മാർ അതിനെ എതിർത്തോ, കർഷകസമരത്തെക്കുറിച്ച് പാർലമെന്റിൽ നിങ്ങളുടെ സമീപനമെന്തായിരുന്നു?

ശ്രീ. അൻവർ സാദത്ത്: സർ, ഇപ്പോഴുള്ള കർഷകസമരത്തിൽ ഗവൺമെന്റിനെതിരെ ശക്തമായ നിലപാടാണ് കോൺഗ്രസ്സിന്റെ എം.പി-മാർ സ്വീകരിച്ചത്. നിങ്ങൾ വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. ശക്തമായ നിലപാടെടുത്തുതന്നെയാണ് മുന്നോട്ടുപോകുന്നതെന്നതിൽ യാതൊരു സംശയവുമില്ല. എന്തിനാണ് വെറുതെ തെറ്റിദ്ധരിപ്പിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കർഷകസമരം നടന്നുകൊണ്ടിരിക്കുമ്പോൾ പാർലമെന്റിൽ ഉൾപ്പെടെ അതിന് ശക്തമായ പിന്തുണ നൽകിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും അതിന്റെ നേതാക്കളുമാണ്. സി.പി.ഐ.(എം)-ന്റെ കിസാൻസഭയുടെ നേതാവും പ്ലാനിംഗ് ബോർഡ് അംഗവുമായ ശ്രീ. രാംകുമാർ കർഷക സമരത്തിനെതിരെ ശക്തമായി പ്രതികരിച്ച്, ഇത് ബൂർഷ്വകളുടെ സമരമാണെന്ന് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും, കാലത്തിനനുസരിച്ച് മാറുന്ന പാർട്ടിയല്ലേ സി.പി.ഐ.(എം). സ്വാഭാവികമായും അതുണ്ടാകും. അതിൽ നമ്മൾ തെറ്റിദ്ധരിച്ചിട്ട് കാര്യമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: അങ്ങ് ഇനിയും വഴങ്ങരുത്. ഇപ്പോൾത്തന്നെ ഏറെ സമയമെടുത്തു, നമുക്ക് പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ സമയക്ലിപ്തത പാലിക്കാം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഒന്നാം യു.പി.എ. സർക്കാർ നടപ്പിലാക്കിയ ഗാട്ട് കരാർ അടക്കമുള്ളവയാണ് ഭാരതത്തിലെ കർഷകരുടെ നട്ടെല്ലൊടിച്ചതെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. പി. വി. ശ്രീനിജിൻ അന്ന് അങ്ങനെ പറഞ്ഞിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ സ്വാഭാവികമായും പറയും. അത് ഞാൻ മനസ്സിലാക്കുന്നു. ഞാനത് ക്ഷമിക്കുന്നു. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഓരോ ദിവസവും ഉയരുകയാണ്. നാല് ജില്ലകളിലെയും ജനങ്ങൾ വലിയ ആശങ്കയിലാണ്. എല്ലാവർഷവും ഇതുപോലെ ജലനിരപ്പ് ഉയരുമ്പോൾ ജനങ്ങളുടെ ആശങ്ക വർദ്ധിക്കുകയാണ്. അതത് കാലങ്ങളിലെ സർക്കാരും അപ്പോഴത്തെ മുഖ്യമന്ത്രിയും അല്ലെങ്കിൽ അവിടെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഭരണാധികാരികളും ആശങ്ക വേണ്ടെന്ന് അപ്പപ്പോൾ പറയുകയാണ് പതിവ്. എന്നാലും അവിടെയുള്ള ജനങ്ങളുടെ മനസ്സിൽ ആശങ്ക ഇന്നും നിലനിൽക്കുകയാണ്. ഇതിനൊരു ശാശ്വതപരിഹാരമാണ് വേണ്ടത്. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ആശങ്ക വേണ്ടെന്നും സോഷ്യൽ മീഡിയായിൽ അനാവശ്യരീതിയിലുള്ള പ്രചരണങ്ങൾ നടത്തുന്നതിനെതിരെ നടപടിയെടുക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. സോഷ്യൽ മീഡിയയിൽ അനാവശ്യപ്രചരണം നടത്തുന്നത് ശരിയല്ല. എന്നിരുന്നാലും ജനങ്ങളുടെ ആശങ്ക എന്നത് ഒരു വസ്തുതയാണ്. ഇതിനൊരു പരിഹാരം കണ്ടെത്തണമെന്നും ഈ വിഷയത്തിൽ ഇടപെടണമെന്നും ആവശ്യപ്പെട്ട് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ ജനകീയനാണ്. ജനങ്ങളുടെ വികാരമറിഞ്ഞ്, ജനപക്ഷത്തുനിന്നും പ്രവർത്തിക്കുന്ന ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു മുഖ്യമന്ത്രിയാണദ്ദേഹം. അതിനാൽ അദ്ദേഹത്തിന് കേരളത്തിലെ 4 ജില്ലകളിലേയും ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. തമിഴ്നാട് മുഖ്യമന്ത്രിയും അദ്ദേഹത്തെപ്പോലെയുള്ളവരും ഇടപെട്ടുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ആശങ്കയ്ക്ക് ശാശ്വതപരിഹാരം കണ്ടെത്തണമെന്നാണ് ഈയവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. ഇക്കാര്യത്തിൽ യോജിച്ച മുന്നേറ്റം ആവശ്യമാണ്. നമുക്ക് ഇപ്പോൾ പ്രശ്നമില്ലായിരിക്കും. എന്നാൽ വരുംതലമുറയ്ക്ക് ഇത് ഭീഷണിയാണെന്ന കാര്യത്തിൽ യാതൊരു സംശയും വേണ്ട. അതുകൊണ്ട് അടിയന്തരമായി ഒരു പുതിയ ഡാം നിർമ്മിക്കണം. അത് നമ്മളെല്ലാവരും ആഗ്രഹിക്കുന്നൊരു കാര്യമാണ്. അതിനായി പ്രത്യേകം ഇനിഷ്യേറ്റീവ് എടുത്ത് പുതിയ ഡാം നിർമ്മിച്ച് നാല് ജില്ലകളിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കേരളാ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടപെടണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. മുല്ലപ്പെരിയാർ

ഡാം എന്നുകേൾക്കുമ്പോൾ നമ്മൾ ഞെട്ടിയുണരുന്ന അല്ലെങ്കിൽ നമ്മുടെ മക്കൾ പേടിക്കുന്നൊരു സാഹചര്യമാണ് ഇവിടെയുള്ളത്. അതിന് ശാശ്വതപരിഹാരം ഉണ്ടാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്... അവസാനിപ്പിക്കു...കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, അവസാനിപ്പിക്കുകയാണ്. നേരത്തെ കർഷകത്തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ഇനിയും ദീർഘിപ്പിക്കരുത്.

ശ്രീ. അൻവർ സാദത്ത്: സർ, കർഷകരും കർഷകത്തൊഴിലാളികളും അംശദായം അടയ്ക്കുന്നു. ഗവൺമെന്റിന്റെ അംശദായം മാത്രം വർദ്ധിപ്പിക്കുന്നില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യവും ലഭിക്കാൻ ഗവൺമെന്റിന്റെ അംശദായം വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. എന്തുകൊണ്ട് സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ച ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ട് കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കില്ല. അവർക്കർഹമായ വേതനവും വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുണ്ടാകണം.

മി. ചെയർമാൻ: ശ്രീ. നജീബ് കാന്തപുരത്തിന് 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. (...ബഹളം....)

ശ്രീ. അൻവർ സാദത്ത്: സർ, ഇത് ശരിയാവില്ല. ഇതെന്റെ അവകാശമാണ്. (...ബഹളം....)

മി. ചെയർമാൻ: 24 മിനിട്ടായി. (...ബഹളം....)

ശ്രീ. അൻവർ സാദത്ത്: സർ, ഇതെന്റെ അവകാശമാണ്.

മി. ചെയർമാൻ: ചെയർ പറയുന്നത് കേൾക്കൂ. അങ്ങയുടെ റൈറ്റാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇന്ന് 5 ബില്ലാണ് ചർച്ചയ്ക്കെടുത്തത്. അതുകൊണ്ട് ശരാശരി 15 മിനിട്ട് എന്നൊരു ധാരണ രാവിലെതന്നെ ഉണ്ടാക്കിയതാണ്. അംഗങ്ങളുടെ അവകാശം നിഷേധിക്കുകയല്ല. 24 മിനിട്ടായി അങ്ങ് സംസാരിക്കുകയാണ്. ചെയർ നിങ്ങൾക്ക് പൂർണ്ണമായും അവകാശം അനുവദിച്ചിരിക്കുകയാണ്. അതുകൊണ്ട് കൺക്ലൂഡ് ചെയ്യണം.

ശ്രീ. അൻവർ സാദത്ത്: സർ, നറുക്കിട്ട് കിട്ടിയ എനിക്ക് സംസാരിക്കാനുള്ള റൈറ്റുണ്ട്. അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ചെയറിനുണ്ട്.

മി. ചെയർമാൻ: തീർച്ചയായും. അതാണ് സംരക്ഷിച്ചത്. ബഹുമാനപ്പെട്ട അംഗം 24 മിനിട്ടുവരെ സംസാരിച്ചു. ബഹുമാനപ്പെട്ട അംഗത്തിന്റെ എല്ലാ അവകാശവും സംരക്ഷിച്ചുകൊണ്ടുതന്നെയാണ് ചെയർ നിലപാടെടുത്തിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, കർഷകർക്ക് അർഹമായ വേതനവും വരുമാനവും ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: Sir, I move that- "This House resolves to disapprove the Kerala Labour Welfare Fund (Amendment) Ordinance, 2021 (Ordinance No. 120 of 2021)". നമ്മുടെ നാട്ടിലെ തൊഴിലാളിസമൂഹം അഗ്നിപർവ്വതത്തിന് മുകളിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽസുരക്ഷിതത്വം എന്ന ആശയം പൂർണ്ണമായും നഷ്ടപ്പെട്ട സാഹചര്യമാണുള്ളത്. കേന്ദ്ര സർക്കാർ അടിക്കടി ചുട്ടെടുക്കുന്ന തൊഴിലാളിവിരുദ്ധനിയമങ്ങൾ ഉത്കണ്ഠപ്പെടുത്തുന്നതും ആശങ്കപ്പെടുത്തുന്നതുമാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ, കോവിഡ് കാലഘട്ടത്തിൽപോലും പാർലമെന്റ് സമ്മേളിച്ചത് പൂർണ്ണമായും തൊഴിലാളി വിരുദ്ധനിയമങ്ങൾ പാസ്സാക്കിയെടുക്കാൻവേണ്ടി മാത്രമാണെന്ന് തോന്നുംവിധമാണ് കാര്യങ്ങൾ നടന്നിരുന്നത്. നമുക്കെല്ലാവർക്കുമറിയുന്നതുപോലെ സമരങ്ങൾ പൂർണ്ണമായും അവസാനിക്കുകയാണ്. സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കാൻപോലും കഴിയാത്തവിധം തൊഴിൽമേഖലയെ പൂർണ്ണമായും കുച്ചുവിലങ്ങിടുന്ന നിയമങ്ങളാണ് വിവാദ തൊഴിൽകോഡുകൾ പാസ്സാക്കിക്കൊണ്ട് പാർലമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ചെറുകിട-വൻകിട സ്ഥാപനങ്ങളിലെ തൊഴിലാളികളെല്ലാം ഒരുപോലെ അരക്ഷിതാവസ്ഥയിലൂടെ മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. എന്നാൽ കോവിഡ്കൂടി വന്നതിനുശേഷം രാജ്യത്ത് രൂപപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാന കാര്യം തൊഴിൽ നഷ്ടമുണ്ടാകുന്നുവെന്നതാണ്. Centre for Monitoring Indian Economy-യുടെ അന്വേഷണത്തിൽ കാണിക്കുന്നത്, 2020 ആഗസ്റ്റ് വരെ മാത്രം 65 ശതമാനം തൊഴിൽനഷ്ടം ചില മേഖലകളിലുണ്ടായിയെന്നാണ്. കേരളത്തിൽ ഭയപ്പെടുത്തുന്നൊരു കണക്കാണ് കാണാൻ സാധിക്കുന്നത്. പല തൊഴിൽ മേഖലകളിലെയും കണക്കെടുക്കുമ്പോൾ 30 ലക്ഷത്തോളം ആളുകൾ കേരളത്തിൽ തൊഴിൽരഹിതരായിട്ടുണ്ടെന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കേരളത്തിലെ എല്ലാ മേഖലകളിലും പ്രത്യേകിച്ച് എസ്റ്റേറ്റ്-കാർഷിക-വ്യാവസായിക മേഖലകളിലെല്ലാം വലിയതോതിലുള്ള തൊഴിൽനഷ്ടമാണുണ്ടായിട്ടുള്ളത്. മാത്രമല്ല, നമ്മൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം നാട്ടിൽ ഒരുപാട് പുതിയ തൊഴിൽമേഖലകൾ വന്നുകൊണ്ടിരിക്കുന്നുവെന്നതാണ്. തൊഴിലാളികൾക്ക് ഒരു

തൊഴിലിൽ മാത്രം നിൽക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഈയൊരു ഘട്ടത്തിൽ തൊഴിലാളി ക്ഷേമനിധി വളരെ പ്രധാനപ്പെട്ടൊരു ആശയമാണ്. 1975-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നെങ്കിലും 1977-ൽ ബോർഡ് നിലവിൽ വന്നതിനുശേഷം പലതരത്തിലുള്ള പരിഷ്കരണങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. നരേന്ദ്രമോദി സർക്കാരിന്റെ പ്രധാന അജണ്ട എന്നുപറയുന്നത് കോർപ്പറേറ്റ് താല്പര്യമാണെന്നതാണ്. ആ സർക്കാർ 11 കമ്പനികൾക്കുവേണ്ടിയാണ് ഇന്ത്യ ഭരിക്കുന്നതെന്നത് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. കോർപ്പറേറ്റുകളുടെ കീശയിലെ ഒരു പ്രധാനമന്ത്രിയാണ് ഇന്ത്യയ്ക്കുള്ളത് എന്നത് സങ്കടകരമായ കാര്യമായി നമ്മളെല്ലാവരും ഒരുപോലെ പറയുന്നതാണ്. എന്നാൽ സങ്കടകരമായ കാര്യമതല്ല. കേരളത്തിലെ ഇടതുപക്ഷം ഭരിക്കുന്ന കാലത്ത് ഈ ബിൽ അവതരിപ്പിക്കുമ്പോൾ അതിന് ശ്രീ. നരേന്ദ്രമോദിയുടെ ഛായയുണ്ട് എന്നുപറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഈ ബില്ലിലെ പ്രധാന നിർദ്ദേശം തൊഴിലാളിവിരുദ്ധമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത് തൊഴിലാളി അടയ്ക്കേണ്ട അംശദായം 4 രൂപയിൽനിന്നും 45 രൂപയായി വർദ്ധിപ്പിക്കുന്നുവെന്നതാണ്. അംശദായം അടയ്ക്കുന്ന കാര്യത്തിൽ തൊഴിലാളി അടയ്ക്കുന്നതിന്റെ നേരെ ഇരട്ടിയാണ് തൊഴിലുടമ അടയ്ക്കാറുള്ളത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, തൊഴിലാളി ക്ഷേമനിധി ബോർഡ് കേരളത്തിലെ തൊഴിലാളികളുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് അങ്ങേയറ്റം തകർച്ചയുടെ പാതയിലെത്തിയപ്പോൾ ആ ബോർഡിനെ പുനരുജ്ജീവിപ്പിക്കാനും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും തീരുമാനമെടുത്ത് നടപ്പിലാക്കിത്തുടങ്ങിയതാണ്. ക്ഷേമനിധി ബോർഡിൽ പ്രാതിനിധ്യം വഹിക്കുന്ന എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും ഏകീകൃത അഭിപ്രായത്തെത്തുടർന്നാണ് അംശദായം വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തത്. മോദിമയമുണ്ടെന്ന് താങ്കൾ പറഞ്ഞതുകൊണ്ടാണ് ഇക്കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നത്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും യോജിച്ചെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഭേദഗതിയാണിത്. ആ യാഥാർത്ഥ്യം മറന്നുകൊണ്ട് ഇതിന് വേറെ രീതിയിലുള്ള രാഷ്ട്രീയഛായ കൊടുക്കുന്നത് ഈ ബിൽ ആർക്കുവേണ്ടിയാണോ അവതരിപ്പിക്കുന്നത്, ആ വിഭാഗത്തോടുള്ള അനീതിയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന മികവുള്ള നേതാവാണ്. അദ്ദേഹം സംസാരിച്ച പോയിന്റിലേയ്ക്കല്ല ഞാൻ വന്നത്. അംശദായമായി അടയ്ക്കേണ്ട 4 രൂപ എന്നത് 45 രൂപയാക്കിയത് തൊഴിലാളി സംഘടനകളുടെ ഏകീകൃത അഭിപ്രായത്തിന്റെ

അടിസ്ഥാനത്തിലാണെങ്കിൽ സ്വാഗതാർഹമാണ്. എന്നാൽ അതല്ല ഇവിടുത്തെ പ്രശ്നം. നിലവിലുള്ള നിയമത്തിന്റെ ഭാഗമായി 4 രൂപ തൊഴിലാളി അടയ്ക്കുമ്പോൾ 8 രൂപ തൊഴിലുടമ അടച്ചിരുന്നു. എന്നാൽ, ഈ ബില്ലിൽ തൊഴിലാളിവിരുദ്ധമായി ഞാൻ കാണുന്ന ഏറ്റവും പ്രധാന കാര്യം 45 രൂപ തൊഴിലാളി അടയ്ക്കുമ്പോൾ തൊഴിലുടമയും 45 രൂപയാണ് അടയ്ക്കുന്നത് എന്നതാണ്. അത് ഏറ്റവും കുറഞ്ഞത് 90 രൂപയായി മാറേണ്ടിയിരുന്നതിനുപകരം ഇവിടെ തൊഴിലുടമയ്ക്കുവേണ്ടി നിലപാടെടുത്തിരിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ട് തോന്നുന്നതാണ്. യഥാർത്ഥ പ്രശ്നം എന്താണെന്ന് നോക്കാം. തൊഴിലുടമാവിഹിതം അടയ്ക്കുന്നതിനെക്കുറിച്ച് ദീർഘകാലം ചർച്ച നടത്തി ഈ ബില്ലിന്റെ ഭേദഗതി കൊണ്ടുവരാൻപോലും കഴിയാത്ത സ്ഥിതിയിലേയ്ക്ക് വന്നു. അവസാനം തൊഴിലാളി സംഘടനകളും തൊഴിലുടമാ സംഘടനകളുമായി ചർച്ച നടത്തി അഭിപ്രായസമന്വയത്തിലെത്തുകയായിരുന്നു. തൊഴിലാളി വിഹിതമെത്രയെന്ന് തീരുമാനിച്ചു, ഇതിന്റെ ഗുണഫലവും ആനുകൂല്യവും ലഭ്യമാകേണ്ടത് തൊഴിലാളിക്കാണ്. തകർന്നുപോകുന്ന ഒരു ക്ഷേമനിധി ബോർഡിനെ സംരക്ഷിക്കുകയും തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കലുമാണ് ലക്ഷ്യം. ഇക്കാര്യത്തിൽ പ്രായോഗിക നിലപാട് എങ്ങനെ സ്വീകരിക്കാമെന്നതിനെക്കുറിച്ച് തൊഴിലുടമാ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഒന്നിച്ചിരുന്ന് ചർച്ചനടത്തി ഏകീകരിച്ച അഭിപ്രായത്തിൽ എത്തിയതിനുശേഷമാണ് ഈ ഭേദഗതി കൊണ്ടുവന്നത് എന്നതാണ് യാഥാർത്ഥ്യം.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഇത് കേവലം തൊഴിലാളി സംഘടനകൾമാത്രം ചർച്ചചെയ്ത് തീരുമാനിക്കേണ്ട വിഷയമല്ല. തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കുറയുന്നുവെന്ന ഗുരുതരമായ വിഷയമാണ് ഞാൻ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, യഥാർത്ഥത്തിൽ എസ്.ടി.യു. നേതാക്കളോടെങ്കിലും ഇക്കാര്യം സംസാരിക്കേണ്ടതായിരുന്നു. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രികൂടിയായ ശ്രീ. ടി. പി. രാമകൃഷ്ണൻ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. തൊഴിലാളി ക്ഷേമനിധി ബോർഡിലുൾപ്പെട്ടിട്ടുള്ള ഉടമകളെ സംബന്ധിച്ചും നിങ്ങൾ പരിശോധിക്കേണ്ടതാണ്. ഒരുടമയ്ക്ക് അടയ്ക്കേണ്ടി വരുന്നവരുടെ എണ്ണം എത്രയാണെന്നും അതുകൊണ്ട് തങ്ങൾക്ക് അടയ്ക്കാൻ കഴിയുന്നതല്ലെന്നുമുള്ള നിലയിലുള്ള ഒരു നിലപാടായിരുന്നു ഉടമകൾ

സ്വീകരിച്ചിരുന്നത്. ഈ സാഹചര്യത്തിലാണ് ചർച്ചചെയ്ത് തൊഴിലുടമാ വിഹിതം എട്ട് രൂപയെന്നത് നാൽപ്പത്തഞ്ച് രൂപയാക്കുന്ന രീതിയിൽ തൊഴിലാളിക്ക് ഗുണകരമാകുന്ന ഈ ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോയത്. ഇതിന്റെ ഗുണം ലഭ്യമാകുന്നത് തൊഴിലാളികൾക്കാണ്. തൊഴിലാളികൾക്ക് കിട്ടേണ്ട ഗുണഫലം വർഷങ്ങളായി നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ടുതന്നെ ഇരുവിഭാഗത്തിനും സ്വീകാര്യമായ ഒരു പൊതുധാരണയുണ്ടാക്കിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഇക്കാര്യത്തിൽ തൊഴിലുടമകളുമായി അത്തരത്തിലുള്ള ഒരു ചർച്ച നടക്കുന്നത് നിയമസഭയ്ക്ക് പുറത്താണ്. പ്രധാന കാര്യം തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കണമെന്നാണ്. അംശദായം 4 രൂപയിൽനിന്നും 45 രൂപയാകുന്നത് ഒരുപാട് വർഷങ്ങൾക്കുശേഷമാണ്. തൊഴിൽ സുരക്ഷിതത്വം പൂർണ്ണമായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുകാലത്ത്, തൊഴിൽ മേഖലയിൽ വലിയ തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സമയത്ത്, തീർച്ചയായും തൊഴിലാളിയുടെ ഏക ആശ്രയം ഇതുവരെ ക്ഷേമനിധിയിൽ അടച്ച തുക മാത്രമായിരിക്കും. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാദ്ധ്യമായ കാര്യങ്ങൾ എങ്ങനെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. കോവിഡ് മഹാമാരിയോടനുബന്ധിച്ച് തൊഴിൽ മേഖലയിലുണ്ടായിട്ടുള്ള ഗുരുതരമായതും വിപുലമായതുമായ തൊഴിൽനഷ്ടത്തെ ഗൗരവത്തോടെ കണ്ടുകൊണ്ട് കുറച്ചുകൂടി അവധാനതയോടെ ഈ ബിൽ കൊണ്ടുവരേണ്ടതായിരുന്നുവെന്ന എന്റെ വിയോജിപ്പ് ഞാൻ അറിയിക്കുകയാണ്, അത് എന്റെ അവകാശവുമാണ്. അതോടൊപ്പം പറയാനുള്ള പ്രധാന കാര്യമുണ്ട്. നമ്മുടെ നാട്ടിൽ അസംഘടിത മേഖലയിൽ ഗുരുതരമായ ചൂഷണം നടക്കുന്നുണ്ടെന്നത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. സംഘടിത മേഖലയിലും ഇതേ പ്രശ്നമുണ്ട്. റെസ്റ്റോറന്റുകളോട് ചേർന്ന് ഇപ്പോൾ വിതരണശൃംഖല ആരംഭിച്ചിരിക്കുകയാണ്. ഈ മേഖലയിലേയ്ക്ക് ഒട്ടേറെ പുതിയ തൊഴിലാളികൾ കടന്നുവന്നുകൊണ്ടിരിക്കുകയാണ്. വൻകിട കോർപ്പറേറ്റ് ഏജൻസികളുൾപ്പെടെ പ്രസ്തുത മേഖലയിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. അതുപോലെ നവകാലഘട്ടത്തിന്റെ ഭാഗമായിവരുന്ന, തൊഴിൽ മേഖലകളിലെ അസംഘടിതരായിത്തീരുന്ന തൊഴിലാളികളെയുൾപ്പെടെ ക്ഷേമനിധിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരാനുള്ള നിർദ്ദേശംകൂടി ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ ബില്ലിന്റെ അവതരണവേളയിൽ പറഞ്ഞ ഒരു പ്രധാന കാര്യമുണ്ട്. ചെറിയ ക്ലെറിക്കലായ ചില മാറ്റങ്ങൾ മാത്രമെ പ്രസ്തുത

ബില്ലിൽ കൊണ്ടുവരുന്നുള്ളൂവെന്നാണ്. എന്നാൽ ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ഗഹനായ മാറ്റങ്ങൾതന്നെയാണ് നിർദ്ദേശിക്കപ്പെടേണ്ടിയിരുന്നത്. ഇത്രയുംകാലത്തിനുശേഷം ഒരു പരിഷ്കാരം കൊണ്ടുവരുമ്പോൾ ദീർഘവീക്ഷണത്തോടെയുള്ള വ്യവസ്ഥകൾ കൊണ്ടുവരണമായിരുന്നുവെന്നതാണ് എന്റെ അഭിപ്രായം. അസംഘടിതമേഖലയിൽ ഇ.എസ്.ഐ-യുമായി ബന്ധപ്പെട്ട് അനോമലികൾ നിലനിൽക്കുന്നുണ്ട്. പല തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകുന്നില്ല. കേന്ദ്ര സർക്കാരിന്റെ നിലപാട് തൊഴിലാളിസമൂഹത്തെ പൂർണ്ണമായും അരക്ഷിതാവസ്ഥയിലേയ്ക്ക് കൊണ്ടുപോകുന്നതാണ്. അതിനെ പൂർണ്ണമായും മറികടക്കാനുള്ള ശേഷിയാണ് കേരളം പോലെ മാതൃകയാകേണ്ട ഒരു സംസ്ഥാനത്തുനിന്നും ഉണ്ടാകേണ്ടിയിരുന്നത്. അതുണ്ടാകുന്നില്ലെന്നതാണ് ഞാൻ ഇവിടെ സൂചിപ്പിച്ച പ്രധാന കാര്യം. കോവിഡാനന്തരം പ്രവാസിസമൂഹത്തിന്റെ തിരിച്ചുവരവ് ഗൗരവമേറിയ വിഷയമാണ്. കേരളത്തിന്റെ നിലനില്പ് പ്രവാസിസമൂഹത്തിന്റെ ശക്തികൊണ്ടാണ്. നമ്മുടെ നട്ടെല്ലായ പ്രവാസികൾ ജോലിയെല്ലാം നഷ്ടപ്പെട്ട് തിരിച്ചുവന്നിരിക്കുകയാണ്. പുതിയ സംവിധാനം ആരംഭിക്കുമ്പോൾ അവരെക്കൂടി പ്രത്യേകം പരിഗണിക്കണം. ഈ ബില്ലിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാവുന്ന തരത്തിൽ അവരെക്കൂടി തൊഴിലാളി ക്ഷേമനിധിയുടെ ഭാഗമാക്കാനുള്ള ആലോചന ഉണ്ടാകേണ്ടിയിരുന്നുവെന്ന നിർദ്ദേശംകൂടി വയ്ക്കുകയാണ്. കേരളത്തിലെ പുതിയ സാഹചര്യത്തിൽ, തൊഴിൽമേഖല അരക്ഷിതമായിക്കൊണ്ടിരിക്കുന്ന കാലത്ത്, സ്വകാര്യമേഖലയിലുള്ളവരോട് സർക്കാർ നിരവധി കാര്യങ്ങൾ നിർദ്ദേശിക്കുകയാണ്. എന്നാൽ സർക്കാരിന്റെ കൈവശമുള്ള, പൊതുമേഖലാ സ്ഥാപനങ്ങളിൽ മാസങ്ങളായി ശമ്പളം നൽകാത്ത എത്രയോ സ്ഥാപനങ്ങളുണ്ട്, മാസങ്ങളായി പി.എഫ്. വിഹിതം അടയ്ക്കാത്ത, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മാസങ്ങളായി നൽകാത്ത എത്രയോ സ്ഥാപനങ്ങളുണ്ട്. ഈയൊരു കാര്യം ചർച്ച ചെയ്യുമ്പോൾ അതുകൂടി ഗൗരവമായിത്തന്നെ ഉൾപ്പെടുത്തേണ്ടതാണെന്ന കാര്യംകൂടി അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരള സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമതാത്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി 1975-ൽ സർക്കാർ പാസ്സാക്കിയ കേരള തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ അടിസ്ഥാനത്തിൽ 1977 മേയ് ദിനത്തിലാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. 1948-ലെ ഫാക്ടറീസ് നിയമത്തിന്റെ സെക്ഷൻ 2-ൽ പറയുന്ന തൊഴിലാളികളും 1951-ലെ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന തൊഴിലാളികളും 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 2F-ൽ വരുന്ന തൊഴിലാളികളുമാണ് ഈ

ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. ഓരോ തൊഴിലാളിയും അർദ്ധവാർഷിക വിഹിതമായി 50 പൈസയും ഒരു തൊഴിലാളിക്കുവേണ്ടി തൊഴിലുടമ അർദ്ധവാർഷിക വിഹിതമായി ഒരു രൂപയും ബോർഡിലേയ്ക്ക് അടയ്ക്കുന്ന തരത്തിലായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. പിന്നീട് 1986-ൽ ഇത് ഇരട്ടിയാക്കി വർദ്ധിപ്പിച്ച് യഥാക്രമം ഒരു രൂപയും രണ്ടു രൂപയുമാക്കിയെന്ന കാര്യമെല്ലാം നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇതോടൊപ്പം ക്ഷേമനിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാനപരിധി 750 രൂപ വരെയെന്നത് 2,500 രൂപവരെയാക്കി ഉയർത്തുക, വിവിധതരം പ്ലാന്റേഷനിൽ ജോലിക്കാരായ തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരിക, നിശ്ചിത തീയതിക്ക് മുൻപ് തൊഴിലാളിയുടെ വിഹിതം തൊഴിലുടമ അടയ്ക്കാതെവന്നാൽ തൊഴിലുടമയിൽനിന്നും ഈടാക്കുന്ന പിഴ സിമ്പിൾ ഇന്ററസ്റ്റ് എന്നതിൽനിന്നും 9 ശതമാനമാക്കി ഉയർത്തുക തുടങ്ങിയ തൊഴിലാളി സൗഹൃദ ഭേദഗതികൾ അന്ന് ഉൾപ്പെടുത്തിയിരുന്നു. 1994-ലെ തൊഴിലാളിവിഹിതവും തൊഴിലുടമാ വിഹിതവും ഇരട്ടിപ്പിച്ച് യഥാക്രമം 4 രൂപയും 8 രൂപയുമാക്കി. എന്നാലിപ്പോൾ തൊഴിലാളി സർക്കാരെന്ന് അവകാശപ്പെടുന്ന ഇടതുപക്ഷ സർക്കാർ തൊഴിലാളിവിഹിതം പതിനൊന്നര ഇരട്ടിയിലധികമാക്കി വർദ്ധനവ് വരുത്തിയപ്പോൾ തൊഴിലുടമാ വിഹിതത്തിൽ 5 ശതമാനം മാത്രമാണ് വർദ്ധനവ് വരുത്തിയതെന്നതാണ് വിമർശനം. ഈ ഭേദഗതി തൊഴിലാളിവിരുദ്ധമാണെന്നതാണ് എന്റെ വിമർശനം. ബിൽ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്നത്, അംശദായം വർദ്ധിപ്പിച്ചതല്ലാതെ മറ്റൊന്നും ഇതിൽ പരാമർശിച്ചിട്ടില്ല എന്നതാണ്. കോവിഡ്കാലത്ത് തൊഴിലും വരുമാനവുമില്ലാതെ നട്ടംതിരിഞ്ഞിരിക്കുന്നതും കൂടുതൽ ദുരിതം അനുഭവിക്കുന്നതും തൊഴിലാളി വിഭാഗങ്ങൾ തന്നെയായിരിക്കും. മാത്രമല്ല, അംശദായം വർദ്ധിപ്പിച്ചതല്ലാതെ ആനുകൂല്യങ്ങളുടെ കാര്യത്തിലൊന്നും ആനുപാതികമായ വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുമില്ല. തൊഴിലാളികളെ തല്ലിയും മുതലാളിമാരെ തലോടിയുമുള്ള ഒരു ഭേദഗതി, തൊഴിലാളികളെ ഫണ്ടുണ്ടാക്കാനുള്ള കറവപ്പശുക്കളായി കാണുന്നതായാണ് എനിക്ക് തോന്നുന്നത്. കോവിഡ് കാലയളവിൽ തങ്ങൾ അനുഭവിച്ച യാതനകൾക്കും പട്ടിണിക്കും പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ തൊഴിലാളി സംഘടനകൾ നിവേദനങ്ങളുമായി മന്ത്രിമന്ദിരങ്ങൾ കയറിയിറങ്ങുകയാണ്. അവർക്ക് തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനോ തൊഴിൽനഷ്ടത്തിന് പരിഹാരമുണ്ടാക്കുന്നതിനോ പദ്ധതികളൊന്നും ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഒരു തൊഴിലാളിക്ക് ഏറ്റവും കുറഞ്ഞത് തൊഴിലുറപ്പ് തൊഴിലാളിക്ക് ലഭിക്കുന്ന തൊഴിൽദിനങ്ങളെങ്കിലും

ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കണമെന്നതാണ് എനിക്കൊരു നിർദ്ദേശമായി പറയാനുള്ളത്. അത്തരത്തിലുള്ളൊരു ഭേദഗതിയായിരുന്നു വേണ്ടത്. തൊഴിലില്ലായ്മയും നവലിബറൽ ഭരണരാഷ്ട്രീയത്തിന്റെ തൊഴിലാളിവിരുദ്ധ നയങ്ങളുമെല്ലാം ശക്തമാകുന്ന കാലത്തിനോടൊത്തുചേർന്ന് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്താനും downsize ചെയ്യാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷയുമെല്ലാം കാറ്റിൽപറത്തി നിരവധി സർക്കാർ കാര്യാലയങ്ങളിൽ സർക്കാർ ജോലി വൻതോതിൽ സ്വകാര്യ കമ്പനികൾക്ക് outsource ചെയ്യുന്നതിനുള്ള അടിസ്ഥാനം എന്താണ്? ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലുൾപ്പെടെ ഒട്ടേറെ വകുപ്പുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാതെ കരാർ തൊഴിലാളികളെ കുത്തിനിറച്ച് തൊഴിലവകാശങ്ങളെ ഈ സർക്കാർ ക്രൂരമായി വഞ്ചിച്ചുകൊണ്ടിരിക്കുന്നുവെന്നത് നമുക്ക് കാണാൻ കഴിയുന്നു. പല വകുപ്പുകളിലും സ്ഥിരം സ്വീപ്പർമാരുടെ നിയമനം അവസാനിപ്പിച്ചിരിക്കുകയാണ്. പകരം ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർമാരെ നിയമിച്ചുകൊണ്ട്, സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർക്ക് തൊഴിൽ സുരക്ഷിതത്വം ലഭിക്കാൻ സാദ്ധ്യമായി നിൽക്കുന്ന അപൂർവ്വം തസ്തികകളിൽ ഒന്നായ സ്വീപ്പർ തസ്തികയ്ക്ക് ചരമക്കുറിപ്പ് എഴുതിയിരിക്കുന്ന സർക്കാർ നയമാണ് നമുക്കിപ്പോൾ കാണാൻ കഴിയുന്നത്. സർക്കാർ ജോലി സ്വകാര്യ കമ്പനികൾക്ക് outsource ചെയ്യുമ്പോൾ അതിന്റെ വമ്പൻ ശമ്പളമുള്ള ചുരുക്കം ചില തസ്തികകൾ വളഞ്ഞവഴിയിലൂടെ സർക്കാർ ഉന്നതർ തങ്ങളുടെ സ്വന്തക്കാർക്കായി തരപ്പെടുത്തിയെടുക്കുന്ന നാണംകെട്ട കഥകളും ഇപ്പോൾ പുറത്തുവരികയാണ്. നല്ലൊരു തൊഴിൽ സംസ്കാരവും തൊഴിൽ അനുകൂല സാഹചര്യവും ഒരുക്കുന്നതിൽ സർക്കാർ തീർത്തും പരാജയപ്പെട്ടിരിക്കുകയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യവും അനുകൂല സാഹചര്യവും സംബന്ധിച്ച ease of doing business റാങ്കിംഗിൽ കഴിഞ്ഞ ഏതാനും വർഷമായി കേരളം പിന്നോട്ട് പോയികൊണ്ടിരിക്കുന്നു. 2015-ൽ 15-ാം സ്ഥാനത്തും 2016-ൽ 20-ാം സ്ഥാനത്തും 2017-ൽ 21-ാം സ്ഥാനത്തും 2019-ൽ 28-ാം സ്ഥാനത്തേയ്ക്കുമാണ് കേരളം തള്ളപ്പെട്ടത്. ഇത് പരാജയത്തിന്റെ ഉദാഹരണമാണ്. തൊഴിലനുകൂല സാഹചര്യങ്ങളില്ലാതെ സംരംഭകർ എങ്ങനെയാണ് മുതൽമുടക്കുന്നത്; സംരംഭങ്ങളില്ലാതെ എങ്ങനെയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്? ഇതൊക്കെ ഈ സർക്കാരിന്റെ സംരംഭവിരുദ്ധ നയത്തിന്റെ ഉദാഹരണങ്ങളാണ്. ചില വ്യവസായികൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കേണ്ടിവരും. ആന്തൂരിലെ സാജൻ എന്ന വ്യവസായി,

വേളിയിലെ മെറ്റ കെയർ എഞ്ചിനീയേഴ്സ് ആൻഡ് പൗഡർ കോട്ടേഴ്സ് കമ്പനി എം.ഡി. ശ്രീ. സുരേഷ് ഇ. പി. തുടങ്ങിയവരൊക്കെ ഇതിനുദാഹരണമാണ്. ഇതുപോലെ നൂറുകണക്കിന് സംരംഭകർ അവരുടെ സംരംഭങ്ങൾ നിർത്തി അന്യസംസ്ഥാനങ്ങളിലേയ്ക്ക് പറിച്ചുനടുകയോ ചേക്കേറുകയോ ചെയ്തിട്ടുണ്ട്; നമ്മുടെ സഭാംഗം കൂടിയായ ഒരു പ്രമുഖ ഇടതുപക്ഷ വ്യവസായിതന്നെ കേരളത്തിൽ ഒന്നും നടക്കില്ലെന്നും കേരളത്തിന് പുറത്തേയ്ക്ക് പോകുകയാണെന്നും പറഞ്ഞത് നമ്മൾ കേട്ടതാണല്ലോ; അതോടൊപ്പം കോഴിക്കോട് വലിയ രൂപത്തിൽ തുടങ്ങിയ സംരംഭമുണ്ട്. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ കൊടുക്കാമെന്ന് പറഞ്ഞ് വനിതാ മാളുൾപ്പെടെ വലിയ തുക ചെലവാക്കി സംരംഭങ്ങൾ ആരംഭിച്ചു. ഇന്ന് തൊഴിൽ നഷ്ടപ്പെട്ട് ധാരാളം സ്ത്രീകൾ പുറത്തുനിൽക്കുന്ന സാഹചര്യംകൂടി കാണാൻ കഴിയുകയാണ്. ഇത്തരം കാര്യങ്ങളിലൊക്കെ സർക്കാരിന്റെ ഇടപെടലുണ്ടാകുകയും ഇത്തരം മാളുകൾക്ക് അവരുടെ സംരംഭങ്ങൾ തുടർന്നുകൊണ്ടുപോകാനാവശ്യമായ നടപടികളിലേയ്ക്ക് സർക്കാർ തിരിയുകയും ചെയ്യണം. ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവ്വെയുടെ 2020 ഒക്ടോബർ-ഡിസംബർ കാലത്തെ ഫലപ്രകാരം രാജ്യത്ത് തൊഴിലില്ലായ്മയുടെ നിരക്കിൽ കേരളം രണ്ടാംസ്ഥാനത്താണ്. 2020 ഒക്ടോബർ-ഡിസംബർ വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ 15-നും 29-നും ഇടയിൽ പ്രായമുള്ള തൊഴിലില്ലാത്തവരുടെ എണ്ണം 36.3 ശതമാനമാണ്. ദേശീയ ശരാശരിയാകട്ടെ 21 ശതമാനവുമാണ്. കേരളത്തിൽ 15-20 ശതമാനം യുവതികളാണ് രൂക്ഷമായ തൊഴിലില്ലായ്മ നേരിട്ടുകൊണ്ടിരിക്കുന്നത്. 55.7 ശതമാനം യുവാക്കളിൽ 37.1 ശതമാനവും തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടും ആഴ്ചയിൽ ഒരു ദിവസം ഒരുമണിക്കൂർപോലും തൊഴിലെടുക്കാത്ത അഭ്യസ്തവിദ്യരെയാണ് നാം കാണുന്നത്. ഈ സർവ്വെ തൊഴിലില്ലാത്തവരെയാണ് പരിഗണിക്കുന്നത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ 8-ഉം കർണ്ണാടകയിൽ 7.1 ശതമാനവുമാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് അസംഘടിതമേഖലയിൽ 53 ശതമാനം തൊഴിൽനഷ്ടവും 59 ശതമാനം വരുമാനനഷ്ടവും ഉണ്ടായിയെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. ഹോട്ടൽ, ടൂറിസം, ഫോട്ടോഗ്രാഫി, വാഹനം തുടങ്ങിയ മേഖലകളിലാണ് വലിയ നഷ്ടമുണ്ടായിരിക്കുന്നത്. ഈ നഷ്ടമൊക്കെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അംശദായം മാത്രം വർദ്ധിപ്പിച്ച്, സർക്കാർ തൊഴിലാളികൾക്ക് പതിനൊന്ന് ഇരട്ടി വർദ്ധിപ്പിച്ച് അവിടെയും ഇരട്ടത്താപ്പ് കാണിച്ചിരിക്കുന്നു. തൊഴിലാളികൾക്ക് കാൻസർ പോലുള്ള ഗുരുതര രോഗങ്ങൾ വന്നാൽ പരമാവധി

ധനസഹായമായി പതിനായിരം രൂപയാണ് കൊടുക്കുന്നത്. ജോലിയിലിരിക്കെ മരണമടയുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം രണ്ടായിരത്തി അഞ്ഞൂറ് രൂപയാണ്. വിവാഹധനസഹായമായി നൽകുന്നത് ആയിരം രൂപയാണ്. ഇവയൊന്നും വർദ്ധിപ്പിക്കാതെ അംശദായം മാത്രം വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് പതിനൊന്നിരട്ടി വർദ്ധനവ് വരുത്തുമ്പോൾ തൊഴിലുടമയ്ക്ക് അഞ്ചിരട്ടി മാത്രമാണ് വർദ്ധനവ് വരുത്തിയിരിക്കുന്നതെന്നും കാണാൻ കഴിയും. തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നത് സംബന്ധിച്ചോ മിനിമംകൂലി ഉറപ്പാക്കുന്നത് സംബന്ധിച്ചോ ഒന്നുംതന്നെ വ്യവസ്ഥ ചെയ്യാതെയാണ് അംശദായ വർദ്ധനവിന് മാത്രമായി സർക്കാർ തയ്യാറായത്. കേന്ദ്ര നിയമമായ 1936-ലെ The Payment of Wages Act-ൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഓരോ മാസത്തേയും ആദ്യത്തെ 7 പ്രവൃത്തി ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്നും വേതനം നൽകുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും പരാതി തീർപ്പാക്കുന്നതിന് അധികാരികളെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിൽ അത് നിശ്ചയിച്ചിട്ടില്ല. എന്നുമാത്രമല്ല, കേന്ദ്ര ആക്ടനുസരിച്ച് ചട്ടം രൂപീകരിക്കുന്നതിനും കേരളത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഒന്നരക്കോടിയോളം വരുന്ന വേതന ഗുണഭോക്താക്കളായ തൊഴിലാളികളുടെ കാര്യത്തിലാണ് സർക്കാരിന്റെ ഈ നിസംഗത. തൊഴിലാളി വർഗ്ഗത്തോടൊപ്പം നിൽക്കുന്നുവെന്ന് നിരന്തരം പറയുകയും മുതലാളിത്ത ചൂഷണവ്യവസ്ഥയ്ക്ക് എതിരെയുള്ള പോരാട്ടമാണ് വർഗ്ഗപരമായി തങ്ങളുടെ കാഴ്ചപ്പാടെന്ന് ആവർത്തിക്കുകയും ചെയ്യുന്ന പാർട്ടിയാണ് കേരളം ഭരിക്കുന്നത്. എന്നിട്ടും നിരന്തരമായ, പ്രകടമായ തൊഴിലാളി ചൂഷണത്തിന്റെ കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളിവർഗ്ഗ പാർട്ടി അവരുടെ വർഗ്ഗനിലപാടുകൾ മറന്ന് സ്വന്തമായി വൻകിട സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, വാട്ടർ തീം പാർക്കുകൾ, സ്വാശ്രയ കോളേജുകൾ, ചാനലുകൾ എന്നിവയുടെ നടത്തിപ്പുകാരായി മാറിയിരിക്കുന്നു. ഈ സ്ഥാപനങ്ങളെല്ലാം വലിയ നിലയിൽ കരാർ വ്യവസ്ഥയിൽ തൊഴിലാളികളെനിർത്തി തുച്ഛമായ വേതനത്തിൽ പണിയെടുപ്പിക്കുന്നു. ഇവരുടെ തൊഴിൽസ്ഥിരതയും തൊഴിലവകാശവും നിഷേധിക്കുന്ന പാർട്ടിയായി കമ്മ്യൂണിസ്റ്റ് പാർട്ടി മാറിയിരിക്കുന്നുവെന്ന് പറയേണ്ടിവരുന്നു. സ്വകാര്യ സഹകരണ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ സ്ഥിതി എന്താണ്; ഇവർക്ക് കൃത്യമായ വേതനവ്യവസ്ഥ കൊണ്ടുവരുന്നതിനും തൊഴിൽസ്ഥിരത ഉറപ്പുവരുത്തുന്നതിനും ആരാണ് തടസ്സംനിൽക്കുന്നത്? തൊഴിൽ നീതിക്കായി

നഴ്സുമാർ നടത്തിവരുന്ന വലിയ സമരങ്ങളോട് ഇടതുപക്ഷം സ്വീകരിക്കുന്ന നിലപാട് ചർച്ച ചെയ്യപ്പെടേണ്ടതാണ്. കൊല്ലത്തെ ശങ്കേഴ്സ് ആശുപത്രിയിൽ 15-ഉം 20-ഉം വർഷമായി ജോലി ചെയ്യുന്ന ഏകദേശം 40-ഓളം തൊഴിലാളികളെ പിരിച്ചുവിട്ടു. അവിടെ 9 മാസത്തിലധികമായി സമരം നടക്കുകയാണ്. സർക്കാർ ഇത്തരത്തിലുള്ള സമരങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. അതിലിടപെട്ട് ആവശ്യമായ പരിഹാരം കാണണം. ജോലിയെടുക്കുന്ന സാധാരണ സ്ത്രീതൊഴിലാളികളിൽ പലരും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന സാഹചര്യമുണ്ടാകുന്നു. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ സർക്കാർ ശ്രദ്ധിക്കുകയും ഇടപെടലുകൾ നടത്തുകയും വേണം. ഇത്തരത്തിലുള്ള വിഷയങ്ങളിലാണ് അടിയന്തരമായി നമ്മുടെ ശ്രദ്ധയുണ്ടാകേണ്ടത്. പക്ഷേ, ഈ ബില്ലിൽ ഒരു വിഷയത്തിൽ മാത്രം ഒതുങ്ങിനിന്ന് മറ്റൊന്നും കാണുന്നില്ലായെന്നുള്ളതുകൊണ്ട് ഈ ബില്ലിലെ വ്യവസ്ഥകളെ എതിർക്കുകയാണ്.

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. വി. ജോയി:</u> സർ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികവരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം നാല് രൂപയിൽനിന്നും നാൽപ്പത്തിയഞ്ച് രൂപയായും തൊഴിലുടമ അടയ്ക്കേണ്ട അംശദായം എട്ട് രൂപയിൽനിന്ന് നാൽപ്പത്തിയഞ്ച് രൂപയായും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ഭേദഗതി ബിൽ. തൊഴിലാളികളുടെ ക്ഷേമാഭിവൃദ്ധിക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുംവേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് 1975-ലെ മൂലനിയമം. നേരത്തെ സൂചിപ്പിച്ചതുപോലെ 1977-ൽ തൊഴിലാളി ദിനമായ മേയ് 1-ാം തീയതിയാണ് ഇത് നിലവിൽ വന്നത്. ഈ ഭേദഗതിയുടെ ഉദ്ദേശ്യം എല്ലാവർക്കും അറിയാവുന്നതുപോലെ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയെന്നതാണ്. കേരളത്തിൽ വളരെ മുമ്പുതന്നെ കൊണ്ടുവന്നതാണ് തൊഴിലാളി ക്ഷേമനിധി ബിൽ. ഏകദേശം അഞ്ചുലക്ഷത്തിലധികം തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഇതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് മറ്റ് പല ക്ഷേമനിധി ബോർഡുകളും നിലവിൽ വന്നത്. അതുകൊണ്ടുതന്നെ ആ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളെല്ലാം അവരുടേതായ ക്ഷേമനിധിയിലേയ്ക്ക് മാറിയ സാഹചര്യവുമുണ്ട്. ക്ഷേമപദ്ധതിയിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾക്ക് നാമമാത്രമായ ആനുകൂല്യങ്ങളാണ്

നേരത്തെ ലഭ്യമായിരുന്നത്. ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ എല്ലാ തൊഴിലാളി സംഘടനകളും തൊഴിലുടമകളും സംയുക്തമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് അംശദായവർദ്ധനവ് വരുത്തുന്നതിനുള്ള തീരുമാനമെടുത്തത്.

ശ്രീ. പി. ടി. എ. റഹീം: സർ, എല്ലാ തൊഴിലാളി സംഘടനകളുടെയും യോഗം ചേർന്നാണ് അംശദായത്തെ സംബന്ധിച്ച് തീരുമാനിച്ചതെന്നാണ് അങ്ങ് പറയുന്നത്. ചില അംഗങ്ങൾ പ്രസംഗിച്ചപ്പോൾ ശ്രീ. നരേന്ദ്രമോദിയുടെ പാതയിൽ സഞ്ചരിക്കുന്നുവെന്ന് പറയുകയുണ്ടായി. ഈ യോഗത്തിൽ എസ്.ടി.യു-ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. എം. റഹ്മത്തുള്ള പങ്കെടുത്തിരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: ശ്രീ. പി. ടി. എ. റഹീം പറഞ്ഞതുൾപ്പെടെയുള്ളവരെല്ലാം പങ്കെടുത്തിട്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തിരിക്കുന്നത്. അദ്ദേഹം ഡയറക്ടർ ബോർഡ് അംഗമാണ്. തൊഴിലാളികളുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുകയെന്നതാണ് ക്ഷേമനിധി ബോർഡുകളുടെ മുഖ്യലക്ഷ്യം. അതിനുവേണ്ടിയാണ് അംശദായത്തിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇതൊരു തൊഴിലാളി ദ്രോഹമായി കരുതുന്നവർ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ ക്ഷേമപദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എതിരായിട്ടുള്ളവരാണ് എന്നതാണ് പ്രധാനം. ഓർഡിനൻസ് ഇറക്കിയതിന്റെ ഭാഗമായി തൊഴിലാളികളും തൊഴിലുടമസ്ഥരും വിഹിതം അടച്ചുതുടങ്ങിയിരിക്കുകയാണ്. ഒരു തൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് 5,000 രൂപയും ശവസംസ്കാരചടങ്ങുകൾക്ക് 2,000 രൂപയുമാണ് നൽകുന്നത്. നമ്മുടെ നാട്ടിൽ ശവസംസ്കാര ചടങ്ങുകൾ നടത്തുന്നതിന് പുറത്തുനിന്ന് വരുന്നവർക്ക് ഏറ്റവും കുറഞ്ഞത് 4,000 രൂപ കൊടുക്കണം. ഗ്യാസ്പോലുള്ള പുതിയ സംവിധാനങ്ങളിലേയ്ക്ക് മാറിയപ്പോൾ 7,500-8,000 രൂപ വരെ കൊടുക്കണം. എന്നിട്ടും ശവസംസ്കാര ചടങ്ങുകൾക്ക് നൽകാൻ കഴിയുന്നത് രണ്ടായിരം രൂപ മാത്രമാണ്. അപകടമരണം സംഭവിച്ചാൽ പരമാവധി കൊടുക്കാൻ കഴിയുന്നത് 25,000 രൂപയും ചികിത്സാ സഹായം 15,000 രൂപയുമാണ്. പനി വന്ന് ആശുപത്രിയിൽ പോയാൽപ്പോലും ഈ തുക മതിയാകാത്ത സ്ഥിതിയാണ്.

ശ്രീ. എച്ച്. സലാം: സർ, ആനുകൂല്യങ്ങളിലുള്ള കുറവിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സംസാരിച്ചു. കാലോചിതമായി അംശദായം വർദ്ധിപ്പിക്കേണ്ടതാണ്. പല ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനത്തിലുണ്ടാകുന്ന പ്രയാസം ഉടമാവിഹിതം യഥാസമയം അടയ്ക്കാൻ സാധിക്കാത്തതാണ്. ഇപ്പോൾ സെസ്സ് കൃത്യമായി പിരിച്ചെടുക്കുന്നതിലും പ്രയാസങ്ങളുമുണ്ടാകുന്നു. മോട്ടോർ തൊഴിലാളി മേഖലയിലാണെങ്കിൽ ഓട്ടോറിക്ഷയോ ഒരു ടാക്സിയോ സ്വന്തമായിട്ടുള്ള

തൊഴിലാളിതന്നെ തൊഴിലുടമയുമാണ്. തൊഴിലാളി വിഹിതവും ഉടമാവിഹിതവും ഒരാൾതന്നെ അടയ്ക്കേണ്ട പ്രായോഗികമായ പ്രശ്നങ്ങളുണ്ടാകുന്നു. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകളെക്കുറിച്ച് പറയുമ്പോൾ, മത്സ്യമേഖലയിൽ മത്സ്യം കയറ്റുമതിചെയ്യുന്ന മുതലാളിമാർക്ക് വൻലാഭമാണ്. എന്നാൽ, മത്സ്യത്തൊഴിലാളി പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. കയർമേഖലയിലെ കയറ്റുമതിക്കാർക്ക് വരുമാനമുണ്ടെങ്കിലും തൊഴിലാളികൾ പ്രയാസപ്പെടുന്ന അവസ്ഥയാണ്. ഇങ്ങനെ സാമൂഹ്യമായി ഉടലെടുക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യാൻ സെസ്സ് പിരിക്കുന്നതുൾപ്പെടെ അല്ലെങ്കിൽ ഉടമാവിഹിതമുൾപ്പെടെ വാങ്ങിയെടുക്കാനുള്ള ശ്രമംകൂടിയുണ്ടെന്നകാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ജോയി</u>: തൊഴിൽ വകുപ്പ് ഇതുസംബന്ധിച്ച് മനുഷ്യത്വപരമായ സമീപനത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വിവാഹധനസഹായം 7,500 രൂപയും പ്രസവാനുകൂല്യം 15,000 രൂപയുമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഗുണപരമായിട്ടുള്ള നിലപാട് സ്വീകരിച്ചിരുന്നു. ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ വകുപ്പ് നേരിട്ടുനടത്തുന്ന 11 ഐ.ടി.ഐ.-കളിൽ 12 ട്രേഡുകളിലായി 240 സീറ്റ് സംവരണം ചെയ്തിരുന്നു. അത് സുപ്രധാന ചുവടുവയ്പായിരുന്നു. ഏറ്റവും കൂടുതൽ ക്ഷേമനിധി ബോർഡുകൾ നിലനിൽക്കുന്നത് കേരളത്തിലാണ്. അതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പങ്ക് വലുതാണ്. ആര് നെഞ്ചത്തടിച്ച് കരഞ്ഞാലും നിലവിളിച്ചാലും ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഭരണത്തിലിരുന്ന കാലഘട്ടത്തിലാണ് കേരളത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ക്ഷേമനിധി നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. 1987-1991 കാലഘട്ടത്തിൽ സഖാവ് ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് 8 സുപ്രധാനമായ നിയമങ്ങൾ ക്ഷേമനിധി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽവന്നത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബിൽ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബിൽ, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബിൽ, കേരള അബ്കാരി ബിൽ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ, അഡ്വക്കേറ്റ് പ്രൊട്ടക്ഷൻ ബിൽ തുടങ്ങിയവയാണവ. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ തൊഴിലാളികളുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി പരമാവധി സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന കാര്യം ഈയവസരത്തിൽ ഓർക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിന്റെ തലയിൽ ഇടിത്തീ വീഴുന്നതുപോലെയാണ് 2020 സെപ്റ്റംബറിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പുതിയ നിയമം. ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ത്യാഗപൂർണ്ണമായ സമരങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങൾ ഇന്ന് ശ്രീ.

നരേന്ദ്ര മോദിയുടെ പുതിയ ലേബർ കോഡിലൂടെ തകർത്തിരിക്കുകയാണ്. രാജ്യത്ത് നിലനിന്നിരുന്ന 29 തൊഴിൽ നിയമങ്ങൾ നാല് ലേബർ കോഡുകളാക്കി മാറ്റി തൊഴിലാളികളുടെ അവകാശങ്ങളിന്മേൽ കടന്നുകയറ്റം നടത്തി അവരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള പരിശ്രമം നടത്തുകയാണ്. ഇനി ഒരു തൊഴിലാളിക്കും അല്ലെങ്കിൽ ഒരു തൊഴിലാളിസംഘടനയ്ക്കും നിയമവിധേയമായി സമരം ചെയ്യാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച നിയമത്തിന്റെ ഭാഗമായി ഒരാൾക്കും നിയമവിധേയമായി സമരം ചെയ്യാൻ കഴിയാത്ത സാഹചര്യം വരികയാണ്. ഫിക്സഡ് ടേം എംപ്ലോയ്മെന്റ് നിയമവിധേയമായതോടുകൂടി സ്ഥിരം ജോലി ലഭിക്കാത്ത ഒരവസ്ഥയിലേയ്ക്ക് തൊഴിലാളികൾ മാറുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് പറയുന്നത് തൊഴിലാളികൾക്ക് സ്ഥിരംജോലി ലഭിക്കാത്ത സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വിവിധ മേഖലകളിൽ ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് മാത്രമല്ല യു.ഡി.എഫ്-ന്റെ ഭരണകാലഘട്ടത്തിലും നിരവധി ക്ഷേമനിധികൾ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ക്ഷേമനിധി ബോർഡ് ഓഫീസുകളിൽ ജോലി ചെയ്യുന്നതിൽ മഹാഭൂരിപക്ഷവും താൽകാലിക ജീവനക്കാരാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിലിനുവേണ്ടി കാത്തുനിൽക്കുകയാണ്. തൊഴിൽലഭിക്കാതെ പുറത്തുനിൽക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകിയാൽ മാത്രമേ അർഹരായവർക്ക് തൊഴിൽ ലഭിക്കുകയുള്ളൂ. ക്ഷേമനിധി ബോർഡ് ഓഫീസുകളിലൊക്കെ പിൻവാതിൽ നിയമനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ക്ഷേമനിധി ബോർഡ് ഓഫീസുകളിലെ നിയമനങ്ങൾ പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. വി. ജോയി</u>: സർ, കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം മാറിമാറി ഭരിച്ചിട്ടുണ്ടെന്ന് കാണാം. യു.ഡി.എഫ്. ഭരിച്ച കാലഘട്ടത്തിലൊന്നും അങ്ങനെയൊരു നിലപാട് സ്വീകരിച്ചതായി അങ്ങേയ്ക്ക് പറയാൻ സാധിക്കില്ല. ഇപ്പോൾ ഘട്ടംഘട്ടമായി ഒഴിവുകൾ പി.എസ്.സി.ക്ക് വിടുന്നതിനാവശ്യമായുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി ഭേദഗതി ബില്ലാണ്. ഈ ക്ഷേമനിധി ബോർഡിൽ സർവ്വീസ് റൂൾസുണ്ട്. സർവ്വീസ് റൂൾസ് നിലവിലുള്ള സ്ഥാപനങ്ങളിലെല്ലാം നിയമനം നടത്തുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ

മുഖേനയാണ്. ആ രീതിയിലുള്ള ഒരു നിയമനക്രമം അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള ക്ഷേമനിധി ബോർഡാണിത്. കേരളത്തിലെ എല്ലാ ക്ഷേമനിധി ബോർഡുകളിലെ നിയമനങ്ങളും ഇതേ രീതിയിൽ കൊണ്ടുവരാനുള്ള നടപടി തന്നെയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ അതിലേയ്ക്ക് വീണ്ടും കടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ 2020-ലെ തൊഴിലാളിവിരുദ്ധ നിയമങ്ങളുടെ ഭാഗമായി തൊഴിലവകാശം മൗലികാവകാശമെന്നത് തകർത്തിരിക്കുകയാണ്. ട്രേഡ് യൂണിയൻ രൂപീകരിക്കാനുള്ള നടപടി സങ്കീർണ്ണമാക്കിയിരിക്കുകയാണ്. അസംഘടിത പരമ്പരാഗത തൊഴിലാളികളുടെ സ്വകാര്യ സുരക്ഷാനിയമങ്ങൾ വിലക്കിയിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഭാവിതലമുറയ്ക്ക് ഒരു വ്യവസായത്തിലും സ്ഥിരനിയമനങ്ങൾ ലഭിക്കാൻ സാദ്ധ്യതയില്ല. വ്യവസായ മേഖലകളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധന നിർത്തലാക്കിയിരിക്കുകയാണ്. ഇന്ത്യൻ കുത്തകകൾ ഏറെക്കാലമായി തൊഴിൽ നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2019-ൽ ബി.ജെ.പി-ക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം ലഭിച്ചപ്പോഴാണ് അവർ ഈ ഭേദഗതിക്ക് തയ്യാറായത് എന്നുള്ളത് നമ്മൾ കാണണം. 2019-ലെ കോഡ് ഓൺ വേജസ് പാർലമെന്റ് പാസ്സാക്കി. വലിയവായിൽ വർത്തമാനം പറയുന്ന പ്രതിപക്ഷം 2019-ലെ കോഡ് ഓൺ വേജസ് പാസ്സാക്കിയപ്പോൾ ഇന്ത്യൻ പാർലമെന്റിൽ അതിനെ എതിർത്തില്ല. അന്ന് പാർലമെന്റിൽ അതിനെ എതിർത്തത് ഇടതുപക്ഷവും ഡി.എം.കെ-യും സമാജ്‌വാദി പാർട്ടിയുമായിരുന്നുവെന്നുള്ളത് ഈ അവസരത്തിൽ ഓർക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, പാർലമെന്റിൽ ഈ നിയമത്തെ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രതിനിധികളുമെതിർത്തിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, അത് നല്ലതാണ്. തൊഴിലാളികളുടെ ദീർഘകാലത്തെ ത്യാഗപൂർണ്ണ പോരാട്ടങ്ങളിലൂടെ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ പിച്ചിച്ചീന്തപ്പെടുകയാണ്. മിനിമം വേജസ് ആക്ടിൽപ്പോലും മാറ്റം വരുത്തിയിരിക്കുകയാണ് എന്നതാണ് പ്രധാന വിഷയം. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി പറയുന്നത് മിനിമം വേജ് 202 രൂപയാക്കുകയെന്നതാണ്. നമ്മൾ 700-ഉം 800-ഉം രൂപ നൽകുമ്പോൾ കേന്ദ്ര സർക്കാർ അത് കുറച്ചുകൊണ്ടുവരികയാണ്. തൊഴിലാളികളുടെ ഒരു ദിവസത്തെ ജോലിസമയം എട്ട് മണിക്കൂറിൽനിന്ന് പന്ത്രണ്ട് മണിക്കൂർ വരെയാക്കി മാറ്റാനുള്ള സൗകര്യം

മുതലാളിക്ക് ചെയ്തുകൊടുത്തിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ടതാണ്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ വിറ്റുതുലയ്ക്കുകയാണ്. തൊഴിലാളികൾക്ക് ഇടപെടാനുള്ള സാഹചര്യം നഷ്ടപ്പെടുത്തുകയാണ്. ഇത് 1991-ലെ ന്യൂ ഇക്കണോമിക് പോളിസിയുടെ ഭാഗമായി തുടങ്ങിയതാണ്. ഇന്ന് ബി.ജെ.പി. ഗവൺമെന്റ് അനസ്യൂതം മുന്നോട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ശ്രീ. എ. പി. അനിൽ കുമാർ സംസാരിച്ചപ്പോൾ പറഞ്ഞത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പങ്കുമില്ലെന്നും 1920-ലും 1921-ലുമൊക്കെ ആരൊക്കെയോകൂടി കൊണ്ടുവന്നതാണെന്നുമാണ്. രാജ്യത്തെ ആദ്യത്തെ നിയമമല്ല അത്, ഒഡീസ്സയിലും രാജസ്ഥാനിലുമൊക്കെ ഉണ്ടായിരുന്നുവെന്നും പറഞ്ഞു. പുസ്തകത്തിലെ പശു എത്ര പുല്ലുതിന്നുമെന്നുള്ളത് നാട്ടുകാർക്കറിയാം. 1957-ലെ സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റ് പാസ്സാക്കിയ ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിച്ചവരാണ് നിങ്ങൾ. അട്ടിമറിച്ചത് എങ്ങനെയെന്ന് ഞാൻ പറയാം. അങ്ങത് മനസ്സിലാക്കണം. ഈ നിയമം പാസ്സാക്കി കേന്ദ്രഗവൺമെന്റിന് അയച്ചിട്ട് ഒരു വർഷക്കാലം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ സ്വാധീനിച്ച് അത് ഒളിച്ചുവച്ചു. വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവും അങ്ങനെത്തന്നെയാണ്. അതിനുശേഷം കോടതിയിൽ കേസ് നടത്തിയതിന്റെ ഭാഗമായി തലയും പ്രധാനപ്പെട്ട ഭാഗങ്ങളുമെല്ലാം അരിഞ്ഞശേഷമാണ് ഇതിന് അനുവാദം നൽകിയതെന്ന കാര്യം നിങ്ങൾ ഓർക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ചരിത്രം സത്യസന്ധമായി പറയണം. കാരണം, ഇതിനെല്ലാം റിക്കാർഡുള്ളതാണ്. 1957-ൽ നിർമ്മിച്ച ഭൂപരിഷ്കരണ ഭേദഗതി നിയമത്തിന്റെ പുസ്തകം ഒന്ന് കാണിച്ചുതന്നാൽ ഞങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾക്ക് അറിയാവുന്നിടത്തോളം കെ. ആർ. ഗൗരിയമ്മയുടെ ഭരണകാലത്ത് പത്ത് സെന്റിൽ കിടക്കുന്ന പാവപ്പെട്ടവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകിയ ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. ഒരു നിയമത്തിന് രൂപം നൽകിയത് 1960-ലെ ഗവൺമെന്റാണ്. പി. ടി. ചാക്കോ അന്ന് കേരളത്തിലെ ആഭ്യന്തര-റവന്യൂ വകുപ്പുമന്ത്രിയും കൂടിയായിരുന്നു. ആ നിയമമാണ് 1964-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമമെന്ന് ഇപ്പോൾ അറിയപ്പെടുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹോദരന്മാർ മിണ്ടുന്നതേയില്ല, അത് പേടികൊണ്ടാണോ? അതിനുശേഷം 1970-ൽ സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം കൊണ്ടുവന്നത്. ആ നിയമമാണ് അവസാനം ഒൻപതാം ഷെഡ്യൂളിലുൾപ്പെടുത്തി ഇന്ദിരാ ഗാന്ധി പ്രൊട്ടക്റ്റ് ചെയ്തത് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്.

ശ്രീ. വി. ജോയി: സർ, കേരള നിയമസഭയിൽ ഈ വിഷയം അവതരിപ്പിക്കപ്പെടുകയും താങ്കൾ പറഞ്ഞതുപോലെ ജി.ഒ. ഇറക്കുകയും ചെയ്തിട്ടുണ്ടെന്ന് പറയാം. പക്ഷേ, അതിനെപ്പോലും ഒരു വർഷക്കാലം തടഞ്ഞുവച്ചവരാണ് നിങ്ങളെന്നത് മനസ്സിലാക്കണം. സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റ് അധികാരത്തിലേറിയ ആറാമത്തെ ദിവസം കുടികിടക്കുന്നവന്റെ കുടിൽ പൊളിക്കാൻ പാടില്ലെന്ന് ഉത്തരവ് ഇറക്കിയ ഗവൺമെന്റാണെന്നുള്ളത് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പറഞ്ഞതുപോലെ കുടിയൊഴിപ്പിക്കൽ നിരോധന ഉത്തരവിനുശേഷം 1967-ൽ വീണ്ടും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനിടയിൽ രണ്ട് ഗവൺമെന്റ് കേരളത്തിലുണ്ടായിരുന്നു. ആ രണ്ട് സർക്കാരുകളുടെ ഭരണകാലത്തും അതിൽനിന്നും ഒരു പടിപോലും മുന്നോട്ടുപോകാൻ കഴിഞ്ഞില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ രണ്ട് ഗവൺമെന്റിന്റെയും മദ്ധ്യത്തിലുള്ളതാണ് 1960-ലെ ഗവൺമെന്റ്. 1960-ലെ ഗവൺമെന്റിൽ ആർ. ശങ്കർ ആയിരുന്നു മുഖ്യമന്ത്രി. അന്ന് ബിൽ അവതരിപ്പിച്ച പി. ടി. ചാക്കോ നിയമ-ആഭ്യന്തര-റവന്യൂ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്നു. അദ്ദേഹം കൊണ്ടുവന്നതാണ് 1964-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം.

5.00 P.M.}

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തേ സംസാരിച്ചപ്പോൾ 1964-ലെ ഒരു ഭേദഗതി നിയമത്തെ സംബന്ധിച്ച് പറഞ്ഞു. 1964-ൽ ഭേദഗതി കൊണ്ടുവരണമെങ്കിൽ അതിനുമുമ്പ് ഒരു നിയമമുണ്ടാകണമല്ലോ? 1959-ൽ കേരളത്തിൽ കർഷക ബന്ധ നിയമം പാസ്സാക്കിയതാണ് അന്നത്തെ വിമോചനസമരത്തിന് അടിസ്ഥാനമായത്. അങ്ങനെ ആ ഗവൺമെന്റ് അധികാരത്തിൽനിന്നുപോയി. പിന്നീട് 1967-ലാണ് ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ആ ഗവൺമെന്റാണ് 1969-ൽ ഭൂപരിഷ്കരണ (ഭേദഗതി) നിയമം പാസ്സാക്കുന്നത്. അത് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം സി. അച്യുതമേനോൻ ഗവൺമെന്റിലാണ് നിക്ഷിപ്തമായിരുന്നത്. അതാണ് ചരിത്രം. 1959-നും 1969-നുമിടയിൽ അധികാരത്തിൽവന്ന ഗവൺമെന്റ് ഭേദഗതിയിലൂടെ പഴയ കർഷകബന്ധ നിയമത്തിന്റെ ചിറകരിയുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ അതിനിടയിലുള്ള വ്യവസ്ഥകൾ പലതും ഇല്ലാതായതിന്റെ അടിസ്ഥാനത്തിലാണ് 1969-ൽ

ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കാനിടവന്നത്. ആ നിയമമാണ് 1970-ൽ നടപ്പിലാക്കിത്തുടങ്ങിയത്. അതാണ് ഈ നിയമത്തിന്റെ ചരിത്രമെന്നുള്ള വസ്തുത അംഗീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ തർക്കിക്കാൻവേണ്ടിയല്ല, ക്ലാരിറ്റിക്കുവേണ്ടി പറയുകയാണ്. Land Reforms Act, 1964-നെക്കുറിച്ച് ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. 1964-ലെ നിയമമനുസരിച്ച് എന്ന് മുമ്പത്തെയും ഇപ്പോഴത്തെയും റവന്യൂ വകുപ്പുമന്ത്രിമാരൊക്കെ പറയുന്നുണ്ടല്ലോ. അത് 1963-ൽ പാസ്സാക്കി 1964-ൽ നിയമമായതാണ്. അതിപ്പോൾ നമ്മുടെ ലൈബ്രറിയിലുണ്ട്. പിന്നീട് അതിൽ ചെറിയ ഭേദഗതികൾ വന്നിട്ടുണ്ടാകും. പക്ഷേ, 1970-ൽ സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സമഗ്രമായ പരിഷ്കരണം കൊണ്ടുവന്ന് പ്രസിഡന്റ് ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്ത് ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും കോടതിയിൽപ്പോലും ചോദ്യം ചെയ്യാത്ത വിധത്തിൽ intact ആക്കിയതുമാണ് ചരിത്രം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം കൺക്ലൂഡ് ചെയ്യണം. ഇനിയൊരു വഴങ്ങലിലേയ്ക്ക് പോകരുത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 1969-നുശേഷം സഖാവ് എ. കെ. ഗോപാലന്റെ നേതൃത്വത്തിൽ അറവുകാട് നടന്ന വലിയ ജനകീയ പങ്കാളിത്ത സമരം അങ്ങയുടെ ശ്രദ്ധയിലുണ്ടോ? 1969-ൽ നടന്ന അറവുകാട് പ്രഖ്യാപനം എന്നറിയപ്പെടുന്ന വലിയ പ്രക്ഷോഭത്തിന്റെ തുടർച്ചയല്ലേ യഥാർത്ഥത്തിൽ ഈ നിയമം നടപ്പിലാക്കാനിടയായ സാഹചര്യം സൃഷ്ടിച്ചതെന്ന് അങ്ങേയ്ക്ക് അറിയാമോ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ....(മൈക്ക് ഓഫ്)

ശ്രീ. വി. ജോയി: സർ, ഞാൻ അവസാനിപ്പിക്കാം. നമ്മുടെ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് തലചായ്ക്കാൻ ആറടി മണ്ണ് നൽകുകയെന്നുള്ള പ്രധാന കാര്യം നടപ്പിലാക്കിയതും അതിന്റെ നാന്ദികുറിച്ചതും സഖാവ് ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ഞാൻ ഒരു വാദത്തിനുവേണ്ടി ചോദിക്കുകയാണ്, 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി. ഇന്ത്യയിൽ ആളുകൾക്ക് ഒരുതുണ്ട് ഭൂമി കൊടുക്കാനുള്ള നിലപാടെടുക്കാൻ നിങ്ങൾ

എത്ര കാലമെടുത്തു. ഭൂരിപക്ഷമുണ്ടായിരുന്നിട്ടും അത് ചെയ്തില്ല. കേരളം തൊഴിലാളി സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തൊഴിലാളികളിൽനിന്നുള്ള അംശദായം 4 രൂപയിൽനിന്ന് 45 രൂപയായും തൊഴിലുടമയിൽനിന്നുള്ളത് 8 രൂപയിൽനിന്ന് 45 രൂപയായും വർദ്ധിപ്പിക്കുകയാണ്. സത്യത്തിൽ തൊഴിലുടമയുടെ വിഹിതം പലയിടത്തും തൊഴിലാളിതന്നെയാണ് നൽകുന്നത്. തൊഴിലാളി നൽകുന്നത് പത്തിരട്ടിയിലധികമാണെങ്കിൽ മുതലാളി നൽകുന്നത് അഞ്ചിരട്ടിയും ചില്ലറയുമാണ്. അങ്ങനെയൊരു വ്യത്യാസമുണ്ട്. ശ്രീമതി കെ. കെ. രമ പറഞ്ഞതുപോലെതന്നെ എനിക്ക് സൂചിപ്പിക്കാനുള്ളത്, ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്നത് കാലോചിതമായ മാറ്റമാണെന്ന് എല്ലാവരും വാദിച്ചേയ്ക്കാം; പക്ഷേ, അതിനനുസൃതമായി തൊഴിലാളിക്ക് അതിന്റെ ഗുണംകൂടി ലഭിക്കണമെന്നതിലേയ്ക്ക് കാര്യങ്ങൾ എത്തേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ സത്യത്തിൽ ഈ ബിൽകൊണ്ടുള്ള പ്രയോജനം സാധാരണ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. കർഷകത്തൊഴിലാളികൾക്കും തൊഴിലാളികൾക്കുംവേണ്ടി ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതടക്കമുള്ള കാര്യങ്ങൾ ചെയ്തത് ഇടതുപക്ഷം മാത്രമാണെന്നുള്ളതാണ് ഇവിടെ ശ്രീ. വി. ജോയി ഉൾപ്പെടെയുള്ളവർ പറഞ്ഞത്. എന്നാൽ, പുരോഗമനപരമായി തൊഴിലാളി പക്ഷത്തുനിന്നുകൊണ്ടുള്ള എല്ലാ തീരുമാനങ്ങളുമെടുത്തിട്ടുള്ളത് യു.ഡി.എഫ്.-ന്റെയും 1970 മുതൽ 1977 വരെ ഭരിച്ച സി. അച്യുതമേനോൻ ഗവൺമെന്റിന്റെയും ഭരണകാലത്തായിരുന്നു. എന്നാൽ, ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് പൂർണ്ണമായും ഒരു മുതലാളിത്ത ഗവൺമെന്റായി മാറിയിരിക്കുന്നുവെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. അതിൽ തർക്കത്തിന്റെ കാര്യമില്ല. ഇടതുപക്ഷത്തിനുവേണ്ടി എന്നും കവിത എഴുതിയിട്ടുള്ള ആളാണ് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട്.

"തൊഴിലാളി വർഗ്ഗം അധികാരമേറ്റാൽ
അവരായി പിന്നെ അധികാരിവർഗ്ഗം.
അധികാരമപ്പോൾ തൊഴിലായി മാറും
അതിനുള്ള കൂലി അധികാരി വാങ്ങും.
വിജയിക്ക പിൻപേ കുതികൊൾവു ലോകം
വിജയിക്ക മുൻപിൽ വിരിയുന്നു കാലം.
മനുജനുമീതെ മുതലെന്ന സത്യം
മുതലിന്നുമീതെ അധികാര ശക്തി.
അധികാരമേറാൻ തൊഴിലാളിമാർഗ്ഗം
തൊഴിലാളിയെന്നും തൊഴിലാളി മാത്രം."

എന്ന് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന് കവിതയെഴുതേണ്ടിവന്നത് ഈ തൊഴിലാളി പാർട്ടി മുതലാളിത്ത പാർട്ടിയിലേയ്ക്ക് മാറിയതിന്റെ പശ്ചാത്തലത്തിലാണ്. 1948-ലെ ഫാക്ടറീസ് നിയമത്തിൽ പറയുന്നതും 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിന്റെ പരിധിയിൽ വരുന്നതും 1951-ലെ പ്ലാന്റേഷൻ നിയമത്തിന്റെ സെക്ഷൻ 2-ൽ വരുന്നതുമായ തൊഴിലാളികളും 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ വരുന്ന ഇരുപതിലധികം തൊഴിലാളികളുമുൾപ്പെടെയുള്ള തൊഴിലാളികളാണ് ഈ ബില്ലിന്റെ പരിധിയിൽ വരുന്നത്. തൊഴിലാളികൾക്കുവേണ്ടിയുള്ള അംശദായ വർദ്ധനവ് ക്ഷേമനിധി ബോർഡിലേയ്ക്ക് വരുമ്പോൾ അഡ്മിനിസ്ട്രേഷൻ ചെലവ് അടക്കമുള്ളവ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഭീമമായ ചെലവുകൾ ക്ഷേമനിധി ബോർഡുകൾക്ക് വരികയാണ്. അതേസമയംതന്നെ തൊഴിലാളികൾക്ക് ഇതിൽനിന്ന് ഗുണം ലഭിക്കാതെ പോകുകയും ചെയ്യുന്നു. കാൻസർ, ഹൃദയസ്തംഭനംപോലെയുള്ള മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് ഒന്നര-രണ്ടര ലക്ഷം രൂപയൊക്കെ ചെലവാകുമ്പോൾ ഈ ബോർഡിൽനിന്ന് തൊഴിലാളികൾക്ക് ലഭിക്കുന്നത് കേവലം പതിനായിരം രൂപ മാത്രമാണ്. ഇതിവിടെ മറ്റ് ചില അംഗങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. അതുപോലെ തൊഴിലാളികളുടെ മക്കൾ അംഗവൈകല്യമുള്ളവരാണെങ്കിൽ അവർക്ക് ലഭിക്കുന്നത് 100-150 രൂപ മാത്രമാണ്. അയ്യായിരം രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ള തൊഴിലാളിയുടെ പെൺകുട്ടിക്ക് വിവാഹ ധനസഹായമായി ലഭിക്കുന്നത് ആയിരം രൂപ മാത്രമാണ്.

അത് രണ്ട് പെൺകുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഐ.ടി.ഐ. പോലുള്ള തൊഴിൽ സ്ഥാപനങ്ങളിൽ കുറച്ച് സീറ്റുകൾ റിസർവ് ചെയ്തിട്ടുണ്ട്. പക്ഷേ, അവർക്ക് നൽകുന്ന സ്റ്റൈപ്പന്റ് കേവലം 150 രൂപ മാത്രമാണ്. അംശദായം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഈ ആനുകൂല്യങ്ങളൊക്കെ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൂടിയുണ്ടാകേണ്ടതുണ്ട്. തൊഴിലാളികളാണ് ഈ കാലഘട്ടത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ടത്. യഥാർത്ഥത്തിൽ ഒന്നര-രണ്ട് വർഷമായി കോവിഡ്വ്യാപന നിയന്ത്രണംകൂടി വന്ന സാഹചര്യത്തിൽ 53 ശതമാനം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നാണ് കണക്കുകൾ പറയുന്നത്. ഹോട്ടൽ മേഖലയിലുള്ള തൊഴിലാളികൾക്കാണ് 69 ശതമാനം തൊഴിൽ നഷ്ടപ്പെട്ടതെന്ന് പറയുന്നുണ്ട്. അക്കൂട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട സ്ത്രീതൊഴിലാളികൾ വളരെക്കൂടുതലാണ്. സ്ത്രീകളെയും ദുർബ്ബല വിഭാഗങ്ങളെയുമാണ് കോവിഡ് പ്രതിസന്ധി ഏറ്റവുമധികം ബാധിച്ചത്. പുരുഷന്മാരുടെ കണക്ക് 3.9 ശതമാനമാണെങ്കിൽ സ്ത്രീകളുടെ തോത് 5 ശതമാനമാണ്. കോവിഡിൽനിന്ന് ആരോഗ്യം വീണ്ടെടുക്കുകയെന്നത് സത്യത്തിൽ സമ്പദ്ഘടനയിലും സമൂഹത്തിലുമുണ്ടാക്കിയിട്ടുള്ള തകർച്ചയുടെ വീണ്ടെടുക്കൽ കൂടിയാണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയായ ILO (International Labour Organization)-യുടെ ഡയറക്ടർ Guy Ryder പറഞ്ഞത്, കോവിഡിൽനിന്നുള്ള വീണ്ടെടുക്കൽ എന്നുപറയുന്നത് ആരോഗ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല സമ്പദ്ഘടനയിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കുംകൂടിയാണെന്നാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളുടെ കണക്ക് വളരെ കൂടുതലാണ്. ഇവരെ മുഴുവൻ ഇവിടത്തെ തൊഴിൽ മേഖലയിലേയ്ക്ക് പ്രവേശിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള സമയത്താണ് കേന്ദ്ര ഗവൺമെന്റ് 2020-ൽ പാർലമെന്റിൽ പ്രമേയം പാസ്സാക്കുന്നത്. ആ പ്രമേയം സംസ്ഥാനത്തെ എല്ലാ തൊഴിലാളികളുടെ അവകാശങ്ങളുടെയും അവരുടെ സംഘടിതമായ അവകാശത്തിനുവേണ്ടിയുള്ള മുന്നേറ്റത്തിന്റെയുമൊക്കെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ}

ശ്രീ. നജീബ് കാന്തപുരം സംസാരിച്ചപ്പോൾ ശ്രീ. ടി. പി. രാമകൃഷ്ണൻ ഇടപെട്ടത് ഞാൻ ശ്രദ്ധിച്ചിരുന്നു. ഇവിടെയുണ്ടാക്കിയ നിയമങ്ങൾക്ക് ശ്രീ. നരേന്ദ്രമോദിയുടെ ചില മുഖങ്ങളുണ്ടെന്ന് ശ്രീ. നജീബ് കാന്തപുരം പറയുകയുണ്ടായി. സത്യത്തിൽ ശ്രീ. ടി. പി. രാമകൃഷ്ണനടക്കമുള്ള ഇടതുപക്ഷ സർക്കാർ കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കിയ ഒരു നിയമത്തിന് ശ്രീ. നരേന്ദ്ര മോദിയുടെ ഈ നിയമവുമായി വളരെ സാമ്യമുണ്ട്. Kerala Investment

Promotion and Facilitation Act-ലെ 9A വകുപ്പ് തൊഴിലാളികളുടെ എല്ലാ അവകാശങ്ങളെയും ഹനിച്ചുകൊണ്ടുണ്ടാക്കിയ ഒരു നിയമമാണ്. 2020-ൽ നരേന്ദ്ര മോദി സർക്കാർ പാർലമെന്റിൽ പാസ്സാക്കിയതും 2021 ഏപ്രിൽ മുതൽ നടപ്പിലാക്കിയതുമായ നിയമത്തിന് സമാനമാണ് ആ നിയമം. അതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞുപറഞ്ഞ് ഈ നിയമവുമായി ബന്ധമില്ലാത്ത പല വിഷയങ്ങളിലേയ്ക്കും കടക്കുകയാണ്. ഞാനതല്ല ചോദിക്കാനുദ്ദേശിക്കുന്നത്, തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള ഒരു ചെറിയ ഭേദഗതിയുടെ പ്രശ്നമാണ് ഇവിടത്തെ ചർച്ച. ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് രൂപപ്പെട്ടുവരുന്ന പ്രശ്നങ്ങൾ ആ അർത്ഥത്തിൽ കാണാൻ തയ്യാറാകണ്ടേ? ഈ ഭേദഗതിക്കനുകൂലമായ നിലപാടാണ് STU (Swatantra Thozhilali Union) സ്വീകരിച്ചിരിക്കുന്നത്. ശ്രീ. ടി. വി. ഇബ്രാഹിം പറയുന്ന അഭിപ്രായങ്ങൾ STU-ന്റെ അഭിപ്രായങ്ങളാണോ, STU സംഘടന ഈ ബില്ലിന്റെ ഭേദഗതിയോട് എന്ത് നിലപാടാണെടുത്തിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾകൂടി പരാമർശിക്കണ്ടേ? ഞാൻ ഇവരുമായുള്ള ചർച്ചയിൽ പങ്കെടുത്ത ഒരാളാണ്. എല്ലാ ട്രേഡ് യൂണിയനുകളുമായും ഉടമാപ്രതിനിധികളുമായും ചർച്ച നടത്തി. ഈ ക്ഷേമനിധി ബോർഡിലെ അംശദായ തുക വർദ്ധിപ്പിക്കുകയും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലുള്ള നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുകയും ചെയ്യേണ്ടതുണ്ട്. ഈ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിനുവേണ്ടിയാണ് ഇത്തരമൊരു മാറ്റം കൊണ്ടുവരുന്നത്. ആ മാറ്റം എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും അഭിപ്രായമാണ്. ആ അഭിപ്രായത്തിന് ശ്രീ. നരേന്ദ്രമോദിയുടെ നയത്തിന് എന്താണ് സ്വാധീനമെന്ന് മനസ്സിലാകുന്നില്ല. ശ്രീ. നരേന്ദ്ര മോദിയുടെ സ്വാധീനത്തെ ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി പറയുന്നതാണ്. ശ്രീ. നരേന്ദ്ര മോദിയെ നഖശിഖാന്തം എതിർത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ തൊഴിലാളി സംഘടനകളെല്ലാം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായിനിന്ന് കേന്ദ്രത്തിലെ പുതിയ പരിഷ്കരണത്തെ, തൊഴിലാളിവിരുദ്ധ നീക്കങ്ങളെ ശക്തമായി എതിർക്കുകയാണ്, അവർ പോരാട്ടത്തിന്റെ പാതയിലാണ്. ആ തൊഴിലാളിവർഗ്ഗത്തിന്റെ യോജിപ്പിനെ പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനമല്ലേ യഥാർത്ഥത്തിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടത്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നേരത്തെ ശ്രീ. ടി. പി. രാമകൃഷ്ണൻതന്നെ ശ്രീ. നജീബ് കാന്തപുരത്തിന്റെ കാര്യത്തിൽ ഇടപെട്ടുകൊണ്ട് ഞാൻ ഒരുദാഹരണം പറഞ്ഞെന്നുമാത്രമേയുള്ളൂ. കേരളത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനു

വേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നടത്തിയ നിയമനിർമ്മാണം തൊഴിലാളികളുടെ സംഘടിതമായ മുന്നേറ്റത്തിന് അറുതിവരുത്തിയിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. നോക്കുകൂലി പ്രശ്നം കേരളത്തിൽ ചർച്ച ചെയ്തതാണ്. നോക്കുകൂലിയുടെ പേരിൽ ഒരു തൊഴിലാളി വിഭാഗമാകെ അധിക്ഷേപിക്കപ്പെട്ടു. അപ്പോൾ കേരളത്തിൽ എല്ലാ തൊഴിലാളികളും നോക്കുകൂലി വാങ്ങുന്നവരാണെന്നുവന്നു. കുറച്ചുപേർ നോക്കുകൂലി വാങ്ങിയിരിക്കാം. പക്ഷേ, ആദ്യമായി കേരളത്തിന്റെ പൊതുമണ്ഡലത്തിലേയ്ക്ക് ഇക്കാര്യം കൊണ്ടുവന്നത് ശ്രീ. പിണറായി വിജയൻ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ 2015-ൽ കൊച്ചിയിൽവച്ച് നടത്തിയ പ്രസ്താവനയിലൂടെയാണ്.

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും നോക്കുകൂലി എന്ന തൊഴിലാളിവിരുദ്ധ നിലപാടിനെതിരാണ്. ഒറ്റപ്പെട്ട സംഭവത്തെ നേരിടാനാണ് നിയമനിർമ്മാണം നടത്തുന്നത്. ഇത് കേരളത്തിൽ തൊഴിലാളി സംഘടനകൾ സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ളതാണ്. എല്ലാ സംഘടനകളും ഇതിനെതിരാണ്, അതിനെ എന്തിനാണ് ന്യായീകരിക്കുന്നത്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നോക്കുകൂലി വാങ്ങുന്നതിനെയല്ല ന്യായീകരിക്കുന്നത്, നോക്കുകൂലിയുടെപേരിൽ കേരളത്തിലെ തൊഴിലാളിവർഗ്ഗം ഒന്നാകെ അധിക്ഷേപിക്കപ്പെട്ടുവെന്ന കാര്യം യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള ഒരു സാഹചര്യമൊരുക്കിയത് ഞങ്ങളല്ല. മാത്രമല്ല, ഈ ഗവൺമെന്റിന് ഇവരുടെ കാര്യത്തിൽ വലിയ ആത്മാർത്ഥതയില്ല എന്നാണ് ഞാൻ പറയുന്നത്. അങ്ങനെയുണ്ടായിരുന്നെങ്കിൽ 2016-ലെ മാനിഫെസ്റ്റോയിൽ പറഞ്ഞതെന്താണ്? മിനിമം കൂലി 600 രൂപയാക്കുമെന്നും തോട്ടം തൊഴിലാളികളുടെ മിനിമം കൂലി 500 രൂപയാക്കുമെന്നുമാണ്. ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കാനുള്ള നിയമം കൊണ്ടുവന്നിട്ടുണ്ടോ? ശ്രീ. പി. പി. ചിത്തരഞ്ജൻ സി.ഐ.ടി.യു-ന്റെ നേതാവാണെന്ന് എനിക്കറിയാം. പക്ഷേ, ഇക്കാര്യങ്ങൾ യാഥാർത്ഥ്യമാണ്. മിനിമം വേതനം 600 രൂപയാക്കുമെന്ന് പറഞ്ഞവർ അത് നടപ്പാക്കിയില്ല. തോട്ടം തൊഴിലാളികൾക്ക് മിനിമം വേതനം 500 രൂപയാക്കുമെന്ന പ്രഖ്യാപനവും നടപ്പിലാക്കിയിട്ടില്ല.

ശ്രീ. പി. നന്ദകുമാർ: സർ, ശ്രീ. ടി. വി. ഇബ്രാഹിം സംസാരിച്ചപ്പോൾ മിനിമം കൂലിയെ സംബന്ധിച്ച് പറഞ്ഞു. മിനിമം കൂലി എങ്ങനെയാണ് നടപ്പാക്കുന്നതെന്നത് സംബന്ധിച്ച് ഒരു ധാരണയുണ്ടാകണം. കേരളത്തിൽ മിനിമം വേജസ് ബോർഡുണ്ട്. തൊഴിലുടമകൾ, തൊഴിലാളി പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ എന്നിവർ ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനിച്ച്

എഴുപതോളം മേഖലകളിൽ ഐകകണ്ഠ്യേന നടപ്പാക്കിയതാണ്. എന്നിട്ടും ഇവിടെവന്ന് ചോദിക്കുന്നത് അത് നടപ്പിലാക്കിയോ എന്നാണ്. തോട്ടം തൊഴിലാളി മേഖലയിലെ കൂലിയെ സംബന്ധിച്ച് തർക്കമുണ്ടായപ്പോഴും മന്ത്രിയടക്കം പരസ്പരം ചർച്ച ചെയ്താണ് ഉടമകളും തൊഴിലാളി പ്രതിനിധികളും തമ്മിലുള്ള ഭിന്നാഭിപ്രായം അവസാനിപ്പിച്ചത്. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുകയും പഠിക്കാൻ ശ്രമിക്കുകയും ചെയ്യണം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രി എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം 700 രൂപയാക്കുമെന്ന് നിയമസഭയിൽ പ്രഖ്യാപിക്കുകയും അന്ന് ഭരണകക്ഷിയിലുണ്ടായിരുന്നവർ കയ്യടിച്ച് സ്വാഗതം ചെയ്യുകയും കൊട്ടിഘോഷിച്ച് വലിയ പ്രസംഗങ്ങൾ നടത്തുകയുമുണ്ടായതാണ്. ഇപ്പോൾ 700 രൂപ മിനിമം വേതനം തോട്ടം തൊഴിലാളികൾക്കുൾപ്പെടെ എല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ആർക്ക് പറയാൻ കഴിയും? 700 രൂപ മിനിമം വേതനം നൽകുമെന്ന് പറഞ്ഞിട്ട് തോട്ടം മേഖലയിൽ ഇന്നും 400-ഉം 430-ഉം രൂപയ്ക്കൊക്കെയാണ് തൊഴിലെടുക്കുന്നതെന്ന യാഥാർത്ഥ്യം അങ്ങയുടെ ശ്രദ്ധയിലില്ലേ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. റോജി എം. ജോൺ പറഞ്ഞതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ സ്ഥിതി ശോചനീയമാണ്. ദുരിതക്കയത്തിലാണ് അവർ ജീവിതനൗക തുഴഞ്ഞുകൊണ്ടിരിക്കുന്നത്. അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചുകൊണ്ട് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് വഴികണ്ടെത്തുകയല്ല മാർഗ്ഗം. അതാണ് എന്റെ വാദം. ഇടതുപക്ഷം തൊഴിലാളികളോട് ആത്മാർത്ഥത കാണിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. ഷോപ്സ് ആൻഡ് കമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. പക്ഷേ, ഒരു ഷോപ്പിൽ പോയി നോക്കിയാൽ, അവിടെയുള്ള സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നില്ല. അതിനുപകരം അംശദായം വർദ്ധിപ്പിച്ചിട്ട് കാര്യമുണ്ടോ? തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കുമ്പോൾ തൊഴിലുടമ കോടതിയിൽ പോകുകയും കോടതി സ്റ്റേ കൊടുക്കുകയും ചെയ്യും. സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നുണ്ടോ? കൊലയാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ള വക്കീലന്മാരെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നു. എന്നാൽ സാധാരണ തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്ത് അത് കോടതി ഇടപെട്ട് സ്റ്റേ ചെയ്യുമ്പോൾ അത് വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റ് ഫലപ്രദമായി

ഇടപെട്ടിട്ടുണ്ടോ? 2008-ൽ യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിക്കുമ്പോൾ രൂപംനൽകിയ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് 2016-ൽ ഈ ബോർഡ് നിലവിൽവന്നത്. അവിടെ എല്ലാ മേഖലയിലുമുള്ള അസംഘടിതരായ തൊഴിലാളികളെ ഒന്നിപ്പിച്ചുകൊണ്ട് അവർക്ക് സംരക്ഷണം കൊടുക്കുന്നവിധത്തിലുള്ള ഒരു ബോർഡാണ് വന്നത്. കേരളത്തിൽ അത് 2016-ലാണ് നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി 'വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി' എന്നാണ് അറിയപ്പെടുന്നത്. ഇടതുപക്ഷം തൊഴിൽ വകുപ്പിനെപ്പോലും ഒരു ഉപവകുപ്പാക്കി എന്നതാണ് എന്റെ ആരോപണം. യു.ഡി.എഫ്. ഭരണകാലത്ത് ശ്രീ. ഷിബു ബേബി ജോൺ, തൊഴിൽ വകുപ്പുമന്ത്രി, അതിനുമുൻപ് ശ്രീ. ബാബു ദിവാകരൻ, എൽ.ഡി.എഫ്. ഭരണകാലത്ത് ശ്രീ. ടി. പി. രാമകൃഷ്ണൻ - എക്സൈസ്-തൊഴിൽ വകുപ്പുമന്ത്രി. തൊഴിൽ വകുപ്പിനെതന്നെ ഒരു പ്രത്യേക വകുപ്പായി കണ്ട് തൊഴിലാളികളുടെ കാര്യത്തിൽ ആത്മാർത്ഥമായ സമീപനം സ്വീകരിച്ചവരാണ് ഞങ്ങൾ.

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് ബില്ലിനെ സംബന്ധിച്ച ചർച്ചയാണ്. എനിക്ക് കാര്യങ്ങൾ അവതരിപ്പിക്കാൻ രണ്ട് മിനിട്ടുകൂടി അനുവദിക്കണം. ഈ മേഖലയിൽ ജോലിചെയ്യുന്ന ധാരാളം തൊഴിലാളികളുണ്ട്. ഇ.എസ്.ഐ.-യുടെ പരിധിയിൽ എല്ലാ തൊഴിലാളികളെയുമുൾപ്പെടുത്താൻ കഴിയണം. കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി നേരത്തെ തൊഴിൽ വകുപ്പിന്റെ ശിപാർശയുണ്ടായിരുന്നു. വിമാനത്താവളത്തിലടക്കം ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളുള്ള പ്രദേശമാണ് കൊണ്ടോട്ടി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കേന്ദ്രനിയമത്തിന്റെ ഭാഗമായിട്ടാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചതെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് തെറ്റാണ്. 1975-ലെ തൊഴിലാളി ക്ഷേമ നിയമപ്രകാരം 1977 മേയ് ദിനത്തിൽ രൂപീകരിക്കപ്പെട്ടതാണ് ഈ ക്ഷേമനിധി ബോർഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പറഞ്ഞത് അതിനെക്കുറിച്ചല്ല. 2008-ലാണ് അസംഘടിതരായ എല്ലാ തൊഴിലാളികളെയും ഇതിന്റെ പരിധിയിൽകൊണ്ടുവരണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം വന്നത്. അത് 2016-ലാണ് കേരളത്തിൽ നടപ്പിലാക്കിയതെന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ മേഖലയിൽ 35 ലക്ഷത്തോളം

ജീവനക്കാരുണ്ടെന്നാണ് കണക്കാക്കുന്നത്. അങ്ങനെയുള്ള എല്ലാവരേയും ഈ ബില്ലിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാനും അവർക്കൊക്കെ ആനുകൂല്യങ്ങൾ എത്തിക്കുന്ന കാര്യത്തിൽ ഒന്നുകൂടി ആത്മാർത്ഥമായ സമീപനം സ്വീകരിക്കാനും കഴിയണം. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാനും തൊഴിലാളികൾക്കാവശ്യമായ ക്ഷേമപ്രവർത്തനങ്ങൾക്ക് പരിരക്ഷ ഉറപ്പുവരുത്താനുമുള്ള ഉദ്യോഗസ്ഥ സംവിധാനമില്ല. ആകെ 102 അസിസ്റ്റന്റ് ലേബർ ഓഫീസർമാരാണ് കേരളത്തിലുള്ളത്.

മി. ചെയർമാൻ: ഇനി ഒരു ബിൽ കൂടിയുണ്ട്. ദയവായി സഹകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാനും തൊഴിലാളികൾക്കാവശ്യമായ സംരക്ഷണവും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുകൂടി പ്രാപ്തമാക്കുന്ന വിധത്തിൽ ഇടപെടാനും അതിന് മേൽനോട്ടം വഹിക്കാനും തൊഴിൽ നിയമങ്ങൾ കൃത്യമായി തൊഴിലിടങ്ങളിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥവൃന്ദത്തിന്റെ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): Sir, I move that, "This House resolves to disapprove 'The Kerala Tailoring workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 132 of 2021)." നിരാകരണപ്രമേയമാണ് അവതരിപ്പിക്കുന്നതെങ്കിലും ഈ ബില്ലിന് ഞാൻ എതിരല്ല. 2013 ഏപ്രിൽ 21-ാം തീയതി അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. 'ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതവും സ്ഥാപന ഉടമകളിൽനിന്നുള്ള വിഹിതവും വർദ്ധിപ്പിക്കണം, തൊഴിലാളികളിൽനിന്നുള്ള വിഹിതം പിരിച്ചെടുക്കാൻ കൃത്യമായ സംവിധാനങ്ങളുണ്ടാകണം, ക്ഷേമനിധി മാനേജ്മെന്റിലെ അരാജകത്വം അവസാനിപ്പിക്കാൻ നടപടിയെടുക്കണം' തുടങ്ങിയ കാര്യങ്ങളാണ് ഉന്നയിച്ചത്. അന്ന് അവതരിപ്പിച്ച സബ്മിഷനിലെ കാതലായ ഭാഗമാണിത്. തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഒട്ടനവധി ബില്ലുകൾ കഴിഞ്ഞ കുറച്ചുദിവസങ്ങളായി നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കണമെന്നല്ലാതെ, സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇതുവരെ ഒരു ബില്ലിലും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, അംശദായത്തിന്റെ ഇരട്ടി നൽകണമെന്ന മൂലനിയമത്തിലുള്ള വ്യവസ്ഥ പുതിയ ഭേദഗതിയിലൂടെ 50 ശതമാനമായി കുറയ്ക്കുകയും ചെയ്തു. സർക്കാരിന്റെ വിഹിതം വെട്ടിക്കുറച്ചു.

ഭരണകക്ഷിയിലെ അംഗങ്ങളെല്ലാവരും തൊഴിലാളികൾക്കുവേണ്ടി നടത്തിയ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇത്രയും സമയം സംസാരിച്ചത്. അങ്ങനെയാണെങ്കിൽ ഇതിങ്ങനെ വെട്ടിക്കുറയ്ക്കണമായിരുന്നോ? ഇത്രയും ത്യാഗം സഹിച്ചസ്ഥിതിക്ക് തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യമായ സർക്കാർ വിഹിതം നാലിരട്ടി കൊടുക്കണമെന്നുള്ള വ്യവസ്ഥ അൻപത് ശതമാനമായി ചുരുക്കിക്കൊണ്ട് ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. അതൊരു ശരിയായ നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇവിടെ അവതരിപ്പിച്ച ഒരു ബില്ലിലും സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശമില്ല. ഈ ബില്ലിലുമില്ല. ബില്ലിലെ 2(2) വകുപ്പ് ഭേദഗതി ചെയ്ത് പ്രാബല്യത്തിൽവരുമ്പോൾ തൊഴിലാളികൾ നേരത്തെ പ്രതിമാസം 20 രൂപ നൽകിയിരുന്ന സ്ഥാനത്ത് 50 രൂപ നൽകേണ്ടിവരും. ഇപ്രകാരം ഒരു വർഷം അറുന്നൂറ് രൂപ തൊഴിലാളി വിഹിതമായി ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടിവരുന്നു. എന്നാൽ നേരത്തെ അവർ പ്രതിവർഷം ഇരുന്നൂറ്റിനാല്പത് രൂപയാണ് നൽകിയിരുന്നത്. 'ബിൽ നിയമമാകുന്നതോടെ ഇപ്രകാരം വർദ്ധിച്ച തുകയുടെ പത്ത് ശതമാനം വിഹിതമാണ് സർക്കാർ പ്രതിവർഷം ഗ്രാന്റിനത്തിൽ ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടിവരിക'. ഗ്രാന്റിനത്തിൽ നൽകേണ്ട തുകയിൽ മാറ്റമുണ്ടോയെന്ന് ശ്രീ. ടി. പി. രാമകൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്. ഒരു മാറ്റവുമില്ല. തൊഴിലാളികളോടുള്ള താല്പര്യത്തിന്റ ഫലമായിട്ടാണ് ഭേദഗതി ബിൽ അവതരിപ്പിക്കുന്നതെന്ന് പറയുന്നത് അർത്ഥശൂന്യമാണ്. ക്ഷേമനിധി ബോർഡുകൾ ഓരോന്നും രൂപീകരിക്കുമ്പോഴും തൊഴിലുടമയുടെ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നില്ല. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ഞാൻ രാവിലെ സംസാരിച്ചിരുന്നു. എന്റെ കണക്ക് തെറ്റാണെങ്കിൽ അങ്ങേയ്ക്ക് തിരുത്താം. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് പതിമൂവായിരം കോടി രൂപ പിരിച്ചെടുക്കാനുണ്ട്. തുടർഭരണമായതുകൊണ്ട് സർക്കാർ വന്നിട്ട് ആറുമാസമേ ആയിട്ടുള്ളൂ എന്നുപറയാൻ കഴിയില്ലല്ലോ? യഥാർത്ഥത്തിൽ ഈ തുക പിരിച്ചെടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ നമ്മുടെ നാട്ടിലെ നിർമ്മാണത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കാമായിരുന്നു. നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല; ആനുകൂല്യങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്നുമില്ല. പ്രസ്തുത തുക പിരിച്ചെടുത്താൽ അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കും. എന്തുകൊണ്ടാണ് കുടിശ്ശിക പിരിച്ചെടുക്കാത്തത്? സാധാരണഗതിയിൽ 2500 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾ പണിതവർക്ക് ക്ഷേമനിധി വേണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, വൻകിട ഫ്ലാറ്റുകൾ, വലിയ

കെട്ടിടങ്ങൾ, ഇതെല്ലാം നിർമ്മിച്ചവരിൽ നിന്നാണ് തുക പിരിച്ചെടുക്കേണ്ടത്. വൻകിട കെട്ടിടനിർമ്മാതാക്കളും നിങ്ങളും തമ്മിലുള്ള അവിഹിതബന്ധത്തിന്റെ ഫലമാണിത്. പതിമൂന്നായിരം കോടി രൂപ പിരിക്കാനുള്ള കാര്യമാണ് ഞാൻ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായിട്ടില്ല.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നമുക്ക് അങ്ങോട്ടുമിങ്ങോട്ടും രാഷ്ട്രീയപ്രസംഗങ്ങൾ നടത്താം. സഭാംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തപ്പോൾ, ബില്ലിലൊതുങ്ങിയും ബില്ലുമായി ബന്ധപ്പെട്ട് കുറച്ചധികവുമൊക്കെ സംസാരിക്കുകയുണ്ടായി. എന്നാൽ അവിഹിതബന്ധം എന്നൊക്കെ താങ്കൾ ഇവിടെ സൂചിപ്പിച്ചത് നല്ല വാക്കാണോ? ഇങ്ങനെയൊരു വാക്ക് പറയേണ്ട കാര്യമുണ്ടായിരുന്നോ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ അങ്ങ് പറഞ്ഞത് അംഗീകരിച്ചുകൊണ്ട്, അവിശുദ്ധബന്ധം എന്നാക്കി തിരുത്തുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരുപാട് കുടിശ്ശിക വന്നിട്ടുണ്ടെന്ന കാര്യം ആദ്യമേതന്നെ വ്യക്തമാക്കിയിരുന്നു. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ബി.എം.എസ്. തുടങ്ങി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളും പ്രസ്തുത ബോർഡിലുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ, കഴിഞ്ഞ 18 മാസക്കാലമായി കുടിശ്ശിക പിരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഒരു യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിനെക്കൊണ്ടോ ബോർഡിനെക്കൊണ്ടോ മാത്രം ഈ തുക പിരിച്ചെടുക്കാൻ കഴിയില്ലായെന്ന് മനസ്സിലാക്കി ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ചുമതലപ്പെടുത്തിയിരിക്കുകയാണ്. സെസ്സ് അടച്ചാൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പെർമിറ്റ് കോർപ്പറേഷനോ പഞ്ചായത്തോ നൽകുകയുള്ളുവെന്ന് തീരുമാനിക്കുകയുണ്ടായി. എന്നുമാത്രമല്ല തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് അദാലത്ത് സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അവിശുദ്ധബന്ധവും അവിഹിതബന്ധവും ഇതിലില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കാം. പക്ഷേ, കുടിശ്ശിക പിരിച്ചെടുക്കാൻ എനിക്കോ പ്രതിപക്ഷാംഗങ്ങൾക്കോ കഴിയില്ലല്ലോ? അപ്പുറത്തിരിക്കുന്നവർക്കല്ലേ അതിന് സാധിക്കുകയുള്ളൂ. കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ആത്മാർത്ഥതയില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, താങ്കൾ മന്ത്രിയായി ഇപ്പുറത്തിരുന്നപ്പോഴും കുടിശ്ശികയുണ്ടായിട്ടുണ്ട്. അതൊരു പുതിയ കാര്യമൊന്നുമല്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പതിമൂവായിരം കോടി രൂപ പിരിച്ചെടുക്കാനുള്ളത് വലിയ കാര്യമല്ലെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞ സ്ഥിതിക്ക് ഞാൻ ഇക്കാര്യത്തെക്കുറിച്ച് ഇനിയൊന്നും സംസാരിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u>: സർ, 13,000 കോടി രൂപയുടെ കണക്ക് തന്നാൽ നന്നായിരുന്നു. ധനകാര്യ വകുപ്പിന് നല്ല താൽപ്പര്യമുള്ള കാര്യമാണത്. 13,000 കോടി രൂപയുണ്ടെന്നുപറഞ്ഞാൽ അതൊരു വലിയ തുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പറഞ്ഞ കാര്യം അങ്ങ് ശ്രദ്ധിച്ചില്ലേ. അങ്ങേയ്ക്ക് കൃത്യമായ കണക്കെടുക്കാമല്ലോ. ഇതിന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ആ കണക്ക് കൃത്യമായി പറയാൻ സാധിക്കും. ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട എന്റെ സഹപ്രവർത്തകർ തന്ന കണക്കാണ് ഞാൻ പറഞ്ഞത്. ആ കണക്ക് ചിലപ്പോൾ ശരിയായിരിക്കില്ല. ശരിയായ കണക്ക് അങ്ങേയ്ക്ക് പറയാം.

<u>മി. ചെയർമാൻ</u>: അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ..........(ബഹളം).........അങ്ങ് തൊഴിൽ വകുപ്പുമന്ത്രിയല്ലേ, ലേബർ കമ്മീഷണറെ വിളിച്ചുപറഞ്ഞാൽ പോരേ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങല്ലേ 13,000 കോടി രൂപയെന്ന് പറഞ്ഞത്?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ കണക്ക് കൊടുത്തിട്ടുവേണോ നിങ്ങൾക്ക് മനസ്സിലാക്കാൻ? പിന്നെ നിങ്ങൾ അവിടെ ഇരിക്കുന്നതെന്തിനാണ്? ഇതിന് വേറൊരു ഭാഷയാണ് പറയേണ്ടത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി <u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ മഹാഭൂരിപക്ഷം ആൾക്കാരും ഞങ്ങൾക്ക് വോട്ട് ചെയ്തതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വോട്ട് ചെയ്തവരുടെ കാര്യമാണ് ഞാൻ പറഞ്ഞത്. വോട്ട് ചെയ്തതിൽ ആളുകൾക്ക് ഇപ്പോൾ ദുഃഖമുണ്ട്. രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ചില കാര്യങ്ങൾ രേഖയിലുണ്ടാവില്ലെന്ന്

ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഒരു കുഞ്ഞുതന്നെ രേഖയിലില്ല. അതാണ് ഇടതുപക്ഷം വന്നതിൽ ആളുകൾക്കുള്ള ദുഃഖമെന്ന് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്ക് പറയാൻ സാധിക്കും. ഇപ്പോൾത്തന്നെ ഒരു കുറിപ്പ് കൊടുത്താൽ മറുപടി കൊണ്ടുവരും. അത് നിയമസഭയെ അറിയിച്ചാൽ നല്ലകാര്യം. ഞാൻ തെറ്റാണ് പറഞ്ഞതെങ്കിൽ തിരുത്തുകയും ചെയ്യാം. ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന ആവശ്യം തൊഴിലാളികളുടേതാണ്. കുടിശ്ശിക പിരിച്ചെടുക്കേണ്ടത് തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ വേണ്ടിയാണ്. തൊഴിലാളിപക്ഷത്തുനിന്നും പറയുമ്പോൾ ഇത് പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് പറഞ്ഞത്. ക്ഷേമനിധി ബോർഡുകൾ 16-ൽനിന്ന് 11 ആയി ചുരുക്കിയെന്നാണ് എന്റെ ധാരണ. ഒരേ സ്വഭാവമുള്ളവ വ്യത്യസ്ത ക്ഷേമനിധി ബോർഡുകളായി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഭരണച്ചെലവ് ക്രമാതീതമായി വർദ്ധിച്ചു. യു.ഡി.എഫ്-ന്റെ ഭരണകാലത്തുമുണ്ടായിട്ടുണ്ടെന്ന് ഞാൻ ഏറ്റുപറയുകയാണ്. അതിന് ചെയർമാനും എക്സിക്യൂട്ടീവ് ഓഫീസറും ജീവനക്കാരും ഓഫീസും ജില്ലാ ഓഫീസുകളും വേണം. ഓരോ ക്ഷേമനിധി ബോർഡിനും ഇത്തരം സംവിധാനങ്ങളൊക്കെ ഒരുക്കേണ്ടിവരും. ക്ഷേമനിധി ബോർഡിന്റെ പണം തൊഴിലാളികളുടേതാണ്. ഒരേ സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെല്ലാം സംയോജിപ്പിച്ച് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനും ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും വാങ്ങാൻ സൗകര്യമുണ്ടായിരുന്നപ്പോൾ ഇതിനൊരു ആകർഷണീയതയുണ്ടായിരുന്നു. ഒരു പെൻഷൻ മാത്രമേ കിട്ടുകയുള്ളൂവെന്ന് പറഞ്ഞപ്പോൾ ആകർഷണീയത കുറഞ്ഞു. ഇതേ തുക സാമൂഹ്യക്ഷേമപെൻഷനായി ലഭിക്കുകയും ചെയ്യും. അംശദായം അടയ്ക്കേണ്ട കാര്യവുമില്ല. അംശദായം അടയ്ക്കാതെതന്നെ ഇതിനേക്കാൾ കൂടിയ തുക കിട്ടുകയും ചെയ്യും. അതുകൊണ്ട് യു.ഡി.എഫ്. ഭരണകാലത്തുണ്ടായതുപോലെ രണ്ട് പെൻഷനും വാങ്ങാൻ തൊഴിലാളികളെ അനുവദിക്കേണ്ടതാണെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. തയ്യൽ തൊഴിലാളികളുടെ അവസ്ഥ ശോചനീയമാണ്. നമ്മുടെ നാട്ടിൽ തുടർച്ചയായുണ്ടായ പ്രളയം, കോവിഡ് മഹാമാരി എന്നിവ കാരണം എല്ലാ മേഖലയും സ്തംഭിച്ച കൂട്ടത്തിൽ തയ്യൽ തൊഴിലാളികളുടെയും സ്ഥിതി ദയനീയമായി മാറി. പ്രതിസന്ധി ഘട്ടത്തിനുമുൻപുതന്നെ സ്ഥിതി മോശമാണ്. ഞാൻ ധരിച്ചിരിക്കുന്ന ഖാദി ഷർട്ടിന്റെ റെഡിമെയ്ഡ് 300-400 രൂപ കൊടുത്താൽ കിട്ടും. അത് തയ്ക്കുന്നതിന് 350 രൂപ കൊടുക്കണം. തുണിയുടെ വിലയുടെകൂടെ തയ്ക്കാൻ 350 രൂപയും

കൊടുക്കണം. പാന്റ്സ് തയ്ക്കുന്നതിന് 400-500 രൂപ വരെ കൊടുക്കണം. എന്നാൽ 750 രൂപ കൊടുത്താൽ റെഡിമെയ്ഡ് കിട്ടും. എന്റെ ചെറുപ്പത്തിൽ ഓണത്തിന് പുതിയ ട്രൗസറിടാൻവേണ്ടി തയ്യൽ കടയിൽ പോയിനിന്ന് തയ്ച്ചുവാങ്ങിയിരുന്നു. നിങ്ങളിൽ പലർക്കും ആ അനുഭവമുണ്ടാകും. എന്നാൽ ഇന്ന് ആരെങ്കിലും തുണികൾ തയ്ച്ചുവാങ്ങാൻ തയ്യൽ കടയിൽ പോകുന്നുണ്ടോ? അതിന്റെ ആവശ്യമില്ല. നിങ്ങൾ പലരും ധരിച്ചിരിക്കുന്ന ഷർട്ട് റെഡിമെയ്ഡാണ്. തയ്യൽ തൊഴിലാളികൾക്ക് ഉത്സവകാലമെന്ന് പറയുന്നത് സ്കൂൾ സീസണാണ്. ഇപ്പോൾ അതെല്ലാം പോയി.

ശ്രീ. വി. ജോയി: സർ, അങ്ങ് ഇട്ടിരിക്കുന്ന ഷർട്ട് തയ്പിച്ചതാണോ അതോ റെഡിമെയ്ഡാണോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):സർ, ഞാൻ റെഡിമെയ്ഡ് ഇതുവരെ ഇട്ടിട്ടില്ല, ഇടാറുമില്ല.

ശ്രീ. വി. ജോയി: സർ, ശരീരത്തിന് പാകമായി കൃത്യതയോടുകൂടി വരണമെങ്കിൽ തയ്പിക്കുകയാണ് ചെയ്യേണ്ടത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പറഞ്ഞത് എന്റെയും ശ്രീ. വി. ജോയിയുടെയും കാര്യമല്ല. മഹാഭൂരിപക്ഷവും ഇപ്പോൾ റെഡിമെയ്ഡ് വസ്ത്രം ധാരാളമായി വാങ്ങുകയാണ്. കാരണം, തയ്യൽക്കൂലി കൊടുക്കുന്നതിനെക്കാൾ നിസ്സാര തുകകൊടുത്താൽ പുതിയ ഷർട്ടും പാന്റ്സും കിട്ടും. തയ്യൽ തൊഴിലാളികളുടെ പ്രയാസമാണ് ഞാൻ പറഞ്ഞത്. ഡിസംബർ മുതൽ ഏപ്രിൽ മാസം വരെയാണ് ഉത്സവ സീസൺ. നമ്മുടെ നാട്ടിൽ കൊറോണയും ഒന്നാം പ്രളയവും രണ്ടാം പ്രളയവും കാരണം ഉത്സവം കാര്യമായുണ്ടായില്ല. ഓണാഘോഷവും ക്രിസ്തുമസ് ആഘോഷവുമുണ്ടായിരുന്നില്ല. ഇതുകാരണം തയ്യൽ തൊഴിലാളികളുടെ സ്ഥിതി ദയനീയമാണ്. അതോടൊപ്പം റെഡിമെയ്ഡ് വസ്ത്രങ്ങൾ ധാരാളമായി നമ്മുടെ മാർക്കറ്റിൽ വന്നപ്പോൾ തയ്യൽ തൊഴിലാളികളുടെ നിലനില്പ് പ്രതിസന്ധിയിലാണ്. അങ്ങനെയുള്ള തയ്യൽ തൊഴിലാളികൾ കുറച്ചുകൂടി മെച്ചപ്പെട്ട ഒരു സാഹചര്യമാണ് പ്രതീക്ഷിക്കുന്നത്.

മി. ചെയർമാൻ: ഇനി അങ്ങേയ്ക്ക് എത്ര സമയംകൂടി വേണം?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 10 മിനിട്ട് കൂടി വേണം.

മി. ചെയർമാൻ: അര മണിക്കൂറാണോ അങ്ങ് സംസാരിക്കാൻ പോകുന്നത്?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ അഞ്ച് മിനിട്ടുകൊണ്ട് നിർത്താം. തയ്യൽ തൊഴിലാളി മേഖല പ്രയാസകരമായ സ്ഥിതിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുവഴി കൊടുക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അംശദായം 50 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ റിട്ടയർമെന്റ് തുക എസ്.ആർ.ഒ. നമ്പർ 426/2020 പ്രകാരം 15,000 രൂപയായാണ് വിജ്ഞാപനപ്പെടുത്തിയിട്ടുള്ളത്. ഒരു തയ്യൽ തൊഴിലാളി 60-ാം വയസ്സിൽ റിട്ടയർ ചെയ്യുമ്പോൾ 15,000 രൂപയാണ് കിട്ടുന്നത്. അതുപോലെ 30 വർഷം സർവ്വീസുള്ളപ്പോൾ 20 രൂപ അംശദായം അടച്ചിരുന്ന കാലഘട്ടത്തിൽ 23,000 രൂപ കിട്ടുമായിരുന്നു. 20 രൂപ അംശദായമുള്ളപ്പോൾ 23,000 രൂപ കിട്ടുമായിരുന്ന സ്ഥാനത്ത് പുതിയ ഉത്തരവുപ്രകാരം 50 രൂപയാക്കിയപ്പോൾ 15,000 രൂപ മാത്രമെ കിട്ടുകയുള്ളൂ. അത് പരിശോധിക്കുകയും ഞാൻ പറഞ്ഞ ഈ വ്യത്യാസം ശരിയാണെങ്കിൽ അത് തിരുത്തുകയും വേണം. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ 34 വർഷം കഴിഞ്ഞും സർവ്വീസുള്ള ആൾക്ക് 9,000 രൂപയാണ് കിട്ടുന്നത്. ഇത് അതിക്രൂരമായ നടപടിയാണ്. അതുകൊണ്ടാണ് ക്ഷേമനിധിയുടെ അപ്രായോഗികതയെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞത്. അംശദായം അടയ്ക്കുന്നുണ്ടെങ്കിലും ലഭിക്കുന്ന ആനുകൂല്യം തുച്ഛമാണ്. പ്രസവാനുകൂല്യം 15,000 രൂപയാണ്. ഇതിൽനിന്നും ആദ്യം 2,000 രൂപ കൊടുക്കും. ബാക്കി 13,000 രൂപ ലഭിക്കാൻ ചിലപ്പോൾ ഏഴ് വർഷമെടുക്കും. പ്രസവത്തെ തടുക്കാൻ ആർക്കെങ്കിലും സാധിക്കുമോ? പ്രസവാനുകൂല്യത്തിന്റെ ബാക്കി 13,000 രൂപ ലഭിക്കണമെങ്കിൽ കുഞ്ഞിന് ഏഴ് വയസ്സാകണം. അതിനാൽ ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കാനും കൃത്യസമയത്ത് നൽകാനും സാധിക്കണം. പ്രസവശേഷം അഞ്ചോ ആറോ വർഷം കഴിഞ്ഞ് ആനുകൂല്യം ലഭിച്ചിട്ട് കാര്യമെന്താണ്? ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. വിധവാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയായാൽ തയ്യൽ തൊഴിലാളി പെൻഷൻ ലഭിക്കണമെങ്കിൽ വിധവാ പെൻഷൻ വേണ്ടെന്ന് എഴുതി കൊടുക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യം തന്നെയാണിത്. അതിനാൽ കൂടുതലൊന്നും പറയാനില്ല. ഞാനും ബഹുമാനപ്പെട്ട ചെയറുമായി ഒരു ധാരണ ഉണ്ടാക്കിയതുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇതുസംബന്ധിച്ച് ആവർത്തിച്ച് പറയാനുള്ള കാര്യം, ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിക്കണമെന്നതാണ്. നിരവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് overheads വർദ്ധിപ്പിക്കുന്നതിനുപകരം ഇതെല്ലാംകൂടി ഏകോപിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്ന കാര്യത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ കാര്യങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഈ ബില്ലിൽ "ഇത് 2020 ഏപ്രിൽ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് ഈ ബില്ലിന് പിൻകാല പ്രാബല്യം (retrospective effect) നൽകുന്നത് illegal ആണെന്ന് ഞാൻ പറയുന്നില്ല, എന്നാലത് irregular ആണ്. Prospective ആയി തീയതി നിശ്ചയിച്ചിട്ടു മാത്രമേ അത് നടപ്പാക്കാൻ പാടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങൾ എനിക്ക് സൂചിപ്പിക്കാനുണ്ട്. 1994-ലെ ആക്ടിലെ 7-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ ".....എന്നാൽ, നൂറിനുമുകളിൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ, നൂറിനുമേൽ വരുന്ന തൊഴിലാളി ഒന്നിന്, തൊഴിലുടമ പ്രതിമാസം മൂന്ന് രൂപ വീതം ക്ഷേമനിധിയിലേയ്ക്ക് അടച്ചാൽ മതിയാകുന്നതാണ്" എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അത് ഒഴിവാക്കി ഇനി എത്ര രൂപവീതം അടയ്ക്കണമെന്നും എന്താണ് തൊഴിലുടമ ചെയ്യേണ്ടതെന്നും ഭേദഗതിയിൽ പറയുന്നില്ല. അതിന്റെ അർത്ഥം എന്താണ്? തൊഴിലുടമ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നുവെന്നല്ലേ അതിന്റെ അർത്ഥം. അതുമാറ്റി നൂറിൽ കൂടുതൽ തൊഴിലാളികളുണ്ടെങ്കിലും തൊഴിലുടമ ഇത്ര രൂപ അടയ്ക്കണമെന്ന് വ്യക്തമാക്കേണ്ടതാണ്. നൂറിനുമേൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനമാണെങ്കിൽ ഇന്ത്യൻ ഭരണഘടനയുടെ 43-ാം വകുപ്പ് അനുശാസിക്കുന്നത് " Living wage, etc., for workers - The State shall endeavour to secure, by suitable legislation or economic organization or in any other way, to all workers, agricultural, industrial or otherwise, work, a living wage, conditions of work ensuring a decent standard of life….." എന്നാണ്. നൂറിനുമേൽ തൊഴിലാളികൾ വരുമ്പോൾ തൊഴിലുടമ അടയ്ക്കേണ്ട വിഹിതം ഒഴിവാക്കിയെന്ന് മാത്രമല്ല ഭരണഘടനയിലെ 43-ാം വകുപ്പിൽ പറയുന്ന ഒരു വ്യവസ്ഥയും ഇതിൽ എഴുതിച്ചേർത്തിട്ടില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു കാര്യം. ശ്രീ. വി. എസ്. അച്യുതാനന്ദൻ അവതരിപ്പിച്ച സബ്മിഷൻ ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) വായിക്കുകയുണ്ടായി. അതിനാൽ ഞാനത് വായിക്കുന്നില്ല. എന്നാൽ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബി ജോൺ മറുപടി പറഞ്ഞപ്പോൾ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചു, അദ്ദേഹം പറഞ്ഞത് "ക്ഷേമനിധികളിലേയ്ക്കുള്ള സർക്കാർ വിഹിതവും ഒരു ലക്ഷം പേർ പുതിയതായി ചേർന്നപ്പോഴും, ഇത്രയധികം തൊഴിലാളികളുണ്ടെന്ന് പറയുമ്പോഴും കഴിഞ്ഞ ദിവസങ്ങളിൽ ODEPC (Overseas Development and Employment Promotion Consultants) എന്ന സ്ഥാപനംവഴി തയ്യൽ അറിയാവുന്ന ആയിരം പേരെ ജോർദ്ദാനിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായി. സാമാന്യം ഭേദപ്പെട്ട ശമ്പളമാണ് അവർ വാഗ്ദാനം ചെയ്തത്. പക്ഷേ, നിർഭാഗ്യവശാൽ നമുക്ക്

ആകെ മൂന്ന് അപേക്ഷകൾ മാത്രമാണ് ലഭിച്ചത്. ഇക്കാര്യത്തെ സംബന്ധിച്ച് ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചിരുന്ന് ആലോചിക്കേണ്ടതാണ്. ആ മറുപടിയുടെ അർത്ഥം എന്താണ്; ശ്രീ. ടി. പി. രാമകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിന് മറുപടിയായി 7,75,628 തയ്യൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നാണ് സഭയിൽ പറഞ്ഞത്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ സബ്മിഷനുള്ള മറുപടിയിൽ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ഗൗരവത്തോടെ എടുക്കണം. അതിന്റെ അർത്ഥം എന്താണ്; ആയിരക്കണക്കിന് അർഹതയില്ലാത്ത തൊഴിലാളികൾ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്നുവെന്നാണ്. അക്കാര്യം പരിശോധിക്കേണ്ടതല്ലേ; മാത്രമല്ല, ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോയെന്ന് 6-7-2021-ന് ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. എം. എം. മണി, ശ്രീ. മുരളി പെരുനെല്ലി, ശ്രീ. വി. ജോയി എന്നീ അംഗങ്ങളുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി നൽകിയ മറുപടി ഇതാണ് - "ഇന്ന് 16 ക്ഷേമനിധി ബോർഡുകളുണ്ട്. അവയെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്" എന്നാണ്. എന്നാൽ ഇന്ന് ചർച്ച ചെയ്യുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇതിലുൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു വലിയ സംഖ്യ ഭരണച്ചെലവിനുവേണ്ടി അടയ്ക്കുന്നത് ഒഴിവാക്കാൻ സാധിക്കുമെന്ന ഒരു നിർദ്ദേശംവയ്ക്കുകയാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ച കാര്യമാണ്, തൊഴിലാളികളുടെ 20 രൂപയായിരുന്ന അംശദായം 50 രൂപയാക്കി വർദ്ധിപ്പിച്ചത് 30 രൂപയായാൽ മതിയായിരുന്നുവെന്നൊരു നിർദ്ദേശം വയ്ക്കുകയാണ്. തൊഴിലുടമയുടെ വിഹിതം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയുകയാണ്. ഇതിലെ ഭരണഘടനാപരമായ പ്രശ്നം ഞാൻ ഇതിനുമുമ്പും സഭയിൽ സൂചിപ്പിച്ചിരുന്നു. ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പായി 20-4-2020-ന് ബഹുമാന്യനായ ഗവർണ്ണർ ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 28/20, 26-9-2020-ന് ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 66/20, 9-2-2021-ന് ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 3/21, 1-7-2021-ന് ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 74/21, 23-8-2021-ന് ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 132/21 എന്നിവയാണ് ഇതുവരെ ഈ ബില്ലുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള അഞ്ച് ഓർഡിനൻസുകൾ. ആർട്ടിക്കിൾ 213-ൽ എന്തിനാണ് ഓർഡിനൻസ് ഇറക്കേണ്ടതെന്ന് വ്യക്തമായി പറയുന്നുണ്ട്:-" Power of Governor to promulgate Ordinances during recess of Legislature (1) If at any time, except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may

promulgate such Ordinances as the circumstances appear to him to require: Provided that the Governor shall not, without instructions from the President, promulgate any such Ordinance…...the Ordinance shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the Houses, and shall cease to operate at the expiration of six weeks from the reassembly of the Legislature….” ആദ്യത്തെ ഓർഡിനൻസ് വരുന്നത് 20-4-2020-നം അത് വീണ്ടും വരുന്നത് 26-9-2020-നമാണ്. അതിനർത്ഥം അതില്ലാതെയായിയെന്നാണ്. അതിനുശേഷം 9-2-2021, 1-7-2021, 23-8-2021 എന്നീ തീയതികളിലും ഓർഡിനൻസ് ഇറക്കിയിരിക്കുകയാണ്. അതായത് ഭരണഘടനയുടെ ആർട്ടിക്കിൾ 213-ൽ പറയുന്നതിന് വിരുദ്ധമായി ഈ ഓർഡിനൻസ് ഇറക്കുമ്പോൾ അതിൽപ്പറഞ്ഞ കാര്യങ്ങൾ യഥാവിധി നടപ്പാകുന്നില്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, ഈ നിയമം retrospective ആയി പാസ്സാക്കരുത്. അല്ലെങ്കിൽ അതിന് ഓർഡിനൻസ് ഉണ്ടായിരുന്നുവെന്ന് മറുപടി പറയും. ആ ഓർഡിനൻസുകൾക്കൊന്നും ജീവനുണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് ഇത് സമയബന്ധിതമായി അസംബ്ലിയിൽ അവതരിപ്പിക്കാതിരുന്നതിനുള്ള വ്യക്തമായ കാരണം നിയമസഭയെ ബോധിപ്പിക്കുന്നില്ല; ബഹുമാനപ്പെട്ട ഗവർണ്ണറെ ബോധിപ്പിക്കുന്നില്ല; ബഹുമാനപ്പെട്ട ഗവർണർ ബഹുമാനപ്പെട്ട പ്രസിഡന്റിനെ ബോധിപ്പിക്കുന്നില്ല. ഈ ഒരു ചെറിയ സംഗതിക്കുവേണ്ടി അഞ്ച് തവണയും കാബിനറ്റ് ചേർന്ന് തീരുമാനിക്കുന്നു. അതുകൊണ്ട് ഓർഡിനൻസ് ഇറക്കുമ്പോൾ ഭരണഘടനയിലെ ആർട്ടിക്കിൾ ഇല്ലായ്മ ചെയ്തുകൊണ്ടോ മറികടന്നുകൊണ്ടോ ഓർഡിനൻസ് ഇറക്കുന്നതും ശിപാർശ ചെയ്യുന്നതും ശരിയല്ലെന്ന അഭിപ്രായമുണ്ട്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതനുസരിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നും 50 രൂപയായി വർദ്ധിപ്പിച്ച അംശദായം 30 രൂപയായി കുറയ്ക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്തത് ശ്രീമതി അനുപമ എസ്. ചന്ദ്രൻ എന്ന അമ്മ നൊന്തുപ്രസവിച്ച കുട്ടിയുടെ മാതൃത്വം സംബന്ധിച്ചാണ്. കുട്ടിയുടെ മാതാവ് അനുപമ എസ്. ചന്ദ്രൻ തന്നെയാണെങ്കിലും ഇപ്പോഴത്തെ കസ്റ്റോഡിയൻ വേറെയാളുകളാണ്. കുട്ടിയെ തട്ടിക്കൊണ്ട് പോയവരാണ് കുട്ടിയുടെ ഇപ്പോഴത്തെ കസ്റ്റോഡിയൻ എന്നതുപോലെയാണ് കേരളത്തിലെ പുരോഗമന നിയമങ്ങൾ സംബന്ധിച്ചുള്ള ചർച്ച. ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമം 1994-ലെ സർക്കാരാണ് പാസ്സാക്കിയത്. അതൊരു അഡ്മിറ്റഡ് ഫാക്ടാണ്. കേരളത്തിൽ

തൊഴിലില്ലായ്മാവേതനം നടപ്പിലാക്കിയത് എ. കെ. ആന്റണി ഗവൺമെന്റാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കുമ്പോൾ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനായിരുന്നു. ഭൂപരിഷ്കരണ നിയമം സംബന്ധിച്ചാണ് നേരത്തെ ഡിബേറ്റ് നടന്നത്. കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിന്റെ കോപ്പി ലൈബ്രറിയിൽനിന്ന് ഒരു അക്കാഡമിക് ഇന്ററസ്റ്റിൽ ഇപ്പോൾ ഞാൻ വാങ്ങിയതാണ്. The Kerala Land Reforms Act, 1963- Short title, extent and commencement- published in Kerala Gazette Extraordinary No.07 dated 14-1-1964. ഈ നിയമം 1964-ലെ ഗസറ്റിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചത് 31-12-1963-നാണ്. നിയമം പ്രാബല്യത്തിൽ വന്നത് 1964 ഏപ്രിൽ 1-ാം തീയതിയാണ്. ഈ നിയമത്തിന്റെ പ്രിഫെയ്സിൽ ഇങ്ങനെയൊരു നിയമം അവതരിപ്പിക്കാനും പാസ്സാക്കാനും ഇടവന്നിട്ടുള്ള സാഹചര്യം വിശദീകരിച്ചിട്ടുണ്ട്. " While legislating the Kerala Land Reforms Act, the Government have kept in view the broad objectives of land reforms as laid down by the Planning Commission…." രാജ്യത്തെ പ്ലാനിംഗ് കമ്മീഷൻ ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചുണ്ടാക്കിയിരിക്കുന്ന വിശാല വീക്ഷണം, കാഴ്ചപ്പാട്, നിർദ്ദേശങ്ങൾ എന്നിവ ആസ്പദമാക്കിയാണ് കേരളത്തിൽ പുരോഗമനപരമായ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതെന്ന യാഥാർത്ഥ്യത്തെ വളച്ചൊടിക്കാൻ ശ്രീമതി അനുപമ എസ്. ചന്ദ്രന്റെ കുട്ടിയുടെ കസ്റ്റഡി ഇന്ന് കൈവശപ്പെടുത്തിയിട്ടുള്ളവർതന്നെ ശ്രമിക്കുന്നത് ശരിയല്ല. ഈ ലെജിസ്ലേഷന് ഒരു ഹിസ്റ്റോറിക്കൽ ബാക്ക്ഗ്രൗണ്ടുണ്ട്. ഇത് പുസ്തകത്തിൽത്തന്നെ എവിഡന്റാണ്. അതുസംബന്ധിച്ച തർക്കം ഇവിടെ അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രധാന വിഷയം തയ്യൽത്തൊഴിലാളികളുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ്. അതുസംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യും ശ്രീ. യു. എ. ലത്തീഫും കാര്യകാരണസഹിതം വിശദീകരിച്ചിട്ടുണ്ട്. ഇന്നത്തെ തയ്യൽ തൊഴിലാളികളുടെ അവസ്ഥ എന്താണ്? എന്റെ കയ്യിലുള്ളത് കുറച്ച് പത്ര കട്ടിംഗുകളാണ്. 'കോവിഡിൽ തുന്നലിളകി തയ്യൽ തൊഴിലാളികൾ' -അവരുടെ ജീവിത സാഹചര്യങ്ങൾ വളരെ പ്രയാസകരമാണ്. 'തയ്യൽ മെഷീനുകൾ ഉപയോഗിക്കാതെ നശിക്കുന്നു', 'പൊടിയടിച്ച് തുണികൾ', 'വൻ ഷോപ്പുകൾക്ക് തുറക്കാം, പക്ഷേ സാധാരണ തുന്നൽഷോപ്പുകൾക്ക് തുറക്കാൻ അനുമതിയില്ല', 'കെട്ടുപിണഞ്ഞ് തയ്യൽ ജീവിതം' -മറ്റൊരു വാർത്തയാണ്, 'സ്കൂൾ തയ്യലില്ല: തൊഴിലാളികൾ പ്രതിസന്ധിയിൽ, തുന്നിക്കൂട്ടാനാകാത്ത ജീവിതം', 'തയ്യൽ തൊഴിലാളികൾ സൂചിമുനയിൽ'. ഇതെല്ലാം അവരുടേതായ ഭാഷയിൽത്തന്നെയുള്ള ജീവിതപ്രയാസങ്ങൾ പത്രമാധ്യമങ്ങൾ നമ്മുടെ മുന്നിൽ തുറന്നുകാണിക്കുകയാണ്. തയ്യൽത്തൊഴിലാളികളുമായി നമുക്കെല്ലാം ദൈനംദിന

ബന്ധമുള്ളതാണ്; നമ്മളെല്ലാപേരും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതുപോലെ റെഡിമെയ്ഡ് വസ്ത്രങ്ങൾ ധരിക്കുന്നത് കുറവാണ്, എല്ലാവരും ടെയിലറിംഗ് ഷോപ്പുകളെ ആശ്രയിക്കുന്നവരാണ്. നല്ല വസ്ത്രങ്ങൾ വാങ്ങിയാൽപ്പോരാ, നല്ല ടെയിലറിംഗാണെങ്കിൽ മാത്രമേ ആ വസ്ത്രം നമ്മുടെ ശരീരത്തിൽ ഫിറ്റ് ആകുകയുള്ളൂ. വസ്ത്രം വീണ്ടുംവീണ്ടും ധരിക്കാൻ നമുക്ക് താൽപ്പര്യമുണ്ടാകുകയുള്ളൂ. തയ്യലിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കുമറിയാം. അതുപോലെ വനിതകൾ സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ സംഘടിതമായ യൂണിറ്റുകൾ രൂപീകരിക്കുന്നുണ്ട്. മിക്കവാറും എല്ലാ വീടുകളിലും ഒരു തയ്യൽ മെഷീനുണ്ടാകും. സാധാരണക്കാരുടെ വീട്ടിലും വലിയ വീടുകളിൽ ചെന്നാൽപ്പോലും അവിടെയൊക്കെ ജീവിതത്തിന്റെ ഭാഗമായി തയ്യൽ പരിശീലിക്കും. ചെറിയ വീടുകളിൽ പ്രത്യേകിച്ച് അവിടത്തെ ഗൃഹനാഥ അതൊരു വരുമാനമാർഗ്ഗമാക്കി ആശ്രയിക്കുന്നു. തയ്യലിന്റെ പരിഷ്കരിച്ച രൂപമായ boutique-കളും മറ്റും നമ്മുടെ വസ്ത്രധാരണ രീതിക്കനുസരിച്ച് യുവതീയുവാക്കളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. എന്നാൽ തയ്യൽ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ ഈ ഭേദഗതി ബിൽ സഹായകരമല്ലെന്ന കാര്യം വ്യക്തമാണ്.

6.00 P.M.}

ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നത് തയ്യൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ഭരണച്ചെലവുകൾ വഹിക്കാനും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി വരുമാനം അപര്യാപ്തമായതിനാലാണ് അംശദായം വർദ്ധിപ്പിക്കേണ്ടിവന്നതെന്നാണ്. ഇത് നടപ്പിലാക്കുന്നതുകൊണ്ട് തൊഴിലാളിക്ക് പ്രത്യേകിച്ച് ഗുണമൊന്നുമില്ല. 20 രൂപയായിരുന്ന അംശദായം 50 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ ബോർഡിന്റെ ഭാരിച്ച ചെലവിനെക്കുറിച്ചാണ് നേരത്തെ സംസാരിച്ചത്. ഞാൻതന്നെ നിയമസഭയിൽ 10-6-2021-ന് ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഈ ബോർഡിന്റെ 2019-20 വർഷത്തെ ഭരണച്ചെലവ് 3,70,72,395 രൂപയാണെന്നാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒരു വർഷം പ്രവർത്തിക്കുന്നതിന് ചെലവായ സംഖ്യ മൂന്നേമുക്കാൽ കോടി രൂപയാണ് എന്നത് ഗവൺമെന്റുതന്നെ നിയമസഭയിൽ പറഞ്ഞ ഉത്തരത്തിൽനിന്നും വ്യക്തമാണ്. സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനുവേണ്ടിയാണ് അംശദായത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ നിയമത്തിന്റെ സദുദ്ദേശ്യത്തെക്കുറിച്ച് ആർക്കുംതന്നെ വാചാലമായി സംസാരിക്കാൻ കഴിയില്ല. ഈയൊരു വ്യവസ്ഥ നടപ്പിലാക്കുമ്പോൾ തൊഴിലാളികൾക്ക് അധികഷണലായി

യാതൊരു ഗുണവും ലഭിക്കുന്നില്ല. തൊഴിലാളികൾക്ക് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾപോലും ഇല്ലാതാക്കുകയാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. യു. എ. ലത്തീഫ് എന്നിവർ വിശദീകരിച്ചതും അതുതന്നെയാണ്. ഒരു സ്ത്രീ തൊഴിലാളിക്ക് അറുപത് വയസ്സ് കഴിഞ്ഞാൽ പെൻഷൻ ആനുകൂല്യമുണ്ട്. പക്ഷേ, അവർ വിധവയാണെങ്കിൽ വിധവാ പെൻഷനുള്ള ആനുകൂല്യവുമുണ്ട്. വിധവാ പെൻഷനും തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ 60 വയസ്സ് കഴിഞ്ഞ ഒരു വനിതാ തൊഴിലാളിക്ക് ലഭിക്കുന്ന പെൻഷനും 1,600 രൂപയാണ്. വിധവ എന്ന നിലയിൽ ലഭിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. അതുകൊണ്ട് ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയും സംശയാസ്പദമാണ്. പ്രസവാനുകൂല്യം 2,000 രൂപ മാത്രമാണ്. അത് 15,000 രൂപയായി വർദ്ധിപ്പിച്ചുവെന്നത് കടലാസ്സിൽ മാത്രമാണുള്ളത്. അതിൽ 13,000 രൂപ കേന്ദ്ര ഗവൺമെന്റ് വിഹിതവും 2,000 രൂപ സംസ്ഥാന വിഹിതവുമാണ്. 2,000 രൂപ ലഭിക്കുന്നത് പ്രസവം കഴിഞ്ഞ് രണ്ടുമൂന്ന് മാസങ്ങൾക്കുശേഷമാണ്. ശേഷിക്കുന്ന 13,000 രൂപ ലഭിക്കാൻ 7 വർഷംവരെ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. റിട്ടയർമെന്റ് ആനുകൂല്യം ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽപ്പോലും നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം 5.5 ശതമാനം പലിശ കണക്കാക്കിയാണ് കൊടുക്കുന്നത്. തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിച്ച് ഇന്നത്തെ അവസ്ഥയിൽ കിട്ടുന്നതിനെക്കാൾ മെച്ചപ്പെട്ട ആനുകൂല്യം മുൻകാലങ്ങളിൽ കിട്ടിയിരുന്നുവെന്ന് തയ്യൽതൊഴിലാളികളുടെ സംഘടനാ നേതാക്കൾ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടാകും. അതാണ് തൊഴിലാളികളുടെ ഇന്നത്തെ അവസ്ഥ. ഈ ഭേദഗതി ബിൽ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ ഒരുതരത്തിലും സഹായിക്കുന്നില്ല. ജീവിതഭാരം കൂട്ടുന്നതരത്തിലുള്ള അംശദായ വർദ്ധനവ് മാത്രമാണെന്ന തയ്യൽ തൊഴിലാളികളുടെ വികാരം ഈ സഭയിൽ പ്രതിഫലിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

ശ്രീമതി ദലീമ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പ്രഭാകരൻ: സർ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഈ കാലഘട്ടത്തിൽ അനിവാര്യവും അത്യാവശ്യവുമാണ്. ക്ഷേമനിധിയുടെ പ്രവർത്തനം പരിതാപകരമായ നിലയിലാണ്. മാത്രമല്ല, തയ്യൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. നിലവിലുള്ള ക്ഷേമനിധിയിലെ അംഗങ്ങളായ അഞ്ചര ലക്ഷത്തോളം തൊഴിലാളികൾക്ക്

ഇപ്പോൾ പ്രഖ്യാപിച്ച ആനുകൂല്യംപോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകണമെന്നും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുതകുംവിധം അംശദായം വർദ്ധിപ്പിക്കാനുള്ള തീരുമാനം എത്രയുംവേഗം നടപ്പാക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ തയ്യൽ തൊഴിലാളികളെ സംരക്ഷിക്കാൻ ഇതിനുമുമ്പ് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഒരവസ്ഥയിൽനിന്നും മറ്റ് പല ക്ഷേമനിധികളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അവർക്കുകൂടി ലഭിക്കാൻ ഇത് സഹായകരമാകുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബിൽ ഭേദഗതി ചെയ്യാൻ ഇപ്പോഴെങ്കിലും തയ്യാറായത് ഉചിതമായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു ജോലിയും ലഭിക്കാത്തതുകൊണ്ട് ഒരു മെഷീനുംവാങ്ങി ജീവിതം കെട്ടിപ്പടുക്കാനുള്ള വരുമാനമെന്ന നിലയ്ക്കാണ് ഈ തൊഴിലിൽ പലരും കടന്നുവരുന്നതെന്ന് നമുക്കറിയാം. രാപ്പകൽ പണിയെടുത്തിട്ടാണ് തുച്ഛമായ വരുമാനം അവർക്കെല്ലാം ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിലൊരു വർദ്ധനവ് ഉണ്ടാക്കിയെടുക്കാനും അവർക്ക് മതിയായ സംരക്ഷണം നൽകാനും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിലവിലുള്ള ക്ഷേമനിധിയിലെ അപാകതകൾ പരിഹരിക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും ഈ ഭേദഗതി ഉപകരിക്കുമെന്നാണ് തോന്നുന്നത്. 1986-ൽ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കൂട്ടത്തിലുൾപ്പെടുത്തി ഇവർക്കൊരു സംരക്ഷണമെന്ന രീതിയിൽ Death-Cum-Retirement Scheme പദ്ധതിയിൽ ഇവരെയും ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല. അതിനുശേഷമാണ് 1994-ൽ തയ്യൽ തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി നിലവിൽ വന്നത്. Death-Cum-Retirement Scheme-ൽ ഉൾപ്പെടുത്തിയിരുന്നപ്പോഴുണ്ടായിരുന്ന അംശദായം 10 രൂപയായിരുന്നെങ്കിൽ ഇപ്പോഴത് 20 രൂപയായി വർദ്ധിക്കുകയാണുണ്ടായത്. മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാൻ ഈ ഭേദഗതി സഹായകരമാകും. തയ്യൽ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും വനിതകളാണ്. ക്ഷേമനിധിയിൽ അംശദായം അടയ്ക്കുമ്പോൾ വാർദ്ധക്യകാലത്ത് അവർക്കും അവരുടെ കുടുംബത്തിനും ഉപകാരപ്രദമായ രീതിയിലാകണമെങ്കിൽ മറ്റ് പല ക്ഷേമനിധികളിലുമുള്ളതുപോലെ മെച്ചപ്പെട്ട ആനുകൂല്യം അവർക്കുമുണ്ടാകേണ്ടതുണ്ട്. 2020 മുതൽ 50 രൂപയായി അംശദായം വർദ്ധിപ്പിച്ചു. സംസ്ഥാന നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലാണ് ഓർഡിനൻസായി ഇറക്കേണ്ടി വന്നത്. 2020 മുതൽ അംശദായം അടച്ചിട്ടുണ്ടെങ്കിലും റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നത് തുച്ഛമായ സംഖ്യയാണ്. പ്രസവാനുകൂല്യമായി ലഭിക്കുന്നത് 15,000 രൂപയാണ്.

2,000 രൂപ മാത്രമാണ് മൂന്ന് മാസത്തിനകം കൊടുക്കുന്നത്. ബാക്കിയുള്ള തുക പിന്നീട് എപ്പോഴെങ്കിലും കൊടുക്കുന്ന സ്ഥിതിയാണുള്ളത്. പ്രസവാനുകൂല്യം എന്നുപറഞ്ഞാൽ പ്രസവസമയത്ത് ലഭിക്കേണ്ടതല്ലേ; അനുകൂല്യം നൽകാനുള്ള സാമ്പത്തികശേഷി ക്ഷേമനിധി ബോർഡിന് ഇല്ലാത്തതുകൊണ്ടാണ് ആറും ഏഴും വർഷമെടുക്കുന്നത്. അംശദായം വർദ്ധിപ്പിച്ച് വരുമാനവർദ്ധനവുണ്ടാകുമ്പോൾ സ്വാഭാവികമായും സമയബന്ധിതമായി ആനുകൂല്യം കൊടുക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധിയിലെ അംഗമായിരിക്കെ ഭർത്താവ് മരിച്ചാൽ അവർക്ക് ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അത് വികലാംഗർക്കും ബാധകമാണ്. ക്ഷേമനിധി അനുകൂല്യം കിട്ടണമെങ്കിൽ വിധവാ പെൻഷൻ ഒഴിവാക്കണമെന്ന് എഴുതിനൽകണമെന്ന വിവേചനം ഒഴിവാക്കപ്പെടേണ്ടതാണ്. കഷ്ടതയിൽ ജീവിക്കുന്ന തയ്യൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത്തരം ഒരു ഡിസ്പാരിറ്റി ഉണ്ടാക്കിയെടുക്കരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കഭ്യർത്ഥിക്കാനുള്ളത്. അംശദായം അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ പിഴപ്പലിശ ഈടാക്കുന്ന കാര്യത്തിലുള്ള അന്തരം തിരുത്തപ്പെടേണ്ടതാണ്. മറ്റെല്ലാ ക്ഷേമനിധി ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷനും മറ്റും നടപ്പാക്കി കൃത്യമായി പരിപാലിക്കപ്പെടുന്ന അവസ്ഥയുണ്ട്. മറ്റൊരു ക്ഷേമനിധി ഓഫീസിലോ സർക്കാർ ഓഫീസിലോ കാണാത്തരീതിയിൽ കഴിഞ്ഞ നാല് വർഷമായി മുപ്പത് ലക്ഷത്തോളം രൂപ ചെലവാക്കി നടത്തുന്ന കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരണഘട്ടത്തിലെത്തിയിട്ടില്ല. മറ്റ് ക്ഷേമനിധികളെപ്പോലെ തയ്യൽ തൊഴിലാളി ക്ഷേമനിധിയും കാര്യക്ഷമമാക്കാനുള്ള പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ക്ഷേമനിധികളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തുനിന്ന് പല വിഷയങ്ങളും ഉന്നയിക്കുകയുണ്ടായി. മുല്ലപ്പെരിയാർ ഡാമിന്റെ അവസ്ഥയെ സംബന്ധിച്ചും അതിൽ ഇടപെടൽ നടത്തണമെന്നും പറഞ്ഞു. ആ ഡാം പൊട്ടുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുവെന്നും ഡാമിനുതാഴെ മുഖ്യമന്ത്രി ഒരു വീടുവച്ച് ഇരിയ്ക്കണമെന്നുംവരെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച ചർച്ച ഈ നിയമസഭയിലും നാട്ടിലും ഏറ്റവും കൂടുതൽ ഉയർന്നുവന്നതെപ്പോഴാണ്? ഒരു സ്ത്രീ, ഞാൻ പേരൊന്നും പറയുന്നില്ല, കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെയും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെയും കണ്ട്, സോളാർ സിസ്റ്റവുമായി ബന്ധപ്പെട്ട പ്രോജക്ട് കൊണ്ടുവരികയുണ്ടായി. ഒരു സ്ത്രീ പുതിയൊരു വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി പ്രോജക്ട് സമർപ്പിച്ചാൽ അതുമായി ബന്ധപ്പെട്ട് എന്തൊക്കെ യാതനകളും പീഡനങ്ങളും അനുഭവിക്കണമെന്നുള്ളത് കേരളത്തിന് കാണിച്ചുകൊടുത്ത ഗവൺമെന്റാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ്. എല്ലാവരും ഇതൊക്കെ മറന്നുവെന്ന്

അപ്പുറത്തിരിക്കുന്നവർ ധരിക്കേണ്ടതില്ല. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ ഇടുക്കി ഡാം താങ്ങുമെന്ന് കേരളത്തിലെ അന്നത്തെ അഡ്വക്കേറ്റ് ജനറൽ കെ. പി. ദണ്ഡപാണിയെക്കൊണ്ട് കോടതിയിൽ പറയിപ്പിച്ചു. ഇടുക്കി ഡാമിലെ വെള്ളം മുഴുവനും തുറന്നുവിട്ടു. അപ്പോൾ 13 മണിക്കൂർവരെ സംസ്ഥാനത്ത് പവർകട്ടുണ്ടായി. ആ സമയത്ത് ഇടുക്കി ഡാമിലെ വെള്ളം പോകുകയും ചെയ്തു, മുല്ലപ്പെരിയാർ ഡാം പൊട്ടിയതുമില്ല. ഇടുക്കി ഡാം പൊട്ടുമെന്ന് പറഞ്ഞാണ് ഈ ഡാമിലെ വെള്ളം തുറന്നുവിട്ടത്. അങ്ങനെ വിദ്യുച്ഛക്തിയില്ലാത്ത അവസ്ഥവന്നു. ഇതൊക്കെ മറന്നുവെന്ന് ധരിച്ച് നിങ്ങളെന്തും പറയുന്ന അവസ്ഥ വേണ്ട! ഡാം തുറന്നുവിട്ടപ്പോൾ 3000 സ്ക്വയർ മീറ്റർ സർക്കാർ കെട്ടിടങ്ങളുണ്ടെങ്കിൽ അതിന്റെ മുകളിലൊക്കെ സോളാർ പ്ലാന്റ് സ്ഥാപിക്കാമെന്ന് കേരളത്തിൽ പറഞ്ഞുണ്ടാക്കിയത് യു.ഡി.എഫ്. ആണ്. അവസാനം നാട്ടിൽ പവർകട്ട് ആയപ്പോൾ, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ലഭിക്കുന്നതിനുവേണ്ടി, സോളാർ സിസ്റ്റത്തെ ആശ്രയിക്കുക എന്ന അവസ്ഥയുണ്ടാക്കി ഇതിനെ മുതലാക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിനുതാഴെ മുഖ്യമന്ത്രി വീടുവച്ച് താമസിക്കണമെന്ന് പറയുന്നത്. ഇതെല്ലാം മറന്നവരാണ് കേരളത്തിലെ ജനങ്ങളെന്ന് ധരിക്കേണ്ട. ഇപ്പോൾ മുല്ലപ്പെരിയാർ ഡാം പൊട്ടുകയില്ല. കാരണം, മുഖ്യമന്ത്രി ക്ലിഫ് ഹൗസിൽ ഇരുന്നാൽ ആ മനക്കരുത്തിൽ ഡാം പൊട്ടുകയില്ല. നിങ്ങൾ പേടിക്കണ്ട എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ശ്രീ. സണ്ണി ജോസഫ് സംസാരിച്ചപ്പോൾ, 1963-ലാണ് ലാൻഡ് റിഫോംസ് ആക്ട് നടപ്പിൽ വരുത്തിയതെന്നും അല്ലാതെ അതിനുമുമ്പല്ലായെന്നുമുള്ള വാദമുയർത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. 1957-1959 കാലഘട്ടത്തിൽ കേരളത്തിൽ അധികാരത്തിലിരുന്ന ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്നതാണ് കാർഷിക പരിഷ്കരണ നിയമം. അന്ന് ആ ഗവൺമെന്റ് കൊണ്ടുവന്ന പ്രധാനപ്പെട്ട രണ്ട് നിയമങ്ങളാണ് വിദ്യാഭ്യാസ ബില്ലും കാർഷികബന്ധ ബില്ലും. 1959-ലെ വിമോചന സമരത്തിലൂടെ, ഈ കാരണം പറഞ്ഞ് ആ ഗവൺമെന്റിനെ അട്ടിമറിക്കപ്പെട്ട കേരളത്തിന്റെ ചരിത്രം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? അതിൽനിന്ന് കയ്യൊഴിയാൻ കേരളത്തിലെ കോൺഗ്രസ്സിനോ ജാതിമത ശക്തികൾക്കോ കഴിയുമോ? ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് തൊഴിലില്ലായ്മാവേതനം നടപ്പിലാക്കിയതെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ 1978-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന എം. കെ. ഹേമചന്ദ്രൻ ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുമ്പോൾ സെക്രട്ടേറിയറ്റിന്റെ മുൻഗേറ്റിൽ ആയിരക്കണക്കിന് യുവജന വോളന്റിയർമാർ സമരരംഗത്തുണ്ടായിരുന്നു. അന്ന് ചെറിയൊരു മഴയുണ്ടായിരുന്നു. ഇവിടെ ചരിത്രം ഒരു ഡിബേറ്റായി വന്നതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്.

മി. സ്പീക്കർ: ചരിത്രം നമ്മൾ വേണ്ടത്ര ചർച്ച ചെയ്തതല്ലേ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഈ ഗേറ്റ് കടന്നുപോകാൻ ഞങ്ങൾ അനുവദിക്കണമെങ്കിൽ തൊഴിലില്ലായ്മ വേതനം കേരളത്തിൽ നടപ്പിലാക്കണമെന്ന് ആ സമരഭടന്മാർ പറഞ്ഞു. അതിന്റെ ഭാഗമായിട്ടാണ് തത്വത്തിൽ അത് അംഗീകരിച്ചത്.

മി. സ്പീക്കർ: വിശദമായി പറയേണ്ട. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെടാനുള്ള അവസരത്തിനായി ജാഗ്രതയോടെയാണിരിക്കുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, ഇവിടെ ഉന്നയിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. വിമോചന സമരം നടത്തുന്നതിൽ പ്രധാന പങ്കുവഹിച്ച, അപ്പുറത്തിരുന്ന് ഞങ്ങളാണിത് കൊണ്ടുവന്നതെന്ന് പറയുമ്പോൾ അതിന് എന്തെങ്കിലും മറുപടി പറയാതിരിക്കാൻ കഴിയുമോ? വസ്തുതകൾ വളച്ചൊടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനം നിയമസഭയ്ക്കുള്ളിൽ നടത്താൻ കഴിയുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എല്ലാത്തിനും പ്രതികരിച്ചു. അദ്ദേഹത്തെക്കുറിച്ച് ഞാനൊരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം ഒരു സ്ഥലത്ത് പരിപാടിക്ക് പോയപ്പോൾ കുളിയൊക്കെ കഴിഞ്ഞ് റസ്റ്റ് ഹൗസിൽനിന്നും പുറത്തുവരുമ്പോൾ ഒരാളെ 'മാധവൻകുട്ടി' എന്നുവിളിച്ചു. ഇത് ഒരു കോൺഗ്രസുകാരൻ പറഞ്ഞ കഥയാണ്. അപ്പോൾ പ്രവർത്തകർ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി, അദ്ദേഹത്തിന്റെ പേര് കൃഷ്ണൻകുട്ടി എന്നാണ്. പിന്നെയും അദ്ദേഹം മാധവൻകുട്ടി എന്നാണ് വിളിച്ചത്. അപ്പോഴും അവർ അദ്ദേഹത്തെ ഓർമ്മപ്പെടുത്തിയപ്പോൾ പറഞ്ഞത്, ഞാനിട്ട പേര് മാധവൻകുട്ടി എന്നാണ്. അതുകൊണ്ട് അദ്ദേഹം കൃഷ്ണൻകുട്ടി തന്നെയാണ്. അതാണിപ്പോൾ എന്റെ അനുഭവത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ നിയമസഭയിൽ പലതിനും പ്രതികരിക്കുന്നതായി ഞാൻ കണ്ടത്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് വഴങ്ങുമോ?

മി. സ്പീക്കർ: ഇതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രകോപിപ്പിക്കണ്ടെന്ന് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ പേര് പറഞ്ഞ സ്ഥിതിക്ക് വഴങ്ങാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പുതിയ അംഗമായതുകൊണ്ട് ഞാൻ അങ്ങയെക്കുറിച്ച് ഒന്നും പറയില്ല. അങ്ങ് മലമ്പുഴയിൽനിന്ന് വളരെ കഷ്ടപ്പെട്ടാണ് ഇത്രയും ദൂരത്ത് വന്നതെന്നെനിക്കറിയാം. ഞാൻ 31 വർഷമായി ഇതേ ബഞ്ചിലും ഇതേ ഹൗസിലും ഇതേ കാലഘട്ടത്തിലും സർവ്വകാലത്തുമുള്ള എല്ലാ പ്രയാസങ്ങളും അനുഭവിച്ചുവന്നയാളാണ്. അങ്ങയുടെ തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. വി. എൻ. വാസവന് കൃത്യമായി അതറിയുകയും ചെയ്യാം. അതുകൊണ്ട് ഇതുപോലുള്ള

വാസ്തവവിരുദ്ധമായ കാര്യങ്ങൾ സഭയിൽ പറയരുത്. ക്ലോസ് ചെയ്ത കേസാണെന്ന് ഞാൻതന്നെ പറഞ്ഞു. വെറുതെ എന്തിനാണ് അത് പൊക്കിയെടുക്കുന്നത്? അങ്ങനെയൊരു നിയമമുണ്ടെങ്കിൽ ആ നിയമപുസ്തകം ബഹുമാനപ്പെട്ട സ്പീക്കർക്ക് കൊടുത്താൽ മതി. അങ്ങ് പാർലമെന്റിലുണ്ടായിരുന്ന ആളല്ലേ; അങ്ങേയ്ക്ക് കൃത്യമായി അറിയില്ലേ? 1963-ൽ പാസ്സാക്കിയ നിയമം 1964-ലെ ഗസ്സറ്റിൽ വന്നു. 1964-ലെ ആക്ട് എന്നാണ് കേരളത്തിൽ നിലവിലുള്ള ലാൻഡ് റിഫോംസ് ആക്ടിന്റെ പേര്. പിന്നെ എന്തിനാണ് ആ സാധുവിനെക്കൊണ്ട് ഇങ്ങനെയൊക്കെ പറയിപ്പിക്കുന്നത്. ഞാൻ ശ്രീ. എ. പ്രഭാകരനെ വിടുകയാണ്. അങ്ങേയ്ക്കുവേണ്ടി ഇതെല്ലാം എഴുതിത്തന്ന വിദ്വാന്മാരുണ്ട്. സത്യം പറഞ്ഞാൽ ഞാൻ അവരെ നമിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയെക്കുറിച്ച് പറയുമ്പോൾ സന്തോഷമാണെന്നുള്ള കാര്യവും താങ്കൾ ഒരു അവസരത്തിനുവേണ്ടി കാത്തിരിക്കുകയാണെന്നുള്ളതും പുതിയ ആളായതുകൊണ്ട് ഇദ്ദേഹത്തിന് അറിയില്ലായിരുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആരാധ്യനാണ്, ബഹുമാന്യനാണ്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമേയുള്ളൂ. അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പാർട്ടിക്കാർ ഇങ്ങനെയും പറഞ്ഞുനടക്കുന്നുണ്ടെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുന്നത് നന്നായിരിക്കും. അത് ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. ബഹുമാന്യനായ തൃപ്പൂണിത്തുറ എം.എൽ.എ. ഞാൻ ഇപ്പോൾ കടലാസ് എടുത്തുകൊണ്ട് വരാമെന്നുപറഞ്ഞ് പുറത്തുപോയി. എന്താണ് കാര്യമെന്ന് അറിയാമോ? കർഷകത്തൊഴിലാളി പെൻഷൻ പാസ്സാക്കിയതിന്റെ ഭാഗമായി അദ്ദേഹം ഒരു കാര്യം പറഞ്ഞു. ഞാൻ ഇപ്പോൾ വരാമെന്ന് പറഞ്ഞ് പോയിട്ടുവന്നപ്പോൾ അദ്ദേഹത്തിന് മനസ്സിലായി. ആരാണ് പ്രത്യുല്പാദനപരമല്ലാത്തത് പറഞ്ഞതെന്ന കാര്യം ബോദ്ധ്യമായപ്പോൾ തിരിച്ചുവന്ന അദ്ദേഹം അതിനെക്കുറിച്ച് മിണ്ടിയില്ല. 1980-ൽ സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇന്ത്യയിൽ മാത്രമല്ല ലോകത്ത് ആദ്യമായി കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ച് നിയമം പാസ്സാക്കിയത്. അന്ന് 40 രൂപ നൽകാനുള്ള തീരുമാനമെടുത്തപ്പോൾ പ്രത്യുല്പാദനപരമല്ലെന്ന് പറഞ്ഞത് യശഃശരീരനായ കെ. കരുണാകരനാണ്.

<u>മി. സ്പീക്കർ</u>: അതൊക്കെ വിട്ടുകളയൂ.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, അത് ഇ.എം.എസ്. പറഞ്ഞെന്നാണ് ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചത്. അതുകൊണ്ട് ഞാനത് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. എന്റെ വാക്കുകൾ നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയുടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാനപ്പെട്ട 20 അംഗങ്ങൾ വിലയേറിയ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ക്ഷേമനിധിയിലൂന്നിയുള്ള ചർച്ചയാണ് പൊതുവിൽ എല്ലാ അംഗങ്ങളും ഇവിടെ നടത്തിയത്. ക്ഷേമനിധികളെ സംബന്ധിച്ച ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ച കാലഘട്ടത്തിലുണ്ടാക്കിയ ബൈലായുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വർത്തമാന കാലഘട്ടത്തിൽ തൊഴിലാളികളുടെ ആവശ്യങ്ങളെല്ലാം മാറിമാറി വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾക്കും ഓണക്കാലത്തുൾപ്പെടെ പല ഘട്ടങ്ങളിലും സംസ്ഥാന ഗവൺമെന്റ് ഗ്രാന്റായും ലോണായും സാമ്പത്തികസഹായം നൽകാറുണ്ട്. ക്ഷേമനിധിയുടെ ആനുകൂല്യം മുതലാളിക്കാണ് ലഭിക്കുന്നതെന്ന ധ്വനി വരത്തക്കരൂപത്തിലുള്ള പരാമർശങ്ങൾ ചില അംഗങ്ങൾ നടത്തുകയുണ്ടായി. അംശദായത്തിൽ വരുത്തിയ നേരിയ വർദ്ധനവ് തൊഴിലാളികൾക്കാണെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തൊഴിലാളിക്ക് പെൻഷനും അപകടമുണ്ടായാൽ സാമ്പത്തികസഹായവും ചികിത്സാസഹായവും നൽകുന്നുണ്ട്. കൂടാതെ അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യവും ഓണത്തിനുള്ള ആനുകൂല്യങ്ങളുമുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകുന്നതായിരിക്കും. അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. എല്ലാവർക്കും ഒരേ ക്ഷേമനിധിയിൽ ചേരുന്നതിന് കഴിയില്ല. ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് ഓരോ ക്ഷേമനിധിയിലും ചേരാൻ കഴിയുകയെന്നത് സംബന്ധിച്ച് കൃത്യമായി ക്ഷേമനിധി നിയമത്തിൽ വ്യക്തമാക്കുന്നുണ്ട്. എല്ലാ ക്ഷേമനിധിയിലും പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളുടെ നേതാക്കളും അംഗങ്ങളാണ്. എല്ലാ തൊഴിലാളി സംഘടനകളും യോജിച്ചാണ് പൊതുവായ തീരുമാനങ്ങളെടുക്കുന്നത്. അത്തരം തീരുമാനങ്ങൾ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ്. ക്ഷേമനിധി ബോർഡിൽ സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. തുടങ്ങിയ എല്ലാ ട്രേഡ് യൂണിയനുകളുടെയും നേതാക്കളുണ്ട്. അവരെല്ലാം തൊഴിലാളിസമൂഹത്തിന്റെ, തൊഴിലാളിവർഗ്ഗത്തിന്റെ, അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്നവരാണ്. ശ്രീ. കെ.

ബാബു (തൃപ്പൂണിത്തുറ) ഇവിടെ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. 850 കോടി രൂപയാണ് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക പിരിച്ചെടുക്കാനുള്ളതെന്നാണ് അദ്ദേഹത്തിനുള്ള മറുപടി. 850 കോടി രൂപ പിരിച്ചെടുക്കുന്ന കാര്യത്തിൽ തൊഴിലാളി സംഘടനകളെല്ലാം ഒറ്റക്കെട്ടാണ്. പിടിക്കുന്ന കൊടിയുടെയൊന്നും നിറവ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിന്ന് കാര്യങ്ങൾ ചെയ്യുകയാണ്. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് മുന്തിയ പ്രാധാന്യം നൽകുന്നുണ്ട്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരം ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നതുകൊണ്ടുതന്നെ അവിടെയുള്ള തൊഴിലാളികൾക്ക് 18 മാസക്കാലത്തെ കോവിഡ് കാലഘട്ടത്തിൽ ആനുകൂല്യങ്ങളൊന്നും ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ചിട്ടില്ല. പതിനാറോളം വരുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള ആനുകൂല്യങ്ങൾ, സംസ്ഥാന ഗവൺമെന്റിന്റെ പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയൊക്കെത്തന്നെ ഈ തൊഴിലാളികൾക്ക് നൽകാൻ തയ്യാറായിട്ടുണ്ടെന്ന കാര്യം നാം കാണേണ്ടതുണ്ട്. തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഏറെ മുന്നിലാണ് കേരളമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി പദ്ധതികളിലായി 80 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ അംഗങ്ങളാണ്. ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇന്ന് പരിഗണിക്കപ്പെട്ട നാല് ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. കേരളത്തിന്റെ അവസ്ഥയിൽനിന്നും തികച്ചും വിഭിന്നമായ അവസ്ഥയാണ് മറ്റു സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നത്. രാജ്യത്താകെ 56 കോടിയോളം തൊഴിൽ ചെയ്യുന്നവരുണ്ടെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇവരിൽ 25 കോടി കർഷകത്തൊഴിലാളികളും 31 കോടി കാർഷികേതര തൊഴിലുകൾ ചെയ്യുന്നവരുമാണ്. 31 കോടി സ്ഥിരം ജോലിയുള്ളവരാണെങ്കിൽ കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലുൾപ്പെടെ 5 കോടിയോളംപേർ വരും. ബാക്കിയുള്ള 26 കോടി തൊഴിലാളികൾ അസംഘടിത പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്നവരും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ഇന്ത്യയിലെ അസംഘടിത മേഖല രാഷ്ട്രത്തിന്റെ ജി.ഡി.പി-യിൽ 50 ശതമാനം സംഭാവന ചെയ്യുന്നുവെന്നത് നാം അറിയേണ്ടതായിട്ടുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾ ഏകദേശം 10 കോടിയോളം വരും. ഇവർ ജി.ഡി.പി-യുടെ 6 ശതമാനം സംഭാവന ചെയ്യുകയാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ വേതനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ നിയമങ്ങളിലെ വിവിധ

ഷെഡ്യൂളുകളിലുൾപ്പെടുന്ന തൊഴിലാളികൾക്കുമാത്രമേ മിനിമം വേതനം ബാധകമാകുകയുള്ളൂ. മഹാഭൂരിപക്ഷം വരുന്ന മറ്റു തൊഴിലാളികൾക്ക് ലഭിക്കുന്നത് തുച്ഛമായ വേതനം മാത്രമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾ നിർമ്മാണം, വാണിജ്യം, വ്യാപാരം, വഴിയോരക്കച്ചവടം, മത്സ്യത്തൊഴിലാളികൾ, അങ്കണവാടി വർക്കർ, ആശാവർക്കർ, സ്കൂൾ പാചകം, ഉച്ചഭക്ഷണ പദ്ധതി തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, വീട്ടുജോലിക്കാർ, വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവർ എന്നിവർക്കൊന്നും കേരളത്തെപ്പോലെ സാമൂഹ്യക്ഷേമ പദ്ധതിയും സംരക്ഷണവും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനങ്ങളിലുമില്ല എന്ന കാര്യവും നാം അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. എന്നീ സാമൂഹ്യക്ഷേമ പദ്ധതികൾ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു മാത്രമേ ബാധകമാകൂ; മഹാഭൂരിപക്ഷംവരുന്ന അസംഘടിത പരമ്പരാഗത മേഖലാ തൊഴിലാളികൾക്കിത് ബാധകമല്ല. കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയെ മുൻനിർത്തി ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് ലേബേഴ്സ് സുരക്ഷ എന്ന നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. തൊഴിലാളി സംഘടനകളുടെ ശക്തമായ എതിർപ്പിനെ മാനിക്കാതെ പ്രസ്തുത നിയമം ലേബർ കോഡിൽ ലയിപ്പിക്കുകയാണുണ്ടായത്. കുടിയേറ്റ തൊഴിലാളികൾ അഥവാ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി മാതൃകാപരമായ ചില പദ്ധതികൾ കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരം നിയമങ്ങൾ നിലവിലില്ല. കോവിഡ് -19 മഹാമാരി പടർന്നുപിടിച്ച കാലത്ത് ദേശീയതലത്തിൽ ലോക്ഡൗൺ ഏർപ്പെടുത്തിയപ്പോൾ അതിഥി തൊഴിലാളികൾക്ക് താമസവും ഭക്ഷണവും കേരള സർക്കാർ ഉറപ്പുവരുത്തിയെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയുമെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ട്രെയിൻ സർവ്വീസ് പുനരാരംഭിച്ചതിനുശേഷം സുരക്ഷിതയാത്രയ്ക്കും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി സമാനസ്വഭാവമുള്ളവ കൂട്ടിച്ചേർക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്താണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ആ നടപടി പൂർത്തീകരിച്ചാൽ ക്ഷേമപദ്ധതികളുടെ കൂടുതൽ ആനുകൂല്യം തൊഴിലാളികൾക്ക് നൽകാനാകും. എന്നുമാത്രമല്ല, രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നുപ്രാവശ്യം തൊഴിലാളി സംഘടനകളുടെ യോഗം ചേർന്നു. ബി.എം.എസ്. അടക്കമുള്ള ഒരു ഡസനോളം വരുന്ന തൊഴിലാളി സംഘടനകളുമായി ആശയവിനിമയം നടത്തുന്നതിന് തയ്യാറായി. സർക്കാരിനെ സംബന്ധിച്ചിടത്തോളം തൊഴിലാളി ഏത് കൊടിപിടിക്കുന്ന സംഘടനയായിരുന്നാലും പൂർണ്ണമായി വിശ്വസിച്ചുകൊണ്ടുള്ള പ്രവർത്തനവുമായിട്ടാണ്

മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽപ്പെട്ട 87-ഓളം വരുന്ന തൊഴിൽമേഖലകളിലാണ് മിനിമംവേതനം നടപ്പിലാക്കുന്നത്. മിനിമംവേതന നിയമപ്രകാരം വേതനം കാലോചിതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. തൊഴിലുടമ, തൊഴിലാളി, സർക്കാർ പ്രതിനിധികൾ അടങ്ങുന്ന മിനിമം വേജസ് അഡ്വൈസറി ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്. ഇന്ത്യയിൽ കൊളോണിയൽ കാലം മുതൽ തൊഴിൽനിയമങ്ങൾ രൂപീകരിക്കുവാൻ തുടങ്ങിയിരുന്നു. ട്രേഡ് യൂണിയൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നിവ സ്വാതന്ത്ര്യത്തിന് മുൻപ് രൂപംകൊണ്ടതാണ്. ഡോ. ബി. ആർ. അംബേദ്കർ ആയിരുന്നു ആദ്യത്തെ തൊഴിൽ നിയമങ്ങളുടെ ഉപജ്ഞാതാവ്. അക്കാലത്തെ തൊഴിൽ നിയമങ്ങളുടെ ലക്ഷ്യം തൊഴിൽബന്ധങ്ങൾ ക്രമീകരിക്കുകയെന്നതായിരുന്നു. തൊഴിൽ മേഖലയിൽ തൊഴിലാളികളും തൊഴിലുടമയും തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ സർക്കാർ നിഷ്പക്ഷം എന്നതായിരുന്നു അക്കാലത്തെ നിലപാട്. തൊഴിൽത്തർക്കങ്ങളുണ്ടായാൽ ത്രികക്ഷി സംവിധാനമുണ്ടാക്കി പരിഹാരം കാണാൻ നിയമങ്ങൾ വ്യവസ്ഥ ചെയ്തു. തൊഴിലാളി സംഘടനകൾക്ക് അക്കാലത്ത് നിയമപരിരക്ഷ നൽകി. 1926-ലെ ട്രേഡ് യൂണിയൻ നിയമത്തിലെ വ്യവസ്ഥതന്നെ അതായിരുന്നു. 1948-ലെ ഫാക്ടറീസ് ആക്ട് വ്യവസായ സ്ഥാപനങ്ങളുടെ ജോലി, സമയം, സുരക്ഷ തുടങ്ങിയവ വ്യവസ്ഥ ചെയ്യുകയാണ്. 1948-ലെ മിനിമം വേതന നിയമം തൊഴിലാളികൾക്ക് മിനിമംകൂലി ഉറപ്പുനൽകിയിരുന്നു. സ്ത്രീ തൊഴിലാളികൾക്ക് പ്രസവസുരക്ഷാ ആനുകൂല്യങ്ങൾ വ്യവസ്ഥചെയ്യുന്ന മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, തൊഴിലാളികൾ വിരമിച്ചശേഷവും അവർക്ക് സുരക്ഷ നൽകുന്ന പ്രോവിഡന്റ് ഫണ്ട് നിയമം എന്നിവ ചരിത്രപ്രാധാന്യം അർഹിക്കുന്നവയാണ്. ഐ.എൽ.ഒ-യുടെ സ്ഥാപകഅംഗം എന്ന നിലയിൽ ഐ.എൽ.ഒ അംഗീകരിക്കുന്ന പ്രമേയങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ രാജ്യത്തെ തൊഴിൽനിയമങ്ങൾക്ക് അടിസ്ഥാനമായി അക്കാലത്ത് കണക്കാക്കപ്പെട്ടിരുന്നു. തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതു സംബന്ധിച്ച പേമെന്റ് ഓഫ് വേജസ് ആക്ട് തൊഴിലാളികൾക്ക് വലിയ സുരക്ഷ നൽകിയ നിയമമാണ്. ഫാക്ടറികളിലെ തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്ന ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട് വളരെ പ്രധാനപ്പെട്ട നിയമമായിരുന്നു. വ്യവസായമേഖലയിൽ ചൂഷണത്തിന് വിധേയമാകുന്ന തൊഴിലാളികൾക്ക് പരിമിതമായ തൊഴിൽസംരക്ഷണം നൽകുകയായിരുന്നു സ്വതന്ത്രഭാരതത്തിലെ ആദ്യകാല തൊഴിൽനിയമങ്ങളുടെ ലക്ഷ്യം. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകിയ സമത്വം, സാമൂഹ്യസുരക്ഷ തുടങ്ങിയ തത്വങ്ങളും ഇന്ത്യൻ തൊഴിൽ നിയമങ്ങളെ സ്വാധീനിച്ചിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്ത്യൻ ലേബർ കോൺഫറൻസ് (ഐ.എൽ.സി) എന്ന ത്രികക്ഷി

സമിതി കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഭാരതസർക്കാർ നിയോഗിച്ച ഒന്നാം ദേശീയ ലേബർ കമ്മീഷൻ ജസ്റ്റിസ് ഗജേന്ദ്ര ഗാഡ്കറുടെ അദ്ധ്യക്ഷതയിലായിരുന്നു. പ്രസ്തുത കമ്മീഷൻ നിലവിലുള്ള തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാനും പുതിയ നിയമങ്ങളുണ്ടാക്കാനും ശിപാർശ ചെയ്തു. തൊഴിൽനിയമങ്ങൾ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും അവരുടെ മനുഷ്യാവകാശം സംരക്ഷിക്കാനുമുള്ളതാണെന്ന തത്വം അക്കാലത്തെ നീതിന്യായവ്യവസ്ഥകൾ അംഗീകരിച്ചിരുന്നു. തൊഴിൽ എന്ന വിഷയം ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. എന്നാൽ ഇന്നത്തെ കേന്ദ്രസർക്കാർ ഭരണഘടനയുടെ ഫെഡറൽ തത്വത്തെ മാനിക്കാതെയാണ് പല നിയമങ്ങളും നിർമ്മിക്കുന്നത്. പാർലമെന്റ് പാസ്സാക്കിയ നാല് ലേബർ കോഡുകൾ അത്തരത്തിലുള്ളതാണ്. നേരത്തെ തൊഴിലാളികളുടെ ക്ഷേമവും അവകാശവും സംരക്ഷണവും ഉറപ്പുവരുത്താനാണ് തൊഴിൽനിയമങ്ങൾ രൂപംകൊണ്ടതെങ്കിൽ നവഉദാരവത്കരണ നിയമങ്ങൾ നടപ്പിലാക്കിയശേഷം സ്ഥിതിമാറി. ഇപ്പോൾ 'Ease of doing business' എന്ന നയത്തെ അടിസ്ഥാനപ്പെടുത്തിയാണ് തൊഴിൽ നിയമങ്ങളുണ്ടാക്കിയിരിക്കുന്നത്. മൂലധനനിക്ഷേപംമാത്രം ലക്ഷ്യമാക്കിയുള്ളതാണ് നിയമം. സംഘടിത വ്യവസായങ്ങളിൽ hire and fire വ്യവസ്ഥ അംഗീകരിച്ചുകൊടുത്തിരിക്കുകയാണ്. ഇതിന്റെ ഫലമായി വ്യവസായങ്ങളിൽ സ്ഥിരംസ്വഭാവമുള്ള ജോലികളും കരാറടിസ്ഥാനത്തിലാക്കിയിരിക്കുകയാണ്. പുറംകരാർ ജോലികളും വ്യാപകമായി. മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കുകയെന്നതല്ലാതെ തൊഴിലാളികൾക്ക് ന്യായമായ വേതനമോ സാമൂഹ്യസുരക്ഷയോ ഉറപ്പുവരുത്തുകയെന്നത് നിയമങ്ങളുടെ ലക്ഷ്യമല്ലാതായി. ഈ പശ്ചാത്തലത്തിലാണ് 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് നാല് ലേബർ കോഡുകൾക്ക് രൂപംനൽകിയത്. ലേബർ കോഡുകൾ പരിശോധിച്ച് പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരള സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ടിൽ അവയിൽ ചിലത് ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശകളൊന്നും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. പാർലമെന്ററി മര്യാദകൾപോലും പാലിക്കാതെയാണ് കോഡുകൾ പാസ്സാക്കിയത്. പാർലമെന്റ് പാസ്സാക്കിയ നാല് ലേബർ കോഡുകളും തൊഴിലാളികളുടെ താല്പര്യങ്ങൾ തകർക്കുന്നതാണ്. രാജ്യത്തെ ഭൂരിപക്ഷം തൊഴിലാളി സംഘടനകളും ലേബർ കോഡുകൾക്കെതിരെ പ്രക്ഷോഭത്തിലാണ്. ഈ കോഡുകൾക്ക് സംസ്ഥാനത്ത് ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ തീർച്ചയായും തൊഴിലാളികളുടെ താല്പര്യം പരമാവധി സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കുമെന്നുള്ള കാര്യം ഈ സഭയെ ഞാൻ അറിയിക്കുകയാണ്. സംസ്ഥാനത്തെ തൊഴിലുടമ-തൊഴിലാളി സംഘടനകൾ

എന്നിവരുമായും സർക്കാർ ചർച്ച നടത്തും. ഐ.എൽ.ഒ-യുടെ നേതൃത്വത്തിൽ ചേരാറുള്ള ഇന്റർനാഷണൽ ലേബർ കൺവൻഷൻ അംഗീകരിച്ച 87, 98 എന്നീ പ്രമാണങ്ങൾ തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കുവാനും കൂട്ടായി വിലപേശൽ നടത്താനുമുള്ള അവകാശം പ്രഖ്യാപിക്കുന്നതാണ്. ഐ.എൽ.ഒ-യുടെ സ്ഥാപക അംഗമെന്ന നിലയിൽ ഈ രണ്ട് പ്രമാണങ്ങളും അംഗീകരിക്കുവാൻ ഇന്ത്യ ബാദ്ധ്യസ്ഥമാണ്. ദേശീയ അടിസ്ഥാനത്തിലുള്ള ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിലപാട്. പുതിയ കേന്ദ്രനിയമമനുസരിച്ച് തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കാൻപോലും പ്രയാസം നേരിടുന്ന ഒരു പുതിയ അവസ്ഥ നിലനിൽക്കുകയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് കേന്ദ്രഗവൺമെന്റ് അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അവഗണിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. രാജ്യത്തെ സാമ്പത്തിക അസമത്വം വർദ്ധിക്കുകയാണ്. സമ്പന്നവർഗ്ഗങ്ങൾ കൂടുതൽ സമ്പന്നമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ലേബർ കോഡുകൾ, കോഡ് ഓൺ വേജസ്, മിനിമം വേതന തത്വം എന്നിവയെല്ലാം ഈ മേഖലയെ വികൃതമാക്കിയിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിലാണ് അങ്കണവാടി വർക്കർ, ആശാവർക്കർ, സ്കൂൾ ഉച്ചഭക്ഷണ തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ എന്നിവരെയെല്ലാം 'തൊഴിലാളി' എന്ന നിർവ്വചനത്തിൽപ്പെടുത്തിയിട്ടില്ലെന്ന കാര്യം നാം മനസ്സിലാക്കേണ്ടത്. ഇവരെയെല്ലാം വോളണ്ടിയേഴ്സ് മാത്രമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. രാജ്യത്ത് നിലവിൽ 25 കോടിയോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് ഒരു തൊഴിൽ നിയമംപോലും ബാധകമല്ല. ഈയൊരു സാഹചര്യത്തിലാണ് കേരളത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിച്ചിട്ടുള്ളത്. ഭേദഗതികളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു; സമയക്കുറവുമൂലം ആവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഈയൊരു ദേശീയ സാഹചര്യത്തിലാണ് കേരളത്തിലെ തൊഴിലാളിസംഘടനകളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെ നാം വിലയിരുത്തേണ്ടത്. അതിന്റെയടിസ്ഥാനത്തിലാണ് ഈ നാല് ക്ഷേമനിധി ബോർഡുകളിലെയും

തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നേരിയ അംശദായ വർദ്ധനവ് വരുത്തണമെന്ന ഭേദഗതി സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ മികവിനായുള്ള വിദ്യാഭ്യാസം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഡോ. എം. എ. ഖാദർ ചെയർമാനും ജി. ജ്യോതി ചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവർ അംഗങ്ങളുമായ ഒരു വിദഗ്ദ്ധസമിതിയെ സർക്കാർ നിയമിച്ചിരുന്നു. ഖാദർ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. അതിൽ ഒന്നാംഘട്ട റിപ്പോർട്ടാണ് വന്നിട്ടുള്ളത്. ആ റിപ്പോർട്ടിൽ അക്കാദമിക്കായ കാര്യങ്ങളൊന്നുമില്ലെന്ന് ബഹുമാന്യരായ ചില അംഗങ്ങൾ സൂചിപ്പിച്ചിരുന്നു; എന്നാലത് ശരിയല്ല. കേരളീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എങ്ങനെയായിരിക്കണം, വിദ്യാഭ്യാസത്തിന്റെ ഇന്നലെകൾ എങ്ങനെയായിരുന്നു, ഇന്നത്തെ അവസ്ഥാവിശകലനം, നാളെയുടെ വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ പ്രവേശന പ്രായം, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ, ഘടനയും ഭരണനിർവ്വഹണവും, നിയന്ത്രണവും മോണിറ്ററിംഗും, വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ, അദ്ധ്യാപക യോഗ്യത, അദ്ധ്യാപക പരിശീലനം തുടങ്ങിയ കാര്യങ്ങൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ടം എന്നുള്ള നിലയിലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ കാണേണ്ടത്. "വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾക്കുപകരം "പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകളും "ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ" എന്നീ വാക്കുകൾക്കുപകരം "പൊതു വിദ്യാഭ്യാസ ഡയറക്ടർ" എന്നീ വാക്കുകളും "ഹെഡ്മാസ്റ്റർ" എന്ന വാക്കിനുപകരം "ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/വൈസ്-പ്രിൻസിപ്പൽ" എന്നീ വാക്കുകളും ചേർക്കണമെന്നതാണ് ഭേദഗതി. 10 മുതൽ 12-ാം ക്ലാസ്സുവരെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ രണ്ടുമൂന്ന് അധികാരികളുണ്ടാകുമ്പോൾ അസൗകര്യങ്ങളുണ്ടാകുന്നുണ്ട്. ദേശീയാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി തയ്യാറാക്കിയിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസിയെ സംബന്ധിച്ച് കേരള ഗവൺമെന്റ് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. കേരളം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നിലാണ്. കേരളത്തിന്റെ സാഹചര്യത്തിൽ നിർദ്ദേശങ്ങൾ എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഒരു ഫെഡറൽ രാജ്യത്ത് ജീവിക്കുന്നവരാണെന്ന നിലയിൽ, ഇന്ത്യയുടെ ഭാഗമായ സംസ്ഥാനമെന്ന

നിലയിൽ ദേശീയ വിദ്യാഭ്യാസത്തിലും നമുക്ക് പ്രധാന പങ്കുണ്ട്. ദേശീയ വിദ്യാഭ്യാസം ഉപേക്ഷിച്ച് നമുക്ക് മാത്രമായി ഒരു സ്വതന്ത്ര വിദ്യാഭ്യാസം നടപ്പിലാക്കുന്ന കാര്യം പ്രയാസമാണ്. ഒരു വിദ്യാലയത്തിൽ ഒരധികാരി എന്നാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. അതാണ് ഭേദഗതിയായി അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഖാദർ കമ്മിറ്റിയുടെ ഒന്നാംഘട്ട റിപ്പോർട്ടാണ് വന്നിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചത് പ്രധാനപ്പെട്ടൊരു കാര്യമാണ്. രണ്ടാംഘട്ട റിപ്പോർട്ട് വന്നിട്ടില്ല. അപൂർണ്ണമായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട നയതീരുമാനമെടുത്ത്, ഹയർ സെക്കൻഡറിയെയും സെക്കൻഡറിയെയും യോജിപ്പിക്കുന്ന തീരുമാനമെടുക്കുന്നത് ശരിയാണോ എന്നതാണ് ആദ്യത്തെ കാര്യം. ഇത് സെൻട്രലൈസേഷനാണ്, കമേഴ്സ്യലൈസേഷനാണ്, കമ്മ്യൂണലൈസേഷനാണ് എന്നാണ് നാഷണൽ എഡ്യൂക്കേഷൻ പോളിസിയെക്കുറിച്ച് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. അതിൽ ആദ്യം പറഞ്ഞ പോയിന്റ് സെൻട്രലൈസേഷനാണ്. സെൻട്രലൈസേഷൻ പോയിന്റിലേയ്ക്ക് ദേശീയ വിദ്യാഭ്യാസനയം മാത്രമല്ല ഖാദർ കമ്മിറ്റി റിപ്പോർട്ടിലൂടെ നിങ്ങളും അതിലേയ്ക്കെത്തി എന്നതാണ് പ്രധാന കാര്യം. ഇത് രണ്ടും ഗൗരവതരമാണ്. അപൂർണ്ണമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര മാറ്റം കൊണ്ടുവരുന്ന രീതി ശരിയല്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് ഖാദർ കമ്മിറ്റി റിപ്പോർട്ട് വായിച്ചില്ലെന്ന് ഞാൻ പറയുന്നില്ല. അങ്ങ് അത് വായിച്ചിട്ടുണ്ടാകും. ഇപ്പോൾ ലഭിച്ചിട്ടുള്ള ഒന്നാംഘട്ട റിപ്പോർട്ട് പൂർണ്ണമാണ്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ന്യൂ എഡ്യൂക്കേഷൻ പോളിസിയെ സംബന്ധിച്ച് ഇന്ത്യയിൽ ഇടതുപക്ഷം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. കോൺഗ്രസ്സും ഒരു നിലപാട് സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച ജനവിരുദ്ധമായ ദേശീയ വിദ്യാഭ്യാസനയത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നത് സംബന്ധിച്ച് നമുക്ക് ഒരുമിച്ച് ശബ്ദമുയർത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. പുതിയ ദേശീയ വിദ്യാഭ്യാസനയം കേരളത്തിന്റെ സാഹചര്യമനുസരിച്ച് നടപ്പിലാക്കുന്നതാണെന്ന് ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞ അഭിപ്രായമാണ് സി.പി.ഐ.(എം)-നുമുള്ളത്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി-യുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. നജീബ് കാന്തപുരം, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(not in the seat)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ പ്രഭാകരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി-യുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 2021 ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.49-ന് പിരിഞ്ഞു.)

* * * * *

## അനുബന്ധം I

(1) (നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 272-ൽ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉന്നയിച്ച ഉപചോദ്യത്തിന് ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി)

ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

കോവിഡാനന്തര കാലയളവിൽ പഠനപ്രക്രിയ ഓൺലൈനായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലേണിംഗ് റിസോഴ്സ്, യൂട്യൂബ് ലിങ്കുകൾ, പാഠ്യഭാഗങ്ങളുടെ സോഫ്റ്റ് കോപ്പി എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഓപ്പൺ റിസോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം "MOODLE" നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്. ഡിജിറ്റൽ ലൈബ്രറികൾ, ഇ-ബുക്ക്, ഇ-ജേർണൽ എന്നീ സൗകര്യങ്ങളും വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കിവരുന്നു.

## അനുബന്ധം II

(2) (കുറ്റ്യാടി ജലസേചന പദ്ധതി സംബന്ധിച്ച ശ്രീ. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ ശ്രദ്ധക്ഷണിക്കലിന് ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ മേശപ്പുറത്തുവച്ച പ്രവൃത്തിയുടെ വിശദാംശം)

| Details of Fund Proposal (Kuttiady Irrigation Project) | | | |
|---|---|---|---|
| Sl. No. | Types of work | Canal Name | Cost (Lakh) |
| | | MAIN CANAL | |
| 1 | Canal Rectification works | Right bank main canal Including fbs | 1030.00 |
| | Repair and Re-construction of Structures | “ | 1345.00 |
| 2 | Canal Rectification works | Left bank main canal Including fbs | 1295.00 |
| | Repair and Re-construction of Structures | “ | 795.00 |
| | | BRANCH CANAL | |
| 1 | Canal Rectification works | Velom BC including Dtys, sub dtys and fbs | 350.00 |
| | Repair and Re-construction of Structures | “ | 200.00 |
| 2 | Canal Rectification works | Thunery BC including Dtys, sub dtys and fbs | 280.00 |
| | Repair and Re-construction of Structures | “ | 130.00 |

| | | | |
|---|---|---|---|
| 3 | Canal Rectification works | Maniyur BC including Dtys, sub dtys and fbs | 1475.00 |
| | Repair and Re-construction of Structures | “ | 745.00 |
| 4 | Canal Rectification works | Azhiyur BC including Dtys, sub dtys and fbs | 672.00 |
| | Repair and Re-construction of Structures | “ | 495.00 |
| 5 | Canal Rectification works | Kallur BC including Dtys, sub dtys and fbs | 85.00 |
| 6 | Canal Rectification works | Kakkodi BC including Dtys, sub dtys and fbs | 1550.00 |
| | Repair and Re-construction of Structures | “ | 1700.00 |
| 7 | Canal Rectification works | Naduvathur BC including Dtys, sub dtys and fbs | 50.00 |
| 8 | Canal Rectification works | Ayanikadu BC including Dtys, sub dtys and fbs | 50.00 |
| 9 | Canal Rectification works | Thirvangur BC including Dtys, sub dtys and fbs | 350.00 |
| | Repair and Re-construction of Structures | “ | 200.00 |
| 10 | Canal Rectification works | Iringal BC including Dtys, sub dtys and fbs | 1600.00 |

| | | | |
|---|---|---|---|
| | Repair and Re-construction of Structures | “ | 535.00 |
| | | DTY CANAL | |
| 1 | Canal Rectification works | Palery dty including sub dtys and fbs | 50.00 |
| 2 | Canal Rectification works | Kayakodi dty including sub dtys and fbs | 50.00 |
| 3 | Canal Rectification works | Thaliyil dty including sub dtys and fbs | 50.00 |
| 4 | Canal Rectification works | Perumundassery sub dtys including and fbs | 80.00 |
| 5 | Canal Rectification works | Thiruvalloor dtys including sub dtys and fbs | 1700.00 |
| | Repair and Re-construction of Structures | “ | 300.00 |
| 6 | Canal Rectification works | Edachery dty including sub dtys and fbs | 155.00 |
| 7 | Canal Rectification works | Karuvannor dty including sub dtys and fbs | 50.00 |
| 8 | Canal Rectification works | Notchad dty including sub dtys and fbs | 50.00 |
| 9 | Canal Rectification works | Nadery dty including sub dtys and fbs | 125.00 |

| | | | |
|---|---|---|---|
| | Repair and Re-construction of Structures | " | 50.00 |
| | Maintenance of building | BUILDING WORK | 350.00 |
| | Surveying and fixing of boundary stone | SURVEYING | 58.00 |
| | | | 18000.00 |